Vol. 10 വാല്യം – 10
Issue - 4 ലക്കം – 4

# ക്ഷാത്രസ്പന്ദനം

# KSHATRA SPANDANAM

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

### TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

October 2024 ഒക്ടോബർ 2024
1200 Thulam 1200 തുലാം




# ശതാഭിഷേകാശംസകൾ

## പൂരാടംനാൾ ജയന്തി തമ്പുരാട്ടി

പൂഞ്ഞാർ കൊട്ടാരത്തിലെ പൂരാടംനാൾ ജയന്തി തമ്പുരാട്ടിയുടെ ശതാഭിഷേകം ഇക്കഴിഞ്ഞ കർക്കിടകം അഞ്ചിന് (ജൂലൈ 20 2024) തിരുവനന്തപുരത്ത് മക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. പാലാ സെന്റ് തോമസ് കോളേജ് മുൻ മലയാളം വകുപ്പദ്ധ്യക്ഷൻ **പ്രൊഫ. ആർ.എസ്. വർമ്മജി**യുടെ പത്നിയാണ്.

൬൦-ാം
വിവാഹ വാർഷികാശംസകളും നേരുന്നു.



Kshatraspandanam
News Magazine of Kshatriya Kshema Sabha
October 2024
M.E.1200 Thulam
Volume 10 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഒക്ടോബർ 2024
കൊ.വ.1200 തുലാം
വാല്യം 10 ലക്കം 4

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം

**REACT** ........................................................ 05

**പത്രാധിപക്കുറിപ്പ്** ........................................... 08

**കേന്ദ്രസഭാ വാർത്തകൾ** ..................................... 10

**രണ്ട് ധന്യജീവിതങ്ങൾ** ..................................... 18
ഡോ. ആർ.പി. രാജ

**എത്ര സ്വരങ്ങളിൽ എത്ര രാഗങ്ങളിൽ** .................. 27
ടി.പി. ശാസ്തമംഗലം

**പാല്യേക്കര കൊട്ടാരം** (കവിത) ................................ 30
ഡോ. എം. ലളിതാംബിക

**സ്മരണാഞ്ജലി** .................................................. 31
ടി.എൻ. ആദിത്യവർമ്മ

**നാടും പ്രകൃതിയും** (കവിത) ................................... 32
ത്രിവിക്രമൻ സായൂജ്യം

**സനാതനധർമ്മം** ................................................ 33
കെ.സി. രാമവർമ്മ രാജ

**Poetry, O Poetry** (Poem) ..................................... 35
Chembrol Raja Raja Varma

**ചിങ്ങം ഒന്ന്– മലയാളികളുടെ മാത്രം പുതുവത്സരം** ..... 37
അനുജൻ എസ്.

**പാവക്കൂത്ത്** (കവിത) ............................................... 39
കൃഷ്ണപ്രഭ ടി.സി.

**ഒൻപതാം മേഘത്തിൽ** (കവിത) ................................. 39
സതീഷ് കുമാർ ടി.എൻ.

**സാമന്ത ചിന്തകൾ സമാന ചിന്തകൾ** ..................... 40
പി.കെ. മോഹനവർമ്മ

**ശിവമാനസപൂജ** (കവിത) .......................................... 43
വിനോദ് വർമ്മ

**പാലാ രാമപുരം നാലമ്പല ദർശനം** ...................... 44
എൻ.എം. മല്ലികാ റാണി

**അവസാന യാത്ര** ................................................ 46
ഉമ രവി രാജ

**ഓണാശംസകൾ** (കവിത) ........................................... 55
കുട്ടി അനിയൻ രാജ

**Happy Parenting** ................................................ 56
E. Ravi Varma Raja

**Motherhood** (Poem) ............................................ 57
Sumitha Varma

**കുള്ളനും കുടവയറനും** ........................................ 58
രഘുനാഥ വർമ്മ

**യാത്രകൾ – രാജസ്ഥാൻ** ........................................ 61
കെ. ഹരികൃഷ്ണവർമ്മ

**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** .................. 64
വേലൂർ പരമേശ്വരൻ നമ്പൂതിരി

**ഒരു കശ്മീർ യാത്ര** ................................................ 66
പ്രദീപ് വർമ്മ

**ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബാൾ ടൂർണ്ണമെന്റ്** .... 72
ഋഷികേശ് വർമ്മ

**പുസ്തകജാലകം** ................................................ 74

**ബാലവേദി/വളരുന്ന പ്രതിഭകൾ**

**My Loving Parents** ............................................ 77
Gouri Varma

**अधूरी मोहब्बत** (कविता) ........................................ 78
Akhilesh Varma

**War and Peace: How a town rebuilds...** ............. 79
Lakshmi Varma

**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ........................ 84

**ശ്രദ്ധാഞ്ജലി** ...................................................... 98

**വൈവാഹികം** ................................................... 101

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം:** ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളുടെ കുടുംബ സംഗമങ്ങളിൽ നിന്ന്

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ




## വായനക്കാരുടെ കത്തുകൾ




ഉഷാ രാജ എഴുതിയ കവിത തെച്ചി മുത്തശ്ശി വളരെ നിലവാരവും ശ്രേഷ്ഠവും ആയി.

എത്ര പ്രശംസിച്ചാലും അധികമാകില്ല. എല്ലാവിധ ആശംസകളും അറിയിക്കുന്നു.

**രാജേന്ദ്രൻ വർമ്മ**, പൂനെ.

ഞാൻ 'ക്ഷാത്രസ്പന്ദനം' തുടങ്ങിയ നാൾ മുതൽ അതിലെ വരിക്കാരനും അംഗവുമായിരുന്നു. കോവിഡ് കാലം കുറച്ചുനാൾ വിട്ടുനിന്നെങ്കിലും വീണ്ടും അത് തുടർന്നുപോകാനും വേണ്ട സേവനം ചെയ്യുവാൻ ആഗ്രഹമുണ്ട്.

അതുകൊണ്ട് ഇപ്പോഴത്തെ വാർഷിക വരി സംഖ്യയും അയയ്ക്കേണ്ട വിധവും അറിയിച്ചുത രുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

**ആർ. ശ്രീവല്ലഭൻ പണ്ടാല**, പാലക്കാട്.

*(വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിധവും താഴെ വിശദമായി കൊടുത്തിട്ടുണ്ട്).*

'ക്ഷാത്രസ്പന്ദനം' കെട്ടിലും മട്ടിലും ഭാവ -രൂപങ്ങളിലും ഉള്ളടക്കത്തിലും മുൻലക്കങ്ങളിലേ ക്കാൾ വളരെ മെച്ചമായിട്ടുണ്ട്. ലേഖനങ്ങളെല്ലാം ഗംഭീരമായിരിക്കുന്നു; എഡിറ്റിംഗും പ്രശംസനീയം തന്നെ. ത്രൈമാസികയിൽ നിന്ന് ദ്വൈമാസികയോ മാസികയോ ആക്കിയാൽ കൂടുതൽ പ്രചാരം ലഭിക്കും എന്ന് തോന്നുന്നു. കൂടാതെ അന്യരാജ്യ ങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള ധാരാളം ക്ഷത്രിയ അണുകുടുംബങ്ങളുണ്ട്. അവർക്കും കൂടി വായിക്കാനുതകുന്ന 'Web Version' കൂടി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. ക്ഷാത്ര സ്പന്ദനത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**കെ.സി. വർമ്മ (മണി)**
പോണേക്കര, കൊച്ചി 682041
മൊ. 8547933707

*(വിലയേറിയ അഭിപ്രായങ്ങൾക്ക് നന്ദി. ക്ഷത്രിയ ക്ഷേമസഭയുടെ വെബ്സൈറ്റായ 'kshathrajalakam.org' ൽ 'ക്ഷാത്രസ്പന്ദന' ത്തിന്റെ 'Web Version' പ്രസിദ്ധപ്പെടുത്തുന്നുണ്ട്).*

*- പത്രാധിപർ*

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ (200 രൂപ) കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603, IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**
**(for more details pl. see p. 102)**


## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : | ₹ 3500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/- |
| കളർ പേജ് (ഫുൾ) | : | ₹ 2500/- | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/- |
| കളർ പേജ് (ഹാഫ്) | : | ₹ 1500/- | വിവാഹ പരസ്യം (Matrimonial) | : | ₹ 500/- |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2024 ആഗസ്റ്റ് മുതൽ 2024 സെപ്റ്റംബർ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING AUGUST AND SEPTEMBER 2024

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Well Wishers | 3,57,500.00 |
| 2 | Ambili Varma, Cherthala | 3,00,000.00 |
| 3 | Jitendra Mohanlal Shah, Mumbai | 2,00,000.00 |
| 4 | R.V.G. Menon, Thiruvananthapuram | 1,00,000.00 |
| 5 | Arun Varma, Valavur Kovilakam, Pazhayannur | 25,000.00 |
| 6 | R. Rama Varma, Thiruvananthapuram | 25,000.00 |
| 7 | Satish Varma, Ernakulam South | 25,000.00 |
| 8 | R. Sasikumar Varma, Thiruvananthapuram | 20,000.00 |
| 9 | Cdr. (Retd.) Kishen Chandar Varma, Kochi | 20,000.00 |
| 10 | Valsala Ravi Varma Raja, Thiruvananthapuram | 20,000.00 |
| 11 | Geetha Rama Varma, Tripunithura | 20,000.00 |
| 12 | D, Vijaya Varma, Ezhumattur | 15,000.00 |
| 13 | Jayanthi Bai Thampuratty | 10,000.00 |
| 14 | Deepesh Damodaran, Payyannur | 10,000.00 |
| 15 | P.K. Jayachandra Varma, Thiruvananthapuram | 10,000.00 |
| 16 | Satheesh Kumar T N, Mamangalam, Kochi | 10,000.00 |
| 17 | Prasad Bhaskaran Nair, Sasthamcotta, Kollam | 5,000.00 |
| 18 | Ram Kumar Varma, Chalakudy | 5,000.00 |
| 19 | Rajeev R, Budhanoor | 4,000.00 |
| 20 | Divya R Varma, Bangalore | 2,000.00 |
| 21 | P.K. Ravi Varma Raja, Cherthala | 2,000.00 |
| 22 | Sreedevi R Varma, Keezhvaipur | 1,000.00 |
| 23 | Ravi Varma Thampuran, Pandalam | 500.00 |
| | **Total** | **11,87,000.00** |

**(Rupees Eleven lakhs eightyseven thousand only)**

## FINANCIAL ASSISTANCE DURING AUGUST AND SEPTEMBER 2024

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational aid etc. - Monthly | 52,000.00 |
| 2 | Financial aid to Poor/ Medical Aid/Educational aid | 5,40,000.00 |
| | **Total** | **5,92,000.00** |

**(Rupees Five lakhs ninetytwo thousand only)**

ഇതുവരെ (18-07-2008 മുതൽ 30-9-2024 വരെ) ₹ 2,03,80,692/- (രണ്ടു കോടി മൂന്നു ലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 7, 15 കാണുക)*



*ചിത്രകലയുടെ കുലപതി രാജാ രവിവർമ്മയുടെ പുത്രനും ചിത്രകാരനുമായ ആർട്ടിസ്റ്റ് രാമവർമ്മയുടെ പേരിൽ ഒരു എൻഡോവ്മെന്റ് അദ്ദേഹത്തിന്റെ മൂന്നാം തലമുറയിലുള്ള കെ.ആർ. പ്രസാദിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതിലേക്കായി ക്ഷത്രിയ ക്ഷേമ സഭയ്ക്ക് നൽകിയ 5,50,000 രൂപയുടെ ചെക്ക് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയ്ക്ക് കൈമാറുന്നു. (വാർത്ത... പേജ് 55-ൽ)*

# റിയാക്ടിന്... സ്നേഹപൂർവ്വം



പ്രശസ്ത ശാസ്ത്രജ്ഞൻ ഡോ. ആർ.വി.ജി. മേനോൻ റിയാക്ടിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയേകിക്കൊണ്ട് നൽകിയ ഒരു ലക്ഷം രൂപയുടെ ചെക്ക് റിയാക്ട് അദ്ധ്യക്ഷ ഡോ. ലളിതാംബികയിൽ നിന്നു ട്രഷറർ കെ.എൻ. രാമവർമ്മ സ്വീകരിക്കുന്നു.



കരിവെള്ളൂർ യൂണിറ്റിൽ നിന്നുള്ള സംസ്ഥാന സമിതിയംഗം വി.എം. ദാമോദരന്റെ മകൻ ദീപേഷ് ദാമോദരൻ റിയാക്ടിലേക്ക് നൽകിയ സംഭാവന തുകയായ 10000 രൂപയുടെ ചെക്ക് വി.എം. ദാമോദരൻ റിയാക്ട് സെക്രട്ടറിക്ക് കൈമാറുന്നു.



നെടുമ്പ്രത്ത് കൊട്ടാരത്തിലെ എൻ.കെ. കേരളവർമ്മ രാജായുടെ ശതാഭിഷേകം ആചാരാനുഷ്ഠാനങ്ങളോടെ തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിൽ വച്ചു നടന്നു. ഇതോടനുബന്ധിച്ച് അദ്ദേഹം റിയാക്ടിലേക്ക് നൽകിയ 25000 രൂപയുടെ ചെക്ക് സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കൈമാറുന്നു. പത്നി സേതു തമ്പുരാട്ടി സമീപം.



പത്രാധിപക്കുറിപ്പ്



# ഉരുൾപൊട്ടൽ (Landslide)

എല്ലാ ലോകരാഷ്ട്രങ്ങളും അഭിമുഖീകരിക്കുന്ന ഒരു വിപത്താണ് ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ. ഉയർന്ന പ്രദേശങ്ങളിൽ നിന്ന് പാറയും മണ്ണിന്റെ ഭാഗം തന്നെയും ചിലപ്പോൾ മല മുഴുവനായും ഗുരുത്വാകർഷണശക്തികൊണ്ട് താഴേക്കു പതിക്കുന്ന പ്രതിഭാസം. ഇൻഡ്യയുടെ കാര്യമെടുത്താൽ ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്, പശ്ചിമഘട്ടം എന്നിവിടങ്ങളിലാണ് ഉരുൾപൊട്ടലുണ്ടാകാറുള്ളത്. ഗുജറാത്തിൽ താപ്തി നദിയുടെ തെക്കുഭാഗത്തുനിന്ന് തെക്ക് കന്യാകുമാരിയിൽ മരുത്വാമല വരെ നീണ്ടുകിടക്കുന്നു പശ്ചിമഘട്ടം. 1600 കി.മീ. നീളം. മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കൂടി ഈ മലനിരകൾ കടന്നുപോകുന്നു. ഹിമാലയ മേഖലകളിലെ അപകട സാദ്ധ്യത വച്ചു നോക്കുമ്പോൾ പശ്ചിമഘട്ടത്തിലെ അപകടങ്ങൾ തുലോം കുറവാണ്.

കേരളത്തിലെ ഉരുൾപൊട്ടലിന്റെ ചരിത്രം നോക്കിയാൽ ചെറുതും വലുതുമായ മണ്ണിടിച്ചിലുകൾ മിക്ക ജില്ലകളിലും ഉണ്ടായിട്ടുള്ളതായി കാണാം. തൃശ്ശൂർ (മുപ്ലിയ), കോഴിക്കോട് (കോങ്ങോട്), പാലക്കാട് (കവളപ്പാറ), തിരുവനന്തപുരം (അമ്പൂരി), വയനാട് (മേപ്പാടി), ഇടുക്കിയിലെ ചില പ്രദേശങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. ഇതിൽ കഴിഞ്ഞ ജൂലൈ 30 ന് മേപ്പാടി പഞ്ചായത്തിൽ ചൂരൽമല, മുണ്ടക്കൈ എന്നിവിടങ്ങളിൽ നടന്ന ഉരുൾപൊട്ടൽ വളരെ ദാരുണമായിരുന്നു. 1984 ലും 2020 ലും ഈ പഞ്ചായത്തിൽ ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ട് എന്നത് നാം ഗൗരവത്തോടെ മനസ്സിലാക്കേണ്ടതാണ്.

ഉരുൾപൊട്ടലെന്ന ഭൗമ പ്രതിഭാസത്തെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്ന് നോക്കാം.

1) **തീവ്രമഴ**: തുടർച്ചയായ മഴയിൽ മഴവെള്ളം താഴേയ്ക്കു താണ് താഴെയുള്ള പാറയും മേൽമണ്ണും തമ്മിലുള്ള ദൃഢമായ പിടിത്തത്തിന് (grip) കോട്ടം തട്ടുന്നു. പാറയോട് ചേർന്നിരിക്കുന്ന മേൽമണ്ണ് പാറയ്ക്കു ജീർണ്ണിക്കൽ (weathering) സംഭവിച്ചുണ്ടായ പശിമയുള്ള ചുവന്ന കളിമണ്ണോ വെളുത്ത കളിമണ്ണോ ആകാം, പശിമയുള്ളതുകൊണ്ടുതന്നെ മേൽമണ്ണിന് ഭാരം കൂടുമ്പോൾ അതായത് കൂടുതൽ വെള്ളം മേൽമണ്ണിൽ തങ്ങുമ്പോൾ മേൽമണ്ണും അതിനുള്ളിലുള്ള അപചയം സംഭവിച്ച പാറകളും താഴെയുള്ള പാറയിൽ (bed rock) നിന്ന് തെന്നിമാറാൻ ഇടയുണ്ട്.

2. **മലയുടെ ചരിവ്**: ചരിവ് (slope) 15 ഡിഗ്രിക്ക് താഴെയാണെങ്കിൽ ഉരുൾപൊട്ടലിന് ഒട്ടും സാദ്ധ്യതയില്ല. പക്ഷെ slope 35 ഡിഗ്രിയിൽ കൂടുതലാണെങ്കിൽ അപകടസാദ്ധ്യത കൂടും.

3. **മനുഷ്യരുടെ കടന്നുകയറ്റം**: മരങ്ങൾ വെട്ടുകയും മലഞ്ചരിവുകളിൽ കൃഷിയിറക്കുക, ചെക്ക് ഡാം കെട്ടുക, ടൂറിസം വികസനത്തിനു വേണ്ടി റിസോർട്ടുകളും നീന്തൽക്കുളങ്ങളും പണിയുക എന്നിവയൊക്കെ നാം ചെയ്യാറുണ്ട്. മരങ്ങൾ വെട്ടുമ്പോൾ മരത്തിന്റെ വേരുകൾ മണ്ണിന് കൊടുത്തിരുന്ന ഉറപ്പ് (grip) നഷ്ടപ്പെടുന്നു. കൃഷിക്കു വേണ്ടി മണ്ണ് പാകപ്പെടുത്തുമ്പോൾ മണ്ണിന്റെ സുഷിരത (Porosity) വർദ്ധിക്കുന്നു. അതുകൊണ്ട് മണ്ണിന്റെ ആഗിരണശേഷി കൂടുകയും മഴവെള്ളം മണ്ണിലേക്ക്

ഊർന്നിറങ്ങുകയും ചെയ്യും. കെട്ടിടങ്ങളുടെ വലിപ്പം കുന്നിന്റെ സ്ഥിരതയെ (stability) സാരമായി ബാധിക്കും.

4. **മൈനിങ്**: റോഡ് നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനുമായി നിയമപരമായും അല്ലാതെയും കരിങ്കല്ലിന്റെയും മണ്ണിന്റെയും ഖനനം നാം തുടർന്നുകൊണ്ടേയിരിക്കുന്നു. കല്ലു വെട്ടുമ്പോൾ, സ്ഫോടനം (blasting) ആണെങ്കിൽ പ്രത്യേകിച്ചും ഉണ്ടാകുന്ന പ്രകമ്പനം (shock wave) അടുത്തുള്ള പാറകളിലും വിള്ളലുണ്ടാക്കുന്നു. ആ പാറയുടെ അപക്ഷയം (weathering) കൂടുതൽ വേഗത്തിൽ സംഭവിക്കാൻ ഇടയാകുന്നു.
5. **എഞ്ചിനീയറിങ് ജോലികൾ**: കുന്നുകൾ ജനവാസ കേന്ദ്രമാകുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ ഇവ നിർമ്മിച്ചേ പറ്റുകയുള്ളൂ. അപ്പോൾ നേരത്തെ ഉണ്ടായിരുന്ന **നീർച്ചാലുകളു**ടെ ഒഴുക്കിന് വിഘാതമുണ്ടോ എന്ന് പൊതുവേ ശ്രദ്ധിക്കാറില്ല. **നീർച്ചാലുകൾ** തടസ്സപ്പെട്ടാൽ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഉദാഹരണങ്ങൾ ധാരാളം നമ്മുടെ മുന്നിലുണ്ട്. അതായത് എഞ്ചിനീയറിങ് ജോലികൾ ശാസ്ത്രീയമായി ചെയ്തില്ലെങ്കിൽ അതും ഉരുൾപൊട്ടലിന് സഹായകമാകാം.

അടുത്തകാലത്ത് വയനാട്ടിലെ ദുരന്തത്തിന്റെ കാര്യമെടുത്താൽ ഏതാണ്ട് 2000 മീറ്റർ ഉയരമുള്ള വെള്ളരിമലയാണ് ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രം എന്നു മനസ്സിലാക്കാം. അവിടെ ഉണ്ടായ മണ്ണിടിച്ചിലിൽ കല്ലും മണ്ണും മരങ്ങളും വീണത് പുഞ്ചിരി മട്ടത്തിനും മുണ്ടക്കൈയ്ക്കും ഇടയ്ക്കുള്ള മലയിടുക്കിലേക്കും. അവിടെ നിന്ന് മഴവെള്ളപ്പാച്ചിലിൽ മുണ്ടക്കൈയിലും ചൂരൽമലയിലും മനുഷ്യനിർമ്മിതമായ വീടുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രി എന്നുവേണ്ട എല്ലാംതന്നെ കടപുഴകി 8 കിലോമീറ്ററിനുമേൽ ദൂരം ഒഴുകിപ്പോയി. കൂട്ടത്തിൽ മുന്നൂറോളം **വിലപ്പെട്ട മനുഷ്യജീവനുകളും**.

ഈ സംഭവത്തിനു ശേഷം ഒരു ചോദ്യം മനുഷ്യമനസ്സിൽ തങ്ങിനില്ക്കുന്നു. നമുക്ക് മുൻകൂർ ഉണ്ടാകേണ്ടിയിരുന്ന ശാസ്ത്രീയ സമീപനം ഉണ്ടായിരുന്നില്ലേ എന്ന്.

കാരണം

a) രണ്ട് ഉരുൾപൊട്ടൽ അടുത്തകാലത്ത് നടന്ന സ്ഥലമാണിത്.

b) കേരളത്തിന്റെ ഉരുൾപൊട്ടലിന്റെ അറ്റ്ലസിൽ ഈ സ്ഥലം 'ഹൈ റിസ്ക് ഏരിയ' ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

c) രണ്ടാഴ്ചയ്ക്കു മേൽ വയനാട്ടിൽ Orange Alert ആയിരുന്നു. എന്നിട്ടും നമുക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞില്ല.

എത്ര ശ്രദ്ധിച്ചാലും ചിലപ്പോൾ അപകടങ്ങൾ സംഭവിക്കാം. അപകടങ്ങൾ നമ്മളെ കൂടുതൽ ശ്രദ്ധയുള്ളവരാക്കും. അവയെ മുൻകൂട്ടി കാണാൻ പ്രേരിപ്പിക്കും, സംശയമില്ല. ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾ നിസ്സഹായരാണ്. **എല്ലാം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതാകട്ടെ നമ്മുടെ സർക്കാരിന്റെ പ്രഥമ ലക്ഷ്യം.**

## പ്രഭാവർമ്മയ്ക്ക് സരസ്വതി സമ്മാൻ

കെ.കെ. ബിർള ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഭാരതത്തിലെ പ്രൗഢ പുരസ്ക്കാരമായ 'സരസ്വതി സമ്മാൻ' സാഹിത്യകാരനും പത്രപ്രവർത്തകനുമായ പ്രഭാവർമ്മ ഏറ്റുവാങ്ങി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ജ്ഞാനപീഠം ജേതാവ് ഡോ. ദാമോദർ മൗജോ പുരസ്ക്കാരം സമ്മാനിച്ചു. 'രൗദ്രസാത്വികം' എന്ന നോവലും കവിതയും ചേരുന്ന ഇരട്ട ഭാവത്തിലുള്ള കൃതിക്കാണ് അവാർഡ് ലഭിച്ചത്. ചടങ്ങിൽ




പ്രഭാവർമ്മയുടെ ആത്മകഥ 'നമാമി മനസാ ശിരസാ'യുടെ പ്രകാശനം തമിഴ് സാഹിത്യകാരൻ ഡോ. മാലൻ നാരായണന് നൽകിക്കൊണ്ട് ഡോ. ദാമോദർ മൗജോ നിർവ്വഹിച്ചു. കവിതാസമാഹാരമായ 'പ്രണയത്തിന്റെ കാവ്യപുസ്തക'ത്തിന്റെ പ്രകാശനം ഡോ. ദിവ്യ എസ്. അയ്യർക്ക് നൽകി ഡോ. സുരേഷ് ഋതുപർണ്ണ നിർവ്വഹിച്ചു.

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

മലയാളികളുടെ ദേശീയോത്സവമായ ഓണം സെപ്റ്റംബർ മാസത്തിലായിരുന്നല്ലോ. എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും ഒരു നല്ല ഓണ ക്കാലം ലഭിച്ചു എന്നു കരുതുന്നു, വൈകിയെ ങ്കിലും സ്നേഹം നിറഞ്ഞ ഓണാശംസകൾ നേരു കയും ചെയ്യുന്നു.

ഇക്കഴിഞ്ഞ മൂന്നു മാസം വളരെയധികം കാര്യങ്ങൾ സഭയ്ക്ക് ചെയ്യുവാൻ സാധിച്ചു. വരും മാസങ്ങളിലും ഇതുപോലെ തന്നെ ചെയ്യാനാവട്ടെ എന്നാഗ്രഹിക്കുന്നു.

**മനോരമത്തമ്പുരാട്ടി എൻഡോവ്മെന്റ് - അക്ഷരശ്ലോക മത്സരം** ആഗസ്റ്റ് 25-ാം തീയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് വളരെ ഭംഗിയായി നടന്നു.

രാവിലെ 9 മണിയോടെ ആൾക്കാരെ ത്തിത്തുടങ്ങി. ശ്രീരാമസ്വാമി ക്ഷേത്രത്തിലെ വിശേഷാൽ ഗണപതി ഹോമവും പൂജയും നേരത്തേ തുടങ്ങിയിരുന്നു. പത്തരമണിക്ക് പൂജ കാലംകൂടി, പരിപാടികൾ ആരംഭിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വാഗതവും, ചടങ്ങുകളെക്കുറിച്ചുള്ള ആമുഖവും അവതരിപ്പിച്ചു. സംസ്ഥാന പ്രസി ഡന്റ് ഡോ. ലളിതാംബിക കാര്യങ്ങൾ വിശദീ കരിച്ചു. നിലവിളക്ക് തെളിയിക്കാനായി മനോ രമത്തമ്പുരാട്ടിയുടെ മകൾ മല്ലികാറാണിയെ ക്ഷണിച്ചു. വിളക്കുകൊളുത്തിയ ശേഷം അമ്മയുടെ പേരിലുള്ള ഈ എൻഡോവ്മെന്റ് നിലവിൽ വരാനുള്ള സാഹചര്യത്തെക്കുറിച്ച് സംസാരിച്ചു. അതിനു ശേഷം അക്ഷരശ്ലോക സദസ്സ് തുടങ്ങി. 19 പേർ പങ്കെടുത്തു. 11.30 വരെ തുടർന്നു. പിന്നീട് അക്ഷരശ്ലോകമത്സരം തുടങ്ങി. 11 പേർ പങ്കെടുത്തു. 17 റൗണ്ട് ആണ് നിർദ്ദേശിച്ചത്. 11 പേരും ശക്തമായ മത്സരം കാഴ്ചവച്ച് ആര് സമ്മാനം നേടും എന്ന സംശയം ജനിപ്പിച്ചു. മഹാരഥന്മാരായ വേലപ്പൻ പിള്ളയും കെ.എം. നാരായണൻ നമ്പുതിരിയും ആയിരുന്നു വിധികർത്താക്കൾ. വളരെ കൃത്യവും സുതാര്യവു മായി വിശകലനം ചെയ്ത് പോയിന്റ് ടേബിൾ തയ്യാറാക്കിത്തന്നു അവർ.

**മത്സരവിജയികൾ**

1. അശോക് കുമാർ പി. അഭിരാമം, കൊരട്ടി. (കൊരട്ടി യൂണിറ്റ്).

2. നിരഞ്ജന വർമ്മ, ലക്ഷ്മിവിലാസം പാലസ്, മാവേലിക്കര. (തിരുവല്ല യൂണിറ്റ്).

3. പ്രവീണാ വർമ്മ, തെക്കേ കൊട്ടാരം, മാവേലി ക്കര. (തിരുവല്ല യൂണിറ്റ്).

**പ്രോത്സാഹന സമ്മാനം**

സന്തോഷ് വർമ്മ, ശ്രീനിലയം പാലസ്, പന്തളം. (പന്തളം യൂണിറ്റ്).

വിജയികൾക്ക് കാഷ് അവാർഡും പ്രശസ്തി പത്രവും നൽകി. ഒന്നരമണിയോടെ ചടങ്ങുകൾ പര്യവസാനിക്കുകയും ഉച്ചഭക്ഷണത്തിന് പിരിയു കയും ചെയ്തു.

**ക്ഷത്രിയ യൂത്ത് ഫോറം** - ആഗസ്റ്റ് 25-ാം തീയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന യോഗത്തിൽ ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിഭാഗ (KKSY) ത്തിന്റെ സംസ്ഥാന കമ്മറ്റിയെ തിരഞ്ഞെടുത്തു.

ഉച്ചയ്ക്ക് 2.30 മുതൽ KKSY യുടെ സംസ്ഥാന കമ്മറ്റി രൂപീകരിക്കലും അംഗങ്ങളുടെ ചുമതല

ഏറ്റെടുക്കൽ ചടങ്ങും നടന്നു. യോഗനടപടികളെ കുറിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ വിശദീകരിച്ചു. യൂത്ത് ഫോറത്തിന്റെ 32 പേരുള്ള കമ്മറ്റിയിൽ നിന്ന് ഏഴുപേരടങ്ങുന്ന ഭാരവാഹികളുടെ പാനൽ നൽകിയിരുന്നു. മറ്റുപാനലുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പാനൽ അംഗീകരിച്ചു.

ഹൃഷികേശ് വർമ്മ - പ്രസിഡന്റ് (തിരുവല്ല യൂണിറ്റ്)

ഡോ. ആദർശ് വർമ്മ - സെക്രട്ടറി (കോട്ടയം യൂണിറ്റ്)

കാർത്തിക് വർമ്മ - ട്രഷറർ (വെള്ളാരപ്പിള്ളി യൂണിറ്റ്)

ഹരീഷ് വർമ്മ - സീനിയർ അഡ്വൈസർ (ചേർത്തല യൂണിറ്റ്)

നവീൻ വർമ്മ - ദക്ഷിണമേഖല കോ-ഓർഡിനേറ്റർ (തിരുവനന്തപുരം യൂണിറ്റ്)

പ്രബേഷ് വർമ്മ - ഉത്തരമേഖലാ കോ-ഓർഡിനേറ്റർ (ഇരിട്ടി യൂണിറ്റ്)

സജിൻ രാജ - അന്തർ സംസ്ഥാന കോ-ഓർഡിനേറ്റർ (കുറ്റിലഞ്ഞി യൂണിറ്റ്)

ക്ഷത്രിയ ക്ഷേമസഭയുടെ പ്രസിഡന്റ് ഡോ. ലളിതാംബിക, ട്രഷറർ സൂര്യകുമാർ വർമ്മ, ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ എന്നിവർ സംസാരിച്ചു.

KKSY യുടെ പ്രഥമ സംസ്ഥാന ഭാരവാഹി കളെ ലേപ്പൽ പിൻ അണിയിച്ച് അവരോധിച്ചു. എല്ലാവരും ഏറെ സന്തോഷത്തോടെ അവരവരുടെ ചുമതല ഏറ്റെടുക്കുന്നു എന്ന് അറിയിച്ചു. നല്ല ഒരു ചർച്ചയും നടന്നു. കൃത്യം 4.30 ന് യോഗനടപടികൾ അവസാനിച്ചു.

**സംസ്ഥാന കമ്മറ്റി യോഗം** - സെപ്റ്റംബർ 1-ാം തീയതി കരിവെള്ളൂർ യൂണിറ്റിൽ വച്ച് സഭയുടെ മൂന്നാമത്തെ സംസ്ഥാന കമ്മറ്റി യോഗം നടന്നു. (ചിത്രം പേജ് 76-ൽ)

യൂണിറ്റ് പ്രസിഡന്റ് സുബ്രഹ്മണ്യന്റെ വസതിയിൽ രാവിലെ 10 മണിയ്ക്ക് എല്ലാവരും കൂടി ചൊല്ലിയ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പങ്കെടുത്ത എല്ലാവർക്കും സുബ്രഹ്മണ്യൻ സ്വാഗതമേകി. സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക നിലവിളക്കുകൊളുത്തി യോഗം ഉൽഘാടനം ചെയ്തു. ലളിതവും സുന്ദരവുമായ ഒരു അദ്ധ്യക്ഷ പ്രസംഗവും നടത്തി. അതിനു ശേഷം സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ നമ്മെ വിട്ടുപിരിഞ്ഞ മുൻ സംസ്ഥാന പ്രസിഡന്റ് ശശികുമാർ വർമ്മ ഉൾപ്പടെയുള്ള എല്ലാ അംഗങ്ങളുടെയും ആത്മാവിന് നിത്യശാന്തി ലഭിക്കുവാനായി ഒരു മിനിട്ട് മൗനപ്രാർത്ഥനയ്ക്ക് അപേക്ഷിച്ചു. എല്ലാവരും ഒരു നിമിഷം എഴുന്നേറ്റ് നിന്ന് മൗന പ്രാർത്ഥന നടത്തി. അതോടൊപ്പം ഇക്കഴിഞ്ഞ മാസം രാജ്യത്തെയാകെ ദുഃഖത്തിലാക്കിയ വയനാടു ദുരന്തത്തിൽ നമ്മെ വിട്ടുപിരിഞ്ഞവർക്കു വേണ്ടിയും മൗന പ്രാർത്ഥനനടത്തി.

സഭയുടെ കഴിഞ്ഞ കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. പിന്നീട് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ 31-03-2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ വരവു-ചെലവുകണക്ക് അവതരിപ്പിച്ചു. റിയാക്കിന്റെ സെക്രട്ടറി പി.കെ. രഘുവർമ്മ റിയാക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. അതിനുശേഷം മേഖലാ സെക്രട്ടറിയും യൂണിറ്റ് ഭാരവാഹികളും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. യൂണിറ്റുകൾ അടുത്ത മൂന്നു മാസക്കാലം ചെയ്യുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇതിനു ശേഷം എല്ലാവരും തുറന്ന ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ടും കണക്കും പാസാക്കി.

സംസ്ഥാന കമ്മറ്റിയോഗത്തിൽ ചർച്ചകൾക്കു ശേഷം പാസാക്കിയ മറ്റു വിഷയങ്ങൾ:

1. സാമന്തക്ഷത്രിയ സഭയുടെ കേന്ദ്ര ഭാരവാഹികളും, ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്രഭാരവാഹികളും കൂടി ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചു. 2024 ഒക്ടോബർ മാസം 6-ാം തീയതി ഗുരുവായൂരിൽ വച്ചായിരിക്കും യോഗം നടത്തുക. ആദ്യത്തെ യോഗത്തിൽ ഏതൊക്കെ വിഷയങ്ങളിൽ, എങ്ങിനെയൊക്കെ ഒന്നിച്ച് പ്രവർത്തിക്കാനാവും എന്ന് ചർച്ച ചെയ്യും.

2. ക്ഷത്രിയ ക്ഷേമസഭയുടെ യുവജന വിഭാഗത്തിന്റെ (KKSY) കേന്ദ്ര കമ്മറ്റി ആഗസ്റ്റ് 25-ന് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് 25-08-2024-ന് തിരഞ്ഞെടുത്തുവല്ലോ. അതിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുവാൻ ക്ഷത്രിയ ക്ഷേമസഭയുടെ എല്ലാ സഹായവും, സഹകരണവും, പിന്തുണയും നൽകണം എന്ന് തീരുമാനിച്ചു.

3. ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര വനിതാ വിഭാഗം ഇപ്പോൾ ഏതാണ്ട് നിർജ്ജീവമായതു പോലെയാണ്. അതിനെ വീണ്ടും ശക്തമാക്കുവാനായി തീരുമാനിച്ചു. വിവിധ യൂണിറ്റുകളിലെ വനിതാ വിഭാഗം പ്രതിനിധികളിൽ നിന്നും ഒരു കേന്ദ്ര കമ്മറ്റി തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനായി തീരുമാനിച്ചു. ഇത് ഉടൻ തന്നെ നടപ്പിലാക്കുവാനായി ചാലക്കുടി യൂണിറ്റിലെ വി.കെ. കോമളവല്ലിയെ ചുമതലപ്പെടുത്തി.

4. ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിംഗിന്റെ പ്രതിനിധിയായി പ്രസിഡന്റ് ഹൃഷികേശ് വർമ്മയേയും വനിതാവിഭാഗം പ്രതിനിധിയായി കോമളവല്ലിയേയും സംസ്ഥാന ഭാരവാഹികളായി തെരഞ്ഞെടുത്തു.

5. 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിക്കാരുടെ എണ്ണം കൂട്ടാനും 2024-ലെ വരിസംഖ്യ നൽകിയിട്ടില്ലാത്ത യൂണിറ്റുകൾ/നേരിട്ട് നൽകുന്ന വരിക്കാർ എന്നിവരിൽ നിന്നും എത്രയും വേഗം പിരിക്കാനും തീരുമാനിച്ചു. അംഗങ്ങളുടെ ഭവനങ്ങളിൽ നടക്കുന്ന വിശേഷങ്ങൾ കളർചിത്രങ്ങൾ നൽകിയും, സംഭാവനകൾ നൽകിയും, ത്രൈമാസികയെ സ്വന്തം കാലിൽ നിൽക്കാനാവും വിധം സഹായിക്കുവാനും തീരുമാനിച്ചു.

6. മേഖലാ സമ്മേളനങ്ങൾ

2024 ഡിസംബർ 31-ന് മുൻപായി മൂന്നു മേഖലകളും മേഖലാ സമ്മേളനങ്ങൾ നടത്തണമെന്ന് തീരുമാനിച്ചു. ഇതിനു വേണ്ടി യൂണിറ്റുകൾ മുൻപോട്ട് വന്ന് സമ്മതം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

7. സംസ്ഥാന വാർഷിക സമ്മേളനം

മേഖലാ സമ്മേളനങ്ങൾക്ക് ശേഷം 2025 ജനുവരി 31-ന് മുൻപായി സംസ്ഥാന വാർഷിക സമ്മേളനം നടത്തണമെന്ന് തീരുമാനിച്ചു. ഇതിന് കുറ്റിലഞ്ഞി യൂണിറ്റ് ആതിഥ്യമേകാം എന്ന് സമ്മതിച്ചിട്ടുണ്ട്.

8. അടുത്ത സംസ്ഥാന കമ്മറ്റി യോഗം 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ (ചേർത്തല) മന്ദിരത്തിൽ വച്ച് നടത്തുവാനായി തീരുമാനിച്ചു.

ക്ഷത്രിയ ക്ഷേമസഭയുടെ 23 യൂണിറ്റുകളിൽ നിന്നും 12 യൂണിറ്റുകളിലെ ഭാരവാഹികളായി 34 പേർ യോഗത്തിൽ പങ്കെടുത്തു.

ഉത്തരമേഖലാ സെക്രട്ടറി വി.സി. കൃഷ്ണ വർമ്മരാജാ കൃതഞ്ജത രേഖപ്പെടുത്തി. ഉച്ച ഭക്ഷണത്തിനുശേഷം യോഗം പിരിഞ്ഞു.

**കേന്ദ്ര ഭാരവാഹികളുടെ യോഗം** - സെപ്റ്റംബർ ആറാം തീയതിയും ഒക്ടോബർ നാലാം തീയതിയും കേന്ദ്ര ഭാരവാഹികളുടെ യോഗം നടന്നു.

06-09-2024 രാത്രി 8 മണിയ്ക്ക് ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് നടന്നു. അഞ്ചുപേർ പങ്കെടുത്തു. സാമന്തക്ഷത്രിയ സഭയുടെ കേന്ദ്രഭാരവാഹികളും ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര ഭാരവാഹികളും കൂടിയുള്ള, ഒക്ടോബർ 6-ാം തീയതി ഗുരുവായൂരിൽ വച്ച് നടക്കുന്ന യോഗത്തിൽ സഭയുടെ നിലപാട് എടുക്കാനും, യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ചുമാണ് സംസാരിച്ചത്. യോഗത്തിൽ എടുത്ത തീരുമാനങ്ങൾ.

1. ക്ഷത്രിയ ക്ഷേമസഭയും സാമന്തക്ഷത്രിയ സഭയും ഒന്നായി ലയിച്ച് പ്രവർത്തിക്കുക എന്നതിന് അംഗീകാരമില്ല.

2. ക്ഷത്രിയ ക്ഷേമസഭയുടെ ചില യൂണിറ്റുകളിൽ സാമന്തക്ഷത്രിയരും അംഗങ്ങളായുണ്ട്. യൂണിറ്റ് ഭാരവാഹികളുടെ തീരുമാനമനുസരിച്ച് അത് തുടരുന്നതിലും യൂണിറ്റുകളിൽ നിലവിൽ അംഗങ്ങളല്ലാത്ത സാമന്തക്ഷത്രിയ കുടുംബാംഗങ്ങളെ പുതുതായി ചേർക്കുന്നതിനും അപാകതയില്ല, അംഗീകരിക്കാം.

3. സാമന്തക്ഷത്രിയ സഭയുടെ യൂണിറ്റുകളിലുള്ള അംഗങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ക്ഷത്രിയർ/സാമന്തക്ഷത്രിയർ മാത്രമാണോ എന്നത് പരിശോധിച്ച് മനസ്സിലാക്കണം/ ബൈലോയും നോക്കി മനസ്സിലാക്കണം. അതിന് സംസ്ഥാന ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

4. 'ക്ഷാത്രസ്പന്ദനം', റിയാക്ട്, വിവാഹങ്ങൾ എന്നീ വിഷയങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കാം.

5. ഇരു സഭകളേയും/ സഭാംഗങ്ങളേയും ഒരുപോലെ ബാധിക്കാവുന്ന വിഷയങ്ങളിൽ ഒന്നിച്ചു ചർച്ചചെയ്ത് പ്രവർത്തിക്കാവുന്നതാണ്.

6. കുറച്ചു വർഷങ്ങൾക്കു മുൻപ് ഈ വിഷയ ത്തിൽ ചർച്ചകൾ നടക്കുകയും, തീരുമാനങ്ങൾ എടുക്കുകയും ഉണ്ടായിട്ടുണ്ട്. അന്ന് ചർച്ചകളിൽ പങ്കെടുത്തിട്ടുള്ള കെ.എൻ.എസ്. വർമ്മ, കെ.സി. മാനവർമ്മ രാജ, ആർ. രാമവർമ്മ എന്നിവരെക്കൂടി കൂട്ടി സെപ്റ്റംബർ 20-ാം തീയതിക്കു ശേഷം ഒരു യോഗം കൂടി ചേർന്ന് പൂർണ്ണമായുള്ള തീരുമാനം എടുക്കും. 9 മണിക്ക് യോഗം അവസാനിച്ചു.

ഒക്ടോബർ 4-ാം തീയതിയിലെ മീറ്റിംഗ് ഗൂഗിൾ മീറ്റായി രാത്രി 7.45 ന് ഈശ്വര പ്രാർത്ഥനയോടെ തുടങ്ങി. അജണ്ടയിൽ കാണിച്ചിരുന്ന വിഷയങ്ങ ളിൽ ചർച്ചകൾക്കു ശേഷം എടുത്ത തീരുമാന ങ്ങൾ.

1. ഒക്ടോബർ 6-ാം തിയതി ഞായറാഴ്ച നടക്കുന്ന, ക്ഷത്രിയ ക്ഷേമസഭയുടെയും സാമന്ത സമാജത്തിന്റെയും കേന്ദ്ര ഭാരവാഹികളുടെ സംയുക്തയോഗത്തിൽ സഭയുടെ പരമാവധി ഭാര വാഹികൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചു. യോഗത്തിൽ വരുന്ന ചർച്ചകൾ കേട്ട് റിപ്പോർട്ട് കേന്ദ്ര കമ്മറ്റിയിൽ ചർച്ച ചെയ്ത ശേഷം ഏതെല്ലാം വിഷയങ്ങളിൽ സഹകരിച്ച് ഒന്നിച്ച് പ്രവർത്തിക്കാം എന്ന് തീരുമാനിച്ചു.

2. ക്ഷത്രിയരിൽ മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമ്മ നിലനിർത്തുവാനായി അവരുടെ പേരിൽ എൻഡോവ്മെന്റ് രൂപീകരിച്ച് ആവശ്യമനുസരിച്ച് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുവാനായി തീരുമാനിച്ചു. തുടക്കത്തിൽ ചിത്രകലയുടെ കുലപതി രാജാരവിവർമ്മയുടെ പുത്രനും ചിത്രകാരനുമാ യിരുന്ന ആർട്ടിസ്റ്റ് രാമവർമ്മ (മാവേലിക്കര കൊട്ടാരം) യുടെ പേരിൽ ഒരു എൻഡോവ്മെന്റ് തുടങ്ങണമെന്നും ഈ വിഷയത്തിൽ അദ്ദേഹ ത്തിന്റെ കുടുംബാംഗങ്ങളുമായി ചർച്ച ചെയ്യാനും കത്തിടപാടുകൾ നടത്താനുമായി സംസ്ഥാന ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

3. ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റുകൾ വാർഷിക സമ്മേളനം നടത്തുമ്പോൾ എല്ലാ കേന്ദ്ര ഭാരവാഹികളേയും ആ വിവരം അറിയിക്കണ മെന്നും കഴിയുന്നത്രയും കേന്ദ്ര ഭാരവാഹികൾ ആ യോഗങ്ങളിൽ പങ്കെടുക്കണമെന്നും തീരുമാനിച്ചു.

യോഗം രാത്രി 8.45 ന് സൂര്യകുമാർ വർമ്മയുടെ നന്ദി പ്രകാശനത്തോടെ അവസാനിച്ചു.

### ക്ഷത്രിയ ക്ഷേമസഭയുടേയും സാമന്ത സമാജത്തിന്റെയും കേന്ദ്ര ഭാരവാഹികളുടെ പ്രഥമ ആലോചനായോഗം

കേരളത്തിൽ ഒരേ സംസ്ക്കാരം പുലർത്തുന്ന ക്ഷത്രിയ ക്ഷേമസഭയുടേയും സാമന്ത സമാജ ത്തിന്റേയും കേന്ദ്ര ഭാരവാഹികളുടെ പ്രഥമ ആലോചനായോഗം 06-10-2024 രാവിലെ 10.30 ന് ഗുരുവായൂർ 'ഹരേകൃഷ്ണ ഇന്നി'ൽ വെച്ചു കൂടി.

സമാന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഇരു സഭകളുടേയും പ്രവർത്തനങ്ങളിൽ ഏതെ ങ്കിലും മേഖലകളിൽ ഒന്നിച്ചു പ്രവർത്തിക്കാ നാവുമോ എന്നതിനെ സംബന്ധിച്ചുള്ള ആലോ ചനായോഗമാണ് നടന്നത്.

ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക യോഗത്തിന്റെ അദ്ധ്യക്ഷ യായിരുന്നു. ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം സാമന്ത സമാജം സംസ്ഥാന പ്രസിഡന്റ് ബാല കൃഷ്ണൻ ഏറാടി സ്വാഗത പ്രസംഗം നടത്തി. അതിനു ശേഷം ഡോ. എം. ലളിതാംബിക ഉൽഘാ ടനകർമ്മം നിർവ്വഹിച്ചു.

ഈ യോഗത്തിന്റെ ഉദ്ദേശത്തെക്കുറിച്ചും ഇരു സഭകളുടേയും പ്രവർത്തങ്ങളെക്കുറിച്ചും സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക, സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, സാമന്ത സമാജം രക്ഷാധികാരി ടി.എം. ഗോകുലചന്ദ്രൻ, വൈസ് പ്രസിഡന്റ് വേണുഗോപാൽകർത്താ, ജനറൽ സെക്രട്ടറി ഗോപിനാഥൻ നെടുങ്ങാടി എന്നിവർ വിശദീകരിച്ചു.

സംയുക്ത യോഗത്തിന്റെ ഉദ്ദേശങ്ങളെക്കു റിച്ചും, ഉദ്ദേശലക്ഷ്യത്തിലെത്താനുള്ള തുടക്കം എങ്ങിനെയാവണം എന്നുമുള്ള തുറന്ന ചർച്ചയിൽ ഇരു സഭയിലേയും എല്ലാ ഭാരവാഹികളും സജീവ മായി പങ്കെടുത്തു.

ചർച്ചകളിൽ നിർദ്ദേശങ്ങളായി വന്ന വിവിധ കാര്യങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

■ ക്ഷത്രിയർക്ക് ഇന്നത്തെ കാലസ്ഥിതിയിൽ പ്രത്യേകമായ ഒരു കുലത്തൊഴിൽ അവകാശപ്പെ ടാനില്ല.

■ സസ്യാഹാരം ഭക്ഷിക്കുന്നവർ എന്നുള്ള പ്രത്യേക ജീവിത ശൈലി ഉയർത്തിക്കാണിക്കണം.

■ ഇരു സഭകളിലേയും അംഗങ്ങൾ തമ്മിൽ നിലവിൽ വിവാഹബന്ധം ഉണ്ട്.

■ ഇരുകൂട്ടർക്കും മരുമക്കത്തായ സമ്പ്രദായമാണുള്ളത്. അതിനാൽ സ്ത്രീകളുടെ പ്രാധാന്യവും ശക്തിയും ഉയർത്തിപ്പിടിക്കണം. സമൂഹം നന്നാവാൻ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൂടുതലായി കൊണ്ടുവരാൻ ശ്രമിക്കണം.

■ സംഘടനയിലേക്ക് ചെറുപ്പക്കാരെ കൂടുതലായി കൊണ്ടുവരാനായി മാതാപിതാക്കൾ ശ്രമിക്കണം.

■ ചെറുപ്പക്കാർക്ക് സഭകളിലെ പ്രവർത്തനങ്ങളിൽ വിവിധങ്ങളായ ചുമതലകൾ ഏൽപ്പിക്കാൻ തയ്യാറാവണം.

■ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കണം, അതു സഭാപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തണം.

■ ആലോചനകളിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ പ്രത്യേകം രേഖപ്പെടുത്തി അതനുസരിച്ച് മുൻപോട്ട് പോവണം.

■ പൊതു പ്രവർത്തനങ്ങളിൽ സഭാംഗങ്ങൾ മുൻപോട്ടു വന്ന് അംഗീകാരങ്ങൾ നേടിയെടുക്കണം.

■ ഇരു സഭാംഗങ്ങളുടേയും ശബ്ദം സമൂഹത്തിൽ മുഴങ്ങി കേൾക്കണം.

■ ഒരു ജോബ് പോർട്ടൽ ഉണ്ടാവണം

■ വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ മേഖലകളിൽ സ്വന്തമായ സ്ഥാപനങ്ങൾ ഉണ്ടാവണം.

■ വിവിധ ക്ഷേത്ര നഗരങ്ങളിൽ സ്വന്തമായി താമസ സൗകര്യങ്ങൾ നൽകാനാവണം.

■ ഇരു സഭകളിലേയും കുടുംബാംഗങ്ങളെ ചേർത്ത് ഒരു യോഗം ചേരണം.

സംസ്ഥാന കമ്മറ്റി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് യോജിച്ച് പ്രവർത്തിക്കാനാവുന്ന മേഖലകളിൽ യോജിച്ച് പ്രവർത്തിക്കണം എന്നു തന്നെയാണ് ഇരു സഭകളുടേയും ഭാരവാഹികൾ ആഗ്രഹിക്കുന്നത് എന്നാണ് അറിയിച്ചത്.

രണ്ടു സംഘടനകളും ഏതെങ്കിലും മേഖലകളിൽ ഒന്നിച്ചു പ്രവർത്തിക്കാനാവുമോ എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ആയതിന്റെ പ്രാരംഭഘട്ടത്തിലെത്തിക്കുവാനും ശ്രമിച്ച വേണു ഗോപാൽ കർത്തായേയും മധുകുമാർ വർമ്മയേയും ഇരു വിഭാഗവും അഭിനന്ദിച്ചു.

ക്ഷത്രിയ ക്ഷേമസഭയുടെ ഒൻപതും സാമന്ത സമാജത്തിന്റെ ആറും ഭാരവാഹികൾ പങ്കെടുത്ത യോഗം ഉച്ചയ്ക്ക് ഒന്നരമണിക്ക് സാമന്തസമാജം ജനറൽ സെക്രട്ടറി ഗോപിനാഥൻ നെടുങ്ങാടി നന്ദി പ്രകാശിപ്പിച്ചതോടെ അവസാനിച്ചു. സ്വാദിഷ്ടമായ ഉച്ച ഭക്ഷണത്തിനു ശേഷം എല്ലാവരും പിരിഞ്ഞു.

**HH മഹാറാണി സേതു പാർവ്വതി ബായി സ്കോളർഷിപ്പ്**

2023 ലെ ഈ സ്കോളർഷിപ്പ് തുക ഇക്കഴിഞ്ഞ സെപ്റ്റംബർ പത്താം തീയതി യൂണിറ്റുകളിലേക്ക് അയച്ചുകൊടുത്തു. യൂണിറ്റുകൾ അവരുടെ യോഗങ്ങൾ നടന്നപ്പോൾ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**അരുൺ വർമ്മ മെമ്മോറിയൽ സ്കോളർഷിപ്പ്** കോഴിക്കോട് യൂണിറ്റ് യോഗത്തിൽ വച്ച് നൽകുകയുണ്ടായി.

**റിയാക്ട്**

വിവിധങ്ങളായ സേവന പ്രവർത്തനങ്ങളുമായി റിയാക്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. ടീം റിയാക്ടിന് എല്ലാ വിധ ആശംസകളും നേരുന്നു.

**ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക 'ക്ഷാത്രസ്പന്ദനം' നല്ല ഉള്ളടക്കങ്ങളോടെ ഭംഗിയായ രീതിയിൽ പുറത്തിറക്കുവാൻ സാധിക്കുന്നുണ്ട് എന്നുള്ളത് ഏറെ സന്തോഷമുള്ള കാര്യമാണ്. 'ടീം ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ.

**യൂണിറ്റ് സന്ദർശനം**

വിവിധ യൂണിറ്റുകളിൽ കുടുംബ സംഗമം, ഓണാഘോഷം, പൊതുയോഗം മുതലായവ നടന്നു. മിക്കവാറും എല്ലാ യൂണിറ്റുകളിലും കേന്ദ്ര ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു.

യൂണിറ്റുകളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കാനും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനും കേന്ദ്ര ഭാരവാഹികൾ എപ്പോഴും തയ്യാറാണ് എന്നറിയിക്കുന്നു.

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

# റിയാക്ട് ധനസഹായം



ഗുരുതരമായ ഡയബറ്റിസ് ബാധിച്ച് കാൽ മുറിച്ചുകളയേണ്ടി വന്ന തിരുവല്ല തുകലശ്ശേരി സ്വദേശി മത്തായി വർക്കിക്ക് റിയാക്ട് നൽകുന്ന ധനസഹായം ക്ഷത്രിയക്ഷേമസഭ ട്രഷറർ സൂര്യകുമാർ വർമ്മയും ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മയും തിരുവല്ല യൂണിറ്റ് കമ്മിറ്റിയംഗം ശാന്താദേവിയും ചേർന്ന് നൽകുന്നു.



പക്ഷാഘാതം പിടിപെട്ട് ഇടതുഭാഗം തളർന്ന കരിവെള്ളൂർ പെരളം പഞ്ചായത്തിലെ ടി.വി. ചന്ദ്രന്റെ ചികിത്സക്കായി റിയാക്റ്റിൽ നിന്നും അനുവദിച്ച സഹായമായ പതിനായിരം രൂപ യുടെ ചെക്ക് കരിവെള്ളൂരിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധു കുമാർ വർമ്മ ചന്ദ്രന്റെ ഭാര്യ കെ.വി. തമ്പായിക്ക് കൈമാറുന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാർ, യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.കെ.കെ. ഉണിത്തിരി, വി.എം. ദാമോദരൻ എന്നിവർ സന്നിഹിതരായി രുന്നു.



വിദ്യാർഥികൾക്കുള്ള തുടർ പഠന പ്രോത്സാ ഹന പദ്ധതിയിൽ ലാപ്ടോപ്പ് വാങ്ങുന്നതിന് റീയാക്ട് അനുവദിച്ച ചെക്കുകൾ കോട്ടയം യൂണിറ്റ് പ്രസിഡന്റ് ആത്മജവർമ്മ തമ്പുരാൻ, രക്ഷാധികാരി യു. അജിത് വർമ്മ എന്നിവർ കൈമാറുന്നു. രക്ഷിതാക്കളായ വയസ്കര രാജ്ഭവനിൽ വി.ആർ. സുനിൽ കുമാർ (കണ്ണൻ) - പ്രിയ കണ്ണൻ, മറിയപ്പള്ളി ഗൗരീശങ്കരം ടി.എൻ. വിനോദ് വർമ്മ - ടി.സി. അർച്ചന എന്നിവർ ഏറ്റുവാങ്ങി.

## സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

### മാധവ് ചന്ദ്രശേഖർ സ്മാരക സ്കോളർഷിപ്പ്

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭയുടെ മുതിർന്ന അംഗങ്ങളായ ലെഫ്. കേണൽ (റിട്ട:) വി. എസ്. ചന്ദ്രശേഖരന്റെയും ഡോ. സതി ചന്ദ്രശേഖരന്റെയും മകനായ മാധവ് ചന്ദ്രശേഖറിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള **മാധവ് ചന്ദ്രശേഖർ സ്മാരക സ്കോളർഷിപ്പി**നുള്ള അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. 2024 ൽ എഞ്ചിനീയറിങ് പഠനത്തിന് പ്രവേശനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 5,000 രൂപ വീതം നാലു വർഷത്തേക്കാണ് ഈ സ്കോളർഷിപ്പ് നൽകുക

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം. സഭയുടെ സ്കോളർഷിപ്പിനായുള്ള നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്ക് ഷീറ്റ്, എഞ്ചിനീയറിങ് പഠനത്തിന് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2024 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം

**സെക്രട്ടറി**
**ക്ഷത്രിയ ക്ഷേമസഭ**
**സുന്ദരവിലാസം കൊട്ടാരം**
**കോട്ടയ്ക്കകം, തിരുവനന്തപുരം - 695023**

എന്ന വിലാസത്തിലോ

**R. Rama Varma,**
**TC 53/2106, Shanti Niketan,**
**Kuzhivila Lane, Pappanamcode,**
**Thiruvananthapuram-695018**

എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

**ബന്ധപ്പെടേണ്ട നമ്പർ: 9496040055 (R. Rama Varma)**
**9847017105 (Madhukumar Varma V.K.)**

മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവർ ആണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പു നൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

### മഹാറാണി സേതുപാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, ഡിഗ്രി, ഫൈൻ ആർട്സ് എന്നീ വിഭാഗങ്ങളിൽ 2024–ൽ പ്രവേശനം ലഭിച്ച ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളിലെ അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/ എൻജിനീയറിങ്/ ഡിഗ്രി/ ഫൈൻ ആർട്സ് ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2024 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം **സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദര വിലാസം കൊട്ടാരം, തിരുവനന്തപുരം – 695023** എന്ന വിലാസത്തിലോ **R. Rama Varma, TC 53/ 2106, Shanti Niketan, Kuzhivila Lane, Pappanamcode, Thiruvananthapuram 695018** എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.


**ബന്ധപ്പെടേണ്ട നമ്പർ: 9496040055 (R. Rama Varma)**
**9847017105 (Madhukumar Varma V.K.)**

മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവരാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പുനൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്

കൊച്ചി രാജകുടുംബാംഗം സരസിജ തമ്പുരാന്റെ സ്മരണാർത്ഥം പുത്രി ഡോ. ആശാലത തമ്പുരാൻ ക്ഷത്രിയ വിദ്യാർത്ഥികൾക്കായി ഒരു മെറിറ്റ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEAM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കാണ് അവാർഡ്. 5000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ആണ് നൽകുക. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷാഫോറം റാങ്ക് ലഭിച്ചതിന്റെ proof സഹിതം സഭയുടെ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി മുഖാന്തിരം **ജന. സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം പാലസ്, ഫോർട്ട്, തിരുവനന്തപുരം – 695023** എന്ന വിലാസത്തിൽ അയച്ചുതരിക. **ജനറൽ സെക്രട്ടറിക്ക് വാട്ട്സാപ്പ് മുഖേനയും അയയ്ക്കാം മൊ. 919847017105.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 30 നവംബർ 2024**



# രണ്ട് 'ധന്യ ജീവിതങ്ങൾ'

**ഡോ. ആർ. പി. രാജാ**
തിരുവനന്തപുരം, മൊ. 7034741555

**(ഒക്ടോബർ മാസവും നവംബർ മാസവും ഓരോ മഹദ് വ്യക്തിക്ക് ജന്മം നൽകിയ മാസങ്ങളാണ്. ആ മഹദ് വ്യക്തികളെ ഈ ലേഖനത്തിൽ കൂടി ഒന്നു പരിചയപ്പെടുത്താൻ ശ്രമിക്കുകയാണ്.)**

## കേണൽ ജി.വി. രാജ

പൂഞ്ഞാർ രാജകുടുംബത്തിൽ കാർത്തിക തിരുനാൾ അംബ (കുട്ടിക്കാവ്) തമ്പുരാട്ടിയുടെയും, പൊന്നാനി താലൂക്കിൽ ശുകപുരം ഗ്രാമത്തിൽ (കുമരനല്ലൂർ വില്ലേജ്) പുതുശ്ശേരി മനയ്ക്കൽ പശുപതി സോമയാജിപ്പാടിന്റെ മകൻ നാരായണൻ നമ്പൂതിരിയുടേയും ദ്വിതീയ പുത്രനായി കൊല്ലവർഷം 1084 കന്നി മാസം 28-ാം തീയതി, (1908 ഒക്ടോബർ 13-ാം തീയതി - വടക്കെ മലബാറിലെ പഞ്ചാംഗം അനുസരിച്ച് 14-ാം തീയതി) കാർത്തിക നക്ഷത്രത്തിൽ ഒരു പുത്രൻ ജനിച്ചു. ഈ പുത്രനാണ് പിൽക്കാലത്ത് 'കേരളകായിക ലോകത്തിന്റെ പിതാവ്' എന്ന് പ്രസിദ്ധനായ കേണൽ ഗോദവർമ്മ രാജ (കേണൽ ജി.വി. രാജ).

വിദ്യാരംഭം നടത്തിയത് പണ്ഡിത ശ്രേഷ്ഠനായ പിതാവ് തന്നെയായിരുന്നു. എഴുത്തിനിരുത്തിയത് കൃഷ്ണ പണിക്കർ എന്ന ആശാനായിരുന്നു. ബാലപാഠങ്ങൾ പഠിപ്പിച്ചത് കാക്കര പണിക്കർ എന്നറിഞ്ഞിരുന്ന കുടുംബാശാനായിരുന്നു. സംസ്കൃതത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ചത് ചെമ്മരമ്പാടത്ത് നമ്പി ആയിരുന്നു. പ്രൈമറി വിദ്യാഭാസം പൂഞ്ഞാർ എടവക സ്പെഷ്യൽ സ്കൂളിൽ. പ്രിപ്പറേറ്ററി മുതൽ തേഡ് ഫോം (ഇന്നത്തെ ഏഴാം ക്ലാസ്സ്) വരെയുള്ള 'മിഡിൽ സ്കൂൾ വിദ്യാഭ്യാസം' പൂഞ്ഞാറ്റിലുള്ള എസ്സ്.എം.വി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം എറണാകുളത്ത് മഹാരാജാസ് കോളേജിനോട് ചേർന്നുള്ള ഹൈസ്കൂളിലും കോട്ടയത്തുള്ള എം.ഡി. സെമിനാരി ഹൈസ്കൂളിലുമായിരുന്നു. കോളേജ് വിദ്യാഭ്യാസം മധുരയിലുള്ള അമേരിക്കൻ കോളേജിൽ ആയിരുന്നു. ഒരു ഡോക്ടറാകണമെന്നായിരുന്നു മോഹം.

അടുത്ത അദ്ധ്യയന വർഷം മദ്രാസ് മെഡിക്കൽ കോളേജിൽ അഡ്മിഷനും ലഭിച്ചു. എന്നാൽ തന്റെ ആഗ്രഹം പൂർത്തിയാക്കാൻ കഴിഞ്ഞില്ല; കാരണം ഒരു വിവാഹാലോചന ആയിരുന്നു. വധു രാജ്യം ഭരിക്കുന്ന രാജാവിന്റെ സ്വന്തം അനുജത്തി കാർത്തിക തിരുനാൾ ലക്ഷ്മീഭായി. അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യങ്ങളിൽ, "എന്റെ പഠിത്തം കഴിഞ്ഞ് കല്യാണം കഴിക്കാം" എന്ന് പറയാൻ നിർവ്വാഹമില്ലായിരുന്നു. 1934 ജനുവരി 25-ാം തീയതി തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത്, തേവാരത്തു കോയിക്കൽ വച്ച് പള്ളിക്കെട്ടു നടന്നു. അതോടെ ജി.വി. രാജായുടെ മുന്നിൽ രണ്ടു വഴികൾ തുറന്നു. ഒന്ന് സുഖലോലുപനായി അലസമായ ഒരു ജീവിതം. അല്ലെങ്കിൽ രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായ ഒരു ജീവിതം. അദ്ദേഹം രണ്ടാമത്തെ വഴിയിലേക്ക് ഇറങ്ങി, യാത്ര തിരിച്ചു.

കായിക വിനോദങ്ങളോട് കുട്ടിക്കാലം മുതൽക്കു തന്നെ വലിയ ഭ്രമമായിരുന്നു. ഫുട്ട്ബോൾ ആയിരുന്നു ഏറ്റവും ഇഷ്ടപ്പെട്ട കായിക വിനോദം. പിന്നെ, "മീനച്ചിൽ ആറ്റിൽ മഴക്കാലത്ത് വലിയ വെള്ളം വരുമ്പോൾ, കുറേ തലകൾ ഒഴുകി പോകുന്നതു കാണാം. അതിലൊന്ന് കൊച്ചേട്ടന്റെ ആയിരിക്കും... അനുജത്തിയുടെ വാക്കുകൾ. അനുജത്തി (ഇപ്പോഴത്തെ പൂഞ്ഞാർ വലിയ തമ്പുരാട്ടി അത്തംനാൾ അംബിക തമ്പുരാട്ടി) പറയുന്നു. "തിരുവനന്തപുരത്തു നിന്നും വരുമ്പോൾ, സാധാരണക്കാർക്ക് ഇങ്ങെത്തി വിശ്രമിക്കാനാണ്

അക്കാലത്തു തന്നെ അദ്ദേഹം എത്രമാത്രം പ്രിയങ്കരനായിരുന്നുവെന്ന് ഈ പദവി തെളിയിക്കുന്നു.

തിരുവിതാംകൂർ രാജകുടുംബത്തിലെ വിവാഹം അദ്ദേഹത്തിന്റെ ജന്മ വാസനകളെ പോഷിപ്പിക്കാനും, വികസിപ്പിക്കാനും ഫലവത്താക്കാനും സഹായിച്ചു എന്ന സത്യം മറച്ചു വയ്ക്കാനാകുന്നില്ല. വിവാഹാനന്തരം പല മേഖലകളിലും പ്രവർത്തിക്കാൻ തുടങ്ങി... ഒന്നാമതായി അദ്ദേഹം ചെയ്തത് 'ട്രാവൻകൂർ സ്റ്റേറ്റ് ഫോഴ്സസ്സിൽ (തിരുവിതാംകൂർ സൈന്യം) ചേർന്നു. അലസമായി രാജകൊട്ടാരത്തിൽ കഴിയാൻ അദ്ദേഹത്തിന്റെ ജന്മവാസനകൾ അനുവദിച്ചില്ല. ഒരു സാധാരണ പട്ടാളക്കാരനായി ചേർന്ന് ഒരു പട്ടാളക്കാരന് ആവശ്യമായ എല്ലാ പരിശീലനങ്ങളും കടമകളും വളരെ നിഷ്കർഷയോടെ തന്നെ അദ്ദേഹം പാലിച്ചു. സൈനിക പരിശീലനം ജീവിതചര്യകളിൽ പോലും മാറ്റം വരുത്തിയിരുന്നു. ഉദാഹരണത്തിന് അതിനു ശേഷം, മെത്തയിൽ കിടക്കാറില്ല; കട്ടിലിൽ കമ്പിളി വിരിച്ച് അതിലാണ് ഉറങ്ങുക. സൈനിക ജീവിതത്തിൽ അദ്ദേഹം ക്യാപ്റ്റനായും പിന്നീട് കേണലായും ഉയർത്തപ്പെട്ടു.

1937-ൽ തിരുവിതാംകൂർ സർവകലാശാല സ്ഥാപിതമായി. അതിൽ ഒരു 'ബോർഡ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ' സ്ഥാപിതമായപ്പോൾ, ജി.വി. രാജ അതിന്റെ പ്രസിഡന്റായി. ഒരലങ്കാര പദത്തിൽ തുടരുകയല്ല അദ്ദേഹം ചെയ്തത്. 'കായിക വൃത്തിയുടേയും' 'കായിക കഠിനാദ്ധ്വാനത്തിന്റേയും' മേന്മയും മഹത്വവും വിദ്യാർഥികൾ മനസ്സിലാക്കണമെന്ന ലക്ഷ്യത്തോടെ യൂണിവേഴ്സിറ്റിയിൽ ഒരു 'ലേബർ കോർ' സ്ഥാപിച്ചു. അതിന്റെ കമാൻഡന്റും അദ്ദേഹം തന്നെ ആയിരുന്നു. ആഴ്ചയിലൊരു ദിവസം അതിന്റെ പ്രവർത്തനത്തിനായി ഉഴിഞ്ഞു വച്ചു. കുണ്ടും കുഴിയും, ആയി കിടന്നിരുന്ന സ്ഥലം മമ്മട്ടിയും തൂമ്പയും ഉപയോഗിച്ച് വെട്ടി നിരത്തി; വിദ്യാർഥികളും അദ്ധ്യാപകരും, ജി.വി. രാജായും കൂടി. ആ പരിശ്രമത്തിന്റെ ഫലമാണ് നമുക്കെല്ലാം സുപരിചിതമായ 'യൂണിവേഴ്സിറ്റി സ്റ്റേഡിയം'. കേഡറ്റുകളുടെ ചിട്ടകളിൽ ആയുധ പരിശീലനവും കുതിര സവാരിയും ഉൾപ്പെടുത്തിയിരുന്നു. ഇക്കാലത്താണ് തിരുവിതാംകൂർ സർവകലാശാലയെ വിലയിരുത്താൻ ഭാരതത്തിലെ പതിനാറ് സർവകലാശാല

തിടുക്കം. എന്നാൽ കൊച്ചേട്ടൻ ഈരാറ്റുപേട്ടയിലൊമറ്റൊ ഇറങ്ങി നടന്ന് 'മാവടി കുന്നു' കയറി ഇറങ്ങി ശാസ്താം കടവിൽ വന്ന് അവിടെ നിന്നും നടന്നു വരും. കാർ ഒരു മണിക്കൂർ മുൻപേ എത്തിയിരിക്കും. നടക്കാൻ അത്ര ഭ്രമമായിരുന്നു." അനുജൻ പി. കേരള വർമ്മ പറയുന്നു,: "മാർമല അരുവി ഉള്ള തീക്കോയി മലകളിൽ കൊച്ചേട്ടന്റെ നേതൃത്വത്തിൽ സംഘം ചേർന്നു പോകാറുണ്ട്. പെരിയാർ തടം, അയ്യപ്പൻ കോവിൽ, പുള്ളിക്കാനം, കോലാഹലമേട്, വാഗമൺ, തേക്കടി എന്നിവിടങ്ങളിലെല്ലാം നടന്നുതന്നെ പോയിട്ടുണ്ട്. വൻ മലകളും ഘോരവനങ്ങളും അപകടങ്ങൾ നിറഞ്ഞതായിരുന്നെങ്കിലും ഞങ്ങൾക്ക് പ്രിയങ്കരങ്ങളായിരുന്നു. ഈ സഞ്ചാരങ്ങൾക്കു ഞങ്ങളുടെ മാതാപിതാക്കൾ ഒരിക്കലും തടസ്സം പറഞ്ഞിട്ടില്ല. ക്ഷത്രിയനാണെങ്കിൽ എന്തും ധൈര്യത്തോടെ നേരിടാനുള്ള പ്രാപ്തി ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടു കൂടി ആയിരിക്കണം മാതാപിതാക്കൾ അനുവദിച്ചത്." പണ്ടുകാലത്ത് കാഞ്ഞിരമറ്റം കൊട്ടാരത്തിൽ ഒരു കളരി ഉണ്ടായിരുന്നു. 'വഞ്ചിത്തോട്ടത്ത് രാമൻ' എന്ന കളരി ആശാന്റെ മേൽനോട്ടത്തിലായിരുന്നു അത് പ്രവർത്തിച്ചിരുന്നത്. വാൾ പയറ്റ്, കുന്തപയറ്റ്, വടിവാൾ പയറ്റ്, പാദ പയറ്റ്, മുച്ചാൺ വടി പയറ്റ് എന്നിവയും മെയ്‌വഴക്കവും പഠിപ്പിച്ചിരുന്നു. പൂഞ്ഞാർ രാജകുടുംബത്തിലെ ഇപ്പോഴത്തെ വലിയ തമ്പുരാട്ടി, 98 വയസ്സോടടുക്കുന്ന അത്തം നാൾ അംബിക തമ്പുരാട്ടി മുച്ചാൺ വടി പ്രയോഗം വരെ പഠിച്ചിരുന്നു. ജി.വി. രാജായ്ക്ക് ഉപരിപഠനത്തിനു പുറത്തു പോകേണ്ടി വന്നതിനാൽ, പയറ്റു മുഴുവൻ പഠിക്കാനായില്ല. കായികലോകത്തിനു ജി.വി. രാജാ സംഭാവനകൾ നൽകാൻ തുടങ്ങിയത് പൂഞ്ഞാർ എസ്സ്.എം.വി. സ്കൂളിലിലെ ഫുട്ട്ബാൾ ഗ്രൗണ്ടിൽ നിന്നു തന്നെയായിരുന്നുവെന്നു പറയാം. പിന്നെ കോളേജിൽ പഠിക്കുന്ന കാലത്ത് ഫുട്ട്ബാൾ, ടെന്നീസ്, ക്രിക്കറ്റ് എന്നീ കളികളിലും ഏർപ്പെട്ടിരുന്നു. മധുര ഫുട്ട്ബാൾ ടീമിലെ അംഗമായിരുന്നു. മദ്രാസ് മെഡിക്കൽ കോളേജ് ക്രിക്കറ്റ് ടീമിലും അംഗമായിരുന്നു. 1931-ൽ 'മദ്രാസ് യൂണിവേഴ്സിറ്റി യൂണിയൻ' സ്ഥാപിതമായപ്പോൾ, പൂഞ്ഞാർ എന്ന കൊച്ചു ഗ്രാമത്തിൽ നിന്നും വന്ന ഗോദവർമ്മ എന്ന വിദ്യാർഥി അതിന്റെ പ്രഥമ പ്രസിഡന്റായി.

കളിലെ വൈസ് ചാൻസലറുമാരെ ക്ഷണിച്ചത്. മനോവികാസത്തിനൊപ്പം ശാരീരിക വികാസവും സാധ്യമാകുന്ന ഈ പദ്ധതിയെ അവരെല്ലാം മുക്തകണ്ഠം പ്രശംസിച്ചു. അവരും പണി നടക്കുന്ന സ്ഥലത്തേക്കിറങ്ങി. മണ്ണു നിറച്ചു വച്ചിരുന്ന ഒരു 'വീൽ ബാരോ' യിൽ പിടിച്ച് അവരും പങ്കുചേരുന്നതിന്റെ പ്രതീകാത്മകമായി കുറച്ചു ദൂരം തള്ളി. ആദ്യം തള്ളിയ വൈസ് ചാൻസലറാണ് പിൽക്കാലത്ത് ഇൻഡ്യയുടെ രാഷ്ട്രപതിയായ 'ഫിലോസഫർ സ്റ്റേറ്റ്സ്മാൻ' സർവ്വേപ്പള്ളി രാധാകൃഷ്ണൻ (അന്നുള്ള 16 വൈസ്ചാൻസലറുമാരും ഒന്നിനൊന്ന് മെച്ചപ്പെട്ടവരായിരുന്നു). യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഇന്നു കാണുന്ന പവിലിയൻ ജി.വി. രാജായുടെ 60-ാം പിറന്നാളിനു പണിതതാണ്. അത് ഉദ്ഘാടനം ചെയ്തത് കേരള ഗവർണർ വി.വി. ഗിരി ആയിരുന്നു. ആ അവസരത്തിൽ, അദ്ദേഹം ഇപ്രകാരം പറഞ്ഞു, "എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ഇപ്പോൾ ഇൻഡ്യക്ക് പുറത്ത് വിദേശ യാത്രയിലാണ് അതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. കാരണം അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ഇതിന് അദ്ദേഹത്തിന്റെ പേര് ഇടാൻ ഒരിക്കലും സമ്മതിക്കുകയില്ലായിരുന്നു." ഇവിടെ ഗീതയിലെ രണ്ടു വരികൾ ഓർത്തു പോവുകയാണ്. "അനാശ്രിത കർമ്മഫലം - കാര്യം കർമ്മ കരോതി യ:" (കർമ്മഫലത്തെ ആശ്രയിക്കാതെ കർത്തവ്യത്തെ ചെയ്തയാൾ) അതാണ് ജി.വി. രാജ.

വിംബിൾഡൺ, ഫ്രെഞ്ച് എന്നീ ടെന്നീസ് ഗ്രാൻസ്ലാം മത്സരങ്ങളിലെ വിജയികളായ വില്യം ടിൽഡെൻ (അമേരിക്ക), ഹെൻറി ക്രോഷെ (ഫ്രാൻസ്), എംബെർക്ക്, റാമില്ലൺ (ഇംഗ്ലണ്ട്) എന്നിവർ ഭാരതം സന്ദർശിക്കാൻ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ, ഓൾ ഇൻഡ്യ ടെന്നീസ് അസ്സോസിയേഷൻ ഭാരവാഹികളുമായി ബന്ധപ്പെടുകയും ഈ വിശിഷ്ട താരങ്ങളെ തിരുവനന്തപുരത്തേക്ക് ക്ഷണിക്കുകയും ചെയ്തു. ഇവർക്കു കളിക്കുവാൻ വേണ്ടി ഒരു ടെന്നീസ് കോർട്ട് പ്രത്യേകമായി തയ്യാറാക്കി. 1938 ജനുവരി 30-ാം തീയതി ടിൽഡെനും, ക്രോഷെയും, എംബെർക്കും, റാമില്ലണും ഒപ്പം ഇൻഡ്യയിലെ പ്രമുഖ താരങ്ങളായ ഗൗസ് മുഹമ്മദ്ദും, രാമറാവുവും തിരുവനന്തപുരം നഗരിയിൽ ഒരു ടെന്നീസ് വിരുന്നു തന്നെ കാഴ്ചവച്ചു. ഈ മത്സരങ്ങളെ തുടർന്നാണ് തിരുവനന്തപുരത്ത് ഒരു ടെന്നീസ് ക്ലബ്ബ് തുടങ്ങണമെന്ന ആഗ്രഹം ജി.വി. രാജായിൽ ഉണ്ടായതും ഫലവത്തായതും.

തിരുമേനിക്ക് (എല്ലാവരും ജി.വി. രാജായെ അങ്ങിനേയും വിളിച്ചിരുന്നു) ഇഷ്ടമുള്ള ഫുട്ട്ബാൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടി 1943-ൽ 'ട്രാവൻകൂർ ഫുട്ട്ബാൾ അസ്സോസിയേഷൻ' സ്ഥാപിച്ചു. പ്രസിഡന്റ് തിരുമേനി തന്നെ. പിന്നീട് ഈ സംഘടന 'തിരു - കൊച്ചി അസ്സോസിയേഷൻ' ആവുകയും, കേരളം രൂപീകൃതമായപ്പോൾ 'കേരള അസ്സോസിയേഷൻ ആവുകയും ചെയ്തു. 1966 വരെ തിരുമേനി പ്രസിഡന്റ് ആയിരുന്നു.

ഒരു ജനതയുടെ കായികവും മാനസികവുമായ വളർച്ചയ്ക്ക് കായിക വിനോദങ്ങൾക്ക് എത്ര മാത്രം പ്രാധാന്യമുണ്ടെന്ന് ജി.വി. രാജായ്ക്ക് കേരള സർക്കാരിനെ ബോധ്യപ്പെടുത്താൻ സാധിച്ചു. അതിന്റെ ഫലമായി സർക്കാർ മേൽനോട്ടത്തിൽ ഒരു 'സ്പോർട്സ് കൗൺസിൽ' രൂപീകൃതമായി. ഭാരതത്തിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു സംഘടന രൂപീകൃതമായത്. അതിന്റെ പ്രസിഡന്റായി തിരുമേനി തന്നെ ആയുഷ്കാലം തുടരുകയും ചെയ്തു.

'കേരള അക്വാട്ടിക്ക് അസ്സോസിയേഷൻ' സ്ഥാപിച്ചതും തിരുമേനി തന്നെ. ചീഫ് എഞ്ചിനീയർ ആയിരുന്ന വി.പി. നാരായണൻ നായരുടെ സഹായത്തോടെ, ബെർളിൻ ഒളിമ്പിക്സിൽ ഉണ്ടായിരുന്ന നീന്തൽകുളത്തിന്റെ അതേ അളവിലും മാതൃകയിലും ഒരു നീന്തൽ കുളം തിരുവനന്തപുരത്തും പണിതു. 1964-ലും 1968-ലും 'നാഷണൽ അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പ്' തിരുവനന്തപുരത്തു വച്ചു നടത്താൻ സാധിച്ചു.

ക്രിക്കറ്റിനോട് ഭ്രമമുണ്ടായിരുന്നതിനാൽ 'ട്രാവൻകൂർ ക്രിക്കറ്റ് അസ്സോസിയേഷൻ' സ്ഥാപിച്ചു. അത് പിന്നീട് 'കൊച്ചിൻ അസ്സോസിയേഷനും', 'കേരള അസ്സോസിയേഷനും' ആയി രൂപാന്തരപ്പെട്ടു. ഓൾ ഇൻഡ്യ ക്രിക്കറ്റ് ബോർഡ് വൈസ് പ്രസിഡന്റ് ആയും (ബി.സി.സി.ഐ.) കേരള ഒളിമ്പിക് അസ്സോസിയേഷന്റെ പ്രസിഡന്റ് ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ചെക്കൊസ്ലോവാക്യയിലെ 'തത്രാസ്' പർവത നിരകളിൽ, പ്രവർത്തിക്കുന്ന 'മൗണ്ടനീയറിങ്ങ്

ഇൻസ്റ്റിറ്റ്യൂട്ടിൽ' കയറുകൾ ഉപയോഗിച്ച് അവിടുത്തെ പർവത നിരകളിൽ കയറുവാൻ തിരുമേനിക്ക് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. കുട്ടിക്കാലം മുതൽ കിഴുക്കാം തൂക്കായ മലനിരകളിൽ വിനോദസഞ്ചാരങ്ങൾ നടത്തിയിരുന്നത് സഹായിച്ചിരിക്കാം. തിരിച്ചുവന്ന തിരുമേനിക്ക് ഇൻഡ്യയിലും ഒരു 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്' തുടങ്ങണമെന്ന ആഗ്രഹം ജനിച്ചു. എവറസ്റ്റ് കൊടുമുടി ആദ്യമായികീഴടക്കിയ മഹാനായ പർവതാരോഹകൻ ടെൻസിങ്ങ് നോർഗെയുമായി ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ ഉപദേശത്തോടും സഹായത്തോടും കൂടി ഡാർജിലിങ്ങിൽ ഒരു 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുകയും ചെയ്തു. പിന്നീട് 'കേരള മൗണ്ടെനീയറിങ്ങ് അസ്സോസിയേഷൻ' എന്നൊരു സ്ഥാപനം തുടങ്ങാനായി പരിശ്രമം. നേപ്പാളിൽ നിന്നും പർവതാരോഹണ വിദഗ്ധരെ ക്ഷണിച്ചുവരുത്തി നെയ്യാർ ഡാമിൽ സ്ഥാപിച്ച 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിനു' ഇവരുടെ സേവനം ലഭ്യമാക്കി. കേരള സ്പോർട്സ് കൗൺസിൽ വഴി, കേരള സർക്കാർ ഈ സ്ഥാപനത്തിനു ഗ്രാന്റും നൽകി.

കായിക വിനോദങ്ങളിൽ വിജയികളായവരെ ആദരിക്കാൻ ഒരു 'വിക്ടറി സ്റ്റാൻഡ്' കേരളത്തിൽ ആദ്യമായി ഏർപ്പെടുത്തിയത് തിരുമേനി ആയിരുന്നു.

ഇന്ന് തിരുവനന്തപുരം ഒരു 'അന്താരാഷ്ട്ര വിമാനത്താവളം' ആണെങ്കിൽ അതിന്റെ പിന്നിലെ ശക്തി തിരുമേനി ആയിരുന്നു. അവിടെ തിരുമേനിയുടെ വലിയ ഛായാചിത്രം വച്ച് ആദരിക്കപ്പെടുന്നു.

അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ തിരുവനന്തപുരത്ത് ഒരു ഫ്ളയിങ്ങ് ക്ലബ്ബ് ആരംഭിച്ചു. വിമാനം പറപ്പിക്കൽ പഠിക്കാനായി ബാംഗ്ലൂരിൽ നിന്നും 'പുഷ്പക്' എന്ന വിമാനവും വരുത്തി. ഫ്ളയിങ്ങ് ക്ലബ്ബിലെ പ്രഥമ വിദ്യാർഥിയും അദ്ദേഹം തന്നെ. 1967–ൽ തിരുമേനി 'ഏറോ ക്ലബ്ബ് ഓഫ് ഇൻഡ്യ' യുടെ പ്രസിഡന്റ് ആയി. ഫ്ളയിങ്ങിലും വിമാനത്താവളങ്ങളുടെ വികസനത്തിനും മറ്റും കാണിച്ചിരുന്ന താൽപര്യങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലമായി, 'ലൗസാനെ' (ഫ്രെഞ്ച് ഭാഷ സംസാരിക്കുന്ന സ്വിറ്റ്സെർലന്റിന്റെ ഭാഗം) ആസ്ഥാനമായുള്ള 'ഫെഡെറേഷൻ ഓഫ് ഏറോനോട്ടിക്കൽ ഇന്റർനാഷണലിൽ' (എഫ്.എ.ഐ) വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

ജി.വി. രാജാ എക്കാലത്തും നിർഭയനും, സാഹസികനുമായിരുന്നു. വിമാനത്തിൽ അതി സാഹസികമായ അഭ്യാസ പ്രകടനങ്ങൾ നടത്തുന്നതിൽ ലോക ചാമ്പ്യൻ ആയിരുന്ന, ചെക്കൊസ്ലൊവാക്യക്കാരൻ ക്യാപ്റ്റൻ വിസ്ക് അഭ്യാസ പ്രകടനത്തിനുപയോഗിക്കുന്ന 'ട്രെനർ മാസ്റ്റെർ സ്ലിൻ' എന്ന വിമാനവുമായി (എയ്റോബാറ്റിക്ക് എയർ ക്രാഫ്റ്റ്) തിരുവനന്തപുരത്തു വന്നു. അര മണിക്കൂർ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് (പലപ്പോഴും പേടിയും തോന്നും) മാത്രം ദർശിക്കാവുന്ന അദ്ദേഹത്തിന്റെ അഭ്യാസ പ്രകടനങ്ങൾക്കു ശേഷം വിമാനം നിലത്തിറക്കി. കാണികളുടെ ശ്വാസം ഒന്നു നേരെ വീഴാൻ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. വിസ്ക് തിരുമേനിയുടെ അടുക്കൽ ചെന്ന് "എന്താ പറക്കാൻ വരുന്നോ?" എന്നു ചോദിച്ചു. തിരുമേനിയുടേ ഉത്തരം "വൈ നോട്ട്?" സത്യത്തിൽ എല്ലാരും ഒന്നു ഞെട്ടി. തിരുമേനിക്ക് യാതൊരു കൂസലുമില്ല. ക്യാപ്റ്റൻ വിസ്ക് കൊടുത്ത, യുദ്ധവിമാനങ്ങൾ പറപ്പിക്കുന്ന വൈമാനികന്റെ വേഷത്തിൽ ക്യാപ്റ്റൻ വിസ്കിനോടൊപ്പം വിമാനത്തിൽ കയറി. വിമാനം പറന്നുയർന്നു. പിന്നങ്ങോട്ട് അഭ്യാസങ്ങളായിരുന്നു. കുത്തനെ പറന്നുയരുക, മലർന്നു പറക്കുക, കരിയില വീഴുന്നതു പോലെ താഴോട്ടു വീഴുക, ഉരുളുക എന്നിങ്ങനെ പല തരത്തിലുള്ള അഭ്യാസങ്ങൾ തിരുമേനിയേയും വച്ചുകൊണ്ട് ക്യാപ്റ്റൻ വിസ്ക് കാണിച്ചു. പത്തു മിനിറ്റ് കഴിഞ്ഞ് വിമാനം താഴത്തിറക്കി. തിരുമേനി യാതൊരു കൂസലും കൂടാതെ അവിടെ കൂടി നിന്നവരുടെ അടുത്തേക്ക് വന്ന്, "പറക്കുന്നതിനിടെ ക്യാപ്റ്റൻ വിസ്ക് എന്നോട് എങ്ങിനെയുണ്ട്? എന്നു ചോദിച്ചു. ഞാൻ ജീവനോടെ ഇരിക്കുന്നുണ്ടോ എന്നു അറിയാൻ ചോദിച്ചതായിരിക്കും" എന്ന് ചിരിച്ചുകൊണ്ട് തന്നെ പറഞ്ഞു. ഉരുളുകയും, മറിയുകയും, പൊടുന്നനെ താഴോട്ടു വീഴുകയും മറ്റും ചെയ്യുന്ന ഒരു വിമാനത്തിൽ ചെറുപ്പക്കാർക്കു പോലും പലപ്പോഴും വിഷമമായിരിക്കും. പേടിയോ പോകട്ടെ. തിരുമേനിക്ക് വയസ്സപ്പോൾ അറുപത് കഴിഞ്ഞിരുന്നുവെന്നു കൂടി ഓർക്കേണ്ടതുണ്ട്. ഈ സംഭവത്തിന്റെ ദൃക്സാക്ഷി

തന്നെയാണ് ഈ വരികൾ എഴുതുന്നത്. ഓർക്കുമ്പോൾ ഇപ്പോൾ പോലും ഒരു ഞെട്ടൽ.

ജി.വി. രാജായുടെ ജീവചരിത്രത്തിൽ മാത്രമല്ല, ഇൻഡ്യാ ചരിത്രത്തിലും, ലോക ചരിത്രത്തിൽ തന്നെയും രേഖപ്പെടുത്തി വയ്ക്കേണ്ട ഒരു സംഭവം ഡൽഹിയിൽ ഉണ്ടായി. എഫ്.എ.ഐ.യുടെ 63-ാം സമ്മേളനം ഡൽഹിയിൽ വച്ചു നടന്നു. ആ വാർഷികത്തിൽ വച്ച് ഇൻഡ്യ, റഷ്യൻ ശൂന്യാകാശ സഞ്ചാരികളേയും അമേരിക്കൻ ശൂന്യാകാശ സഞ്ചാരികളേയും ആദരിക്കണമെന്ന് വാദിച്ചു. (അക്കാലത്ത് അത് ഒരു അൽഭുത സംഗതി ആയിരുന്നല്ലൊ). 1970 നവംബറിൽ ആ അഗ്രഹം സഫലീകൃതമായി. അക്കാലത്ത് റഷ്യയും അമേരിക്കയും തമ്മിലുള്ള ശീതയുദ്ധം അതിന്റെ മൂർദ്ധന്യത്തിലായിരുന്നു. അതുകാരണം ഈ രണ്ടു കൂട്ടരേയും ഒരുമിച്ച് ആദരിക്കുക എന്നത് അസാധ്യം തന്നെയെന്ന് പലരും വാദിച്ചു. (അവരെല്ലാം ഉന്നത ഉദ്യോഗസ്ഥന്മാരും, ഡിപ്ലോമാറ്റുകളും മറ്റുമായിരുന്നു). എന്നാൽ തിരുമേനിയുടെ സുഹൃത്തായിരുന്ന അമേരിക്കൻ സ്ഥാനപതി ചെസ്റ്റർ ബൗൾസിന്റെ സഹായത്തോടെ രണ്ടു കൂട്ടരേയും ഒരുമിച്ചാദരിക്കുകയും ഒരുമിച്ച് ഒരു അത്താഴ വിരുന്ന് നൽകുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞ് തിരുമേനി റഷ്യ സന്ദർശിച്ചപ്പോൾ, ശൂന്യാകാശ സഞ്ചാരിയായ യൂറി ഗഗാറിനേയും, ശൂന്യാകാശ ഗവേഷണവുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും കാണുകയുണ്ടായി. ആ അവസരത്തിൽ, അവർ തിരുമേനിക്ക് സ്വർണ്ണത്തിൽ നിർമ്മിച്ച 'സ്പുടിനി'ക്കിന്റെ (റഷ്യൻ ശൂന്യാകാശ പേടകം) ഒരു മാതൃക നൽകുകയുണ്ടായി.

കായിക വിനോദ മേഖല കഴിഞ്ഞാൽ തിരുമേനി ശ്രദ്ധ കേന്ദ്രീകരിച്ചത്, വിനോദസഞ്ചാര മേഖലയിലേക്കാണ്. കേരളത്തെപ്പോലെ പ്രകൃതി രമണീയമായ ഒരു ഭൂപ്രദേശത്ത് അതിനുള്ള സാധ്യത ഏറെയുണ്ടെന്ന് അദ്ദേഹത്തിനു ബോധ്യമായിരുന്നു. അക്കാലത്ത് വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഒരു സംവിധാനം ഇല്ലാതിരുന്നതിനാൽ, അദ്ദേഹം തന്നെ മുൻകൈ എടുത്ത് 'കേരളാ ട്രാവൽസ്' എന്നൊരു സ്ഥാപനം ആരംഭിച്ചു. ക്രമേണ വിനോദസഞ്ചാരത്തിന്റെ പ്രാധാന്യം കേരള സർക്കാരിനു ബോധ്യപ്പെടുകയും, 'കേരള ടൂറിസം ആൻഡ് ഹാൻഡിക്രാഫ്റ്റ്സ് കോർപ്പറേഷൻ' എന്നൊരു സ്ഥാപനത്തിനു രൂപം നൽകുകയും, തിരുമേനിയെ തന്നെ അതിന്റെ പ്രസിഡന്റായി നിയമിക്കുകയും ചെയ്തു. ഇത്തരത്തിലൊരു സ്ഥാപനം ഭാരതത്തിൽ തന്നെ ഒന്നാമത്തേതായിരുന്നു.

10 കിലോമീറ്ററിൽ കൂടുതൽ ദൂരമുള്ള, ശംഖുമുഖത്തു നിന്നും കോവളം വരെ സമുദ്രത്തിൽ കൂടി ഒരു നീന്തൽ മത്സരം തിരുമേനി സംഘടിപ്പിച്ചിരുന്നു. അതിലെ പ്രത്യേകത അതിൽ തിരുമേനിയും പങ്കെടുത്തിരുന്നുവെന്നുള്ളതാണ്. ചാളത്തടി (കട്ടമരം) മത്സരവും നടത്തിയിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരത്തോടെ വേളിയിൽ ഒരു ബോട്ട്ക്ലബ്ബും നെയ്യാർ ഡാമിൽ വിനോദ സഞ്ചാര സൗകര്യങ്ങളും ശംഖുമുഖത്ത് റിക്രിയേഷൻ സൗകര്യങ്ങളും ഏർപ്പെടുത്തി.

ഭാരതത്തിലെ തന്നെ രണ്ടാമത്തെ ഗോൾഫ് ക്ലബ്ബ് എന്ന് വിശേഷിപ്പിക്കാവുന്ന ആ കായിക വിനോദ കേന്ദ്രം ഒരു നിർജ്ജീവാവസ്ഥയിലായിരുന്നു. തിരുമേനി അതിനെ പുനരുജ്ജീവിപ്പിക്കയും, ഇന്ന് വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

1971 ഏപ്രിൽ മാസം 30-ാം തീയതി, കുളു താഴ്‌വരയിലുണ്ടായ വിമാനാപകടത്തിൽ അദ്ദേഹം മൃതിയടഞ്ഞു. എവിടെ കിടന്നു മരിച്ചാലും 'സംസ്കാരം' പൂഞ്ഞാർ രാജകുടുംബം വകയായ കണ്ണോത്തു പറമ്പു ശ്മശാനത്തിലായിരിക്കണം എന്നദ്ദേഹം നിർദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയൻ പി.കെ.ആർ.വി. രാജാ അത് കൃത്യമായി തന്നെ നിർവഹിക്കുക്കയും ചെയ്തു.

**ജി.വി. രാജ - ഒറ്റ നോട്ടത്തിൽ**

സ്ഥാപക പ്രസിഡന്റ് - 1. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്. 2. കേരള ഫുട്ബാൾ അസ്സോസിയേഷൻ 3. സ്പോർട്സ് കൗൺസിൽ (ഇൻഡ്യയിൽ ആദ്യമായി) 4. കേരള മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് 5. കേരള അക്വാട്ടിക്ക് അസ്സോസിയേഷൻ 6. കേരള ഫ്ളൈയിങ്ങ് ക്ലബ്ബ് 7. കേരളാ ട്രാവൽസ് 8. ട്രിവാൻഡ്രം ബോട്ട് ക്ലബ്ബ് 9. ട്രാവങ്കൂർ - കൊച്ചിൻ ക്രിക്കറ്റ് അസ്സോസിയേഷൻ.

10. ഡയറക്ടർ - ബോർഡ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ- ട്രാവൻകൂർ യൂണിവേഴ്സിറ്റി.

11. കമാൻഡന്റ് - ലേബർ കോർ.

12. പ്രസിഡന്റ് - ആൾ ഇൻഡ്യ ടെന്നിസ് അസ്സോസിയേഷൻ

13. വൈസ് പ്രസിഡന്റ് - ബോർഡ് ഓഫ് കൺട്രോൾ ഫോർ ക്രിക്കറ്റ് ഇൻ ഇൻഡ്യ. (ബി.സി.സി.ഐ)

14. വൈസ് പ്രസിഡന്റ് - എയ്റോ ക്ലബ്ബ് ഓഫ് ഇൻഡ്യ.

15. വൈസ് പ്രസിഡന്റ് - ഫെഡറേഷൻ ഓഫ് ഏറോനാട്ടിക്കൽ ഇന്റർനാഷണൽ, ലൗസാനെ, സ്വിറ്റ്സർലൻഡ്

16. ഡാർജിലിങ്ങ് മൗണ്ടനിയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്' (ഹിമാലയം) ടെൻസിങ്ങ് നോർഗേയുടെ സഹായത്തോടെ സ്ഥാപിച്ചു.

18. പ്രസിഡന്റ് - ടൂറിസം കൗൺസിൽ - കേരള

## ശ്രീ ചിത്തിര തിരുനാൾ

കിളിമാനൂർ കൊട്ടാരത്തിൽ പരമ സാത്വികനും സംസ്കൃത പണ്ഡിതനും ബി.എ. ഗ്രാഡുവേറ്റുമായ രവിവർമ്മ കൊച്ചുകോയിത്തമ്പുരാന്റേയും മൂലംതിരുനാൾ ജൂനിയർ റാണി സേതു പാർവതി ഭായിയുടേയും സീമന്ത പുത്രനായി ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുവനന്തപുരം കോട്ടയ്ക്കകത്ത് തേവാരത്തു കോയിക്കൽ 1912 നവംബർ 7-ന് ഭൂജാതനായി.

പ്രാഥമിക വിദ്യാഭ്യാസവും, ഉപരിപഠനങ്ങളുമെല്ലാം ദേശീയവും വിദേശീയവുമായ പ്രഗൽഭരായ അധ്യാപകരുടേ ശിക്ഷണത്തിലായിരുന്നു. 1929-30 കളിൽ ഭരണ പരിചയം നേടുവാനായി അന്ന് ഇൻഡ്യയിലെ ഭരണ നിപുണന്മാരിൽ അഗ്രഗണ്യനെന്ന് പ്രസിദ്ധനായിരുന്ന പി.സി. ദത്ത് ഐ.സി.എസ്സ്-ന്റെ ശിക്ഷണത്തിൽ ഒരു വർഷം മൈസൂറിൽ ഭരണപഠനം നടത്തുകയുണ്ടായി. അക്കാലത്ത് ഇൻഡ്യയിലെ 'മോഡൽ സ്റ്റേറ്റ്' മൈസൂറായിരുന്നു.

1924-ൽ ശ്രീമൂലം തിരുനാൾ നാടു നീങ്ങിയപ്പോൾ, ശ്രീ ചിത്തിരതിരുനാളിന് രാജ്യഭാരം ഏൽക്കുവാനുള്ള പ്രായപൂർത്തി ആയിരുന്നില്ല. അതു കാരണം 1924 മുതൽ 1931 വരെ, അദ്ദേഹത്തിന്റെ വല്ല്യമ്മ സീനിയർ റാണി പൂരാടം തിരുനാൾ സേതു ലക്ഷ്മീ ഭായി 'റീജെന്റ്' ആയി തിരുവിതാംകൂർ രാജ്യം ഭരിച്ചു. 1931 നവംബർ 6-ാം തീയതി, ശ്രീ ചിത്തിര തിരുനാൾ രാജ്യഭാരമേറ്റു.

ഒരു രാജ്യത്തിന്റെ രാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി എന്തു ചെയ്തു എന്ന കാര്യങ്ങളേക്കാൾ ആദ്യമായി ശ്രീ ചിത്തിരതിരുനാൾ എന്ന മനുഷ്യനെ, വ്യക്തിയെ ഒന്നു പരിചയപ്പെടുത്തട്ടെ.

ശ്രീ ചിത്തിരതിരുനാൾ ഒരു മഹാരാജാവാണ്, സമ്പന്നനാണ്. എന്നാൽ ഒരു മാലയോ മോതിരമോ മറ്റ് ആടയാഭരണങ്ങളോ ഒന്നും അണിഞ്ഞ് അദ്ദേഹത്തെ കാണാൻ സാധിക്കുമായിരുന്നില്ല. മതപരമായതോ, രാഷ്ട്രീയമായി ബന്ധപ്പെട്ടതോ ആയ ചടങ്ങുകളിൽ, അവയ്ക്ക് വിധിച്ചിട്ടുള്ള വേഷവിധാനങ്ങൾ ആ അവസരത്തിൽ മാത്രം ധരിക്കും അത്രതന്നെ. പിന്നെ ഒരു മഹാരാജാവായ അദ്ദേഹത്തിനു എന്തെങ്കിലും ആഡംബരം ഉണ്ടെന്ന് പറയണമെന്നത് നിർബന്ധമാണെങ്കിൽ, അത് രാവിലേയും വൈകുന്നേരവും ഓരോ അലക്കിയ മുണ്ടും ഓരോ കൗപീനവും വേണമെന്ന നിർബന്ധം മാത്രമായിരുന്നു. അതിനു കാരണം രാവിലേയും വൈകുന്നേരവും അദ്ദേഹത്തിനു കുളിയും ജപവും പൂജയും ഉണ്ടായിരുന്നതു കൊണ്ടാണ്.

തിരുവിതാംകൂർ രാജകുടുംബത്തിന്റെ 'കുലദൈവം' ശ്രീ പദ്മനാഭ സ്വാമി ആണ്. ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ചരിത്രം പഠിക്കുന്ന ഒരാളെ വിസ്മയിപ്പിക്കുന്നത് ആ ക്ഷേത്രവും തിരുവിതാംകൂർ രാജകുടുംബവുമായുള്ള അഭേദ്യമായ ബന്ധമാണ്. സഹസ്രാബ്ദങ്ങൾക്കു മുൻപു മുതൽ, എ.ഡി. 2014 വരെ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രമില്ലെങ്കിൽ തിരുവിതാംകൂർ രാജകുടുംബമില്ല, തിരുവിതാംകൂർ രാജകുടുംബമില്ലെങ്കിൽ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രവും ഇല്ലാതാവുമോ എന്നു തോന്നിക്കുമാറുള്ള ബന്ധമായിരുന്നു അത്. കൊല്ലവർഷം 925 മകരം 5-ാം തീയതി/എ.ഡി. 1750 ജനുവരി 17-ാം തീയതി, അനിഴംതിരുനാൾ മാർത്താണ്ഡ വർമ്മ 'തൃപ്പടി ദാനത്തിൽ' കൂടി തിരുവിതാംകൂർ രാജ്യം ശ്രീ പദ്മനാഭനു സമർപ്പിച്ചു. അന്നുമുതൽ ശ്രീ പദ്മനാഭസ്വാമി തിരുവിതാംകൂറിന്റെ യഥാർഥ രാജാവായി. തിരുവിതാംകൂർ രാജാവ് എന്ന് ജനങ്ങൾ വിളിക്കുന്ന മനുഷ്യൻ ശ്രീ

പദ്മനാഭസ്വാമിയുടെ രാജ്യം ഭരിക്കുന്ന ഒരു 'ദാസൻ' മാത്രം. അന്നുമുതൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ 'ശ്രീ പദ്മനാഭ ദാസന്മാർ' ആയി.

ചേര രാജവംശജനും, ശ്രീ ചിത്തിര തിരുനാളിന്റെ പൂർവ്വികനുമായിരുന്ന 'കുലശേര ആൾവാറെ'പ്പോലെ ശ്രീ പദ്മനാഭ ഭക്തിയിൽ ആണ്ടുകിടന്ന ഒരു ജീവിതമായിരുന്നു ശ്രീ ചിത്തിര തിരുനാളിന്റേതും. മഹാരാജാവ് ശ്രീ പദ്മനാഭ ദർശനം എന്നും രാവിലെ കൃത്യ സമയത്തു തന്നെ നടത്തിയിരുന്നു. അതിനു മുടക്കം വരുന്നത് യാത്രാ വേളകളിലോ, ദേഹാസ്വാസ്ഥ്യം ഉള്ള അവസരങ്ങളിലോ മാത്രമായിരിക്കും. ഇത് ഒരു ആദ്ധ്യാത്മിക വശം. ഈ ദർശനത്തിനു ഒരു ഭൗതിക, രാഷ്ട്രീയ വശം കൂടിയുണ്ട്. തിരുവിതാംകൂർ മഹാരാജാവ് ശ്രീ പദ്മനാഭ സ്വാമിയുടെരാജ്യം ഭരിക്കുന്ന ദാസനാണ്. എന്നും ഭഗവാന്റെ മുൻപിൽ കാര്യങ്ങൾ സമർപ്പിച്ചിരിക്കണം. രാജ്യത്തിന്റേയും ജനങ്ങളുടേയും സുഖവും ദുഃഖവും അവിടെ അറിയിച്ചിരിക്കണം. എന്താണു ചെയ്യേണ്ടതെന്ന് കാണിച്ചുതരാൻ പ്രാർഥിക്കണം. ശ്രീ പദ്മനാഭ ദർശനം മുടങ്ങിയാൽ പിഴ ഒടുക്കി പ്രായശ്ചിത്തം ചെയ്യണം. കടുകിട വ്യതാസമില്ലാതെ തിരുവിതാംകൂർ രാജാക്കന്മാർ അതു ചെയ്യുമായിരുന്നു. ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഒരു മാതൃക മഹാരാജാവിന്റെ തേവാരമായിരുന്നു. അവിടെയായിരുന്നു നിത്യപൂജകൾ അദ്ദേഹം നടത്തിയിരുന്നത്. നാടു നീങ്ങിയതിനു ശേഷം ആ തേവാരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിനകത്തു വച്ച് നിത്യ പൂജാദികർമ്മങ്ങൾ നടത്തിപ്പോരുന്നു.

വേഷവിധാനം ഒരു മുണ്ടും ഒരു വെള്ള ഷർട്ടുമായിരുന്നു. പലപ്പോഴും കറാൽക്കടയിൽ നിന്നുള്ള ഒരു തോർത്തും അരയിൽ ചുറ്റിയിരുന്നു. പിൽക്കാലത്ത് ഭാഗിനേയർ വിദേശത്തു നിന്നും 'അമ്മാവനു' വേണ്ടി കൊണ്ടുവന്നിരുന്ന ഉടുപ്പുകളും ഉപയോഗിക്കുമായിരുന്നു. തികഞ്ഞ സസ്യഭുക്കാണ്. വളരെ ലളിതമായ ആഹാരം. കാപ്പി, ചായ എന്നിവയോട് ഭ്രമമില്ല. പാൽ, ഹോർലിക്സ്. ഓവൽറ്റിൻ മുതലായവയായിരുന്നു കൂടുതൽ ഇഷ്ടം. ലഹരി പദാർഥങ്ങൾ ഒന്നുംതന്നെ ഉപയോഗിച്ചിരുന്നില്ല. ഉച്ചഭക്ഷണം കഴിഞ്ഞാൽ മുകളിൽ അദ്ദേഹത്തിന്റെ മുറിയുടെ അടുത്തുള്ള ഒരു വരാന്തയിൽ ഒരു മടക്കുകട്ടിലിൽ വിരിച്ചിട്ടുള്ള ഒരു മെത്തപ്പായയിൽ കുറച്ചു സമയം വിശ്രമിക്കാറുണ്ടായിരുന്നു.

മറ്റൊരു കാര്യം ഓർമ്മയിൽ വരുന്നത് അദ്ദേഹം സന്ദർശകരെ സ്വീകരിക്കുന്ന രീതിയാണ്. മഹാരാജാ പദവി ഉണ്ടായിരുന്നപ്പോഴും അത് നഷ്ടപ്പെട്ട് സാധാരണ പൗരൻ ആയപ്പോഴും സന്ദർശകരെ സ്വീകരിക്കുന്ന പതിവിനു മാറ്റമുണ്ടായിരുന്നില്ല. സന്ദർശകരിൽ പല മേഖലകളിലും നിന്നുള്ള ആളുകൾ ഉണ്ടാവും. അവരെ അവരുടെ സ്ഥാനമാനങ്ങൾക്കനുസരിച്ച് സ്വീകരിക്കേണ്ടതും മര്യാദ ആണല്ലൊ, കടമയാണല്ലൊ. പ്രധാനികളായ സന്ദർശകരെ കാണുവാനുള്ള മുറിയിലേക്ക് ആനയിച്ചു കഴിഞ്ഞാൽ, മഹാരാജാവ് അവർക്ക് ഇരിപ്പിടം നൽകും. അവർ ഇരുന്നു കഴിഞ്ഞിട്ടേ മഹാരാജാവ് ഇരിക്കുകയുള്ളു. അവർ ഇരുന്നില്ലെങ്കിൽ മഹാരാജാവും നിന്നുകൊണ്ടു തന്നെ സന്ദർശനം നടത്തും. സാധാരണ സന്ദർശകർ അദ്ദേഹത്തിന്റെ മുൻപിൽ ഇരിക്കുക പതിവില്ലായിരുന്നു. അദ്ദേഹവും അവരോട് നിന്നുകൊണ്ട് തന്നെ സംസാരിക്കുന്നു.

ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ, കുതിര സവാരി എന്നിവ ഇഷ്ടമുള്ളവയായിരുന്നു. ഉന്നം പിഴയ്ക്കാതെ റൈഫിൾ ഷൂട്ടിങ്ങിലും വൈദഗ്ധ്യം നേടിയിരുന്നു. സ്റ്റിൽ ഫോട്ടോഗ്രാഫിയിലും, സിനിമറ്റോഗ്രാഫിയിലും നല്ല ചിത്രങ്ങൾ എടുക്കുമായിരുന്നു. കുടുംബ വിശേഷങ്ങൾ, യാത്രകൾ എന്നിവയുടെയെല്ലാം സിനിമകൾ 16 എം.എം. സിനിക്യാമറയിൽ പകർത്തിയിരുന്നു.

'ചേരമുടി' (ചേര രാജവംശത്തിന്റെ കിരീടം) കൊണ്ട് കിരീട ധാരണം നടത്തി 'കുലശേര പ്പെരുമാൾ പട്ടം' കെട്ടുന്നത് വളരെ ശ്രേഷ്ഠമായ ഒരു ബഹുമതിയായി കരുതിയിരുന്നു. 1936–ൽ ഐതിഹാസികമായ 'ക്ഷേത്രപ്രവേശന വിളംബരം' പ്രഖ്യാപിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ പല അഭ്യുദയകാംക്ഷികളും 'കുലശേരപ്പട്ടം' കെട്ടുവാൻ അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ അതിനു ഭീമമായ ഒരു തുക വേണ്ടിവരുമെന്ന് കണ്ടിട്ട്, ആ തുക രാജ്യനന്മയ്ക്കും ജനനന്മയ്ക്കും ഉപയോഗിക്കുകയായിരിക്കും നല്ലതെന്ന് പറഞ്ഞ് ആ പട്ടം ഉപേക്ഷിക്കുകയാണുണ്ടായത്.

നാലു വയസ്സു മാത്രം പ്രായമുള്ള സേതു പാർവതിയെ തിരുവിതാംകൂർ രാജകുടുംബത്തി ലേക്ക് ദത്തെടുത്തപ്പോൾ, കൂടെ പരിചാരികയായി നാരായണി (നാണി എന്നു വിളിച്ചിരുന്നു) എന്നൊരു പെൺകുട്ടിയേയും കൂടി മാവേലിക്കരയിൽ നിന്നും കൊണ്ടുപോയിരുന്നു. കാലം കടന്നുപോയി. മഹാറാണിയുടെ ഷ്ഷ്ടിപൂർത്തി കഴിഞ്ഞ് ഗംഗാ സ്നാനത്തിനു കാശിക്കു പോയി. നാരായണിക്കും കാശിക്കു പോകാൻ ആഗ്രഹം. കൂടെ കൊണ്ടു പോയി. മഹാറാണിയെ ചിത്തിര തിരുനാൾ കൈപിടിച്ച് ഗംഗയിൽ ഇറക്കി സ്നാനം ചെയ്യിച്ചു.

വന്ദ്യവയോധികയായ നാരായണിക്കു ഗംഗ യിൽ സ്നാനം ചെയ്യണമെന്ന ആഗ്രഹം. എന്നാൾ ശരീര ശേഷിയില്ലാത്തതിനാൽ തനിയെ ഇറങ്ങാൻ ഭയം. ചിത്തിരതിരുനാളിനു ഈ അവസ്ഥ മനസ്സി ലായി. പിന്നെ സംശയമുണ്ടായില്ല. നേരെ പടി കയറി ചെന്ന് നാരായണിയുടേ കൈകൾ പിടിച്ച് പതുക്കെ ഗംഗയിലേക്ക് ഇറക്കി, മാതൃസ്നാനം ചെയ്യിച്ചതു പോലെ തന്നെ സ്നാനം ചെയ്യിച്ചു. അതാണ് ആ മനുഷ്യൻ.

ചിത്തിരതിരുനാളിന്റെ അനുജൻ ഉത്രാടം തിരുനാൾ മാർത്താണ്ഡ വർമ്മയ്ക്ക് വയസ്സ് 12. അദ്ദേഹത്തിന്റെ പരിചാരകനായി നാരായണൻ എന്നൊരു സഹായി ഉണ്ടായിരുന്നു. ഒരു ദിവസം എന്തോ ദേഷ്യം വന്നിട്ട് ഉത്രാടം തിരുനാൾ നാരായ ണനെ അടിച്ചു. ചിത്തിരതിരുനാൾ സ്വസ്ഥനായി രിക്കുന്ന സമയം നോക്കി, നാരായണൻ ചെന്ന് "കൊച്ചു തമ്പുരാന്റെ പോക്ക് അത്ര ശരിയല്ല" എന്ന് പറഞ്ഞു. ചിത്തിരതിരുനാൾ കാര്യം അന്വേ ഷിച്ചപ്പോൾ നാരായണൻ എല്ലാം പറഞ്ഞു. നാരാ യണനോട് പൊയ്ക്കൊള്ളാൻ പറഞ്ഞിട്ട് അദ്ദേഹം പാലസ്സ് സെക്രട്ടറിയെ വിളിച്ചു. എന്നിട്ട് അന്ന് കൊട്ടാരത്തിൽ ഡ്യൂട്ടിയിലുള്ളവരെയെല്ലാം പടി ഞ്ഞാറു വശത്ത് വിശാലമായ മുറ്റത്തു കൂടുവാൻ പറഞ്ഞു. അവർ വന്നു കഴിഞ്ഞപ്പോൾ മഹാ രാജാവും അനുജനും കൂടി അവിടേക്ക് ചെന്നു. നാരായണനോട് മുൻപോട്ട് വരാൻ പറഞ്ഞു. എന്നിട്ട് അനുജനോട് നാരായണന്റെ അടുക്കൽ ചെന്ന് എല്ലാവരും കേൾക്കെ മാപ്പ് പറയാൻ പറഞ്ഞു. അക്കാലത്ത് കൊട്ടാരത്തിൽ 300-ഓളം ജീവനക്കാർ ഉണ്ടായിരുന്നു. മാപ്പു പറഞ്ഞു. കൂടി നിന്നവർക്ക് അവരെ വിളിച്ചതെന്തിനാണെന്ന് അപ്പോഴാണ് മനസ്സിലായത്. അതായിരുന്നു ചിത്തിര തിരുനാളിന്റെ നീതിബോധം. (ഇന്നത്തെ ഒരു മന്ത്രിയുടെയൊ, എം.എൽ.എ.യുടേയൊ ഒരു അനുജനോ, മകനോ ആയിരുന്നു ഇതുപോലെ ചെയ്തിരുന്നതെങ്കിൽ എന്താകുമായിരുന്നുവെന്ന് അറിയാതെ ചിന്തിച്ചു പോയി).

ഇനി, ശ്രീ ചിത്തിരതിരുനാൾ രാജ്യത്തിനും (തിരുവിതാംകൂർ) ജനങ്ങൾക്കും വേണ്ടി എന്തു ചെയ്തു എന്നു പരിശോധിക്കാം.

1) ക്ഷേത്ര പ്രവേശന വിളംബരം (ഇൻഡ്യയിൽ ആദ്യം) 2). ജനശബ്ദം കൂടുതൽ ഫലവത്തായി സർക്കാർ തലത്തിലെത്തുവാൻ 'ടാവൻകൂർ ലെജിസ്ലേച്ചർ' പുനസംഘടിപ്പിച്ചു. 3). വധശിക്ഷ നിറുത്തലാക്കി (ഏഷ്യയിൽ തന്നെ ആദ്യമായി). 4. പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കി (ഇൻഡ്യയിൽ ആദ്യം) 5). സൈന്യത്തിലേക്ക് ജാതിമത ഭേദമന്യെ 'റിക്രൂട്ട് ചെയ്തു (നേരത്തെ നായർ വിഭാഗം മാത്രമായിരുന്നു). 6) 1934-ൽ അനാഥ സംരക്ഷണത്തിനായി 'ശ്രീ ചിത്തിര പൂവർഹോം' സ്ഥാപിച്ചു. 7) 26-11-1941-ൽ, നിർധ നർക്ക് ധനസഹായം നൽകാൻ 'വഞ്ചി പൂവർ ഫണ്ട്' സ്ഥാപിച്ചു. 8) 1-11-1937-ൽ - 'ട്രാവൻകൂർ യൂണിവേഴ്സിറ്റി' (ഇപ്പോൾ - കേരള യൂണി വേഴ്സിറ്റി) സ്ഥാപിച്ചു. 9) ജനങ്ങളുടേ യാത്രാ സൗകര്യങ്ങൾക്കായി - 'സ്റ്റേറ്റ് ട്രാസ്പോർട്ട് ഡിപ്പാർട്ട്മെന്റ്' (ഇപ്പോൾ കെ.എസ്സ്.ആർ.ടി.സി.) സ്ഥാപിച്ചു. 10). തിരുവനന്തപുരത്ത് റേഡിയോ നിലയം (ഇപ്പോൾ അവിടെ - ആൾ ഇൻഡ്യ റേഡിയൊ.) സ്ഥാപിച്ചു. 11) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവങ്കൂർ (ഇപ്പോൾ എസ്സ്.ബി.ഐ.) സ്ഥാപിച്ചു. 12). എഞ്ചിനീയറിങ്ങ് കോളേജ് - കേരളത്തിൽ ആദ്യം 13). പബ്ലിക്ക് സർവീസ് കമ്മീഷൻ 14) കർഷകരെ സഹായിക്കാൻ 'ലാൻഡ് മോട്ഗേജ് ബാങ്ക്' 15) സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ്. 16) പള്ളിവാസൽ ജല വൈദ്യുത പദ്ധതി കമ്മീ ഷൻ ചെയ്തു. 17) പബ്ലിക്ക് ഹെൽത്ത് ലാബോ റട്ടറി. 18) പെരിയാർ വന്യമൃഗ സങ്കേതം 19) കന്യാകുമാരി - തിരുവനന്തപുരം റോഡ് സിമന്റ് ചെയ്തു (ഇൻഡ്യയിൽ ആദ്യം) 20) കുട്ടികൾക്കു മാത്രമായി 'എസ്സ്.എ.റ്റി' ആശുപത്രി സ്ഥാപിച്ചു. 21) പിന്നോക്കാവസ്ഥയിലായിരുന്ന തെക്കൻ തിരുവിതാംകൂറിൽ (ഇപ്പോൾ കന്യാകുമാരി ജില്ല)

പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതമാക്കി. 22) സ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തി.

വ്യവസായ രംഗത്ത്:- 1) ട്രിവാൻഡ്രം റബ്ബർ വർക്സ് 2) കുണ്ടറ കളിമൺ ഫാക്ടറി 3). എഫ്. എ.സി.റ്റി. ആലുവ 4) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് 5) സൗത്ത് ഇൻഡ്യൻ റബ്ബർ വർക്സ് 6) ശ്രീചിത്ര മിൽസ് 7) അലുമിനിയം ഫാക്ടറി - ആലുവ. 8) ട്രാവൻകൂർ ഒഗെയിൽ ഗ്ലാസ്സ് ഫാക്ടറി, കുണ്ടറ 9) അലുമിനിയം ഫാക്ടറി, കുണ്ടറ. 10) പുനലൂർ പേപ്പർ മിൽസ് 11) വിജയമോഹിനി മിൽസ്, തിരുവനന്തപുരം 12) ടൈറ്റാനിയം ഫാക്ടറി, തിരുവനന്തപുരം (ഏഷ്യയിൽ ആദ്യത്തേത്) 13) സിമന്റ് ഫാക്ടറി, കോട്ടയം - ഇൻഡ്യയിൽ ആദ്യം 14. ട്രാവൻകൂർ റയോൺസ്, പെരുമ്പാവൂർ 15) ബാലരാമവർമ്മ ടെക്സ്റ്റൈൽസ്, ചെങ്കോട്ട 16) പെൻസിൽ ഫാക്ടറി, കൊല്ലം 17) വഞ്ചിനാട് ഹൗസ് ആൻഡ് ഇൻഡസ്ട്രീസ്, പെരുമ്പാവൂർ. 18) ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ആലുവ. 19) പ്ലൈവുഡ് ഫാക്ടറി, പുനലൂർ.

സാംസ്കാരികം - 1) ചിത്രാലയം (പ്രസിദ്ധ ചിത്രകാരന്മാർ വരച്ച ചിത്രങ്ങൾ) 2) സ്വാതി തിരുനാൾ സംഗീത വിദ്യാലയം 3) കേരള എംപോറിയം (കേരളത്തിൽ നിർമ്മിച്ച കരകൗശല വ സ്തുക്കൾ - വിദേശീയരെ ആകർഷിക്കാൻ) 4) ഗുരു ഗോപിനാഥന് നൃത്താലായം സ്ഥാപിക്കാനുള്ള സഹായങ്ങൾ

ഒരു സാധാരണ മനുഷ്യന്റെ സംഭാവന- ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെന്റർ.

പൂവണിയാതെ പോയ സ്വപ്നങ്ങൾ:- 1) മെഡിക്കൽ യൂണിവേഴ്സിറ്റി 2) മെന്റൽ ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞ് പുറത്തു വരുന്നവർക്ക് ആവശ്യമെങ്കിൽ സംരക്ഷണം നൽകാനുള്ള ഒരു കേന്ദ്രം.

ട്രസ്റ്റുകൾ;- 1) ചികിത്സകൾക്ക് സഹായം നൽകാൻ വേണ്ടി 2) കുട്ടികൾക്ക് പഠിക്കുവാൻ വേണ്ട സഹായം നൽകുവാൻ 3) ശ്രീ പദ്മനാഭ സ്വാമി ടെമ്പിൾ ട്രസ്റ്റ് - രാജകുടുംബം പരമ്പരാഗതമായി ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നടത്തിക്കൊണ്ടിരുന്ന കടമകളും വഴിപാടുകളും തുടർന്നു നടത്താൻ വേണ്ടി. 4) നവരാത്രി ട്രസ്റ്റ് 5) അരിയിട്ടു വാഴ്ച ട്രസ്റ്റ് (ആറ്റിങ്ങൽ ക്ഷേത്രത്തിൽ വച്ചു നടത്തുന്ന ചടങ്ങിനു വേണ്ടി) 6) വലിയ കൊട്ടാരം ട്രസ്റ്റ് - വലിയ കൊട്ടാരത്തിലെ തേവാരം, സർപ്പക്കാവ് ഇവയുടെ സംരക്ഷണത്തിനും പൂജാദി കർമ്മങ്ങൾക്കും.

രാജ്യത്തിനും ജനങ്ങൾക്കും നന്മ നൽകിയ ഈ രണ്ടു മനുഷ്യ ജീവിതങ്ങൾ. ഇവർ കേരളത്തിനു നൽകിയ സംഭാവനകൾ മറക്കാനാകുമോ? നമസ്കരിക്കുന്നു ഇരുവരെയും... ●

## പുസ്തക പ്രകാശനം




തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ വൈസ് പ്രസിഡന്റ് അഞ്ചേരി 'കല്പക' ത്തിൽ എ.കെ. കേരളവർമ്മ രചിച്ച 'വഴിവിളക്കുകൾ' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്തു. സെപ്റ്റംബർ 14 ന് കേരള സാഹിത്യ അക്കാദമിയിലെ ചങ്ങമ്പുഴ മന്ദിരത്തിൽ നടന്ന ചടങ്ങിൽ കവിയും സാഹിത്യ അക്കാദമി സെക്രട്ടറിയുമായ ഡോ. സി. രാവുണ്ണി ആദ്യപ്രതി തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് ഡോ. പി.സി. സുധീരനു നൽകിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തൃശ്ശൂർ ശാഖയിൽ നിന്ന് വിരമിച്ച എ.കെ. കേരളവർമ്മ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ പലപ്പോഴായി രചിച്ച കവിതകളുടെ സമാഹാരമാണ് ഈ പുസ്തകം.



# എത്ര സ്വരങ്ങളിൽ എത്ര രാഗങ്ങളിൽ



**ടി.പി. ശാസ്തമംഗലം**
തിരുവനന്തപുരം, മൊ. 9447097870

*(എൺപത് ദശാബ്ദങ്ങൾ പിന്നിട്ട് ജീവിതയാത്ര തുടരുന്ന കെ.എൽ. ശ്രീകൃഷ്ണദാസിന്റെ ഗാനരചനാ രംഗത്തെ സംഭാവനകളെ പ്രശസ്ത ഗാനനിരൂപകനായ ടി.പി. ശാസ്തമംഗലം വിലയിരുത്തുന്നു.)*

**ചേ**ർത്തലയിലെ ചെങ്ങണ്ട എന്ന കൊച്ചു ഗ്രാമം ഒരുകാര്യത്തിൽ പ്രശസ്തമാണ്. കവിയും ഗാനരചയിതാവുമായ വയലാർ രാമവർമ്മയുടെ ഭാര്യാഗൃഹമായ പുത്തൻകോവിലകം അവിടെയാണ് എന്നതത്രേ അതിനു കാരണം. ആ കോവിലകത്തിന്റെ വിശാലമായ പറമ്പും തൊട്ടടുത്തുള്ള വേട്ടയ്ക്കൊരു മകൻ ക്ഷേത്രമൈതാനവുമൊക്കെ തങ്ങളുടെ ഇഷ്ടകേന്ദ്രങ്ങളാക്കി മാറ്റിയ ഏതാനും കുട്ടികൾ 1960കളിൽ അവിടെയൊക്കെ അല്ലറചില്ലറ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുക പതിവായി മാറി. അവർ ബാലസമാജം രൂപീകരിക്കുകയും 'പൂമൊട്ടുകൾ' എന്ന പേരിൽ ഒരു കൈയെഴുത്തു മാസിക നടത്തുകയും ചെയ്തിരുന്നു. പില്ക്കാലത്ത് പ്രശസ്ത നോവലിസ്റ്റായി മാറിയ കെ.എൽ. മോഹനവർമ്മ, നടനായിത്തീർന്ന ജഗന്നാഥവർമ്മ എന്നിവരൊക്കെയായിരുന്നു ആ ബാലസമാജത്തിലെ മുതിർന്ന അംഗങ്ങളും മാർഗ്ഗദർശികളും.

കുട്ടികൾ പ്രായമായപ്പോൾ ക്ഷത്രിയ ക്ഷേമസഭ എന്ന സാമുദായിക-സാംസ്ക്കാരിക സംഘടനയുടെ കരപ്പുറം (ചേർത്തല) യൂണിറ്റിന്റെ യുവജന വിഭാഗമായി ആ കൂട്ടായ്മ മാറി. എല്ലാ മദ്ധ്യവേനൽ അവധിക്കാലത്തും കോവിലകത്തു പന്തലിട്ട് വാർഷികാഘോഷം സംഘടിപ്പിക്കുക ഒരു കീഴ്വഴക്കമായിത്തീർന്നു. അതിന്റെ ഭാഗമെന്നോണം ഏരൂർ വാസുദേവിന്റെ 'ജീവിതം അവസാനിക്കുന്നില്ല' 'ഈ ചിലമ്പൊലി അവസാനിക്കാതിരിക്കട്ടെ', എൻ.പി. ചെല്ലപ്പൻ നായരുടെ 'ഇബിലീസുകളുടെ നാട്ടിൽ', ശ്രീമന്ദിരം കെ.പിയുടെ 'ഓണമുണ്ടും ഓടക്കുഴലും' എന്നീ പ്രശസ്ത നാടകങ്ങൾ അവർ അരങ്ങേറിക്കഴിഞ്ഞിരുന്നു. ആ നാടകങ്ങളിലെ പാട്ടുകളാകട്ടെ അവർക്കേവർക്കും പ്രിയങ്കരനായ കുട്ടൻചേട്ടൻ (വയലാർ രാമവർമ്മയുടെ വിളിപ്പേര്) മറ്റു ചില നാടകങ്ങൾക്കു വേണ്ടി എഴുതിയവ അദ്ദേഹത്തിന്റെ അനുമതിയോടെ പ്രയോജനപ്പെടുത്തുകയായിരുന്നു.



*ശ്രീകൃഷ്ണദാസ് ഭാര്യ ഗിരിജയോടൊപ്പം*

അദ്ധ്യാപകനും പ്രഭാഷകനും സംഗീതജ്ഞനും മികച്ച സംഘാടകനുമൊക്കെ ആയിരുന്ന എൻ. ഉദയവർമ്മയായിരുന്നു ഈ നാടകങ്ങളെല്ലാം സംവിധാനം ചെയ്തത്. ഒരിക്കൽ അവർ രംഗത്ത് അവതരിപ്പിക്കാൻ തിരഞ്ഞെടുത്തത് കെ. പത്മനാഭൻ നായരുടെ 'സന്ധ്യക്കൊരു സൂര്യോദയം' എന്ന നാടകമായിരുന്നു. ആ നാടകത്തിനു വേണ്ട ഗാനങ്ങൾക്കായി വയലാർ രാമവർമ്മയെ കാണാൻ അദ്ദേഹത്തിന്റെ ബന്ധുക്കളായ കെ.എൽ. ശ്രീകൃഷ്ണദാസും എൻ. ഉദയവർമ്മയും അധികം താമ

സിയാതെ രാഘവപ്പറമ്പു കോവിലകത്തു ചെന്നു. വയലാറാകട്ടെ മദിരാശിയിലേക്കു പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. അക്കാലത്ത് മലയാള സിനിമയുടെ ഈറ്റില്ലം മദിരാശിയായിരുന്നതിനാൽ ഒരു മാസത്തിലെ മിക്കവാറും ദിവസങ്ങളിൽ അദ്ദേഹം അവിടെയായിരുന്നു തങ്ങിയിരുന്നത്. ശ്രീകൃഷ്ണദാസിനെ കണ്ടപാടെ വയലാർ പറഞ്ഞു: "കൃഷ്ണൻ (ശ്രീകൃഷ്ണദാസിന്റെ വിളിപ്പേര്) കവിതയൊക്കെ എഴുതുമല്ലോ ഇത്തവണ ഇവൻ പാട്ടെഴുതട്ടെ." സംവിധായകനു പൂർണ്ണ സമ്മതം. ശ്രീകൃഷ്ണദാസിന്റെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. വയലാറിനെ ഗുരുവായി കണ്ട് അദ്ദേഹത്തെ മനസ്സാ നമിച്ചുകൊണ്ട് ശ്രീകൃഷ്ണദാസ് ആദ്യത്തെ ഗാനമെഴുതി.

"താരകളേ നിങ്ങൾ താഴത്തുവന്നൊരു
താരാട്ടുപാട്ടു പറഞ്ഞുതരൂ
എന്നുടെ സങ്കല്പസാമ്രാജ്യം തന്നിലെ
പൊന്നോമനക്കുഞ്ഞുറങ്ങുവാനായ്"

സന്ദർഭത്തിനനുസരിച്ചും സംവിധായകന്റെ നിർദ്ദേശാനുസരണവും അദ്ദേഹം ആ നാടകത്തിനുവേണ്ടി മറ്റു ചില ഗാനങ്ങളുമെഴുതി. പ്രശസ്ത വയലിനിസ്റ്റും സംഗീത സംവിധായകനുമായ തിരുവല്ല ഗോപാലകൃഷ്ണനാണു പാട്ടുകളെല്ലാം ചിട്ടപ്പെടുത്തിയത്. നാടകം വിജയിക്കുകയും അതിലെ പാട്ടുകൾ നന്നായെന്ന് ആസ്വാദകർ വിധിയെഴുതുകയും ചെയ്തു.

1944 സെപ്തംബർ 14 ന് മാവേലിക്കരയിൽ പ്രശസ്ത ജ്യോതിശാസ്ത്ര പണ്ഡിതനും അഭിഭാഷകനുമായിരുന്ന എം.ആർ. കേരളവർമ്മയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും കനിഷ്ഠ പുത്രനായിട്ടാണ് കൃഷ്ണദാസ് ജനിച്ചത്. (അദ്ദേഹത്തിനു രണ്ടു കൂടെപ്പിറപ്പുകളാണ്-കെ.എൽ. മോഹനവർമ്മയും കെ.എൽ. ശരശ്ചന്ദ്ര വർമ്മയും). ചേർത്തല ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ ശ്രീകൃഷ്ണദാസ് കവിതയെഴുതാൻ തുടങ്ങിയിരുന്നു. അനുജൻ അത്തിക്കയത്തിന്റെ പത്രാധിപത്യത്തിൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ബാലകേരളം മാസികയിലാണ് ആദ്യത്തെ കവിതയായ "ഓണനിലാവേ മായരുതേ" മഷിപുരണ്ടു വന്നത്. അദ്ദേഹത്തിന്റെ തുടർന്നുള്ള വിദ്യാഭ്യാസം എറണാകുളം മഹാരാജാസ് കോളേജിലായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും പബ്ലിക് റിലേഷൻസിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും നേടി. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ മൂന്നു ദശാബ്ദക്കാലത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം 2004 ൽ വിരമിച്ചു.

കോളേജ് ഹോസ്റ്റലിൽ കഴിയുമ്പോൾ ശ്രീകൃഷ്ണദാസിന്റെ മുറിയിലെ സഹവാസിയായിരുന്നത് ഡോ.എൻ.എസ്.ഡി. രാജു എന്ന പേരിൽ പിന്നിട് വിഖ്യാത നേത്രരോഗ വിദഗ്ദ്ധനായി മാറിയ എൻ. ശിവദാസ് രാജുവായിരുന്നു. അദ്ദേഹത്തിനു പാടാൻ കഴിവുണ്ടെന്നു മനസ്സിലാക്കിയ ശ്രീകൃഷ്ണദാസ് ഏതാനും ഗാനങ്ങൾ ഒഴിവു വേളകളിൽ കുത്തിക്കുറിക്കുകയും അവ ശിവദാസ് രാജു മനോഹരമായി ചിട്ടപ്പെടുത്തി ഹോസ്റ്റൽ മുറിയിലിരുന്ന് പലപ്പോഴും പാടുകയും ചെയ്തു. വർഷങ്ങൾക്കു ശേഷമാണ് ശ്രീകൃഷ്ണദാസ് രചന നിർവ്വഹിച്ച് പത്തു പാട്ടുകൾ വി.സി. ജോർജ്ജിന്റെ സംഗീതത്തിൽ ഡോ. എൻ.എസ്.ഡി. രാജുവും സുജാത മോഹനും പാടി 'ഒരു സുന്ദരസ്വപ്നം' എന്ന സംഗീത ആൽബമായി കൊച്ചിയിലെ സംഗം കലാഗ്രൂപ്പ് പുറത്തിറക്കിയത്.

"അരികിലണയാൻ
ഇനിയുമെന്തേ നാണം
കവിത വിരിയും
ചൊടിയിലെന്തേ മൗനം
പരിഭവത്തിൻ വിഷാദഭാവമാണോ
പറയുകില്ലേ. പറയുകില്ലേ തോഴീ?"

എന്ന തരത്തിലുള്ള പാട്ടുകളാണ് ഈ കാസറ്റിനെ ജനകീയമാക്കിയത്.

എഴുപതുകളിലാണ് ആദ്യമായി അദ്ദേഹത്തിന്റെ ലളിതഗാനങ്ങൾ ആകാശവാണി പ്രക്ഷേപണം ചെയ്തത്. വലിയ താമസം കൂടാതെ അദ്ദേഹത്തിനു ന്യൂഡൽഹിയിലേക്കു സ്ഥലംമാറ്റമായി. അതോടെ ഗാനരചന എന്ന സർഗ്ഗ പ്രക്രിയയ്ക്ക് താൽക്കാലികമായെങ്കിലും വിരാമമിടേണ്ടിവന്നു. എൺപതുകളുടെ അവസാനമായപ്പോൾ മദിരാശിയിൽ ഫിലിം സെൻസർ ഓഫീസറായി നിയമിതനായി. സെൻസർ ബോർഡിൽ കഴിയുന്നിടത്തോളം കാലം ചലച്ചിത്രങ്ങളിൽ ഗാനരചനയോ തിരക്കഥാരചനയോ പാടില്ലെന്ന വിലക്ക് മറ്റൊരു വിന

യായിത്തീർന്നു. എന്നാൽ സംഗീത ആൽബങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ തടസ്സമുണ്ടായിരുന്നില്ല. അങ്ങനെ മദിരാശിയിലെ പ്രമുഖ ഓഡിയോ കാസറ്റ് കമ്പനിയായ സംഗീതാ കാസറ്റ്സിനുവേണ്ടി ആദ്യം 'മണ്ഡലപൂജ' എന്ന അയ്യപ്പ ഭക്തിഗാനങ്ങൾക്കായി അദ്ദേഹം തൂലിക ചലിപ്പിച്ചു. ഗാനങ്ങൾക്കു സംഗീതം പകർന്നത് കെ. കെ. കേശവൻ നമ്പൂതിരിയും പാടിയത് പി. ജയചന്ദ്രനുമായിരുന്നു.

"ഹരിതാഭയാർന്നൊരു ശബരിമല
ഹരിഹരസുതൻ വാഴും കനകമല
ഇരുമുടിക്കെട്ടുകളും
ഹൃദയത്തിൽ ഭക്തിയുമായ്
ജനകോടികളെത്തുന്ന പുണ്യമല!"

ഇത്തരത്തിൽ ഭക്തി വഴിഞ്ഞൊഴുകുന്ന തരത്തിലായിരുന്നു അതിലെ പാട്ടുകളെല്ലാം. തുടർന്നാണ് ഇതേ ഓഡിയോ കമ്പനിയുടെ 'ചൈത്ര പൗർണ്ണമി' എന്ന സംഗീത ആൽബം പുറത്തുവന്നത്. ശ്രീകൃഷ്ണദാസിന്റെ വരികൾക്ക് സംഗീതം കൊടുത്തത് കന്നട സംഗീതജ്ഞനായ അശ്വത്തും പാടിയത് പി. ജയചന്ദ്രനുമായിരുന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണദാസിന് തിരുവനന്തപുരത്തേക്കു സ്ഥലംമാറ്റം കിട്ടി. പിന്നീടാണ് അദ്ദേഹത്തിന്റെ ലളിതഗാനങ്ങൾ കൂടുതലും ആകാശവാണിയിലും ദൂരദർശനിലും സ്ഥാനംപിടിച്ചത്. അക്കൂട്ടത്തിൽ "ആഷാഢമേഘങ്ങളേ", "ചിത്രവർണ്ണാങ്കിതച്ചെപ്പു തുറന്നു" (ഇവ രണ്ടും കെ.എസ്. ചിത്രയാണ് പാടിയത്). "ഒരു പൂവിരിഞ്ഞു" (ആലാപനം ജി. വേണുഗോപാൽ) എന്നിവ ശ്രോതാക്കളുടെ പ്രിയഗാനങ്ങളായി. എങ്കിലും വി.സി. ജോർജ്ജ് സ്വരപ്പെടുത്തി കെ. ജി. മാർക്കോസും പി.വി. പ്രീതയും പാടിയ

"ഡാലിയ... ഡാലിയ...
ഡാലിയാപ്പൂ ചൊരിഞ്ഞ
പൊൻപരാഗമെൻ
കിനാവിലാഗതമായ്" എന്ന പാട്ടാണ് കൂടുതൽ ജനപ്രീതി നേടിയത്.

നിവേദ്യം ത്രിമധുരം, ആറ്റുകാൽ ദേവി, കൃഷ്ണാനനം, കരിക്കകത്തമ്മേ കരുണാമയീ, യാത്രയിൽ ഒരുനിമിഷം, മോക്ഷപദം, പൊന്നോണ തരംഗിണി (മൂന്നാംഭാഗം), അംബാപ്രസാദം എന്നിങ്ങനെ പത്തോളം സംഗീത ആൽബങ്ങൾക്കുവേണ്ടി അദ്ദേഹം പാട്ടുകളെഴുതി. "അമ്പലപ്പുഴ വാഴും അമ്പാടിക്കണ്ണനുണ്ണി'' (നിവേദ്യം), "കാർത്തികവിളക്കുകൾ തെളിയുമീ സന്ധ്യയിൽ" (നിവേദ്യം), "കണികണ്ടു തൊഴുന്നേൻ കണികണ്ടു തൊഴുന്നേൻ" (ത്രിമധുരം), "അത്തം പത്തിനു പൊന്നോണം'' (പൊന്നോണ തരംഗിണി-3), "ഓണനിലാവിന്റെ ഓളങ്ങളിൽ'' (പൊന്നോണ തരംഗിണി-3), "ആറ്റുനോറ്റു കാത്തിരുന്നു കാത്തിരുന്നു ഞാൻ" (ആറ്റുകാൽ ദേവി), "അക്ഷയഭാസ്സോടെ അനശ്വര യശസ്സോടെ" (ആറ്റുകാൽ ദേവി) എന്നിങ്ങനെ ഈ കാസറ്റുകളിൽ ഭക്തർ ഏറ്റുപാടിയ ഗാനങ്ങൾ പലതുണ്ട്.

ഫിലിം സെൻസർ ബോർഡിലെ ഔദ്യോഗിക കാലാവധി കഴിഞ്ഞതോടെ ചലച്ചിത്രങ്ങളിൽ ഗാനരചനയ്ക്കുള്ള വിലക്കു മാറി. അതിനു ശേഷമാണ് ഏതാനും ചിത്രങ്ങൾക്ക് അദ്ദേഹം പാട്ടുകളെഴുതിയത്. അത്തരം ചിത്രങ്ങളുടെ എണ്ണം പത്തിലേറെ വരുമെങ്കിലും അവയിൽ ചിലതൊക്കെ നിർമ്മാണം പാതിവഴിയിൽ നിലച്ചവയായി മാറി. മറ്റു ചിലതിനെല്ലാം വേണ്ടത്ര പ്രദർശനവിജയം ലഭിച്ചില്ല. ഈ ദുര്യോഗങ്ങൾ അവയിലെ പാട്ടുകളുടെ വിജയത്തെയും ബാധിച്ചു. പക്ഷേ 2007 ൽ ഏബ്രഹാം ലിങ്കണും കെ.പി. വേണുവും ചേർന്നു സംവിധാനം ചെയ്ത 'അനാമിക' എന്ന ചിത്രത്തിനുവേണ്ടി കെ. എൽ. ശ്രീകൃഷ്ണദാസ് എഴുതി എം.കെ. അർജ്ജുനൻ സംഗീതം നൽകി നിഖിൽകൃഷ്ണയും രാധികാ തിലകും പാടിയ

"പുലരൊളി മെല്ലെ തെളിഞ്ഞപോലെ
പനിനീർ മൊട്ടു വിരിഞ്ഞപോലെ
അഴകേ നീയെന്റെ മുന്നിൽ വന്നു.
അറിയാതെയെന്നുള്ളിൽ കടന്നിരുന്നു"

എന്ന ഗാനം വിജയം നേടി.

ഗാനഗന്ധർവ്വൻ യേശുദാസിനെക്കുറിച്ച് ദൂരദർശനുവേണ്ടി നിർമ്മിച്ച 'അനർഘ നിമിഷങ്ങൾ' എന്ന സീരിയലിന്റെ മാത്രമല്ല അവതരണഗാനത്തിന്റെ രചനയും ശ്രീകൃഷ്ണദാസിന്റേതാണ്. പെരുമ്പാവൂർ ജി. രവീന്ദ്രനാഥും ദർശൻരാമനും സംഗീതം പകർന്ന ആ ഗാനം വിധു പ്രതാപാണ് ആലപിച്ചിരിക്കുന്നത്.

"പ്രണവമന്ത്രമുയർന്നു
പ്രഭാതപദ്മദളങ്ങൾ വിടർന്നു

കവിത

# പാലേ്യക്കര കൊട്ടാരം



**ഡോ. എം. ലളിതാംബിക**
തിരുവനന്തപുരം, മൊ. 9446509414

**ശ്രീവല്ലഭൻ തന്റെ കൃപാകടാക്ഷാൽ**
**ശോഭിച്ചിടുന്നീ പ്രിയ രാജഗേഹം**
**'പാലേ്യക്കര' എന്നതിതിന്റെ നാമം**
**പാലിച്ചിടുന്നീ'ക്കര' എന്നുമെന്നും**

**ആ പ്രൗഢമാകുന്ന വളച്ചുവാതിൽ**
**കടന്നുവന്നാൽ നയനാഭിരാമം**
**നടപ്പുരയ്ക്കപ്പുറമായി സാക്ഷാൽ**
**പ്രബുദ്ധ 'രാജപ്രമുഖ'ന്റെ ശില്പം.**

**എല്ലാവരെയും സമരായി ദർശി-**
**ച്ചീരാജ്യമാകെ പുകൾപെറ്റ മന്നൻ**
**തൻ ശില്പമാകും മുഖമുദ്രയോടേ**
**വിളങ്ങിടുന്നീ പ്രിയ രാജസൗധം**

**ഇതിന്റെ ആത്മാവിലലിഞ്ഞുചേർന്നൂ**
**ആത്മീയ തത്വശ്രുതി മന്ത്രണങ്ങൾ**
**ആരാധനാ മൂർത്തികളാകെ എന്നും**
**അനുഗ്രഹാശിസ്സു പൊഴിച്ചിടുന്നൂ.**

---

→

പ്രപഞ്ചമണിവീണ മീട്ടുകയായി
പ്രകൃതിദേവിതൻ അംഗുലികൾ"

ഇതാണ് ഗാനത്തിന്റെ പല്ലവി. പ്രസ്തുത പരമ്പരയും ശീർഷഗാനവും ഒരുപോലെ പ്രേക്ഷകർ ഏറ്റുവാങ്ങി. കവിത, കഥ, നോവൽ, നാടകം, ബാലസാഹിത്യം തുടങ്ങി ശ്രീകൃഷ്ണദാസ് കൈവയ്ക്കാത്ത മേഖലകളില്ല. എങ്കിലും ഗാനരചന അദ്ദേഹത്തിന് എന്നും പ്രിയപ്പെട്ട സർഗ്ഗപ്രവർത്തനമാണ്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഡയറക്ടർ എന്ന ഉയർന്ന തസ്തികയിൽ ഇരിക്കുമ്പോഴാണ് 2004 സെപ്തംബർ 30 ന് അദ്ദേഹം ജോലിയിൽ നിന്നു വിരമിച്ചത്. അശിതിയുടെ (എൺപതു വയസ്സ്) നിറവിൽ എത്തിയിരിക്കുന്ന അദ്ദേഹം സാഹിത്യത്തിൽ തൽപരനായതിനാൽ ഇപ്പോൾ എഴുത്തും വായനയുമായി തിരുവനന്തപുരത്ത് ഗൗരീശപട്ടത്തുള്ള സ്വന്തം ഗൃഹമായ 'ശ്രീലക'ത്തിൽ പത്നീസമേതനായി വിശ്രമജീവിതം നയിക്കുകയാണ്.


*(കടപ്പാട്: 'സ്നേഹരാജ്യം' മാസിക)*

കെ.എൽ. ശ്രീകൃഷ്ണദാസ് – 9447390709

കവിത

# സ്മരണാഞ്ജലി

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 9895415362



*(തന്റെ സതീർത്ഥ്യനും കളിക്കൂട്ടുകാരനുമായിരുന്ന മുൻ റബ്ബർ ബോർഡ് സെക്രട്ടറി കെ. ശരത്ചന്ദ്ര വർമ്മയ്ക്ക് കവി പ്രണാമം അർപ്പിക്കുന്നു.)*



എങ്ങനെ വേണം തുടക്കമെന്നോർത്തിട്ടു
വിങ്ങുന്നു മാനസം എന്തോന്നെഴുതിടും
നല്ലോരു സൗഹൃദം പൊയ്പ്പോയതോർക്കുമ്പൊ
ളുള്ളിലായെത്ര വിഷമം ഭവിച്ചിടും
ചങ്ങാതിയുണ്ടെങ്കിൽ വേണ്ട കണ്ണാടിയെ-
ന്നുള്ള പഴഞ്ചൊല്ലതെത്രയോ വാസ്തവം

സേനനെന്നുള്ള ശരത്ചന്ദ്ര വർമ്മയും
ഞാനും പ്രിയസുഹൃത്തുക്കളായ് മേവിനോർ
രണ്ടുപേരും ഒരേ ക്ലാസ്സിലാണെങ്കിലും
രണ്ടു ഡിവിഷനിലാണു പഠിച്ചത്
ഹൈസ്കൂളിൽ പബ്ലിക് പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്
കിട്ടിയ കുട്ടികൾ മൂന്നുപേരുള്ളതിൽ
ഒന്നായി വന്നൊരാ സേനൻ സഹൃദയൻ
തന്നെയെന്നല്ല കുശാഗ്രബുദ്ധീദൃഢം
വായനശാലയിൽ നിന്നുകിട്ടുന്നതാം
നോവലൊന്നിച്ചിരുന്നൊന്നു വായിച്ചിടും
ശീലമുണ്ടായിരുന്നു ഞങ്ങൾക്കതീ-
ന്നേറെ രസം ലഭിച്ചെന്നതു വാസ്തവം
ആനവാരീ പൊൻകുരിശു തോമായിവ
രേകിയ സന്തോഷമെങ്ങനെ ചൊല്ലിടും
നർമ്മം നിറഞ്ഞ കഥകൾ വായിക്കുവാൻ
നർമ്മം തുളുമ്പും തമാശകൾ ചൊല്ലുവാൻ
എന്നും സമർത്ഥനായുള്ള സേനന്നെ ഞാ-
നിന്നും സ്മരിപ്പൂ സ്നേഹാദര പൂർവ്വകം
നാടൻ ചതുരംഗമെന്നും രസംതരു-
ന്നോരു വിനോദമായന്നു ഞങ്ങൾക്കഹോ
അച്ഛനാകട്ടെയമ്മാവനാകട്ടെ യ-
ന്നൊപ്പം പൊരുതാൻ മടിച്ചീല ഞങ്ങളും

സായാഹ്നമൊക്കവേ ബാലസമാജത്തി
ലായിക്കളിച്ചു രസിച്ചു കഴിച്ചിതു
'പൂമൊട്ടുകൾ' എന്ന മാസിക തന്നുടെ
പൂമേനി നല്ലക്ഷരത്തിലൊരുക്കുവാൻ
ഏൽപ്പിച്ചതു, ഞങ്ങൾ രണ്ടുപേരും ചേർന്നു
പൂർത്തീകരിച്ചതുമോർമ്മയിൽ തങ്ങിടും
സാഹിത്യകാരനായുള്ളോരു ജ്യേഷ്ഠനാം
മോഹനവർമ്മയെസ്സാദരമോർപ്പു ഞാൻ
കുട്ടികൾ തന്നുടെ ഫുട്ബോൾ കളിയിൽ പ്ര-
ഗത്ഭനായ് വാണതാമോഹനവർമ്മയാം.
ഓഹരി, ക്രിക്കറ്റു, നീതിയെന്നുള്ളോരു
നോവലിന്നുത്ഭവം ഫുട്ബോളിലൂടെയാം
ശ്രീകൃഷ്ണദാസാമനിയനൊരു പന്തി-
ലാകൃഷ്ടനായതു തട്ടിക്കളിച്ചിടും
ഭാവിയിൽ സാഹിത്യ, നർമ്മബോധങ്ങളിൽ
ഏറെത്തിളങ്ങുമെന്നാരറിഞ്ഞൂതദാ
ഡിഗ്രി കഴിഞ്ഞു കോസ്റ്റക്കൗണ്ടൻസി പ-
രീക്ഷയിലുന്നത ശ്രേണീൽ ജയിച്ചവൻ
ഒട്ടേറെയുന്നത സ്ഥാനം വഹിച്ചിട്ടു
സെക്രട്ടറിയായ് റബ്ബർബോർഡിൽ വാഴവേ
ആകസ്മികമായി വിഷ്ണുപദത്തിങ്ക-
ലേറിയതോർക്കുമ്പോൾ വിങ്ങുന്നു മാനസം
ഉറ്റസുഹൃത്തായ സേനന്റെയോർമ്മയിൽ
കൂട്ടുകാരന്റെ ഹൃദയപുഷ്പാഞ്ജലി

കവിത

# നാടും പ്രകൃതിയും

ത്രിവിക്രമൻ സായൂജ്യം
(ത്രിവിക്രമൻ വാഴുന്നവർ)
കാസറഗോഡ്, മൊ. 9544330383



പുഞ്ചിരി തൂകിയോർ ഇന്നില്ല ഭൂമിയിൽ
താണ്ഡവമാടിയ പ്രകൃതിതൻ താഡനം
ഇന്നലെ ഉണ്ടുകിടന്നുറങ്ങിയോരൊന്നിച്ച്
എന്നേക്കുമായി പിരിഞ്ഞിതാ നമ്മളെ.

ഒരുമിച്ചു നിന്നവർ പലതായ് തിരിഞ്ഞവർ
എല്ലാരുമൊന്നിച്ചൊരോർമ്മയായി
പലവുരു ജീവിതപ്പാതയിൽ നിന്നും
വഴിതെറ്റി വന്നവരാണോ നമ്മൾ

കുഞ്ഞിനെ താഴത്തും തലയിലും വെയ്ക്കാതെ
ലാളിച്ചൊരമ്മതൻ സ്വപ്നങ്ങളെ
ചാട്ടുളിപോലെ പിഴുതുമറിച്ചവർ സ്വപ്ന-
സൗധങ്ങളിൽ വിശ്രമം കൊണ്ടിടുന്നു.

തൊണ്ട നനയ്ക്കുവാൻ ഒരുതുള്ളി വെള്ളം
തന്നിടാൻ ആരാരുമല്ലയല്ലോ
പൊട്ടിത്തെറിച്ചൊരാ പാറയും മണ്ണുമീ-
ദേഹത്തു വന്നു പതിച്ചതല്ലോ.


കേമന്മാരെന്നങ്ങു ഭാവിച്ചിടുന്നു നാം
കേവലം മർത്ത്യരുമല്ലേ നമ്മൾ
കേൾക്കണം നാം വെറും തൃണമെന്നറിയുക
പ്രകൃതിതൻ ലാളനകൊണ്ടറിയേണം നാം.

ബാക്കിയാം പ്രാണനു കരം നൽകുവാൻ
ലോകമനസ്സാക്ഷിയുണർന്നിടേണം
പ്രാണഭയത്താൽ വിറയ്ക്കുന്ന കൈകളിൽ
ചേർത്തു നിർത്തുവാനായ് ഒന്നിക്കണം.


പ്രകൃതിയെ ദ്രോഹിച്ചിടാതിരിക്കാൻ
നിയമങ്ങൾ മാറ്റിയെഴുതിടട്ടെ
പലവുരു പലരും പറഞ്ഞൊരാ വാക്കുകൾ
ഇനിയും നാം കേൾക്കാതിരുന്നുകൂടാ.

മനുഷ്യരും മൃഗങ്ങളും ജീവജാലങ്ങളും
സന്തോഷമോടെയിരിക്കുന്നതു കാണാൻ
ഇനിയുമരുതേ പ്രകൃതിതൻ പാതകം
നാളെ പുലരിയെ വരവേറ്റിടാനായ്

## മഹാത്മാവിന്റെ ഓർമ്മയിൽ



മഹാത്മാഗാന്ധിയുടെ പ്രപൗത്രനും എഴുത്തുകാരനുമായ തുഷാർ ഗാന്ധിയെ കോട്ടയം യൂണിറ്റ് സെക്രട്ടറി ടി.എം. രാംജി വർമ്മ നിലവിളക്ക് നൽകി ആദരിച്ചപ്പോൾ. കോട്ടയത്ത് ഒരു പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനത്തിന് എത്തിയപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തും ക്ഷത്രിയ ക്ഷേമസഭ അംഗവുമായ രാജ രാജീവ് കുമാറിന്റെ കോട്ടയത്തെ വസതി സന്ദർശിച്ചപ്പോഴായിരുന്നു കൂടിക്കാഴ്ച.



# സനാതന ധർമ്മം

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

ഹിന്ദുമതം സനാതന ധർമ്മമാണ്. അത്, ഒരു വ്യക്തിയാൽ സ്ഥാപിതമായതല്ല. 5000 വർഷങ്ങൾക്കു മുമ്പ്, ആദ്ധ്യാത്മിക ജീവിതം നയിച്ച ഭാരതത്തിലെ ഋഷിപുംഗവന്മാരുടെ ജീവിതത്തിൽ നിന്ന് ഉടലെടുത്തതാണ്. അല്ലാതെ ഒരു പ്രവാചകന്റെ വാക്കിൽ നിന്നോ ഊഹാപോഹങ്ങളിൽ നിന്നോ ഉണ്ടായതല്ല. അത് ഒരു ജീവിതരീതിയാണ് (Way of Life).

വിവേകാനന്ദ സ്വാമികൾ, പശ്ചിമദേശത്തിൽ പോയപ്പോൾ, പല സ്ഥലങ്ങളിലും അദ്ധ്യാത്മ പ്രഭാഷണം നടത്തിയിരുന്നു. അതിൽ ഒരു സ്ഥലത്ത് റോബർട്ട് ഇംഗർ സോൾ എന്ന നിരീശ്വരവാദി പ്രമുഖൻ വാഗ്വാദത്തിന് വന്നു. അയാൾ പറഞ്ഞത് ഇതാണ്: "മഹാശയ, എന്താണ് ഈ ആത്മസുഖം, ബ്രഹ്മാനന്ദം, മോക്ഷസുഖം, എന്നൊക്കെ നിങ്ങൾ പറയുന്നത്? അതിലൊന്നും എനിക്ക് വിശ്വാസമില്ല. എന്തെന്നാൽ അതൊക്കെയും പരോക്ഷമാണ്. അതിനെക്കുറിച്ച് ഊഹാപോഹം കൊണ്ട് കാലംകഴിക്കാൻ എനിക്ക് ഇഷ്ടമില്ല. എനിക്ക് ദൃശ്യവിഷയങ്ങളിൽ പ്രത്യക്ഷമായി ആനന്ദം ലഭിക്കുന്നു. നിങ്ങളെപ്പോലെ ഊഹാപോഹങ്ങളുടെ ലോകത്തിൽ, സ്വപ്ന പ്രപഞ്ചത്തിൽ, നട്ടംതിരിഞ്ഞിട്ട് കാര്യമില്ല."

അദ്ദേഹത്തിന്റെ വാക്യങ്ങൾക്ക് സ്വാമിജി സമാധാനം പറഞ്ഞു: "ഹേ, നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഞങ്ങൾ അനുഭവിക്കുന്ന സുഖം കൽപ്പിതമല്ല. നിത്യവും സത്യവും നിരപേക്ഷവുമായ ആത്മാനന്ദമാണ്. നിങ്ങൾ അനുഭവിക്കുന്നത് പ്രതിബിംബവുമാണ്. അത് ക്ഷണികവും ചഞ്ചലവും ആണ്. ദുഃഖ പര്യവസായിയുമാണ്. ഞങ്ങളുടേതങ്ങനെയല്ല. അത് ബിംബസുഖമാണ്. അത് ദുഃഖവിവർജ്ജിതമാണ്. നിങ്ങൾ അനുഭവിക്കുന്ന അല്പസുഖം കൂടി നിരന്തര ഭീതിയോടെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആരും കാണാതെ അടുക്കളയിൽ കടന്നുകൂടി, അന്നം തിന്നുകൊണ്ടിരിക്കുന്ന ശ്വാവിന്നുണ്ടാകുന്ന സുഖത്തെ പോലെയാണ്, ദൃശ്യവിഷയങ്ങളിൽ നിങ്ങൾക്കുണ്ടാകുന്ന സുഖം. ആ ശ്വാവിന്ന് അന്നം തിന്നുമ്പോൾ അല്പസുഖം ലഭിക്കുന്നുണ്ടെങ്കിലും വീട്ടെജമാനൻ വന്ന് അടിച്ചുകൊല്ലുമോ എന്ന നിരന്തര ഭീതികൊണ്ട് ആ സുഖം എങ്ങനെ കലുഷിതമായിപ്പോകുന്നുവോ അങ്ങനെ നിങ്ങൾ അനുഭവിക്കുന്ന ദൃശ്യസൗഖ്യങ്ങളും മൃത്യുഭീതിയിലും രോഗാദി ഭീതിയിലും കലർന്ന് കലുഷിതമായിത്തീരുന്നു. അതുകൊണ്ട് നിർഭയാനന്ദത്തെ സേവിച്ചുകൊള്ളുക. സത്യവസ്തുവായ ആത്മാവിനെ ആശ്രയിക്കുക. ക്ഷണികപദാർത്ഥങ്ങളെ ആശ്രയിച്ച് ഭോഗവിലാസങ്ങളിൽ മുഴുകാതിരിക്കുക" എന്ന് ഉപദേശം ചെയ്തു. ആ വാക്യങ്ങൾ കേട്ട്, ആ പാശ്ചാത്യൻ സ്വാമികളെ നമസ്ക്കരിച്ചു.

'സനാതന ധർമ്മ'ത്തിന്റെ പ്രചാരകനും നെടുംതൂണുമായ സ്വാമി വിവേകാനന്ദന്റെ കൃതിയാണ് 'Pearls of Wisdom'. അതിൽ ചില മുത്തുകളുടെ പേജ് നമ്പറും ലൈൻ നമ്പറും സഹിതം താഴെ ഉദ്ധരിക്കട്ടെ.

1. ഇപ്പോഴും ഇന്ത്യ മറ്റുള്ള രാജ്യങ്ങളെക്കാളും മുന്നിലാണ്. (P. 69 - L. 26)
2. ആത്മീയതയും വേദാന്തവും ആണ് മനുഷ്യരാശിയുടെ അറിവിലേക്കുള്ള ഭാരതത്തിന്റെ സംഭാവന (P. 67 - L. 9)
3. നമ്മുടെ മതം മാത്രമാണ് ഒന്നോ ഒന്നിലധികമോ വ്യക്തികളെ ആശ്രയിക്കാതെ തത്ത്വത്തിൽ ഉറച്ചതായിട്ടുള്ളത്. (P. 139 - L. 20)
4. ബ്രഹ്മജ്ഞാനമാണ് ഏറ്റവും മുഖ്യമായത്.

അതുതന്നെയാണ് മനുഷ്യന്റെ പരമ ലക്ഷ്യവും (P. 37 - L. 29)

5. മനുഷ്യരാശിക്ക് മാർഗ്ഗദർശിയാകാനുള്ള മാതൃക ഇന്ത്യയ്ക്ക് മാത്രമാണ് ഉള്ളത് (P. 69 - L. 22).
6. വേദത്തിലില്ലാത്തതും പുതുതായിട്ടുള്ളതുമായ ഒന്നും ഒരിടത്തും മതപരമായി പ്രചരിപ്പിച്ചിട്ടില്ല. (P. 202 - L. 17)
7. വാസ്തവത്തിൽ വേദങ്ങൾ, ലോകത്തിലെ ഏറ്റവും പഴക്കമുള്ളതും മഹത്തായതുമായ പുസ്തകങ്ങളാണ് (P. 202 - L. 15)

നമ്മുടെ പൂർവ്വികന്മാരുടെ ചിന്തകൾ മഹനീയമായിരുന്നു. 'മാതാ പിതാ ഗുരൂർ ദൈവം', 'അതിഥിദേവോ ഭവ', 'വസുധൈവ കുടുംബകം' എന്നിങ്ങനെയായിരുന്നു അവർ കരുതിയിരുന്നത്. പതിനെട്ട് അദ്ധ്യായങ്ങളിലൂടെ 'ഗീതോപദേശം' നൽകിയിട്ടും, ഭഗവാൻ ഒന്നും അർജ്ജുനനിൽ അടിച്ചേല്പിക്കുന്നില്ല. അവസാനം എന്താണ് പറയുന്നതെന്ന് നോക്കാം.

"ഇതി തേ ജ്ഞാനമാഖ്യാതം
ഗുഹ്യാത് ഗുഹ്യതരം മയാ
വിമൃശ്യൈതദശേഷേണ
യഥേച്ഛസി തഥാകുരു" ഗീത (18-63)

ഈവിധം അതിരഹസ്യമായ ജ്ഞാനം നല്കിയ ശേഷം "ഇഷ്ടം പോലെ ചെയ്യാം" എന്ന് ഭഗവാൻ പറഞ്ഞു. ഇതാണ് ഭാരതീയ സംസ്ക്കാരം.

"ഓം ഭൂർഭുവഃ സ്വഃ
തത് സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്" (ഗായത്രി മന്ത്രം)

സാരം:- സമസ്ത ലോകങ്ങളും ബ്രഹ്മം തന്നെ. എല്ലാം ബ്രഹ്മമയം. സ്വയം പ്രകാശകനും സ്വയം ജ്യോതിർമയനും ആയ നമ്മളിലെ സത്യവും സൂര്യമണ്ഡലത്തിലെ തേജസ്സും ഒന്നുതന്നെ. അതിനെ ഞാൻ ധ്യാനിക്കുന്നു. ആ മഹത് ദൈവം ഞങ്ങളുടെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ. (ഇതായിരുന്നു നമ്മുടെ പൂർവ്വികന്മാരുടെ ആചാരവിചാരം).

നമ്മുടെ പൂർവ്വികന്മാർ ഭൂമിയെയും ഗോക്കളെയും പരിരക്ഷിച്ചിരുന്നു. ആ സമ്പ്രദായം ഇന്ന് നഷ്ടപ്പെട്ടുപോയി. ഗോക്കളുടെ ചാണകവും മൂത്രവും എല്ലാം ഔഷധഗുണമുള്ളതാണ്. അതെല്ലാം ഇന്നത്തെ തലമുറ അറിയുന്നില്ല.

ദുഃഖമയമായ ഈ ജഗത്തിൽ ഭാരത ഋഷിവര്യന്മാർ ആനന്ദമായി കഴിഞ്ഞിരുന്നു. അവർ, താഴെക്കൊടുത്ത 24 ഗുരുക്കന്മാരിൽ നിന്ന് ജ്ഞാനം നേടിയിരുന്നു:-

ഭൂമി, വായു, ആകാശം, അഗ്നി, ജലം, ചന്ദ്രൻ, സൂര്യൻ, കപോതം, പെരുമ്പാമ്പ്, സമുദ്രം, പാറ്റ, തേനീച്ച, ആന, മാൻ, വണ്ട്, മത്സ്യം, വേശ്യ, കുരിയാൻ, പക്ഷി, ബാലൻ, കന്യക, ശരകൃത് (കൊല്ലൻ), സർപ്പം, ഊർണ്ണനാഭി (എട്ടുകാലി), വേട്ടാളൻ.


വിശ്വാമിത്രൻ ദശരഥ പുത്രന്മാരെ വേണ്ടും പോലെ ഭാരതീയ സംസ്ക്കാരം പഠിപ്പിച്ചിരുന്നു. കൈകേയിയുടെ ആവശ്യപ്രകാരം ഭരതനെ രാജ്യഭാരം ഏല്പിച്ച് രാമൻ വനവാസം ചെയ്യണമെന്നറിഞ്ഞപ്പോൾ രാമൻ പതറിയില്ല; എന്നാൽ ദശരഥൻ തളർന്നു. ഈ സന്ദർഭത്തിൽ കോപാന്ധനായ ലക്ഷ്മണനെ അതിഗംഭീരമായ 'ലക്ഷ്മണോപദേശം' കൊണ്ട് ശ്രീരാമൻ സമാധാനിപ്പിച്ചു. ശ്രീമതി എം.എസ്. സുബ്ബലക്ഷ്മി പാടിയ 'സുപ്രഭാത ഗീത' ത്തിൽ കൗസല്യപുത്രൻ എന്നാണ് രാമലക്ഷ്മണന്മാരെ അഭിസംബോധന ചെയ്തത്. 'ദശരഥ പുത്രന്മാർ' എന്ന് പാടിയിട്ടില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് കൗസല്യയുടെ മഹത്വമാണ്. അവർ യഥാർത്ഥ ഭാരതരത്നമായിരുന്നു. അവരിൽ ഭാരതീയ സംസ്ക്കാരം തികച്ചും ഉണ്ടായിരുന്നു. അവർ ഒരു മാതൃകാ മാതാവായിരുന്നു.

ഭക്തജനോദ്ധാരണത്തിനും അസുരഭഞ്ജനത്തിനുമായി ഭാഗവതത്തിൽ 22 അവതാരങ്ങളാണ് പറയുന്നത്. അതിൽ ശ്രീകൃഷ്ണ ഭഗവാൻ പൂർണ്ണാവതാരമാകുന്നു. ബാക്കിയെല്ലാവരും അംശാവതാരങ്ങളാണ്.

22 അവതാരങ്ങൾ:- 1) സനകാദികൾ, 2) വരാഹം, 3) നാരദൻ, 4) നരനാരായണൻ, 5) കപിലൻ, 6) ദത്താത്രേയൻ, 7) യജ്ഞൻ, 8) ഋഷഭ ദേവൻ, 9) പൃഥു, 10) മത്സ്യം, 11) കൂർമ്മം, 12) ധന്വന്തരി, 13) മോഹിനി, 14) നരസിംഹം, 15) വാമനൻ, 16) പരശുരാമൻ, 17) വേദവ്യാസൻ, 18) ശ്രീരാമൻ, 19) ബലരാമൻ, 20) ശ്രീകൃഷ്ണൻ, 21) ശ്രീബുദ്ധൻ,

# Poetry, O Poetry!

**Chemprol Raja Raja Varma**
Kaudiar Palace, Mob. 9847004401



Poetry, O Poetry!
Let me Free let me Free!
Poets' extra large or add-on hearts
And not just their extra capacity imagination
But also a kind of shall name a Seventh Sense
To sense in Societies at home n abroad
Things unfair already here
And more of doom and gloom
Landing on all like a giant boom
And when wars and destruction run rampage
Over piles of debris
Or plagues unheard of
Rules the World
Poets, Painters,
In general any Artist with an extra heart
Become victims most vulnerable
His harmless humour
Usually meant to humor others
And to himself. incidentally
Appears to turn toxic and vicious

→

---

→

22) ഖഡ്ഗി.

ഈ അവതാരങ്ങളിൽ അഗ്രഗണ്യനാണ് ഋഷഭ മഹർഷി.

“നായം ദേഹോ ദേഹഭാജാം നൃലോകേ
കഷ്ടാൻ കാമാനർഹതേ വിഡ്ഭുജാം യേ
തപോ ദിവ്യം പുത്രകാ യേന സത്ത്വം
ശുദ്ധ്യേദ്യസ്മാത് ബ്രഹ്മസൗഖ്യം ത്വനന്തം”

സാരം:- കൃമി കീഡാദികൾക്ക് കൂടി ലഭിക്കുന്ന തുച്ഛമായ ഭോഗം നേടുന്നതിനല്ല, മനുഷ്യശരീരം തപസ്സനുഷ്ഠിച്ച്, അന്തഃകരണ ശുദ്ധി വരുത്തി ബ്രഹ്മാനന്ദം കൈവരിക്കയാണ് ജീവിത ലക്ഷ്യം എന്നാണ് ഋഷഭ മഹർഷി തന്റെ പുത്രന്മാരോട് ഉപദേശിച്ചത്.

ഈ മഹർഷിക്ക് 100 പുത്രന്മാരുണ്ടായിരുന്നു. അതിൽ മൂത്ത പുത്രനാണ് ഭരതൻ. ആ പുത്രൻ രാജ്യഭാരം നല്ലരീതിയിൽ നിർവ്വഹിച്ചു. അതിനാലാണ് നമ്മുടെ രാജ്യത്തിന് ഭാരതം എന്ന പേര് സിദ്ധിച്ചത്. മറ്റ് പുത്രന്മാരിൽ 9 പേർ ‘നവയോഗികൾ’ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചു. അവരാണ് കവി, ഹരി, അന്തരീക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ. ഇവർ നിമി ചക്രവർത്തിയുടെ സദസ്സിൽ വെച്ച് രാജാവിന്റെ പല സംശയങ്ങളും തീർത്തുകൊടുത്തു. അതനുസരിച്ച് അദ്ദേഹത്തിന് മോക്ഷം കിട്ടുകയും ചെയ്തു.

ഋഷഭ മുനിയുടെ അഭിപ്രായത്തിൽ യഥാർത്ഥ ഗുരുക്കൾ ആരാണെന്ന് ഭാഗവതത്തിൽ കൊടുത്തത് ഇപ്രകാരമാണ്.

“ഗുരുർന്ന സ സ്യാത് സ്വജനോ ന സ സ്യാത്
പിതാ ന സ സ്യാത് സ്യാജ്ജനനീ ന സാസ്യാത്
ദൈവം ന തത് സ്യാന്ന പതിശ്ചസസ്യാ-
ന്നമോചയേദ് യഃ സമുപേതമൃത്യും”

ഭാഗം (5-5-18)

സാരം:- സംസാരത്തിൽ നിന്നും കരകയറാൻ സഹായിക്കാത്ത ഒരാളും ഗുരുവോ മിത്രമോ പിതാവോ മാതാവോ ദൈവമോ ഭർത്താവോ അല്ല. കരുണാനിധിയായ ഭഗവാൻ എല്ലാവരേയും ജന്മനരാ മരണദുഃഖത്തിൽ നിന്ന് കരകയറാൻ അനുഗ്രഹിക്കട്ടെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

The reaction from the society rabid and even the Government run by evil powers
All tum against him.
Poets and Artists certainly are not all Angels
And many of them absolute misfits according to man-made laws
Such Laws sure are not made by any God that we know
Nor are the man-made laws largely in sync with God's codes of Jurisprudence
So what befalls the poet or artist
Is not anybody's guess
Murder, if not torture.
I have heard Indian tale
Or a true story
Of a poet of great glory
A past praised by the ruler as heart
Finally and sadly his end in such terrible if not Gory
A poet enslaved
By a lady artist, an artlover,
Rich and powerful
Yet avaricious for fame
Probably not for money.
When the people and the ruler too
Saw or heard of the poet nowhere
Even during the Peace and Prosperity time
The ruler ordered a search everywhere
A clever guy suggested the ruler declares a competition
Nationwide for poetry
Something normally great and enriching
Excited the ruler ordered such a bumper competition
Never before heard of
In Literary world or any world
Never worried a moment
What it could lead to
The lady just approached the enslaved poet
And with her beauty and charming manners
A couple of lines of ultimate poetry
Oozed out from him
The ego and the desire for fame drove the lady mad
She memorized the lines and ran into the kitchen for a knife
What she found first was the sharp "tongue" of a coconut grator
(Oh CRR Now you know why the sawtooth blade of a coconut grator is called tongue in Malayalam as the Malayalam tongue can be so sharp-)
Anyway animated she did the most unthink-able,
Cut his throat hurried she went and cleaned herself
Not remembering to do anything for him
Wrote the poem on a palm leaf and presented to the ruler
The lady being herself a celebrity protocols had priorities washed away for her
The ruler was first floored by the beauty of the lines
And engrossed in it's deeper inner beauty narrating the beauty of a girl, he didn't even notice tye beauty of the lines of the lady's physique.
But tragedy fell on her too
When the ruler guessed correct the lines were from his most favorite poet
And she couldn't but confess it was his.
Ruler ordered her to rush and fetch him as he thought she merely left him locked in her home
And the terrible end of the story any one can guess
So my dear poetry
Please let me Free
I don't want to die a poet
I would rather live a moron!

ലേഖനം

# ചിങ്ങം ഒന്ന്- മലയാളികളുടെ മാത്രം പുതുവത്സരം



**അനുജൻ എസ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ
മൊ. 9495001012

ലോകത്തിൽ കലണ്ടറുകൾ പലതരം ഉണ്ടെങ്കിലും, വളരെ ശാസ്ത്രീയമായ കലണ്ടർ വളരെ ക്കാലമായി പ്രചാരത്തിലുള്ള ഒരു ദേശം ഭാരതമാണെന്നു പറയേണ്ടിയിരിക്കുന്നു.

കലണ്ടർ എന്ന വാക്കിന്റെ മൂലം 'കലണ്ഡ്റിയ' എന്ന ലാറ്റിൻ പദമാണെന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. അതല്ല, 'കാലം ധരം' എന്ന ഭാരതീയ പദത്തിൽ നിന്നാണ് കലണ്ടർ എന്ന വാക്ക് വന്നത് എന്ന ചിന്താഗതി കൂടി ഉള്ളതിനാൽ, നമ്മളെങ്കിലും അങ്ങിനെ തന്നെ പറയുകയല്ലേ വേണ്ടത് ?

## പലതരം കലണ്ടറുകൾ

ഭാരതത്തിൽ എത്രയോ ശതാബ്ദങ്ങളായി (സഹസ്രാബ്ദങ്ങളായി!) **സൗര കലണ്ടറുകളും ചാന്ദ്ര കലണ്ടറുകളും** പ്രചാരത്തിലുണ്ട്. ഇതിലൊന്നും പെടാത്ത ഒന്നാണ് നമ്മുടെ ഇംഗ്ലീഷ് കലണ്ടറായ **ഗ്രിഗോറിയൻ കലണ്ടറും** അതിന്റെ പഴയ പതിപ്പായ **ജൂലിയൻ കലണ്ടറും**. ഭാരതത്തിൽ കൂടുതൽ സംസ്ഥാനങ്ങളിലും ചാന്ദ്ര കലണ്ടറാണ് പ്രചാരത്തിലുള്ളത്. കേരളം അടക്കമുള്ള ചില തെക്കൻ സംസ്ഥാനങ്ങളിൽ സൗര കലണ്ടറുകൾ ആണ് പ്രചാരത്തിലുള്ളത് എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ഇനി എന്താണ് ഈ കലണ്ടറുകൾ തമ്മിലുള്ള വ്യത്യാസം എന്ന് പറയാം.

സൗര കലണ്ടറിൽ സൗരമാസങ്ങളായ മേടം ഇടവം മിഥുനം തുടങ്ങിയവയാണ് 12 മാസങ്ങൾ. ഭൂമിയിൽ നിന്ന് നോക്കിയാൽ സൂര്യനെ ഏതു **സോഡിയാക്കൽ കോൺസ്റ്റലേഷന്റെ** (രാശി സമൂഹത്തിന്റെ) കൂട്ടത്തിൽ 'കാണുന്നതായി തോന്നുന്നുവോ' ആ നക്ഷത്രസമൂഹത്തിന്റെ പേരാണ് നമ്മുടെ മാസത്തിന്. സൂര്യനും ചന്ദ്രനും സൗരയൂഥത്തിലെ മറ്റ് അംഗങ്ങളും ആകാശത്തുകൂടി നീങ്ങുന്നതായി തോന്നുന്ന പാതയാണ് 'എക്ളിപ്ടിക്' അഥവാ വാർഷികവൃത്തം. 360 ഡിഗ്രിയുള്ള ഈ വഴിയിലൂടെ 365 ദിവസത്തിൽ സൂര്യൻ ഒരു കറക്കം കറങ്ങുന്നതായി 'നമുക്ക് തോന്നും'. ഈ വാർഷിക വൃത്തത്തിലുള്ള 12 സോഡിയാക്കിൽ ഓരോന്നിലൂടെ കടന്നുപോകാൻ സൂര്യൻ ഉദ്ദേശം 30 ദിവസം എടുക്കുന്നതായി നമുക്ക് തോന്നുകയും ചെയ്യും. അതാണ് നമ്മുടെ 12 മാസങ്ങൾ. വിഷു ദിനത്തിൽ മേടം നക്ഷത്രങ്ങളുടെ ഇടയിലേക്ക് കടക്കുന്ന സൂര്യൻ ദിവസവും ഓരോ ഡിഗ്രി വീതം നീങ്ങി, 30 ദിവസത്തിനു ശേഷം ഇടവത്തിലേക്ക് കടക്കുന്നതായി 'ഭൂമിയിലുള്ളവർക്ക് തോന്നും'. സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണപഥം കൃത്യമായി വൃത്തത്തിൽ അല്ലാത്തതിനാൽ കെപ്ലറുടെ നിയമം (Kepler's Law) അനുസരിച്ചു വേഗതയ്ക്ക് വ്യത്യാസം വരുന്നു എന്നും, അതുകൊണ്ട് മാസത്തിന്റെ ദൈർഘ്യം കൃത്യം 30 ദിവസം അല്ലാതെ വരുന്നു എന്നുകൂടി ധരിക്കുക.

എന്നാൽ വടക്കേ ഇന്ത്യയിൽ കൂടുതൽ പ്രചാരത്തിനുള്ള ചാന്ദ്രമാസങ്ങളിൽ ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രം മുതലായ 12 മാസങ്ങളാണുള്ളത്. ഈ സമ്പ്രദായത്തിൽ, കറുത്തവാവു മുതൽ അടുത്ത കറുത്തവാവ് വരെയാണ് ഒരു മാസം എങ്കിലും, വെളുത്തവാവ് ദിവസം ചന്ദ്രൻ ഏത് നക്ഷത്രത്തിന്റെ സമീപത്താണ് കാണപ്പെടുന്നത് എന്നതനുസരിച്ചാണ് മാസത്തിന്റെ പേര്.

അങ്ങനെ ഭാരതത്തിൽ പൊതുവേ രണ്ട് സമ്പ്രദായങ്ങളാണ് സൗരമാസങ്ങളും ചാന്ദ്ര മാസങ്ങളുമുള്ള സൗര കലണ്ടറും ചാന്ദ്ര കലണ്ടറും.

## കേരളത്തിലെ സ്ഥിതി

കേരളം പണ്ടുമുതലേ സൗര കലണ്ടർ ആണ് പിന്തുടർന്നു വന്നിരുന്നത്. മേടം ആണ് സൗര കല

ണ്ടറിലെ ആദ്യത്തെ മാസം. അതിന് പ്രസക്തി ഉണ്ടുതാനും. സൂര്യൻ വടക്കേ അർദ്ധ ഗോളത്തിലേക്ക് കടക്കുന്ന അവസരം ആണല്ലോ വെർണൽ ഇക്വിനോക്സ്. ഇതിന്റെ ഭാരതീയ പദമാണ് 'വിഷുവം'. ഈ അവസരത്തെ പ്രതിനിധാനം ചെയ്യുന്ന നമ്മുടെ ഉത്സവമാണ് 'വിഷു'. വടക്കൻ അർദ്ധ ഗോളത്തിലേക്ക് സൂര്യൻ കടക്കുമ്പോൾ സ്വാഭാവികമായും കാർഷിക സംസ്കാരമായുള്ള ഭാരതത്തിൽ, കൃഷി അഭിവൃദ്ധിപ്പെടുകയും ഐശ്വര്യം വന്നുകൂടുകയും ചെയ്യും. ആയതിനാൽ ആണ് വിഷുവിന് ഭാരതത്തിൽ പരക്കെ ഒരു അംഗീകാരമുള്ളത്. ഇതിനാൽ വിഷുവിനോടുകൂടി തുടങ്ങുന്ന മേടമാസം ആണ് പൊതുവേ സൗര കലണ്ടറുകളിലെ ആദ്യമാസമായി കണക്കാക്കുന്നത്.

ഇങ്ങനെയാണ് കേരളത്തിലും തുടർന്ന് വന്നിരുന്നത് എങ്കിലും ഇടക്കാലത്ത് അതിനൊരു വ്യത്യാസം വന്നു.

## പെരുമാൾ ഭരണം അവസാനിക്കുന്നു

സി.ഇ (പൊതുവർഷം - കോമൺ ഇറ) 620 മുതൽ 674 വരെ രാജ്യഭാരം ചെയ്തിരുന്ന **ഭാസ്കര രവിവർമ്മ പെരുമാൾ** ആണ് അവസാനത്തെ ചേരചക്രവർത്തി. അദ്ദേഹത്തിന്റെ രാജ്യം തെക്ക് കന്യാകുമാരി മുതൽ വടക്ക് കുന്താപുരം വരെയായിരുന്നു. ഈ ഒരു ഭൂഭാഗം വരുംകാലത്ത് ഭരിക്കാൻ പ്രയാസമാണ് എന്ന് അദ്ദേഹത്തിന് തോന്നിയതിനാലാവണം, അദ്ദേഹം രാജ്യത്തെ പല കഷ്ണങ്ങളായി തന്റെ പിൻ തലമുറക്കാർക്ക് ഭരിക്കാൻ ഏൽപ്പിച്ചു. അദ്ദേഹം തന്നെ ഭരിച്ചിരുന്ന കുട്ടനാട് എന്ന മദ്ധ്യഭാഗം മരുമകനായ വീരകേരള വർമ്മന് നൽകി. അന്നുമുതലാണ് കേരളത്തിൽ മരുമക്കത്തായ സമ്പ്രദായത്തിലുള്ള രാജ്യഭാരം കൈമാറുന്ന ചിട്ട വന്നത്. ഈ ഭാസ്കര രവിവർമ്മ പെരുമാൾ ആണ് **ഓണാഘോഷവും അത്തച്ചമയവും തുടങ്ങിയതും മാമാങ്കത്തിന്റെ** ചിട്ടകൾ തീരുമാനിച്ചതും എന്നും വിശ്വസിക്കപ്പെടുന്നു.

## കൊല്ലത്തെ യോഗം

വീരകേരള രാജവംശത്തിലെ മൂന്നാമത്തെ തലമുറയായ **രാജശേഖര ചക്രവർത്തിയുടെ** കാലത്താണ് **ശങ്കര ഭഗവദ്പാദരുടെ** അവതാരം. അദ്ദേഹത്തിന്റെ വേദാന്ത സംസ്കാരത്തിൽ ആകൃഷ്ടനായിരുന്നു രാജശേഖര ചക്രവർത്തി. ശങ്കരാചാര്യരുടെ നിർദ്ദേശപ്രകാരമായിരിക്കണം കേരളത്തിലുള്ള ജീവിതചര്യകൾ എന്ന് ഉറപ്പിക്കാനായി, ശങ്കരാചാര്യർ സമാധിയായി അഞ്ചുവർഷത്തിനുശേഷം രാജശേഖര ചക്രവർത്തി, കേരളത്തിന്റെ തെക്കേ അറ്റമായ **വേണാടിന്റെ തലസ്ഥാനമായിരുന്ന കൊല്ലം** പട്ടണത്തിൽ വച്ച് ഒരു യോഗം കൂടുകയും, അതിൽ കേരളത്തിലെ എല്ലാ രാജാക്കന്മാരും ഭരണാധികാരികളും വൈദികരും വൈദ്യന്മാരും കൂടാതെ അന്നത്തെ പ്രധാനപ്പെട്ട ഗ്രാമങ്ങളിലെ പ്രതിനിധികളും മറ്റും പങ്കെടുക്കുകയും ചെയ്തു. അന്ന് മുതലാണ് നമ്മൾ ഇന്നും കേരളത്തിൽ തുടർന്നുപോകുന്ന ജീവിതശൈലിയുടെ ഒരു അടിസ്ഥാനം എഴുതി തീരുമാനപ്പെടുത്തിയത്. ഇങ്ങനെ ഭാവിയിൽ വളരെ പ്രകടമായ മാറ്റങ്ങൾ വരുത്തുന്ന തീരുമാനം എടുത്ത സദസ്സ് ആയതിനാൽ അതിന് സ്മാരകമായി ഒരു പുതിയ കലണ്ടർ തുടങ്ങണം എന്നുകൂടി തീരുമാനിക്കുകയും ചെയ്തു. അതുവരെ കേരളത്തിൽ തുടർന്നുപോന്നിരുന്ന സൗര മാസങ്ങൾ തന്നെ തുടർന്നാൽ മതിയെന്നും, എന്നാൽ നമ്മുടെ വർഷം തുടങ്ങുന്നത് മേടത്തിൽ അല്ല, **ഓണത്തിന്റെ മാസമായ ചിങ്ങത്തിലാണ് വേണ്ടതെന്ന്** തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനമെടുത്തത് കൊല്ലത്ത് വച്ചായതുകാരണം ആണ് നമ്മുടെ മലയാള കലണ്ടറിന് '**കൊല്ലവർഷം**' എന്ന പേരുവന്നത്. അന്നത്തെ തീരുമാനത്തിൽ ഓണം ആയിരുന്നു പുതുവർഷ പുലരി എങ്കിലും ഓണം വരുന്നത് മാസത്തിന്റെ ആദ്യത്തിൽ ആയിക്കൊള്ളണമെന്നില്ല എന്നതിനാൽ പിന്നീട്, പുതുവർഷ പുലരി ചിങ്ങം ഒന്നിന് എന്ന് തീരുമാനിക്കുകയും ചെയ്തു. ഇങ്ങിനെയാണ് **കേരളത്തിലെ പുതുവത്സര തീയതി ചിങ്ങമാസം ഒന്നാം തീയതി** ആയത്.


ഈ സംഭവം നടന്നിട്ട് 1200 കൊല്ലം ആയിരിക്കുന്നു എങ്കിലും, നമ്മൾ മലയാളികൾ ആരും തന്നെ പുതുവത്സര ദിനമായി ചിങ്ങം ഒന്നാം തീയതിയല്ല ആഘോഷിക്കുന്നത് എന്ന് പറയട്ടെ. നമ്മൾ ഇപ്പോഴും പടക്കം പൊട്ടിച്ചും മറ്റും പുതുവത്സരത്തിനെ സ്വാഗതം ചെയ്യുന്നത് വിഷുവിനു തന്നെയാണ്.

## എന്തെങ്കിലും ചെയ്യണ്ടേ?

1200 വർഷങ്ങൾക്കുശേഷമെങ്കിലും നമ്മൾ മലയാളികൾക്ക്, നമ്മുടെ മാത്രമായ, നമ്മുടെ സ്വന്തം അഹങ്കാരമായ പുതുവത്സര ദിനം, **ചിങ്ങം ഒന്നിനാണ്** എന്ന് അരക്കിട്ട് ഉറപ്പിക്കേണ്ട ആവശ്യമില്ലേ? ●

കവിത

# ഒൻപതാം മേഘത്തിൽ



**സതീഷ് കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

അന്നൊരു പ്രഭാതത്തിൽ ചിത്തിര നക്ഷത്രത്തിൽ
മന്നിനെക്കാണ്മാനായി പൗത്രി കൺതുറന്നപ്പോൾ
അന്നടേ കുതിച്ചെത്തി ആതുരശാലയിങ്കൽ
പൊന്നിനെക്കണ്ടു ഞാനും കൺകുളിർക്കെയന്നേരം.

അൻപെഴും ഭഗവാന്റെ കൃപയാലിന്നു ഞാനും
ഒൻപതാം മേഘത്തിങ്കൽ എത്തിച്ചേർന്നതുപോലെ
നൻപകൽ നേരത്തവൾ കൺചിമ്മിത്തുറന്നപ്പോൾ
വൻപെഴും ദൈവത്തോടു നന്ദിയത്രയും ചൊല്ലീ.

വൈരസ്യമിയന്നൊരീയെന്റെ ജീവിതത്തിങ്കൽ
സാരസ്യം നിറയ്ക്കുവാൻ കുഞ്ഞേ നീയണഞ്ഞല്ലോ
ചാരുതയെഴുന്ന നിൻ പുഞ്ചിരി കാണുന്നേരം
നേരു ഞാൻ പറയട്ടെ ഏഴാം സ്വർഗ്ഗത്തിലെത്തും.

പേലവാധരങ്ങളാൽ എന്നെ നീ മുത്തുന്നേരം
ചാലകമാകും കണ്ണിൽ ഹർഷബാഷ്പത്തിൻ കണം
ലോലേ നിൻ ചേഷ്ടകളാലെൻമനം കുളിർത്തീടും,
മാലുകളൊഴിഞ്ഞേറ്റം തുഷ്ടിയിൽ മരുവും ഞാൻ

പുത്രരെ മാത്രമൊട്ടു വളർത്തിശീലിച്ച ഞാൻ
പൗത്രിയെ ലഭിച്ചതി, ലേറ്റവും സന്തോഷവാൻ
എത്രയോ പ്രാർത്ഥിച്ചു ഞാൻ നിനക്കായനുദിനം
തത്രഭവാനെത്രയും കരുണാമയനല്ലോ

എങ്കിലും ചൊല്ലട്ടെ ഞാൻ പൈതൽ നീ വളരുമ്പോൾ
ശങ്കയെനിക്കുണ്ടാകാം നിന്റെ രക്ഷയെച്ചൊല്ലി
തങ്കക്കുടമേ നിന്നെ കാത്തുരക്ഷിച്ചീടുവാൻ
തിങ്കൾശേഖരാ നിന്നെ കുമ്പിട്ടു പ്രാർത്ഥിച്ചിടാം. ●

---

കവിത

# പാവക്കൂത്ത്



**കൃഷ്ണപ്രഭ ടി.സി.**
നീലേശ്വരം, മൊ. 7025970339

ജീവിതമാകുമീ പാവക്കൂത്താടു-
മീ നമ്മൾ കർമ്മബന്ധമഴിക്കുവാൻ

പല മുഖങ്ങൾ പല ഭാവങ്ങൾ
പല പല വേഷങ്ങളിഞ്ഞാടീടുന്നു

ചിരിക്കുന്നൂ, കരയുന്നൂ ദ്വേഷിക്കുന്നൂ
പരിഭവക്കഥകളും ചമക്കുന്നല്ലോ

ആടിപ്പാടി,ക്കളിച്ചു തളർന്നുറങ്ങീടുന്നൂ
ഒരു നല്ല നാളേക്കുണരാനായി

നാളെ പുലർന്നാലോ വീണ്ടും കെട്ടി-
യാടണം വേഷങ്ങൾ നിയതി കല്പിതം

അവസാനത്തെ ഉറക്കമുറങ്ങിയാൽ-
പ്പിന്നെയാത്മാവിനെന്തു? മുന്നോട്ടുള്ള ഗതി തന്നെ

ഞാൻ 'അതിൽ' ലയിക്കും വരെയുള്ളീ-
പ്പാവക്കൂത്തിന്നു സാക്ഷി, ഏകമാം കർമ്മസാക്ഷി!

●

ലേഖനം

# സാമന്ത ചിന്തകൾ സമാന ചിന്തകൾ



**പി.കെ. മോഹനവർമ്മ**
പിലാത്തറ, മൊ. 9677295265

കേരളത്തിലെ പഴയ മലബാർ ജില്ല മുമ്പ് ഭരിച്ചിരുന്നത് ചേര രാജവംശം ആയിരുന്നു. അവസാനത്തെ ചേരമാൻ പെരുമാൾ രാജ്യം ഉപേക്ഷിച്ചു പോകുമ്പോൾ (എഡി 1124 എന്ന് സൂചന) തന്റെ സാമ്രാജ്യം 17 നാട്ടുരാജ്യങ്ങളായി വിഭജിച്ച് ഭരണം ഓരോരുത്തരെ ഏൽപ്പിച്ചതായി മനസ്സിലാക്കുന്നു.

മലബാർ ജില്ലയുടെ തെക്കേ അറ്റത്തുള്ള (ഇപ്പോഴത്തെ തൃശ്ശൂർ ജില്ലയ്ക്കും കോഴിക്കോടിനും ഇടയിൽ) ഭൂവിഭാഗം വള്ളുവനാട്, ഏറനാട്, നെടുങ്ങനാട്, കവളപ്പാറ, പാലക്കാട്, തുടങ്ങിയ പ്രമുഖ നാട്ടുരാജ്യങ്ങൾ ആയിരുന്നു. ഇവ ഭരിക്കാനുള്ള അവകാശം അതാതിടങ്ങളിലെ പ്രമുഖ പടയാളി നായകന്മാരെയാണ് ഏൽപ്പിച്ചിരുന്നത്.

ഭരിക്കാനായി നാട്ടുരാജ്യങ്ങൾ ഒന്നും വീതിക്കാനില്ലാതെ വന്നപ്പോഴാണ് ചേരരാജാവിന്റെ ചീഫ് കമാൻഡറായ മാണിക്കൻ, വിക്രമൻ, എന്നിവർക്ക് 'വാളും ശംഖും' നൽകി 'ചത്തും കൊന്നും അടക്കിവാണു' കൊള്ളാനുള്ള അനുഗ്രഹങ്ങൾ നൽകി ചേരരാജാവ് സ്ഥാനം വെടിഞ്ഞത്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത 'നെടിയിരുപ്പ്' എന്ന സ്ഥലത്തെ ഏറാടി വംശക്കാരായ മാണിക്കനും വിക്രമനും, (മണിച്ചനും വിക്കിരമനും) 'വാളും ശംഖും' അടയാളമാക്കി നെടിയിരിപ്പ് സ്വരൂപം രൂപീകരിച്ച് സാമൂതിരി (സമുദ്രാതിർത്തി–സമുദ്രാതിരി ലോപിച്ചത്) രാജാക്കന്മാരായി കോഴിക്കോട് ആസ്ഥാനമായി ഭരണം തുടങ്ങി.

അങ്ങനെ സാമന്ത ക്ഷത്രിയന്മാരുടെ ഒരു രാജകുടുംബം സ്ഥാപിതമായി. ഇവർ ഭരണസാമർത്ഥ്യം കൊണ്ട് പാലക്കാട് വരെയുള്ള നാട്ടുരാജാക്കന്മാരെ കീഴ്പ്പെടുത്തുകയുണ്ടായി പല നാട്ടുരാജാക്കന്മാരും സാമൂതിരിയുടെ മേൽക്കോയ്മ സ്വീകരിച്ച് അവരുടെ സാമന്തന്മാരായി നാടുവാഴികളായി തുടർന്നു.

ഇവരിൽ നെടുങ്ങനാട് ദേശത്തെ (തൂതപ്പുഴക്കും ഭാരതപ്പുഴക്കും ഇടയിലുള്ള നീണ്ട പ്രദേശം) നാടുവാഴികളെ 'നെടുങ്ങാടികൾ' എന്നും, ഏറനാട് ദേശത്തെ (മലപ്പുറം, മഞ്ചേരി, അരീക്കോട് തുടങ്ങിയവ) നാടുവാഴികളെ 'ഏറാടി' മാരെന്നും, വള്ളുവനാട് ദേശത്തെ (പെരിന്തൽമണ്ണ, മണ്ണാർക്കാട്, പട്ടാമ്പി, പൊന്നാനി തുടങ്ങിയവ) നാടുവാഴികളെ 'വെള്ളോടി'മാരെന്നും വിളിച്ചുപോരുന്നു.

കവളപ്പാറയിലെ നാടുവാഴി സാമൂതിരിയുടെയും കൊച്ചി രാജാവിന്റെയും മേൽക്കോയ്മ പൂർണമായും സ്വീകരിക്കാതെ എന്നാൽ അനുസരിച്ചും നാടുഭരിച്ചു. അവരാണ് 'കവളപ്പാറ നായന്മാർ' എന്ന പേരിൽ അറിയപ്പെടുന്നത്. (ഇവർ പ്രബലരാണെങ്കിലും സാമന്ത പദവി നൽകിയതായി കാണുന്നില്ല).

പാലക്കാട് ഭരിച്ച ശേഖരി രാജവംശം 'അച്ചന്മാർ' എന്നും അറിയപ്പെട്ടു. ഇവർ രാജ്യരക്ഷാ തുടങ്ങിയ കാര്യങ്ങൾക്കായി മൈസൂർ രാജാവിന്റെ സഹായം തേടിയതായും അറിയുന്നു.

ചേര രാജാക്കന്മാരുടെ മക്കളുടെ പരമ്പരയാവാം, 'തിരുമുല്പാട്' എന്ന സാമന്ത വംശവും ഈ പ്രദേശത്ത് പ്രബലരായുണ്ട്. ഇവർ നെടുങ്ങാടിമാരെ തോൽപ്പിച്ച് നെടുങ്ങനാട് ഭരിച്ചതായും കാണുന്നു.

'കർത്താ/കർത്താവ്' എന്നീ സ്ഥാനപ്പേരുകൾ ലഭിച്ച സാമന്തന്മാരും ഈ നാട്ടിലുണ്ട്.

'പണ്ടാല'മാരും കൂട്ടത്തിലെ പ്രമുഖരാണ്. വടക്കേ മലബാറിൽ നിന്ന് ടിപ്പുവിന്റെ ആക്രമണം ഭയന്ന് മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ

താമസമുറപ്പിച്ചവരാണിവർ എന്ന് അനുമാനിക്കുന്നു.

മേൽപ്പറഞ്ഞ നാടുവാഴി വംശങ്ങളൊക്കെയും സാമന്ത സമുദായത്തിൽ പെട്ടവരാണ്. ഇവർ പാരമ്പര്യമായി ക്ഷത്രിയരോട് സമാനത പുലർത്തുന്ന സംസ്കാരമുള്ളവരും തികഞ്ഞ ആദ്ധ്യാത്മിക ചിന്തകൾ ഉൾക്കൊള്ളുന്നവരും, മത്സ്യമാംസാഹാരങ്ങൾ നിഷിദ്ധമായി കരുതുന്നവരുമാണ്.

സാമന്തന്മാരുടെ സ്ത്രീകൾ 'കോവിലമ്മ/കോവിൽ പാട്' എന്ന പേരിലാണ് അറിയപ്പെടുന്നത് ഇവരെ പൊതുവേ സംബന്ധം കഴിക്കുന്നത് നമ്പൂതിരി/ക്ഷത്രിയ പുരുഷന്മാരാണ്.

ബ്രിട്ടീഷ് ഭരണത്തോടെ പ്രതാപങ്ങൾ അസ്തമിച്ചുവെങ്കിലും ഇവർ ഭൂപ്രഭുക്കന്മാരാ യിരുന്നു, എന്നാൽ കേരളത്തിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ സ്വത്ത് വഹകൾ ഒക്കെയും കൈമോശം വന്ന്, ഇവരൊക്കെ ജീവിത പ്രയാസങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു. പ്രതാപ ഐശ്വര്യങ്ങളുടെ ഭൂതകാലം കേവലം ഓർമ്മകളിൽ ഒതുക്കി അവരിൽ പലർക്കും ജീവിതം കെട്ടിപ്പടുക്കാനായി പടപൊരുതേണ്ടി വന്നു.

തെക്കേ മലബാറിലെ ഷോർണൂർ (ചേരൻ വാണനാട്... ചേരന്നൂര്) കരിമ്പുഴ, പട്ടാമ്പി, ഒറ്റപ്പാലം, അങ്ങാടിപ്പുറം, ചെർപ്പുളശ്ശേരി, (ചേരന്റെ പിള്ളേരുടെ ചേരി), പള്ളിപ്പുറം, കോതക്കുറുശ്ശി, മഞ്ചേരി, കൂറ്റനാട്, നടുവട്ടം, കാറൽമണ്ണ, തൂത... തുടങ്ങിയ പ്രദേശങ്ങളിലാണ് ഈ സമുദായങ്ങൾ പ്രധാനമായും താമസിച്ചുവരുന്നത് ജോലി ആവശ്യാർത്ഥം കൊച്ചി, ബാംഗ്ലൂർ, ഡൽഹി, ബോംബെ, ദുബായ് എന്നിവിടങ്ങളിലും സാമന്ത സമാജാംഗങ്ങളുടെ പ്രസക്തമായ സാന്നിധ്യമുണ്ട്.

ഇവരുടെ സാംസ്കാരിക തനിമ നില നിർത്താനും പരിപോഷണത്തിനുമായി 'സാമന്ത സമാജം' എന്ന പേരിലുള്ള സംഘടന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 14 യൂണിറ്റുകളിലായി 1,500 അംഗങ്ങളുള്ള ഈ സംഘടന നമ്മുടെ സഭയോട് പല കാര്യങ്ങളിലും സമാനത പുലർത്തുന്നുണ്ട്.

സാമന്തൻമാർക്ക് നായർ സമുദായവുമായി പൊരുത്തപ്പെട്ട് പോകാൻ പറ്റാത്തതിനുള്ള പ്രധാന കാരണം ഇവരുടെ വേറിട്ട സാംസ്കാരിക പൈതൃകവും, സസ്യാഹാര രീതിയുമാണ്. ക്ഷത്രിയർക്കും നായർക്കും ഇടയിലുള്ള അന്തരാള വംശമായി സാമന്തർ സ്വന്തം സ്ഥാനം ഉറപ്പിച്ച് അഭിമാനത്തോടെ ജീവിക്കുന്നവരാണെന്ന് പറയാതെ വയ്യ.

## അശ്വതി തിരുനാളിന് എൻ.വി. പുരസ്കാരം



എൻ.വി. സാഹിത്യവേദിയുടെ ഈ വർഷത്തെ പുരസ്കാരം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായിക്ക് സമ്മാനിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഗോവ ഗവർണർ അഡ്വ. ശ്രീധരൻ പിള്ള അവാർഡ്ദാനം നിർവ്വഹിച്ചു.

ജീവിതത്തിന്റെ നാനാ തുറകളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധി സാമന്ത വംശജരുണ്ട് അവരിൽ മലയാളത്തിലെ ആദ്യത്തെ നോവലിസ്റ്റ് (കുന്ദലത നോവലിന്റെ കർത്താവ്), ആദ്യത്തെ ബാങ്കർ (നെടുങ്ങാടി ബാങ്കിന്റെ സ്ഥാപകൻ... 1899), സാമൂഹ്യ പരിഷ്കർത്താവ്, എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. റാവു ബഹദൂർ ടി.എം. അപ്പു നെടുങ്ങാടിയെ ഇത്തരുണത്തിൽ സ്മരിക്കാതെ വയ്യ.

2015-ൽ കോട്ടയത്ത് ചേർന്ന നമ്മുടെ സഭയുടെ വാർഷിക യോഗത്തിൽ, ഈ സമുദായത്തിൽ പെട്ടവർക്ക് അംഗത്വം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവാഹ വിഷയങ്ങളിൽ പങ്കാളിയെ കിട്ടാതെ പ്രയാസപ്പെടുക തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളപ്പോൾ സമാന സംസ്കാരമുള്ളവരുമായി കഴിയുന്നത്ര മേഖലകളിൽ ഒന്നിച്ച് പ്രവർത്തിക്കുന്നത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാത്രമേ കാണേണ്ടതുള്ളൂ. നമുക്ക് മുന്നോട്ടേക്കാണല്ലോ സഞ്ചരിക്കേണ്ടത്.

# ചിറക്കൽമേള 2024




കണ്ണൂർ ചിറക്കൽ കോവിലകം കുടുംബാംഗങ്ങളുടെയും ബന്ധുജനങ്ങളുടെയും ഒരു കൂടിച്ചേരൽ ചിറക്കലുള്ള ഫോക്‌ലോർ അക്കാഡമി ഓഡിറ്റോറിയത്തിൽ വെച്ച് 'ചിറക്കൽമേള 2024' എന്ന പേരിൽ 21-9-2024-ന് നടന്നു. ചിറക്കൽ കോവിലകം വലിയരാജ സി.കെ. രാമവർമ്മരാജ ഉദ്ഘാടനകർമ്മം നിർവഹിച്ചു. കുടുംബാംഗങ്ങളുടെ നല്ല പിന്തുണയും പങ്കാളിത്തവുമുണ്ടായിരുന്നു. വ്യത്യസ്ത ശൈലിയിൽ ഫൺസ് ആൻഡ് ഗെയിംസിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികളാണ് അവതരിപ്പിച്ചത്. കുട്ടികളും മുതിർന്നവരും ഒരുപോലെ പരിപാടികളിൽ പങ്കെടുത്തു. കവിതാ പാരായണവും ഗാനാലാപനവും ശ്രോതാക്കളുടെ മനംകവർന്നു. കോവിലകം കുടുംബാംഗങ്ങളും ബന്ധു ജനങ്ങളും ചേർന്ന് നടത്തിയ ഭക്തിസാന്ദ്രമായ ഭജനയുമുണ്ടായിരുന്നു. യുവതലമുറയുടെ ചടുലതയാർന്ന കലാശക്കൊട്ട് ഡാൻസോടുകൂടി പരിപാടി സമാപിച്ചു.

**കുടുംബാംഗങ്ങളിൽ നിന്നും ബന്ധുജനങ്ങളിൽനിന്നും പരിപാടിയുടെ നടത്തിപ്പിന് ലഭിച്ച തുകയിൽനിന്നും 5,000 രൂപ വയനാട് ദുരിതബാധിതർക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.**



## അക്ഷരശ്ലോക മത്സരത്തിൽ ഒന്നാംസ്ഥാനം നേടി

ചെങ്ങളം മനോരമത്തമ്പുരാട്ടിയുടെ സ്മരണാർത്ഥം ക്ഷത്രിയ ക്ഷേമസഭ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടത്തിയ അക്ഷരശ്ലോക മത്സരത്തിൽ ഒന്നാംസ്ഥാനത്തിനർഹനായ **അശോക് കുമാർ പി.** ചേന്ദമംഗലം പാലിയത്ത് ഗോപിനാഥൻ അച്ചന്റെയും കൊരട്ടി സ്വരൂപത്തിൽ കൊച്ചുകുട്ടൻ തമ്പുരാന്റെ മകൾ സതീദേവിയുടെയും മകനാണ്. തൃശ്ശൂർ പൂരത്തിൽ സുവർണ്ണ മുദ്ര ഉൾപ്പെടെ വിവിധ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

കവിത



# ശിവമാനസപൂജ

വിനോദ് വർമ്മ
ചെന്നൈ, മൊ. 98400 31531

*(ശ്രീശങ്കരാചാര്യ രചിതമായ 'ശിവമാനസപൂജ'യുടെ വിവർത്തനം. പ്രചോദനം: ഹിന്ദി)*

രത്നംകൊണ്ടൊരിരിപ്പിടം, ഹിമജല-
സ്നാനം, പലേ രത്നവും
ചേരും ദിവ്യമൊരംബരം, മൃഗമദം
ചാലിച്ചതാം ചന്ദനം,
ജാതീചമ്പകകൂവളാദികലരും
പുഷ്പങ്ങളും, ധൂപവും,
ദീപം മാനസകല്പിതം പശുപതേ!
നീട്ടാമതേൽക്കേണമേ

പൊന്നേവം നവരത്നവും കലരുമീ-
പാത്രത്തിലായ് പായസം
നെയ്യും ഭക്ഷണമഞ്ചു, പാലു, ദധിയും
വാഴപ്പഴം പാനകം
ധാരാളം കറിയും ജലം രുചികരം
കർപ്പൂരദീപ്തം പ്രഭോ
താംബൂലം മനസാ രചിച്ചതടിയൻ
നീട്ടാമിതേൽക്കേണമേ

ഛത്രം, ചാമരയുഗ്മമാം വിശറിയും
നല്ലോരു കണ്ണാടിയും
വീണാഭേരിമൃദംഗവും കലകളും
പാട്ടും തഥാ നൃത്തവും
സാഷ്ടാംഗം പ്രണമിച്ചു പൂജയിവയാൽ
ചെയ്യുന്നു സങ്കല്പമായ്
നീട്ടീടുന്ന സമർപ്പണം മമ വിഭോ
നീ സ്വീകരിക്കേണമേ

ആത്മാ നീ, ഉമയെന്മനം, സഹചരർ
പ്രാണങ്ങൾ, ദേഹം ഗൃഹം
പൂജാർത്ഥം വിഷയോപഭോഗമതുപോൽ-
സ്വാപം സമാധിസ്ഥിതിഃ
സഞ്ചാരം ഹര! നിൻ പ്രദക്ഷിണമിവൻ
ചൊല്ലുന്നതെല്ലാം സ്തവം
ചെയ്തീടും മമ കർമ്മമൊക്കെ ശിവനേ!
നൂനം തവാരാധനം

കരചരണയുഗത്താൽ നിത്യമെൻ മെയ്യുകൊണ്ടും
ചെവിമിഴിയിവയാലും മാനസത്താലുമേവം
അറിവൊടുമറിയാതും ചെയ്ത കുറ്റം ക്ഷമിക്കൂ
ശിവശിവ! കരുണാബ്ധേ! ശ്രീമഹാദേവ! ശംഭോ!

## പുതിയ ഭാരവാഹികൾ



ചേർത്തല വാരനാട് ദേവീക്ഷേത്രത്തിൽ ഒക്ടോബറിൽ നടന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ ദേവസ്വം പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കാട്ടുങ്കൽ കോവിലകത്ത് **പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ**യും (ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ്) വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കേരള വിലാസം കോവിലകത്ത് **കെ.എൻ. ഉദയവർമ്മ**യും തെരഞ്ഞെടുക്കപ്പെട്ടു. നാല് വർഷമാണ് ഭരണസമിതിയുടെ കാലാവധി.

*പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ*



*കെ.എൻ. ഉദയവർമ്മ*

# പാലാ രാമപുരം നാലമ്പല ദർശനം




**എൻ.എം. മല്ലികാ റാണി**
കോട്ടയം, മൊ. 9744801150

തൃശൂർ ജില്ലയിലെ നാലമ്പലങ്ങൾ ഒരു ദിവസം കൊണ്ടല്ലെങ്കിലും പോയിട്ടുണ്ട്. പക്ഷേ, ജനിച്ചു വളർന്ന കോട്ടയത്തിന്റെ അടുത്തുള്ള നാലമ്പലങ്ങളിൽ ഇതുവരെയും പോകാൻ കഴിഞ്ഞിട്ടില്ലല്ലോയെന്ന ഒരു ചെറിയ വിഷമം ഉണ്ടായിരുന്നു. ഈ കർക്കടകത്തിൽ എന്തായാലും നാലമ്പല ദർശനം നടത്തണമെന്നു ആഗ്രഹിച്ചിരുന്നപ്പോഴാണ് കോട്ടയം ക്ഷത്രിയ ക്ഷേമസഭയുടെ വാട്സാപ് ഗ്രൂപ്പിൽ പ്രസിഡന്റിന്റെ ഒരു മെസേജ് വന്നത് ക്ഷത്രിയ ക്ഷേമ സഭ നാലമ്പല ദർശനം നടത്തുന്നു. താൽപര്യമുള്ളവർ പേരു നൽകണം. അടുത്ത സെക്കന്റിൽ പേരു നൽകി അന്നു മുതൽ കാത്തിരിക്കാനും തുടങ്ങി അങ്ങനെ ജൂലൈ 21നു രാവിലെ 6.30നു കോട്ടയത്തു നിന്നു 21 പേരുമായി ഒരു ട്രാവലറിൽ യാത്ര ആരംഭിച്ചു വണ്ടിയിൽ ഭക്തി നിർഭരമായ പാട്ടുകൾ. പാലായിലെത്തി പ്രഭാതഭക്ഷണം കഴിച്ചു. നേരെ രാമപുരത്തേക്ക് അവിടെയാണ് ശ്രീരാമ സ്വാമി ക്ഷേത്രം ക്ഷേത്രവും ക്ഷേത്ര ഗോപുരവും കടന്ന് മെയിൻ റോഡിൽ രണ്ട് ഫർലോഗോളം രണ്ടു വശത്തും ഭക്തജനങ്ങളുടെ നീണ്ട നിര ഞങ്ങൾ നിരയിൽ സ്ഥാനം പിടിച്ചു ശ്രീരാമ സ്വാമിയെ തൊഴുത് കഴിയുമ്പോഴേക്കും മൂന്നു നാലു മണിക്കൂർ എടുക്കുമെന്നു എല്ലാവർക്കും തോന്നി തുടങ്ങി അപ്പോഴേക്കും മറ്റ് അമ്പലങ്ങൾ അടയ്ക്കും ഞങ്ങളുടെ സംഘാടകർ വളരെ ഉചിതമായ ഒരു തീരുമാനമെടുത്തു. ഞങ്ങൾ നിന്നതിനു തൊട്ടടുത്ത് വഞ്ചിപ്പാട്ടിന്റെ പിതാവ് എന്നറിയപ്പെടുന്ന രാമപുരത്ത് വാരിയരുടെ സ്മാരകമായി ഒരു സ്കൂൾ ഉണ്ട് അതിന്റെ മൈതാനത്തു കൂടി ക്ഷേത്രത്തിന്റെ മുന്നിലെത്തി വെളിയിൽ നിന്നു തൊഴുതു. എന്നിട്ട് മറ്റ് ക്ഷേത്രങ്ങളിലേക്ക് വീണ്ടും തിരികെ രാമസ്വാമിയുടെ അടുത്തേക്ക് അങ്ങനെ രാമസ്വാമിയെ തൊഴുത്



കൂടപ്പുലം ഭരത സ്വാമി ക്ഷേത്രത്തിലെത്തി അവിടെയും ഭക്തരുടെ സാമാന്യം നീണ്ട നിര റോഡിൽ നിന്നു. ഉയരത്തിലാണ് ക്ഷേത്രം പടികളും കൈവരികളും ഉണ്ടായിരുന്നതു കൊണ്ട് മുകളിൽ എത്താൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല ക്യൂവിലെ പല സ്ഥലത്തും ചുക്കുവെള്ളം വിതരണം ചെയ്തിരുന്നു വഴിപാട് സാധനങ്ങളും ക്യൂവിൽ നിന്നു വാങ്ങാൻ ക്രമീകരണങ്ങൾ ഉണ്ടായിരുന്നു സ്വർണ അങ്കിയിൽ തേജസ്വിയായ ലക്ഷ്മണ വിഗ്രഹമായി ആ അനന്ത അവതാരം കണ്ടു അവിടെ നിന്നു അയ്യപ്പ സ്വാമിയെയും ദേവിയെയും തൊഴുത് പുറത്തിറങ്ങി നേരെ അമനകര ഭരത ക്ഷേത്രത്തിലേക്ക്. അവിടെയും ഭക്തരുടെ തിരക്ക്. ഭരത സ്വാമിയെ തൊഴുത് ശ്രീരാമപാദുകം വന്ദിച്ച് അവിടെ നിന്നുമിറങ്ങി മീനൂട്ടുള്ള കുളത്തിലേക്കുള്ള വഴി ക്യൂ നിന്നപ്പോൾ കണ്ടെങ്കിലും അങ്ങോട്ട് പോകാൻ കഴിഞ്ഞില്ല. ഔഷധ മൂല്യമുള്ള കർക്കടക കഞ്ഞി വിതരണം ഉണ്ടായിരുന്നെങ്കിലും

# അവാർഡ് ശോഭയിൽ തിളങ്ങി 'മീനാക്ഷിപുരം'



ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും കോട്ടയം യൂണിറ്റ് പ്രഡിഡന്റുമായ ആത്മജവർമ്മ തമ്പുരാൻ തിരക്കഥയെഴുതി ജയരാജ് സംവിധാനം ചെയ്ത 'വൺമാൻ വില്ലേജ്' എന്ന ഡോക്യുമെന്ററി ഡൽഹി ഹ്രസ്വചിത്ര രാജ്യാന്തര ചലച്ചിത്ര മേളയിൽ പുരസ്കാരം നേടി. മികച്ച ഛായാഗ്രഹണത്തിനുള്ള അവാർഡ് ചിത്രത്തിലെ ഛായാഗ്രഹണം നിർവ്വഹിച്ച മഹേഷ് രാജിന് ലഭിച്ചു.

തമിഴ്നാട്ടിലെ തിരുനെൽവേലിക്കു സമീപം ഒരാൾ മാത്രം താമസിച്ചിരുന്ന 'മീനാക്ഷിപുരം' ഗ്രാമത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയാണിത്.

ശുദ്ധമായ വെള്ളവും വഴിയും ഇല്ലാതെ ഒറ്റപ്പെട്ട മീനാക്ഷിപുരത്തു നിന്നു കന്തസ്വാമി ഒഴികെ ബാക്കിയെല്ലാവരും വർഷങ്ങൾക്കു മുൻപു വീടും സ്ഥലവും ഉപേക്ഷിച്ച് വിവിധ നാടുകളിലേക്കു പോയിരുന്നു. ഏകദേശം 1200 പേർ താമസിച്ചിരുന്ന ഗ്രാമമാണിത്. എല്ലാവരും പലായനം ചെയ്തിട്ടും കന്തസ്വാമി ഏകാന്തവാസത്തിൽ കഴിഞ്ഞു. ഈ യഥാർത്ഥ സംഭവത്തെ അവലംബിച്ചുള്ളതാണ് കഥ. മൂന്നു പതിറ്റാണ്ടിലേറെ ഗ്രാമത്തിൽ ഒറ്റയ്ക്ക് ജീവിച്ച കന്തസ്വാമി (74) കഴിഞ്ഞ ജൂണിൽ വിടപറഞ്ഞു.

## ലോക റെക്കാർഡിൽ ഇടംനേടി



ഇരിങ്ങാലക്കുടയിൽ എഴുനൂറോളം കലാകാരികളെ പങ്കെടുപ്പിച്ചു കൊണ്ട് 15 മണിക്കൂറിലധികം നീണ്ടുനിന്ന മുപ്പതിലധികം സംഘങ്ങൾ പങ്കെടുത്ത കൈകൊട്ടിക്കളി സെപ്തംബർ 21 രാവിലെ 6 മണി മുതൽ വൈകീട്ട് 12 മണി വരെ തുടർച്ചയായി നടക്കുകയുണ്ടായി. ഈ പരിപാടി യൂണിവേഴ്സൽ റെക്കോർഡ് ഫോറമിന്റെ ലോക റെക്കാർഡിൽ ഇടം പിടിച്ചിട്ടുണ്ട്. വെള്ളാരപ്പിള്ളി ക്ഷത്രിയ സഭയിലെ കൈകൊട്ടിക്കളി സംഘവും ഈ പരിപാടികളിൽ പങ്കെടുത്തു

→

നീണ്ട നിര കാരണം ഞങ്ങൾ വേഗം മേതിരി ശത്രുഘ്ന ക്ഷേത്രത്തിലേക്ക് തിരിച്ചു. അവിടെ തിരക്ക് കുറവായിരുന്നു. ശത്രുഘ്ന സ്വാമിയുടെ സ്വർണ വിഗ്രഹം തൊഴുത് അടുത്തു തന്നെയുള്ള പോർക്കലി ദേവിയെയും തൊഴുത് വീണ്ടും ശ്രീരാമ സന്നിധിയിലെത്തി മുക്കാൽ മണിക്കൂർ ക്യൂ നിന്ന്, സർവ്വാഭരണ വിഭൂഷിതനായി ജ്വലിക്കുന്ന തേജസ്സോടെ ചതുർബാഹുവായ ശ്രീരാമ സ്വാമിയെ കണ്ടു അനുഗ്രഹത്തിനായി പ്രാർത്ഥിച്ച് മനസ്സ് നിറഞ്ഞ് പുറത്തിറങ്ങി, ചിരകാല സ്വപ്നം യാഥാർത്ഥ്യമായതിന്റെ സന്തോഷവും പേറി.

●

ലേഖനം

# അവസാനയാത്ര

**ഉമാ രവി രാജ**

ഇല്ലിനോയ്, യു.എസ്.എ. മൊ. +1 8479998767



വിഷ്ണുപാദത്തിൽ ചേർന്ന് മുക്തി നേടാനുള്ള ആ അവസാനയാത്രയിൽ എന്തേ അഛന് ഇങ്ങിനെ ഒരു ആഗ്രഹം തോന്നാൻ!

അതോ അഛന്റെ അനുഗ്രഹം എനിക്ക് ഒരിക്കൽ കൂടി ലഭിയ്ക്കാനുള്ള ഒരവസരം കണ്ണനുണ്ണി ഒരുക്കിത്തന്നതോ?

2007 സെപ്തംബർ 15-ന് നാട്ടിലേക്ക് രമയും അമ്മയുമായി സംസാരിക്കുമ്പോൾ “അഛന് നല്ല സുഖമില്ല. ശ്വാസംമുട്ടൽ പോലെ, ഒരു കിതപ്പ് പോലെ തോന്ന്ണ്ട് കുറച്ച് നടക്ക്മ്പഴക്കും” എന്നൊക്കെ പറഞ്ഞത് കേട്ടപ്പോൾ വല്ലാതെ വിഷമം തോന്നി.

അഞ്ച് മാസം മുമ്പ് ഏപ്രിൽ 12-ന് നാട്ടിലെത്തി, തൃശൂരിൽ വെച്ച് എല്ലാവരും കൂടി വിഷു ആഘോഷിച്ച് വിഷുക്കണി കണ്ട് അഛന്റെ അടുത്ത് വിഷുക്കൈനേട്ടം മേടിച്ച് ആ കാൽക്കൽ നമസ്കരിച്ച് അനുഗ്രഹവും കിട്ടി, പടക്കം പൊട്ടിക്കലും വിഷു സദ്യയും എല്ലാം ആസ്വദിച്ച്, പിന്നെ രണ്ടാഴ്ച കൂടി കഴിഞ്ഞ്, മേയ് 1-ന് (മേടത്തിൽ ചിത്ര) ഗുരുവായൂരപ്പനെ തൊഴുത്, ഗുരുവായൂർ കൃഷ്ണ ഹോട്ടലിൽ വെച്ച് അച്ഛന്റെ അശീതിയും നമ്മൾ പുത്തൻ കോവിലകക്കാരെല്ലാവരും കൂടി ഗംഭീരായി നടത്തി, മേയ് 5-ന് അച്ഛന്റെ അമ്മടം കാൽതൊട്ട് നമസ്കരിച്ച്, അനുഗ്രഹവും വാങ്ങി, ഏയർപോർട്ടിലേക്ക് പോകാനായി കാറിൽ കയറിയപ്പോൾ ഒരു നിമിഷമെങ്കിലും വിചാരിച്ചോ ഇത് അവസാനത്തെ കാണലായിരിക്കും അഛനെയെന്ന് അഛന് അത് നന്നായി അറിയാമായിരുന്നെങ്കിലും, ഞങ്ങളുടെ മനസ്സിൽ ആ ചിന്ത ഒരു നിമിഷ നേരത്തേയ്ക്ക് പോലും ഉണ്ടായില്ല എന്നതാണ് സത്യം.

മെയ് 1-ന് എൺപതാം പിറന്നാൾ ആഘോഷം കഴിഞ്ഞ് തിരിച്ച് ‘പൂർണ്ണിമ’യിലേയ്ക്ക് നടക്കുമ്പോൾ, രവിയുടെ കൈപിടിച്ച്, “ഇത് എന്റെ അവസാനത്തെ പിറന്നാളാണ്, ട്ടൊ” എന്ന് അഛൻ ഉറപ്പിച്ച് പറഞ്ഞപ്പോൾ, “അതൊക്കെ മോൾ ഒരാളല്ലേ തീർച്ചാക്കാ, നമ്മളല്ലല്ലോ” എന്ന് തമാശയായി ചിരിച്ചുകൊണ്ട് പറഞ്ഞ രവിയോട്, “അതൊക്കെ ശര്യാ, പക്ഷെ നോക്കിക്കോളു, അടുത്ത പിറന്നാളിന് ഞാൻ ഉണ്ടാവില്ല” എന്ന് ഉറപ്പിച്ച് പറഞ്ഞുവത്രെ, അഛൻ.

തിരിച്ച് ചിക്കാഗോയിലെത്തിയ ശേഷവും സാധാരണപോലെ ആഴ്ചയിലൊരു ദിവസം കിട്ടാറുള്ള അച്ഛന്റെ നീണ്ട കത്തുകൾ ഒരു മാറ്റവും കൂടാതെ, പിറ്റെത്താഴ്ച തൊട്ട് കിട്ടിത്തുടങ്ങി. അതുപോലെ തന്നെ ആഴ്ചയിലൊരിക്കലുള്ള ഫോൺകാളുകളും എല്ലാ ആഴ്ചയിലും തുടർന്നു. അപ്പോഴേയ്ക്കും കേൾവി നന്നായി കുറഞ്ഞിരുന്നതിനാൽ, ഫോണിൽ ഇങ്ങട് പറയലായി അധികവും; അങ്ങട് പറയാനുള്ള വിശേഷമൊക്കെ പതിവുപോലെ കത്തിലൂടെ തന്നെ കൈമാറി. അങ്ങിനെ നാല് മാസം കടന്നു പോയി. അപ്പോഴാണ് നടക്കുമ്പോൾ അച്ഛന് കുറേശ്ശെ ശ്വാസം മുട്ടൽ വരുന്നവെന്ന് രമ പറഞ്ഞത്. അച്ഛനും കുറച്ച് നേരം അന്ന് ഫോണിൽ സംസാരിച്ചു. “ഞാൻ നാട്ടിലേയ്ക്ക് വരാം; കുറച്ച് ദിവസം അച്ഛന്റേയും അമ്മയുടേയും ഒപ്പം നിക്കാൻ” എന്ന് ഞാൻ പറഞ്ഞത് രമ ഒരു കടലാസ്സിൽ എഴുതി അച്ഛന് കാണിച്ച് കൊടുത്തപ്പോൾ, “അതൊന്നും വേണ്ട, പ്പൊങ്ങട് വന്ന് പോയിട്ടല്ലേള്ളു; ഇനിപ്പൊ തന്നെ രണ്ടാമത് വരൊന്നും വേണ്ട, എനിക്ക് അങ്ങിനെ വയ്യായ്കയൊന്നുല്ല്യ” എന്ന് അഛൻ ഉറപ്പിച്ച് പറഞ്ഞു. അധികം സംസാരിച്ച് ശ്വാസം

മുട്ടൽ കൂട്ടേണ്ടെന്നും പറഞ്ഞ് അച്ഛൻ ഫോൺ പിന്നെ അമ്മേടെ കയ്യിൽ കൊടുത്തു. അമ്മയും പറഞ്ഞു, "അധികൊന്നുല്ല്യ, പേടിയ്ക്കുകയൊന്നും വേണ്ട" എന്നൊക്കെ. ഫോൺ വെച്ചശേഷം രവി എന്നോട് പറഞ്ഞു, "ഞാൻ നാളെത്തന്നെ ടിക്കറ്റ് ബുക്ക് ചെയ്യാം, ഉമ ഒന്ന് നാട്ടിൽ പോയി വരൂ; അച്ഛന് ഒന്നും സംഭവിയ്ക്കില്ല്യ, പക്ഷെ കുറച്ച് ദിവസം അച്ഛന്റേം അമ്മേടേം അടുത്ത് പോയി നിന്ന് വരൂ" എന്ന്.

അന്ന് അഛനും ഞാനുമായുണ്ടായ ഫോൺ സംഭാഷണ സമയത്ത്, അഛന്റെ അടുത്തിരുന്നിരുന്ന മുരളിയേട്ടൻ, അച്ഛൻ ഫോൺ വെച്ച് കഴിഞ്ഞപ്പോൾ അച്ഛനോട് ചോദിക്കുകയും ചെയ്തു, "എന്തിനാ ഉമയോട് വരണ്ട എന്ന് പറഞ്ഞത്? കുഞ്ഞേട്ടമ്മാമന് കാണണം ന്ന് തോന്നണില്ലേ?" എന്ന്. "കാണണം ന്ന് തോന്നി ന്ന് ചോദിച്ചാൽ, കാണണംന്നൊക്കെണ്ട്. പക്ഷെ പ്പൊങ്ങട് വന്ന് പോയല്ലേള്ളൂ; ഇത് കോഴിക്കോട്ന്ന് തൃശ്ശൂർക്ക് വരണ പോലൊന്ന്വല്ലല്ലോ... വേണ്ട, പ്പൊ വരാനൊന്നും പറയണ്ട. എനിയ്ക്ക് വല്ലതും പറ്റിച്ചാൽ ക്രിയകൾ ചെയ്യാൻ വേണച്ചാ വന്നോട്ടെ; അതു മതി" എന്ന് പറഞ്ഞ ശേഷം, "വരണ്ടേരും; ഒരു രണ്ട് ദിവസത്തിനുള്ളില് അവിടുന്ന് പുറപ്പടണ്ടി വരും" എന്ന് തലയാട്ടി ഉറപ്പിച്ചുകൊണ്ട് അച്ഛൻ മുരളിയെട്ടനോട് പറയും ചെയ്തുന്ന് മുരളിയേട്ടനും രമയും ഞങ്ങളോട് പിന്നെ പറഞ്ഞിരുന്നു.

അന്ന് സപ്തംബർ 15 – എല്ലാ മാസവും മൂന്നാമത്തെ ശന്യാഴ്ച വൈകുന്നേരം ഇവിടെ ഷിക്കാഗോയിൽ, ഒത്തുകൂടാറുള്ള ഞങ്ങൾ 7–8 കുടുംബങ്ങൾ ഉള്ള ഒരു ആദ്ധ്യാത്മിക കൂട്ടായ്മ അന്ന്, ഞങ്ങൾക്ക് വളരെ വേണ്ടപ്പെട്ട, ഞങ്ങളുടെ അടുത്ത സുഹൃത്തുക്കളായ സേതു– മൃദുലമാരുടെ വീട്ടിൽ വെച്ചായിരുന്നു. അതിന് പോണവഴി കാറിൽ വെച്ചും എന്റെ നാട്ടിലേയ്ക്കുള്ള പോക്കിനെ പറ്റി തന്നെയാണ് ഞാനും രവിയും സംസാരിച്ചിരുന്നത്. അവിടെയെത്തി, കുശലം പറയലും ചായകുടിയും ഒക്കെ കഴിഞ്ഞ് സന്ധ്യക്ക് വിളക്കുകൊളുത്തി നാമം ജപം, ഭജന, കീർത്തനങ്ങൾ, ആദ്ധ്യാത്മിക വിഷയത്തെ പറ്റിയുള്ള തുടർചർച്ച ഒക്കെ കഴിഞ്ഞ് സമർപ്പണശ്ലോകങ്ങളും ചൊല്ലിയവസാനിപ്പിച്ച്, ആരതിയും ഉഴിഞ്ഞ് എണീറ്റ് പ്രസാദം വിതരണം ചെയ്യുമ്പോൾ, സേതു എന്നോട്, "ഉമേ അച്ഛന് വിശേഷിച്ചൊന്നുല്ല്യല്ലോ, അല്ലെ?" എന്നൊരു ചോദ്യം. ആദ്യം അത് കേട്ടപ്പോൾ ഞാനൊന്ന് അമ്പരന്നു, എന്താപ്പൊ സേതു ഇങ്ങിനെ ചോദിയ്ക്കാൻ എന്നാലോചിച്ച്.

സേതുവിന് അഛനെ നന്നായി അറിയാം. അച്ഛനും അമ്മയും ഇവിടെ ചിക്കാഗോവിൽ ഞങ്ങളുടെ അടുത്ത് വന്നപ്പോൾ കണ്ട് സംസാരിച്ചതിന് പുറമെ, നാട്ടിൽ വരുമ്പോ പല തവണ ഗുരുവായൂരിലും കോഴിക്കോട്ടും ഞങ്ങളുടെ വീട്ടിൽ സേതു വന്നിട്ടുണ്ട്. അച്ഛനായി വളരെനേരം ഇരുന്ന് സംസാരിക്കാറുമുണ്ട്. തമ്പുരാൻ എന്നേ സേതു അച്ഛനെ വിളിയ്ക്കാറുള്ളു. അച്ഛൻ ഇരിയ്ക്കുന്ന കസേരയുടെ അടുത്തുള്ള കസേര ദൂരത്തേയ്ക്ക് നീക്കി മാറ്റിവെച്ച്, അഛന്റെ നേർമുന്നിൽ നിലത്ത് അഛനേയും നോക്കി ചമ്രം പടിഞ്ഞിരുന്നാണ് പോണവരെ അവർ തമ്മിലുള്ള സംസാരം എന്നൊക്കെ രമ പറയാറുണ്ടായിരുന്നു. എത്ര പറഞ്ഞാലും അഛന്റെ അടുത്ത് കസേരയിൽ ഇരിയ്ക്കില്ല സേതു. അത്ര ബഹുമാനമാണ് അച്ഛനെ.

പക്ഷെ, അഛന് കുറച്ച് സുഖല്യ; നടക്കുമ്പോ ചെറിയൊരു ശ്വാസംമുട്ടൽ എന്ന, അന്ന് രാവിലെ കിട്ടിയ വർത്തമാനൊന്നും പറഞ്ഞ് കഴിഞ്ഞിരുന്നില്ല. ടിക്കറ്റൊക്കെ ബുക്ക് ചെയ്ത ശേഷം നാട്ടിൽ പോണ കാര്യം എല്ലാവരോടും പറയാം എന്നാണ് ഞാൻ വിചാരിച്ചിരുന്നത്; അതോണ്ട് നാട്ടിൽ പോവാൻ ഒരാലോചനള്ള കാര്യൊന്നും ആരോടും പറഞ്ഞിരുന്നില്ല. പക്ഷെ പെട്ടെന്ന് സേതു ഇങ്ങിനെ അച്ഛന് വിശേഷിച്ചൊന്നുല്ലല്ലോന്ന് ഇങ്ങട് ചോദിച്ചപ്പോൾ, അന്ന് രാവിലെ അഛനുമായുണ്ടായ ഫോൺ സംഭാഷണവും അഛന്റെ ചെറിയ ശ്വാസംമുട്ടലിന്റെ കാര്യവും ഞാൻ നാട്ടിൽ പോവാണെന്നുമൊക്കെ പറഞ്ഞു.

പ്രസാദമൊക്കെ കഴിച്ച് കഴിഞ്ഞപ്പോഴേയ്ക്കുമുണ്ട് എന്റെ ഫോൺ അടിക്കുന്നു. വേഗം ചെന്ന് എടുത്തപ്പോൾ രശ്മിയാണ്, "വല്യമ്മേ, മുത്തച്ഛൻ പോയി വല്യമ്മേ... അമ്മ ദാ പ്പൊ വിളിച്ച് പറഞ്ഞതാണ്" എന്ന് രശ്മി വിതുമ്പിക്കൊണ്ട് പറഞ്ഞപ്പോൾ വിശ്വസിക്കാനായില്ല്യ. ഉടനെ തന്നെ തൃശ്ശൂർക്ക് വിളിച്ചു ഞങ്ങൾ. നാട്ടിൽ അപ്പോൾ സെപ്തംബർ

16 ഞായറാഴ്ച രാവിലെയാണ് സമയം. കുട്ട്യേട്ടനാണ് എല്ലാം വിസ്തരിച്ച് പറഞ്ഞുതന്നത്. മനസ്സ് വിങ്ങിപ്പൊട്ടീട്ട്... കണ്ണ് നിറഞ്ഞൊഴുകീട്ട്... കുട്ട്യേട്ടൻ പറയണത് കേൾക്കാൻ പറ്റീരുന്നില്ല എനിയ്ക്ക്; പിന്നെ രവി ഫോൺ വാങ്ങി കുട്ട്യേട്ടനായി സംസാരിച്ച് എല്ലാം മനസ്സിലാക്കി.

അച്ഛൻ രാവിലെ എണീറ്റ് കാലും മുഖവും കഴുകി വിളക്ക് കൊളുത്തി തൊഴുതു കഴിഞ്ഞപ്പൊഴേയ്ക്കും കുറച്ചൊരു ക്ഷീണവും വയ്യായ്കയും തോന്നി വീണ്ടും കട്ടിലിൽ വന്ന് കിടന്നുവത്രെ. കൈകൾ കൂപ്പി നാമംജപിച്ച് കിടക്കുകയായിരുന്നു. ഹരിദ്വാറിൽ 'ഹർ കി പൈരി'യിൽ നിന്ന് സ്വന്തം കൈകൊണ്ട് മുക്കിയെടുത്ത ആ പവിത്രമായ ഗംഗാജലം സൂക്ഷിച്ചുവെച്ചിരുന്ന കുപ്പിയിൽ നിന്ന് ഗംഗാജലവും കുറച്ചെടുത്ത് സേവിച്ചിരുന്നു. ഇടയ്ക്കിടയ്ക്ക് കണ്ണനുണ്ണീടെ മുന്നിൽ വിളക്ക് കൊളുത്തി വെച്ചോടത്തേയ്ക്ക് നോക്കി തൊഴുന്നും ഉണ്ടായിരുന്നു. എല്ലാ മാസവും സംക്രമ സമയത്ത് നെയ്‌വിളക്കാണ് അഛൻ കൃത്യമായി കത്തിച്ചിരുന്നത്. അന്ന് സംക്രമം ആണെന്നറിയാം. അമ്മയോട്, "നെയ്‌വിളക്ക് കത്തിയ്ക്കണ്ടേ, മറക്കണ്ട" എന്നൊക്കെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. അന്ന് പക്ഷെ വൈന്നേരത്തോടെയേ സംക്രമം ആവുള്ളൂ എന്ന് അമ്മ പറഞ്ഞപ്പോൾ, ശരിയെന്ന് അമ്മയോട് തലയാട്ടി കാണിക്കുകയും ചെയ്തു. പിന്നെയും കണ്ണനുണ്ണിയെ നോക്കി കൈ കൂപ്പി തൊഴുതു.

ഹോസ്പിറ്റലിൽ പോവാം ന്ന് രമയും ഉണ്ണികൃഷ്ണനും നിർബന്ധിച്ച് പറഞ്ഞപ്പൊ, അതൊന്നും വേണ്ടാന്ന് പറഞ്ഞൂത്രേ അച്ഛൻ. തനിക്ക് പോവാനുള്ള സമയായീന്ന് അച്ഛന് തന്നെ നന്നായി അറിയാമായിരുന്നു. അച്ഛന് വയ്യെന്ന് കേട്ട് കുട്ട്യേട്ടനും മുരളിയേട്ടനും ഒക്കെ എത്തി. ഇവരൊക്കെ വരുന്നതുകണ്ട്, അവിടുത്തെ സെക്യൂരിറ്റി ഗാർഡും അച്ഛനെ കാണാൻ മോള്ള്ലെ നിലയിലെ ഫ്ളാറ്റിലേയ്ക്ക് ഓടിവന്നു, അച്ഛൻ കിടന്നിരുന്ന മുറിയുടെ വാതിൽക്കൽ വന്ന് അച്ഛനെ നോക്കിയപ്പോൾ, മുഖത്ത് ചെറിയൊരു പുഞ്ചിരിയോടെ, ഞാൻ പോവായീ എന്ന് കൈ കൊണ്ട് ആംഗ്യം കാണിച്ചുവത്രെ അച്ഛൻ അദ്ദേഹത്തെ നോക്കിയിട്ട്. ആ ഗാർഡ് എന്നോട് പിന്നെ പറഞ്ഞുതന്നതാണ് ഈ സംഭവം.

പിന്നെയും രണ്ട് പ്രാവശ്യം കൂടി വിളക്ക് വെയ്ക്കണോടത്തേയ്ക്ക് നോക്കി ഭഗവാനെ കൈകൂപ്പി തൊഴുത്, അങ്ങനെ കണ്ണടയ്ക്കാണ് ഉണ്ടായത്.

നടന്നാലുള്ള കിതപ്പും ക്ഷീണവും അല്ലാതെ, ഒട്ടും ഒരു വേദനയോ വയ്യായയോ ഒന്നുമില്ലാതെ, ശാന്തമായ ഒരു അന്ത്യം. കുട്ട്യേട്ടനാണ് ഒക്കെ രവിയോട് പറഞ്ഞുകൊടുത്തത്.

അനായാസേന മരണം വിനാ ദൈന്യേന ജീവനം
ദേഹി മേ കൃപയാ സിന്ധോ ത്വായി ഭക്തിം അചഞ്ചലം

എന്ന് കുട്ട്യാവുമ്പോ തൊട്ട് കേട്ട് വളർന്ന ശ്ളോകം, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മുന്നിൽ കണ്ടത് ഇവിടെയാണ് അച്ഛന്റെ ജീവിതത്തിലും മരണത്തിലും ആണ്.

നല്ലൊരു ജീവിതം ലഭിക്കുന്നതിനേക്കാൾ ഭാഗ്യംചെയ്യണം നല്ലൊരു മരണത്തിന്, ആയാസം കൂടാതെയുള്ള മരണത്തിന് എന്ന് പണ്ടുള്ളവർ പറഞ്ഞത് എത്ര ശരി!

അച്ഛന്റെ ഈ അവസാന നിമിഷത്തെപ്പറ്റിയൊക്കെ കുട്ട്യേട്ടൻ ഞങ്ങളോട് ഫോണിൽ പറയണത്, അവിടെയുള്ള ഞങ്ങളുടെ മറ്റു സ്നേഹിതരും കേട്ടു. എല്ലാവരും എന്നെ കെട്ടിപ്പിടിച്ച് സമാധാനിപ്പിയ്ക്കാണ്. മനസ്സിന്റെ വിങ്ങിപ്പൊട്ടൽ ഒന്ന് ശാന്തമായപ്പോഴാണ് സേതു എന്നോട് വന്ന് പറയണത്, "ഉമേ, നമ്മുടെ സത്സംഗം കഴിഞ്ഞ് എണീറ്റപ്പൊ ഞാൻ ഉമയോട്, "അഛന് വിശേഷിച്ചൊന്നുല്ലല്ലൊ, ല്ലെ?" എന്ന് ചോദിച്ചില്ലേ, എന്താറിയോ കാരണം? നമ്മൾ നാമം ജപിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, പെട്ടെന്നുണ്ട്, ഈ മുറിയുടെ മറ്റേ അറ്റത്തുള്ള ആ കോണിപ്പടിയിൽ ഉമേടെ അച്ഛൻ നിൽക്കുന്നു. ഉമയെത്തന്നെ നോക്കി നിൽക്കാണ്. ഞാൻ സ്വപ്നം കാണോ മറ്റൊ ആണോ എന്നറിയാൻ കണ്ണ് അടച്ചുപിടിച്ച് പിന്നെ തുറന്ന് നോക്കി. അപ്പഴുണ്ട് തമ്പുരാൻ അവിടന്നെ നിൽക്കുന്നു, ഉമേം നോക്കിക്കൊണ്ട് നല്ല വ്യക്തായി കണ്ടു ഉമേ ഞാൻ. ഒരു രണ്ട് മിനുറ്റ് കഴിഞ്ഞപ്പൊനിക്കണോട്ത്ത്ന്ന് അങ്ങന്നങ്ങട് മാഞ്ഞുപോവും ചെയ്തു തമ്പുരാൻ. എനിയ്ക്ക് വിശ്വസിയ്ക്കാൻ പറ്റീല്ല്യ. അതാ ഞാൻ ഇതൊക്കെ കഴിഞ്ഞ് എണീറ്റ ഉടനെ ഉമയോട് അച്ഛന് വിശേഷിച്ചൊന്നുല്ലല്ലൊ എന്ന് ചോദിച്ചത്" എന്നായിട്ട്!

മനസ്സിന്റെ വിഷമം അധികാവാണോ അതോ കുറച്ച് സമാധാനം കിട്ടാണോ എന്താ ആ നിമിഷം എന്റെ മനസ്സിൽ തോന്നിയത് എന്ന് പറയാൻ വയ്യ ട്ടൊ. ഭഗവാന്റെ അടുത്തേയ്ക്കുള്ള ആ അവസാന യാത്രയിൽ എന്നേം രവിയേയും ഒന്നുകൂടി കണ്ട് അനുഗ്രഹിയ്ക്കാൻ തന്നെയല്ലേ അച്ഛൻ ഇവിടെ വന്നിട്ടുണ്ടാവുക!

ഞാനാണ് അച്ഛൻ ആ കോണിപ്പടിയിൽ നിൽക്കണത് കണ്ടിരുന്നത് എന്നാണെങ്കിൽ, എന്റെ മനസ്സിന്റെ വിഭ്രാന്തിയാണെന്ന് വിചാരിയ്ക്കാം അച്ഛന് കുറച്ച് സുഖല്ല്യ എന്ന വർത്തമാനം ആ രാവിലെ കേട്ടത് മനസ്സിൽ കിടക്കണ കാരണം മനസ്സിന്റെ ഒരു കളിയാവാം ഇങ്ങനെ അച്ഛനെ കാണണത്. പക്ഷെ, ഇവിടെ ഞങ്ങളുടെ വളരെ അടുത്ത സുഹൃത്തായ സേതുവാണ് അച്ഛനെ കാണണത്. അതും അച്ഛന് അസുഖണ്ട് എന്നൊന്നും അറിയുംകൂടി ചെയ്തിരുന്നില്ല സേതു. അപ്പൊ ഇത് വെറും മനസ്സിന്റെ ഒരു തോന്നലല്ല; അച്ഛൻ ആ അവസാന യാത്രയിൽ ഞങ്ങളെ ഒന്നു കൂടി കണ്ട് അനുഗ്രഹിയ്ക്കാൻ വന്നത് തന്നെയാണ്, അതു കഴിഞ്ഞ് കുട്ടികളുടെ അടുത്തും പോയി അവരെയും അനുഗ്രഹിച്ചിട്ടുണ്ടാവും; ഉറപ്പാണ്.

പിറ്റേന്ന് തന്നെ രവി എനിയ്ക്ക് നാട്ടിലേയ്ക്കുള്ള ടിക്കറ്റ് ഒക്കെ ശരിയാക്കി രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ ഞാൻ നാട്ടിലെത്തി. അച്ഛൻ ഇല്ലാത്ത നാട്ടിലേയ്ക്കുള്ള ആദ്യത്തെ യാത്ര. രമയും ഉണ്ണിക്കൃഷ്ണനും എയർപോർട്ടിൽ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. നേരെ തൃശ്ശൂരിലെ ഫ്ളാറ്റിൽ. അച്ഛൻ വിശ്രമിച്ചിരുന്ന അവസാന ശ്വാസം എടുത്ത്, ഭഗവത്പദം ചേർന്ന ആ കട്ടിലിൽ, അഛന്റെ പാദങ്ങൾ വെച്ചിരുന്നിടത്ത് നമസ്കരിച്ച് പൊട്ടിപ്പൊട്ടി കരഞ്ഞപ്പോഴാണ് മനസ്സിന് കുറച്ചൊരു ആശ്വാസം കിട്ടിയത്. അമ്മയേയും കെട്ടിപിടിച്ച് ആ കാൽക്കൽ നമസ്കരിച്ചു.

ദഹിപ്പിയ്ക്കലും ക്രിയകളും എല്ലാം ഐവർമഠത്തിൽ വെച്ച് വേണ്ടപോലെ, വിധിയാംവണ്ണം നടത്തിയിരുന്നു. മരിയ്ക്കുന്നതിന് രണ്ട് ദിവസം മുൻപ് തന്നെ ശ്രീശനോട് അച്ഛൻ എല്ലാം പറഞ്ഞ് ഏൽപ്പിച്ചിരുന്നു. "മുത്തച്ഛന് എന്തെങ്കിലും പറ്റിയാൽ കോഴിക്കോട്ടേയ്ക്കൊന്നും കൊണ്ടു പോവാൻ നിൽക്കണ്ട, പട്ടാമ്പിയ്ക്കടുത്തുള്ള ഈ ക്രിയകളൊക്കെ ചെയ്യുന്ന ആ സ്ഥലത്തുവെച്ച് ശ്രീശൻ തന്നെ എല്ലാം ചെയ്താൽ മതി ട്ടൊ" എന്നൊക്കെ ശ്രീശനോട് പറഞ്ഞിരുന്നുവത്രെ. അച്ഛൻ പറഞ്ഞേൽപ്പിച്ചപോലെ തന്നെയാണ് എല്ലാം ചെയ്തതും. ഐവർമഠം എന്ന ആ പേരങ്ങട് ഓർമ്മ കിട്ട്യേര്ന്നില്ല അച്ഛന് അതാണ് 'പട്ടാമ്പിയ്ക്കടുത്തുള്ള സ്ഥലം' എന്ന് പറഞ്ഞു കൊടുത്തത്.

അതൊക്കെ കഴിഞ്ഞ് പന്ത്രണ്ടാം ദിവസം, സെപ്തംബർ 27 വ്യാഴാഴ്ച, കുട്ട്യേട്ടനും മുരളിയേട്ടനും ഞങ്ങളും എല്ലാവരുംകൂടി വീണ്ടും ഐവർമഠത്തിൽ പോയി പിണ്ഡവും എല്ലാ ക്രിയകളും വൃത്തിയായി ചെയ്തു. അതുകഴിഞ്ഞ് അവിടെ തന്നെയുള്ള പാർത്ഥസാരഥി അമ്പലത്തിൽ ഇരുന്ന് വിഷ്ണു സഹസ്രനാമവും എല്ലാവരും കൂടി ജപിച്ചു. മനസ്സിന് തൃപ്തിയായ വിധം എല്ലാം ചെയ്തുകഴിഞ്ഞപ്പൊൾ വലിയൊരു സമാധാനം.

കുറച്ച് ചിതാഭസ്മം ഗംഗാനദിയിൽ ഒഴുക്കാനായി ചെറിയൊരു കുടത്തിൽ കൊണ്ടു വന്ന്, ഗുരുവായൂരിൽ നമ്മുടെ 'പൂർണ്ണിമ'യുടെ മുറ്റത്തുള്ള ഉത്തമവൃക്ഷത്തിൽ സൂക്ഷിച്ചുവെച്ചു. കുറച്ച് വർഷങ്ങൾക്കുശേഷം, കാശി വിശ്വനാഥന്റെ മുന്നിൽ നന്നായി തൊഴുത് പ്രാർത്ഥിച്ച്, അച്ഛന്റെ ചിതാഭസ്മം വേണ്ട ചടങ്ങുകളോടെ, അവിടെ കാശിയിൽ, വിശ്വനാഥന്റെ തൊട്ട് മുന്നിലൂടെ ഒഴുകുന്ന ഗംഗാനദിയിൽ എനിയ്ക്കും രമയ്ക്കും കൂടി സമർപ്പിയ്ക്കാനും സാധിച്ചുവെന്നത് മനസ്സിന് വല്ലാത്തൊരു സന്തോഷം തരുന്ന കാര്യമായിരുന്നു.

2007 സെപ്തംബറിൽ അച്ഛൻ ഭഗവത്പദം ചേർന്ന് കഷ്ടിച്ചൊരു നാലുമാസം കഴിഞ്ഞ് 2008 ജനുവരി 5, ശന്യാഴ്ച. നല്ല മഞ്ഞും തണുപ്പും ഉള്ളൊരു രാത്രി. സുഖനിദ്ര. പെട്ടെന്നുണ്ട് എന്റെ മുന്നിൽ അച്ഛൻ! ഒരു കാറിലാണിരിയ്ക്കുന്നത്. "വേഗം കേറൂ; നമുക്ക് കുറച്ച് അമ്പലങ്ങളിൽ പോകാം" എന്നുംപറഞ്ഞ് എന്നെ വിളിച്ച് കാറിൽ കേറ്റുന്നു. അച്ഛൻ മുന്നിലെ സീറ്റിലാണിരിയ്ക്കണത്. പിന്നിലെ സീറ്റിൽ വല്യ വല്യമ്മയും 'സീതാരാമം' ചെറേമ്മയും (അഛന്റെ സഹോദരിമാർ) ഇരിയ്ക്കുന്നുണ്ട്. ഒന്നും മിണ്ടാതെ എന്നെ നോക്കി ഇരിയ്ക്കുകയാണ് അവർ രണ്ടുപേരും.

പല പല ക്ഷേത്രങ്ങളുടെയും മുന്നിൽ കാർ നിർത്തി എന്നോട് ഇറങ്ങാൻ പറഞ്ഞ് അവിടെ യൊക്കെ എന്നെ സുഖായി തൊഴീച്ചു. ഗുരുവായൂർ കണ്ണനുണ്ണിയേയും, തിരുമാന്ധാം കുന്നിലമ്മയേയും കാടാമ്പുഴ ഭഗവതിയേയും ഒക്കെ സുഖായി തൊഴുതശേഷം കോഴിക്കോ ട്ടെത്തി; തളീലപ്പനേയും മങ്കാവിലമ്മയേയും തൊഴുതശേഷം കാർ നേരെ തിരുവന്നൂർക്കാണ് വിട്ടത്. നാണ്യാട്ടമ്മയേയും തിരുവന്നൂരപ്പനേയും നന്നായി തൊഴുതു. ഈ ക്ഷേത്രങ്ങളിലൊക്കെ അച്ഛനും എന്റെ കൂടെ വന്ന് എന്റെ ഒപ്പംനിന്ന് തൊഴുന്നുണ്ടായിരുന്നു. വല്യമ്മയും ചെറേമ്മയും പക്ഷേ, ഒന്നും മിണ്ടാതെ കാറിൽ തന്നെ ഇരിയ്ക്കായിരുന്നു. തൊഴാൻ വന്നില്ലെങ്കിലും അവരുടെ അനുഗ്രഹം എന്നിൽ ചൊരിയുന്നു ണ്ടായിരുന്നെന്ന് അവരുടെ ആ നോട്ടത്തിൽ നിന്ന് വ്യക്തമായി അറിയാനുണ്ടായിരുന്നു. ഇവിടെ യൊക്കെ വിസ്തരിച്ച് തൊഴുത്, പൂജാരിമാർക്ക് എന്നെക്കൊണ്ട് ദക്ഷിണ കൊടുപ്പിച്ച് അവരുടെ അനുഗ്രഹവും നേടി, തീർത്ഥവും പ്രസാദവും ഒക്കെ സേവിച്ച് കുറിയിട്ട്, അവസാനം കാർ നമ്മുടെ പുത്തൻ കോവിലകത്തിന്റെ മുന്നിൽ നിർത്തി.

നമ്മുടെ പഴേ കോവിലകം. ഒരു മാറ്റവുമില്ല. ആ വലിയ വാതിൽ കടന്ന് പുത്തൻ കോലോത്തെ പടിയ്ക്കലേയ്ക്ക് കയറിയപ്പോൾ, അവിടെ ആ പഴയ കട്ടിലിൽ അച്ഛമ്മ ഇരിയ്ക്ക്ണുണ്ടോ, ഓടിട്ട തട്ടിന്മേൽ പക്ഷികൾ കലപില കൂട്ടി പറന്ന് നടക്ക്ണ്ണ്ടോ, വല്യമ്മാമൻ നാലേട്ടിൽ ഇരുന്ന് ചായ കുടിയ്ക്ക്ണ്ണ്ടോ, പൊട്ടൻ (നാരായണൻ) പശുക്കളേം നോക്കി നാലേട്ടിന്നപ്പുറത്ത്, ചെറേ മ്മടെ മുറീടെ പുറത്തുള്ള മുറ്റത്ത് നിക്ക്ണ്ണ്ടോ എന്നൊക്കെയാണ് എന്റെ കണ്ണുകൾ ആദ്യം തേടിയത്. ഇല്യ... അവരെ ആരേം കാണാനില്ല. പക്ഷെ ശാന്തിയ്ക്കുള്ള അരീക്കര നമ്പൂതിരി ഭഗവതികെട്ട് നട അടയ്ക്കാതെ ഞങ്ങളെ കാത്തിരിയ്ക്കാണ്. ഞങ്ങൾ തൊഴാൻ വരുന്നുണ്ട് എന്ന് ആരാണാവോ അരീക്കരയോട് പറഞ്ഞത്! ഭഗവത്യേട്ടിലും സുഖായി തൊഴുത് നമസ്കരിച്ചു. ദക്ഷിണ കൊടുത്ത് പ്രസാദവും വാങ്ങി.

ഒക്കെ കഴിഞ്ഞ് പുറത്തുകടന്ന് എന്നെ കൂട്ടാതെ അച്ഛൻ മാത്രം കാറിൽ കേറി. വല്യമ്മയും ചെറേ മ്മയും കാറിന്റെ പിൻസീറ്റിൽ എന്നെ നോക്കി ഇരിയ്ക്കുക തന്നെയാണ്.

ഞാൻ കാറിൽ കേറുന്നതിനു മുൻപ് കാറിന്റെ വാതിൽ അടച്ച്, കാർ വിട്ടോളാൻ അച്ഛൻ ഡ്രൈവ റോട് ആംഗ്യം കാണിച്ചു. മുന്നോട്ട് പോകുന്ന ആ കാറിൽ ഇരുന്നുകൊണ്ട്, പിന്നാക്കം തിരിഞ്ഞ് എന്നെത്തന്നെങ്ങനെ നോക്കി ചിരിച്ച്, കൈ വീശി കാണിച്ചുകൊണ്ടിരിയ്ക്കുന്ന അച്ഛന്റെ ചിരിയും മുഖത്തെ ആ സംതൃപ്തിയും ഇത്രയും വർഷം കഴിഞ്ഞ് ഇതെഴുതുമ്പോഴും എന്റെ മുന്നിൽ തെളിഞ്ഞ് കാണുകയാണ്!

ഈ പുത്തൻ കോലോത്തിന്റെ മുന്നിൽ എന്നെ എന്താങ്ങനെ ഒറ്റയ്ക്ക് എറക്കിവിട്ട് അച്ഛൻ പോയത്, ഞാനിനി എന്താ ചെയ്യണ്ടത് എന്ന് ഒരു നിമിഷം മനസ്സിൽ ചിന്തിച്ചപ്പോഴേയ്ക്കുമുണ്ട് ഫോൺ അടിയ്ക്കുന്നു!

ഫോൺ ശബ്ദം കേട്ട് ഞെട്ടി ഉണർന്നപ്പോഴാണ് ഇതുവരെ കണ്ടതൊക്കെ ഒരു സ്വപ്നമായിരുന്നെന്ന ബോധം മനസ്സിലുദിച്ചത്. വേഗം ഫോൺ എടുത്തു. നാട്ടിൽ നിന്ന് അമ്മയും രമയുമായിരുന്നു. പിറന്നാളാശംസകൾ അറിയിക്കാൻ വിളിച്ചതാണ് അമ്മേം രമേം. ധനുമാസത്തിലെ അനിഴം- എന്റെ ആണ്ടു പിറന്നാൾ ഞാൻ കലണ്ടർ നോക്കീട്ടുണ്ടാ യിരുന്നില്ലാത്തതിനാൽ അന്ന് എന്റെ നക്ഷത്രമാ ണെന്ന് ഇവർ ഫോണിൽ പറയണവരെ യാതൊരു അറിവുമുണ്ടായിരുന്നില്ല! അമ്മ പറഞ്ഞപ്പോഴാണ് അറിഞ്ഞത്. അച്ഛൻ ഇല്യാത്ത ആദ്യത്തെ പിറന്നാൾ.

അമേരിക്കയിലേക്ക് കുടിയേറിക്കഴിഞ്ഞ ശേഷം അധികം പിറന്നാളുകളൊന്നും അച്ഛന്റെ ഒപ്പം ഉണ്ടായിട്ടില്ലെങ്കിലും അച്ഛൻ ഈ ലോകത്ത് ഉണ്ടാ യിരുന്നല്ലോ. ഇതാണ് അച്ഛനില്ലാത്ത ലോകത്തിലെ എന്റെ ആദ്യത്തെ പിറന്നാൾ. പക്ഷെ നോക്കൂ, അച്ഛൻ അത് മറന്നില്ല. കൃത്യദിവസം രാവിലെ തന്നെ വന്ന്, എന്നെ കൈപിടിച്ച് കൂടെ കൊണ്ടു പോയി സകല ക്ഷേത്രങ്ങളിലും തൊഴീച്ച്, ദക്ഷിണ കൊടുപ്പിച്ച്, തീർത്ഥവും പ്രസാദവും സേവിപ്പിച്ചു!

ഇതിലപ്പുറം എന്താണ് വേണ്ടത്, അല്ലെ? ഏത് ലോകത്താണെങ്കിലും ഇവരൊക്കെ നമ്മളെ അനു ഗ്രഹിച്ചുകൊണ്ട്, നമ്മളെ കാത്തുരക്ഷിച്ചുകൊണ്ട്

*ശേഷം 55-ൽ*

# വിവാഹ മംഗളാശംസകൾ









കണ്ണൂർ ചെറുതാഴം പദ്മവിലാസിൽ പാർവതി വർമ്മയുടെയും (മഞ്ചേരി കോവിലകം) മോഹനവർമയുടെയും (ഏഴുമറ്റൂർ പുതുപ്പറമ്പ് കോവിലകം) മകൻ **ഗണേഷ് മോഹൻവർമ**യും തൃശ്ശൂർ വരന്തരപ്പള്ളിയിലെ രഞ്ജിനിവർമയുടെയും (പുത്തൻ കോവിലകം അമ്പലപ്പുഴ) സന്തോഷ് വർമയുടെയും (രാമൻവില്ല കോവിലകം, ചേർത്തല) മകൾ **കീർത്തനവർമ**യും തമ്മിലുള്ള വിവാഹം 5/5/2024ന് ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.



# ശതാഭിഷേക മംഗളാശംസകൾ



## കൊച്ചി രാജകുടുംബാംഗം

# ചന്ദ്രികത്തമ്പുരാൻ

**കോട്ടമുക്ക്, പാലസ് നമ്പർ 45, തൃപ്പൂണിത്തുറ**

**ഭർത്താവ്: കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത്**
**പരേതനായ രാമവർമ്മരാജ**

**മക്കൾ: വേണു, രേണുക**
**മരുമക്കൾ: സുമ, കൃഷ്ണകുമാർ**
**പേരക്കുട്ടികൾ: മനു, കീർത്തന, ഹരി**

## ശതാഭിഷേക മംഗളാശംസകൾ

# എൻ.കെ. കേരളവർമ്മ രാജ

### (നെടുമ്പ്രത്തു കൊട്ടാരം, തിരുവല്ല)

**2024 ഒക്ടോബർ മാസം 16–ാം തീയതി തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ വച്ച് ആഘോഷിച്ചു.**



സ്നേഹാദരങ്ങളോടെ

**ബന്ധുമിത്രാദികൾ**

# 50-ാം വിവാഹ വാർഷികം



ചെന്നിത്തല 'കൃഷ്ണകൃപ'യിൽ
ആർ. കൃഷ്ണകുമാർ
വർമ്മയുടെയും
ടി. നന്ദിനി വർമ്മയുടെയും
50–ാം വിവാഹ വാർഷികം
സ്വവസതിയിൽ വച്ച് കുടുംബാംഗ
ങ്ങളുടെ സാന്നിദ്ധ്യത്തിൽ
2024 ആഗസ്റ്റ് 18–ന്
സമംഗളം നടന്നു.

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
സഹോദരിമാർ, അനന്തിരവന്മാർ




Contact:
Radhika Varma
9656382918

Contact:
Vijaykumar Varma
8281244594





# ഓണാശംസകൾ

**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

'ഓ൦'കാരത്തിലുദിച്ചുയർന്നു
വലുതായ് ഓണം സുസന്ദേശമായ്
ശ്രീ വാമനമൂർത്തി ഭഗവദ് സദ്
വിഷ്ണുനമ്മൾക്കുമേഃ
തന്നീടുന്നു മഹാബലിക്കു പുനരീ-
രാജ്യത്തിൽ വന്നീടുവാൻ
ഇന്നീ സദ് ദിനമായതിങ്കൽ വളരെ-
സന്തോഷമേവർക്കുമേ.

(2)

ചക്രവർത്തി മഹാബലിയ്ക്കിഹ ഓതണം
ബഹുകേമമായ്
മംഗളങ്ങൾ പുനരേകിടേണമതി-
നൊപ്പമായി പലഘോഷവും
കൊട്ടു, മാർപ്പുവിളി, നൃത്തവും പലതുമായി-
ടുന്നിതൊരു ഘോഷവും
സത്കരിച്ചിടുക ചക്രവർത്തിയെ
മനസ്സിലേറ്റിടുക സർവരും

(3)

മുറ്റമായതു മെഴുകി നല്ലൊരു പൂക്കളം
മുറ്റുമായതിൽ വെച്ചിടേണമിഹ
ഭക്തിപൂണ്ടിതു തേവരെ
പൂജയും ബഹുമാനമായിയൊരു
സദ്യതന്നുടെ വട്ടവും
സ്വാദിയന്ന വിഭവങ്ങളുള്ളയൊരു
ഭക്ഷണങ്ങളുമൊരുക്കുവിൻ

●

---

*പേജ് 50 തുടർച്ച*

നമ്മുടെ കൂടെത്തന്നെയുണ്ട് എന്നതിന് ഇതിലും വലിയൊരു തെളിവ് വേണോ!

ഭഗവത്പദം ചേരാനുള്ള അച്ഛന്റെ ആ അവസാന യാത്രയിലും അതുകഴിഞ്ഞ് അച്ഛനില്ലാത്ത ഈ ലോകത്തെ എന്റെ ആദ്യത്തെ പിറന്നാളിനും അച്ഛൻ എന്റെ അടുത്ത് വരാനും അച്ഛന്റെ ആ അനുഗ്രഹം എനിക്ക് ലഭിക്കാനുമുള്ള ഭാഗ്യം - അതുതന്നെയല്ലേ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും അനുഗ്രഹവും... അതെ എന്ന് നിസ്സംശയം പറയാം! ●


## സരസ്വതീ വന്ദനത്തിലൂടെ ലഭിച്ചത് ലക്ഷ്മീ കടാക്ഷം

മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമ്മ നിലനിർത്താനുള്ള എൻഡോവ്മെന്റ് രൂപീകരണത്തിന്റെ ആദ്യ പടിയായി ചിത്രകലയുടെ കുലപതിയായ രാജാരവിവർമ്മയുടെ പുത്രനും ചിത്രകാരനുമായ ആർട്ടിസ്റ്റ് രാമവർമ്മ (മാവേലിക്കര) യുടെ പേരിൽ ഒരു എൻഡോവ്മെന്റ് തുടങ്ങുന്നു. അദ്ദേഹത്തിന്റെ മൂന്നാം തലമുറയിലുള്ള കെ.ആർ. പ്രസാദിന്റെ ഉൽസാഹത്തിൽ ആരംഭിച്ച 'ആർട്ടിസ്റ്റ് രാമവർമ്മരാജാ ട്രസ്റ്റ്' ക്ഷത്രിയ ക്ഷേമസഭയ്ക്ക് ഇതിലേക്കായി 5,50,000 രൂപാ സംഭാവന നൽകി. ഒക്ടോബർ 16 ന് മാവേലിക്കരയിൽ വച്ച് നടന്ന ചടങ്ങിൽ സഭയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവർ ചേർന്ന് കെ.ആർ. പ്രസാദിൽ നിന്ന് ചെക്ക് സ്വീകരിച്ചു. പ്രസാദിന്റെ സഹധർമിണി ലതാ പ്രസാദ്, ആഡിറ്റർ ഉദയവർമ്മ എന്നിവർ സന്നിഹിതരായിരുന്നു.

ലേഖനം

# Happy Parenting

**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789



The other day I had gone to my cousin's house. They are parents of two children. They had a program in the school auditorium. All parents were expected to attend a speech on the above subject by a revered Swamini of Chinmaya mutt. Myself being a septuagenarian and having three grandchildren, I was interested in the subject. So I too accompanied them to the venue. After initial formalities, she addressed the gathering and delivered the speech. I am not going deep into the matter, but I would like to touch the peripheral and try to explain the general guidelines she gave in simple language.

"Influence of mobile, cinema and social media cannot be overlooked or set aside in this century.But remind them that bad words phrases and lifestyles in them should not be emulated. Trust children, but have a check on their friends and usages of mobiles and its apps.Parents should know about children's friends. Don't stand on their way of friendship. Make them understand matters and apply control when the limit exceeds. They should be encouraged to talk freely to parents about problems small or big they come across in life. Children should feel that they are safe and being protected in the hands of parents. For that,husbands and wives should act as ' one' team.

Swamini asked the audience in general "What is happy parenting?"It seems she did not expect any answer and so she didn't wait for it. After a pause she continued "Happy parenting is nothing but nurturing good personality development and character building in children". She asked, "how many of us are doing it "again silence prevailed. She further said "We send our children to good schools, pay fees and transportation charges regularly, send them for tuition without fail, spend substantially for their dresses. As soon as they come back from school we would ask them about the class(subjects, marks, tests etc.). While giving them food, we would ask about tomorrow's assignments, projects, homework etc. We won't ask them about their school atmosphere, teachers, friends (whether friends are good and loving, obedient to teachers etc.). In short,we are more bothered about their outstanding materialistic progress." Swamini said "This is not the way of happy parenting." She added,"We have to pay equal attention to their moral upliftment. Inward development should be cared for. How to behave with others, tell them or better show them how. Parents are 50% teachers also. We have to respect food as God and practice not to waste. Don't exaggerate children's mistakes. Try to correct them patiently. As parents and grandparents we should be models /examples to them. They are learning more what we do, and not what we talk/advise." Swamini being an ascetic person, stressed the need and importance of Namajapa and group bhajans. This also elders should set before their children.

കവിത

# Motherhood



**Sumitha Varma**
Thrissur. Mob. 9495882239


There was once a banyan tree,
Which stood giantlike with mighty branches.
Shiny leaves chirped to each-
When the gliding wind smoothened them.
She fed those who took her shelter,
And born a mother when some nested.
She watched them play and-
Listened to their tweets
Parented their newborns
And gazed them grow.
Found her leaves dry and falling-
When the babies bid adieu.
She stood there alone with barren branches,
Hopeful of the rain to cherish-
Once again to feed the inmates,
And feel the motherhood.

---

→

"Quality of sharing what is on hand & available (food, books, toys etc.) should be instilled in their minds Regarding mark lists, advise them that what teacher says is final. Success and failure are two sides of a coin and children learn to accept it. Don't go to the teacher/ principal for argument on marks card. Parents should realise that scoldings and minor punishments from teachers are for the better future of students. Very important thing parents should bear in mind is that they should not discuss/criticise teachers in front of children. Giving overprotection to children and applying so many restrictions /don'ts like don't swim, don't play in sun/rain, mud etc. will harm their courage and capability. They should be encouraged to play outdoors.Yoga is very good for their concentration of mind.At the same time they should relax/ have sufficient sleep. Competitions (winning and losing) should be told to be taken sportively.

"As early as in the womb of a mother, baby starts hearing, learning and feeling the outside world. That's why pregnancy is very very important for ladies. Take the story of ABHIMANYU from Puranas. Ladies should cherish good thoughts and they should practise noble values. Good and moral stories they should listen and digest. Pregnant ladies are to be active, mentally happy and peaceful, for the sake of their children. Husband's contribution is to be worthy of making wife and home peaceful and happy. In future, both mother and father should feel proud of the fact that they raised good and worthy children". ●



# കുള്ളനും കുടവയറനും

**രഘുനാഥ വർമ്മ**
മാവേലിക്കര, മൊ. 9074834626

ഉൽകൃഷ്ടമായ ഭക്തിയും പ്രജാവാത്സല്യവും ധർമ്മനിഷ്ഠയും കൈമുതലായിരുന്ന മഹാനായ ഒരു ഭരണാധികാരിയെയും ആ മഹത്വ്യക്തിയെ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തനാക്കി നിത്യാനന്ദത്തിലേക്ക് നയിച്ച ഈശ്വരാവതാരത്തിനെയും വികലമായി ചിത്രീകരിക്കുന്നത് തുലോം അക്ഷന്തവ്യമായ തെറ്റാണ്.

എല്ലാ വർഷവും ഓണം വരും. പോകും. പക്ഷേ ഓരോ വർഷവും ഉചിതമല്ലാത്ത പ്രസ്താവനകളും അറിവില്ലായ്മയുടെ ബഹിർസ്ഫുരണവുമാണ് നാം കേൾക്കാറ്. മഹാബലി ചക്രവർത്തിയുടെയും വാമനാവതാരത്തിന്റെയും നിഗൂഢവും ഉൽകൃഷ്ടവുമായ അർത്ഥത്തെയും ഐതിഹ്യത്തിനെയും വിമർശനബുദ്ധ്യാ വിശകലനം ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് നിസ്സംശയം പറയാം.

ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കാശ്യപപ്രജാപതിയുടെ ദിതി എന്ന ഭാര്യയിൽ നിന്നാണ് അസുരന്മാർ ഉണ്ടാകുന്നത്. അദിതി എന്ന ഭാര്യയിൽ നിന്ന് ദേവൻമാരും ഉണ്ടായി. ഹിരണ്യകശിപു എന്ന കുപ്രസിദ്ധനായ അസുരനിൽ നിന്ന് ഭക്തനും ധർമ്മിഷ്ഠനുമായിരുന്ന പ്രഹ്ലാദൻ ഉണ്ടായി. പ്രഹ്ലാദന്റെ മകനായ വിരോചനിൽ നിന്നാണ് മഹാബലി ജന്മമെടുക്കുന്നത്.

അദിതി ഭക്ത്യാദരപൂർവ്വം മഹാവിഷ്ണുവിനെ തപസ്സു ചെയ്തു. നിർമ്മലമായ ഭക്തിയും നീതിനിഷ്ഠയും അദിതിക്ക് കൈമുതലായിരുന്നു. വ്രതാനുഷ്ഠാനങ്ങളിൽ വ്യാപൃതയായിരുന്ന അദിതിയുടെ ആഗ്രഹപ്രകാരം മഹാവിഷ്ണു പുത്രനായി അവതരിക്കാമെന്ന് വാക്കുകൊടുത്തു.

ഒരിക്കൽ ദൈത്യഗുരുവായ ശുക്രാചാര്യർ മഹാബലിയെ ദേവന്മാരുമായി യുദ്ധത്തിനു പ്രേരിപ്പിച്ചു. ദേവൻമാരെ പൂർണ്ണമായും ബലി പരാജയപ്പെടുത്തി. ദേവന്മാർ സ്വർഗ്ഗത്തിൽ നിന്ന് നിഷ്കാസിതരായി. ബലിയുടെ ഭരണത്തിൽ ദേവൻമാർക്കും ബ്രാഹ്മണന്മാർക്കും കലശലായ ബുദ്ധിമുട്ടുണ്ടായി. ദേവന്മാരുടെ ഹവിസ്സ് ബലി നിർത്തലാക്കി. എന്നു തന്നെയല്ല മൂന്നു ലോകങ്ങളിലും ചക്രവർത്തിയായി വിരാജിച്ച മഹാബലി അധികാരഗർവ്വിലും അഹങ്കാരചിന്തകളിലും സ്വയം മറന്നു തുടങ്ങി. ഒരിക്കൽ തന്റെ മുത്തശ്ശനായ പ്രഹ്ലാദ



*രാജാ രവിവർമ്മ വരച്ച മഹാബലിയുടെ ചിത്രം*
*കടപ്പാട്: ഗൂഗിൾ*

നോട് ബലി തർക്കിക്കാനിടയായി, മറ്റാരേക്കാളും അസുരന്മാർ തന്നെയാണ് ശക്തിശാലികൾ എന്ന് തന്റെ മുത്തശ്ശനോട് ബലി തീർത്തുപറഞ്ഞു. തന്റെ പൗത്രന്റെ അഹങ്കാരം നിറഞ്ഞ പ്രസ്താവന കേട്ട് പ്രഹ്ലാദൻ അസുരന്മാരെ ശപിക്കുക വരെ ചെയ്തു.

അങ്ങനെയിരിക്കെ ശുക്രാചാര്യരുടെ ഉപദേശ പ്രകാരം നർമ്മദാ നദീതീരത്ത് ഭൃഗുകച്ഛം എന്ന പ്രദേശത്തിൽ വച്ച് മഹാബലി വിപുലമായ ഒരു യാഗം നടത്തി. തികച്ചും ആസക്തിയോടു നടത്തിയ ആ യാഗത്തിനു ശേഷം ആ മന്വന്തരത്തിൽ തനിക്ക് അർഹമല്ലാത്ത ഇന്ദ്രപദവി പോലും മഹാബലി കാംക്ഷിച്ചു. ആ സമയത്ത് അദിതി ഗർഭിണിയാവുകയും തേജസ്വിയായ ഒരു കുട്ടിയ്ക്ക് ജന്മംകൊടുക്കുകയും ചെയ്തു. അങ്ങനെ അവതരിച്ച മഹാവിഷ്ണു തന്റെ പരമഭക്തനായ മഹാബലിയുടെ മനസ്സിനെ കാർന്നുതിന്നുതുടങ്ങിയ 'അഹം' എന്ന ചിന്തയെ ദൂരീകരിക്കണമെന്ന് ആഗ്രഹിച്ചു. വാമനവേഷത്തിൽ ബലിയുടെ മുമ്പിൽ പ്രത്യക്ഷനായ ഭഗവാൻ തപസ്സനുഷ്ഠിക്കാൻ മൂന്നടി മണ്ണ് ദാനമായി കിട്ടണം എന്നു പറഞ്ഞു. താൻ ത്രിലോകങ്ങളുടെയും അധിപനാണെന്ന് ബലി പ്രസ്താവിച്ചു. എവിടെനിന്നു വേണമെങ്കിലും സ്ഥലം എടുത്തുകൊള്ളുവാൻ ബലി സമ്മതിച്ചു. അംബരചുംബിയായി വളർന്ന വാമനൻ രണ്ടു ചുവടുകൊണ്ട് ഭൂമിയും സ്വർഗ്ഗവും അളന്നു. അപ്പോഴാണ് തന്റെ അസ്തിത്വത്തിനെക്കുറിച്ച് മഹാബലി ബോധവാനായത്. തന്റെ മുന്നിൽ നിൽക്കുന്നത് താൻ ആരാധിക്കുന്ന വിഷ്ണുഭഗവാൻ ആണെന്ന് മഹാബലിയ്ക്ക് ബോധ്യമായി. മാനസാന്തരം വന്ന മഹാബലിയ്ക്ക് ജ്ഞാനോദയം ഉണ്ടായി. തന്റേതായിട്ട് യാതൊന്നും ഈ പ്രപഞ്ചത്തിലില്ല എന്നു ബോധ്യമായി. സ്വന്തമായിട്ടുള്ളതു മാത്രമേ ദാനമായി കൊടുക്കുവാൻ പറ്റുകയുള്ളു. എന്നു തന്നെയല്ല താൻ അനുഷ്ഠിച്ചിരുന്ന ആസക്ത കർമ്മത്തിൽ ബലി ലജ്ജിതനായി.

ത്യാഗത്തിൽ പോലും അഭിമാനിക്കുന്നത് നിഷ്കളങ്കമായ ഭക്തിക്കു വിരുദ്ധമാണെന്ന് വാമനൻ ബലിക്കു കാണിച്ചുകൊടുത്തു. ശ്രീമഹാഭാഗവതത്തിൽ ഇതു വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

മാനസമദം ധന ഹേതുനാ ഭവിച്ചീടും
മാനുഷാദികൾക്കതു താനേപോയകലുമ്പോൾ
പൂതനായ് വരുമവനപ്പൊഴുതനുഗ്രഹ
ഹേതുവും ഭക്ത്യാ ഭവിച്ചീടുമെന്നറിക നീ
(ഭാഗവതം - അഷ്ടമസ്കന്ധം)

തന്റെ പരമമായ ഭക്തിയ്ക്ക് കളങ്കമുണ്ടായേക്കാനിടയുള്ള അഹം എന്ന ബോധം പാടേ മാഞ്ഞുപോയ മഹാബലി തന്റെ മുന്നിൽ പ്രത്യക്ഷനായ വിശ്വരൂപത്തിനു മുമ്പിൽ തലകുനിച്ചു കൊടുത്തു. വിശ്വകർമ്മാവിനാൽ സൃഷ്ടിക്കപ്പെട്ട സുതലം എന്ന സ്ഥലത്തേക്കാണ് വാമനൻ ബലിയെ പറഞ്ഞയച്ചത്. പാതാളത്തിൽ സ്ഥിതി ചെയ്യുന്നതും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠവുമാണ് സുതലം. തന്നെയുമല്ല ബലിയുടെ മുത്തച്ഛനായ പ്രഹ്ലാദനെ കൂടി സുതലത്തിൽ കൊണ്ടു വരികയും ചെയ്തു. ഭഗവാൻ തന്നെ ബലിയുടെ കാവൽ നിൽക്കാമെന്ന് വാക്കുകൊടുത്തു.

ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണൻ കുചേലനു കൊടുത്തതിലും പതിൻമടങ്ങ് വരദാനമാണ് മഹാബലിയ്ക്കു ഭഗവാൻ നല്കിയത്. അനേകായിരം ജന്മംകൊണ്ടേ കർമ്മബന്ധങ്ങളിൽ നിന്ന് നമുക്ക് മുക്തരാകാൻ പറ്റുകയുള്ളു. കർമ്മ ബന്ധങ്ങളിൽ നിന്നുള്ള മുക്തി മോക്ഷപ്രാപ്തിയാണ്. മഹാബലിയെ ഭഗവാൻ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തനാക്കി. ഇതിനൊക്കെയുപരി സാവർണ്ണി മനുവിങ്കൽ ഇന്ദ്രപദവി ലഭിക്കുമെന്ന് വാമനൻ അനുഗ്രഹിക്കുകയും ചെയ്തു.

"കേവലമിനി മമലോകം പ്രാപിക്കുമിവൻ
സാവർണ്ണിമനുവിങ്കൽ ഇന്ദ്രനാകയും ചെയ്യും
അത്രയും കാലം സുതലത്തിങ്കലിരിക്ക പോയ
ത്യന്തം മമ പദഭക്തിപൂണ്ടനുദിനം
(ഭാഗവതം - അഷ്ടമസ്കന്ധം)

ഏതു യുഗത്തിലായാലും ഏതു കാലഘട്ടത്തിലായാലും അധർമ്മവും അഹങ്കാരവും വർദ്ധിക്കുന്ന സമയത്ത് അതിനെ ഉന്മൂലനം ചെയ്ത് ധർമ്മത്തിന്റെ ഭദ്രദീപം തെളിയിക്കാൻ ഭഗവാൻ അവതരിക്കുമെന്ന് ഗീത അനുശാസിക്കുന്നു. മഹാബലിയുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്.

"യദായദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം”
(ഭഗവത്ഗീത അദ്ധ്യായം-4, ശ്ലോകം - 7)

പുരാണേതിഹാസങ്ങൾ അവതാരങ്ങളുടെ മഹിമ വിളിച്ചോതുന്നുണ്ട്.

മഹാവിഷ്ണുവിന്റെ വാമനാവതാരത്തിന്റെ പ്രസക്തിയും പ്രൗഢിയും ഇത ബൃഹത്തായി പ്രതിപാദിക്കുമ്പോൾ എന്തിനാണു പോലും അദ്ദേഹത്തെ കുള്ളനും വഞ്ചകനുമായി ചിത്രീകരിക്കുന്നത്? മാനസിക പരിവർത്തനത്തിനു വിധേയനായി അഹന്ത ലേശം പോലും ഇല്ലാതെയായിത്തീർന്ന പ്രജാവത്സലനായ ഒരു ഭരണാധികാരിയെ വിഡ്ഢിയും കുടവയറനുമായി ചിത്രീകരിച്ചിട്ട് എന്തു കിട്ടാൻ? ആരെ പ്രീതിപ്പെടുത്താനാണെങ്കിലും ഏതെങ്കിലും രീതി യിലുള്ള പ്രശസ്തി പിടിച്ചു പറ്റാനാണെങ്കിലും ഉൽകൃഷ്ടമായ അടിത്തറയുള്ള പുരാണ കഥാപാത്രങ്ങളെ വാഴ്ത്തിപ്പാടിയില്ലെങ്കിലും താഴ്ത്തിക്കെട്ടാതിരുന്നാൽ മതി.

*ആധാരം: 1) ശ്രീ മഹാഭാഗവതം കിളിപ്പാട്ട്, തുഞ്ചത്തെഴുത്തച്ഛൻ 2) പുരാണിക് എൻസൈക്ലോപീഡിയ, ശ്രീ. വെട്ടം മാണി.*

# അഭിനന്ദനങ്ങൾ




IFP (India Film Project) എന്ന പേരിൽ ഒരുകൂട്ടം കലാസ്നേഹികൾ മുംബൈയിൽ സംഘടിപ്പിച്ചുവരുന്ന അന്താരാഷ്ട്ര ഫെസ്റ്റിവലിന്റെയും ചലഞ്ചുകളുടെയും ഭാഗമായ ‘50 മണിക്കൂർ ഡിസൈൻ ചലഞ്ച് - പോസ്റ്റർ’ വിഭാഗത്തിൽ Platinum Poster and Cover of the Year 2024 ആയി **ദുർഗ്ഗാംബിക പി. വർമ്മ** രൂപകല്പന ചെയ്ത ‘ആർക്കുവേണ്ടി’ എന്ന ചിത്രം തിരഞ്ഞെടുക്കപ്പെട്ടു. 2024 ലെ വാർത്തയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിക്കുന്ന സിനിമയുടെ പോസ്റ്റർ എന്നതായിരുന്നു വിഷയം. ഒളിമ്പിക് ഫൈനൽ മത്സരത്തിലേക്ക് കടക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുമ്പ് തന്റെ എല്ലാമെല്ലാമായ കുടുംബവും തന്നെ താൻ ആക്കിയ പ്രിയപ്പെട്ട ഗ്രാമവും ഒന്നടങ്കം മഴവെള്ളപ്പാച്ചിലിൽ തുടച്ചുനീക്കപ്പെട്ടു എന്നറിയുന്ന ഒരു വനിതാ ഗുസ്തി താരത്തിന്റെ വൈകാരിക പ്രക്ഷുബ്ധതയിലൂടെയുള്ള യാത്രയാണ് ‘ആർക്കുവേണ്ടി’ എന്ന ചിത്രം. ജീവതുല്യമായ എല്ലാം നഷ്ടപ്പെട്ട നിമിഷത്തിലും തന്റെ രാഷ്ട്രത്തിന്റെ സ്വപ്നങ്ങൾക്കായി പോരാടുന്ന ഒരു യുവതിയുടെ വീരോചിതമായ ഇച്ഛാശക്തി. വയനാട് മണ്ണിടിച്ചിലിന്റെയും പാരീസ് ഒളിമ്പിക്സിന്റെയും വാർത്തകൾ കാണുമ്പോൾ, വയനാട്ടിൽ നിന്ന് ഒരു ഒളിമ്പ്യൻ പാരീസിൽ പോയി തിരികെ വന്ന് ഈ വാർത്ത കേൾക്കുമ്പോൾ കടന്നുപോകാവുന്ന മാനസികാവസ്ഥയെയും മനോവ്യാകുലതയെയും അടിസ്ഥാനമാക്കിയുള്ള ഒരു സിനിമ എന്ന തലക്കെട്ടിൽ ഇത് ഒരുക്കിയതാണ്.



ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയുടെയും പത്മജ വർമ്മയുടെയും പുത്രിയാണ് ദുർഗ്ഗാംബിക. മുംബൈയിൽ നടന്ന ചടങ്ങിൽ വച്ചാണ് പുരസ്ക്കാരം സ്വീകരിച്ചത്.

**യാത്രകൾ – 22**

# രാജസ്ഥാൻ- 1

**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

ഇത്തവണ ഞങ്ങളുടെ യാത്ര രാജസ്ഥാനിലെ ചില പ്രദേശങ്ങളിലേക്ക് ആയിരുന്നു. ഭാരതത്തിന്റെ വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനമായ രാജസ്ഥാൻ വലിപ്പം കൊണ്ട് ഏറ്റവും വലിയ സംസ്ഥാനം ആണ്. രജപുത്രരുടെ രാജ്യം ആയിരുന്ന ഈ ഭൂഭാഗം മുഗൾ ചക്രവർത്തിമാരുടെ അധീനതയിൽ ആയിരുന്നു. ഇതിന്റെ ചില ഭാഗങ്ങൾ വേദിക് സംസ്കാരത്തിന്റെയും സിന്ധുനദീതട സംസ്കാരത്തിന്റെയും സ്ഥലങ്ങളിൽ പെടുന്നതാണു്. ബി.സി. 1500നും 3000നും ഇടക്കുണ്ടായിരുന്ന ഹാരപ്പൻ സംസ്കാരത്തിന്റെ ചില അവശിഷ്ടങ്ങൾ ഉദയ്പൂരിൽ നിന്നും 5000നും 20000നും ഇടയിലെ ശിലായുഗ അടയാളങ്ങൾ ബുണ്ഡി, ബിൽവാരാ ജില്ലകളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

2024 മാർച്ച് 29 നു രാവിലെ ബംഗളുരു കെമ്പഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഞാനും ഭാര്യ മായയും മകൾ അമ്മുവും മരുമകൻ മഹിയും കൊച്ചുമകൻ കുഞ്ഞുണ്ണിയും ചേർന്ന സംഘം ഇൻഡിഗൊ വിമാനത്തിൽ യാത്ര ആരംഭിച്ചു. പരിഷ്ക്കരിച്ച ടെർമിനൽ 2 കാണേണ്ട കാഴ്ച തന്നെയാണ്. രാവിലെ 10.30 നു ജയ്പൂരിൽ പറന്നിറങ്ങി. അവിടെ നിന്നാണ് ഞങ്ങളുടെ പാക്കേജ് ആരംഭിക്കുന്നത്. വാഹനവും സാരഥിയും ഞങ്ങളെ കാത്ത് അവിടെ ഉണ്ടായിരുന്നു. നേരേ ഹോട്ടൽ സ്പ്രീയിലേക്ക്. അവിടെയാണ് അന്നത്തെ താമസം ഒരുക്കിയിരുന്നത്. ഹോട്ടൽ സ്പ്രീ 3 സ്റ്റാർ സൗകര്യങ്ങൾ ഉള്ള സങ്കേതമാണ്. ഏകദേശം 12 മണിയോടെ ജയ്പൂരിലെ യാത്ര ആരംഭിച്ചു.

ആദ്യത്തെ ലക്ഷ്യം ജൽമഹൽ ആയിരുന്നു. നാർഘട് ഫോർട്, ചാന്ദ് പോൺ ചോട്ടി ചോപ്പഡ് എന്നിവ താണ്ടിയാണ് യാത്ര. ചാന്ദ്പോൺ ചോട്ടി ചോപ്പഡ് ജയ്പൂറിലെ പുരാതനവും ഏറ്റവും വലുതുമായ മാർക്കറ്റ് ആണ്. ജൽമഹൽ വിശാലമായ ഒരു തടാകത്തിന്റെ നടുവിലാണ് പണി കഴിപ്പിച്ചിരിക്കുന്നത്. അഞ്ചു നിലകളിൽ നിർമ്മിച്ചിരിക്കുന്ന ഈ കൊട്ടാരത്തിന്റെ മൂന്നു നിലകൾ ജലത്തിനടിയിലും രണ്ടു നിലകൾ ജലോപരിതലത്തിനു മുകളിലും ആണ്. ചുവന്ന കരിങ്കല്ലിലാണ് ഇതിന്റെ നിർമ്മാണം. കൊത്തുപണികൾ ധാരാളമുള്ള ഈ വലിയ കൊട്ടാരം വളരെ ആകർഷകമാണ്. നാലു മൂലകളിലും എട്ടു വശങ്ങളുള്ള പ്രത്യേകത നിറഞ്ഞ തൂണുകളും അതിനു മുകളിൽ പ്രത്യേകതരം മുകപ്പുകളും ചുറ്റും കല്ലിൽ തന്നെ നിർമ്മിച്ച് വളച്ചു വാതിലുകളും ജാലകങ്ങളും മുകൾത്തട്ടിൽ വലിയൊരു പൂന്തോട്ടവും എല്ലാം ചേർന്നതാണീ അത്ഭുത സൗധം. ചുറ്റുമുള്ള തടാകത്തിൽ ധാരാളം മത്സ്യങ്ങളും വിവിധ ഇനം പക്ഷികളും ഉണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ മഹാരാജാ സവായ് പ്രതാപ് സിങ്ങ് പക്ഷി വേട്ടകൾക്കായി നിർമ്മിച്ചതാണ് ഈ കൊട്ടാരം എന്നു പറയപ്പെടുന്നു. ഇപ്പോൾ ഉള്ളിലേക്ക് പ്രവേശനം ഇല്ല.

ഇതിനടുത്തൊരു ഭക്ഷണശാലയിൽ നിന്നും രാജസ്ഥാനി ഭക്ഷണം കഴിച്ച് ഞങ്ങൾ നഹർഘർ ഫോർട്ടിലേക്കു തിരിച്ചു. നഹർഘർ എന്നതിനർത്ഥം കടുവയുടെ വസതി എന്നാണ്. നഹർസിങ് ഭോമിയയുടെ പേരിൽ നിന്നാണ് ഈ പേര് ഉണ്ടായതെന്നാണു പൊതുവിലുള്ള വിശ്വാസം.

അദ്ദേഹത്തിന്റെ ആദ്ധ്യാത്മികശക്തി മൂലം കോട്ടയുടെ നിർമ്മാണം തടസ്സപ്പെടുകയും പരിഹാരമായി അദ്ദേഹത്തിനു ഒരു ക്ഷേത്രം കോട്ടയ്ക്കുള്ളിൽ പണി കഴിപ്പിക്കുകയും ചെയ്തു. ആരവല്ലി മലനിരകൾക്കരികിൽ മഹാരാജാ സവായ് ജയ് സിങ്ങ് പതിനെട്ടാം നൂറ്റാണ്ടിൽ തനിക്കും തന്റെ ഒൻപതു ഭാര്യമാർക്കും വേണ്ടി നിർമ്മിച്ചതാണ് ഈ സൗധം. ഉയർന്ന പാറക്കെട്ടിനു മുകളിൽ രണ്ടു നിലകളിൽ ദീർഘചതുരാകൃതിയിലുള്ള കൊട്ടാര

ത്തിൽ ഒൻപതു ഭാര്യമാർക്കും ഒരേതരത്തിലുള്ള ഗൃഹങ്ങളാണ് നിർമ്മിച്ചിരിക്കുന്നത്. ദാസിമാരുടെ താമസസ്ഥലങ്ങളും അടുക്കളകളും വസ്ത്രാലങ്കാരങ്ങൾക്കുള്ള ഇടങ്ങളും എല്ലാം ഓരോരുത്തർക്കും ഉണ്ട്. മഹാരാജാവിന് ഇഷ്ടമുള്ള ഭാര്യയുടെ മുറിയിലേക്കു പോകാൻ പ്രത്യേക ഇടനാഴികളും നിർമ്മിച്ചിട്ടുണ്ട്. കൊട്ടാരത്തിന് രണ്ടു നിലകളാണ് ഉള്ളത്. വലിയ അകത്തളവും അനേകം ചിത്രവിസ്മയങ്ങളും കാണാം. കൊട്ടാരത്തിന്റെ മുകളിൽ കയറിനിന്നു നോക്കിയാൽ ചുറ്റും കാണുന്ന കാഴ്ചകൾ വിസ്മയിപ്പിക്കുന്നതാണ്. ഷീൽ മഹൽ, വാക്സ് മ്യൂസിയം തുടങ്ങിയവ അവിടത്തെ പ്രത്യേക ആകർഷണങ്ങളാണ്. ഷീൽ മഹലിന്റെ ഉൾഭാഗം പൂർണ്ണമായും വിവിധ ഇനം കണ്ണാടികൾ കൊണ്ട് പ്രത്യേക ലോകം സൃഷ്ടിച്ചിരിക്കുകയാണ്. വാക്സ് മ്യൂസിയത്തിന്റെ കവാടത്തിൽ തന്നെ ജയ്പൂർ വാക്സ് മ്യൂസിയം എന്നെഴുതിയ വലിയൊരു ക്യാമറയാണ് നമ്മെ വരവേൽക്കുന്നത്. വാക്സ് മ്യൂസിയത്തിൽ മഹാത്മാ ഗാന്ധി, ജവഹർലാൽ നെഹ്രു, രവീന്ദ്രനാഥ ടാഗോർ ആൽബർട്ട് ഐൻസ്റ്റീൻ തുടങ്ങി അനേകം മഹാന്മാരുടെ രൂപങ്ങൾ മെഴുകിൽ നിർമ്മിച്ചത് പ്രദർശിപ്പിച്ചിട്ടുണ്ട്. പുറത്തും ധാരാളം കാഴ്ചകൾ



കാണാനുണ്ട്. കൊട്ടാര മുറ്റത്തുള്ള തണലിൽ പാവകളി പ്രദർശനമുണ്ട്. രജപുത്രരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരാൾ മൃദംഗം

കൊട്ടുമ്പോൾ വിവിധതരം പാവകൾ നൃത്തം ചെയ്യുന്ന ഒരു വിനോദം. അതിനടുത്ത് മനോഹരമായ ഒരു രഥം ഒരുക്കി നിർത്തിയിട്ടുണ്ട്. പന്ത്രണ്ട് അടിയിലധികം ഉയരവും ഇരുപത് അടിയോളം നീളവുമുള്ള വലിയൊരു വീങ്ങപ്പെട്ടി (ഈ പേർ യുവാക്കൾക്ക് അപരിചിതം ആയിരിക്കും) വലിയൊരു താഴിട്ടു പൂട്ടി വെച്ചിട്ടുണ്ട്. അനേകം പടികളുള്ള വിശാലമായ കുളവും സേവകരുടെ താമസസ്ഥലങ്ങളും എല്ലാം കൗതുകങ്ങളാണ്.

അവിടെ നിന്നു പോയത് ജയ്ഘട് കോട്ട് കാണാൻ ആണ്. പതിനെട്ടാം നൂറ്റാണ്ടിൽ സവായ് ജയ് സിങ് ആണ് ഈ കോട്ട നിർമ്മിച്ചത്. ആരവല്ലി മലനിരകളിലെ ചീൽ കാ ടീല എന്ന വലിയ കുന്നിൻ മുകളിലെ കോട്ട പ്രധാനമായും ആയുധശേഖരണത്തിനാണ് ഉപയോഗിച്ചിരുന്നത്. അവിടത്തെ ഏറ്റവും വലിയ ആകർഷണം ജയ്വാനാ എന്ന പീരങ്കിയാണ്. അൻപതു ടൺ ഭാരമുള്ള ഈ പീരങ്കി ചക്രങ്ങൾ ഉപയോഗിച്ചുള്ള പീരങ്കികളിൽ ലോകത്തിൽ ഏറ്റവും വലിയതായി കണക്കാക്കുന്നു. വലിയൊരു വണ്ടിയിലാണ് ഈ പീരങ്കി ഉറപ്പിച്ചിരിക്കുന്നത്. ഒരിക്കൽ ഇതിൽ നിന്നു ഒരു ഉണ്ട തൊടുത്തു വിട്ടത് ചെന്നുവീണ സ്ഥലത്ത് വലിയൊരു ഗർത്തം ഉണ്ടായെന്നും ഉണ്ട ലക്ഷ്യത്തിൽ എത്താതിരുന്നതിനാൽ പിന്നീട് ഉപയോഗിച്ചിട്ടില്ലെന്നുമാണ് അറിവ്. മുഗൾ രാജാക്കന്മാരുടെ കൂടി സഹായത്തോടെ ഇവിടത്തെ രാജാക്കന്മാർ ഇരുമ്പയിരിന്റെ വലിയ ശേഖരം കണ്ടെത്തിയത് ഈ പ്രദേശത്താണ്. ഫലപ്രദായി ആ ധാതു വിനിയോഗിക്കുന്നതിലും അവർ വിജയിച്ചു. അവിടത്തെ ജലസംഭരണി വലിയൊരത്ഭുതം തന്നെയാണ്. ഈ കുന്നിൻ മുകളിൽ നിന്നു മഴവെള്ളം സംഭരിച്ച് വലിയ കനാലിലൂടെ അരിച്ച് ഒഴുക്കി താഴെ സംഭരണികളിൽ എത്തിക്കുന്നു. അറുപതു ലക്ഷം ഗാലൺ ജലം സംഭരിക്കാൻ സാധിക്കുന്ന ജലസംഭരണിയാണത്. പതിനായിരം പേർക്ക് രണ്ടു വർഷം ഉപയോഗിക്കാനുള്ള ജലം

മൂന്നു നൂറ്റാണ്ടുകൾക്കു മുൻപ് ഇത്തരം ഒരു ബൃഹത്തായ സാങ്കേതികവിദ്യ നടപ്പാക്കിയ മഹാരാജാവിന് ഒരു നല്ല നമസ്കാരം. മറ്റൊരു മഹാത്ഭുതം കൂടി ഈ സംഭരണിയോടൊപ്പം

അംബർ ഫോർട്ടിന്റെ മതിൽ നീളംകൊണ്ട് ലോകത്തിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്നു. ചുവപ്പും വെളുപ്പും കല്ലുകൾ കൊണ്ടാണ് കൊട്ടാരം നിമ്മിച്ചിരിക്കുന്നത്. വലിയ ഗണേശ് ഗോപുരം കടന്ന് പടിഞ്ഞാറെ വാതിലിലൂടെ ഉള്ളിൽ പ്രവേശിക്കുന്നത് വടക്കുഭാഗത്തെ വലിയ അങ്കണത്തിലാണ്. അവിടെ തന്നെ ശിലാദേവി യുടെ ക്ഷേത്രം കാണാം. രാജാവ് പ്രജകളെ സ്വീക രിക്കുന്ന ഈ അങ്കണത്തിൽ അനവധി പേർക്ക് ഇരിക്കാൻ സൗകര്യം ഉണ്ട്. വടക്കേ അരികിൽ ആന, കുതിര, കാലാൾ തുടങ്ങിയവയ്ക്കുള്ള സ്ഥലമാണ്. അവിടെ നിന്നു തെക്കോട്ടു കയറി എത്തുന്നത് രാജസദസ്സിനുള്ള അങ്കണത്തിൽ ആണ്. ഇതിന്റെ കിഴക്കരികിലായുള്ള ഡർബാർ ഹാളിന്റെ രൂപകൽപ്പന അതിവിശേഷമാണ്. വലിയ മണ്ഡപത്തിനു മുകളിൽ മനോഹരങ്ങളായ അനേകം തൂണുകളിലാണ് ഇതിന്റെ നിർമ്മിതി. രാജസദസ്സിന്റെ തെക്കുഭാഗത്തു രണ്ടു നിലകളിൽ പണി തീർത്ത നിർമ്മിതി അതിമനോഹരമാണ്. വിശാലമായ ഹാളുകളും മുറികളും വലിയ ഇടനാഴികളും ഉള്ള ഇതിൽ ഉപയോഗിച്ചിരിക്കുന്ന ചായങ്ങളും ഭ്രമിപ്പിക്കുന്നതാണ്. ഇതിന്റെ തെക്കും പടിഞ്ഞാറുമായി സവായ് ജയ്സിങ്ങിന്റെ പന്ത്രണ്ട് പത്നിമാരുടെ അന്തപ്പുരങ്ങളാണ്. രണ്ടു നിലക ളിലുള്ള അന്തപ്പുരങ്ങളുടെ നിർമ്മാണവും വൈശിഷ്ട്യമാർന്നതാണ്. രാജ്ഞിമാർക്കുള്ള എല്ലാ സൗകര്യങ്ങളും അതിനുള്ളിൽ തന്നെ ഉണ്ട്. അവർക്കു കുളിക്കാനായി നിർമ്മിച്ച പൊയ്ക തന്നെ കാണേണ്ട കാഴ്ചയാണ്. ഭിത്തികളിലുള്ള മനോഹരങ്ങളായ ചുവർചിത്രങ്ങൾ നാനൂറു വർഷങ്ങൾക്കു ശേഷവും ഒളി മങ്ങാതെ നിൽക്കുന്നു. ഉൾവശത്തെ നിർമ്മാണങ്ങളിൽ ഹിന്ദു മുഗൾ സമ്മിശ്ര രീതികൾ പ്രതിഫലി ക്കുന്നുണ്ട്. അക്കാലത്തെ ജീവിതരീതികളും ആചാരങ്ങളും പകർത്തിയ മ്യൂറൽ പെയിന്റി ങ്ങുകൾ ധാരാളം കാണാം. ഭിത്തികൾ കൊത്തു പണികൾ കൊണ്ട് സമ്പന്നമാണ്. കൂടാതെ വിദേശ നിർമ്മിത കണ്ണാടികൾ മാത്രം കൊണ്ട് പൂർണ്ണമായി അലങ്കരിച്ച ഒരു കണ്ണാടിക്കൊട്ടാരം ഇവിടെയും ഉണ്ട്. കണ്ണാടികൾ കൊണ്ട് നിലം ഉൾപ്പടെ എല്ലാ ഇടവും പൊതിഞ്ഞിരിക്കുകയാ ണിവിടെ. മേൽത്തട്ടിൽ അത്ഭുതങ്ങൾ ആണ് ഉണ്ടായിരുന്നു. സംഭരണി പന്ത്രണ്ട് അറകളായി ട്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനു പിറകിൽ അതീവ രഹസ്യമായി ഓരോ കല്ലറകൾ കൂടി നിർമ്മിച്ചിരുന്നു. ഈ കല്ലറകളിൽ നിറയെ സ്വർണ്ണവും അമൂല്യ രത്നങ്ങളും ചേർന്ന വലിയൊരു നിധിശേഖരം മഹാരാജാവ് സൂക്ഷി ച്ചിരുന്നു. ഇക്കാര്യം അറിഞ്ഞ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1976-ൽ അടിയന്തിരാവസ്ഥക്കാ ലത്ത് സൈന്യത്തെ അയച്ച് സംഭരണിയിൽ ഉണ്ടായിരുന്ന ജലം മുഴുവൻ ഒഴുക്കിക്കളഞ്ഞ് പിറ കിൽ ഉണ്ടായിരുന്ന കല്ലറകൾ ബലമായി തുറന്നു. പിന്നീട് ഉണ്ടായ കാര്യങ്ങൾ അത്യധികം നിഗൂഢ മാണ്. അതെന്തായാലും അവിടെനിന്ന് ഒന്നും ലഭിച്ചില്ല എന്ന് സർക്കാർ ഉടനെ പ്രഖ്യാപിച്ചു. പതിനാലു ട്രക്കുകൾ നിറയെ ആണ് അന്ന് നിധി കടത്തിക്കൊണ്ടുപോയത് എന്നാണ് അവിടെ ഉള്ളവർ ഇപ്പോഴും പറയുന്നത്. നമ്മുടെ ശ്രീ പത്മ നാഭസ്വാമി ക്ഷേത്രത്തിലെ അറകൾക്ക് ഈ ഗതി വരാതിരുന്നത് തീർച്ചയായും രാഷ്ട്രീയാധികാരികൾ സ്വത്തുവിവരം അറിയാതിരുന്നതു കൊണ്ടും സുപ്രീം കോടതി മുഖാന്തിരം തുറന്നതുകൊണ്ടും മാത്രമാണ്.

രാജസ്ഥാനിലെ ഞങ്ങളുടെ ഒന്നാം ദിവ സത്തെ യാത്ര തുടരുകയാണ്. ജയ്ഗഡ് കോട്ട യുടെ കിഴക്കു ഭാഗത്തായി അമേർ നഗരത്തിൽ സ്ഥിതിചെയ്യുന്ന വലിയ കോട്ടയും കൊട്ടാരവും ചേർന്നതാണ് അംബർ ഫോർട്ട്. കഛവാ രജപുത്ര രാജാക്കന്മാരുടെ തലസ്ഥാനം ആയിരുന്നു അമേർ. നാലു കി.മീ. ചുറ്റളവുള്ള അമേർ നഗരം ജയ്പൂരിൽ നിന്നും 11 കി.മീ. അകലെയാണ്. വലിയ കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന ഈ വിനോദ സഞ്ചാര കേന്ദ്രം രജപുത്ര വാസ്തുകലയുടെ ഉത്തമോദാഹരനമാണ്. അംബ എന്ന മാതൃദൈവ ത്തിനു സമർപ്പിച്ചുകൊണ്ട് മീണാ വംശക്കാരാണ് അംബർ നഗരം സ്ഥാപിച്ചത്. അക്ബർ ചക്രവർ ത്തിയുടെ സാമന്തനും സേനാനായകനും ആയി രുന്ന രാജാ മാൻസിങ്ങ് ആണ് കൊട്ടാരത്തിന്റെ നിർമ്മാണം ആരംഭിച്ചത്. അതിനുശേഷം പിൻഗാമിയായ സവായ് ജയ്സിങ്ങ് തുടങ്ങി പിൻഗാമികൾ നിർമ്മാണം പൂർത്തിയാക്കി. സാൻഡ് സ്റ്റോണും മാർബിളും ഉപയോഗിച്ചുള്ള രജപുത്ര ശില്പരീതിയുടെ ഉത്തമോദാഹരണ മാണ് അമർ കൊട്ടാരം.



# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

വിക്ഷോഭമായ മുഖഭാവവും അമിതമായ അഭിനയവും ശ്ലോകം ചൊല്ലലിൽ ഒഴിവാക്കണം. എന്നുവച്ച് കഥകളിയിലെ ചില വേഷം ഇരിക്കുന്നതുപോലെ ചൊല്ലണമെന്നല്ല. പദ്യത്തിലെ ഭാവവും പശ്ചാത്തലവും കുറച്ചൊക്കെ മുഖത്ത് പ്രതിഫലിക്കും. അത് ഒഴിവാക്കാനുമാവില്ല.

ശ്ലോകം ചൊല്ലുമ്പോൾ ഹൃദയത്തിൽ നിന്നും ഒഴുകിവരണം, എങ്കിലേ മനുഷ്യമനസ്സിനെ പവിത്രീകരിക്കുകയും രസിപ്പിക്കുകയും ചെയ്യുകയുള്ളൂ. കവിവാക്യങ്ങളും പ്രയോഗങ്ങളും അവിടെ കിടക്കട്ടെ. അതിനെ കയറിപ്പിടിക്കുന്നില്ല.

'അനുഷ്ടുപ്പ്' ശ്ലോകങ്ങളും ചിലർ വർജ്ജിക്കാറുണ്ട്. ഒരു ഭാഷാപണ്ഡിതൻ ഒരു വേദിയിൽ 'സർവ്വമംഗളമംഗല്യേ' എന്ന ശ്ലോകം ചൊല്ലിയത് വളരെ രസകരമായിരുന്നു. ഉടനെ നവാഗതരായ ഏതാനും ചെറുപ്പക്കാർ ഇടപെട്ട് അത് അനുഷ്ടുപ്പ് ശ്ലോകമാണെന്ന് പറഞ്ഞ് ആ പണ്ഡിതനെ ഒന്ന് ഇരുത്തുവാൻ ശ്രമിച്ചു. ലോകത്തിലുള്ള സർവ്വ ശ്ലോകങ്ങളും പരിശോധിച്ചാൽ പ്രസ്തുത വൃത്തത്തിൽത്തന്നെയാണ് എഴുതിയിരിക്കുന്നതെന്നും അതിനാൽ അത് വർജ്ജിക്കേണ്ടതില്ലെന്നും ചിലർ തുറന്നടിച്ചു. അത് കേട്ടപാടെ നമ്മുടെ പണ്ഡിതന് വളരെ സന്തോഷമായി. ശ്ലോക സമ്പത്തുള്ള അദ്ദേഹം ഉടൻ മാറ്റിച്ചൊല്ലുവാൻ തയ്യാറായതുമില്ല. അദ്ദേഹത്തിന്റെ ആ മനോവ്യാപാരത്തെ സ്വാഗതം ചെയ്യണം. പ്രാസഭംഗിയുള്ള ശ്ലോകങ്ങൾക്ക് ആകർഷകത്വം കൂടും. പ്രാസത്തിന്റെ ആദ്യാക്ഷര പ്രാസമോ ദ്വിതീയാക്ഷര പ്രാസമോ അന്ത്യപ്രാസമോ ഏതുമായിക്കൊള്ളട്ടെ. വരികൾ തിരിക്കുന്നതിനും ഓർമ്മിച്ചു ചൊല്ലുന്നതിനും അടുത്ത വരികൾ കണ്ടെത്തുന്നതിനും പ്രാസം സഹായിക്കും. ഇനി ചില പദപ്രയോഗങ്ങൾ നോക്കാം. ഒരു അശന ശ്ലോകം തന്നെ ഉദാഹരണം.

"സരസ വിരസ ഗേഹേ പോകൊലാ ഭക്ഷണാർത്ഥം
വിരസ സരസ ഗേഹേ കഷ്ടപക്ഷേ ഗമിക്കാം
വിരസ വിരസ ഗേഹേ ക്ഷുത്തിലും പോയിടൊല്ലേ
സരസ സരസ ഗേഹേ പോയ് വിരുന്നുണ്ടിടേണം"

ഇവിടെ സരസ വിരസ, വിരസ സരസ, വിരസ വിരസ, സരസ സരസ എന്നീ പദങ്ങൾ ശ്രദ്ധിക്കുക. ആലോചിച്ച് പറയേണ്ട പദങ്ങൾ ആണിവ.

ഇത്തിരി ശൃംഗാരം കണ്ടാൽ നെറ്റിചുളിക്കുന്ന സന്മാർഗ്ഗചാരികൾ ശ്ലോകസദസ്സിൽ കാണാം. അതിലെ സാഹിത്യ ഗുണമറിയാതെ ഇവർ ശൃംഗാരത്തെ മാത്രം പൂജിക്കുന്നവരുമായിരിക്കും. ഉണ്ണുനീലി സന്ദേശത്തിലെ "അമൃതകര കരോടി.... →

---

→

സൃഷ്ടിച്ചിരിക്കുന്നത്. ഒരു വിളക്കു തെളിയുമ്പോൾ ആയിരക്കണക്കിനു നക്ഷത്രങ്ങൾ ആണ് മുകളിൽ ഉദിക്കുന്നത്. സന്ധ്യയാകുമ്പോൾ കോട്ട മുഴുവനായും കവാടങ്ങളും അങ്കണങ്ങളും ഡർബാർ ഹാളും മാളികകളും എല്ലാം പ്രകാശങ്ങളുടെ ഒരു അത്ഭുതലോകം സൃഷ്ടിക്കുന്നു.

ഈ കൊട്ടാരത്തിന്റെ ചരിത്രങ്ങളും മറ്റും ഞാൻ കുറച്ചു പഠിച്ചിട്ടുണ്ടെങ്കിലും വിസ്താരഭയത്താൽ അതിനു മുതിരുന്നില്ല.

രാത്രി എട്ടു മണിയോടെ ഒന്നാം ദിവസത്തെ യാത്ര അവസാനിച്ചു. (തുടരും...)

# പന്തളം പാലസ് ക്ലബ്ബ് വാർഷികം



പന്തളം പാലസ് ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബിന്റെ 59-ാമത് വാർഷികാഘോഷം ചിങ്ങമാസത്തിലെ തിരുവോണ ദിവസമായ 2024 സെപ്തംബർ 15-ാം തീയതി വൈകിട്ട് പന്തളം വലിയ കോയിക്കൽ ശ്രീധർമ്മ ശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടികളുടെ ഉദ്ഘാടനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ബയോമെഡിക്കൽ ടെക്നോളജി വിംഗ് തലവനായ ഡോ. ഹരികൃഷ്ണവർമ്മ പി.ആർ. നിർവ്വഹിച്ചു. പ്രസിഡന്റ് എം.ആർ. സുരേഷ് വർമ്മ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ജയകുമാർ വർമ്മ ആർ.കെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ.ആർ.ജയചന്ദ്രവർമ്മ ആശംസാ പ്രസംഗം നടത്തി. കെ. രാജേഷ് വർമ്മ സ്വാഗതവും ആദിത്യവർമ്മ കൃതജ്ഞതയും പറഞ്ഞു. വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കും കലാകായിക മത്സരങ്ങളിൽ വിജയിച്ചവർക്കും യോഗത്തിൽ വച്ച് സമ്മാനം നല്കി. യോഗാനന്തരം അത്താഴവിരുന്നും കലാപരിപാടികളും നടന്നു.

→


മലമകൾ മുലവുന്നും" എന്നതിലെ 'മുല' എന്നും കേൾക്കുമ്പോൾ മുലകുടിച്ചു വളർന്ന ഇവർക്ക് ഇതിലെ ആശയം ഇനിക്കുകയില്ല പോലും. അങ്ങനെ ശൃംഗാരത്തെ ഇവർ പഴി പറയുകയും "ദാ വരുന്നു മുലക്കവി" എന്ന് ശ്ലോകം ചൊല്ലുന്ന വരെ ആക്ഷേപിക്കുകയും ചെയ്യുന്നു ഇക്കൂട്ടർ. ശ്ലോകത്തിലുള്ള കവിവാക്യങ്ങൾ അങ്ങനെതന്നെ ചൊല്ലുകയാണ് ഈ ചൊല്ലലുകൾ നിർവ്വഹിക്കുന്നതും. അതിന് കുറ്റം പറയരുതല്ലോ.

ഒരു കൃതിയിലെ ശ്ലോകം ഒരാൾ ചൊല്ലുമ്പോൾ അതേ കൃതിയിലെ ശ്ലോകങ്ങൾ ചൊല്ലുവാൻ കഴിയുമെങ്കിൽ അതൊരു നല്ല ലക്ഷണമാണ്. പ്രത്യുത ഇതര കൃതികളിലെ ശ്ലോകങ്ങൾ ചൊല്ലിയാൽ ശ്ലോകവുമായി ഒരു ബന്ധവും ഈ ആൾക്ക് ഇല്ലെന്ന് ശ്രോതാക്കൾ വിലയിരുത്തും. "ആരണ്യാന്തര ഗഹ്വരോ". ഇതിൽ മൂന്നാമത്തെ വരിയിലെ ആദ്യാക്ഷരം 'ആ' എന്നാണല്ലോ. അപ്പോൾ 'ആമൺമെത്ത' എന്ന ശ്ലോകമാണ് അടുത്തയാൾ ചൊല്ലേണ്ടത്. എങ്കിൽ വയലാറിന്റെ 'സർഗ്ഗസംഗീതം' ചൊല്ലുന്നയാൾക്ക് ഹൃദിസ്ഥമാണെന്ന് ആസ്വാദകർ മനസ്സിലാക്കിയെന്നു വരും. ഇതുപോലെ ശാകുന്തളത്തിലെ കൊണ്ടൽ വേണി എന്ന ശ്ലോകത്തിന്റെ മൂന്നാംപാദത്തിലെ ആദ്യാക്ഷരം 'ക'യിൽ തുടങ്ങുന്നു. അതുകൊണ്ട് 'കണ്ഠനാളം' എന്ന ശ്ലോകം ചൊല്ലുന്നത് ഉത്തമമായിരിക്കും. ഈ വക കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

അക്ഷരശ്ലോക സദസ്സുകളിൽ ധാരാളം പങ്കെടുക്കണം. എങ്കിലേ നമ്മളുടെ തെറ്റുകൾ തിരുത്തുവാൻ കഴിയുകയുള്ളൂ. "കാവ്യജ്ഞ ശിക്ഷയഭ്യാസ" എന്നാണല്ലോ പണ്ഡിത മതവും. ഏതാനും ശ്ലോകത്തിന്റെ അറിവിൽ നല്ല സദസ്സുകളിൽ കയറിപ്പറ്റുകയും പാടില്ല. അത് ഇരുകൂട്ടർക്കും ദോഷം ചെയ്യും. ശ്ലോകസമ്പത്തുമായി വരുന്നവർ ആയിരിക്കും അവർ. അവരുടെയിടയിൽ നാം കയറി ഇരിക്കുന്നത് രസംകൊല്ലിയായി നമ്മൾ മാറും. മൂന്നാം അക്ഷരമേതെന്ന് ചോദിക്കാതെ നമ്മൾ ചൊല്ലണം. അവിടെയാണ് നമ്മൾ മിടുക്ക് കാണിക്കുന്നതും.

(അവസാനിച്ചു)

# ഒരു കശ്മീർ യാത്ര



**പ്രദീപ് വർമ്മ**
ചിറക്കൽ കോവിലകം, കണ്ണൂർ മൊ. 9496286525

ഭൂമിയിലൊരു സ്വർഗമുണ്ടെങ്കിൽ അതിവിടെയാണെന്ന് കശ്മീരിനെക്കുറിച്ച് കേട്ടറിവ് മാത്രമായിരുന്നു ഇതുവരെ. ബാങ്കിന്റെ വർഷാന്തവും ബല്ലാരിയിലെ കൊടും ചൂടും കൊറോണയും മാത്രമല്ല കശ്മീർ ട്രിപ്പിനെക്കുറിച്ച് ചിന്തിപ്പിച്ചത്. ആർട്ടിക്കിൾ 370 എടുത്തു കളഞ്ഞിട്ട് എന്തുണ്ടായി പുതിയതെന്നുള്ള ഉത്കണ്ഠകൂടി പെട്ടെന്നൊരു യാത്ര തട്ടിക്കൂട്ടാനിടയാക്കി. രണ്ടു വർഷം മുമ്പത്തെ രാജസ്ഥാൻ ട്രിപ്പിന്റെ വിജയത്തിനു ശേഷം ടൂർ പ്ലാനിങ്ങ് കാവ്യയെത്തന്നെ ഏല്പിച്ചു. കാവ്യയും കിച്ചുവും ചേർന്ന് ടൂർ പരിപാടി തയ്യാറാക്കി -ഒട്ടനേകം പാക്കേജുകൾ നിരത്തി നല്ലത് ചിലവ ഞങ്ങൾക്കയച്ചു തന്നു. കൂട്ടത്തിൽ നല്ലതെന്ന് തോന്നിയ മൊണ്ടാഷ് ഹോളിഡേയ്സിന്റെ പാക്കേജ് നന്നായി തന്നെ സ്വീകരിച്ചു. അഞ്ചു പകലും നാലു രാത്രിയും അടങ്ങുന്ന ശ്രീനഗർ പാക്കേജിൽ പഹൽഗാം, സോനമാർഗ്, ഗുൽമാർഗ്, ലോക്കൽ ശ്രീനഗർ എന്നിവ ഉൾപ്പെടെ 3 Star താമസ സൗകര്യത്തോടെ (ഒരു രാത്രി ഹൗസ് ബോട്ടിലും) ഉള്ള തരക്കേടില്ലാത്ത പാക്കേജ്. ഒരു മണിക്കൂർ നീളുന്ന ശിക്കാര (ചെറുവള്ളം) യാത്രയടക്കം. ബാംഗളൂർ നിന്ന് പുറപ്പെടുന്നത് ഏപ്രിൽ 12 അർദ്ധരാത്രി. ഡൽഹിയിൽ നിന്ന് മാറിക്കയറി ശ്രീനഗറിലെത്തുമ്പോൾ രാവിലെ 7.30. ഞങ്ങൾ നാലുപേരാണ് ടീമിൽ' കാവ്യയും കിച്ചുവും പുറപ്പെട്ടില്ല. പറഞ്ഞല്ലോ, ഞങ്ങളുടെ കന്നി കശ്മീർ യാത്രയാണെന്ന്. 3 വർഷം പഞ്ചാബിലുണ്ടായിട്ടും ജമ്മു-കശ്മീർ കാണാനായില്ല. കണ്ണൻ 5 വർഷം ചണ്ഡീഗഡിൽ പഠിച്ചിട്ടു കൂടി മൂപ്പരും കശ്മീർ കണ്ടിരുന്നില്ല. കഴിഞ്ഞ കൊറോണക്കാലം തൊട്ട് കുട്ടികൾ രണ്ടാളും ഞങ്ങളുടെ കൂടെ തന്നെയായിരുന്നു. കൊറോണ നൽകിയ ഒരു പോസിറ്റീവ് കാര്യം എന്ന് പറയാം! എങ്കിലും കശ്മീർ യാത്രയ്ക്ക് പ്രചോദനം നൽകിയത് ഒരു വാർത്തയായിരുന്നു. ഏഷ്യയിലെ ഏറ്റവും വലിയ ടുലിപ് ഗാർഡൻ തുറന്നു എന്നത്. പൂക്കളുടെ കാലാവധി ഏപ്രിലോടെ തീർന്നേക്കും. എങ്കിൽ പിന്നൊന്നും ആലോചിക്കാനില്ല. പുറപ്പെടുക തന്നെ!

ശ്രീനഗർ എയർപോർട്ട് താരതമ്യേന ചെറിയ എയർ പോർട്ടാണ്. പുറത്തിറങ്ങുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ടെസ്റ്റ് നടത്തി. മൊബൈൽ നമ്പർ കൊടുത്തു. പക്ഷേ SMS വരില്ലെന്ന് നൂറു ശതമാനം ഉറപ്പ്. കാരണം കശ്മീരിൽ പ്രീപെയ്ഡ് നെറ്റ്വർക്ക് പ്രവർത്തിക്കില്ല. ഞങ്ങളാണെങ്കിൽ പോസ്റ്റ് പെയ്ഡ് എടുത്തിട്ടുമില്ല. ഇവിടെ വെച്ച് പുതിയ കണക്ഷനെടുക്കാൻ കശ്മീരിതരനിവാസികൾക്ക് സാധ്യവുമല്ല. അതിനാൽ, ഇനിയുള്ള അഞ്ചു പകൽ നെറ്റ്വർക്കിന് അവധി കൊടുപ്പിച്ച് രാത്രി മാത്രം ഹോട്ടൽ 'വൈഫൈ' ഉപയോഗിക്കാമെന്ന് കരുതി.

ശ്രീനഗർ എയർപോർട്ടിൽ രാവിലെ ഏഴരയ്ക്കെത്തി. എയർപോർട്ടിനുള്ളിൽ തന്നെ അന്തർ സംസ്ഥാന യാത്രികർക്ക് കോവിഡ് റാപിഡ് ടെസ്റ്റി



നുള്ള സൗകര്യം ഒരുക്കിയിരുന്നു. നാലുപേരും ടെസ്റ്റ് നടത്തി പുറത്തു കടക്കവേ പ്ലക്കാർഡുമായി ഞങ്ങൾക്ക് വേണ്ടി അയയ്ക്കപ്പെട്ട ഡ്രൈവർ ഷൗക്കത്ത് നില്പുണ്ടായിരുന്നു... വൃത്തിയുള്ള ടൊയോട്ട എറ്റിയോസ് കാറും. ഇനിയുള്ള അഞ്ചു ദിവസങ്ങളിൽ സാരഥി ഷൗക്കത്താണ്. വൃത്തിയായി ഹിന്ദി സംസാരിക്കും. യുപി - ബീഹാറിക്കാരെപ്പോലെ കടിച്ചു മുറിച്ച് പകുതി വിഴുങ്ങി പറയുന്ന ഹിന്ദിയല്ല കശ്മീരിന്റെ ഹിന്ദി. ഇത്തിരി കവ്വാലിയുടെ കാവ്യാത്മകതയുള്ള ഉർദു കലർന്ന ഹിന്ദിയാണ്. എങ്കിലും കശ്മീരിന്റെ ഭാഷ ഹിന്ദി, ഉറുദു, കൂടി കലർന്ന കശ്മീരി ഭാഷയാണ്. യാത്രയിലുടനീളം ഷൗക്കത്ത് ഫോണിൽ സംസാരിച്ചതൊക്കെ കൊളോക്കിയൽ കശ്മീരി ഭാഷയാണ്. ഈ ഭാഷയ്ക്ക് പ്രത്യേകം ലിപിയില്ലെന്നു തോന്നുന്നു. സ്ഥലനാമങ്ങളും, സ്ഥാപനങ്ങളുടെ നെയിം ബോർഡുകളും അധികവും ഇംഗ്ളീഷിലും, അത്യാവശ്യം ഉർദുവിലുമാണ് കാണപ്പെടുന്നത്.

ഞങ്ങൾ ഗോൾഡൻ ടുലിപ് എന്ന ഹോട്ടലിലേക്ക് പോകുന്നു. അവിടെയാണിന്നത്തെ താമസം. സാമാന്യം തരക്കേടില്ലാത്ത ഹോട്ടൽ. ചെക്കിൻ ചെയ്ത് ചെറിയൊരു വിശ്രമത്തിനു ശേഷം ഞങ്ങൾ ശ്രീനഗർ ലോക്കൽ കാഴ്ച്ചകളിലേക്ക് പോകുന്നു. ഭൂമിയിലെ പറുദീസയായതുകൊണ്ട് പൂന്തോട്ടങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല ശ്രീനഗറിൽ ' മുഗൾ ഭരണകാലത്തെ രാജാക്കന്മാരുടെ സമ്മർ ക്യാമ്പ് ഇവിടെയായിരുന്നു. പ്രധാന തോട്ടങ്ങളെല്ലാം - ഷാലിമാർ, നിശാത്, ചഷ്മ ഷാഹി, പരിമഹൽ ഇവയെല്ലാം കാണേണ്ടവ തന്നെ.

പരിമഹൽ ഒരു ടെറസ് ഗാർഡനെന്നു പറയാം. തട്ടുകളിൽ പുഷ്പച്ചെടികളും പൂമരങ്ങളും.

നിശാത് ഗാർഡനെ മുഗൾ ഗാർഡനെന്നും പറയും. ഡാൽ തടാകക്കരയിൽ ഏക്കറുകണക്കിന് വിസ്തീർണമുള്ള മനോഹരമായ പൂന്തോട്ടം. ഷാജഹാൻ ചക്രവർത്തിയുടെ പത്നി മുംതാസിന്റെ പിതാവിന്റെ ഉടമസ്ഥതയിലായിരുന്ന ഈ തോട്ടം സ്വന്തമാക്കാൻ ഷാജഹാൻ ആഗ്രഹിച്ചിരുന്നെന്നും അത് സാധിക്കാതെ വന്നപ്പോൾ അനിഷ്ടം തോന്നി തോട്ടത്തിലെ ജല സ്രോതസ് അടപ്പിച്ചെന്നും ഒരു കഥയുണ്ട്. തോട്ടം കരിയുന്നതു കണ്ട് ദുഃഖിതനായ ഒരു ജോലിക്കാരൻ ആജ്ഞ ധിക്കരിച്ച് വെള്ളം പുനഃസ്ഥാപിച്ചെന്നും ഇതറിഞ്ഞ ചക്രവർത്തി അയാളെ ശിക്ഷിക്കാതെ വിട്ടെന്നുമാണ് കഥ.

ഡാൽ തടാകത്തിന്റെ മറ്റൊരു വശത്ത് വിശാലമായ ബൊട്ടാണിക്കൽ ഗാർഡൻ കാണാം. അതിനോട് ചേർന്നാണ് പ്രശസ്തമായ ടുലിപ് ഗാർഡൻ. അനേകം ഏക്കറിൽ പരന്നുകിടക്കുന്ന വിവിധ വർണ്ണങ്ങൾ നയനാനന്ദകരമാക്കുന്ന ടുലീപ് പുഷ്പങ്ങൾ ഏവരുടെയും മനസ്സ് കീഴടക്കും, തീർച്ച. ഞങ്ങൾ ഇവിടെ വന്നത് റമദാൻ നോമ്പ് തുടങ്ങുന്നതിന്റെ തലേന്നായിരുന്നു. ഒരു മാസത്തെ നോമ്പിന്റെ തയ്യാറെടുപ്പിന് മനസ്സ് കുളിർപ്പിക്കാൻ കോവിഡിനെ വകവെക്കാതെ എത്തിയവർ അനേകം. അന്നത്തെ യാത്രയ്ക്ക് പര്യവസാനം കുറിച്ച് ഹോട്ടലിലേക്ക് മടക്കം.

പിറ്റേന്ന് പാക്കേജ് പ്രകാരം പഹൽഗാം യാത്രയാണ്. ശ്രീനഗർ-ജമ്മു റൂട്ടിൽ അനന്തനാഗിനടുത്താണ് പഹൽഗാം. ശ്രീനഗർ പൊതുവെ ഒരു സമതലമെന്ന് പറയാം. ചുറ്റും ഹിമാലയൻ മലനിരകളുടെ സംരക്ഷണഭിത്തി. പഹൽഗാം, സോനമാർഗ്, ഗുൽമാർഗ് എന്നിവയാണ് താരതമ്യേന അടുത്തുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ. ഇവയെല്ലാം മലമുകളിലാണ്.

പോകുന്ന വഴി മഞ്ഞ് പുതപ്പിട്ട കടുകുപാടങ്ങൾ കാണായി. ടുലീപ് പുഷ്പങ്ങൾ പൊഴിയാൻ തുടങ്ങുകയാണ്, കടുക് ചെടികളും. കടുക് പാടത്തിനരികെ അതാ കശ്മീരിന്റെ സ്വന്തം സാഫ്രൺ (കേസർ) പാടം. ഇതിന്റെ പുഷ്പത്തിൽ നിന്ന് കൈ കൊണ്ട് അടർത്തിമാറ്റിയെടുക്കുന്ന കേസരം ഉണക്കിയെടുക്കുന്നതാണ് സാഫ്രൺ. ഇതിന്റെ ഔഷധഗുണം കൊണ്ടും ഉണ്ടാക്കാനുള്ള അത്യദ്ധ്വാനം കൊണ്ടും ഇതിന് ഭീമമായ വിലയാണ്. ഗ്രാമിന് നൂറു രൂപ മുതലാണ് വില.

യാത്രയ്ക്കിടെ ഡ്രൈവർ കാർ ഒരു ഡ്രൈ ഫ്രൂട്ട് കടയുടെ മുൻപിൽ നിർത്തി. കടയുടമസ്ഥൻ വളരെ ഭവ്യതയോടെ സ്വീകരിച്ച് ആദ്യം പാനോപചാരം ചെയ്തു. കശ്മീരിന്റെ തനത് പാനീയമായ കാവ (kahwa or qweva green tea). പച്ച ഇലച്ചായയിൽ കറുവപ്പട്ട ഏലം എന്നിവയ്ക്കൊപ്പം പൊടിച്ച വാൽനട്ടും, ആൽമണ്ടും ചേർത്ത് സമോവറിൽ ഉണ്ടാക്കുന്നതാണ് കാവ. തരക്കേടില്ല. തണുപ്പിന് നല്ല ആശ്വാസമാകും. കാവ

കുടിയ്ക്കിടെ കടയുടമ ഡ്രൈ ഫ്രൂട്ടുകളെക്കുറിച്ച് ചെറുക്ലാസ് തന്നെ എടുത്തു. തുടർന്ന് ഞങ്ങൾ കുറച്ച് ആൽമണ്ടും വാൽനട്ടും നാലഞ്ചു ഗ്രാം കേസറും വാങ്ങി യാത്ര തുടർന്നു. ആപ്പിൾ വാലി വഴിയുള്ള ഷോർട്ട് കട്ട് ഞങ്ങളെ തുണച്ചില്ല... പട്ടാളക്കാർ വഴി തടഞ്ഞ് മെയ്ൻ റോഡ് വഴി തന്നെ പോകാൻ പറഞ്ഞു. വഴിയിലൊക്കെ മിലിട്ടറിയുടെയോ CRPF ന്റെയോ ജവാന്മാരെ കാണാം. സംസ്ഥാനത്തിന്റെ സൈ്വര്യത്തിനും സമാധാനത്തിനും കാവൽ നിൽക്കുന്നവർ. നാട്ടുകാർക്ക് ഇതൊക്കെ ശീലമായിരിക്കുന്നു.

അനന്ത് നാഗിൽ നിന്നും ജമ്മു റൂട്ട് വിട്ട് വടക്കോട്ടേക്ക് യാത്ര തുടർന്നു. പഹൽഗാം. ഇവിടത്തെ അങ്ങാടി വരെയേ നമ്മുടെ വണ്ടിക്ക് പോകാവൂ. പിന്നീട് അവിടുള്ള വണ്ടിക്കാരുടെ ഊഴമാണ്. ബേതാബ് വാലി, ചന്ദൻ വാഡി എന്നീ സ്പോട്ടുകളിലേക്ക് യാത്ര. ബേതാബ് വാലി 5 കിമീ ദൂരത്തിലാണെങ്കിൽ ചന്ദൻ വാഡി 15 കിമീ അകലെയാണ്. ബേതാബ് വാലിയ്ക്ക് ആ പേര് വരാൻ കാരണം സണ്ണി ഡിയോളിന്റെ 'ബേതാബ്' എന്ന ഹിന്ദി ചിത്രം ഷൂട്ടു ചെയ്തതു കൊണ്ടാണ്. മനോഹരമായ ഒരു താഴ്വാരം. താല്പര്യമുള്ളവർക്ക് കുതിരപ്പുറത്ത് കുറച്ചു ദൂരം കയറിപ്പോകാം. കുതിരകളുമായി കശ്മീരിപ്പയ്യന്മാർ പുറകെക്കൂടി. എല്ലാവരെയും നിരാശപ്പെടുത്തി ഞങ്ങളും. തുടർന്ന് ചന്ദൻവാഡി എന്ന മലവാരത്തിലേക്ക്. ഇവിടെ പ്രസിദ്ധമായ അമർനാഥ് യാത്രയുടെ ബേസ് ക്യാമ്പ് ആണ്. യാത്രികൾക്ക് വേണ്ടിയുള്ള വിശ്രമകേന്ദ്രവും, യാത്ര തുടങ്ങുന്ന പടിക്കെട്ടും കണ്ടു. പഹൽഗാം ഇപ്പോഴും മുകൾത്തട്ടുകളിൽ മഞ്ഞണിഞ്ഞു നിൽക്കുന്നത് കണ്ടാൽ ചേതോഹരം. ഞങ്ങൾ ഉച്ചഭക്ഷണം മാഗിയിലൊതുക്കി. തണുപ്പിൽ ചൂടു മാഗിക്ക് സ്വാദ് കൂടിയതുപോലെ. ഞങ്ങൾ തിരികെ ഷൗക്കത്തിന്റെ വാഹനത്തിലേറി മടക്കയാത്ര ആരംഭിച്ചു. വണ്ടി കുറച്ചിട പോയതും ഇരമ്പിപ്പെയ്യുന്ന മഴയാണോ എന്ന് തോന്നുമാറ് ശബ്ദം കേൾക്കായി. നോക്കുമ്പോൾ മഴയല്ല, ആലിപ്പഴം വർഷിക്കുകയാണ്! പണ്ട് പഞ്ചാബിലെ ഭട്ടിൻഡയിൽ വെച്ച് കണ്ടത് വലിയ ആലിപ്പഴങ്ങളായിരുന്നെങ്കിൽ ഇത് വലുപ്പം കുറഞ്ഞ ഐസ് കഷണങ്ങളായിരുന്നു. ഞങ്ങൾ മറ്റൊരു വഴിയിലൂടെ (നേരത്തെ പറഞ്ഞ ഷോർട്ട്കട്ട്) യാത്ര തുടർന്നു. ഒരിടത്ത് അനേകം ആപ്പിൾ മരങ്ങൾ പുഷ്പിച്ചു നിൽക്കുന്ന കാഴ്ച്ച.ഇതാണത്രെ ആപ്പിൾ വാലി. ഇവിടത്തെ പ്രധാന കൃഷി ആപ്പിൾ ആണ്. ഇപ്പോൾ പുഷ്പിക്കുന്ന സീസണാണ്. ഒരിടത്തു വണ്ടി നിർത്തി, ഗേറ്റു തുറന്നു കിടന്ന ഒരു ഫാമിനകത്തേക്ക് ഞങ്ങൾ പ്രവേശിക്കുമ്പോൾ ഉടമകളായ രണ്ടു പേർ കൃഷി പരിചരണത്തിലാണ്. ആപ്പിളിന്റെ ഇനം 'റെഡ് ഡെലിഷ്യസ്' ആണെന്ന് പറഞ്ഞു. ഇന്ത്യയിലേറ്റവും സ്വീകാര്യമായ ഇനം അതുതന്നെ. മരങ്ങളിൽ ഇലകൾ കുറവും പൂക്കൾ അധികവുമാണ്. ആപ്പിൾ വളരെ ഉയരത്തിൽ സാധാരണയായി വളരുന്ന മരമാണ്. കുറച്ച് ഉയരം നിലനിർത്തി ധാരാളം ഫലവാഹികളായ ശാഖകൾ നിലനിർത്തുന്നതിന് ആപ്പിൾ മരങ്ങൾ പ്രൂൺ ചെയ്യാറുണ്ട്. ഈ തോട്ടത്തിലെ ഏതു മരത്തിൽ നിന്നും ആപ്പിൾ കൈയെത്തി പറിച്ചെടുക്കാം. പക്ഷേ, ഇനിയും നാലു മാസങ്ങൾ കാത്തിരിക്കണം. ഞങ്ങൾക്കതിന് ഏതായാലും ഭാഗ്യമില്ല.. എങ്കിലും പുഷ്പ ഭംഗി ആവോളം കണ്ടാസ്വദിച്ചല്ലോ അതുമതി.

തുടർന്ന് ഞങ്ങൾ അവന്തിപോറ എന്ന ചെറു നഗരത്തിലെത്തി. ഗൂഗിൾ തെരഞ്ഞതിൽ നിന്നും കിട്ടിയ പ്രകാരം ഇവിടെ ഒരു ക്ഷേത്രാവശിഷ്ടമുണ്ട്. ഒന്നല്ല, രണ്ട് ക്ഷേത്രങ്ങൾ - ഒന്ന് വിഷ്ണുവിന്റെയും ഒന്ന് ശിവന്റെയും. ഞങ്ങൾ വിഷ്ണു ക്ഷേത്രം നിലനിന്നിരുന്ന ഇടത്തെത്തി. ഏഴാം നൂറ്റാണ്ടിലെ അവന്തിവർമ്മൻ എന്ന രാജാവ് സ്ഥാപിച്ചു എന്ന് കരുതപ്പെടുന്ന അവന്തി സ്വാമിൻ (വിഷ്ണു) ക്ഷേത്രത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞ അവശിഷ്ടങ്ങൾ മാത്രമേ ഇന്നുള്ളൂ... ആർക്കിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (ASI)യുടെ സംരക്ഷണയിലാണ് ഈ ക്ഷേത്രാവശിഷ്ടം. ഞങ്ങളെ കണ്ടുകൊണ്ട് ഗൈഡിനെപ്പോലെ തോന്നിച്ച ഒരാൾ അടുത്തുകൂടി. സ്വയം, ഒരു കശ്മീരി പണ്ഡിറ്റാണെന്ന് അവകാശപ്പെട്ട അയാൾ ക്ഷേത്ര ഉൽപ്പത്തിയെ കുറിച്ചൊക്കെ വിവരണം നൽകി. മുസ്ലീം രാജാക്കന്മാരുടെ നിരന്തരമായ ആക്രമണം ആ ക്ഷേത്രത്തെ പാടെ തകർത്ത് കളഞ്ഞിരിക്കുന്നു. ഗൈഡായി വന്ന പണ്ഡിറ്റ് പറഞ്ഞത് പ്രധാന പ്രതിഷ്ഠാ വിഗ്രഹങ്ങൾ ബ്രിട്ടനിലെ ഏതോ മ്യൂസിയത്തിലുണ്ടെന്നാണ്.

അവന്തിപോറയിലെ ശിഥില വിഗ്രഹങ്ങൾ ഉടക്കിയ മനസ്സുമായി ഞങ്ങൾ അന്നത്തെ യാത്ര അവസാനിപ്പിച്ച് മടങ്ങി. അന്ന് ഹോട്ടലിൽ മുറി ഒഴിവില്ലാഞ്ഞതിനാൽ പാക്കേജ് പ്രകാരം രാത്രി താമസം ദാൽ തടാകത്തിലെ ഹൗസ് ബോട്ടിലായിരുന്നു തീരുമാനിച്ചിരുന്നത്. ഞങ്ങൾ ദാൽ തടാകത്തിലെത്തി ചേർന്ന സമയം അസ്തമയ സൂര്യൻ വിടവാങ്ങാനൊരുങ്ങുന്ന മനോഹര മുഹൂർത്തം. റോഡിൽ ഞങ്ങളെ ഇറക്കി തൊട്ടടുത്തുള്ള ജട്ടിയിൽ ഡ്രൈവർ കൊണ്ടുചെന്നു. ശിക്കാരാ ഡ്രൈവർമാർ ഊഴം കാത്തു നിൽക്കവേ ഷൗക്കത്ത് തന്നെ ഒരാളെ ഞങ്ങളെ ഹൗസ് ബോട്ടിലെത്തിക്കാൻ ഏർപ്പാടാക്കി. പെട്ടികളും ഞങ്ങളും ഒരു കൊച്ചു ശിക്കാരയിൽ കൊണ്ടു. ചെറുവള്ളങ്ങളെയാണ് ശിക്കാരയെന്ന് വിളിക്കുന്നത്. ദാൽ തടാകത്തിലെ ശിക്കാരയാത്ര അതും സന്ധ്യാനേരത്ത് പകർന്നു നൽകുക അവാച്യമായ ഒരനുഭൂതിയാണ്. ഇരുവശങ്ങളിലും ഹൗസ് ബോട്ടുകളുടെ ശ്രേണി. പോക്കുവെയിൽ പൊന്നുരുക്കിയൊഴിച്ച മാതിരി ഒരു വശത്ത് കായൽപ്പരപ്പിൽ സ്വർണ്ണപ്രഭാ പൂരം. ഞങ്ങളെ വരവേൽക്കാനെന്നോണം ഒരു മാരിവില്ലുണ്ട് കായലിൽ നിന്ന് ആകാശത്തേക്ക് തൊടുത്തു നിൽക്കുന്നു. പുതിയ വൺ പ്ലസ് മൊബൈൽ ക്യാമറയ്ക്ക് ഇത് സദ്യ തന്നെ! ഇതൊക്കെ പടങ്ങളാക്കീട്ടുണ്ട് കേട്ടോ!

ശിക്കാര കാണുമ്പോൾ ഓർമ്മവരിക 'കശ്മീർ കി കലി'യിലെ ഷമ്മി കപൂറിന്റെ "യെ ചാന്ദ് സാ രോഷൻ ചെഹരാ" എന്ന ഗാനവും ഗാനത്തിലൊടുവിൽ ബാലൻസ് തെറ്റി ശിക്കാരയിൽ നിന്നും വെള്ളത്തിലേക്കു വീഴുന്നതുമായ രംഗങ്ങളാണ്. ഷമ്മിയുടെ സ്വപ്ന ലൊക്കേഷനായിരുന്നത്രെ കശ്മീർ. അദ്ദേഹത്തിന്റെ അന്ത്യശേഷം ചിതാഭസ്മം ദാൽ തടാകത്തിൽ തൂകുകയുണ്ടായി എന്ന് കേട്ടു.

ഞങ്ങൾക്കായി ഒരുക്കിയത് അക്വിബ് എന്നൊരാളുടെ 'യങ്ങ് ഫസിൽ' എന്ന ഹൗസ് ബോട്ടായിരുന്നു. രണ്ടു ബെഡ് റൂം ഒരു സ്വീകരണമുറി ഒരു താൽകാലിക കിച്ചൻ എന്നിവയടങ്ങുന്ന സുന്ദരൻ ഒരു ഹൗസ് ബോട്ട്. ഇവിടങ്ങളിൽ ഫർണിച്ചറിന് ഉപയോഗിക്കുന്ന മരം ഒന്നുകിൽ വാൽനട്ട് അല്ലെങ്കിൽ ദേവദാരു (deodar). ദേവദാരുവിൽ ചെറിയ കൊത്തുപണികൾ പോലും മനോഹരമായി ചെയ്യാനാകും. നമ്മുടെ നാട്ടിൽ കശ്മീരി ഫർണിച്ചറുകൾ എന്ന പേരിൽ മനോഹരങ്ങളായ ശില്പ വൈവിധ്യം ഉള്ള ടീപോയ്, സെറ്റികൾ, കോർണർ ടേബിൾ എന്നിവ കണ്ടിട്ടില്ലേ? അതൊക്കെ ദേവദാരു ആണ്. ബോട്ടിന്റെ മെയിൻ വർക്ക് വാൽനട്ട് മരം കൊണ്ടായിരിക്കും. ഇത് വെള്ളം കുടിക്കില്ല, ചീർത്ത് നശിക്കില്ല. ബോട്ടിനകത്ത് കശ്മീരി കാർപ്പെറ്റുകളും കർട്ടനും കൊണ്ട് വർണാഭമാക്കിയിരിക്കുന്നു. ഞങ്ങളുടെ പാക്കേജിൽ ഒരു മണിക്കൂർ ശിക്കാരയാത്ര ഉൾപ്പെടുത്തീട്ടുണ്ട്. സന്ധ്യകഴിഞ്ഞെങ്കിലും മാനത്ത് വെളിച്ചം പോയിട്ടില്ല. ശിക്കാരയിലൂടെ തണുപ്പിന്റെ നിശബ്ദതയിൽ ഒരു യാത്ര. പങ്കായം വെള്ളത്തെ തഴുകുന്ന സുന്ദരമായ ശബ്ദം മാത്രം. ഞങ്ങൾ മലയാളികളാണെന്ന് പറഞ്ഞപ്പോൾ അയാൾക്ക് സന്തോഷമായി. കുറച്ചു മാസങ്ങൾ അയാൾ വർക്കലയിൽ വന്നിട്ടുണ്ടെന്ന് പറഞ്ഞു.. ഏതെങ്കിലും കശ്മീരി കടയിലെ സഹായി ആയിട്ടാവും. തുടർന്ന് ഞങ്ങളുടെ ശിക്കാര പ്രശസ്തമായ മീനാബസാർ എന്ന ഫ്ലോട്ടിങ്ങ് മാർക്കറ്റിലേക്ക് കടന്നു. ഇരുവശങ്ങളിലും കശ്മീരി ഉല്പന്നങ്ങളുടെ കടകൾ. തുണിക്കടകൾ, ഫർണീച്ചർ ഷോപ്പുകൾ, ഡ്രൈ ഫ്രൂട്ട് കടകൾ, ഹാൻഡി ക്രാഫ്റ്റ് എന്നിങ്ങനെ. ശിക്കാരക്കാരൻ ഒരു കടയിൽ ഞങ്ങളെ എത്തിച്ചു. കാർപെറ്റുകൾ, സാരി, ഷാളുകൾ, ചൂടുകുപ്പായങ്ങൾ എന്നിവ വിൽക്കുന്ന ഒരു കട. അത്യാവശ്യം ചെറിയ തോതിലുള്ള ഷോപ്പിങ്ങിനു ശേഷം ഞങ്ങൾ ഹൗസ് ബോട്ടിലേക്ക് മടങ്ങി. കശ്മീരിലേതു കടയിൽ ചെന്നാലും തികച്ചും മാന്യമായ പെരുമാറ്റമാണ് നമുക്ക് ലഭിക്കുക. കസ്റ്റമറുമായി സുന്ദരമായി സംസാരിക്കാൻ കഴിവുള്ള വ്യാപാരികൾ ആണ് മിക്കപേരും. ദൽഹിയിലെ ചില മാർക്കറ്റുകളിൽ വിലപേശിപ്പോയാൽ ഭീഷണിപ്പെടുത്തി വാങ്ങിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമൊന്നും ഇവിടില്ല.

അത്താഴത്തിന് ഞങ്ങൾക്കു വേണ്ടി ചുടുചുടാ റോട്ടിയും മിക്സ് വെജ് കറിയും, ദാലും അക്വിബ് എത്തിച്ചു. കേരളത്തിൽ നിന്ന് പൊതുവെ ടൂറിസ്റ്റുകൾ കുറവാണ് ഇവിടെ വരാറ് എന്നയാൾ പറഞ്ഞു. ഇപ്പോഴും കശ്മീർ എന്ന് കേൾക്കു

മ്പോൾ ഭീകരമായ ഒരിടം എന്ന ചിന്ത ഒരു ശരാശരി മലയാളിയെ അലട്ടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് മൗഢ്യമാണ്. സന്തോഷ് ജോർജ് കുളങ്ങരയും ഇതു തന്നെയാണ് പറഞ്ഞത്... ശ്രീനഗറിനും ചുറ്റുമുള്ള ഇടങ്ങളിലും ഭീകര സംഭവങ്ങൾ ഉണ്ടാകാറേയില്ല. ഇപ്പോഴും ഇടയ്ക്കിടെ നാം കേൾക്കുന്ന ഭീകരാക്രമണവും, വെടിവെയ്പുമൊക്കെ ശ്രീനഗറിൽ നിന്നും വളരെ ദൂരെയുള്ള ഗ്രാമങ്ങളിലോ കൊച്ചു നഗരങ്ങളിലോ ആകാം - ഷോപ്പിയാൻ, സോപോർ അങ്ങിനെ... പക്ഷേ ശ്രീനഗർ ശാന്തമാണ്, സുന്ദരവും.

ഓളങ്ങളുടെ താളക്കൊഴുപ്പിൽ ഹൗസ് ബോട്ടിലെ സുഖനിദ്രയ്ക്ക് ശേഷം പിറ്റേന്ന് അകിബിനോട് യാത്രാമൊഴിചൊല്ലി ശിക്കാരയിലേറി വീണ്ടും മെയ്ൻ റോഡിലേക്ക്. ഇന്ന് ഷൗക്കത്ത് ഞങ്ങളെ കൊണ്ടു പോകുന്നത് സോനമാർഗ് എന്ന സ്വർണ്ണ ത്താഴ്വാരത്തിലേക്കാണ്. ഷൗക്കത്തിന്റെ ജ്യേഷ്ഠന് ട്രാവൽ ബിസിനസ്സാണ്. ഷൗക്കത്ത് കഴിഞ്ഞ പത്ത് പതിനഞ്ചു വർഷമായി ചെയ്യുന്ന തൊഴിലിതു തന്നെ... സെറ എന്ന ഒരു വയസ്സുകാരി മകളുണ്ട്. കശ്മീരിന് പുറത്ത് എവിടെ വരെ പോയിട്ടുണ്ട് എന്ന് ചോദിച്ചപ്പോൾ രാജസ്ഥാനിലെ അജ്മീർ എന്നുത്തരം. പ്രസിദ്ധമായ ഖാജ മൊയിനുദ്ദീൻ കിസ്തിയുടെ ദർഗ അവിടെയാണ്. ഇന്ത്യൻ മുസ്ലീങ്ങളുടെ പുണ്യസങ്കേതം. കേരളത്തിൽ സൂഫിസത്തിന് വലിയ വേരോട്ടമില്ലാത്തതുകൊണ്ടാകാം അജ്മീർ ദർഗയെക്കുറിച്ച് ഞാനങ്ങിനെ ആരിൽ നിന്നും കേട്ടിട്ടില്ല.

സോനമാർഗ് ശ്രീനഗറിൽ നിന്ന് ഏകദേശം 200 കി.മീ. വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരുയർന്ന മനോഹരമായ ഭൂപ്രദേശമാണ്. പതിവുപോലെ റോഡിനിരുവശത്തും കടുകുപാടങ്ങൾ. ഇന്നലെ നാട്ടിൽ വിഷുക്കണി കാണേണ്ടതായിരുന്നു. കണിക്കൊന്ന പൂങ്കുലയ്ക്കു പകരം ഇതാ മഞ്ഞപ്പരവതാനി വിരിച്ച പോലെ കടുകുപാടങ്ങൾ. ദൈവം ഞങ്ങൾക്ക് എവിടെയാണെങ്കിലും കണിയൊരുക്കിത്തന്നോളും.

സോൻമാർഗ് തടാകങ്ങളുടെയും, ഗ്ലേസിയറിന്റെയും നാടാണ്. ട്രെക്കേർസിനും, ടെന്റേർസിനും പറ്റിയ ഇടം. ടൗണിൽ നിന്നും നാലു കിമീ അകലെ ബാൽതാൽ തടാകക്കരയിൽ പോയി. അവിടമാണ് അമർനാഥ് യാത്രികരുടെ ഹെലിപോയൻറും ട്രെക്കിങ്ങിന്റെ തുടക്കവും. ഇന്നലെ പോയ പഹൽഗാമിലെ ചന്ദൻവാഡി വേറൊരു സ്റ്റാർട്ടിങ്ങ് പോയിന്റാണ്. ചുറ്റും ഹിമ മണിഞ്ഞ ഹിമാലയ ഗാംഭീര്യത്തെ കൺകുളിർക്കെ കണ്ടു. ഈ ദേവതാത്മാവിനെ കഴിഞ്ഞല്ലേ ഉള്ളൂ മറ്റേതൊരു വിഷുക്കണിയും! ഒരിടത്ത് ഇന്ത്യാ-പാക് അതിർത്തി പോലെ മുള്ള് കമ്പിവേലി ഇട്ടിരിക്കുന്നു. കൂടെ വന്ന ഗൈഡ് പറഞ്ഞു, സൽമാൻ ഖാന്റെ ബജ്രംഗി ഭായി ജാനിന്റെ അവസാന സീനിന്റെ ലൊക്കേഷൻ അതായിരുന്നെന്ന്. മുന്നിയെന്ന പെൺകുട്ടി പാകിസ്ഥാൻ മണ്ണിൽ നിന്ന് ഇന്ത്യൻ മണ്ണിലേക്ക് നോക്കി ബജ്രംഗിയെ നീട്ടി വിളിച്ചുകൊണ്ട് പിടിച്ചുകുലുക്കിയ കമ്പിവേലി ഇതാണെന്ന് അയാൾ പറഞ്ഞു. തൊട്ടരികെ സിന്ധി നദിയുടെ തുടക്കമെന്നോണം മഞ്ഞുപാളികൾക്കിടയിലൂടെ ശുദ്ധമായ സ്നിഗ്ധമായ കുത്തൊഴുക്ക്. മുകളിൽ കാണുന്ന കുത്തനെയുള്ള പാത മഞ്ഞ് പാളികളാൽ മൂടപ്പെട്ടിരിക്കുന്നു. ഇതാണത്രെ അമർനാഥ് ജിയിലേക്കുള്ള മാർഗം. വേനലിൽ ഇവിടം പച്ച പുതച്ചിരിക്കും. ഏകദേശം ആറു കിലോമീറ്റർ ദൂരമേ ഉള്ളൂ അമർനാഥ് ഗുഹയിലേക്ക്. രാവിലെ പോയി ദർശനം നടത്തി അന്നു തന്നെ തിരിച്ചു വരുന്ന സാഹസികരും ഉണ്ടത്രെ.

തുടർന്ന് ഞങ്ങൾ ഫിഷ് ലാൻഡ് പോയൻറ് എന്നറിയപ്പെടുന്ന ഇടത്തേക്ക് പോയി. മറ്റൊരു പുഴയോരം, ടെന്റിങ്ങിന് പറ്റിയ ലൊക്കേഷൻ.

സോൻമാർഗ് തണുപ്പിൽ ധവള ശോഭയാർന്നും വേനലിൽ ഹരിതഭംഗിയിലാറാടിയും ഇരിക്കുമെന്ന് ഡ്രൈവർ പറഞ്ഞു. ഞങ്ങൾ ശ്രീനഗറിലേക്ക് മടങ്ങുകയായി. സോൻ മാർഗ് സ്ഥിതി ചെയ്യുന്നത് ശ്രീനഗർ - ലഡാക്ക് റൂട്ടിലാണ്. വഴിയിൽ പലയിടത്തും തുരങ്കപ്പാതയുടെ പണി നടന്നു കൊണ്ടിരിക്കുന്നത് കാണായി. പണി പൂർത്തിയായാൽ ലഡാക്ക് ഇന്ത്യയുടെ മറ്റിടങ്ങൾക്ക് കൂടുതൽ പ്രാപ്യമാകും. അത് ആ പ്രദേശത്തിന്റെ ടൂറിസ്റ്റ് സാധ്യതകളും വർദ്ധിപ്പിക്കും.

അന്ന് വീണ്ടും പഴയ ഗോൾഡൻ ടുലീപിൽ തന്നെ താമസം. ശ്രീനഗറിൽ കാണാൻ ബാക്കി

വെച്ച ശങ്കരാചാര്യർ സന്ദർശിച്ചിരുന്നതെന്ന് കരുതപ്പെടുന്ന ജ്യേഷ്ഠേശ്വര (ശിവ)ക്ഷേത്രം നാളെ കാണാമെന്ന് കരുതി ഉറങ്ങാൻ കിടന്നു.

പിറ്റേന്ന് കുട്ടികളെ കൂട്ടാതെ ഞങ്ങൾ രണ്ടു പേരും രാവിലെ 7 മണിയോടെ ഹോട്ടലിനു പുറത്തിറങ്ങി. രാവിലെ റോഡിനിരുവശത്തും പട്ടാളക്കാർ കാവൽ. ഓരോ അമ്പതടി വിട്ട് ഓരോ ആയുധധാരി. രാത്രി മുഴുവനും ഇവർ കാവലിലായിരുന്നിരിക്കണം. ഞങ്ങൾ ഒരു ഓട്ടോറിക്ഷയെ സമീപിച്ചു. അയാൾ പറഞ്ഞ തുക ആയിരം രൂപയായിരുന്നു! പരമാവധി നാലഞ്ചു കിലോമീറ്റർ കാണും.. വേറെ നിവർത്തിയില്ല. കയറി. ദാൽ തടാകക്കരയിലൊരിടത്ത് നിന്നാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഗോപാദ്രിയിലേക്കുള്ള വഴി ആരംഭിക്കുന്നത്. തുടക്കത്തിൽ തന്നെ ഒരു മിലിട്ടറി പോസ്റ്റ്. പട്ടാളക്കാരൻ ബാരിക്കേഡ് വെച്ച് റോഡ് അടച്ചു. ക്ഷേത്രത്തിലേക്ക് തൽക്കാലം പ്രവേശനമില്ലെന്നറിയിച്ചു. ഞങ്ങൾ വന്നതു പോലെ മടങ്ങി. ഒട്ടും സഹാനുഭൂതി ഇല്ലാത്ത ഡ്രൈവർ 900 രൂപ ചോദിച്ചു. (വെറും 100 രൂ കുറവ്): അവസാനം 700 രൂ കൊടുത്ത് തലയൂരി ഭാഷ നല്ലപോലെ അറിയാമായിരുന്നെങ്കിൽ കോഴിക്കോട്ടെ ഓട്ടോ ഡ്രൈവർമാരെക്കുറിച്ച് അയാളോട് പ്രസംഗിക്കാമായിരുന്നു.

അന്നത്തെ യാത്ര കശ്മീരിലെ ഊട്ടിയായ ഗുൽമാർഗിലേക്കായിരുന്നു. 9 മണിക്ക് ഷൗക്കത്ത് ഹാജർ. കശ്മീരിന്റെ സ്ഥിരം പ്രശ്നബാധിത ജില്ലകളായ ഷോപിയാൻ, ഉറി തുടങ്ങിയ ഇടങ്ങളിലേക്ക് പോകുന്ന വഴിയിൽ കുറെച്ചെന്ന ശേഷം ഇടത്തോട്ട് തിരിഞ്ഞ് കയറ്റംകയറി ചെല്ലണം ഗുൽമാർഗിലേക്ക്. താഴ്വാരത്ത് നിറയെ വാടക വസ്ത്രങ്ങളും, ബൂട്ടുകളും കിട്ടുന്ന കടകൾ ധാരാളം കാണാം. നമ്മൾ ഓരോ സെറ്റ് ചൂട് കുപ്പായങ്ങളും, ബൂട്ട്സും വാങ്ങി. വാടക ഒരാൾക്ക് 400 രൂപ. കൂടെ ഒരു ഗൈഡും വന്നു. സരസമായി സംസാരിക്കുന്ന ഒമർ. അയാളുടെ കൂലി 800 രൂപയാണ്. ഗുൽമാർഗ് വളരെ പഴയ പേരുകേട്ട ഹിൽ സ്റ്റേഷനാണ്. മുകളിൽ മഞ്ഞ് മൂടിക്കിടക്കുന്ന താഴ്വാരങ്ങൾ. ഇവയൊക്കെ വേനലിൽ പച്ചപ്പട്ടണിയും. ഗുൽമാർഗിൽ കടുത്ത ശിശിരം ജനുവരി – ഫെബ്രുവരി മാസങ്ങളാണ്. അന്നേരം മലമുഴുവനും മഞ്ഞുമൂടിക്കിടക്കും. അപ്പോഴവിടെയില്ലാത്ത വിനോദങ്ങളില്ല. സ്കീയിങ്ങ്, സ്ലെഡ്ജിങ്ങ്, സ്നോബൈക്കിങ്ങ് , കുതിര സവാരി എല്ലാം യഥേഷ്ടം. ഞങ്ങൾ പോകുന്നത് ഏപ്രിലിലാണല്ലോ. മഞ്ഞ് പ്രതീക്ഷിച്ചല്ല പോയതെങ്കിലും ഞങ്ങൾക്കായി അന്ന് മഞ്ഞുമഴയുടെ ദിവസമായിരുന്നു! താഴെ ഗൊൺഡോലയുടെ സ്റ്റേഷനിൽ പോയി ഒമറിനോടൊപ്പം ഒരു റോപ്‌വേ കാറിൽ കയറി. മഞ്ഞിന്റെ പാളികൾക്ക് നടുവിൽ നിന്ന് മുളച്ച് വരുന്ന ശരാഗ്ര വൃക്ഷങ്ങൾ അഥവാ പൈൻ മരങ്ങൾക്കിടയിലൂടെ ആകാശമാർഗത്തിൽ ഞങ്ങൾ ഗുൽമാർഗിന്റെ ഗിരിശൃംഗത്തിലേക്ക്. ഗണ്ടോലയിൽ നിന്നിറങ്ങി വരുമ്പോൾ കാണുന്നത് $360^0$ ഹിമ ധവളിമ. ചുറ്റും മഞ്ഞിന്റെ പടലങ്ങൾ. കുറച്ചു ദൂരെ അനേകം ടെന്റുകൾ കാണാം. അവിടെ സ്കീയിങ്ങ്, സ്ലെഡ്ജിങ്ങ്, സ്നോ ബൈക്കിങ്ങ്, കുതിരയോട്ടം എന്നിങ്ങനെ ഒട്ടുമിക്ക ശൈത്യ വിനോദങ്ങളുടെയും ഏജൻറുമാർ വിലപേശിക്കൊണ്ടിരിക്കുന്നു. വലിയ ചാർജാണ് എല്ലാറ്റിനും. കണ്ണൻ സ്കീയിങ്ങിന് പുറപ്പെട്ടു. ഗൈഡിന്റെ ഉപദേശമടക്കം ഒരു മണിക്കൂർ ചെയ്യുന്നതിന് 2600 രൂപ! അത് 2200–ൽ ഒപ്പിച്ചു. മഞ്ഞ് പെയ്തു കൊണ്ടേയിരുന്നു. ഗൈഡ് പറഞ്ഞത് ഏപ്രിൽ മാസത്തിലിതു പതിവില്ലാത്ത കാഴ്ച്ചയാണെന്നായിരുന്നു. ഒരു പക്ഷേ ഞങ്ങൾക്കു വേണ്ടി ഒരുക്കപ്പെട്ട മറ്റൊരു കണിയാവാം. ജ്യോതിയും ഭാവനയും സ്ലെഡ്ജിങ്ങിന് പുറപ്പെട്ടു. നാല് ചക്രങ്ങൾ ഘടിപ്പിച്ച പലകയിൽ ഇരുന്നാൽ അവർ വലിച്ച് കുറെ ദൂരം മുകളിലേക്ക് കൊണ്ടു പോകും. തുടർന്ന് താഴേക്ക് ശർറേന്ന് വലിച്ച് ഓടിക്കും. ദൈവങ്ങളെയൊക്കെ അപ്പോൾ ഓർത്തുവെന്ന് ജ്യോതി.

ഉച്ചഭക്ഷണം പതിവുപോലെ മാഗി. കൂടെ ചൂടുള്ള കാവയും. ഒരു സമോവറിന് ചുറ്റും ഇരുന്ന് ഭക്ഷണം കഴിച്ചു. തിരിച്ച് ഹോട്ടലിലേക്ക് മടക്കം. ഖലീജ്റെസിഡൻസി തരക്കേടില്ലാത്ത ഹോട്ടലാണ്. ഗൊൺഡോല സ്റ്റേഷന് വളരെയടുത്താണ്. ശുദ്ധമായ ഭക്ഷണത്തിനു ശേഷം സുഖകരമായ ഉറക്കം.

# ക്ഷത്രിയ ക്ഷേമസഭ യൂത്ത് (KKSY) ഫുട്ബോൾ ടൂർണ്ണമെന്റ് ഒരു വിജയഗാഥ



**ഹൃഷികേശ് വർമ്മ**
സെക്രട്ടറി, KKSY, തിരുവല്ല, മൊ. 9400857477



പ്രഥമ KKSY ഫുട്ബാൾ ടൂർണ്ണമെന്റിന് ആതിഥ്യമരുളാൻ തിരുവല്ല യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. അതിയായ സന്തോഷവും അഭിമാനവും തോന്നിയ നിമിഷങ്ങൾ. പരീക്ഷാകാലവും വേനൽച്ചൂടും നിമിത്തം ടൂർണ്ണമെന്റിന്റെ തീയതി നിശ്ചയിക്കാൻ വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി വോട്ടിംഗും ഗൂഗിൾമീറ്റും വേണ്ടിവന്നു. ക്ഷത്രിയ ക്ഷേമസഭ മുൻ പ്രസിഡന്റും REACT സെക്രട്ടറിയുമായ പി.കെ. രഘുവർമ്മ ടൂർണ്ണമെന്റ് ഉൽഘാടനം നിർവ്വഹിച്ചു.

ഒരു അട്ടിമറിയോടെ ആരംഭിച്ച ആദ്യമത്സരം ആതിഥേയരായ തിരുവല്ലയും വെള്ളാരപ്പിള്ളി എ ടീമും തമ്മിലായിരുന്നു. വെള്ളാരപ്പിള്ളിയുടെ രണ്ടു ടീമുകളിൽ പ്രായത്തിൽ ഇളമുറക്കാരും കഴിവുള്ള ഭാവി വാഗ്ദാനങ്ങളുമായ ചെറുപ്പക്കാർ അടങ്ങുന്ന എ ടീം അനുഭവസമ്പന്നരായ തിരുവല്ലയെ 3-2 ന് തോൽപ്പിക്കുകയായിരുന്നു. മുതിർന്നവർ അടങ്ങുന്ന വെള്ളാരപ്പിള്ളി ബി ടീം കരപ്പുറം സ്ട്രൈക്കേഴ്സ് എന്ന ചേർത്തല ടീമിനോട് പൊരുതിയെങ്കിലും 3-0 എന്ന സ്കോറിന് ചേർത്തല വിജയിച്ചു.

വെള്ളാരപ്പിള്ളി എ ടീമും ഇരിങ്ങാലക്കുടയും തമ്മിലുള്ള മത്സരം തികച്ചും ഏകപക്ഷീയമായിരുന്നു. 6-0 എന്ന സ്കോറിന് വെള്ളാരപ്പിള്ളി എ വൻ വിജയം നേടി. തോൽവിയിലും ഇരിങ്ങാലക്കുടയ്ക്കുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ച പാർവ്വതി എന്ന പെൺകുട്ടി കാണികളുടെ പ്രശംസയ്ക്കു പാത്രമായി. ഈ വിജയത്തോടെ വെള്ളാരപ്പിള്ളി എ ആദ്യ സെമി ഫൈനലിസ്റ്റുകളായി.

നാലാം മത്സരത്തിൽ മലബാറിന്റെ ഫുട്ബോൾ കരുത്തുമായി ഇറങ്ങിയ കോഴിക്കോട് വെള്ളാരപ്പിള്ളി ബി യുമായി ഏറ്റുമുട്ടി. 4-1 എന്ന സ്കോറിന് കോഴി

→

---

→

രാവിലെ ഒമ്പതു മണിക്ക് ഷൗക്കത്ത് കാറുമായി എത്തി, ഗുൽമാർഗിനോട് വിട. ഇനി തിരികെ ശ്രീനഗർ എയർപോർട്ടിലേക്ക്. ഇടയിൽ ഡ്രൈ ഫ്രൂട്സിന്റെ കടയിൽ ഒരിക്കൽ കൂടി കയറി.

എയർപോർട്ടിൽ ഞങ്ങളെ എത്തിച്ച ശേഷം ഷൗക്കത്ത് തന്റെ എറ്റിയോസ് കാറിൽ വിടവാങ്ങി. യാത്രയ്ക്കിടെ പലവട്ടം ടൂർ മാനേജർ അയാളെ വിളിച്ച് ഞങ്ങളുടെ ക്ഷേമം തിരക്കുന്നതായി ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

ഞങ്ങൾ തിരിച്ച് വീട്ടിലെത്തുമ്പോഴേക്കും കോവിഡ് ഇന്ത്യയെ വരിഞ്ഞുമുറുക്കി തുടങ്ങിയിരുന്നു. അതു കൊണ്ട് തന്നെ ഞങ്ങളുടെ യാത്ര ഇത്തിരി വൈകിയിരുന്നെങ്കിൽ നടക്കാതെ തന്നെ വന്നേനെ. പറുദീസയുടെ നിറക്കാഴ്ച്ചകൾ ക്യാമറയിലും മനസ്സിലും നിറച്ച് ഞങ്ങൾ മടങ്ങി. ●

ക്കോട് വിജയിച്ചു. രണ്ടാം തോൽവിയോടെ വെള്ളാരപ്പിള്ളി ബി ടൂർണ്ണമെന്റിൽ നിന്ന് പുറത്തായി.

ഗ്രൂപ്പ് 'എ' യിലെ രണ്ടാം സെമി ഫൈനലിസ്റ്റുകളെ കണ്ടെത്തുന്നതിനുള്ള മത്സരത്തിൽ തിരുവല്ല ഇരിങ്ങാലക്കുടയെ 6-0 എന്ന വമ്പൻ സ്കോറിന് തോല്പിച്ചു. മത്സരത്തിൽ രഞ്ജിത്ത് ഹാട്രിക് നേടി.

കോഴിക്കോടും ചേർത്തലയും തമ്മിലുള്ള ബി ഗ്രൂപ്പിലെ അവസാന മത്സരം 4-1 നു പിന്നിലായിരുന്ന കോഴിക്കോട് പൊരുതിനേടിയ 3 ഗോളുകൾക്കൊടുവിൽ 4-4 എന്ന സമനിലയിൽ അവസാനിച്ചു. ഒരേ പോയിന്റുകൾ പങ്കിട്ട ഈ ടീമുകളിൽ ഗ്രൂപ്പ് മത്സരങ്ങളിൽ കൂടുതൽ ഗോളുകൾ സ്കോർ ചെയ്ത ടീം എന്ന നിലയിൽ കോഴിക്കോട് ബി ഗ്രൂപ്പ് ഒന്നാം സ്ഥാനക്കാരായി.

ഒന്നാം സെമി ഫൈനലിൽ തിരുവല്ലയും കോഴിക്കോടും ഏറ്റുമുട്ടി. ആദർശ് എന്ന താരത്തിന്റെ 2 ഗോളുകളുടെ മികവിൽ കോഴിക്കോട് 2-1 ന് വിജയിച്ചു. ആതിഥേയർക്ക് ആശ്വാസം നേടിക്കൊടുത്തത് ജയദേവൻ ഗ്രൗണ്ടിന്റെ മദ്ധ്യത്തിൽ നിന്ന് നീട്ടിയടിച്ച് നേടിയ ഏക ഗോളാണ്.

ഗ്രൂപ്പ് മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ച രണ്ടു ശക്തരായ ടീമുകൾ എന്ന നിലയിൽ വെള്ളാരപ്പിള്ളി എ ടീമും ചേർത്തല കരപ്പുറം സ്ട്രൈക്കേഴ്സും തമ്മിലുള്ള രണ്ടാം സെമി കനത്ത മത്സരമാകും എന്നു കരുതിയിരുന്നെങ്കിലും വെള്ളാരപ്പിള്ളി എ യുടെ ചുണക്കുട്ടികൾ ഏകപക്ഷീയമായ 4 ഗോളുകൾക്ക് ചേർത്തലയെ മുട്ടുകുത്തിക്കുകയാണുണ്ടായത്. മത്സരത്തിൽ ഹൃത്ത്വിക് ഹാട്രിക് നേടുകയുണ്ടായി.

ഗോപാൽ നയിച്ച വെള്ളാരപ്പിള്ളി എ യും ഹരിപ്രസാദ് നയിച്ച കോഴിക്കോടും ഫൈനൽ മത്സരത്തിൽ മുഖാമുഖം ഏറ്റുമുട്ടി. രണ്ടു ടീമും ഇഞ്ചോടിഞ്ച് പൊരുതിയ മത്സരത്തിൽ താരതമ്യേന അനുഭവസമ്പത്ത് അല്പം കൂടുതലുള്ള കോഴിക്കോട് 3-0 എന്ന സ്കോറിന് വിജയിച്ച് കിരീടം നേടി. ഗോൾ നേടിയവരിൽ ആദർശ്, വൈഷ്ണവ് എന്നിവർ മികച്ചുനിന്നു.

നാലു കളികളിൽ നിന്ന് 9 ഗോളുകൾ നേടിയ ആദർശ് ടൂർണ്ണമെന്റിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടു.

തങ്ങളുടെ നാലു മത്സരങ്ങളിലും വിദഗ്ധമായി, സുരക്ഷിതമായി ഗോൾവലയം കാത്ത വെള്ളാരപ്പിള്ളി എ യുടെ ദേവസൂര്യ ഏറ്റവും നല്ല ഗോൾകീപ്പറായും തെരഞ്ഞെടുക്കപ്പെട്ടു.

വളരെ അച്ചടക്കത്തോടെയും ആഹ്ലാദത്തോടെയും ഈ ടൂർണ്ണമെന്റ് വർണ്ണാഭമായി നടത്തുവാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഈയവസരത്തിൽ അറിയിക്കുന്നു. കേരളത്തിലെ പ്രമുഖ ബിൽഡേഴ്സ് ആയ 'വർമ്മ ഹോംസ്' ടൂർണ്ണമെന്റിന്റെ Title Sponsors ആയിരുന്നു. 'Saradhi Holidays', 'AUXSPIRE Technologies' എന്നിവർ Co-sponsors ആയിരുന്നു. അവർക്കുള്ള നന്ദിയും അറിയിക്കുന്നു. ●

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ (ജൂലൈ 2024) കൊടുത്തിരുന്ന ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബോൾ ടൂർണമെന്റിനെക്കുറിച്ചുള്ള വിവരണത്തിൽ ചില പിശകുകൾ സംഭവിച്ചതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

1) ആദ്യത്തെ തിരുവല്ല-വെള്ളാരപ്പിള്ളി A മത്സരത്തിൽ വെള്ളാരപ്പിള്ളി A 3-2 എന്ന സ്കോറിന് ജയിച്ചിരുന്നു. എന്നാൽ തിരുവല്ല ജയിച്ചു എന്നു തെറ്റായാണ് റിപ്പോർട്ട് ചെയ്തിരുന്നത്.
2) മറ്റൊരു മത്സരത്തിൽ കോഴിക്കോട് വെള്ളാരപ്പിള്ളി B ടീമിനെ 4-1 ന് പരാജയപ്പെടുത്തിയിരുന്നത് A ടീമിനെ എന്നു തെറ്റായി അച്ചടിച്ചുവന്നു.

മനഃപൂർവ്വമല്ലാതെ വന്നുചേർന്ന ഈ രണ്ടു തെറ്റുകൾക്ക് പത്രാധിപസമിതി നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയും ഇതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് ക്ഷമാപണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മേലിൽ തെറ്റുകൾ പരമാവധി ഒഴിവാക്കി ലേഖനങ്ങൾ/വാർത്തകൾ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നതാണ്.

–പത്രാധിപസമിതി

## പുസ്തകജാലകം



# പ്രണയികളുടെ പ്രിയതമയായി ആൻമരിയ




**ആൻമരിയ**
**പ്രണയത്തിന്റെ മേൽവിലാസം** (നോവൽ)
രവിവർമ്മ തമ്പുരാൻ
പ്രസാധനം - മനോരമ ബുക്ക്സ്
വില 240 രൂപ.

പ്രണയം സ്വപ്നം, പ്രണയം സുഷുപ്തി, പ്രണയം ജാഗരം, പ്രണയം ജീവിതം, പ്രണയം നിത്യനിരാമയ നിരുപമ സത്യം.

പ്രണയം ഐ.വി. ഫ്ളൂയിഡ് ആണ്. ക്ഷീണം മൂലം എഴുന്നേറ്റു നടക്കാൻ വയ്യാത്തയാളിനെ ഐ.വി. ഫ്ളൂയിഡ് എങ്ങനെ എഴുന്നേൽപിച്ചു നടത്തുമോ അതുപോലെയാണ് ദുഃഖിതനും നിരാശ്രയനുമായ ആളെ പ്രണയം ഉൽസാഹിയാക്കുന്നത്.

- പ്രണയമില്ലാത്ത മനുഷ്യൻ മരുഭൂമിയാണ്. പുല്ലോ ചെടിയോ പൂമരമോ ഒന്നുമില്ലാത്ത യഥാർത്ഥ മരുഭൂമി.
- പ്രണയമില്ലാത്ത മനസ്സ് തരിശുനിലമാണ്. കൃഷിയില്ലാത്ത വെറും പാഴ്വയൽ.
- പ്രണയികൾ നിത്യഹരിതമഴക്കാടാണ്. ഒരിക്കലുമുണങ്ങാത്ത, മാനം മുട്ടുന്ന പച്ചപ്പ്.
- പ്രണയം പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും നുകരാവുന്ന മധുരാനുഭവം.
- പ്രണയം കരുതലാണ്, പങ്കുവയ്ക്കലാണ്. പിടിച്ചുവാങ്ങലോ സ്വന്തമാക്കലോ അല്ല.
- സ്വയം ത്യജിക്കലിനും സമർപ്പണത്തിനും പകരം വയ്ക്കാവുന്ന വാക്കാണ് പ്രണയം.

പ്രണയത്തെക്കുറിച്ചുള്ള ഈ നിർവ്വചനങ്ങൾ അടുത്തിടെ വായിച്ച ഒരു മലയാള നോവലിൽ നിന്ന് എടുത്തെഴുതിയതാണ്. മലയാള സാഹിത്യരംഗത്ത് വ്യക്തവും ശക്തവുമാംവിധം സ്വയം അടയാളപ്പെടുത്തിക്കഴിഞ്ഞ രവിവർമ്മ തമ്പുരാന്റെ ഏറ്റവും പുതിയ സൃഷ്ടിയായ 'ആൻ മരിയ പ്രണയത്തിന്റെ മേൽവിലാസം' ആണ് ആ പുസ്തകം. തത്വചിന്തയും കവിതയും നിരാശയും പ്രതീക്ഷയും കണ്ണീരും പുഞ്ചിരിയും നിഴലും വെളിച്ചവും വീണുകിടക്കുന്ന നോവൽ വളരെ പെട്ടെന്നാണ് സാഹിത്യകുതുകികൾക്കിടയിൽ ചർച്ചയായത്. സാമൂഹിക രാഷ്ട്രീയ നോവലുകളുടെ ത്രയം എന്നു വിശേഷിപ്പിക്കാവുന്ന ഭയങ്കരാമുടി, മുടിപ്പേച്ച്, ഇരുമുടി എന്നിവയിലൂടെ കേരളത്തിന്റെ ഭൂതവും വർത്തമാനവും ഭാവിയും അനിതരസാധാരണമായ മികവോടെ എഴുതി അവതരിപ്പിച്ചതിനു ശേഷം രവിവർമ്മ തികച്ചും വ്യത്യസ്തമായ ഒരു വിഷയവുമായി കടന്നു വരികയാണ് ആൻമരിയയിൽ. ഏത് എഴുത്തുകാരനെയും മുഖത്തോടു മുഖം നിന്ന് പരീക്ഷിക്കുന്ന വിഷയമാണ് പ്രണയം. ഒരൽപം പാളിയാൽ രതിവർണ്ണനയോ പൈങ്കിളിയോ ഒക്കെ ആയിപ്പോയേക്കാവുന്ന വലിയ അപകടസാധ്യതയെ പക്വതയോടെയും കയ്യടക്കത്തോടെയും കൈകാര്യം ചെയ്ത് മലയാളത്തിലെ ഉദാത്തമായ ഏത് പ്രണയകൃതിക്കുമൊപ്പം നിൽക്കുന്നൊരു ക്ലാസിക് നോവൽ നമുക്കു തന്നിരിക്കുകയാണ് അദ്ദേഹം.

# കാശ്മീർ സൂഫികളുടെ താഴ്‌വര

കാശ്മീർ– അതിമനോഹരമായ ഭൂപ്രദേശം. കാശ്മീർ ഷാളിന്റെയും ഹൗസ് ബോട്ടുകളുടെയും നാട്, സഞ്ചാരികളുടെ പറുദീസ, സർവ്വോപരി ഭാരതത്തിന്റെ ആത്മീയ ഭൂമി. അവിടെ സന്ദർശിക്കാൻ കൊതിക്കാത്തവരുമില്ല. എന്നാൽ സഞ്ചാരികളുടെ സ്വർഗ്ഗഭൂമി കുറേക്കാലമായി ആർക്കും എത്തിനോക്കാൻ പറ്റാത്ത കലാപഭൂമിയായിരിക്കുന്നു. ഓരോ ഭാരതീയനെയും ദുഃഖത്തിലാഴ്ത്തുന്ന സാഹചര്യം. ഈ സാഹചര്യത്തിൽ എന്തും നേരിടാൻ തയ്യാറായി കാശ്മീരിലെ എല്ലാ സ്ഥലങ്ങളും വിശദമായി ക്കണ്ട് അനവധി ചരിത്രരേഖകൾ പരിശോധിച്ച് രചിച്ച ഗ്രന്ഥം വളരെ വിജ്ഞാനപ്രദവും നേരിൽ കാണുന്ന അനുഭവം പ്രദാനം ചെയ്യുന്നതും ആകുന്നു.

സാധാരണ സഞ്ചാര കൃതികളിൽ നിന്നും വ്യത്യസ്തമായി കണ്ട കാഴ്ചകൾക്ക് ഉപരിയായി കാശ്മീരിന്റെ ദീർഘമായ സാമൂഹ്യ ചരിത്രവും ആത്മീയ ചരിത്രവും ആ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.




**കാശ്മീർ**
**സൂഫികളുടെ താഴ്‌വര** (നോവൽ)
**സുഭാഷ് വലവൂർ**
പ്രസാധനം - സൈന്ധവ ബുക്സ് & പബ്ലിക്കേഷൻസ്
വില 270 രൂപ.

**ഭാഗം ഒന്ന് - രാഷ്ട്രീയ സഞ്ചാരം**

ചരിത്രാതീത കാലം മുതൽ ഇതുവരെയുള്ള കാശ്മീരിന്റെ കഥ. അതിപുരാതന കാലത്തു തന്നെ ജനവാസം ഉണ്ടായിരുന്ന, അനവധി പ്രദേശങ്ങളിൽ നിന്ന് ഒഴുകി വന്ന സംസ്ക്കാരവും അധികാരവും ഇടകലർന്ന സമൃദ്ധമായ ഒരു ചരിത്രം അതിസൂക്ഷ്മമായി പഠിച്ച് രേഖപ്പെടുത്തിയിരിക്കു →

→

നോവലിലെ നായിക ആൻമരിയ ഒരു ബാങ്കിലെ ഉയർന്ന ഉദ്യോഗസ്ഥയാണ്. ജോലിയുടെ ഭാഗമായി അവർക്ക് ഒരു അന്വേഷണത്തിന് മേൽനോട്ടം വഹിക്കേണ്ടി വരുന്നു. ബാങ്കിന്റെ ഒരു ശാഖയിൽ സംഭവിച്ച ലോക്കർ വിഷയമാണ് അവർക്ക് അന്വേഷിക്കേണ്ടിയിരുന്നത്. പ്രതിസ്ഥാനത്തുള്ള അഷ്ടമൂർത്തി നിരപരാധിയും സത്യസന്ധനും അതിലെല്ലാമുപരി കലാലയ ജീവിത കാലത്ത് തന്റെ പ്രണയസ്വപ്നങ്ങളുടെ കേന്ദ്രബിന്ദുവുമായിരുന്നുവെന്ന് തെളിവെടുപ്പിനു വരുന്ന ആദ്യ സന്ദർഭത്തിൽ തന്നെ ആൻ മരിയ മനസ്സിലാക്കുന്നു. അഷ്ടമൂർത്തിക്കാകട്ടെ, ഒരു കാലത്ത് തന്റെ ഹൃദയാഭിലാഷമായിരുന്ന ചെറിയ മുഖക്കാരിയാണ് തന്റെ മുന്നിലിരിക്കുന്നതെന്ന് ആദ്യ നോട്ടത്തിൽ മനസ്സിലായതുമില്ല. താനാരാണെന്ന് അഷ്ടമൂർത്തിയെ മനസ്സിലാക്കിയ ശേഷം ആൻമരിയ ചെയ്യുന്നത് അതിസാഹസികമായ ഒരു അന്വേഷണമാണ്. തന്റെ ഭർത്താവായ ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ നടത്തുന്ന അന്വേഷണത്തിനൊടുവിൽ അഷ്ടമൂർത്തിയുടെ നിരപരാധിത്വം തെളിയിക്കപ്പെടുന്നു. പക്ഷേ, ഒട്ടേറെ ടിസ്റ്റുകൾ രസകരമാംവിധം കോർത്തിണക്കിയിരിക്കുന്ന നോവലിൽ പിന്നീട് സംഭവിക്കുന്നത് ഇന്നേവരെ ഒരു പ്രണയ രചനയിലും കണ്ടിട്ടില്ലാത്തവിധം പുതുമയുള്ള ചില കാര്യങ്ങളാണ്. ആ ഭാഗങ്ങളാണ് നോവലിന്റെ ആത്മാവെന്നു തന്നെ പറയാം. ആ രസച്ചരട് പൊട്ടിക്കാൻ ഞാൻ മുതിരുന്നില്ല. ഏതൊരു മലയാളിയും തീർച്ചയായും ഈ നോവൽ വായിച്ചിരിക്കണം എന്നു മാത്രം പറയാം.

**പി.കെ. രഘു വർമ്മ**
തിരുവനന്തപുരം
മൊ. 9446071057

ന്നു. അതിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കാശ്മീരിനു സംഭവിച്ചത് അവർക്ക് സ്വാതന്ത്ര്യം നിഷേധിച്ചതാണ് എന്ന ധ്വനി കുറച്ച് ഏകപക്ഷീയമായി എന്ന് പറായതെ വയ്യ. ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ പല നാട്ടുരാജ്യങ്ങളും സ്വതന്ത്രമായി നില്ക്കുവാൻ ശ്രമിച്ചിരുന്നു എങ്കിലും സമ്മർദ്ദം പ്രയോഗിച്ചും അല്ലാതെയും എല്ലാവരും സ്വതന്ത്ര ഇൻഡ്യയിൽ ലയിച്ചു. കാശ്മീരിനു മാത്രം ഇതിൽ ഒരു പ്രത്യേകത കാണേണ്ടതില്ല.

**ഭാഗം രണ്ട് – ആത്മീയ ചരിത്രം**

ഭാരതത്തിന്റെ ആത്മീയ ഭൂമി എന്ന് പ്രസിദ്ധമായ ഇടം. ബുദ്ധമതത്തിന്റെ ആരംഭം മുതൽ തന്നെ ബുദ്ധന്റെ ആശയങ്ങളിൽ ആകൃഷ്ടരായി നൂറ്റാണ്ടുകൾ ബുദ്ധസന്യാസിമാരുടെയും ബുദ്ധവിഹാരങ്ങളുടെയും വളരെ നീണ്ട ചരിത്രം, മതരാഷ്ട്രീയബന്ധമില്ലാത്ത ആത്മീയ പാതയായ കാശ്മീരി സൂഫി പരമ്പരയുടെ സുദീർഘ കാലഘട്ടം, കാശ്മീരി ശൈവമതത്തിന്റെ സനാതന ദർശനത്തിന്റെ കാലഘട്ടം ഇവയെല്ലാം അനവധി ആധികാരിക ഗ്രന്ഥങ്ങൾ പഠിച്ച് അനാവരണം ചെയ്തിരിക്കുന്നു.

**ഭാഗം മൂന്ന് – സഞ്ചാരം**

അതിമനോഹരമായ താഴ്‌വരയെ അതേപോലെ പകർത്തിയിരിക്കുന്നു. കൂടാതെ സാധാരണ സഞ്ചാരികൾ ശ്രദ്ധിക്കാത്തതും കടന്നുചെല്ലുവാൻ വളരെ ബുദ്ധിമുട്ടുള്ളതുമായ അനവധി സ്ഥലങ്ങളും പുരാവസ്തു കേന്ദ്രങ്ങളും സന്ദർശിച്ച് അവയുടെ ചരിത്രവും ഇപ്പോഴത്തെ അവസ്ഥയും കൃത്യമായി അവതരിപ്പിക്കുന്നു.

കാശ്മീരിന്റെ പഴയതും പുതിയതുമായ എല്ലാ മൂല്യങ്ങളും ഭൂപ്രദേശത്തിന്റെ മനോഹാരിതയും മനസ്സിലാക്കുവാൻ താല്പര്യമുള്ളവരെ തൃപ്തിപ്പെടുത്തുന്നതാണ് സുഭാഷിന്റെ ഈ രചന.

**രവിവർമ്മ തിരുമുൽപ്പാട്**
തിരുവനന്തപുരം, മൊ. 9447957485

## ക്ഷത്രിയ ക്ഷേമസഭ യൂത്ത് (KKSY) ഭാരവാഹികൾ



**ഹൃഷികേശ് വർമ്മ**
പ്രസിഡന്റ്



**ഡോ. ആദർശ് വർമ്മ**
സെക്രട്ടറി



**കാർത്തിക് വർമ്മ**
ട്രഷറർ




*കരിവെള്ളൂരിൽ നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിൽ നിന്ന്*

## ബാലവേദി/വളരുന്ന പ്രതിഭകൾ

# My Loving Parents



**Gouri Varma**
Chemprol Kottaram, Haripad

The ones who care for my well-being,
Through rose-coloured glasses they're seeing.
Their heart, Oh so big!
All my life I'll sing...

"My Parents
Oh! parents
I love you so much
With all my heart"

Since I was a little girl
They cared and loved me
Treated me like a precious pearl
I'm sorry, I couldn't see

I've caused so much hurt
But yet you still smiled
Like how you love sweet dessert
Please continue loving me, your child



## അഭിനന്ദനങ്ങൾ

കൊച്ചി സഹോദയ കലോത്സവത്തിൽ കാറ്റഗറി 3 ൽ, ശാസ്ത്രീയ സംഗീതം, ഭരതനാട്യം, കുച്ചിപ്പുടി എന്നീ ഇനങ്ങളിൽ 'എ' ഗ്രേഡോടുകൂടി ഒന്നാം സ്ഥാനവും, പങ്കെടുത്ത ഗ്രൂപ്പ് ഇനമായ സംഘഗാനത്തിൽ 'എ' ഗ്രേഡും, തിരുവാതിരകളിയിൽ 'എ' ഗ്രേഡോടെ മൂന്നാം സ്ഥാനവും നേടിയ **മീനാക്ഷി എസ്. വർമ്മ.** ഭവൻസ് വിദ്യാമന്ദിർ ഗിരിനഗർ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപ വർമ്മയുടെയും (പൂഞ്ഞാർ കൊട്ടാരം) മകളാണ്.

ഭരതനാട്യം, കുച്ചിപ്പുടി ഇനങ്ങൾ മത്സരത്തിൽ അവതരിപ്പിച്ചത്, ഗുരു സൂരജ് നായരുടെ ശിക്ഷണത്തിലാണ്. സ്വയം സംഗീതാവിഷ്ക്കാരം ചെയ്ത് മീനാക്ഷി തന്നെ പാടിയ പാട്ടാണ് കുച്ചിപ്പുടിയിൽ പിന്നണിയായി ഉപയോഗിച്ചത്. ഗുരുനാഥ കലാക്ഷേത്ര വിലാസിനി ടീച്ചറുടെ കീഴിൽ, ചെറുപ്പം മുതലേ ഭരതനാട്യം അഭ്യസിച്ചുവരുന്നു. ശാസ്തീയ സംഗീതത്തിലെ ഗുരുക്കന്മാർ, കൊച്ചിൻ വിശ്വനാഥൻ, ശാന്തള രാജു എന്നിവരാണ്.

# अधूरी मोहब्बत



**Akhilesh Varma**
Neeleswaram

अधूरा है यह ज़िन्दगी तेरे बिना
कुछ भी करो तो नहीं भूला जाता।
कैसे कटे ये रैना
तेरे बिना मुझसे जिया नहीं जाता।।
मेरे सपनों की नूरी है तुम
पर मैं डूबा हुआ हूँ रंज में।
तेरे बिना कैसे बडाऊँ यह गम
क्यों कि सिर्फ तू ही था मेरे मन में।
फलक से आई हूर थी तुम
लेकिन मेरे पन्नों में कुछ ओर लिखा था।
प्यार की सावन गिरा रिमझिम
जैसे तू मेरे जीवन में छा गयी थी।
प्यार की अक्स है तेरी नाम
जो मुझे भी जीना सिखाता था।
नहीं होता मुझसे कोई काम
क्योंकि मेरा मन तेरेलिए तरसा था।
तू ही था मेरी अभिराम
जो ईश्वर की है एक इनायत।
क्या तेरेलिए प्यार है एक दाम
पर मेरेलिए था वो फुरसत।।
हम है दो बिछडा अन्जुम
जिसे नहीं मिलाया यह कायनात।।
प्यार की रागिनी में खोया था हम
पर हमसे न हुआ एक प्यार की बात
हमने तो बाँटा प्यार की मधुर
पर रब्बा ने बाँटा हमे वेदना की तलख।
तू ही था मेरी प्यार का सुर
जो बना मेरी गले का मुल्क।
जीवन है एक पवित्र गौहर
वह खोला मेरे मन के द्वार।
सोचता हूँ की यह सब था मेरे तस्सव्वुर
फिर सोचा, नहीं बना मेरेलिए प्यार।।
मोहब्बत है एक सच्चाई
मेरेलिए तो था यह एक अफसाना।
ईश्वर की एक रुसवाई
मुझसे छीना मेरी जीना।।
तू ही था मेरा अमल
जिसने बढ़ाया मुझे तेरी ओर।
तू ही था मेरा कमल
जिसने बजाया मुझमें मोहब्बत का शोर।।
तुम मही ठका मुझे प्यार की धागे से
और वह ही था मेरा मुराद।
कितना भी कहो तुम मुझ में झाओगे
क्योंकि मैं ही हूँ तेरी मुरीद
तेरी मन है प्यार की दौर
जहाँ में प्यार की फूल चढ़ाता हूँ।
तू ही थी वह पावन भोर
जिसमें ही में सुख पाता हूँ।।



## VAU സ്കോളർഷിപ്പ് നേടി

ഈ വർഷത്തെ VAU (Varma Association of UAE) സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട **വിനയ ജി.കെ.** ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ഇ. എം. ഗോവിന്ദന്റെയും രാധാമണി കണ്ടക്കൈയുടെയും മകളാണ്. പയ്യന്നൂരിൽ ഡിഗ്രി വിദ്യാർഥിനിയാണ്.

# War and Peace: How a town rebuilds itself after War



**Lakshmi Varma**

Std X, Bhavan's Vidya Mandir, Girinagar, Kochi

War is hard, life after war is even harder. 20 year old Ishita Sharma's whole world came crumbling down when the Army officials knocked at her door, carrying the coffin that held her dear father. As she sat beside her crying mother and brother, she couldn't help but imagine how everything had been before the War. 5 years ago, when life was everything Ishita could want and more. Her loving parents, Jay and Tara Sharma had looked after her and her brother Aarav with so much love that it hurt just to imagine what life was going to be like from now on.

Two days had passed since her father's funeral, but the grief still clung to the air like the lingering smoke from the chimneys of the surrounding houses. Ishita sat at the front steps of her porch, looking around at her once beautiful town. It was just past dawn, but Ishita couldn't sleep. She had barely slept for the last few weeks and the toll it was taking on her was clear just by looking at how dark the circles were under her eyes. A large group of men were collectively burying all the people that had died with no one to look after them and no one to claim them.

"Ishita", a familiar voice hailed from behind. She turned around and saw her best friend, Esha Roy coming up the road. She had lost her uncle in the war as well.

"Hey Esha", she said, trying to uplift her voice and failing miserably. "Where's Eshani?"

Eshani was Esha's twin sister. "She's at home…she can't bear to step outside now. Well, considering how close she was with Uncle Raj, I guess it's pretty normal."

Ishita doesn't answer immediately. Her eyes caught something. A woman, wearing ragged clothes holding her child close to her begging for sustenance to the people that pass by, not paying her a dime of attention, each wrapped by a blanket of their own grief. This is the state of the town, the state of Summerville, which true to its name was sunny and fun, until the war started. Ever since, the town was anything but sunny, and a single day didn't go by without Army officials bringing a body - or bodies - to this town.

Being a small village sort of town, the War in the beginning was seen as a job opportunity, a big job opportunity and everyone was eager to join the Army, no matter what post they got, whether it was on the field or in the background. But as things got worse, they realized exactly what they got themselves into and even though they tried to return, it was too late and they were in it too deep.

A jarring sound immediately awoke Ishita from her musings. She looked at Esha, she just seemed as startled as she was. The speakers fixed across the town came to life with another jerk and brought forth the voice of the President of their village union, Arjun Singh. Last time he spoke was two days back, on the day of her father's funeral, announcing the names of the most recent dead, including her father's.

"Dear Citizens, for the last 5 years we have lived under the threat of war, lost our loved ones,

and our lives were upended. But now, it has come to an end. We no more have to be afraid, no longer fear that each knock is going to bring in a coffin that holds our dear ones. The War has ended and though we suffered much and lost much, we have a chance to get through, to try to go back to normal as much as possible. Let us hope that such things may not happen again and wish for peace and prosperity across the world. Thank you."

The speakers shut off as fast they came on, leaving the people in the street to contemplate what was just said. Ishita Sharma continued to look at the speaker as though she couldn't believe what was just said, as though it seemed too good to be true…. And who could blame her, after what had happened?

It seemed that, like Ishita, the town's people had trouble digesting the news, fearing to let their hopes wild in case it was crushed to the ground. But it did and once it did, smiles began to break out, one by one, cautious grins, widening across the street. It evolved - in no time - to laughter and cheers, things which seemed almost strange to Ishita and Esha after not hearing it for so long, but they got over it and a sparkle arose in Esha's face, which Ishita started mirroring.

They didn't wait another second, Ishita ran into her house and Esha to hers, to their families, where it was starting to reflect how things had been in the past.

*2 weeks later…*

Ishita was sitting on her porch steps, with Esha and Eshani this time, who had come over not long ago. It was in a way, a remembrance to how they had been sitting two weeks ago. Each of their faces held a subtle glow that had come into being ever since that War had ended. It was not just their faces that held the glow, the whole town had received it and the change in their surroundings were too drastic to not notice. The grey, cold clouds were now fluffy white, the sun shining through it and a cool breeze was blowing, extinguishing some of the warmth in the air, even the grass was losing its sick pale color and on its way to becoming as rich and green as before. It was as if the weather was rejoicing along with the people.

Things may not go back to exactly as it was before, that was impossible. However what was possible was to make as much of the present they could, even though the future was uncertain. But then again, the future is always uncertain and the only thing to do is to live it through and be strong and keep moving forward… no matter what.

*5 years later...*

As Ishita walked across the town, savouring every bit of her beautiful town before the car came to pick her up, her eyes caught something, something that made her smile with delight.

She recognized the woman, how couldn't she when the last she had seen this particular woman, what greeted her was the best news she could receive 5 years ago. Now, however the woman showed no signs of being poor, on the other hand she looked very well looked after and her ragged clothes were now replaced with new ones.

"Ishita, come on, the car is here" She turns, looking at her mother, and experienced a pang of surprise still. She couldn't believe how much her mother had changed in the past 5 years. Grief was still etched at the corner of her eyes but it was better, much better than before. She looked once more at the woman, then walked back the way she had come.

She hugged her mother and brother, and had one more look at her house and the picture of her father hung on the wall, before getting in the car. The War had taken a big piece out of everyone, and though that gap can't be filled, care can be taken to fill the ones that can be closed and try as much as possible to ensure a new one won't be formed...

# അഭിനന്ദനങ്ങൾ



CBSE 12-ാം ക്ലാസ്സ് പരീക്ഷയിൽ 96 % മാർക്കോടെ വിജയിച്ച **ജാഹ്നവി എസ്. വർമ്മ.** പന്തളം കൊട്ടാരത്തിൽ വീണാ വർമ്മയുടേയും അനന്തപുരം കൊട്ടാരത്തിൽ സുരേഷിന്റെയും (മുരളി) മകളാണ്.



വെള്ളാരപ്പിള്ളി ക്ഷത്രിയ സഭാംഗം **രാകേന്ദു എൻ.വി.**, ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി. പെരുമ്പാവൂർ, കൂവപ്പടി, ഞെരിഞ്ഞാംപിള്ളി ഇല്ലം സി.എൻ. വാസുദേവന്റെയും രഞ്ജിനിയുടെയും മകളാണ്.



CBSE സഹോദയ FEST ൽ മലയാളം കവിതാ രചനയിൽ ഒന്നാംസ്ഥാനം കിട്ടിയ **സാമജ എസ്. വർമ്മ.** കൊച്ചി ക്ഷത്രിയ സമാജാംഗങ്ങളായ സന്തോഷ് വർമ്മയുടെയും പ്രവിതാ വർമ്മയുടെയും മകളാണ്.



സ്പാർട്ടൻസ് ഫൈറ്റ് ആൻഡ് ഫിറ്റ്നസ് ക്ലബ് ആതിഥേയത്വം വഹിച്ച ഓൾ ഇന്ത്യ മൗ തായ് ബെൽറ്റ് ചാമ്പ്യൻഷിപ്പ് 2024-ൽ ഇമ്മോർട്ടൽസ് ഫൈറ്റിന്റെ ഫിറ്റ്നസ് ക്ലബ്ബ് അംഗമായ **നിധേയ് വർമ്മ** അണ്ടർ 10 വിഭാഗത്തിൽ വെള്ളി മെഡൽ നേടി.



ഗവ. TD മെഡിക്കൽ കോളേജ് ആലപ്പുഴയിൽ നടന്ന ആരോഗ്യശാസ്ത്ര സർവകലാശാല സൗത്ത് സോൺ യുവജനോത്സവത്തിൽ മൃദംഗ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച **സൗരവ് പി. വർമ്മ**. പന്തളം വടക്കേടം കൊട്ടാരത്തിൽ പ്രമോദ് വർമ്മ-ശ്രീലേഖ വർമ്മ ദമ്പതിമാരുടെ മകനാണ്. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ BAMS അവസാന വർഷ വിദ്യാർത്ഥിയാണ്.

# അഭിനന്ദനങ്ങൾ



സംസ്ഥാന കലോൽസവത്തിൽ ചാക്യാർകൂത്തിന് 'എ' ഗ്രേഡ് കരസ്ഥമാക്കിയ **ഗോവർദ്ധൻ ഉണ്ണി**. കൊരട്ടി യൂണിറ്റ് അംഗങ്ങളായ ഉണ്ണിക്കൃഷ്ണന്റെയും രശ്മിയുടെയും മകനും കൊരട്ടി സ്വരൂപം മോഹൻകുമാറിന്റെയും ശോഭയുടെയും പേരക്കുട്ടിയുമാണ്.



കഴിഞ്ഞ വർഷത്തെ (2023-24) ലോവർ സെക്കന്ററി സ്ക്കോളർഷിപ്പിന് (LSS) അർഹത നേടിയ **ഹർഷവർദ്ധൻ ഉണ്ണി**. കൊരട്ടി യൂണിറ്റ് അംഗങ്ങളായ ഉണ്ണിക്കൃഷ്ണന്റെയും രശ്മിയുടെയും മകനും കൊരട്ടി സ്വരൂപം മോഹൻകുമാറിന്റെയും ശോഭയുടെയും പേരക്കുട്ടിയുമാണ്.



ഉന്നത വിദ്യാഭ്യാസത്തിനുള്ള റിയാക്ടിന്റെ ധനസഹായം **രാഗി വി.ആർ.** ന് റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ കൈമാറുന്നു.



CA പഠനത്തിനുള്ള റിയാക്ടിന്റെ ധനസഹായം **നന്ദിതാ വർമ്മ**ക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി നൽകുന്നു

# യൂണിറ്റ് ഭാരവാഹികൾ

## തിരുവല്ല



**പി.ആർ. വർമ്മ**
പ്രസിഡന്റ്



**സജീവ് കെ. വർമ്മ**
സെക്രട്ടറി



**ശ്രീകുമാർ കർത്താ**
ട്രഷറർ

## കുറ്റിലഞ്ഞി



**കൃഷ്ണ വർമ്മ**
പ്രസിഡന്റ്



**സുരേഷ് വർമ്മ**
സെക്രട്ടറി



**വിജയ് വർമ്മ**
ട്രഷറർ

## തൃശ്ശൂർ



**ഡോ. പി.സി. സുധീർ വർമ്മ**
പ്രസിഡന്റ്



**ശങ്കർ വർമ്മ**
സെക്രട്ടറി



**പി.സി. ദിലീപ് വർമ്മ**
ട്രഷറർ

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

സഭയുടെ 2023 – 2024 വാർഷിക പൊതുയോഗം 2024 ആഗസ്റ്റ് 15 ന് കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ വെച്ച് നടന്നു. പ്രസിഡന്റ് ആർ. കിഷോർ കുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.കെ. വേണുഗോപാൽ വർമ്മ 2023–2024 വർഷത്തെ കണക്കും അവതരിപ്പിച്ചത് വേണ്ട ഭേദഗതി വരുത്തി യോഗം അംഗീകരിച്ചു. ഉപദേശകസമിതി അംഗമായി ഡോ. ആർ. അജയകുമാർ വർമ്മയേയും കമ്മിറ്റിയിലേക്ക് ഉഷാ രാമവർമ്മയേയും പുതിയതായി ചേർത്തുകൊണ്ട് നിലവിലുള്ള ഭാരവാഹികൾ തുടർന്നുവരുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു. തുടർന്ന് സഭയുടെ വനിത വിഭാഗം വാർഷിക പൊതുയോഗം നടത്തുകയുണ്ടായി. വൈസ് പ്രസിഡന്റ് ഉഷാ ഉദയവർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ശ്രീകലവർമ്മ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സുമാവേണുഗോപാൽ വർമ്മ 2023–2024 വർഷത്തെ കണക്ക് അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു. വനിതകളുടെ വിവിധ പ്രവർത്തനങ്ങളുടെ ലാഭവിഹിതം 11,280/- രൂപയുടെ ചെക്ക് സഭാ ട്രഷറർ വേണുഗോപാലിന് വനിതാവിഭാഗം പ്രസിഡന്റ് രമണിവർമ്മ ആഗസ്റ്റ് 4 ന് കൂടിയ ഭരണസമിതി യോഗത്തിൽ വെച്ച് കൈമാറി.

അന്നേദിവസം രാവിലെ ക്ഷത്രിയ ക്ഷേമ സഭയുടെ ഉപദേശകസമിതി അംഗവും മുതിർന്ന സഭാപ്രവർത്തകനുമായ കെ.എൽ. ശ്രീകൃഷ്ണദാസിനെ ആദരിച്ചു. പ്രസിഡന്റ് കിഷോർകുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ. കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ സിനിമാഗാന നിരൂപകനും സാഹിത്യകാരനുമായ ടി.പി. ശാസ്തമംഗലം മുഖ്യാതിഥിയായിരുന്നു. മുതിർന്ന അംഗം ആർ. രാമവർമ്മ, സംസ്ഥാന ക്ഷത്രിയ ക്ഷേമസഭ പ്രസിഡന്റ് ഡോ. ലളിതാംബിക, ജന: സെക്രട്ടറി മധുകുമാർ വർമ്മ എന്നിവർ ആശംസാപ്രസംഗം നടത്തി. ചടങ്ങിന് മുൻപ് സഭയിലെ ഗായക സംഘം വയലാർ രാമവർമ്മ, പി. ഭാസ്ക്കരൻ എന്നിവർ രചിച്ച ഗാനങ്ങൾ ആലപിച്ചു. ചടങ്ങിന് ശേഷം കെ.എൽ. ശ്രീകൃഷ്ണദാസ് രചനയും സംവിധാനവും നിർവ്വഹിച്ച 'ഫുഡ്ഫോർ തോട്ട്' എന്ന ഹ്രസ്വചിത്രത്തിന്റെ പ്രദർശനവും നടന്നു. 2024 ആഗസ്റ്റ് 15 ന് വൈകിട്ട് രാമായണ പാരായണ മത്സരം നടന്നു. ഡോ. അംബിക ബാലചന്ദ്രൻ, കൃഷ്ണജയകുമാർ എന്നിവർ ഒന്നാം സമ്മാനമായ 2000 രൂപയ്ക്ക് അർഹരായി. രണ്ടാം സമ്മാനം 1,000 രൂപ ഉഷ ഉദയനും ലഭിച്ചു. മൂന്നാം സമ്മാനമായ 500 രൂപ കെ. രാഘവർമ്മയും ശ്രീജിത ആർ.വർമ്മയും പങ്കിട്ടു. ഒന്നാം സമ്മാനം എ.സി. ഗോദവർമ്മ അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ സ്മരണാർത്ഥവും രണ്ടാം സമ്മാനം മാലിനി രവിവർമ്മ ഭർത്താവ് പി. രവിവർമ്മയുടെ സ്മരണാർത്ഥവും മൂന്നാം സമ്മാനം നന്നാട് നിർമ്മലദേവിയും ആണ് സ്പോൺസർ ചെയ്തത്. ശ്രീരാമ പൂജയും ദീപാരാധനയും നിവേദ്യവും ഉണ്ടായി.

സഭയുടെ 2024–ലെ 'ഓണാഘോഷവും കുടുംബസംഗമവും' 2024 ഒക്ടോബർ 2 ന് രംഗവിലാസം ഹാളിൽ രാവിലെ 10 മണി മുതൽ ആരംഭിച്ചു. വയനാട് ചൂരൽമലയിൽ ഉണ്ടായ മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്ക് മുമ്പിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ചടങ്ങുകൾ ആരംഭിച്ചു. ശ്രീജിത ആർ. വർമ്മയുടെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചയോഗത്തിൽ പ്രസിഡന്റ് ആർ. കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ സ്വാഗതം ആശംസിച്ചു. സഭയുടെ പ്രവർത്തനത്തിന് പുതിയ ദിശാബോധം ഉണ്ടാകണമെന്നും യുവജനങ്ങൾ കൂടുതൽ സഭയിൽ പ്രവർത്തിക്കുവാൻ രക്ഷാകർത്താക്കൾ കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും വിദേശത്ത് ജോലിയുള്ള യുവജനങ്ങളുടെ സഹായങ്ങൾ ഒരു മുതൽക്കൂട്ടാകണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് പ്രതിപാദിച്ചു. സഭയിലെ മുതിർന്ന അംഗം ആർ. നന്ദകുമാര



വർമ്മ ഭദ്രദീപം കൊളുത്തി കലാപരിപാടികളു ഉത്ഘാടനം നിർവ്വഹിച്ചു. യോഗ ദിവസത്തിന്റെ പ്രാധാന്യമായ ഗാന്ധിജയന്തി, ലാൽ ബഹാദൂർ ജയന്തി, കൂടാതെ പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ ചരമദിനം എന്നിവ ആയതിനാൽ ആ വ്യക്തിങ്ങളെ യോഗം അനുസ്മരിച്ചു. നന്ദ കുമാർ വർമ്മ രാജാരവിവർമ്മ ചിത്രത്തിന് മുമ്പിൽ പുഷ്പങ്ങൾ അർപ്പിച്ചു ഭദ്രദീപം കൊളുത്തി പ്രാർത്ഥിച്ചു.

തിരുവല്ലയിൽ തന്റെ ചെറുപ്രായത്തിൽ നട ന്നിരുന്ന ഓണാഘോഷങ്ങളും കുടുംബസംഗമ ങ്ങൾ നല്കുന്ന സൗഹൃദവും മാനസിക ഉല്ലാ സവും ഉത്ഘാടകൻ തന്റെ പ്രഭാഷണത്തിൽ എടുത്തു പറയുകയുണ്ടായി. തുടർന്ന് മുതിർന്ന അംഗം ആർ. രാമവർമ്മ (വിജയൻ), ഡോ.സി.കെ. കൃഷ്ണദാസൻ, ഡോ. നാരായണൻ പണ്ടാല എന്നിവരെ വിവിധ മേഖലകളിൽ ഔദ്യോഗിക, സാമൂഹിക അക്കാദമിക് മണ്ഡലങ്ങളിൽ പ്രാവീണ്യം തെളിയിച്ചതിനെ തുടർന്ന് സഭ ഉപഹാരം നല്കി ആദരിച്ചു. കൂടാതെ CUSAT - ൽ നിന്ന് മറൈൻ ജിയോഫിസിക്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ തൂലികവർമ്മയെയും ചട ങ്ങിൽ ഉപഹാരം നല്കി ആദരിച്ചു. സംസ്ഥാന യുവജന സംഘടനയിലെ ദക്ഷിണമേഖലാ സെക്രട്ടറിയും സഭയുടെ അംഗവുമായ നവീൻ വർമ്മ സഭയിലെ യുവജന പ്രസ്ഥാനത്തെ ആകർഷമാക്കാൻ തന്നോടൊപ്പം സഹകരിക്കാൻ യുവജനങ്ങളോട് അഭ്യർത്ഥിച്ചു. കേന്ദ്രസഭാ പ്രസിഡന്റ് ഡോ. ലളിതാംബിക, കേന്ദ്രസഭാ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കെ.എൽ. ശ്രീകൃഷ്ണ ദാസ്, ഡോ.ആർ. അജയകുമാർ വർമ്മ എന്നിവർ സഭയ്ക്കു വേണ്ടി ഉപഹാരങ്ങൾ നൽകുകയും പൊന്നാട അണിയിക്കുകയും ചെയ്തു. തുടർന്ന് ആശംസകളും അർപ്പിച്ചു.

സഭയിലെ വനിതാ വിഭാഗം അവതരിപ്പിച്ച തിരുവാതിരകളിയോടെ കലാപരിപാടികൾക്ക് തുടക്കമായി. കൃഷ്ണകുമാർ വർമ്മ, സി.കെ. കൃഷ്ണദാസൻ, അജയകുമാർ വർമ്മ, ജയചന്ദ്ര വർമ്മ, രാജീവ് വർമ്മ, ശ്രീകല വിജിത്ത്, വർഷാ വർമ്മ, വേദാവർമ്മ, തേജസ്വി വർമ്മ, ശ്രീജിതാ വർമ്മ എന്നിവർ ഗാനങ്ങളും ദീപശ്രീ വർമ്മയുടെ തോടയം നൃത്തവും, ഋഷഭ് വർമ്മയുടെ കാളിയ മർദ്ദനം നൃത്തശില്പവും നടന്നു. പ്രസിഡന്റ് കിഷോർകുമാർ വർമ്മയും യുവജനവിഭാഗം ദക്ഷിണമേഖലാ കോ-ഓർഡിനേറ്റർ നവീൻ വർമ്മയും സംഘടിപ്പിച്ച പ്രശ്നോത്തരിയിൽ നിരവധി മുതിർന്ന അംഗങ്ങൾക്കും കുട്ടികൾക്കും സമ്മാനങ്ങൾ ലഭിച്ചു. വിഭവ സമൃദ്ധമായ ഓണ സദ്യയിൽ 160 ഓളം അംഗങ്ങൾ പങ്കെടുത്തു. ഉച്ചയ്ക്ക് നടന്ന കലാപരിപാടിയിൽ ഡോ. നീരജവർമ്മ, അരുണിമ വർമ്മ, ഡോ. ആരതിവർമ്മ, നന്ദന വർമ്മ, വർഷവർമ്മ, ഋഷഭ് വർമ്മ എന്നീ യുവജന പ്രതിഭകൾ അവതരിച്ച 'ഹരിവരാസനം' നൃത്ത ശില്പം സദസ്സിനെ ഏറെ ആകർഷിച്ചു. തുടർന്ന് നടന്ന നറുക്കെടുപ്പിൽ 2500 രൂപയുടെ ഒന്നാം സമ്മാനം പി.കെ. ജയകുമാർ വർമ്മയ്ക്കും 1500 രൂപയുടെ രണ്ടാം സമ്മാനം അശ്വിൻ വർമ്മയ്ക്കും ലഭിച്ചു. നല്ലൊരു കലാവിരുന്നിന് സാക്ഷികളായി സഭാ മെമ്പർമാർ 3 മണിയോടെ പിരിഞ്ഞു. സഭാ ജോയിന്റ് സെക്രട്ടറി കൃഷ്ണ ജയകുമാർ പങ്കെടു ത്തവർക്കും കലാപരിപാടി അവതരിപ്പിച്ചവർക്കും ഉൾപ്പെടെ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

നവരാത്രി ആഘോഷ ദിവസങ്ങളിൽ (ഒക്ടോ ബർ 10, 11, 12, 13) സഭയുടെ ഓഫീസായ സുന്ദര വിലാസം കൊട്ടാരത്തിൽ വെച്ച് രാവിലെയും വൈകിട്ടും നടന്ന പൂജകൾക്ക് സെക്രട്ടറി ജയ ചന്ദ്രവർമ്മയും ട്രഷറർ വേണുഗോപാൽ വർമ്മയും നേതൃത്വം വഹിച്ചു. 12 ന് വൈകിട്ട് നടന്ന വനിതാ വിഭാഗത്തിന്റെ ഭജനയിലും തുടർന്നു നടന്ന പൂജ യിലും സഭാംഗങ്ങൾ പങ്കെടുത്തു. 13 ന് രാവിലെ വിദ്യാരംഭത്തോടെ നവരാത്രി പൂജയ്ക്ക് ശുഭപര്യ

വസാനമായി. കുടുംബ സംഗമത്തിന് 1000 രൂപ വീതം സംഭാവന നൽകിയ കുടുംബാംഗങ്ങളിൽ നിന്ന് വിജയദശമി നാളിൽ നടന്ന ഭാഗ്യ നറുക്കെടുപ്പിൽ അജയകുമാർ വർമ്മ എസ്. സമ്മാനം നേടി. അടുത്ത പ്രതിമാസ പരിപാടിയിൽ സമ്മാനം നൽകും.



**സ്നേഹസൗഹൃദം**

മുതിർന്ന അംഗങ്ങളുടെ ക്ഷേമം മുൻനിർത്തി തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ രൂപംകൊടുത്ത 'സ്നേഹസൗഹൃദം' എന്ന കൂട്ടായ്മ തുടർന്നുള്ള മാസങ്ങളിൽ സഭാ ആസ്ഥാനമായ സുന്ദരവിലാസം കൊട്ടാരത്തിൽ ഒത്തുകൂടി സൗഹൃദം പങ്കിട്ടുവരുന്നു. ഇങ്ങനെ ഏതെങ്കിലും കാലിക വിഷയത്തെ ആസ്പദമാക്കിയുള്ള അവതരണവും നടന്നുവരുന്നു. 'എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സാഹിത്യകൃതി, ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവം തുടങ്ങിയ വിഷയങ്ങളിൽ അംഗങ്ങൾ സംസാരിച്ചു. ഈ കൂട്ടായ്മയുടെ തുടർന്നുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കും അതിൽ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയും അംഗങ്ങളുമായി ആശയവിനിമയം നടത്താനും മാതൃസംഘടനയായ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയും സഭയുടെ വനിതാ വിഭാഗവുമായി ആലോചിക്കാനും തീരുമാനിച്ചു. ഭവന സന്ദർശനം, ജില്ലയിലെ ചരിത്ര-പൗരാണിക-സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് യാത്ര എന്നിവയും കൂട്ടായ്മ പരിഗണിച്ചുവരുന്നു.

## പന്തളം

വാർഷിക പൊതുയോഗത്തിനു മുൻപുള്ള യൂണിറ്റ് ഭരണസമിതി യോഗം 31.8.2024 ശനിയാഴ്ച വൈകുന്നേരം പുത്തൻ കൊട്ടാരത്തിൽ നടന്നു. പന്തളം കൊച്ചുകൊട്ടാരത്തിൽ പരേതനായ കെ. കേരള വർമ്മയുടെ (കുട്ടൻ ചേട്ടൻ) സഹധർമ്മിണി വാസന്തി തമ്പുരാട്ടി, ആറന്മുള പെരിഞ്ഞേലിൽ കൊട്ടാരത്തിൽ പരേതനായ രാജരാജവർമ്മ എന്നിവരുടെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി.

വയനാട്ടിലെ ചൂരൽമലയിലും, മുണ്ടക്കൈയിലും, അട്ടമലയിലും ഉണ്ടായ ഉരുൾ പൊട്ടലിൽ പൊലിഞ്ഞ ജീവനുകൾക്ക് അനുശോചനം രേഖപ്പെടുത്തി. ശാഖയുടെ നേതൃത്വത്തിൽ നടന്നുവരുന്ന അത്തച്ചിട്ടി വിതരണം നടത്തി. 500 രൂപ മുതൽ 5,000 രൂപ വരെയുള്ള പ്രതിമാസ ചിട്ടിയിൽ ചേർന്ന 29 പേർക്കായി 5,91,000 രൂപ വിതരണം ചെയ്തു. പുതിയ വർഷത്തെ അത്തച്ചിട്ടി, വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' തുക സമാഹരണം ആഗസ്റ്റ് 24, 25 തീയതികളിലായി നടന്നു.

ശാഖയുടെ 42-ാം വാർഷിക പൊതുയോഗവും ഓണാഘോഷവും സെപ്തംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ പന്തളം പാലസ് വെൽഫെയർ സൊസൈറ്റി അന്നദാന ഹാളിൽ വിവിധ പരിപാടികളോടെ നടന്നു.



വാർഷികയോഗം, ഓണാഘോഷം എന്നിവയുടെ ഉദ്ഘാടനം ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക നിലവിളക്കു കൊളുത്തി നിർവ്വഹിച്ചു.

ഈശ്വര പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ, പുത്തൻ കൊട്ടാരത്തിൽ അനഘ വർമ്മയും അദ്വൈത ലക്ഷ്മിയും പ്രാർത്ഥനാഗീതം ആലപിച്ചു. സഭയുടെ മുതിർന്ന അംഗം എൻ.ആർ. കേരള വർമ്മ സ്വാഗതം ആശംസിച്ചു. യോഗാദ്ധ്യക്ഷനായിരുന്ന യൂണിറ്റ് പ്രസിഡന്റ് പി. രാഘവ വർമ്മയുടെ അദ്ധ്യക്ഷപ്രസംഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ പന്തളത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ജ്യോതി വർമ്മ അവതരിപ്പിച്ചു.

ആശംസകൾ അർപ്പിച്ചു സംസാരിച്ച സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ ക്ഷത്രിയ സമുദായാംഗങ്ങളുടെ സെൻസസിന്റെ വിവരങ്ങളും സ്കോളർഷിപ്പ് വിവരങ്ങളും വിശദീകരിച്ചു.

31.3.2024 വരെയുള്ള ഒരു വർഷത്തെ വരവു ചിലവ് കണക്കുകളും പ്രദോഷപൂജയുടെ ചിലവുകളും സെക്രട്ടറി അവതരിപ്പിച്ചു പാസ്സാക്കി.

'വായു'വിന്റെ ആരോഗ്യ രക്ഷാ സഹായങ്ങളെപ്പറ്റി സംസാരിച്ച ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ ആശംസകൾ നേർന്നു.

പന്തളം കൊട്ടാരം നിർവ്വാഹകസംഘം പ്രസിഡന്റ് ശങ്കർ വർമ്മ ആശംസകൾ നേർന്ന് സംസാരിച്ചു.

നാൽപ്പത്തി അഞ്ചോളം അംഗങ്ങൾ പങ്കെടുത്ത വാർഷിക പൊതുയോഗത്തിൽ പാലസ് വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ഗിരീഷ് കുമാർ ക്ഷത്രിയ ക്ഷേമസഭ യുവജനവിഭാഗം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് സംസാരിച്ചു.

വിദ്യാഭ്യാസ സമ്മാനങ്ങളുടെ വിതരണത്തിനു ശേഷം വടക്കേടം പാലസിലെ ശിശിര പി. വർമ്മ നാലുകെട്ട് 'സാകേത'ത്തിലെ കാഞ്ചന കെ. വർമ്മ, അദ്വൈത ലക്ഷ്മി എന്നിവർ അവതരിപ്പിച്ച നയനാനന്ദകരമായ നൃത്തനൃത്ത്യങ്ങൾ നടന്നു. കീർത്തനാ വർമ്മയുടെ അതിമനോഹരമായ ഗാനാലാപത്തിനു ശേഷം, തെക്കേടം പാലസിലെ ആദിത്യവർമ്മയും ഒരു ഗാനം ആലപിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് അരുൺകുമാർ വർമ്മ നന്ദി പറഞ്ഞു. സ്വാദിഷ്ടമായ ഓണസ്സദ്യയ്ക്കു ശേഷം യോഗം പര്യവസാനിച്ചു.

## വൈക്കം

8-9-2024-ൽ ഓണത്തോടനുബന്ധിച്ച് കുടുംബ സംഗമം നടന്നു. മാനവർമ്മ രാജദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. വൈഷ്ണവി, ദിയ, ആദി, അക്ഷര, ഗോവിന്ദ് തുടങ്ങിയവർ ചേർന്ന് ഈശ്വര പ്രാർത്ഥന നടത്തി. വയനാട്ടിലെ ദുരന്തത്തിൽ മരണമടഞ്ഞവർക്കായി മൗനപ്രാർത്ഥന നടന്നു. പ്രസിഡന്റ് ഹരിനന്ദനവർമ്മ, സെക്രട്ടറി പ്രേമചന്ദ്ര വർമ്മ എന്നിവർ ആശംസകൾ അറിയിച്ചു. ഹരീന്ദ്ര വർമ്മ, മുരളീകൃഷ്ണൻ തമ്പാൻ, എന്നിവർ



പ്രസംഗിച്ചു. ഗിരീഷ് വർമ്മ, അമൃതാവർമ്മ, രാജേന്ദ്രവർമ്മ, ശ്രീവിദ്യാവർമ്മ, രേണുകാവർമ്മ, ഗോവിന്ദ് വർമ്മ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. കുട്ടികൾക്കും മുതിർന്നവർക്കുമായി മത്സരങ്ങൾ ഉണ്ടായിരുന്നു. കുടുംബാംഗം സോമവർമ്മ തയ്യാറാക്കിയ വിഭവസമൃദ്ധമായ സദ്യയും, കാലത്തും വൈകിട്ടും ലഘുഭക്ഷണവും ഉണ്ടായിരുന്നു. അറുപതോളം കുടുംബാംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## കോഴിക്കോട്

05-10-2024 ശനിയാഴ്ച്ച വൈകിട്ട് 03.30 PM ന് ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റിന്റെ യോഗം തിരുവണ്ണൂരിലുള്ള സ്വാതിതിരുനാൾ കലാകേന്ദ്രത്തിൽ വെച്ച് നടന്നു.

ക്ഷത്രിയ ക്ഷേമസഭയ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും REACT സംസ്ഥാന സെക്രട്ടറി രഘു വർമ്മയും ചേർന്ന് ഭദ്രദീപം തെളിയിച്ചു. ഉദ്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് തിരുവണ്ണൂർ പുതിയ കോവിലകത്തിലെ പുത്തൻ കോവിലകത്ത് സ്മിത രാജയുടെയും നന്ദകുമാർ വർമ്മയുടേയും മകൾ നന്ദിത എൻ. വർമ്മ സരസ്വതി വന്ദനം ആലപിച്ചു.

ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റ് ജനറൽ സെക്രട്ടറി ഹരിപ്രസാദ് രാജ എല്ലാവർക്കും സ്വാഗതം അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ചു. തുടർന്ന് അധ്യക്ഷപ്രസംഗം യൂണിറ്റ് പ്രസിഡന്റ് രഘു ഇ.കെ. നിർവ്വഹിച്ചു.

ക്ഷത്രിയ ക്ഷേമസഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ മുഖ്യപ്രഭാഷണം നടത്തി. ഈ കാലഘട്ടത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ പ്രസക്തി എന്താണെന്നും, സമുദായാഭിവൃദ്ധിക്കും സാമൂ

ഹിക പ്രതിബദ്ധതയ്ക്കും വേണ്ടി നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി സംസാരിക്കുകയും പഴയന്നൂർ വലവൂർ കോവിലകത്തിലെ അരുൺ വർമ്മയുടെ സ്മരണാർത്ഥം സി.എ. യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം തോറും നൽകിവരുന്ന സ്കോളർഷിപ്പ് 25,000/- രൂപ കൈമാറുകയും ചെയ്തു. കോഴിക്കോട് മാങ്കാവ് പടിഞ്ഞാറെ കോവിലകത്തിലെ കൃഷ്ണവർമ്മ രാജയുടെയും പന്തളം കൊട്ടാരത്തിലെ പത്മിനി വർമ്മയുടെയും മകൾ നന്ദിത വർമ്മയാണ് സ്കോളർഷിപ്പിന് അർഹയായത്.

REACT സംസ്ഥാന സെക്രട്ടറി രഘു വർമ്മ അനുഗ്രഹഭാഷണം നടത്തി. അദ്ദേഹം ദാനധർമ്മങ്ങളെപ്പറ്റിയും ഓരോ വ്യക്തിയിലും ഉണ്ടായിരിക്കേണ്ട സഹാനുഭൂതിയെ പ്പറ്റിയും സംസാരിക്കുകയും വിലങ്ങാട് ഉരുൾ പൊട്ടൽ ദുരന്തത്തിൽ പെട്ട്, തന്റെ B.Ed. പഠനത്തിന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന രാഖി വി. ആർ. എന്ന വിദ്യാർത്ഥിനിയ്ക്ക് പഠന ആവശ്യത്തിനുള്ള തുക കൈമാറുകയും ചെയ്തു.

ഇരു വിദ്യാർഥിനികളും ക്ഷത്രിയ ക്ഷേമ സഭയ്ക്കും, REACT നും പ്രത്യേക നന്ദിയും സന്തോഷവും അറിയിച്ചു.

ജോയിന്റ് സെക്രട്ടറി അഭിഷേക് വർമ്മ, മഹിളാ സമാജം പ്രസിഡന്റ് സതി ശർമ്മ തുടങ്ങിയവർ പ്രസ്തുത ചടങ്ങിന് ആശംസകൾ അർപ്പിച്ചു.

യോഗത്തിൽ അൻപതോളം അംഗങ്ങൾ പങ്കെടുത്തത് പ്രവർത്തന മേഖലയിൽ കൂടുതൽ ശക്തി പകരുവാൻ സാധിച്ചു.

ട്രഷറർ കൃഷ്ണകുമാർ വർമ്മ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും നന്ദി അറിയിച്ചു.

ചായ സൽക്കാരത്തിനു ശേഷം 05.00 PM ന് യോഗം അവസാനിച്ചു.

## കുറ്റിലഞ്ഞി

പതിവുപോലെ കർക്കിടക മാസത്തിലെ നാലമ്പല ദർശനം കോട്ടയം രാമപുരം ഭാഗത്തെ ശ്രീരാമ-ലക്ഷ്മണ-ഭരത-ശത്രുഘ്ന ക്ഷേത്രങ്ങൾ സന്ദർശിച്ച് മൂന്നാം തവണയും അംഗങ്ങളുടെ പ്രാതിനിധ്യം കൊണ്ട് വിജയകരമായി പര്യവസാനിച്ചു.

സെപ്റ്റംബർ മാസം ഒന്നാം തീയതി കരിവെള്ളൂരിൽ വച്ച് നടന്ന സംസ്ഥാന കമ്മിറ്റി മീറ്റിങ്ങിൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് നാല് അംഗങ്ങൾ പങ്കെടുത്തു. മഹാറാണി സേതു പാർവ്വതി ബായി സ്മാരക സ്കോളർഷിപ്പ് യൂണിറ്റിലെ അംഗം അമൃത് വർമ്മയ്ക്ക് ലഭിച്ചു.

സഭയുടെ നേതൃത്വത്തിൽ നടക്കുന്ന ചിട്ടിയിലും വനിത അംഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഓണ ഫണ്ട് കളക്ഷനിലും വൻപിച്ച പിന്തുണയാണ് അംഗങ്ങളുടെ കയ്യിൽ നിന്ന് കിട്ടുന്നത്. അതിനാൽ സമുദായ അംഗങ്ങളുടെ സാമ്പത്തികമായ പരിരക്ഷയ്ക്ക് ഇത് രണ്ടും പ്രയോജനകരമാണ് എന്ന വസ്തുത അറിയിക്കുന്നു.

### പൊതുയോഗം



കുടുംബസംഗമവും വാർഷിക പൊതുയോഗവും സെപ്റ്റംബർ 29-ാം തീയതി സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക ഉദ്ഘാടനം ചെയ്തു. നൂറിൽപരം അംഗങ്ങൾ പങ്കെടുത്തു.

യൂണിറ്റ് പ്രസിഡന്റ് കൃഷ്ണവർമ്മ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സുരേഷ് വർമ്മ സ്വാഗതം പറഞ്ഞു.

സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ, യൂത്ത് കമ്മിറ്റി സെക്രട്ടറി ഡോ. ആദർശ് വർമ്മ, യൂണിറ്റ് രക്ഷാധികാരി പി.വി.ആർ. തിരുമുൽപ്പാട്, ട്രഷറർ വിജയ വർമ്മ, രാമവർമ്മ എന്നിവർ സംസാരിച്ചു.

പ്രശസ്ത ഗാനരചയിതാവ് സന്തോഷ് വർമ്മയായിരുന്നു മുഖ്യാതിഥി. ദുബായ് ആസ്ഥാനമായ 'VAU' എന്ന സംഘടനയുടെ രക്ഷാധികാരി ഉദയ വർമ്മയും സന്നിഹിതനായിരുന്നു.

2023–24 വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി സുരേഷ് വർമ്മ അവതരിപ്പിച്ചു; യോഗം അംഗീകരിച്ചു. വാർഷിക കണക്കുകൾ ട്രഷറർ വിജയ് വർമ്മ അവതരിപ്പിച്ചു.

അഡ്വ. കൃഷ്ണകുമാർ വർമ്മ അനുസ്മരണവും പ്രദീപ് വർമ്മ നന്ദിയും പ്രകാശിപ്പിച്ചു.

മഹാറാണി സേതു പാർവ്വതി ബായി സ്മാരക വിദ്യാഭ്യാസ പുരസ്കാരം മൂന്ന് വിദ്യാർത്ഥികൾക്ക് നൽകി. സഭയുടെ ആദ്യകാല വനിതാ നേതാവായ പരേതയായ ലീലാ ബായി തമ്പുരാട്ടിയുടെ സ്മരണാർത്ഥം ഭർത്താവ് അരവിന്ദ് വർമ്മ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പ് നാലു വിദ്യാർത്ഥികൾക്ക് നൽകി. 'VAU'വിന്റെ വിദ്യാഭ്യാസ പുരസ്കാരവും യൂണിറ്റിലെ ഒരു വിദ്യാർത്ഥിനിക്ക് ലഭിച്ചു.

അംഗങ്ങളുടെ വിവിധ കലാപരിപാടികളും 'സ്വരലയ' മ്യൂസിക് ഗ്രൂപ്പിന്റെ ഗാനമേളയും ചടങ്ങിന് മാറ്റുകൂട്ടി.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് കൃഷ്ണവർമ്മ, വൈസ് പ്രസിഡന്റ് അഡ്വ. കൃഷ്ണകുമാർ വർമ്മ, സെക്രട്ടറി സുരേഷ് വർമ്മ, ജോയിന്റ് സെക്രട്ടറി പ്രദീപ് വർമ്മ, ട്രഷറർ വിജയ് വർമ്മ എന്നിവരെ തിരഞ്ഞെടുത്തു.

## കരപ്പുറം

രണ്ട് നിർവ്വാഹക സമിതി യോഗങ്ങൾ ഇക്കാലയളവിൽ നടന്നു.

ആഗസ്റ്റ് 04 ഞായറാഴ്ച കരപ്പുറം ക്ഷത്രിയ സഭ രാമായണദിനം ആചരിച്ചു. ഉച്ചകഴിഞ്ഞു മൂന്നു മണിക്ക് സഭയിലെ മുതിർന്ന അംഗങ്ങളായ ബാലാദിത്യ വർമ്മ, ബാലകേരള വർമ്മ, പി.കെ. രവീന്ദ്ര വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ രാമായണ പാരായണം ആരംഭിച്ചു. 11 അംഗങ്ങൾ പങ്കെടുത്ത രാമായണ പാരായണത്തിൽ പന്ത്രണ്ട് വയസ്സുകാരൻ ഗൗതം വർമ്മയും പങ്കെടുത്തു എന്നത് പ്രത്യേകം ശ്രദ്ധേയമായി. 4.30 നു സൽസംഗം ആരംഭിച്ചു. ഡോ. ദേവീ മനോജ് വർമ്മ 'അഹല്യ' എന്ന താപസ പത്നിയെ ആധാരമാക്കി വളരെ ബൃഹത്തായ പ്രബന്ധം അവതരിപ്പിച്ചു. അഹല്യ എന്ന കഥാപാത്രത്തിന്റെ സാന്നിദ്ധ്യം കൃതയുഗത്തിൽ തന്നെ ദർശിക്കാം എന്ന് യുക്തിഭദ്രമായി സമർത്ഥിച്ച ദേവി പഞ്ചകന്യകളിൽ അഹല്യയുടെ സ്ഥാനം കൃത്യമായി അപഗ്രഥിച്ചു. ഹരികൃഷ്ണ വർമ്മ, ദിനേശ് വർമ്മ തുടങ്ങിയവർ ദേവിയുടെ പഠനത്തെ ശ്ലാഘിച്ചു.

വാരനാട് ദേവീക്ഷേത്രത്തിൽ ഗജരാജ സമർപ്പണ ധനസമാഹരണത്തിന്റെ ഔപചാരികമായ ഉൽഘാടനം ക്ഷത്രിയ ക്ഷേമസഭയുടെ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ ആദ്യതുകയുടെ ചെക്ക് കരപ്പുറം ക്ഷത്രിയ സഭയുടെ മുൻ പ്രസിഡന്റ് പ്രൊഫ. രവിവർമ്മ രാജായ്ക്ക് നൽകിക്കൊണ്ട് ഉൽഘാടനം ചെയ്തു. തുടർന്ന് പ്രൊഫ. കെ.എൻ.എസ്. വർമ്മ നയിച്ച രാമായണം പ്രശ്നോത്തരിയിൽ അദ്ദേഹത്തെ സഭാ സെക്രട്ടറി അനൂപ് വർമ്മ സഹായിച്ചു. 20 പേർ മത്സരത്തിൽ ഉത്സാഹപൂർവ്വം പങ്കെടുത്തു. കഥാസന്ദർഭങ്ങളുമായി ബന്ധപ്പെട്ട പ്രൊഫ. വർമ്മയുടെ ചോദ്യാവലിയും അദ്ദേഹത്തിന്റെ അവതരണരീതിയും തികച്ചും പ്രൗഢമയിരുന്നു. പ്രശ്നോത്തരിയിൽ വിജയികളായ 'സി' ടീം അംഗങ്ങൾക്ക് സമ്മാനങ്ങളും പ്രൊഫ. സുരേന്ദ്രനാഥ വർമ്മ വിതരണം ചെയ്തു.



പ്രബന്ധം അവതരിപ്പിച്ച ദേവീ മനോജ് വർമ്മക്ക് പ്രൊഫ. സുരേന്ദ്രനാഥ വർമ്മ സഭയുടെ ഉപഹാരം നൽകി ആശംസകൾ ഓതി. രാമായണം പ്രശ്നോത്തരി നയിച്ച പ്രൊഫ. കെ.എൻ.എസ്. വർമ്മയ്ക്ക് സഭയുടെ ആദരവോടെ പ്രൊഫ. രവിവർമ്മ രാജാ സ്നേഹോപഹാരം നൽകി.

വട്ടക്കാട്ടു കോവിലകത്ത് ടി.എൻ. സതീഷ് കുമാർ സ്പോൺസർ ചെയ്ത, കർക്കടക ക്കഞ്ഞി ഉൾപ്പെടെയുള്ള സായാഹ്ന ഭക്ഷണത്തോടെ എട്ടു മണിയോടെ രാമായണദിനം പരിപാടികൾ അവ സാനിച്ചു.

കൊല്ലവർഷം 1200 ലെ ഓണാഘോഷം 2024 സെപ്റ്റംബർ 14 ഉത്രാടം നാൾ ശനിയാഴ്ച സഭാ മന്ദിരത്തിൽ നടന്നു. ശൈലജാ വർമ്മ, പാർവ്വതി വർമ്മ, മായാ വർമ്മ, ദേവീ മനോജ് വർമ്മ, മായാദേവി, മാസ്റ്റർ അപ്പൂസ് എന്നിവർ ചേർന്ന് ഒരുക്കിയ പൂക്കളം മനോഹരമായിരുന്നു. രാവിലെ 9.30 ന് മുതിർന്ന അംഗങ്ങളായ മധു വർമ്മ, രാജരാജ വർമ്മ, ബാലാദിത്യ വർമ്മ, ബാലകേരള വർമ്മ, തങ്കമണി വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ആഘോഷത്തിന് ആരംഭം കുറിച്ചു. തുടർന്ന് അക്ഷരശ്ലോക സദസ്സ് ആരംഭിച്ചു. കമലാ വർമ്മ, പ്രഭാവതി വർമ്മ, ദേവീ മനോജ് വർമ്മ, ആചാര്യ ദിനേഷ് വർമ്മ, ഹരികൃഷ്ണ വർമ്മ എന്നിവർ പങ്കെടുത്ത സദസ്സിൽ കമലാ വർമ്മ ഒന്നാം സ്ഥാനം നേടി.

അടുത്തത് നാരായണീയ പാരായണ മത്സരം ആയിരുന്നു. 'നൈഷധ'ത്തിൽ ധനേഷ് വർമ്മ അദ്ദേഹത്തിന്റെ മാതാവ് ശാന്തകുമാരി വർമ്മയുടെ ഓർമ്മക്കായി എല്ലാ വർഷവും നടത്തുന്ന നാരായണീയ പാരായണ മത്സരത്തിൽ ജയലക്ഷ്മി വർമ്മ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

പിന്നീട് കലാപ്രകടനങ്ങളുടെ ഒരു ഘോഷ യാത്ര ആയിരുന്നു. ഓണപ്പാട്ടുകൾ, ഓണസ്മര ണകൾ, ലളിതഗാനങ്ങൾ തുടങ്ങി വിവിധങ്ങളായ പ്രകടനങ്ങൾ ആയിരുന്നു അരങ്ങേറിയത്.

ഉച്ചയ്ക്ക് ഒരു മണിക്ക് ഓണസ്സദ്യ ആരംഭിച്ചു. ധനേഷ് വർമ്മയുടെ നേതൃത്വത്തിൽ 'ടേസ്റ്റ് ഓഫ് നൈഷധം' ഒരുക്കിയ ഓണസ്സദ്യ വളരെ സ്വാദിഷ്ട മായിരുന്നു.

ഉച്ച കഴിഞ്ഞ് രണ്ടു മണിക്ക് വനിതാവേദിയുടെ കൈകൊട്ടിക്കളിയോടെ അടുത്ത ഘട്ടം ആരംഭിച്ചു. കൈകൊട്ടിക്കളിക്കു ശേഷം നീരജാ വർമ്മ, അരുന്ധതി വർമ്മ എന്നിവരുടെ നേതൃത്വത്തി ലുള്ള നൃത്തനൃത്ത്യങ്ങൾ ആയിരുന്നു. അതിനു ശേഷം കസേരകളി, അപ്പം കടി, സ്പൂൺ റേസ് എന്നിങ്ങനെ പല മത്സരങ്ങളും നടന്നു. അവസാന ഇനം ആയി നടന്ന വടംവലി മത്സരങ്ങളും വളരെ ആവേശകരമായിരുന്നു. നമ്മുടെ കുടുംബാംഗ ങ്ങളെല്ലാവരും പൂർണ്ണമായും ഓണാഘോഷത്തിൽ പങ്കെടുത്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വൈകിട്ട് 5.30 ഓടെ കരപ്പുറം ക്ഷത്രിയ സഭയുടെ 1200–ാമാണ്ടിലെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## പിലാത്തറ

ക്ഷത്രിയ ക്ഷേമ സഭ, പിലാത്തറ യൂണിറ്റിന്റെ കുടുംബ സംഗമവും എൻഡോവ്മെന്റ് വിതര ണവും ഒക്ടോബർ 2 ബുധനാഴ്ച മാതമംഗല ത്തുള്ള വയത്തൂർ കാലിയാർ ശിവക്ഷേത്ര ഓഡി റ്റോറിയത്തിൽ വച്ച് പ്രൗഢഗംഭീരമായി നടന്നു.

കൃത്യം 10 മണിക്ക് നടന്ന സാംസ്കാരിക സദ സ്സിന് യൂണിറ്റ് സെക്രട്ടറി എസ്.കെ. മനോജ്കുമാർ സ്വാഗതമരുളി. സഭയുടെ പ്രസിഡണ്ടും സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ പി കെ മോഹനവർമ്മ അധ്യക്ഷസ്ഥാനം ഏറ്റെടുത്തു.



മുൻ ബദരീനാഥ് റാവൽജി ഈശ്വര പ്രസാദ് നമ്പൂതിരി, വടക്കേ ചന്ദ്രമന ഇല്ലം പെരിയാട്ട്, (മണ്ടൂർ) ചടങ്ങിന് ദീപപ്രോജ്ജ്വലനവും അനു ഗ്രഹ പ്രഭാഷണവും നടത്തി ചടങ്ങ് മഹത്തരക്കി ത്തീർത്തു.

രക്ഷാധികാരി രാമകൃഷ്ണൻ കെ എൻ, ട്രഷറർ ജനാർദ്ദനൻ സി, നളിനാക്ഷൻ മാസ്റ്റർ എസ് കെ, സഭയുടെ വനിതാ വിഭാഗം പ്രസിഡന്റ് സോമേശ്വരി വി.ടി., എക്സിക്യൂട്ടീവ് അംഗം സജിൻ മാസ്റ്റർ, സംസ്ഥാന കമ്മിറ്റി അംഗം പ്രദീപ് കുമാർ പി എം, എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സി കെ പുരുഷോത്തമൻ ചടങ്ങിന് നന്ദി അർപ്പിച്ചു.

തുടർന്ന് 1000 രൂപയുടെ ക്യാഷ് പ്രൈസും മെമെന്റോയും വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നൽകുകയുണ്ടായി.

സഭയിലെ അംഗവും പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിലെ അസിസ്റ്റന്റ് പ്രൊഫ സറുമായ ഡോ. പി.എം. മധുവിന് സഭ സ്നേഹാ ദരവ് നൽകി.

തുടർന്ന് കലാപരിപാടികൾ ആരംഭിച്ചു, സഭയുടെ വനിതാ വിഭാഗം അവതരിപ്പിച്ച തിരുവാ തിരകളി ഏറെ പ്രശംസ പിടിച്ചുപറ്റി. തുടർന്ന് കുച്ചിപ്പുടി, ഡാൻസ് എന്നീ കലാ പരിപാടികളുടെ അവതരണം നടന്നു. കവിത പാരായണം, സിനിമാ ഗാനാലാപനം എന്നിവയ്ക്ക് ശേഷം വിഭവസമൃ ദ്ധമായ ഉച്ചഭക്ഷണം.

തുടർന്ന് മെഗാ ക്വിസിനു ശേഷം കായിക വിനോദ പരിപാടികൾ ആരംഭിച്ചു. കുളംകര, ലെമൺ സ്പൂൺ, ബലൂൺ കീപ്പിംഗ്, കസേരകളി തുടങ്ങിയ കായിക വിനോദ പരിപാടികൾ ചടങ്ങിന് മാറ്റു കൂട്ടി. നാലുമണിക്ക് നടന്ന മെഗാ ലക്കി ഡിപ്പ് ഡോ. കീർത്തന എൻ.പി. ക്ക് ലഭിച്ചു.

എല്ലാ പരിപാടികളിലും പങ്കെടുത്ത സഭാംഗ ങ്ങൾക്ക് സമ്മാനദാനം സഭയിലെ പ്രമുഖരായ വ്യക്തികൾ നൽകുകയും, തുടർന്ന് ദേശീയഗാന ത്തോടെ ചടങ്ങിന് തിരശ്ശീല വീഴുകയും ചെയ്തു.

## കരിവെള്ളൂർ

**കരിവെള്ളൂരിൽ വെച്ച് നടന്ന സംസ്ഥാന കമ്മിറ്റി യോഗം - ഒരു അവലോകനം**

ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മിറ്റി യോഗം 01-09-2024 ഞായറാഴ്ച്ച കരിവെള്ളൂർ യൂനിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. 31-08-2024-ന് വൈകുന്നേരത്തോടെ കുറ്റിലഞ്ഞി, ചാലക്കുടി, തിരുവല്ല, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്നും എത്തിച്ചേർന്ന പതിമൂന്നോളം പ്രതിനിധി കൾക്ക് താമസ സൗകര്യവും രാത്രി ഭക്ഷണവും യാത്രാ സൗകര്യവും ഒരുക്കുകയുണ്ടായി. ഒന്നാം തീയതി രാവിലെ 'മാവേലി എക്സ്പ്രസ്സ്' ട്രെയിനിൽ എത്തിയ സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രതിനിധികളെ റെയിൽവേ സ്റ്റേഷനിൽ എത്തി സ്വീകരിച്ച് സമ്മേളന സ്ഥലത്ത് എത്തിക്കുന്നതിന് യൂണിറ്റ് ട്രഷറർ എൻ.കെ.കെ. ഉണ്ണിത്തിരി പ്രത്യേകം ശ്രദ്ധിച്ചത് ശ്ലാഘനീയമാണ്. ബ്രേക്ക് ഫാസ്റ്റ്, വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം എന്നിവയും യൂണിറ്റ് ഏർപ്പെടുത്തുകയുണ്ടായി. പതിനൊന്നോളം യൂണിറ്റുകളിൽ നിന്നായി 37 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. രാവിലെ 10 മണിക്ക് യോഗ നടപടികൾ ആരംഭിച്ചു. ഈശ്വര പ്രാർത്ഥ നയ്ക്ക് ശേഷം യൂണിറ്റ് പ്രസിഡന്റ് സ്വാഗതം



പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക നിലവിളക്ക് തെളിയിച്ച് ഉൽഘാടനം ചെയ്തു. തുടർന്ന് ജനറൽ സെക്രട്ടറി അനുശോചന പ്രമേയം അവതരിപ്പിച്ചു. വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട സഹോദരങ്ങൾക്കും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നമ്മെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങളുടെ ദേഹവിയോഗത്തിലും അനുശോചനം രേഖപ്പെടുത്തി. തുടർന്ന് ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ സൂര്യകുമാർ വർമ്മ വരവ്-ചെലവ് കണക്കും അവതരിപ്പിച്ച് സംസാ രിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം റിപ്പോർട്ടും വരവ്-ചെലവ് കണക്കും അംഗീകരിച്ച് പാസാക്കി. തുടർന്ന് REACT ന്റെ പ്രവർത്തനങ്ങളെ കുറിച്ച് REACT സെക്രട്ടറി പി.കെ. രഘുവർമ്മ വിശദമായി സംസാരിച്ചു. പിലാത്തറ യൂണിറ്റ് സെക്രട്ടറി മനോജ് കുമാർ, കുറ്റിലഞ്ഞി സെക്രട്ടറി സുരേഷ് വർമ്മ, തിരുവനന്തപുരം യൂണിറ്റ് സെക്രട്ടറി ജയചന്ദ്ര വർമ്മ, ദക്ഷിണ മേഖല സെക്രട്ടറി സഞ്ജയ് വർമ്മ, ഉത്തര മേഖല സെക്രട്ടറി വി. സി. കൃഷ്ണവർമ്മ രാജ, സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ, സംസ്ഥാന ജോ.

സെക്രട്ടറി പി.കെ. മോഹനവർമ്മ, ചാലക്കുടി യൂണിറ്റ് സെക്രട്ടറി നന്ദകുമാർ വർമ്മ, കോഴിക്കോട് യൂണിറ്റ് സെക്രട്ടറി ഹരിപ്രസാദ് വർമ്മ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഭാവി പരിപാടികൾ സംബന്ധിച്ച് ജനറൽ സെക്രട്ടറി വിശദമായ രൂപരേഖ അവതരിപ്പിച്ച് സംസാരിച്ചു. യോഗത്തിൽ വെച്ച് യൂണിറ്റിലെ സംസ്ഥാന കമ്മിറ്റി അംഗം വി.എം. ദാമോദരൻ RE-ACT ലേക്കുള്ള സംഭാവനയായി 10,000/- രൂപയുടെ ചെക്ക് REACT സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കൈമാറി. ഉത്തര മേഖല സെക്രട്ടറി വി.സി. കൃഷ്ണവർമ്മ രാജ നന്ദി പ്രകാശിപ്പിച്ചു. 2 മണിക്ക് യോഗ നടപടികൾ അവസാനിച്ചു. തുടർന്ന് യൂണിറ്റ് ഏർപ്പെടുത്തിയ വിഭവസമൃദ്ധമായ സദ്യ കഴിച്ച് പ്രതിനിധികൾ മടങ്ങി. യോഗത്തിന് എല്ലാ വിധ സഹായ സഹകരണങ്ങളും നൽകിയ പി.എം. പ്രദീപ്കുമാർ, സി. ജനാർദ്ദനൻ, എൻ.കെ. പരമേശ്വരൻ, ഇ.എം. കൃഷ്ണകുമാർ, എൻ.പി. കുഞ്ഞിനാരായണൻ, സി.കെ. രാഘവൻ, യൂണിറ്റ് വനിത വിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത, യൂണിറ്റ് ഭാരവാഹികൾ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ എന്നിവർ അർഹിക്കുന്നു.

### യൂണിറ്റ് ഭരണസമിതി യോഗം

യൂണിറ്റ് ഭരണ സമിതി യോഗം 28-09-2024 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ വി.എം. ദാമോദരൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി റ്റി.എം. ശ്രീകുമാർ റിപ്പോർട്ടും ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ്-ചെലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. 01-09-2024 ന് നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തെക്കുറിച്ച് സെക്രട്ടറി അവലോകന റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഇ.എം. കൃഷ്ണകുമാർ, റ്റി.എം. രാധാകൃഷ്ണൻ, ഇ.എം. ഗോവിന്ദൻ, എൻ.പി. കാമാക്ഷി വർമ്മ, എന്നിവർ പങ്കെടുത്തു. തുടർന്ന് മഹാറാണി സേതു പാർവ്വതി ഭായ് സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ചെക്കുകൾ ദിവ്യ സി.എം. D/o ഇ.എം. കൃഷ്ണകുമാർ, ശ്രീഹരി കെ.ഇ. S/o എൻ.എം. പവിത്രചന്ദ്രൻ, ഗോപിക എൻ.പി. D/o രാജശ്രീ സുഭാഷ്, വിസ്മയ ജി.കെ. D/o ഇ.എം. ഗോവിന്ദൻ എന്നിവർക്ക് കൈമാറി. യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. ചായ സൽക്കാരത്തിന് ശേഷം യോഗം 5 മണിക്ക് അവസാനിച്ചു.

### ശ്രീ കാമാക്ഷി ക്ഷേത്രം നവരാത്രി ആഘോഷം

ശ്രീ കാമാക്ഷി ക്ഷേത്രത്തിലെ നവരാത്രി ആഘോഷം 03-10-2024 മുതൽ 13-10-2024 വരെയുള്ള ദിവസങ്ങളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. രാവിലെ അഷ്ടദ്രവ്യ ഗണപതി ഹോമം, ഉഷപൂജ, ഉച്ചപൂജ, ദീപാരാധന, അത്താഴപൂജ ചുറ്റുവിളക്ക്, അലങ്കാരപൂജ, തായമ്പക, തിടമ്പുനൃത്തം, വാഹനപൂജ, ഗ്രന്ഥം വെയ്ക്കൽ, ഗ്രന്ഥം എടുക്കൽ, എന്നിവയോടെ വളരെ ഭംഗിയായി അവസാനിച്ചു. ക്ഷേത്ര ചടങ്ങുകൾക്ക് മേൽശാന്തിയുടെ നേതൃത്വത്തിൽ കാമാക്ഷി ട്രസ്റ്റ് പ്രസിഡന്റ് അഡ്വ. സി.കെ. രാമചന്ദ്രൻ, വൈസ് പ്രസിഡന്റ് എൻ.കെ.കെ. ഉണിത്തിരി, സെക്രട്ടറി ഇ.എം. കൃഷ്ണകുമാർ, ട്രഷറർ എൻ.പി. കാമാക്ഷിവർമ്മ, സി.കെ. ഹരിദാസൻ നമ്പ്യാർ, എൻ.പി. ബാലകൃഷ്ണൻ, രാധാമണി ആർ. വർമ്മ, എൻ.പി. പുരുഷോത്തമൻ, പി. കലാധരൻ എന്നിവർ നേതൃത്വം നൽകി.

എല്ലാ ദിവസവും ക്ഷേത്ര ആഘോഷ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവാതിര, നൃത്തസന്ധ്യ, നൃത്തോത്സവം, ഫ്യൂഷൻ, ഓട്ടൻതുള്ളൽ, കരാക്കേ ഗാനമേള, മധുരഗീതം, നൃത്യനൃത്ത്യങ്ങൾ, ശക്തിനൃത്ത സമന്വയം എന്നീ പരിപാടികൾ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ അരങ്ങേറി. സമാപന ദിവസമായ ദശമിനാളിൽ വിപുലമായ തോതിൽ അന്നദാനവുമുണ്ടായി. അന്നദാനത്തിൽ രണ്ടായിരത്തോളം പേർ പങ്കെടുത്തു. ആഘോഷ ക്കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പരിപാടികൾക്ക് ആഘോഷ കമ്മിറ്റി പ്രസിഡന്റ് രാഘവൻ, സെക്രട്ടറി ബിജു, ട്രഷറർ സി.കെ. നാരായണൻ, എൻ.പി. രവിവർമ്മ, എം. സുധീർ, എൻ.വി. സന്തോഷ്, കെ.വി. ഗംഗാധരൻ, എ. ശശിധരൻ, കെ. വിനോദ് മാസ്റ്റർ, എൻ.എം. രാധാകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. കഴിഞ്ഞ വർഷത്തെ നവരാത്രി ആഘോഷം വരെ ഉത്സവ പരിപാടികളിൽ നിറസാന്നിദ്ധ്യമായിരുന്ന ശ്രീ. കാമാക്ഷി ട്രസ്റ്റിലെ പാരമ്പര്യ ട്രസ്റ്റിയും ട്രസ്റ്റ്

മുൻ പ്രസിഡന്റും റിട്ട. പ്രധാന അദ്ധ്യാപകനും ഇപ്പോഴത്തെ ഭരണസമിതി അംഗവുമായ പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടിയുടെയും, പാരമ്പര്യ ട്രസ്റ്റിയും ഭരണസമിതി അംഗവും റിട്ട. അദ്ധ്യാപികയും സർവ്വോപരി ട്രസ്റ്റിന്റെ എല്ലാമെല്ലാമായ കമലാക്ഷി ടീച്ചറുടെയും ആകസ്മിക ദേഹ വിയോഗം ട്രസ്റ്റിന്റെ തുടർപ്രവർത്തനങ്ങൾക്ക് നികത്താനാവാത്ത നഷ്ടമാണ്. ഇവർ രണ്ടുപേരും തെളിയിച്ച പാതയിലൂടെ ട്രസ്റ്റിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകും എന്ന് പ്രത്യാശിക്കുന്നു.

## തൃശ്ശൂർ

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ 2024 ലെ ഓണാഘോഷവും 2023-24 ജനറൽ ബോഡിയും 29-9-2024 ന് തൃശ്ശൂർ പഴയ നടക്കാവിലുള്ള ലക്ഷ്മീ കല്ല്യാണമണ്ഡപത്തിൽ വെച്ച് കാലത്ത് 10.30 മണിക്ക് പ്രസിഡന്റ് ഡോ. പി.സി. സുധീർ വർമ്മയുടെ അദ്ധ്യക്ഷതയിൽ സുമിത്രാ വർമ്മയുടെ പ്രാർത്ഥനാലാപനത്തോടെയാരംഭിച്ചു. വി. എൻ. മനോജ് വർമ്മ പരിപാടികളുടെ നോട്ടീസ് വായിച്ച് യോഗത്തെയറിയിക്കുകയും സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം ആശംസിക്കുകയും ചെയ്തു.




രക്ഷാധികാരിയായ പി.സി. പ്രഹ്ളാദൻ വർമ്മ വിളക്കുകൊളുത്തി ഓണാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ധ്യക്ഷൻ വളരെ ലഘുവായ രീതിയിൽ ഉപക്രമ പ്രസംഗം അവതരിപ്പിച്ചു. അതിൽ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെയും അതിൽ ആത്മാർത്ഥമായി സഹകരിച്ച ഭരണസമിതിയംഗങ്ങളെയും പ്രത്യേകം അനുമോദിച്ചു. തുടർന്ന് വൈദ്യരത്നം പത്മഭൂഷൺ രാഘവൻ തിരുമുൽപ്പാട് മെമ്മോറിയൽ വിദ്യാഭ്യാസ നിധി പുരസ്ക്കാരം താഴെ പറയുന്ന കുട്ടികൾക്ക് കക്കാട് കാരണവപ്പാട് മണക്കുളം ദിവാകര രാജ നൽകുകയുണ്ടായി.

■ + 2 സ്റ്റേറ്റ് സിലബസ് - സയൻസ് സ്കീം എല്ലാ വിഷയങ്ങൾക്കും A+

■ കേരള എഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്ക്.

■ +2 വിൽ കണക്കിന് 95% മാർക്ക് നേടി തിരുത്തൂർ മഠം കെ. രവി വർമ്മ മെമ്മോറിയൽ ക്യാഷ് അവാർഡിനും അർഹനായ **അദ്വൈത് എം. വർമ്മ** (S/o എം.കെ. മധു & ആർ.എസ്. അഞ്ചന വർമ്മ (മാളിയേക്കൽ കോവിലകം, വെള്ളാങ്കല്ലൂർ).

■ + 2 സ്റ്റേറ്റ് സിലബസ് - ഹ്യുമാനിറ്റീസ്

**ശ്രീരഞ്ജിനി വർമ്മ** (D/o കെ. രാജേഷ് വർമ്മ കൊരട്ടി & ശ്രീജ വർമ്മ, നടുവിൽമഠം തിരുത്തൂർ).

കൂടാതെ ഹരിദേവ് വർമ്മയ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ലുധിയാനയിലെ പഞ്ചാബ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നടന്ന മുപ്പത്തിയേഴാമത് National Inter University Youth Festival ലിലെ ഡിബേറ്റിൽ നല്ല പ്രകടനം കാഴ്ചവച്ചതിന് പ്രത്യേക ആദരവും അനുമോദനവും സമ്മാനവും നൽകി.

തുടർന്ന് കലാപരിപാടികൾ ആരംഭിച്ചു. വൈഷ്ണവി വർമ്മ, മോധാ വർമ്മ, അദിതി വർമ്മ, ശ്രീരഞ്ജിനി വർമ്മ, പ്രിയ വർമ്മ, ഷേണിയ വർമ്മ എന്നിവർ വിവിധയിനം നൃത്തങ്ങൾ അവതരിപ്പിച്ചു. ശ്രീമതിമാർ പ്രിയാ വർമ്മ, രാജി മണികണ്ഠൻ വർമ്മ, ജയന്തി രാമചന്ദ്ര വർമ്മ, സുമിത്രാ സുധീരൻ വർമ്മ, സുധ സനത്കുമാർ വർമ്മ, സജിത രാമവർമ്മ, സന്ധ്യ പ്രവീൺ വർമ്മ, ഡോ. ഷേണിയ വർമ്മ, സുധാ രാജേഷ് വർമ്മ, കുമാരി അദിതി രാജേഷ് വർമ്മ എന്നിവർ ചേർന്ന് കൈകൊട്ടിക്കളി മനോഹരമാക്കി. ഡോ. കൃഷ്ണൻ നമ്പൂതിരി, കിഷോർ അനിയൻ, സുചിത്രാ വർമ്മ, മനോജ് വർമ്മ എന്നിവർ ഗാനങ്ങൾ ആലപിച്ചു. തുടർന്ന് ഓണാഘോഷങ്ങൾക്ക് ഒരു ഇടവേള കൊടുത്ത് സഭയുടെ വാർഷിക സമ്മേളനം ആരംഭിച്ചു. സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ ഉപക്രമ പ്രസംഗത്തിൽ സഭയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനാവലോകനം വിവരിക്കുകയും അതിൽ ആത്മാർത്ഥമായി സഹ

കരിച്ച ഭരണസമിതിയംഗങ്ങളെയും പ്രത്യേകം അനുമോദിച്ചു. ഭാവി പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുകയും അത് വർക്കൗട്ട് ആക്കുവാൻ എല്ലാ അംഗങ്ങളുടെയും ഭരണസമിതിയുടെ സഹകരണം അപേക്ഷിക്കുകയും ചെയ്തു. സഭയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും ഭാവി പരിപാടികളെക്കുറിച്ചും സംസാരിച്ചു.

പിന്നീട് നടന്ന പ്രമേയ അവതരണത്തിൽ ഒന്നാം പ്രമേയം പി.സി. ദിലീപ് വർമ്മ അവതരിപ്പിച്ചു. അതിനെ രവീന്ദ്ര വർമ്മ Second ചെയ്തു. വിഷയം 'വരിസംഖ്യാവർദ്ധനവും പ്രാഥമിക അംഗത്വ ഫീസ് വർദ്ധനവും' എന്നതായിരുന്നു. അത് പൊതുയോഗം പാസ്സാക്കി. സെക്രട്ടറി ശങ്കർ വർമ്മ വിദ്യാഭ്യാസ പുരസ്ക്കാരത്തിന്റെ സുഗമമായ നടത്തിപ്പിന് അനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഭരണസമിതിക്ക് അനുവാദം നൽകണം എന്ന് ആവശ്യപ്പെട്ട് രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചു. അത് പി.സി. സനത് കുമാർ വർമ്മ second ചെയ്തു. ഇതും പൊതുയോഗം അംഗീകരിച്ചു. തുടർന്ന് നിലവിലുള്ള ഭരണസമിതിയെ അദ്ധ്യക്ഷൻ പിരിച്ചുവിട്ടതായും പുതിയ ഭരണസമിതി തിരഞ്ഞെടുക്കുവാൻ വരണാധികാരിയായി പ്രൊഫ. മായാവർമ്മയെ ക്ഷണിക്കുകയും ചെയ്തു. 2024-26 കാലഘട്ടത്തിലേക്ക് താഴെ പറയുന്ന മെമ്പർമാരെ ഔദ്യോഗിക ഭാരവാഹികളായും കമ്മിറ്റി മെമ്പർമാരായും തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ഡോ. പി.സി. സുധീർ വർമ്മ, വൈസ്. പ്രസിഡന്റ് - എ.കെ. കേരള വർമ്മ, സെക്രട്ടറി - ശങ്കർ വർമ്മ, ജോ. സെക്രട്ടറി - പ്രവീൺ വർമ്മ, ട്രഷറർ - പി.സി. ദിലീപ് വർമ്മ

ഭരണസമിതിയംഗങ്ങൾ - വി.എൻ. മനോജ് വർമ്മ, പി.സി. സനത് കുമാർ വർമ്മ, പി.വി. രവി വർമ്മ, എഞ്ചി. എ.കെ. രവീന്ദ്ര വർമ്മ, രാജേഷ് വർമ്മ ആർ., മഹേശ്വരൻ സി., അംബിക റ്റി.ആർ., രേണുക രാജ, പ്രിയ വർമ്മ.

പിന്നീട് സെക്രട്ടറി 2023-24 ലെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. കഴിഞ്ഞ ഒരു വർഷം 10 ഭരണസമിതി യോഗങ്ങളും 2 പ്രത്യേക യോഗങ്ങളും നടത്തുകയുണ്ടായി എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. സഭയുടെ വിദ്യാഭ്യാസ പുരസ്ക്കാരത്തിന്റെയും REACT & Pain Palliative Care Society തുടങ്ങിയ സംഘടനകൾക്ക് മെമ്പർമാരുടെ സഹായത്താലും നല്ലൊരു തുക സംഭാവനയായി നൽകുവാൻ സാധിച്ചു എന്നും പരാമർശിച്ചിരുന്നു. പിന്നീട് ട്രഷറർ പി.സി. ദിലീപ് വർമ്മ 2024 മാർച്ച് 31 വരെയുള്ള ആഡിറ്റഡ് വരവ്-ചെലവ് കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ചർച്ചയിൽ സഭാംഗങ്ങളുടെ സംശയ നിവാരണത്തിനു ശേഷം സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച വാർഷിക കണക്കുകളും പൊതുയോഗം പാസ്സാക്കി.

പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണത്തിനു ശേഷം ജോ. സെക്രട്ടറി പ്രവീൺ വർമ്മയുടെ നന്ദിപ്രകാശനത്തോടെ യോഗം അവസാനിച്ചു.

തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയ്ക്കു ശേഷം പി.സി. സനത്കുമാർ വർമ്മ, അങ്കിത് വർമ്മ, എന്നിവരുടെ കഥാകഥനവും കൃഷ്ണകുമാർ വർമ്മയുടെ നർമ്മഭാഷണവും നടന്നു. അന്നദാതാവായ ഹരിവർമ്മ തൈക്കൂട്ട്മഠം അഞ്ചേരിയെ ആദരിച്ച് പതിവുപോലെ സദസ്യരിൽ നിന്ന് ക്ഷമാശീല അവർഡ്, സ്പോൺസർമാരിൽ നിന്ന് ഒരാൾക്ക് അവാർഡ് എന്നിവ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു. വൈകിട്ട് 4 ന് ദേശീയ ഗാനാലാപനത്തോടെ ഈ വർഷത്തെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## കോട്ടയം

കോട്ടയത്ത് നടന്ന വാർഷിക സമ്മേളനത്തിനു ശേഷം പുതിയ ഭാരവാഹികളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗം മറിയപ്പള്ളിയിൽ ചേർന്നു. ഭാരവാഹികൾ ചുമതലയേറ്റെടുത്തു. സഭയുടെ ഒരു വർഷത്തെ പ്രവർത്തന കലണ്ടർ തയാറാക്കി. രാമായണ മാസാചരണത്തിന്റെ ഭാഗമായി യൂണിറ്റിന്റെ നേതൃത്വത്തിൽ പാലാ രാമപുരം നാലമ്പല ദർശനം നടത്തി. 21 പേർ പങ്കെടുത്തു. രാമായണം ക്വിസ് മത്സരം നടത്തി. എൻ.എം. മല്ലികാ റാണി നേതൃത്വം വഹിച്ചു. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ഓഗസ്റ്റ് 15നു കൊല്ലം അഷ്ടമുടിക്കായലിലേക്ക് വിനോദ യാത്രയും നടത്തി. 26 പേർ പങ്കെടുത്തു. അതിനു ശേഷം യൂണിറ്റിന്റെ ഓണാഘോഷവും കുടംബ മേളയും നടത്തി. വനിതാ വിഭാഗം അത്ത



പ്പൂക്കളം ഒരുക്കി. യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ അധ്യക്ഷത വഹിച്ചു. നോവലിസ്റ്റും എഴുത്തുകാരനും മലയാള മനോരമ സീനിയർ അസി. എഡിറ്ററുമായ വി.കെ. രവിവർമ്മ തമ്പുരാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രക്ഷാധികാരി യു. അജിത് വർമ്മ, ടി.എം. രാംജി വർമ്മ, ദീപേഷ് വർമ്മ, അനൂപ് വർമ്മ എന്നിവർ പ്രസംഗിച്ചു. ദാമ്പത്യത്തിൽ 50 വർഷം പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിച്ചു. എൻ.എം. മല്ലികാറാണി ഓണ സന്ദേശം നൽകി. തിരുവാതിരകളി, സംഘഗാനം, സുന്ദരിക്ക് പൊട്ടുകുത്തൽ തുടങ്ങിയ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ഓണ സദ്യയോടെ കുടുംബ സംഗമം സമാപിച്ചു.

**അഷ്ടമുടിക്കായൽ കൺനിറയെ കണ്ടു - ടി.എം. രാംജി വർമ്മ**

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 'സീ അഷ്ടമുടി' ബോട്ട് യാത്രയിലൂടെ അഷ്ടമുടിയെ മനം നിറയെ കണ്ട് ആസ്വദിച്ച് യുണിറ്റ് അംഗങ്ങൾ. മിത്തും ഐതിഹ്യങ്ങളും കലർന്ന അഷ്ടമുടികളിലൂടെയുള്ള യാത്ര ഹൃദ്യമായി. എട്ടു ശാഖകൾ (മുടികൾ) ചേർന്നതാണ് അഷ്ടമുടി. തേവള്ളിക്കായലിൽ നിന്നാരംഭിച്ച് കണ്ടച്ചിറ, കുരീപ്പുഴ, തെക്കുംഭാഗം, കല്ലട അഥവാ മഞ്ഞപ്പാടം കായൽ വഴി പെരുമൺ, കാഞ്ഞിരോട്, കുമ്പളം കായൽ ഭാഗങ്ങളിലൂടെയുള്ള യാത്രയോടെ അഷ്ടമുടിക്കു വലം വച്ചു സാമ്പ്രാണിക്കോടിയും തങ്കശ്ശേരി ലൈറ്റ് ഹൗസും അംഗങ്ങൾക്ക് വേറിട്ട അനുഭവമായി. പാട്ടും ഡാൻസുമായി വനിതാ വിഭാഗം ആഘോഷം കൂടുതൽ മനോഹരമാക്കി.

## തിരുവല്ല

ക്ഷത്രിയ ക്ഷേമസഭയുടെ പൊതുയോഗവും പൊതുസമ്മേളനവും 20-10-2024 ഞായറാഴ്ച തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിനു മുൻപുള്ള സത്രം ഹാളിൽവച്ച് നടന്നു പൊതുയോഗത്തിൽ പ്രസിഡന്റ് പി.ആർ. വർമ്മ അധ്യക്ഷനായിരുന്നു സെക്രട്ടറി മോഹനവർമ്മ റിപ്പോർട്ടും ട്രഷറർ ശ്രീകുമാർ കണക്കുകളും ബഡ്ജറ്റും അവതരിപ്പിച്ചു റിപ്പോർട്ടും കണക്കുകളും പാസ്സാക്കാമെന്ന് രാജരാജവർമ്മ അറിയിക്കുകയും മറ്റുള്ള അംഗങ്ങൾ കയ്യടിച്ച് പാസാക്കുകയും ചെയ്തു. അതിനു ശേഷം പൊതുസമ്മേളനം നടന്നു പൊതുസമ്മേളനത്തിന്റെ അധ്യക്ഷൻ തിരുവല്ല യൂണിറ്റിന്റെ പ്രസിഡന്റ് പി.ആർ. വർമ്മ ആയിരുന്നു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത് കേന്ദ്രസഭ പ്രസിഡന്റ് ഡോ. എം. ലളിതാംബിക ആണ്.




സെക്രട്ടറി വി.കെ. മധുകുമാർ വർമ്മയും ട്രഷറർ സൂര്യകുമാർ വർമ്മയും റിയാക്ക് സെക്രട്ടറി പി.കെ. രഘുവർമ്മയും ആശംസകൾ അർപ്പിച്ചു. വനിതാ വിഭാഗം പ്രസിഡന്റ് രാധികാ വർമ്മ വനിതാ വിഭാഗത്തിന്റെ റിപ്പോർട്ട്, യൂത്ത് വിങ്ങിന്റെ സംസ്ഥാന പ്രസിഡന്റ് ഋഷികേശ് വർമ്മ യൂത്ത് വിങ്ങിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മേളനത്തിൽ എല്ലാ വർഷവും ചെയ്യുന്നതുപോലെ ആദരിക്കുക എന്ന ചടങ്ങു നടന്നു. ഇതിൽ ആദരിക്കപ്പെട്ടത് സി.പി.കെ. ജയകുമാർ വർമ്മ, സുരേഷ് കുമാർ വർമ്മ, ദുർഗാംബിക പി. വർമ്മ എന്നിവ

രാണ്. പി.കെ. ജയകുമാർ വർമ്മയ്ക്ക് കാര്യസ്ഥൻ അവാർഡു നൽകിയും സുരേഷ് വർമ്മയ്ക്ക് അദ്ദേഹത്തിന്റെ സാഹിത്യമേഖലയിലെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഷാളും ഫലകവും നൽകിയും കുമാരി ദുർഗാംബിക പി. വർമ്മയ്ക്ക് മുംബൈയിൽ വച്ച് നടന്ന പതിനാലാമത് ഐ.എഫ്.പി ഫെസ്റ്റിവലിൽ പോസ്റ്റർ മത്സരത്തിൽ പ്ലാറ്റിനം അവാർഡ് ലഭിച്ചതിനു ഫലകം നൽകിയും ആണ് ആദരിച്ചത്. കൂടാതെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണവും നടന്നു. പുതിയ ഭാരവാഹികളായി പി.ആർ. വർമ്മ പ്രസിഡന്റായും സജീവ് കെ. വർമ്മ സെക്രട്ടറിയായും ശ്രീകുമാർ കർത്താ ട്രഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരിവാഹികൾക്ക് അഭിനന്ദനങ്ങൾ.

## വെള്ളാരപ്പിള്ളി

സഭയുടെ 2023-24 വർഷത്തെ വാർഷിക ഓണാഘോഷ പരിപാടികൾ 2024 സെപ്റ്റംബർ 22 തീയതി കോയിക്കൽ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് ഭംഗിയായി നടക്കുകയുണ്ടായി.

2024 സെപ്റ്റംബർ 22-ാം തീയതി രാവിലെ 9 മണിയോടെ വാർഷിക ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. ഭംഗിയായി അലങ്കരിച്ച ഒരു പൂക്കളം ഒരുക്കിയിരുന്നു തുടർന്ന് സഭയുടെ വനിതാംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരകളിയും ഉണ്ടായിരുന്നു തുടർന്ന്



കുട്ടികളുടെ കലാപരിപാടികൾ നടത്തുകയുണ്ടായി ഉച്ചയ്ക്ക് ഒരുമണിയോടെ ഓണസ്സദ്യയും ഉണ്ടായിരുന്നു.

വെള്ളാരപ്പിള്ളി സഭയുടെ പ്രസിഡന്റ് രഘുവർമ്മ രാജായുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് രണ്ടുമണിയോടെ പൊതുയോഗ നടപടികൾ ആരംഭിച്ചു. ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. യോഗത്തിൽ ഇക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സഭാംഗങ്ങളെയും അഭ്യുദയകാംക്ഷികളുടെയും ദേഹ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തി.

തുടർന്ന് തൻവർഷം സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. വർഷം അഞ്ചോളം കമ്മിറ്റികൾ കൂടുകയുണ്ടായി. തുടർന്ന് വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ നൽകുകയുണ്ടായി.

നിഖിതാ വർമ്മ-എസ്.എസ്.എൽസി. ഫുൾ എ പ്ലസ്, നിരഞ്ജന വർമ്മ-സി.ബി.എസ്.ഇ. എസ്.എസ്.എൽസി 97%, രാകേന്ദു എൻ.വി.-എസ്.എസ്.എൽ.സി. ഫുൾ എ പ്ലസ്, രേവതി വർമ്മ-പ്ലസ് ടു ഫുൾ എ പ്ലസ്.

കൂടാതെ വടക്കേ കോവിലകം പ്രദീപൻ-രേണുക എന്നിവരുടെ മക്കൾ അനഘ ബോംബെ ഐ.ഐ.ടി.യിൽ നിന്ന് ഫിസിക്സിൽ പി.എച്ച്.ഡി.യും അപർണ്ണ കുസാറ്റിൽ നിന്നും മാത്സിൽ പി.എച്ച്.ഡി.യും നേടുകയുണ്ടായി. ഇവരെയും യോഗത്തിൽ ആദരിച്ചു.

തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച അടിയന്തര സഹായനിധി എന്ന പ്രമേയം സഭ അംഗീകരിക്കുകയും ആയതിലേക്ക് 17500 രൂപ ലഭിക്കുകയും ചെയ്തു. പുതിയതായി രണ്ടു ചിട്ടികൾ ആരംഭിച്ചു 16 തവണകളായി രണ്ടെണ്ണം ആണ് ആരംഭിച്ചത്.

ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന സംസ്ഥാന വാർഷികത്തിന് വെള്ളാരപ്പിള്ളി യൂണിറ്റിൽ നിന്ന് 40 ഓളം പേർ പങ്കെടുക്കുകയുണ്ടായി. സംസ്ഥാന യൂത്ത് വിങ്ങ് സംഘടിപ്പിച്ച ക്രിക്കറ്റ് മത്സരത്തിൽ വെള്ളാരപ്പള്ളി യൂത്ത് വിങ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. തുടർന്ന് ഫെബ്രുവരിയിൽ വെള്ളാരപ്പള്ളി യൂത്ത് വിങ്ങ് സംഘടിപ്പിച്ച ബാഡ്മിന്റൺ ടൂർണമെന്റ് വൻ വിജയകരമായിരുന്നു. 150 ഓളം പേർ പങ്കെടുത്ത

ടൂർണമെന്റിൽ സഭയുടെ വനിത ടീം ഡബിൾസിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി അമൃത, ശ്യാമിനി എന്നിവരാണ് മത്സരിച്ചത്. കൂടാതെ സംസ്ഥാന യൂത്ത് വിങ്ങ് തിരുവല്ലയിൽ സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിൽ വെള്ളാരപ്പിള്ളി യൂത്ത് വിങ്ങിന്റെ 'എ' ടീമിന് രണ്ടാം സ്ഥാനം ലഭിക്കുക യുണ്ടായി.

തുടർന്ന് പൊതുയോഗത്തിൽ അടുത്ത രണ്ടു വർഷത്തേക്ക് ഉള്ള ഭാരവാഹികളെ തിരഞ്ഞെ ടുത്തു.

പ്രസിഡന്റ്– ശ്രീവിദ്യ ശ്രീകുമാർ കളപ്പാട്ടുമഠം. വൈസ് പ്രസിഡന്റ്– ശരണ്യ വർമ്മ, കോയിക്കൽ മഠം. സെക്രട്ടറി– ശർമ്മിള വർമ്മ, വൈഡൂര്യം. ജോയിന്റ് സെക്രട്ടറി– അമൃതവർമ്മ, സുരഭി, കോയിക്കൽ മഠം. ട്രഷറർ– രാമചന്ദ്രൻ കെ.ബി., മുല്ലശ്ശേരി മഠം.

കമ്മറ്റി അംഗങ്ങൾ– രഘു വർമ്മ രാജ, സുധീന്ദ്ര വർമ്മ, കാർത്തിക് വർമ്മ, ഇന്ദിരാ കെ., പത്മിനി, കെ.എം. രാമവർമ്മ, കെ. മുകുന്ദൻ, കെ. സുകുമാരൻ, കെ. സുജാത, വി.കെ. വിജയൻ, ഗിരീഷ് വർമ്മ, അനിൽ വർമ്മ, രവിവർമ്മ, ശ്രീകുമാർ ആർ., ദിലീപ് കപ്രശ്ശേരി, കെ. ഹരികൃഷ്ണൻ, സുമംഗലാ വർമ്മ.

സംസ്ഥാന കമ്മിറ്റിയിലേക്ക് പ്രതിനിധികളായി സുധീന്ദ്ര വർമ്മ, കാർത്തിക വർമ്മ എന്നിവരെയും തിരഞ്ഞെടുത്തു.

നന്ദി പ്രകാശനത്തോടെ 5.30 ന് യോഗ നടപടികൾ അവസാനിച്ചു.


## വെള്ളാരപ്പിള്ളി ഭാരവാഹികൾ



**ശ്രീവിദ്യ ശ്രീകുമാർ**
പ്രസിഡന്റ്



**ശർമ്മിള വർമ്മ**
സെക്രട്ടറി



**രാമചന്ദ്രൻ കെ.ബി.**
ട്രഷറർ

## വെള്ളാരപ്പിള്ളി വനിതാ വിഭാഗം ഭാരവാഹികൾ



**വി.കെ. രാധിക**
പ്രസിഡണ്ട്



**സുമംഗല വർമ്മ**
സെക്രട്ടറി



**സുജാത കെ.**
ട്രഷറർ

## ശ്രദ്ധാഞ്ജലി

### പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി



മഹാനായ ചരിത്ര പുരുഷൻ ദിവംഗതനായ ശ്രീ ശങ്കരനാഥ ജ്യോത്സ്യർ സ്ഥാപിച്ച ക്ഷത്രിയ കുടുംബ ഗൃഹമായ വങ്ങാട്ടു മഠത്തിലെ അവസാനത്തെ കാരണവരും ശ്രീ കാമാക്ഷി ട്രസ്റ്റിന്റെ സ്ഥാപകനും കരിവെള്ളൂർ അംശം അധികാരി (വില്ലേജ് ഓഫീസർ) യുമായിരുന്ന പരേതനായ വങ്ങാട്ട് കേപ്പു ഉണിത്തിരിയുടെയും പരേതയായ പി.കെ. ജാനകിയമ്മയുടെയും മകനും ശ്രീ കാമാക്ഷി ട്രസ്റ്റ് മുൻ പ്രസിഡന്റും ഭരണസമിതി അംഗവും റിട്ട. പ്രധാന അദ്ധ്യാപകനുമായ പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി (86) അന്തരിച്ചു. ഭാര്യ: പി.കെ. വിജയലക്ഷ്മി മക്കൾ പി.കെ. ജയകൃഷ്ണൻ (ജെ.കെ. ഡെന്റൽ ക്ലിനിക് ചെറുവത്തൂർ), അഡ്വ. പി.കെ. ജയനാരായണൻ (പയ്യന്നൂർ ബാർ), മരുമക്കൾ കെ. വേണുഗോപാൽ (റിട്ട. പ്രിൻസിപ്പാൾ, സകലേശ്പൂർ), ഡോ. രശ്മി ജയകൃഷ്ണൻ (ഡെന്റൽ കോളേജ് പരിയാരം), കെ.വി. റിജ (അദ്ധ്യാപിക. ചിന്മയ വിദ്യാലയം. അന്നൂർ).

### എം.സി. കേരളവർമ്മ രാജ



മങ്കട കോവിലകത്തെ എം.സി. കേരളവർമ്മ രാജ (71) അന്തരിച്ചു. ചളവറ ഹൈസ്കൂൾ റിട്ട. അധ്യാപകനാണ്. ഭാര്യ: തിരുവണ്ണൂർ പുതിയ കോവിലകത്ത് ലതിക തമ്പുരാട്ടി. മകൻ: ശ്രീരാഗ് വർമ്മ.

### മങ്കുട്ടിത്തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം രമാമന്ദിരം പാലസ്സിലെ മങ്കുട്ടിത്തമ്പുരാൻ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ചെറുകുളം വല്ലഭൻ നമ്പൂതിരി. മക്കൾ: ഗീത, സതീശൻ. മരുമക്കൾ: പരേതനായ നന്ദകുമാർ രാജ, കവിത.

### ഇ. രാമവർമ്മ രാഘവൻ തിരുമുൽപ്പാട്



തൃശൂർ, അഞ്ചേരി, ചങ്കരംപാട്ട് (വൃന്ദാവനം/ മാളികയിൽ) ഇ. രാമവർമ്മ രാഘവൻ തിരുമുൽപ്പാട് (95-Indian Air Force, Agra, Hindustan Aeronautics, Bangalore.) അന്തരിച്ചു. ഭാര്യ: പരേതയായ ശ്രീമതി തമ്പുരാട്ടി, (ഇളമിലേ കോവിലകം, കീഴ്വായ്പൂര്). മക്കൾ: പുഷ്പാ വർമ്മ, വിജയകുമാർ വർമ്മ. മരുമക്കൾ: മധുസൂദനൻ നമ്പൂതിരി, രാധികാ വർമ്മ.

### വി.ടി. ശ്രീമതി അക്കനമ്മ



മാതമംഗലം ശിവക്ഷേത്രത്തിനു സമീപം 'ശ്രേയസ്സി'ൽ വി.ടി. ശ്രീമതി അക്കനമ്മ (75) അന്തരിച്ചു. ഇരിക്കൂർ ചേടിച്ചേരി വെള്ളൂർ താഴത്തിടം കുടുംബാംഗമാണ്. ഭർത്താവ: കെ.എൻ. കുഞ്ഞിരാമൻ നായനാർ (റിട്ട. ഹെഡ്മാസ്റ്റർ, മാതമംഗലം ജി.എൽ.പി.എസ്.). മക്കൾ: വി.ടി. ജഗദീഷ്ബാബു (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എൽ.ഐ.സി, തളിപ്പറമ്പ്), വി.ടി. ജയന്തി (അധ്യാപിക, കെ.പി.സി.എച്ച്.എസ്.എസ്, നായാട്ടുപാറ), മരുമക്കൾ: ടി.വി. സവിത (അധ്യാപിക, (ജി.എച്ച്.എസ്.എസ്, കടന്നപ്പള്ളി) എസ്.കെ. മോഹൻ കുമാർ (റിട്ട. അധ്യാപകൻ, പുതുപ്പറമ്പ് ജി.എച്ച്.എസ്.എസ്, മലപ്പുറം).

### കെ.പി. സരോജിനി വർമ്മ



തൃപ്പൂണിത്തുറ കണ്ണെഴുത്തു പുത്തൻമഠം കുടുംബാംഗം കെ. പി. സരോജിനി വർമ്മ (82) അന്തരിച്ചു. വെള്ളാരപ്പിള്ളി കോയിക്കൽ കുടുംബാംഗം പരേതനായ വിജയ വർമ്മയാണ് ഭർത്താവ്. സമാജം മുൻ നിർവ്വാഹക സമിതിയംഗമായിരുന്നു. മക്കൾ: രാജേന്ദ്രൻ വർമ്മൻ, സുജാത വർമ്മൻ. മരുമക്കൾ: വിദ്യാ വർമ്മ, ഗിരീഷ് വർമ്മ.

### നളിനി രാജ



നിലമ്പൂർ കോവിലകം കുടുംബാംഗമായ നളിനി രാജ (84) അന്തരിച്ചു. പുന്നത്തൂർ കോവിലകത്ത് നാരായണ രാജയാണ് ഭർത്താവ്. മക്കൾ: കൃഷ്ണചന്ദ്രൻ (അഭിനേതാവ്, പിന്നണി ഗായകൻ), മീര.

### എം.എം. സരസ്വതി പിള്ളായാതിരി



ഏഴിലോട് പുറച്ചേരിയിലെ എൻ. ഗോവിന്ദൻ ഉണിത്തിരിയുടെ ഭാര്യ എം.എം. സരസ്വതി പിള്ളായാതിരി (80) അന്തരിച്ചു. മക്കൾ: വിലാസിനി (റിട്ട. നഴ്സിംഗ് സൂപ്രണ്ട്, W&C ഹോസ്പിറ്റൽ, തൈക്കാട്), കോമളവല്ലി (പടപ്പേങ്ങാട്). ശ്യാമള (റൈസ്മിൽ, പുറച്ചേരി), വിമല (കരിവെള്ളൂർ).

### കെ.ആർ. അശോകവർമ്മ രാജ



ആറന്മുള കൊച്ചുകോയിക്കൽ കൊട്ടാരത്തിൽ കെ.ആർ. അശോകവർമ്മ രാജ (73) നിര്യാതനായി. ഭാര്യ: ഗിരിജ തമ്പുരാട്ടി. (പുന്നത്തൂർ കോവിലകം). സഹോദരങ്ങൾ: കെ. ആർ. സുകുമാരവർമ ഉഷാകുമാരി, പരേതരായ കെ.ആർ. നന്ദകുമാർ വർമ്മ, കെ.ആർ. രഘുവർമ്മ രാജ.

### സി.എൻ. നാരായണൻ



തൃശൂർ അശ്വിനി ആശുപത്രി മുൻ ഡയറക്ടർ ചെറുകുളം സി.എൻ. നാരായണൻ (94) അന്തരിച്ചു. തൃപ്പൂണിത്തുറ കോവിലകത്തെ പത്മേശ്വരി തമ്പുരാനാണ് ഭാര്യ. മുൻ ഇന്ത്യൻ എയർഫോഴ്സ് ഉദ്യോഗസ്ഥൻ, വീനാർ സിസ്റ്റംസ് ജനറൽ മാനേജർ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാൻ, പൂർണ്ണോദയ ബുക്ക് ട്രസ്റ്റ് ആജീവനാന്ത അംഗം, ട്രസ്റ്റി, സർവോദയ മണ്ഡലം ലോകസേവക് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ: വിവേക്, വിദ്യ. മരുമക്കൾ: ജയമാല, ബാച്ചി.

### രാജരാജ വർമ്മ



ആറന്മുള പെരിഞ്ഞേലി കൊട്ടാരത്തിൽ രാജരാജ വർമ്മ (86) അന്തരിച്ചു. അവിവാഹിതനായിരുന്നു. പന്തളം പുത്തൻ കോയിക്കൽ കൊട്ടാരത്തിൽ പി.യു. രാമവർമ്മയുടെയും തിരുവോണംനാൾ അമ്മ തമ്പുരാട്ടിയുടെയും മകനാണ്. സഹോദരങ്ങൾ: പരേതയായ രാജമ്മ തമ്പുരാട്ടി, രാധ തമ്പുരാട്ടി, രമ തമ്പുരാട്ടി, പരേതനായ പി.ടി. രാമവർമ്മ, പി.ആർ. രഘുവർമ്മ, രാജേന്ദ്രവർമ്മ, രാഘവപ്രസാദ്.

### വാസന്തി തമ്പുരാട്ടി



ചിറളയം കൊട്ടാരം അംഗവും പന്തളം കൊട്ടാരത്തിൽ പരേതനായ കെ. കേരളവർമ്മയുടെ (മുൻ ജില്ലാ സപ്ലൈ ഓഫീസർ) സഹധർമ്മിണിയുമായ വാസന്തി തമ്പുരാട്ടി (82) അന്തരിച്ചു. മക്കൾ: ലതിക വർമ്മ, പരേതനായ മഹേശ് വർമ്മ. മരുമക്കൾ: ദേവദാസ് വർമ്മ, സുജ.

### കെ.ആർ. രവി വർമ്മ



കോട്ടയം മറിയപ്പള്ളി ഈശ്വര വിലാസം പാലസിൽ കെ.ആർ. രവി വർമ്മ തമ്പാൻ (91- പന്തളം കൊട്ടാരം കോയിക്കൽ തെക്കേതിൽ കുടുംബാംഗം) അന്തരിച്ചു. ഭാര്യ: അംബിക തമ്പുരാട്ടി. മക്കൾ: ദേവദാസ് വർമ്മ, ജലജ വർമ്മ (Late), രമേശ് വർമ്മ, രമണി വർമ്മ, ദേവി വർമ്മ. മരുമക്കൾ: രമണി വർമ്മ, അജിതൻ വർമ്മ, ബീന വർമ്മ, രവി വർമ്മ, പ്രകാശ് വർമ്മ.

### അമ്മുക്കുട്ടി



തൃപ്പൂണിത്തുറ അകത്തെ മഠത്തിൽ അമ്മുക്കുട്ടി (ഇന്ദിര - 86) അന്തരിച്ചു. വടക്കേക്കോട്ട മാളിയേക്കൽ മഠത്തിൽ പരേതനായ മുരളീധരന്റെ ഭാര്യയാണ്. മക്കൾ: സന്തോഷ്, സന്ധ്യ. മരുമക്കൾ: സതീഷ്, പ്രീത.

### ശകുന്തള വർമ്മ



ഇളങ്കുന്നപ്പുഴ രാമർ കോവിലകാംഗം ശകുന്തള വർമ്മ (88) അന്തരിച്ചു. പരേതനായ കുഞ്ഞിക്കിടാവ് തമ്പുരാന്റെ (കൊച്ചി രാജകുടുംബം) സഹധർമ്മിണിയാണ്. മക്കൾ: പ്രദീപ് കുമാർ, സുരേഷ് കുമാർ, കൃഷ്ണകുമാരി, സതീഷ് കുമാർ, ഉഷ. മരുമക്കൾ: ലേഖാ വർമ്മ, നിർമ്മലവർമ്മ, ഹർഷവർമ്മ, അഭയവർമ്മ, പരേതനായ ദേവദാസ് വർമ്മ.

### കൃഷ്ണകുമാർ വർമ്മ



തിരുവല്ല പാലിയക്കര പടിഞ്ഞാറെ കൊട്ടാരത്തിൽ കൃഷ്ണകുമാർ വർമ്മ (72) അന്തരിച്ചു. ഭാര്യ: ശോഭ വർമ്മ (പന്തളം കൊട്ടാരം). മകൻ: അരവിന്ദ് വർമ്മ. മരുമകൾ: ശ്രുതി തമ്പുരാട്ടി.

### മകംനാൾ അമ്മിണി തമ്പുരാട്ടി



കോട്ടയം നട്ടാശ്ശേരി തെക്കുംകൂർ പാലസ് വായൂകോണിക്കൽ മകം നാൾ അമ്മിണി തമ്പുരാട്ടി (84) അന്തരിച്ചു. ഭർത്താവ്: പരേതനായ ഒ.എൻ. നാരായണൻ നായർ. മക്കൾ: പ്രിയദർശിനി, ദർശന. മരുമക്കൾ: പരേതനായ ശ്രീകാന്ത് വർമ്മ, സുരേഷ് വർമ്മ.

## പരപ്പനാട്ട് വലിയരാജ എ.ആർ. രാഘവവർമ്മ



പരപ്പനാട് രാജവംശത്തിലെ വലിയ തമ്പുരാൻ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ എ.ആർ. രാഘവവർമ്മ (96) തൃപ്പൂണിത്തുറ ദീപ്തി പാലസിൽ അന്തരിച്ചു. കെ.എസ്.ഇ.ബി. റിട്ടയർഡ് ചീഫ് എഞ്ചിനീയർ ആയിരുന്നു. ഭാര്യ: കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ 'ദീപ്തി പാലസി'ലെ പരേതയായ സരസിജ തമ്പുരാൻ. മക്കൾ: സുധ വർമ്മ, ഇന്ദിര വർമ്മ (റിട്ട. ബി.എസ്.എൻ.എൽ.), ലളിത വർമ്മ (എഞ്ചിനീയർ), രാജഗോപാൽ (സിങ്കപ്പൂർ). മരുമക്കൾ: ഡോ. സിം രാമവർമ്മ, രവികുമാർ വർമ്മ, ശിവകുമാർ, അശ്വതി വർമ്മ.

# വൈവാഹികം

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2441

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 34 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

### BOX No. 2442

| | | | |
|---|---|---|---|
| ച | ശി | | |
| മ | ഗ്രഹനില | | |
| ബു | | | കു മാ |
| ര | ഗു ശു | ല സ | |

| | | | |
|---|---|---|---|
| ച ബു സ | | ല | കു |
| മ | നവാംശം | | |
| | | | |
| | ര മാ | ഗു | ശു ശി |

ശിഷ്ടദശ: 4 വർഷം, 1 മാസം, 10 ദിവസം ബുധ ദശ

Kshatriya boy, 29 yrs (09-01-1995), Revathi star, 172 cms., B. Tech. MBA, Working as a Senior Consultant in MNC, Bangalore. Alliance invited from Kshatriya girls.

Contact: **9495860153**

### BOX No. 2443

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant; Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri/ Ambalavasi community. The parent should be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

# നമ്മുടെ ക്ഷാത്രസ്പന്ദനം, നമ്മുടെ ഉത്തരവാദിത്വം

2022 ഡിസംബറിലെ കുടിശിഖ നിവാരണ യജ്ഞത്തിൽ പങ്കു കൊണ്ട് ഭൂരിഭാഗം ബന്ധുജനങ്ങളും യൂണിററുകളും 2023 ലെ വരിസംഖ്യ മുൻകൂറായി തന്നിരുന്നു. എന്നാൽ 2024 ലെ മൂന്നു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു നാലാമത്തെ വാല്യത്തിന്റെ ജോലികൾ  പുരോഗമിക്കുമ്പോഴും 2024 ലെ വരിസംഖ്യ നൽകിയിട്ടില്ലാത്ത
 ധാരാളം ബന്ധുക്കളുണ്ട്. കുറച്ചു യൂണിറ്റുകളും . സ്വന്തം ഉത്തരവാദിത്വം എന്ന നിലയിൽ തുക ഇതോടൊപ്പമുള്ള അക്കൗണ്ടിൽ അടച്ച് വിവരം 9496267477 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ ട്രഷറർ സൂര്യകുമാർ വർമ്മയെ കൂടി അറിയിച്ചാൽ രസീത് എഴുതുന്നതിന് സഹായകരമായിരിക്കും സഹകരിക്കുമെന്ന പ്രതീക്ഷയോടെ,

സസ്നേഹം

സൂര്യകുമാർ വർമ്മ
9496267477

**Account Details**

Kshatriya Kshema Sabha
A/c. No. 40052010052603
IFSC: CNRB0014005
Canara Bank, Fort, Thiruvananthapuram



# ശതാഭിഷേകാശംസകൾ

## നളിനി വിജയൻ

(13–08–2024)

(വലവൂർ കോവിലകം, പഴയന്നൂർ)

'പുഷ്പക്', സദനം റോഡ്, എറണാകുളം



സ്നേഹാശംസകളോടെ

ഭർത്താവ് : **കെ.പി. വിജയൻ**

പുത്തൻ മഠം, തൃപ്പൂണിത്തുറ

മക്കൾ: (Late) വിനോദ് വിജയൻ വർമ്മ, അനൂപ് വിജയൻ വർമ്മ (USA)

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

October 2024
Annual Subscription ₹ 200





Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org

# ശതാഭിഷേകാശംസകൾ

## പൂരാടംനാൾ ജയന്തി തമ്പുരാട്ടി

പൂഞ്ഞാർ കൊട്ടാരത്തിലെ പൂരാടംനാൾ ജയന്തി തമ്പുരാട്ടിയുടെ ശതാഭിഷേകം ഇക്കഴിഞ്ഞ കർക്കിടകം അഞ്ചിന് (ജൂലൈ 20 2024) തിരുവനന്തപുരത്ത് മക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. പാലാ സെന്റ് തോമസ് കോളേജ് മുൻ മലയാളം വകുപ്പദ്ധ്യക്ഷൻ **പ്രൊഫ. ആർ.എസ്. വർമ്മജി**യുടെ പത്നിയാണ്.

൬൦-ാം
വിവാഹ വാർഷികാശംസകളും നേരുന്നു.



Kshatraspandanam
News Magazine of Kshatriya Kshema Sabha
October 2024
M.E.1200 Thulam
Volume 10 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഒക്ടോബർ 2024
കൊ.വ.1200 തുലാം
വാല്യം 10 ലക്കം 4

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം

**REACT** ........................................ 05

**പത്രാധിപക്കുറിപ്പ്** ........................................ 08

**കേന്ദ്രസഭാ വാർത്തകൾ** ........................................ 10

**രണ്ട് ധന്യജീവിതങ്ങൾ** ........................................ 18
ഡോ. ആർ.പി. രാജ

**എത്ര സ്വരങ്ങളിൽ എത്ര രാഗങ്ങളിൽ** .................. 27
ടി.പി. ശാസ്തമംഗലം

**പാല്യേക്കര കൊട്ടാരം** (കവിത) ................................ 30
ഡോ. എം. ലളിതാംബിക

**സ്മരണാഞ്ജലി** ........................................ 31
ടി.എൻ. ആദിത്യവർമ്മ

**നാടും പ്രകൃതിയും** (കവിത) ................................ 32
ത്രിവിക്രമൻ സായൂജ്യം

**സനാതനധർമ്മം** ........................................ 33
കെ.സി. രാമവർമ്മ രാജ

**Poetry, O Poetry** (Poem) ................................ 35
Chembrol Raja Raja Varma

**ചിങ്ങം ഒന്ന്– മലയാളികളുടെ മാത്രം പുതുവത്സരം** ..... 37
അനുജൻ എസ്.

**പാവക്കൂത്ത്** (കവിത) ................................ 39
കൃഷ്ണപ്രഭ ടി.സി.

**ഒൻപതാം മേഘത്തിൽ** (കവിത) ................................ 39
സതീഷ് കുമാർ ടി.എൻ.

**സാമന്ത ചിന്തകൾ സമാന ചിന്തകൾ** .................... 40
പി.കെ. മോഹനവർമ്മ

**ശിവമാനസപൂജ** (കവിത) ................................ 43
വിനോദ് വർമ്മ

**പാലാ രാമപുരം നാലമ്പല ദർശനം** .................... 44
എൻ.എം. മല്ലികാ റാണി

**അവസാന യാത്ര** ........................................ 46
ഉമ രവി രാജ

**ഓണാശംസകൾ** (കവിത) ................................ 55
കുട്ടി അനിയൻ രാജ

**Happy Parenting** ........................................ 56
E. Ravi Varma Raja

**Motherhood** (Poem) ................................ 57
Sumitha Varma

**കുള്ളനും കുടവയറനും** ........................................ 58
രഘുനാഥ വർമ്മ

**യാത്രകൾ – രാജസ്ഥാൻ** ........................................ 61
കെ. ഹരികൃഷ്ണവർമ്മ

**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** .................. 64
വേലൂർ പരമേശ്വരൻ നമ്പൂതിരി

**ഒരു കശ്മീർ യാത്ര** ........................................ 66
പ്രദീപ് വർമ്മ

**ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബാൾ ടൂർണ്ണമെന്റ്** .... 72
ഋഷികേശ് വർമ്മ

**പുസ്തകജാലകം** ........................................ 74

**ബാലവേദി/വളരുന്ന പ്രതിഭകൾ**

**My Loving Parents** ........................................ 77
Gouri Varma

**अधूरी मोहब्बत** (कविता) ................................ 78
Akhilesh Varma

**War and Peace: How a town rebuilds...** .............. 79
Lakshmi Varma

**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** .................... 84

**ശ്രദ്ധാഞ്ജലി** ........................................ 98

**വൈവാഹികം** ........................................ 101

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളുടെ കുടുംബ സംഗമങ്ങളിൽ നിന്ന്**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ



## വായനക്കാരുടെ കത്തുകൾ




ഉഷാ രാജ എഴുതിയ കവിത തെച്ചി മുത്തശ്ശി വളരെ നിലവാരവും ശ്രേഷ്ഠവും ആയി.

എത്ര പ്രശംസിച്ചാലും അധികമാകില്ല. എല്ലാവിധ ആശംസകളും അറിയിക്കുന്നു.

**രാജേന്ദ്രൻ വർമ്മ**, പൂനെ.

ഞാൻ 'ക്ഷാത്രസ്പന്ദനം' തുടങ്ങിയ നാൾ മുതൽ അതിലെ വരിക്കാരനും അംഗവുമായിരുന്നു. കോവിഡ് കാലം കുറച്ചുനാൾ വിട്ടുനിന്നെങ്കിലും വീണ്ടും അത് തുടർന്നുപോകാനും വേണ്ട സേവനം ചെയ്യുവാൻ ആഗ്രഹമുണ്ട്.

അതുകൊണ്ട് ഇപ്പോഴത്തെ വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിധവും അറിയിച്ചുതരുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

**ആർ. ശ്രീവല്ലഭൻ പണ്ടാല**, പാലക്കാട്.

*(വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിധവും താഴെ വിശദമായി കൊടുത്തിട്ടുണ്ട്).*

'ക്ഷാത്രസ്പന്ദനം' കെട്ടിലും മട്ടിലും ഭാവ-രൂപങ്ങളിലും ഉള്ളടക്കത്തിലും മുൻലക്കങ്ങളിലേക്കാൾ വളരെ മെച്ചമായിട്ടുണ്ട്. ലേഖനങ്ങളെല്ലാം ഗംഭീരമായിരിക്കുന്നു; എഡിറ്റിംഗും പ്രശംസനീയം തന്നെ. ത്രൈമാസികയിൽ നിന്ന് ദ്വൈമാസികയോ മാസികയോ ആക്കിയാൽ കൂടുതൽ പ്രചാരം ലഭിക്കും എന്ന് തോന്നുന്നു. കൂടാതെ അന്യരാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള ധാരാളം ക്ഷത്രിയ അണുകുടുംബങ്ങളുണ്ട്. അവർക്കും കൂടി വായിക്കാനുതകുന്ന 'Web Version' കൂടി പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും. ക്ഷാത്രസ്പന്ദനത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**കെ.സി. വർമ്മ (മണി)**
പോണേക്കര, കൊച്ചി 682041
മൊ. 8547933707

*(വിലയേറിയ അഭിപ്രായങ്ങൾക്ക് നന്ദി. ക്ഷത്രിയ ക്ഷേമസഭയുടെ വെബ്സൈറ്റായ 'kshathrajalakam.org' ൽ 'ക്ഷാത്രസ്പന്ദന'ത്തിന്റെ 'Web Version' പ്രസിദ്ധപ്പെടുത്തുന്നുണ്ട്).*

*- പത്രാധിപർ*

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ (200 രൂപ) കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603, IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**

**(for more details pl. see p. 102)**



## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| **പുറം കവർ (കളർ)** | : | **₹ 3500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ)** | : | **₹ 1250/-** |
| **കളർ പേജ് (ഫുൾ)** | : | **₹ 2500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്)** | : | **₹ 750/-** |
| **കളർ പേജ് (ഹാഫ്)** | : | **₹ 1500/-** | **വിവാഹ പരസ്യം** (Matrimonial) | : | **₹ 500/-** |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2024 ആഗസ്റ്റ് മുതൽ 2024 സെപ്റ്റംബർ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING AUGUST AND SEPTEMBER 2024

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | Well Wishers | 3,57,500.00 |
| 2 | Ambili Varma, Cherthala | 3,00,000.00 |
| 3 | Jitendra Mohanlal Shah, Mumbai | 2,00,000.00 |
| 4 | R.V.G. Menon, Thiruvananthapuram | 1,00,000.00 |
| 5 | Arun Varma, Valavur Kovilakam, Pazhayannur | 25,000.00 |
| 6 | R. Rama Varma, Thiruvananthapuram | 25,000.00 |
| 7 | Satish Varma, Ernakulam South | 25,000.00 |
| 8 | R. Sasikumar Varma, Thiruvananthapuram | 20,000.00 |
| 9 | Cdr. (Retd.) Kishen Chandar Varma, Kochi | 20,000.00 |
| 10 | Valsala Ravi Varma Raja, Thiruvananthapuram | 20,000.00 |
| 11 | Geetha Rama Varma, Tripunithura | 20,000.00 |
| 12 | D, Vijaya Varma, Ezhumattur | 15,000.00 |
| 13 | Jayanthi Bai Thampuratty | 10,000.00 |
| 14 | Deepesh Damodaran, Payyannur | 10,000.00 |
| 15 | P.K. Jayachandra Varma, Thiruvananthapuram | 10,000.00 |
| 16 | Satheesh Kumar T N, Mamangalam, Kochi | 10,000.00 |
| 17 | Prasad Bhaskaran Nair, Sasthamcotta, Kollam | 5,000.00 |
| 18 | Ram Kumar Varma, Chalakudy | 5,000.00 |
| 19 | Rajeev R, Budhanoor | 4,000.00 |
| 20 | Divya R Varma, Bangalore | 2,000.00 |
| 21 | P.K. Ravi Varma Raja, Cherthala | 2,000.00 |
| 22 | Sreedevi R Varma, Keezhvaipur | 1,000.00 |
| 23 | Ravi Varma Thampuran, Pandalam | 500.00 |
| | **Total** | **11,87,000.00** |

**(Rupees Eleven lakhs eightyseven thousand only)**

## FINANCIAL ASSISTANCE DURING AUGUST AND SEPTEMBER 2024

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational aid etc. - Monthly | 52,000.00 |
| 2 | Financial aid to Poor/ Medical Aid/Educational aid | 5,40,000.00 |
| | **Total** | **5,92,000.00** |

**(Rupees Five lakhs ninetytwo thousand only)**

ഇതുവരെ (18-07-2008 മുതൽ 30-9-2024 വരെ) ₹ 2,03,80,692/- (രണ്ടു കോടി മൂന്നു ലക്ഷത്തി എൺപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

### അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 7, 15 കാണുക)*



*ചിത്രകലയുടെ കുലപതി രാജാ രവിവർമ്മയുടെ പുത്രനും ചിത്രകാരനുമായ ആർട്ടിസ്റ്റ് രാമവർമ്മയുടെ പേരിൽ ഒരു എൻഡോവ്മെന്റ് അദ്ദേഹത്തിന്റെ മൂന്നാം തലമുറയിലുള്ള കെ.ആർ. പ്രസാദിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. അതിലേക്കായി ക്ഷത്രിയ ക്ഷേമ സഭയ്ക്ക് നൽകിയ 5,50,000 രൂപയുടെ ചെക്ക് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയ്ക്ക് കൈമാറുന്നു.* *(വാർത്ത... പേജ് 55-ൽ)*

# റിയാക്ടിന്... സ്നേഹപൂർവ്വം



പ്രശസ്ത ശാസ്ത്രജ്ഞൻ ഡോ. ആർ.വി.ജി. മേനോൻ റിയാക്ടിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയേകിക്കൊണ്ട് നൽകിയ ഒരു ലക്ഷം രൂപയുടെ ചെക്ക് റിയാക്ട് അദ്ധ്യക്ഷ ഡോ. ലളിതാംബികയിൽ നിന്നു ട്രഷറർ കെ.എൻ. രാമവർമ്മ സ്വീകരിക്കുന്നു.



കരിവെള്ളൂർ യൂണിറ്റിൽ നിന്നുള്ള സംസ്ഥാന സമിതിയംഗം വി.എം. ദാമോദരന്റെ മകൻ ദീപേഷ് ദാമോദരൻ റിയാക്ടിലേക്ക് നൽകിയ സംഭാവന തുകയായ 10000 രൂപയുടെ ചെക്ക് വി.എം. ദാമോദരൻ റിയാക്ട് സെക്രട്ടറിക്ക് കൈമാറുന്നു.



നെടുമ്പ്രത്ത് കൊട്ടാരത്തിലെ എൻ.കെ. കേരളവർമ്മ രാജായുടെ ശതാഭിഷേകം ആചാരാനുഷ്ഠാനങ്ങളോടെ തിരുവല്ല പാലിയേക്കര കിഴക്കേ കൊട്ടാരത്തിൽ വച്ചു നടന്നു. ഇതോടനുബന്ധിച്ച് അദ്ദേഹം റിയാക്ടിലേക്ക് നൽകിയ 25000 രൂപയുടെ ചെക്ക് സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കൈമാറുന്നു. പത്നി സേതു തമ്പുരാട്ടി സമീപം.






# ഉരുൾപൊട്ടൽ
## (Landslide)

എല്ലാ ലോകരാഷ്ട്രങ്ങളും അഭിമുഖീകരിക്കുന്ന ഒരു വിപത്താണ് ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ. ഉയർന്ന പ്രദേശങ്ങളിൽ നിന്ന് പാറയും മണ്ണിന്റെ ഭാഗം തന്നെയും ചിലപ്പോൾ മല മുഴുവനായും ഗുരുത്വാകർഷണശക്തികൊണ്ട് താഴേക്കു പതിക്കുന്ന പ്രതിഭാസം. ഇൻഡ്യയുടെ കാര്യമെടുത്താൽ ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, അരുണാചൽ പ്രദേശ്, പശ്ചിമഘട്ടം എന്നിവിടങ്ങളിലാണ് ഉരുൾപൊട്ടലുണ്ടാകാറുള്ളത്. ഗുജറാത്തിൽ താപ്തി നദിയുടെ തെക്കുഭാഗത്തുനിന്ന് തെക്ക് കന്യാകുമാരിയിൽ മരുത്വാമല വരെ നീണ്ടുകിടക്കുന്നു പശ്ചിമഘട്ടം. 1600 കി.മീ. നീളം. മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കൂടി ഈ മലനിരകൾ കടന്നുപോകുന്നു. ഹിമാലയ മേഖലകളിലെ അപകട സാദ്ധ്യത വച്ചു നോക്കുമ്പോൾ പശ്ചിമഘട്ടത്തിലെ അപകടങ്ങൾ തുലോം കുറവാണ്.

കേരളത്തിലെ ഉരുൾപൊട്ടലിന്റെ ചരിത്രം നോക്കിയാൽ ചെറുതും വലുതുമായ മണ്ണിടിച്ചിലുകൾ മിക്ക ജില്ലകളിലും ഉണ്ടായിട്ടുള്ളതായി കാണാം. തൃശ്ശൂർ (മുപ്ലിയ), കോഴിക്കോട് (കോങ്ങോട്), പാലക്കാട് (കവളപ്പാറ), തിരുവനന്തപുരം (അമ്പൂരി), വയനാട് (മേപ്പാടി), ഇടുക്കിയിലെ ചില പ്രദേശങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. ഇതിൽ കഴിഞ്ഞ ജൂലൈ 30 ന് മേപ്പാടി പഞ്ചായത്തിൽ ചൂരൽമല, മുണ്ടക്കൈ എന്നിവിടങ്ങളിൽ നടന്ന ഉരുൾപൊട്ടൽ വളരെ ദാരുണമായിരുന്നു. 1984 ലും 2020 ലും ഈ പഞ്ചായത്തിൽ ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ട് എന്നത് നാം ഗൗരവത്തോടെ മനസ്സിലാക്കേണ്ടതാണ്.

ഉരുൾപൊട്ടലെന്ന ഭൗമ പ്രതിഭാസത്തെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്ന് നോക്കാം.

1) **തീവ്രമഴ**: തുടർച്ചയായ മഴയിൽ മഴവെള്ളം താഴേയ്ക്കു താണ് താഴെയുള്ള പാറയും മേൽമണ്ണും തമ്മിലുള്ള ദൃഢമായ പിടിത്തത്തിന് (grip) കോട്ടം തട്ടുന്നു. പാറയോട് ചേർന്നിരിക്കുന്ന മേൽമണ്ണ് പാറയ്ക്കു ജീർണ്ണിക്കൽ (weathering) സംഭവിച്ചുണ്ടായ പശിമയുള്ള ചുവന്ന കളിമണ്ണോ വെളുത്ത കളിമണ്ണോ ആകാം, പശിമയുള്ളതുകൊണ്ടുതന്നെ മേൽമണ്ണിന് ഭാരം കൂടുമ്പോൾ അതായത് കൂടുതൽ വെള്ളം മേൽമണ്ണിൽ തങ്ങുമ്പോൾ മേൽമണ്ണും അതിനുള്ളിലുള്ള അപചയം സംഭവിച്ച പാറകളും താഴെയുള്ള പാറയിൽ (bed rock) നിന്ന് തെന്നിമാറാൻ ഇടയുണ്ട്.

2. **മലയുടെ ചരിവ്**: ചരിവ് (slope) 15 ഡിഗ്രിക്ക് താഴെയാണെങ്കിൽ ഉരുൾപൊട്ടലിന് ഒട്ടും സാദ്ധ്യതയില്ല. പക്ഷെ slope 35 ഡിഗ്രിയിൽ കൂടുതലാണെങ്കിൽ അപകടസാദ്ധ്യത കൂടും.

3. **മനുഷ്യരുടെ കടന്നുകയറ്റം**: മരങ്ങൾ വെട്ടുകയും മലഞ്ചരിവുകളിൽ കൃഷിയിറക്കുക, ചെക്ക് ഡാം കെട്ടുക, ടൂറിസം വികസനത്തിനുവേണ്ടി റിസോർട്ടുകളും നീന്തൽക്കുളങ്ങളും പണിയുക എന്നിവയൊക്കെ നാം ചെയ്യാറുണ്ട്. മരങ്ങൾ വെട്ടുമ്പോൾ മരത്തിന്റെ വേരുകൾ മണ്ണിന് കൊടുത്തിരുന്ന ഉറപ്പ് (grip) നഷ്ടപ്പെടുന്നു. കൃഷിക്കു വേണ്ടി മണ്ണ് പാകപ്പെടുത്തുമ്പോൾ മണ്ണിന്റെ സുഷിരത (Porosity) വർദ്ധിക്കുന്നു. അതുകൊണ്ട് മണ്ണിന്റെ ആഗിരണശേഷി കൂടുകയും മഴവെള്ളം മണ്ണിലേക്ക്

ഊർന്നിറങ്ങുകയും ചെയ്യും. കെട്ടിടങ്ങളുടെ വലിപ്പം കുന്നിന്റെ സ്ഥിരതയെ (stability) സാരമായി ബാധിക്കും.

4. **മൈനിങ്**: റോഡ് നിർമ്മാണത്തിനും കെട്ടിട നിർമ്മാണത്തിനുമായി നിയമപരമായും അല്ലാതെയും കരിങ്കല്ലിന്റെയും മണ്ണിന്റെയും ഖനനം നാം തുടർന്നുകൊണ്ടേയിരിക്കുന്നു. കല്ലു വെട്ടുമ്പോൾ, സ്ഫോടനം (blasting) ആണെങ്കിൽ പ്രത്യേകിച്ചും ഉണ്ടാകുന്ന പ്രകമ്പനം (shock wave) അടുത്തുള്ള പാറകളിലും വിള്ളലുണ്ടാക്കുന്നു. ആ പാറയുടെ അപക്ഷയം (weathering) കൂടുതൽ വേഗത്തിൽ സംഭവിക്കാൻ ഇടയാകുന്നു.

5. **എഞ്ചിനീയറിങ് ജോലികൾ**: കുന്നുകൾ ജനവാസ കേന്ദ്രമാകുമ്പോൾ ജനങ്ങൾക്ക് ആവശ്യമായ റോഡുകൾ, ഡ്രെയിനേജ് സംവിധാനങ്ങൾ ഇവ നിർമ്മിച്ചേ പറ്റുകയുള്ളൂ. അപ്പോൾ നേരത്തെ ഉണ്ടായിരുന്ന **നീർച്ചാലുകളുടെ** ഒഴുക്കിന് വിഘാതമുണ്ടോ എന്ന് പൊതുവേ ശ്രദ്ധിക്കാറില്ല. **നീർച്ചാലുകൾ** തടസ്സപ്പെട്ടാൽ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഉദാഹരണങ്ങൾ ധാരാളം നമ്മുടെ മുന്നിലുണ്ട്. അതായത് എഞ്ചിനീയറിങ് ജോലികൾ ശാസ്ത്രീയമായി ചെയ്തില്ലെങ്കിൽ അതും ഉരുൾപൊട്ടലിന് സഹായകമാകാം.

അടുത്തകാലത്ത് വയനാട്ടിലെ ദുരന്തത്തിന്റെ കാര്യമെടുത്താൽ ഏതാണ്ട് 2000 മീറ്റർ ഉയരമുള്ള വെള്ളരിമലയാണ് ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രം എന്നു മനസ്സിലാക്കാം. അവിടെ ഉണ്ടായ മണ്ണിടിച്ചിലിൽ കല്ലും മണ്ണും മരങ്ങളും വീണത് പുഞ്ചിരിമട്ടത്തിനും മുണ്ടക്കൈയ്ക്കും ഇടയ്ക്കുള്ള മലയിടുക്കിലേക്കും. അവിടെ നിന്ന് മഴവെള്ളപ്പാച്ചിലിൽ മുണ്ടക്കൈയിലും ചൂരൽമലയിലും മനുഷ്യനിർമ്മിതമായ വീടുകൾ, പാലങ്ങൾ, സ്കൂളുകൾ, ആശുപത്രി എന്നുവേണ്ട എല്ലാംതന്നെ കടപുഴകി 8 കിലോമീറ്ററിനുമേൽ ദൂരം ഒഴുകിപ്പോയി. കൂട്ടത്തിൽ മുന്നൂറോളം **വിലപ്പെട്ട മനുഷ്യജീവനുകളും**.

ഈ സംഭവത്തിനു ശേഷം ഒരു ചോദ്യം മനുഷ്യമനസ്സിൽ തങ്ങിനില്ക്കുന്നു. നമുക്ക് മുൻകൂർ ഉണ്ടാകേണ്ടിയിരുന്ന ശാസ്ത്രീയ സമീപനം ഉണ്ടായിരുന്നില്ലേ എന്ന്.

കാരണം

a) രണ്ട് ഉരുൾപൊട്ടൽ അടുത്തകാലത്ത് നടന്ന സ്ഥലമാണിത്.

b) കേരളത്തിന്റെ ഉരുൾപൊട്ടലിന്റെ അറ്റ്ലസിൽ ഈ സ്ഥലം 'ഹൈ റിസ്ക് ഏരിയ' ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

c) രണ്ടാഴ്ചയ്ക്കു മേൽ വയനാട്ടിൽ Orange Alert ആയിരുന്നു. എന്നിട്ടും നമുക്ക് ആളുകളെ മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞില്ല.

എത്ര ശ്രദ്ധിച്ചാലും ചിലപ്പോൾ അപകടങ്ങൾ സംഭവിക്കാം. അപകടങ്ങൾ നമ്മളെ കൂടുതൽ ശ്രദ്ധയുള്ളവരാക്കും. അവയെ മുൻകൂട്ടി കാണാൻ പ്രേരിപ്പിക്കും, സംശയമില്ല. ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾ നിസ്സഹായരാണ്. **എല്ലാം നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതാകട്ടെ നമ്മുടെ സർക്കാരിന്റെ പ്രഥമ ലക്ഷ്യം**.

## പ്രഭാവർമ്മയ്ക്ക് സരസ്വതി സമ്മാൻ

കെ.കെ. ബിർള ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഭാരതത്തിലെ പ്രൗഢ പുരസ്ക്കാരമായ 'സരസ്വതി സമ്മാൻ' സാഹിത്യകാരനും പത്രപ്രവർത്തകനുമായ പ്രഭാവർമ്മ ഏറ്റുവാങ്ങി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ജ്ഞാനപീഠം ജേതാവ് ഡോ. ദാമോദർ മൗജോ പുരസ്ക്കാരം സമ്മാനിച്ചു. 'രൗദ്രസാത്വികം' എന്ന നോവലും കവിതയും ചേരുന്ന ഇരട്ട ഭാവത്തിലുള്ള കൃതിക്കാണ് അവാർഡ് ലഭിച്ചത്. ചടങ്ങിൽ



പ്രഭാവർമ്മയുടെ ആത്മകഥ 'നമാമി മനസാ ശിരസാ' യുടെ പ്രകാശനം തമിഴ് സാഹിത്യകാരൻ ഡോ. മാലൻ നാരായണന് നൽകിക്കൊണ്ട് ഡോ. ദാമോദർ മൗജോ നിർവ്വഹിച്ചു. കവിതാസമാഹാരമായ 'പ്രണയത്തിന്റെ കാവ്യപുസ്തക'ത്തിന്റെ പ്രകാശനം ഡോ. ദിവ്യ എസ്. അയ്യർക്ക് നൽകി ഡോ. സുരേഷ് ഋതുപർണ്ണ നിർവ്വഹിച്ചു.

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...

മലയാളികളുടെ ദേശീയോത്സവമായ ഓണം സെപ്റ്റംബർ മാസത്തിലായിരുന്നല്ലോ. എല്ലാ ക്ഷത്രിയ കുടുംബാംഗങ്ങൾക്കും ഒരു നല്ല ഓണ ക്കാലം ലഭിച്ചു എന്നു കരുതുന്നു, വൈകിയെ ങ്കിലും സ്നേഹം നിറഞ്ഞ ഓണാശംസകൾ നേരു കയും ചെയ്യുന്നു.

ഇക്കഴിഞ്ഞ മൂന്നു മാസം വളരെയധികം കാര്യങ്ങൾ സഭയ്ക്ക് ചെയ്യുവാൻ സാധിച്ചു. വരും മാസങ്ങളിലും ഇതുപോലെ തന്നെ ചെയ്യാനാവട്ടെ എന്നാഗ്രഹിക്കുന്നു.

**മനോരമത്തമ്പുരാട്ടി എൻഡോവ്മെന്റ് - അക്ഷരശ്ലോക മത്സരം** ആഗസ്റ്റ് 25-ാം തീയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് വളരെ ഭംഗിയായി നടന്നു.

രാവിലെ 9 മണിയോടെ ആൾക്കാരെത്തിത്തുടങ്ങി. ശ്രീരാമസ്വാമി ക്ഷേത്രത്തിലെ വിശേഷാൽ ഗണപതി ഹോമവും പൂജയും നേരത്തേ തുടങ്ങിയിരുന്നു. പത്തരമണിക്ക് പൂജ കാലംകൂടി, പരിപാടികൾ ആരംഭിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ സ്വാഗതവും, ചടങ്ങുകളെക്കുറിച്ചുള്ള ആമുഖവും അവതരിപ്പിച്ചു. സംസ്ഥാന പ്രസി ഡന്റ് ഡോ. ലളിതാംബിക കാര്യങ്ങൾ വിശദീ കരിച്ചു. നിലവിളക്ക് തെളിയിക്കാനായി മനോ രമത്തമ്പുരാട്ടിയുടെ മകൾ മല്ലികാറാണിയെ ക്ഷണിച്ചു. വിളക്കുകൊളുത്തിയ ശേഷം അമ്മയുടെ പേരിലുള്ള ഈ എൻഡോവ്മെന്റ് നിലവിൽ വരാനുള്ള സാഹചര്യത്തെക്കുറിച്ച് സംസാരിച്ചു. അതിനു ശേഷം അക്ഷരശ്ലോക സദസ്സ് തുടങ്ങി. 19 പേർ പങ്കെടുത്തു. 11.30 വരെ തുടർന്നു. പിന്നീട് അക്ഷരശ്ലോകമത്സരം തുടങ്ങി. 11 പേർ പങ്കെടുത്തു. 17 റൗണ്ട് ആണ് നിർദ്ദേശിച്ചത്. 11 പേരും ശക്തമായ മത്സരം കാഴ്ചവച്ച് ആര് സമ്മാനം നേടും എന്ന സംശയം ജനിപ്പിച്ചു. മഹാരഥന്മാരായ വേലപ്പൻ പിള്ളയും കെ.എം. നാരായണൻ നമ്പൂതിരിയും ആയിരുന്നു വിധികർത്താക്കൾ. വളരെ കൃത്യവും സുതാര്യവു മായി വിശകലനം ചെയ്ത് പോയിന്റ് ടേബിൾ തയ്യാറാക്കിത്തന്നു അവർ.

**മത്സരവിജയികൾ**

1. അശോക് കുമാർ പി. അഭിരാമം, കൊരട്ടി. (കൊരട്ടി യൂണിറ്റ്).

2. നിരഞ്ജന വർമ്മ, ലക്ഷ്മിവിലാസം പാലസ്, മാവേലിക്കര. (തിരുവല്ല യൂണിറ്റ്).

3. പ്രവീണാ വർമ്മ, തെക്കേ കൊട്ടാരം, മാവേലി ക്കര. (തിരുവല്ല യൂണിറ്റ്).

**പ്രോത്സാഹന സമ്മാനം**

സന്തോഷ് വർമ്മ, ശ്രീനിലയം പാലസ്, പന്തളം. (പന്തളം യൂണിറ്റ്).

വിജയികൾക്ക് കാഷ് അവാർഡും പ്രശസ്തി പത്രവും നൽകി. ഒന്നരമണിയോടെ ചടങ്ങുകൾ പര്യവസാനിക്കുകയും ഉച്ചഭക്ഷണത്തിന് പിരിയു കയും ചെയ്തു.

**ക്ഷത്രിയ യൂത്ത് ഫോറം** - ആഗസ്റ്റ് 25-ാം തീയതി ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന യോഗത്തിൽ ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിഭാഗ (KKSY) ത്തിന്റെ സംസ്ഥാന കമ്മറ്റിയെ തിരഞ്ഞെടുത്തു.

ഉച്ചയ്ക്ക് 2.30 മുതൽ KKSY യുടെ സംസ്ഥാന കമ്മറ്റി രൂപീകരിക്കലും അംഗങ്ങളുടെ ചുമതല

ഏറ്റെടുക്കൽ ചടങ്ങും നടന്നു. യോഗനടപടികളെ കുറിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ വിശദീകരിച്ചു. യൂത്ത് ഫോറത്തിന്റെ 32 പേരുള്ള കമ്മറ്റിയിൽ നിന്ന് ഏഴുപേരടങ്ങുന്ന ഭാരവാഹികളുടെ പാനൽ നൽകിയിരുന്നു. മറ്റുപാനലുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പാനൽ അംഗീകരിച്ചു.

ഹൃഷികേശ് വർമ്മ - പ്രസിഡന്റ് (തിരുവല്ല യൂണിറ്റ്)

ഡോ. ആദർശ് വർമ്മ - സെക്രട്ടറി (കോട്ടയം യൂണിറ്റ്)

കാർത്തിക് വർമ്മ - ട്രഷറർ (വെള്ളാരപ്പിള്ളി യൂണിറ്റ്)

ഹരീഷ് വർമ്മ - സീനിയർ അഡ്വൈസർ (ചേർത്തല യൂണിറ്റ്)

നവീൻ വർമ്മ - ദക്ഷിണമേഖല കോ-ഓർഡിനേറ്റർ (തിരുവനന്തപുരം യൂണിറ്റ്)

പ്രബേഷ് വർമ്മ - ഉത്തരമേഖലാ കോ-ഓർഡിനേറ്റർ (ഇരിട്ടി യൂണിറ്റ്)

സജിൻ രാജ - അന്തർ സംസ്ഥാന കോ-ഓർഡിനേറ്റർ (കുറ്റിലഞ്ഞി യൂണിറ്റ്)

ക്ഷത്രിയ ക്ഷേമസഭയുടെ പ്രസിഡന്റ് ഡോ. ലളിതാംബിക, ട്രഷറർ സൂര്യകുമാർ വർമ്മ, ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ എന്നിവർ സംസാരിച്ചു.

KKSY യുടെ പ്രഥമ സംസ്ഥാന ഭാരവാഹി കളെ ലേപ്പൽ പിൻ അണിയിച്ച് അവരോധിച്ചു. എല്ലാവരും ഏറെ സന്തോഷത്തോടെ അവരവരുടെ ചുമതല ഏറ്റെടുക്കുന്നു എന്ന് അറിയിച്ചു. നല്ല ഒരു ചർച്ചയും നടന്നു. കൃത്യം 4.30 ന് യോഗനടപടികൾ അവസാനിച്ചു.

**സംസ്ഥാന കമ്മറ്റി യോഗം** - സെപ്റ്റംബർ 1-ാം തീയതി കരിവെള്ളൂർ യൂണിറ്റിൽ വച്ച് സഭയുടെ മൂന്നാമത്തെ സംസ്ഥാന കമ്മറ്റി യോഗം നടന്നു. (ചിത്രം പേജ് 76-ൽ)

യൂണിറ്റ് പ്രസിഡന്റ് സുബ്രഹ്മണ്യന്റെ വസതിയിൽ രാവിലെ 10 മണിയ്ക്ക് എല്ലാവരും കൂടി ചൊല്ലിയ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പങ്കെടുത്ത എല്ലാവർക്കും സുബ്രഹ്മണ്യൻ സ്വാഗതമേകി. സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക നിലവിളക്കുകൊളുത്തി യോഗം ഉൽഘാടനം ചെയ്തു. ലളിതവും സുന്ദരവുമായ ഒരു അദ്ധ്യക്ഷ പ്രസംഗവും നടത്തി. അതിനു ശേഷം സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ നമ്മെ വിട്ടുപിരിഞ്ഞ മുൻ സംസ്ഥാന പ്രസിഡന്റ് ശശികുമാർ വർമ്മ ഉൾപ്പടെയുള്ള എല്ലാ അംഗങ്ങളുടെയും ആത്മാവിന് നിത്യശാന്തി ലഭിക്കുവാനായി ഒരു മിനിട്ട് മൗനപ്രാർത്ഥനയ്ക്ക് അപേക്ഷിച്ചു. എല്ലാവരും ഒരു നിമിഷം എഴുന്നേറ്റ് നിന്ന് മൗന പ്രാർത്ഥന നടത്തി. അതോടൊപ്പം ഇക്കഴിഞ്ഞ മാസം രാജ്യത്തെയാകെ ദുഃഖത്തിലാക്കിയ വയനാടു ദുരന്തത്തിൽ നമ്മെ വിട്ടുപിരിഞ്ഞ വർക്കു വേണ്ടിയും മൗന പ്രാർത്ഥനനടത്തി.

സഭയുടെ കഴിഞ്ഞ കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിച്ചു. പിന്നീട് സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ 31-03-2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ വരവു-ചെലവുകണക്ക് അവതരിപ്പിച്ചു. റിയാക്ടിന്റെ സെക്രട്ടറി പി.കെ. രഘുവർമ്മ റിയാക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. അതിനുശേഷം മേഖലാ സെക്രട്ടറിയും യൂണിറ്റ് ഭാരവാഹികളും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. യൂണിറ്റുകൾ അടുത്ത മൂന്നു മാസക്കാലം ചെയ്യുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഇതിനു ശേഷം എല്ലാവരും തുറന്ന ചർച്ചയിൽ പങ്കെടുത്തു. റിപ്പോർട്ടും കണക്കും പാസാക്കി.

സംസ്ഥാന കമ്മറ്റിയോഗത്തിൽ ചർച്ചകൾക്കു ശേഷം പാസാക്കിയ മറ്റു വിഷയങ്ങൾ:

1. സാമന്തക്ഷത്രിയ സഭയുടെ കേന്ദ്ര ഭാരവാഹികളും, ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്രഭാരവാഹികളും കൂടി ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചു. 2024 ഒക്ടോബർ മാസം 6-ാം തീയതി ഗുരുവായൂരിൽ വച്ചായിരിക്കും യോഗം നടത്തുക. ആദ്യത്തെ യോഗത്തിൽ ഏതൊക്കെ വിഷയങ്ങളിൽ, എങ്ങിനെയൊക്കെ ഒന്നിച്ച് പ്രവർത്തിക്കാനാവും എന്ന് ചർച്ച ചെയ്യും.

2. ക്ഷത്രിയ ക്ഷേമസഭയുടെ യുവജന വിഭാഗത്തിന്റെ (KKSY) കേന്ദ്ര കമ്മറ്റി ആഗസ്റ്റ് 25-ന് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് 25-08-2024-ന് തിരഞ്ഞെടുത്തുവല്ലോ. അതിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കുവാൻ ക്ഷത്രിയ ക്ഷേമസഭയുടെ എല്ലാ സഹായവും, സഹകരണവും, പിന്തുണയും നൽകണം എന്ന് തീരുമാനിച്ചു.

3. ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര വനിതാ വിഭാഗം ഇപ്പോൾ ഏതാണ്ട് നിർജ്ജീവമായതു പോലെയാണ്. അതിനെ വീണ്ടും ശക്തമാക്കുവാനായി തീരുമാനിച്ചു. വിവിധ യൂണിറ്റുകളിലെ വനിതാ വിഭാഗം പ്രതിനിധികളിൽ നിന്നും ഒരു കേന്ദ്ര കമ്മറ്റി തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാനായി തീരുമാനിച്ചു. ഇത് ഉടൻ തന്നെ നടപ്പിലാക്കുവാനായി ചാലക്കുടി യൂണിറ്റിലെ വി.കെ. കോമളവല്ലിയെ ചുമതലപ്പെടുത്തി.

4. ക്ഷത്രിയ ക്ഷേമസഭ യൂത്ത് വിംഗിന്റെ പ്രതിനിധിയായി പ്രസിഡന്റ് ഹൃഷികേശ് വർമ്മയേയും വനിതാവിഭാഗം പ്രതിനിധിയായി കോമളവല്ലിയേയും സംസ്ഥാന ഭാരവാഹികളായി തെരഞ്ഞെടുത്തു.

5. 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിക്കാരുടെ എണ്ണം കൂട്ടാനും 2024-ലെ വരിസംഖ്യ നൽകിയിട്ടില്ലാത്ത യൂണിറ്റുകൾ/നേരിട്ട് നൽകുന്ന വരിക്കാർ എന്നിവരിൽ നിന്നും എത്രയും വേഗം പിരിക്കാനും തീരുമാനിച്ചു. അംഗങ്ങളുടെ ഭവനങ്ങളിൽ നടക്കുന്ന വിശേഷങ്ങൾ കളർചിത്രങ്ങൾ നൽകിയും, സംഭാവനകൾ നൽകിയും, ത്രൈമാസികയെ സ്വന്തം കാലിൽ നിൽക്കാനാവും വിധം സഹായിക്കുവാനും തീരുമാനിച്ചു.

6. മേഖലാ സമ്മേളനങ്ങൾ

2024 ഡിസംബർ 31-ന് മുൻപായി മൂന്നു മേഖലകളും മേഖലാ സമ്മേളനങ്ങൾ നടത്തണമെന്ന് തീരുമാനിച്ചു. ഇതിനു വേണ്ടി യൂണിറ്റുകൾ മുൻപോട്ട് വന്ന് സമ്മതം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

7. സംസ്ഥാന വാർഷിക സമ്മേളനം

മേഖലാ സമ്മേളനങ്ങൾക്ക് ശേഷം 2025 ജനുവരി 31-ന് മുൻപായി സംസ്ഥാന വാർഷിക സമ്മേളനം നടത്തണമെന്ന് തീരുമാനിച്ചു. ഇതിന് കുറ്റിലഞ്ഞി യൂണിറ്റ് ആതിഥ്യമേകാം എന്ന് സമ്മതിച്ചിട്ടുണ്ട്.

8. അടുത്ത സംസ്ഥാന കമ്മറ്റി യോഗം 2024 ഡിസംബർ 1-ാം തീയതി ഞായറാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ (ചേർത്തല) മന്ദിരത്തിൽ വച്ച് നടത്തുവാനായി തീരുമാനിച്ചു.

ക്ഷത്രിയ ക്ഷേമസഭയുടെ 23 യൂണിറ്റുകളിൽ നിന്നും 12 യൂണിറ്റുകളിലെ ഭാരവാഹികളായി 34 പേർ യോഗത്തിൽ പങ്കെടുത്തു.

ഉത്തരമേഖലാ സെക്രട്ടറി വി.സി. കൃഷ്ണ വർമ്മരാജാ കൃതഞ്ജത രേഖപ്പെടുത്തി. ഉച്ച ഭക്ഷണത്തിനുശേഷം യോഗം പിരിഞ്ഞു.

**കേന്ദ്ര ഭാരവാഹികളുടെ യോഗം** - സെപ്റ്റംബർ ആറാം തീയതിയും ഒക്ടോബർ നാലാം തീയതിയും കേന്ദ്ര ഭാരവാഹികളുടെ യോഗം നടന്നു.

06-09-2024 രാത്രി 8 മണിയ്ക്ക് ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗ് നടന്നു. അഞ്ചുപേർ പങ്കെടുത്തു. സാമന്തക്ഷത്രിയ സഭയുടെ കേന്ദ്രഭാരവാഹികളും ക്ഷത്രിയ ക്ഷേമസഭയുടെ കേന്ദ്ര ഭാരവാഹികളും കൂടിയുള്ള, ഒക്ടോബർ 6-ാം തീയതി ഗുരുവായൂരിൽ വച്ച് നടക്കുന്ന യോഗത്തിൽ സഭയുടെ നിലപാട് എടുക്കാനും, യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ സംബന്ധിച്ചുമാണ് സംസാരിച്ചത്. യോഗത്തിൽ എടുത്ത തീരുമാനങ്ങൾ.

1. ക്ഷത്രിയ ക്ഷേമസഭയും സാമന്തക്ഷത്രിയ സഭയും ഒന്നായി ലയിച്ച് പ്രവർത്തിക്കുക എന്നതിന് അംഗീകാരമില്ല.

2. ക്ഷത്രിയ ക്ഷേമസഭയുടെ ചില യൂണിറ്റുകളിൽ സാമന്തക്ഷത്രിയരും അംഗങ്ങളായുണ്ട്. യൂണിറ്റ് ഭാരവാഹികളുടെ തീരുമാനമനുസരിച്ച് അത് തുടരുന്നതിലും യൂണിറ്റുകളിൽ നിലവിൽ അംഗങ്ങളല്ലാത്ത സാമന്തക്ഷത്രിയ കുടുംബാംഗങ്ങളെ പുതുതായി ചേർക്കുന്നതിനും അപാകതയില്ല, അംഗീകരിക്കാം.

3. സാമന്തക്ഷത്രിയ സഭയുടെ യൂണിറ്റുകളിലുള്ള അംഗങ്ങൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ക്ഷത്രിയർ/സാമന്തക്ഷത്രിയർ മാത്രമാണോ എന്നത് പരിശോധിച്ച് മനസ്സിലാക്കണം/ ബൈലോയും നോക്കി മനസ്സിലാക്കണം. അതിന് സംസ്ഥാന ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

4. 'ക്ഷാത്രസ്പന്ദനം', റിയാക്ട്, വിവാഹങ്ങൾ എന്നീ വിഷയങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കാം.

5. ഇരു സഭകളേയും/ സഭാംഗങ്ങളേയും ഒരുപോലെ ബാധിക്കാവുന്ന വിഷയങ്ങളിൽ ഒന്നിച്ചു ചർച്ചചെയ്ത് പ്രവർത്തിക്കാവുന്നതാണ്.

**ക്ഷത്രിയ ക്ഷേമസഭയുടേയും സാമന്ത സമാജത്തിന്റെയും കേന്ദ്ര ഭാരവാഹികളുടെ പ്രഥമ ആലോചനായോഗം**

കേരളത്തിൽ ഒരേ സംസ്ക്കാരം പുലർത്തുന്ന ക്ഷത്രിയ ക്ഷേമസഭയുടേയും സാമന്ത സമാജത്തിന്റേയും കേന്ദ്ര ഭാരവാഹികളുടെ പ്രഥമ ആലോചനായോഗം 06-10-2024 രാവിലെ 10.30 ന് ഗുരുവായൂർ 'ഹരേകൃഷ്ണ ഇന്നി'ൽ വെച്ചു കൂടി.

സമാന ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഇരു സഭകളുടേയും പ്രവർത്തനങ്ങളിൽ ഏതെങ്കിലും മേഖലകളിൽ ഒന്നിച്ചു പ്രവർത്തിക്കാനാവുമോ എന്നതിനെ സംബന്ധിച്ചുള്ള ആലോചനായോഗമാണ് നടന്നത്.

ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക യോഗത്തിന്റെ അദ്ധ്യക്ഷയായിരുന്നു. ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം സാമന്ത സമാജം സംസ്ഥാന പ്രസിഡന്റ് ബാലകൃഷ്ണൻ ഏറാടി സ്വാഗത പ്രസംഗം നടത്തി. അതിനു ശേഷം ഡോ. എം. ലളിതാംബിക ഉൽഘാടനകർമ്മം നിർവ്വഹിച്ചു.

ഈ യോഗത്തിന്റെ ഉദ്ദേശത്തെക്കുറിച്ചും ഇരു സഭകളുടേയും പ്രവർത്തങ്ങളെക്കുറിച്ചും സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക, സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, സാമന്ത സമാജം രക്ഷാധികാരി ടി.എം. ഗോകുലചന്ദ്രൻ, വൈസ് പ്രസിഡന്റ് വേണുഗോപാൽകർത്താ, ജനറൽ സെക്രട്ടറി ഗോപിനാഥൻ നെടുങ്ങാടി എന്നിവർ വിശദീകരിച്ചു.

സംയുക്ത യോഗത്തിന്റെ ഉദ്ദേശങ്ങളെക്കുറിച്ചും, ഉദ്ദേശലക്ഷ്യത്തിലെത്താനുള്ള തുടക്കം എങ്ങിനെയാവണം എന്നുമുള്ള തുറന്ന ചർച്ചയിൽ ഇരു സഭയിലേയും എല്ലാ ഭാരവാഹികളും സജീവമായി പങ്കെടുത്തു.

ചർച്ചകളിൽ നിർദ്ദേശങ്ങളായി വന്ന വിവിധ കാര്യങ്ങൾ ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

- ക്ഷത്രിയർക്ക് ഇന്നത്തെ കാലസ്ഥിതിയിൽ പ്രത്യേകമായ ഒരു കുലത്തൊഴിൽ അവകാശപ്പെടാനില്ല.
- സസ്യാഹാരം ഭക്ഷിക്കുന്നവർ എന്നുള്ള പ്രത്യേക ജീവിത ശൈലി ഉയർത്തിക്കാണിക്കണം.

6. കുറച്ചു വർഷങ്ങൾക്കു മുൻപ് ഈ വിഷയത്തിൽ ചർച്ചകൾ നടക്കുകയും, തീരുമാനങ്ങൾ എടുക്കുകയും ഉണ്ടായിട്ടുണ്ട്. അന്ന് ചർച്ചകളിൽ പങ്കെടുത്തിട്ടുള്ള കെ.എൻ.എസ്. വർമ്മ, കെ.സി. മാനവർമ്മ രാജ, ആർ. രാമവർമ്മ എന്നിവരെക്കൂടി കൂട്ടി സെപ്റ്റംബർ 20-ാം തീയതിക്കു ശേഷം ഒരു യോഗം കൂടി ചേർന്ന് പൂർണ്ണമായുള്ള തീരുമാനം എടുക്കും. 9 മണിക്ക് യോഗം അവസാനിച്ചു.

ഒക്ടോബർ 4-ാം തീയതിയിലെ മീറ്റിംഗ് ഗൂഗിൾ മീറ്റായി രാത്രി 7.45 ന് ഈശ്വര പ്രാർത്ഥനയോടെ തുടങ്ങി. അജണ്ടയിൽ കാണിച്ചിരുന്ന വിഷയങ്ങളിൽ ചർച്ചകൾക്കു ശേഷം എടുത്ത തീരുമാനങ്ങൾ.

1. ഒക്ടോബർ 6-ാം തിയതി ഞായറാഴ്ച നടക്കുന്ന, ക്ഷത്രിയ ക്ഷേമസഭയുടെയും സാമന്ത സമാജത്തിന്റെയും കേന്ദ്ര ഭാരവാഹികളുടെ സംയുക്തയോഗത്തിൽ സഭയുടെ പരമാവധി ഭാരവാഹികൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചു. യോഗത്തിൽ വരുന്ന ചർച്ചകൾ കേട്ട് റിപ്പോർട്ട് കേന്ദ്ര കമ്മറ്റിയിൽ ചർച്ച ചെയ്ത ശേഷം ഏതെല്ലാം വിഷയങ്ങളിൽ സഹകരിച്ച് ഒന്നിച്ച് പ്രവർത്തിക്കാം എന്ന് തീരുമാനിച്ചു.

2. ക്ഷത്രിയരിൽ മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമ്മ നിലനിർത്തുവാനായി അവരുടെ പേരിൽ എൻഡോവ്മെന്റ് രൂപീകരിച്ച് ആവശ്യമനുസരിച്ച് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുവാനായി തീരുമാനിച്ചു. തുടക്കത്തിൽ ചിത്രകലയുടെ കുലപതി രാജാരവിവർമ്മയുടെ പുത്രനും ചിത്രകാരനുമായിരുന്ന ആർട്ടിസ്റ്റ് രാമവർമ്മ (മാവേലിക്കര കൊട്ടാരം) യുടെ പേരിൽ ഒരു എൻഡോവ്മെന്റ് തുടങ്ങണമെന്നും ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുമായി ചർച്ച ചെയ്യാനും കത്തിടപാടുകൾ നടത്താനുമായി സംസ്ഥാന ജനറൽ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

3. ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റുകൾ വാർഷിക സമ്മേളനം നടത്തുമ്പോൾ എല്ലാ കേന്ദ്ര ഭാരവാഹികളേയും ആ വിവരം അറിയിക്കണമെന്നും കഴിയുന്നത്രയും കേന്ദ്ര ഭാരവാഹികൾ ആ യോഗങ്ങളിൽ പങ്കെടുക്കണമെന്നും തീരുമാനിച്ചു.

യോഗം രാത്രി 8.45 ന് സൂര്യകുമാർ വർമ്മയുടെ നന്ദി പ്രകാശനത്തോടെ അവസാനിച്ചു.

■ ഇരു സഭകളിലേയും അംഗങ്ങൾ തമ്മിൽ നിലവിൽ വിവാഹബന്ധം ഉണ്ട്.

■ ഇരുകൂട്ടർക്കും മരുമക്കത്തായ സമ്പ്രദായമാണുള്ളത്. അതിനാൽ സ്ത്രീകളുടെ പ്രാധാന്യവും ശക്തിയും ഉയർത്തിപ്പിടിക്കണം. സമൂഹം നന്നാവാൻ സ്ത്രീകളെ മുഖ്യധാരയിലേക്ക് കൂടുതലായി കൊണ്ടുവരാൻ ശ്രമിക്കണം.

■ സംഘടനയിലേക്ക് ചെറുപ്പക്കാരെ കൂടുതലായി കൊണ്ടുവരാനായി മാതാപിതാക്കൾ ശ്രമിക്കണം.

■ ചെറുപ്പക്കാർക്ക് സഭകളിലെ പ്രവർത്തനങ്ങളിൽ വിവിധങ്ങളായ ചുമതലകൾ ഏൽപ്പിക്കാൻ തയ്യാറാവണം.

■ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കണം, അതു സഭാപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തണം.

■ ആലോചനകളിൽ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ പ്രത്യേകം രേഖപ്പെടുത്തി അതനുസരിച്ച് മുൻപോട്ട് പോവണം.

■ പൊതു പ്രവർത്തനങ്ങളിൽ സഭാംഗങ്ങൾ മുൻപോട്ടു വന്ന് അംഗീകാരങ്ങൾ നേടിയെടുക്കണം.

■ ഇരു സഭാംഗങ്ങളുടേയും ശബ്ദം സമൂഹത്തിൽ മുഴങ്ങി കേൾക്കണം.

■ ഒരു ജോബ് പോർട്ടൽ ഉണ്ടാവണം

■ വാണിജ്യ, വ്യവസായ, വിദ്യാഭ്യാസ മേഖലകളിൽ സ്വന്തമായ സ്ഥാപനങ്ങൾ ഉണ്ടാവണം.

■ വിവിധ ക്ഷേത്ര നഗരങ്ങളിൽ സ്വന്തമായി താമസ സൗകര്യങ്ങൾ നൽകാനാവണം.

■ ഇരു സഭകളിലേയും കുടുംബാംഗങ്ങളെ ചേർത്ത് ഒരു യോഗം ചേരണം.

സംസ്ഥാന കമ്മറ്റി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്ത് യോജിച്ച് പ്രവർത്തിക്കാനാവുന്ന മേഖലകളിൽ യോജിച്ച് പ്രവർത്തിക്കണം എന്നു തന്നെയാണ് ഇരു സഭകളുടേയും ഭാരവാഹികൾ ആഗ്രഹിക്കുന്നത് എന്നാണ് അറിയിച്ചത്.

രണ്ടു സംഘടനകളും ഏതെങ്കിലും മേഖലകളിൽ ഒന്നിച്ചു പ്രവർത്തിക്കാനാവുമോ എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ആയതിന്റെ പ്രാരംഭഘട്ടത്തിലെത്തിക്കുവാനും ശ്രമിച്ച വേണുഗോപാൽ കർത്തായേയും മധുകുമാർ വർമ്മയേയും ഇരു വിഭാഗവും അഭിനന്ദിച്ചു.

ക്ഷത്രിയ ക്ഷേമസഭയുടെ ഒൻപതും സാമന്തസമാജത്തിന്റെ ആറും ഭാരവാഹികൾ പങ്കെടുത്ത യോഗം ഉച്ചയ്ക്ക് ഒന്നരമണിക്ക് സാമന്തസമാജം ജനറൽ സെക്രട്ടറി ഗോപിനാഥൻ നെടുങ്ങാടി നന്ദി പ്രകാശിപ്പിച്ചതോടെ അവസാനിച്ചു. സ്വാദിഷ്ടമായ ഉച്ച ഭക്ഷണത്തിനു ശേഷം എല്ലാവരും പിരിഞ്ഞു.

**HH മഹാറാണി സേതു പാർവ്വതി ബായി സ്കോളർഷിപ്പ്**

2023 ലെ ഈ സ്കോളർഷിപ്പ് തുക ഇക്കഴിഞ്ഞ സെപ്റ്റംബർ പത്താം തീയതി യൂണിറ്റുകളിലേക്ക് അയച്ചുകൊടുത്തു. യൂണിറ്റുകൾ അവരുടെ യോഗങ്ങൾ നടന്നപ്പോൾ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

**അരുൺ വർമ്മ മെമ്മോറിയൽ സ്കോളർഷിപ്പ്** കോഴിക്കോട് യൂണിറ്റ് യോഗത്തിൽ വച്ച് നൽകുകയുണ്ടായി.

**റിയാക്ട്**

വിവിധങ്ങളായ സേവന പ്രവർത്തനങ്ങളുമായി റിയാക്ട് മുന്നേറിക്കൊണ്ടിരിക്കുന്നു. ടീം റിയാക്ടിന് എല്ലാ വിധ ആശംസകളും നേരുന്നു.

**ക്ഷാത്രസ്പന്ദനം**

നമ്മുടെ ത്രൈമാസിക 'ക്ഷാത്രസ്പന്ദനം' നല്ല ഉള്ളടക്കങ്ങളോടെ ഭംഗിയായ രീതിയിൽ പുറത്തിറക്കുവാൻ സാധിക്കുന്നുണ്ട് എന്നുള്ളത് ഏറെ സന്തോഷമുള്ള കാര്യമാണ്. 'ടീം ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ.

**യൂണിറ്റ് സന്ദർശനം**

വിവിധ യൂണിറ്റുകളിൽ കുടുംബ സംഗമം, ഓണാഘോഷം, പൊതുയോഗം മുതലായവ നടന്നു. മിക്കവാറും എല്ലാ യൂണിറ്റുകളിലും കേന്ദ്ര ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു.

യൂണിറ്റുകളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കാനും അംഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനും കേന്ദ്ര ഭാരവാഹികൾ എപ്പോഴും തയ്യാറാണ് എന്നറിയിക്കുന്നു.

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

# റിയാക്ട് ധനസഹായം



ഗുരുതരമായ ഡയബറ്റിസ് ബാധിച്ച് കാൽ മുറിച്ചുകളയേണ്ടി വന്ന തിരുവല്ല തുകലശ്ശേരി സ്വദേശി മത്തായി വർക്കിക്ക് റിയാക്ട് നൽകുന്ന ധനസഹായം ക്ഷത്രിയക്ഷേമസഭ ട്രഷറർ സൂര്യകുമാർ വർമ്മയും ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മയും തിരുവല്ല യൂണിറ്റ് കമ്മിറ്റിയംഗം ശാന്താദേവിയും ചേർന്ന് നൽകുന്നു.



പക്ഷാഘാതം പിടിപെട്ട് ഇടതുഭാഗം തളർന്ന കരിവെള്ളൂർ പെരളം പഞ്ചായത്തിലെ ടി.വി. ചന്ദ്രന്റെ ചികിത്സക്കായി റിയാക്റ്റിൽ നിന്നും അനുവദിച്ച സഹായമായ പതിനായിരം രൂപ യുടെ ചെക്ക് കരിവെള്ളൂരിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധു കുമാർ വർമ്മ ചന്ദ്രന്റെ ഭാര്യ കെ.വി. തമ്പായിക്ക് കൈമാറുന്നു. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാർ, യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.കെ.കെ. ഉണിത്തിരി, വി.എം. ദാമോദരൻ എന്നിവർ സന്നിഹിതരായി രുന്നു.



വിദ്യാർഥികൾക്കുള്ള തുടർ പഠന പ്രോത്സാ ഹന പദ്ധതിയിൽ ലാപ്ടോപ്പ് വാങ്ങുന്നതിന് റിയാക്ട് അനുവദിച്ച ചെക്കുകൾ കോട്ടയം യൂണിറ്റ് പ്രസിഡന്റ് ആത്മജവർമ്മ തമ്പുരാൻ, രക്ഷാധികാരി യു. അജിത് വർമ്മ എന്നിവർ കൈമാറുന്നു. രക്ഷിതാക്കളായ വയസ്കര രാജ്ഭവനിൽ വി.ആർ. സുനിൽ കുമാർ (കണ്ണൻ) - പ്രിയ കണ്ണൻ, മറിയപ്പള്ളി ഗൗരീശങ്കരം ടി.എൻ. വിനോദ് വർമ്മ - ടി.സി. അർച്ചന എന്നിവർ ഏറ്റുവാങ്ങി.

## സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

### മാധവ് ചന്ദ്രശേഖർ സ്മാരക സ്കോളർഷിപ്പ്

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭയുടെ മുതിർന്ന അംഗങ്ങളായ ലെഫ്. കേണൽ (റിട്ട:) വി. എസ്. ചന്ദ്രശേഖരന്റെയും ഡോ. സതി ചന്ദ്രശേഖരന്റെയും മകനായ മാധവ് ചന്ദ്രശേഖറിന്റെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള **മാധവ് ചന്ദ്രശേഖർ സ്മാരക സ്കോളർഷിപ്പി**നുള്ള അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. 2024 ൽ എഞ്ചിനീയറിങ് പഠനത്തിന് പ്രവേശനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 5,000 രൂപ വീതം നാലു വർഷത്തേക്കാണ് ഈ സ്കോളർഷിപ്പ് നൽകുക

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം. സഭയുടെ സ്കോളർഷിപ്പിനായുള്ള നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച റാങ്ക് ഷീറ്റ്, എഞ്ചിനീയറിങ് പഠനത്തിന് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2024 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം

**സെക്രട്ടറി**
**ക്ഷത്രിയ ക്ഷേമസഭ**
**സുന്ദരവിലാസം കൊട്ടാരം**
**കോട്ടയ്ക്കകം, തിരുവനന്തപുരം - 695023**

എന്ന വിലാസത്തിലോ

**R. Rama Varma,**
**TC 53/2106, Shanti Niketan,**
**Kuzhivila Lane, Pappanamcode,**
**Thiruvananthapuram-695018**

എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

**ബന്ധപ്പെടേണ്ട നമ്പർ: 9496040055 (R. Rama Varma)**
**9847017105 (Madhukumar Varma V.K.)**

മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവർ ആണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പു നൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

### മഹാറാണി സേതുപാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, ഡിഗ്രി, ഫൈൻ ആർട്സ് എന്നീ വിഭാഗങ്ങളിൽ 2024–ൽ പ്രവേശനം ലഭിച്ച ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളിലെ അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/ എൻജിനീയറിങ്/ ഡിഗ്രി/ ഫൈൻ ആർട്സ് ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2024 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം **സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദര വിലാസം കൊട്ടാരം, തിരുവനന്തപുരം – 695023** എന്ന വിലാസത്തിലോ **R. Rama Varma, TC 53/ 2106, Shanti Niketan, Kuzhivila Lane, Pappanamcode, Thiruvananthapuram 695018** എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

**ബന്ധപ്പെടേണ്ട നമ്പർ: 9496040055 (R. Rama Varma)**
**9847017105 (Madhukumar Varma V.K.)**


മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവരാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പുനൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്

കൊച്ചി രാജകുടുംബാംഗം സരസിജ തമ്പുരാന്റെ സ്മരണാർത്ഥം പുത്രി ഡോ. ആശാലത തമ്പുരാൻ ക്ഷത്രിയ വിദ്യാർത്ഥികൾക്കായി ഒരു മെറിറ്റ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നു. കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEAM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കാണ് അവാർഡ്. 5000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ആണ് നൽകുക. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷാഫോറം റാങ്ക് ലഭിച്ചതിന്റെ proof സഹിതം സഭയുടെ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി മുഖാന്തിരം **ജന. സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം പാലസ്, ഫോർട്ട്, തിരുവനന്തപുരം – 695023** എന്ന വിലാസത്തിൽ അയച്ചുതരിക. **ജനറൽ സെക്രട്ടറിക്ക് വാട്ട്സാപ്പ് മുഖേനയും അയയ്ക്കാം മൊ. 919847017105.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 30 നവംബർ 2024**

# രണ്ട് 'ധന്യ ജീവിതങ്ങൾ'



**ഡോ. ആർ. പി. രാജാ**
തിരുവനന്തപുരം, മൊ. 7034741555

**(ഒക്ടോബർ മാസവും നവംബർ മാസവും ഓരോ മഹദ് വ്യക്തിക്ക് ജന്മം നൽകിയ മാസങ്ങളാണ്. ആ മഹദ് വ്യക്തികളെ ഈ ലേഖനത്തിൽ കൂടി ഒന്നു പരിചയപ്പെടുത്താൻ ശ്രമിക്കുകയാണ്.)**

## കേണൽ ജി.വി. രാജ

പൂഞ്ഞാർ രാജകുടുംബത്തിൽ കാർത്തിക തിരുനാൾ അംബ (കുട്ടിക്കാവ്) തമ്പുരാട്ടിയുടെയും, പൊന്നാനി താലൂക്കിൽ ശുകപുരം ഗ്രാമത്തിൽ (കുമരനല്ലൂർ വില്ലേജ്) പുതുശ്ശേരി മനയ്ക്കൽ പശുപതി സോമയാജിപ്പാടിന്റെ മകൻ നാരായണൻ നമ്പൂതിരിയുടേയും ദ്വിതീയ പുത്രനായി കൊല്ലവർഷം 1084 കന്നി മാസം 28-ാം തീയതി, (1908 ഒക്ടോബർ 13-ാം തീയതി - വടക്കെ മലബാറിലെ പഞ്ചാംഗം അനുസരിച്ച് 14-ാം തീയതി) കാർത്തിക നക്ഷത്രത്തിൽ ഒരു പുത്രൻ ജനിച്ചു. ഈ പുത്രനാണ് പിൽക്കാലത്ത് 'കേരളകായിക ലോകത്തിന്റെ പിതാവ്' എന്ന് പ്രസിദ്ധനായ കേണൽ ഗോദവർമ്മ രാജ (കേണൽ ജി.വി. രാജ).

വിദ്യാരംഭം നടത്തിയത് പണ്ഡിത ശ്രേഷ്ഠനായ പിതാവ് തന്നെയായിരുന്നു. എഴുത്തിനിരുത്തിയത് കൃഷ്ണ പണിക്കർ എന്ന ആശാനായിരുന്നു. ബാലപാഠങ്ങൾ പഠിപ്പിച്ചത് കാക്കര പണിക്കർ എന്നറിഞ്ഞിരുന്ന കുടുംബാശാനായിരുന്നു. സംസ്കൃതത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ചത് ചെമ്മരമ്പാടത്ത് നമ്പി ആയിരുന്നു. പ്രൈമറി വിദ്യാഭാസം പൂഞ്ഞാർ എടവക സ്പെഷ്യൽ സ്കൂളിൽ. പ്രിപ്പറേറ്ററി മുതൽ തേഡ് ഫോം (ഇന്നത്തെ ഏഴാം ക്ലാസ്സ്) വരെയുള്ള 'മിഡിൽ സ്കൂൾ വിദ്യാഭ്യാസം' പൂഞ്ഞാറ്റിലുള്ള എസ്സ്.എം.വി. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം എറണാകുളത്ത് മഹാരാജാസ് കോളേജിനോട് ചേർന്നുള്ള ഹൈസ്കൂളിലും കോട്ടയത്തുള്ള എം.ഡി. സെമിനാരി ഹൈസ്കൂളിലുമായിരുന്നു. കോളേജ് വിദ്യാഭ്യാസം മധുരയിലുള്ള അമേരിക്കൻ കോളേജിൽ ആയിരുന്നു. ഒരു ഡോക്ടറാകണമെന്നായിരുന്നു മോഹം.

അടുത്ത അദ്ധ്യയന വർഷം മദ്രാസ് മെഡിക്കൽ കോളേജിൽ അഡ്മിഷനും ലഭിച്ചു. എന്നാൽ തന്റെ ആഗ്രഹം പൂർത്തിയാക്കാൻ കഴിഞ്ഞില്ല; കാരണം ഒരു വിവാഹാലോചന ആയിരുന്നു. വധു രാജ്യം ഭരിക്കുന്ന രാജാവിന്റെ സ്വന്തം അനുജത്തി കാർത്തിക തിരുനാൾ ലക്ഷ്മീഭായി. അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യങ്ങളിൽ, "എന്റെ പഠിത്തം കഴിഞ്ഞ് കല്യാണം കഴിക്കാം" എന്ന് പറയാൻ നിർവ്വാഹമില്ലായിരുന്നു. 1934 ജനുവരി 25-ാം തീയതി തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത്, തേവാരത്തു കോയിക്കൽ വച്ച് പള്ളിക്കെട്ടു നടന്നു. അതോടെ ജി.വി. രാജായുടെ മുന്നിൽ രണ്ടു വഴികൾ തുറന്നു. ഒന്ന് സുഖലോലുപനായി അലസമായ ഒരു ജീവിതം. അല്ലെങ്കിൽ രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായ ഒരു ജീവിതം. അദ്ദേഹം രണ്ടാമത്തെ വഴിയിലേക്ക് ഇറങ്ങി, യാത്ര തിരിച്ചു.

കായിക വിനോദങ്ങളോട് കുട്ടിക്കാലം മുതൽക്കു തന്നെ വലിയ ഭ്രമമായിരുന്നു. ഫുട്ട്ബോൾ ആയിരുന്നു ഏറ്റവും ഇഷ്ടപ്പെട്ട കായിക വിനോദം. പിന്നെ, "മീനച്ചിൽ ആറ്റിൽ മഴക്കാലത്ത് വലിയ വെള്ളം വരുമ്പോൾ, കുറേ തലകൾ ഒഴുകി പോകുന്നതു കാണാം. അതിലൊന്ന് കൊച്ചേട്ടന്റെ ആയിരിക്കും... അനുജത്തിയുടെ വാക്കുകൾ. അനുജത്തി (ഇപ്പോഴത്തെ പൂഞ്ഞാർ വലിയ തമ്പുരാട്ടി അത്തംനാൾ അംബിക തമ്പുരാട്ടി) പറയുന്നു. "തിരുവനന്തപുരത്തു നിന്നും വരുമ്പോൾ, സാധാരണക്കാർക്ക് ഇങ്ങെത്തി വിശ്രമിക്കാനാണ്

തിടുക്കം. എന്നാൽ കൊച്ചേട്ടൻ ഈരാറ്റുപേട്ടയിലൊമറ്റൊ ഇറങ്ങി നടന്ന് 'മാവടി കുന്നു' കയറി ഇറങ്ങി ശാസ്താം കടവിൽ വന്ന് അവിടെ നിന്നും നടന്നു വരും. കാർ ഒരു മണിക്കൂർ മുൻപേ എത്തിയിരിക്കും. നടക്കാൻ അത്ര ഭ്രമമായിരുന്നു." അനുജൻ പി. കേരള വർമ്മ പറയുന്നു,: "മാർമല അരുവി ഉള്ള തീക്കോയി മലകളിൽ കൊച്ചേട്ടന്റെ നേതൃത്വത്തിൽ സംഘം ചേർന്നു പോകാറുണ്ട്. പെരിയാർ തടം, അയ്യപ്പൻ കോവിൽ, പുള്ളിക്കാനം, കോലാഹലമേട്, വാഗമൺ, തേക്കടി എന്നിവിടങ്ങളിലെല്ലാം നടന്നുതന്നെ പോയിട്ടുണ്ട്. വൻ മലകളും ഘോരവനങ്ങളും അപകടങ്ങൾ നിറഞ്ഞതായിരുന്നെങ്കിലും ഞങ്ങൾക്ക് പ്രിയങ്കരങ്ങളായിരുന്നു. ഈ സഞ്ചാരങ്ങൾക്കു ഞങ്ങളുടെ മാതാപിതാക്കൾ ഒരിക്കലും തടസ്സം പറഞ്ഞിട്ടില്ല. ക്ഷത്രിയനാണെങ്കിൽ എന്തും ധൈര്യത്തോടെ നേരിടാനുള്ള പ്രാപ്തി ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടു കൂടി ആയിരിക്കണം മാതാപിതാക്കൾ അനുവദിച്ചത്." പണ്ടുകാലത്ത് കാഞ്ഞിരമറ്റം കൊട്ടാരത്തിൽ ഒരു കളരി ഉണ്ടായിരുന്നു. 'വഞ്ചിത്തോട്ടത്ത് രാമൻ' എന്ന കളരി ആശാന്റെ മേൽനോട്ടത്തിലായിരുന്നു അത് പ്രവർത്തിച്ചിരുന്നത്. വാൾ പയറ്റ്, കുന്തപയറ്റ്, വടിവാൾ പയറ്റ്, പാദ പയറ്റ്, മുച്ചാൺ വടി പയറ്റ് എന്നിവയും മെയ്‌വഴക്കവും പഠിപ്പിച്ചിരുന്നു. പൂഞ്ഞാർ രാജകുടുംബത്തിലെ ഇപ്പോഴത്തെ വലിയ തമ്പുരാട്ടി, 98 വയസ്സോടടുക്കുന്ന അത്തം നാൾ അംബിക തമ്പുരാട്ടി മുച്ചാൺ വടി പ്രയോഗം വരെ പഠിച്ചിരുന്നു. ജി.വി. രാജായ്ക്ക് ഉപരിപഠനത്തിനു പുറത്തു പോകേണ്ടി വന്നതിനാൽ, പയറ്റു മുഴുവൻ പഠിക്കാനായില്ല. കായികലോകത്തിനു ജി.വി. രാജാ സംഭാവനകൾ നൽകാൻ തുടങ്ങിയത് പൂഞ്ഞാർ എസ്സ്.എം.വി. സ്കൂളിലിലെ ഫുട്ട്ബാൾ ഗ്രൗണ്ടിൽ നിന്നു തന്നെയായിരുന്നുവെന്നു പറയാം. പിന്നെ കോളേജിൽ പഠിക്കുന്ന കാലത്ത് ഫുട്ട്ബാൾ, ടെന്നീസ്, ക്രിക്കറ്റ് എന്നീ കളികളിലും ഏർപ്പെട്ടിരുന്നു. മധുര ഫുട്ട്ബാൾ ടീമിലെ അംഗമായിരുന്നു. മദ്രാസ് മെഡിക്കൽ കോളേജ് ക്രിക്കറ്റ് ടീമിലും അംഗമായിരുന്നു. 1931-ൽ 'മദ്രാസ് യൂണിവേഴ്സിറ്റി യൂണിയൻ' സ്ഥാപിതമായപ്പോൾ, പൂഞ്ഞാർ എന്ന കൊച്ചു ഗ്രാമത്തിൽ നിന്നും വന്ന ഗോദവർമ്മ എന്ന വിദ്യാർഥി അതിന്റെ പ്രഥമ പ്രസിഡന്റായി. അക്കാലത്തു തന്നെ അദ്ദേഹം എത്രമാത്രം പ്രിയങ്കരനായിരുന്നുവെന്ന് ഈ പദവി തെളിയിക്കുന്നു.

തിരുവിതാംകൂർ രാജകുടുംബത്തിലെ വിവാഹം അദ്ദേഹത്തിന്റെ ജന്മ വാസനകളെ പോഷിപ്പിക്കാനും, വികസിപ്പിക്കാനും ഫലവത്താക്കാനും സഹായിച്ചു എന്ന സത്യം മറച്ചു വയ്ക്കാനാകുന്നില്ല. വിവാഹാനന്തരം പല മേഖലകളിലും പ്രവർത്തിക്കാൻ തുടങ്ങി... ഒന്നാമതായി അദ്ദേഹം ചെയ്തത് 'ട്രാവൻകൂർ സ്റ്റേറ്റ് ഫോഴ്സസ്സിൽ (തിരുവിതാംകൂർ സൈന്യം) ചേർന്നു. അലസമായി രാജകൊട്ടാരത്തിൽ കഴിയാൻ അദ്ദേഹത്തിന്റെ ജന്മവാസനകൾ അനുവദിച്ചില്ല. ഒരു സാധാരണ പട്ടാളക്കാരനായി ചേർന്ന് ഒരു പട്ടാളക്കാരന് ആവശ്യമായ എല്ലാ പരിശീലനങ്ങളും കടമകളും വളരെ നിഷ്കർഷയോടെ തന്നെ അദ്ദേഹം പാലിച്ചു. സൈനിക പരിശീലനം ജീവിതചര്യകളിൽ പോലും മാറ്റം വരുത്തിയിരുന്നു. ഉദാഹരണത്തിന് അതിനു ശേഷം, മെത്തയിൽ കിടക്കാറില്ല; കട്ടിലിൽ കമ്പിളി വിരിച്ച് അതിലാണ് ഉറങ്ങുക. സൈനിക ജീവിതത്തിൽ അദ്ദേഹം ക്യാപ്റ്റനായും പിന്നീട് കേണലായും ഉയർത്തപ്പെട്ടു.

1937-ൽ തിരുവിതാംകൂർ സർവകലാശാല സ്ഥാപിതമായി. അതിൽ ഒരു 'ബോർഡ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ' സ്ഥാപിതമായപ്പോൾ, ജി.വി. രാജ അതിന്റെ പ്രസിഡന്റായി. ഒരലങ്കാര പദത്തിൽ തുടരുകയല്ല അദ്ദേഹം ചെയ്തത്. 'കായിക വൃത്തിയുടേയും' 'കായിക കഠിനാദ്ധ്വാനത്തിന്റേയും' മേന്മയും മഹത്വവും വിദ്യാർഥികൾ മനസ്സിലാക്കണമെന്ന ലക്ഷ്യത്തോടെ യൂണിവേഴ്സിറ്റിയിൽ ഒരു 'ലേബർ കോർ' സ്ഥാപിച്ചു. അതിന്റെ കമാൻഡന്റും അദ്ദേഹം തന്നെ ആയിരുന്നു. ആഴ്ചയിലൊരു ദിവസം അതിന്റെ പ്രവർത്തനത്തിനായി ഉഴിഞ്ഞു വച്ചു. കുണ്ടും കുഴിയും, ആയി കിടന്നിരുന്ന സ്ഥലം മമ്മട്ടിയും തൂമ്പയും ഉപയോഗിച്ച് വെട്ടി നിരത്തി; വിദ്യാർഥികളും അദ്ധ്യാപകരും, ജി.വി. രാജായും കൂടി. ആ പരിശ്രമത്തിന്റെ ഫലമാണ് നമുക്കെല്ലാം സുപരിചിതമായ 'യൂണിവേഴ്സിറ്റി സ്റ്റേഡിയം'. കേഡറ്റുകളുടെ ചിട്ടകളിൽ ആയുധ പരിശീലനവും കുതിര സവാരിയും ഉൾപ്പെടുത്തിയിരുന്നു. ഇക്കാലത്താണ് തിരുവിതാംകൂർ സർവകലാശാലയെ വിലയിരുത്താൻ ഭാരതത്തിലെ പതിനാറ് സർവകലാശാല

കളിലെ വൈസ് ചാൻസലറുമാരെ ക്ഷണിച്ചത്. മനോവികാസത്തിനൊപ്പം ശാരീരിക വികാസവും സാധ്യമാകുന്ന ഈ പദ്ധതിയെ അവരെല്ലാം മുക്തകണ്ഠം പ്രശംസിച്ചു. അവരും പണി നടക്കുന്ന സ്ഥലത്തേക്കിറങ്ങി. മണ്ണു നിറച്ചു വച്ചിരുന്ന ഒരു 'വീൽ ബാരോ' യിൽ പിടിച്ച് അവരും പങ്കുചേരുന്നതിന്റെ പ്രതീകാത്മകമായി കുറച്ചു ദൂരം തള്ളി. ആദ്യം തള്ളിയ വൈസ് ചാൻസലറാണ് പിൽക്കാലത്ത് ഇൻഡ്യയുടെ രാഷ്ട്രപതിയായ 'ഫിലോസഫർ സ്റ്റേറ്റ്സ്മാൻ' സർവ്വെപ്പള്ളി രാധാകൃഷ്ണൻ (അന്നുള്ള 16 വൈസ്ചാൻസലറുമാരും ഒന്നിനൊന്ന് മെച്ചപ്പെട്ടവരായിരുന്നു). യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഇന്നു കാണുന്ന പവിലിയൻ ജി.വി. രാജായുടെ 60-ാം പിറന്നാളിനു പണിതതാണ്. അത് ഉദ്ഘാടനം ചെയ്തത് കേരള ഗവർണർ വി.വി. ഗിരി ആയിരുന്നു. ആ അവസരത്തിൽ, അദ്ദേഹം ഇപ്രകാരം പറഞ്ഞു, "എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ഇപ്പോൾ ഇൻഡ്യക്ക് പുറത്ത് വിദേശ യാത്രയിലാണ് അതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. കാരണം അദ്ദേഹം ഉണ്ടായിരുന്നെങ്കിൽ ഇതിന് അദ്ദേഹത്തിന്റെ പേര് ഇടാൻ ഒരിക്കലും സമ്മതിക്കുകയില്ലായിരുന്നു." ഇവിടെ ഗീതയിലെ രണ്ടു വരികൾ ഓർത്തു പോവുകയാണ്. "അനാശ്രിത കർമ്മഫലം - കാര്യം കർമ്മ കരോതി യ:" (കർമ്മഫലത്തെ ആശ്രയിക്കാതെ കർത്തവ്യത്തെ ചെയ്തയാൾ) അതാണ് ജി.വി. രാജ.

വിംബിൾഡൺ, ഫ്രെഞ്ച് എന്നീ ടെന്നീസ് ഗ്രാൻസ്ലാം മത്സരങ്ങളിലെ വിജയികളായ വില്യം ടിൽഡെൻ (അമേരിക്ക), ഹെൻറി ക്രോഷെ (ഫ്രാൻസ്), എംബെർക്ക്, റാമില്ലൺ (ഇംഗ്ലണ്ട്) എന്നിവർ ഭാരതം സന്ദർശിക്കാൻ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ, ഓൾ ഇൻഡ്യ ടെന്നീസ് അസ്സോസിയേഷൻ ഭാരവാഹികളുമായി ബന്ധപ്പെടുകയും ഈ വിശിഷ്ട താരങ്ങളെ തിരുവനന്തപുരത്തേക്ക് ക്ഷണിക്കുകയും ചെയ്തു. ഇവർക്കു കളിക്കുവാൻ വേണ്ടി ഒരു ടെന്നീസ് കോർട്ട് പ്രത്യേകമായി തയ്യാറാക്കി. 1938 ജനുവരി 30-ാം തീയതി ടിൽഡെനും, ക്രോഷെയും, എംബെർക്കും, റാമില്ലണും ഒപ്പം ഇൻഡ്യയിലെ പ്രമുഖ താരങ്ങളായ ഗൗസ് മുഹമ്മദ്ദും, രാമറാവുവും തിരുവനന്തപുരം നഗരിയിൽ ഒരു ടെന്നീസ് വിരുന്നു തന്നെ കാഴ്ചവച്ചു. ഈ മത്സരങ്ങളെ തുടർന്നാണ് തിരുവനന്തപുരത്ത് ഒരു ടെന്നീസ് ക്ലബ്ബ് തുടങ്ങണമെന്ന ആഗ്രഹം ജി.വി. രാജായിൽ ഉണ്ടായതും ഫലവത്തായതും.

തിരുമേനിക്ക് (എല്ലാവരും ജി.വി. രാജായെ അങ്ങിനേയും വിളിച്ചിരുന്നു) ഇഷ്ടമുള്ള ഫുട്ട്ബാൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടി 1943-ൽ 'ട്രാവൻകൂർ ഫുട്ട്ബാൾ അസ്സോസിയേഷൻ' സ്ഥാപിച്ചു. പ്രസിഡന്റ് തിരുമേനി തന്നെ. പിന്നീട് ഈ സംഘടന 'തിരു - കൊച്ചി അസ്സോസിയേഷൻ' ആവുകയും, കേരളം രൂപീകൃതമായപ്പോൾ 'കേരള അസ്സോസിയേഷൻ ആവുകയും ചെയ്തു. 1966 വരെ തിരുമേനി പ്രസിഡന്റ് ആയിരുന്നു.

ഒരു ജനതയുടെ കായികവും മാനസികവുമായ വളർച്ചയ്ക്ക് കായിക വിനോദങ്ങൾക്ക് എത്ര മാത്രം പ്രാധാന്യമുണ്ടെന്ന് ജി.വി. രാജായ്ക്ക് കേരള സർക്കാരിനെ ബോധ്യപ്പെടുത്താൻ സാധിച്ചു. അതിന്റെ ഫലമായി സർക്കാർ മേൽനോട്ടത്തിൽ ഒരു 'സ്പോർട്സ് കൗൺസിൽ' രൂപീകൃതമായി. ഭാരതത്തിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു സംഘടന രൂപീകൃതമായത്. അതിന്റെ പ്രസിഡന്റായി തിരുമേനി തന്നെ ആയുഷ്കാലം തുടരുകയും ചെയ്തു.

'കേരള അക്വാട്ടിക്ക് അസ്സോസിയേഷൻ' സ്ഥാപിച്ചതും തിരുമേനി തന്നെ. ചീഫ് എഞ്ചിനീയർ ആയിരുന്ന വി.പി. നാരായണൻ നായരുടെ സഹായത്തോടെ, ബെർളിൻ ഒളിമ്പിക്സിൽ ഉണ്ടായിരുന്ന നീന്തൽകുളത്തിന്റെ അതേ അളവിലും മാതൃകയിലും ഒരു നീന്തൽ കുളം തിരുവനന്തപുരത്തും പണിതു. 1964-ലും 1968-ലും 'നാഷണൽ അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പ്' തിരുവനന്തപുരത്തു വച്ചു നടത്താൻ സാധിച്ചു.

ക്രിക്കറ്റിനോട് ഭ്രമമുണ്ടായിരുന്നതിനാൽ 'ട്രാവൻകൂർ ക്രിക്കറ്റ് അസ്സോസിയേഷൻ' സ്ഥാപിച്ചു. അത് പിന്നീട് 'കൊച്ചിൻ അസ്സോസിയേഷനും', 'കേരള അസ്സോസിയേഷനും' ആയി രൂപാന്തരപ്പെട്ടു. ഓൾ ഇൻഡ്യ ക്രിക്കറ്റ് ബോർഡ് വൈസ് പ്രസിഡന്റ് ആയും (ബി.സി.സി.ഐ.) കേരള ഒളിമ്പിക് അസ്സോസിയേഷന്റെ പ്രസിഡന്റ് ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ചെക്കൊസ്ലോവാക്യയിലെ 'തത്രാസ്' പർവത നിരകളിൽ, പ്രവർത്തിക്കുന്ന 'മൗണ്ടനീയറിങ്

ഇൻസ്റ്റിറ്റ്യൂട്ടിൽ' കയറുകൾ ഉപയോഗിച്ച് അവിടുത്തെ പർവത നിരകളിൽ കയറുവാൻ തിരുമേനിക്ക് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. കുട്ടിക്കാലം മുതൽ കിഴുക്കാം തൂക്കായ മലനിരകളിൽ വിനോദസഞ്ചാരങ്ങൾ നടത്തിയിരുന്നത് സഹായിച്ചിരിക്കാം. തിരിച്ചുവന്ന തിരുമേനിക്ക് ഇൻഡ്യയിലും ഒരു 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്' തുടങ്ങണമെന്ന ആഗ്രഹം ജനിച്ചു. എവറസ്റ്റ് കൊടുമുടി ആദ്യമായികീഴടക്കിയ മഹാനായ പർവതാരോഹകൻ ടെൻസിങ്ങ് നോർഗെയുമായി ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ ഉപദേശത്തോടും സഹായത്തോടും കൂടി ഡാർജിലിങ്ങിൽ ഒരു 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുകയും ചെയ്തു. പിന്നീട് 'കേരള മൗണ്ടെനീയറിങ്ങ് അസ്സോസിയേഷൻ' എന്നൊരു സ്ഥാപനം തുടങ്ങാനായി പരിശ്രമം. നേപ്പാളിൽ നിന്നും പർവതാരോഹണ വിദഗ്ധരെ ക്ഷണിച്ചുവരുത്തി നെയ്യാർ ഡാമിൽ സ്ഥാപിച്ച 'മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിനു' ഇവരുടെ സേവനം ലഭ്യമാക്കി. കേരള സ്പോർട്സ് കൗൺസിൽ വഴി, കേരള സർക്കാർ ഈ സ്ഥാപനത്തിനു ഗ്രാന്റും നൽകി.

കായിക വിനോദങ്ങളിൽ വിജയികളായവരെ ആദരിക്കാൻ ഒരു 'വിക്ടറി സ്റ്റാൻഡ്' കേരളത്തിൽ ആദ്യമായി ഏർപ്പെടുത്തിയത് തിരുമേനി ആയിരുന്നു.

ഇന്ന് തിരുവനന്തപുരം ഒരു 'അന്താരാഷ്ട്ര വിമാനത്താവളം' ആണെങ്കിൽ അതിന്റെ പിന്നിലെ ശക്തി തിരുമേനി ആയിരുന്നു. അവിടെ തിരുമേനിയുടെ വലിയ ഛായാചിത്രം വച്ച് ആദരിക്കപ്പെടുന്നു.

അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ തിരുവനന്തപുരത്ത് ഒരു ഫ്ളയിങ്ങ് ക്ലബ്ബ് ആരംഭിച്ചു. വിമാനം പറപ്പിക്കൽ പഠിക്കാനായി ബാംഗ്ലൂരിൽ നിന്നും 'പുഷ്പക്' എന്ന വിമാനവും വരുത്തി. ഫ്ളയിങ്ങ് ക്ലബ്ബിലെ പ്രഥമ വിദ്യാർഥിയും അദ്ദേഹം തന്നെ. 1967–ൽ തിരുമേനി 'ഏറോ ക്ലബ്ബ് ഓഫ് ഇൻഡ്യ' യുടെ പ്രസിഡന്റ് ആയി. ഫ്ളയിങ്ങിലും വിമാനത്താവളങ്ങളുടെ വികസനത്തിനും മറ്റും കാണിച്ചിരുന്ന താൽപര്യങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഫലമായി, 'ലൗസാനെ' (ഫ്രെഞ്ച് ഭാഷ സംസാരിക്കുന്ന സ്വിറ്റ്സെർലന്റിന്റെ ഭാഗം) ആസ്ഥാനമായുള്ള 'ഫെഡെറേഷൻ ഓഫ് ഏറോനോട്ടിക്കൽ ഇന്റർനാഷണലിൽ' (എഫ്.എ.ഐ) വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

ജി.വി. രാജാ എക്കാലത്തും നിർഭയനും, സാഹസികനുമായിരുന്നു. വിമാനത്തിൽ അതി സാഹസികമായ അഭ്യാസ പ്രകടനങ്ങൾ നടത്തുന്നതിൽ ലോക ചാമ്പ്യൻ ആയിരുന്ന, ചെക്കൊസ്ലൊവാക്യക്കാരൻ ക്യാപ്റ്റൻ വിസ്ക് അഭ്യാസ പ്രകടനത്തിനുപയോഗിക്കുന്ന 'ട്രെനർ മാസ്റ്റെർ സ്ലിൻ' എന്ന വിമാനവുമായി (എയ്റോബാറ്റിക്ക് എയർക്രാഫ്റ്റ്) തിരുവനന്തപുരത്തു വന്നു. അര മണിക്കൂർ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് (പലപ്പോഴും പേടിയും തോന്നും) മാത്രം ദർശിക്കാവുന്ന അദ്ദേഹത്തിന്റെ അഭ്യാസ പ്രകടനങ്ങൾക്കു ശേഷം വിമാനം നിലത്തിറക്കി. കാണികളുടെ ശ്വാസം ഒന്നു നേരെ വീഴാൻ തുടങ്ങുന്നതേ ഉണ്ടായിരുന്നുള്ളു. വിസ്ക് തിരുമേനിയുടെ അടുക്കൽ ചെന്ന് "എന്താ പറക്കാൻ വരുന്നോ?" എന്നു ചോദിച്ചു. തിരുമേനിയുടേ ഉത്തരം "വൈ നോട്ട്?" സത്യത്തിൽ എല്ലാരും ഒന്നു ഞെട്ടി. തിരുമേനിക്ക് യാതൊരു കൂസലുമില്ല. ക്യാപ്റ്റൻ വിസ്ക് കൊടുത്ത, യുദ്ധവിമാനങ്ങൾ പറപ്പിക്കുന്ന വൈമാനികന്റെ വേഷത്തിൽ ക്യാപ്റ്റൻ വിസ്കിനോടൊപ്പം വിമാനത്തിൽ കയറി. വിമാനം പറന്നുയർന്നു. പിന്നങ്ങോട്ട് അഭ്യാസങ്ങളായിരുന്നു. കുത്തനെ പറന്നുയരുക, മലർന്നു പറക്കുക, കരിയില വീഴുന്നതു പോലെ താഴോട്ടു വീഴുക, ഉരുളുക എന്നിങ്ങനെ പല തരത്തിലുള്ള അഭ്യാസങ്ങൾ തിരുമേനിയേയും വച്ചുകൊണ്ട് ക്യാപ്റ്റൻ വിസ്ക് കാണിച്ചു. പത്തു മിനിറ്റ് കഴിഞ്ഞ് വിമാനം താഴത്തിറക്കി. തിരുമേനി യാതൊരു കൂസലും കൂടാതെ അവിടെ കൂടി നിന്നവരുടെ അടുത്തേക്ക് വന്ന്, "പറക്കുന്നതിനിടെ ക്യാപ്റ്റൻ വിസ്ക് എന്നോട് എങ്ങിനെയുണ്ട്? എന്നു ചോദിച്ചു. ഞാൻ ജീവനോടെ ഇരിക്കുന്നുണ്ടോ എന്നു അറിയാൻ ചോദിച്ചതായിരിക്കും" എന്ന് ചിരിച്ചുകൊണ്ട് തന്നെ പറഞ്ഞു. ഉരുളുകയും, മറിയുകയും, പൊടുന്നനെ താഴോട്ടു വീഴുകയും മറ്റും ചെയ്യുന്ന ഒരു വിമാനത്തിൽ ചെറുപ്പക്കാർക്കു പോലും പലപ്പോഴും വിഷമമായിരിക്കും. പേടിയോ പോകട്ടെ. തിരുമേനിക്ക് വയസ്സപ്പോൾ അറുപത് കഴിഞ്ഞിരുന്നുവെന്നു കൂടി ഓർക്കേണ്ടതുണ്ട്. ഈ സംഭവത്തിന്റെ ദൃക്സാക്ഷി

തന്നെയാണ് ഈ വരികൾ എഴുതുന്നത്. ഓർക്കുമ്പോൾ ഇപ്പോൾ പോലും ഒരു ഞെട്ടൽ.

ജി.വി. രാജായുടെ ജീവചരിത്രത്തിൽ മാത്രമല്ല, ഇൻഡ്യാ ചരിത്രത്തിലും, ലോക ചരിത്രത്തിൽ തന്നെയും രേഖപ്പെടുത്തി വയ്ക്കേണ്ട ഒരു സംഭവം ഡൽഹിയിൽ ഉണ്ടായി. എഫ്.എ.ഐ.യുടെ 63-ാം സമ്മേളനം ഡൽഹിയിൽ വച്ചു നടന്നു. ആ വാർഷികത്തിൽ വച്ച് ഇൻഡ്യ, റഷ്യൻ ശൂന്യാകാശ സഞ്ചാരികളേയും അമേരിക്കൻ ശൂന്യാകാശ സഞ്ചാരികളേയും ആദരിക്കണമെന്ന് വാദിച്ചു. (അക്കാലത്ത് അത് ഒരു അൽഭുത സംഗതി ആയിരുന്നല്ലൊ). 1970 നവംബറിൽ ആ അഗ്രഹം സഫലീകൃതമായി. അക്കാലത്ത് റഷ്യയും അമേരിക്കയും തമ്മിലുള്ള ശീതയുദ്ധം അതിന്റെ മൂർദ്ധന്യത്തിലായിരുന്നു. അതുകാരണം ഈ രണ്ടു കൂട്ടരേയും ഒരുമിച്ച് ആദരിക്കുക എന്നത് അസാധ്യം തന്നെയെന്ന് പലരും വാദിച്ചു. (അവരെല്ലാം ഉന്നത ഉദ്യോഗസ്ഥന്മാരും, ഡിപ്ലോമാറ്റുകളും മറ്റുമായിരുന്നു). എന്നാൽ തിരുമേനിയുടെ സുഹൃത്തായിരുന്ന അമേരിക്കൻ സ്ഥാനപതി ചെസ്റ്റർ ബൗൾസിന്റെ സഹായത്തോടെ രണ്ടു കൂട്ടരേയും ഒരുമിച്ചാദരിക്കുകയും ഒരുമിച്ച് ഒരു അത്താഴ വിരുന്ന് നൽകുകയും ചെയ്തു. കുറച്ചുനാൾ കഴിഞ്ഞ് തിരുമേനി റഷ്യ സന്ദർശിച്ചപ്പോൾ, ശൂന്യാകാശ സഞ്ചാരിയായ യൂറി ഗഗാറിനേയും, ശൂന്യാകാശ ഗവേഷണവുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും കാണുകയുണ്ടായി. ആ അവസരത്തിൽ, അവർ തിരുമേനിക്ക് സ്വർണ്ണത്തിൽ നിർമ്മിച്ച 'സ്പുടിനി'ക്കിന്റെ (റഷ്യൻ ശൂന്യാകാശ പേടകം) ഒരു മാതൃക നൽകുകയുണ്ടായി.

കായിക വിനോദ മേഖല കഴിഞ്ഞാൽ തിരുമേനി ശ്രദ്ധ കേന്ദ്രീകരിച്ചത്, വിനോദസഞ്ചാര മേഖലയിലേക്കാണ്. കേരളത്തെപ്പോലെ പ്രകൃതി രമണീയമായ ഒരു ഭൂപ്രദേശത്ത് അതിനുള്ള സാധ്യത ഏറെയുണ്ടെന്ന് അദ്ദേഹത്തിനു ബോധ്യമായിരുന്നു. അക്കാലത്ത് വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഒരു സംവിധാനം ഇല്ലാതിരുന്നതിനാൽ, അദ്ദേഹം തന്നെ മുൻകൈ എടുത്ത് 'കേരളാ ട്രാവൽസ്' എന്നൊരു സ്ഥാപനം ആരംഭിച്ചു. ക്രമേണ വിനോദസഞ്ചാരത്തിന്റെ പ്രാധാന്യം കേരള സർക്കാരിനു ബോധ്യപ്പെടുകയും, 'കേരള ടൂറിസം ആൻഡ് ഹാൻഡിക്രാഫ്റ്റ്സ് കോർപ്പറേഷൻ' എന്നൊരു സ്ഥാപനത്തിനു രൂപം നൽകുകയും, തിരുമേനിയെ തന്നെ അതിന്റെ പ്രസിഡന്റായി നിയമിക്കുകയും ചെയ്തു. ഇത്തരത്തിലൊരു സ്ഥാപനം ഭാരതത്തിൽ തന്നെ ഒന്നാമത്തേതായിരുന്നു.

10 കിലോമീറ്ററിൽ കൂടുതൽ ദൂരമുള്ള, ശംഖുമുഖത്തു നിന്നും കോവളം വരെ സമുദ്രത്തിൽ കൂടി ഒരു നീന്തൽ മത്സരം തിരുമേനി സംഘടിപ്പിച്ചിരുന്നു. അതിലെ പ്രത്യേകത അതിൽ തിരുമേനിയും പങ്കെടുത്തിരുന്നുവെന്നുള്ളതാണ്. ചാളത്തടി (കട്ടമരം) മത്സരവും നടത്തിയിട്ടുണ്ട്. സർക്കാരിന്റെ അംഗീകാരത്തോടെ വേളിയിൽ ഒരു ബോട്ട്ക്ലബ്ബും നെയ്യാർ ഡാമിൽ വിനോദ സഞ്ചാര സൗകര്യങ്ങളും ശംഖുമുഖത്ത് റിക്രിയേഷൻ സൗകര്യങ്ങളും ഏർപ്പെടുത്തി.

ഭാരതത്തിലെ തന്നെ രണ്ടാമത്തെ ഗോൾഫ് ക്ലബ്ബ് എന്ന് വിശേഷിപ്പിക്കാവുന്ന ആ കായിക വിനോദ കേന്ദ്രം ഒരു നിർജ്ജീവാവസ്ഥയിലായിരുന്നു. തിരുമേനി അതിനെ പുനരുജ്ജീവിപ്പിക്കയും, ഇന്ന് വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

1971 ഏപ്രിൽ മാസം 30-ാം തീയതി, കുളു താഴ്വരയിലുണ്ടായ വിമാനാപകടത്തിൽ അദ്ദേഹം മൃതിയടഞ്ഞു. എവിടെ കിടന്നു മരിച്ചാലും 'സംസ്കാരം' പൂഞ്ഞാർ രാജകുടുംബം വകയായ കണ്ണോത്തു പറമ്പു ശ്മശാനത്തിലായിരിക്കണം എന്നദ്ദേഹം നിർദ്ദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയൻ പി.കെ.ആർ.വി. രാജാ അത് കൃത്യമായി തന്നെ നിർവഹിക്കുക്കയും ചെയ്തു.

**ജി.വി. രാജ – ഒറ്റ നോട്ടത്തിൽ**

സ്ഥാപക പ്രസിഡന്റ് – 1. ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്. 2. കേരള ഫുട്ബാൾ അസ്സോസിയേഷൻ 3. സ്പോർട്സ് കൗൺസിൽ (ഇൻഡ്യയിൽ ആദ്യമായി) 4. കേരള മൗണ്ടനീയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് 5. കേരള അക്വാട്ടിക്ക് അസ്സോസിയേഷൻ 6. കേരള ഫ്ളൈയിങ്ങ് ക്ലബ്ബ് 7. കേരളാ ട്രാവൽസ് 8. ട്രിവാൻഡ്രം ബോട്ട് ക്ലബ്ബ് 9. ട്രാവങ്കൂർ – കൊച്ചിൻ ക്രിക്കറ്റ് അസ്സോസിയേഷൻ.

10. ഡയറക്ടർ – ബോർഡ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ– ട്രാവൻകൂർ യൂണിവേഴ്സിറ്റി.

11. കമാൻഡന്റ് – ലേബർ കോർ.

12. പ്രസിഡന്റ് – ആൾ ഇൻഡ്യ ടെന്നിസ് അസ്സോസിയേഷൻ

13. വൈസ് പ്രസിഡന്റ് – ബോർഡ് ഓഫ് കൺട്രോൾ ഫോർ ക്രിക്കറ്റ് ഇൻ ഇൻഡ്യ. (ബി.സി.സി.ഐ)

14. വൈസ് പ്രസിഡന്റ് – എയ്റോ ക്ലബ്ബ് ഓഫ് ഇൻഡ്യ.

15. വൈസ് പ്രസിഡന്റ് – ഫെഡറേഷൻ ഓഫ് ഏറോനാട്ടിക്കൽ ഇന്റർനാഷണൽ, ലൗസാനെ, സ്വിറ്റ്സർലൻഡ്

16. ഡാർജിലിങ്ങ് മൗണ്ടനിയറിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്‘ (ഹിമാലയം) ടെൻസിങ്ങ് നോർഗേയുടെ സഹായത്തോടെ സ്ഥാപിച്ചു.

18. പ്രസിഡന്റ് – ടൂറിസം കൗൺസിൽ – കേരള

## ശ്രീ ചിത്തിര തിരുനാൾ

കിളിമാനൂർ കൊട്ടാരത്തിൽ പരമ സാത്വികനും സംസ്കൃത പണ്ഡിതനും ബി.എ. ഗ്രാഡുവേറ്റുമായ രവിവർമ്മ കൊച്ചുകോയിത്തമ്പുരാന്റേയും മൂലംതിരുനാൾ ജൂനിയർ റാണി സേതു പാർവതി ഭായിയുടേയും സീമന്ത പുത്രനായി ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ തിരുവനന്തപുരം കോട്ടയ്ക്കകത്ത് തേവാരത്തു കോയിക്കൽ 1912 നവംബർ 7-ന് ഭൂജാതനായി.

പ്രാഥമിക വിദ്യാഭ്യാസവും, ഉപരിപഠനങ്ങളുമെല്ലാം ദേശീയവും വിദേശീയവുമായ പ്രഗൽഭരായ അധ്യാപകരുടേ ശിക്ഷണത്തിലായിരുന്നു. 1929–30 കളിൽ ഭരണ പരിചയം നേടുവാനായി അന്ന് ഇൻഡ്യയിലെ ഭരണ നിപുണന്മാരിൽ അഗ്രഗണ്യനെന്ന് പ്രസിദ്ധനായിരുന്ന പി.സി. ദത്ത് ഐ.സി.എസ്സ്-ന്റെ ശിക്ഷണത്തിൽ ഒരു വർഷം മൈസൂറിൽ ഭരണപഠനം നടത്തുകയുണ്ടായി. അക്കാലത്ത് ഇൻഡ്യയിലെ ‘മോഡൽ സ്റ്റേറ്റ്’ മൈസൂറായിരുന്നു.

1924–ൽ ശ്രീമൂലം തിരുനാൾ നാടു നീങ്ങിയപ്പോൾ, ശ്രീ ചിത്തിരതിരുനാളിന് രാജ്യഭാരം ഏൽക്കുവാനുള്ള പ്രായപൂർത്തി ആയിരുന്നില്ല. അതു കാരണം 1924 മുതൽ 1931 വരെ, അദ്ദേഹത്തിന്റെ വല്ല്യമ്മ സീനിയർ റാണി പൂരാടം തിരുനാൾ സേതു ലക്ഷ്മീ ഭായി ‘റീജെന്റ്’ ആയി തിരുവിതാംകൂർ രാജ്യം ഭരിച്ചു. 1931 നവംബർ 6–ാം തീയതി, ശ്രീ ചിത്തിര തിരുനാൾ രാജ്യഭാരമേറ്റു.

ഒരു രാജ്യത്തിന്റെ രാജാവായിരുന്ന ശ്രീ ചിത്തിരതിരുനാൾ രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി എന്തു ചെയ്തു എന്ന കാര്യങ്ങളേക്കാൾ ആദ്യമായി ശ്രീ ചിത്തിരതിരുനാൾ എന്ന മനുഷ്യനെ, വ്യക്തിയെ ഒന്നു പരിചയപ്പെടുത്തട്ടെ.

ശ്രീ ചിത്തിരതിരുനാൾ ഒരു മഹാരാജാവാണ്, സമ്പന്നനാണ്. എന്നാൽ ഒരു മാലയോ മോതിരമോ മറ്റ് ആടയാഭരണങ്ങളോ ഒന്നും അണിഞ്ഞ് അദ്ദേഹത്തെ കാണാൻ സാധിക്കുമായിരുന്നില്ല. മതപരമായതോ, രാഷ്ട്രീയമായി ബന്ധപ്പെട്ടതോ ആയ ചടങ്ങുകളിൽ, അവയ്ക്ക് വിധിച്ചിട്ടുള്ള വേഷവിധാനങ്ങൾ ആ അവസരത്തിൽ മാത്രം ധരിക്കും അത്രതന്നെ. പിന്നെ ഒരു മഹാരാജാവായ അദ്ദേഹത്തിനു എന്തെങ്കിലും ആഡംബരം ഉണ്ടെന്ന് പറയണമെന്നത് നിർബന്ധമാണെങ്കിൽ, അത് രാവിലേയും വൈകുന്നേരവും ഓരോ അലക്കിയ മുണ്ടും ഓരോ കൗപീനവും വേണമെന്ന നിർബന്ധം മാത്രമായിരുന്നു. അതിനു കാരണം രാവിലേയും വൈകുന്നേരവും അദ്ദേഹത്തിനു കുളിയും ജപവും പൂജയും ഉണ്ടായിരുന്നതു കൊണ്ടാണ്.

തിരുവിതാംകൂർ രാജകുടുംബത്തിന്റെ ‘കുലദൈവം’ ശ്രീ പദ്മനാഭ സ്വാമി ആണ്. ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രം പഠിക്കുന്ന ഒരാളെ വിസ്മയിപ്പിക്കുന്നത് ആ ക്ഷേത്രവും തിരുവിതാംകൂർ രാജകുടുംബവുമായുള്ള അഭേദ്യമായ ബന്ധമാണ്. സഹസ്രാബ്ദങ്ങൾക്കു മുൻപു മുതൽ, എ.ഡി. 2014 വരെ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രമില്ലെങ്കിൽ തിരുവിതാംകൂർ രാജകുടുംബമില്ല, തിരുവിതാംകൂർ രാജകുടുംബമില്ലെങ്കിൽ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രവും ഇല്ലാതാവുമോ എന്നു തോന്നിക്കുമാറുള്ള ബന്ധമായിരുന്നു അത്. കൊല്ലവർഷം 925 മകരം 5–ാം തീയതി/എ.ഡി. 1750 ജനുവരി 17–ാം തീയതി, അനിഴംതിരുനാൾ മാർത്താണ്ഡ വർമ്മ ‘തൃപ്പടി ദാനത്തിൽ’ കൂടി തിരുവിതാംകൂർ രാജ്യം ശ്രീ പദ്മനാഭനു സമർപ്പിച്ചു. അന്നുമുതൽ ശ്രീ പദ്മനാഭസ്വാമി തിരുവിതാംകൂറിന്റെ യഥാർഥ രാജാവായി. തിരുവിതാംകൂർ രാജാവ് എന്ന് ജനങ്ങൾ വിളിക്കുന്ന മനുഷ്യൻ ശ്രീ

പദ്മനാഭസ്വാമിയുടെ രാജ്യം ഭരിക്കുന്ന ഒരു 'ദാസൻ' മാത്രം. അന്നുമുതൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ 'ശ്രീ പദ്മനാഭ ദാസന്മാർ' ആയി.

ചേര രാജവംശജനും, ശ്രീ ചിത്തിര തിരുനാളിന്റെ പൂർവ്വികനുമായിരുന്ന 'കുലശേര ആൾവാറെ'പ്പോലെ ശ്രീ പദ്മനാഭ ഭക്തിയിൽ ആണ്ടുകിടന്ന ഒരു ജീവിതമായിരുന്നു ശ്രീ ചിത്തിര തിരുനാളിന്റേതും. മഹാരാജാവ് ശ്രീ പദ്മനാഭ ദർശനം എന്നും രാവിലെ കൃത്യ സമയത്തു തന്നെ നടത്തിയിരുന്നു. അതിനു മുടക്കം വരുന്നത് യാത്രാ വേളകളിലോ, ദേഹാസ്വാസ്ഥ്യം ഉള്ള അവസരങ്ങളിലോ മാത്രമായിരിക്കും. ഇത് ഒരു ആദ്ധ്യാത്മിക വശം. ഈ ദർശനത്തിനു ഒരു ഭൗതിക, രാഷ്ട്രീയ വശം കൂടിയുണ്ട്. തിരുവിതാംകൂർ മഹാരാജാവ് ശ്രീ പദ്മനാഭ സ്വാമിയുടെരാജ്യം ഭരിക്കുന്ന ദാസനാണ്. എന്നും ഭഗവാന്റെ മുൻപിൽ കാര്യങ്ങൾ സമർപ്പിച്ചിരിക്കണം. രാജ്യത്തിന്റേയും ജനങ്ങളുടേയും സുഖവും ദുഃഖവും അവിടെ അറിയിച്ചിരിക്കണം. എന്താണു ചെയ്യേണ്ടതെന്ന് കാണിച്ചുതരാൻ പ്രാർഥിക്കണം. ശ്രീ പദ്മനാഭ ദർശനം മുടങ്ങിയാൽ പിഴ ഒടുക്കി പ്രായശ്ചിത്തം ചെയ്യണം. കടുകിട വ്യതാസമില്ലാതെ തിരുവിതാംകൂർ രാജാക്കന്മാർ അതു ചെയ്യുമായിരുന്നു. ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഒരു മാതൃക മഹാരാജാവിന്റെ തേവാരമായിരുന്നു. അവിടെയായിരുന്നു നിത്യപൂജകൾ അദ്ദേഹം നടത്തിയിരുന്നത്. നാടു നീങ്ങിയതിനു ശേഷം ആ തേവാരം ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിനകത്തു വച്ച് നിത്യ പൂജാദികർമ്മങ്ങൾ നടത്തിപ്പോരുന്നു.

വേഷവിധാനം ഒരു മുണ്ടും ഒരു വെള്ള ഷർട്ടുമായിരുന്നു. പലപ്പോഴും കറാൽക്കടയിൽ നിന്നുള്ള ഒരു തോർത്തും അരയിൽ ചുറ്റിയിരുന്നു. പിൽക്കാലത്ത് ഭാഗിനേയർ വിദേശത്തു നിന്നും 'അമ്മാവനു' വേണ്ടി കൊണ്ടുവന്നിരുന്ന ഉടുപ്പുകളും ഉപയോഗിക്കുമായിരുന്നു. തികഞ്ഞ സസ്യഭുക്കാണ്. വളരെ ലളിതമായ ആഹാരം. കാപ്പി, ചായ എന്നിവയോട് ഭ്രമമില്ല. പാൽ, ഹോർലിക്സ്. ഓവൽറ്റിൻ മുതലായവയായിരുന്നു കൂടുതൽ ഇഷ്ടം. ലഹരി പദാർഥങ്ങൾ ഒന്നുംതന്നെ ഉപയോഗിച്ചിരുന്നില്ല. ഉച്ചഭക്ഷണം കഴിഞ്ഞാൽ മുകളിൽ അദ്ദേഹത്തിന്റെ മുറിയുടെ അടുത്തുള്ള ഒരു വരാന്തയിൽ ഒരു മടക്കുകട്ടിലിൽ വിരിച്ചിട്ടുള്ള ഒരു മെത്തപ്പായയിൽ കുറച്ചു സമയം വിശ്രമിക്കാറുണ്ടായിരുന്നു.

മറ്റൊരു കാര്യം ഓർമ്മയിൽ വരുന്നത് അദ്ദേഹം സന്ദർശകരെ സ്വീകരിക്കുന്ന രീതിയാണ്. മഹാരാജാ പദവി ഉണ്ടായിരുന്നപ്പോഴും അത് നഷ്ടപ്പെട്ട് സാധാരണ പൗരൻ ആയപ്പോഴും സന്ദർശകരെ സ്വീകരിക്കുന്ന പതിവിനു മാറ്റമുണ്ടായിരുന്നില്ല. സന്ദർശകരിൽ പല മേഖലകളിലും നിന്നുള്ള ആളുകൾ ഉണ്ടാവും. അവരെ അവരുടെ സ്ഥാനമാനങ്ങൾക്കനുസരിച്ച് സ്വീകരിക്കേണ്ടതും മര്യാദ ആണല്ലൊ, കടമയാണല്ലൊ. പ്രധാനികളായ സന്ദർശകരെ കാണുവാനുള്ള മുറിയിലേക്ക് ആനയിച്ചു കഴിഞ്ഞാൽ, മഹാരാജാവ് അവർക്ക് ഇരിപ്പിടം നൽകും. അവർ ഇരുന്നു കഴിഞ്ഞിട്ടേ മഹാരാജാവ് ഇരിക്കുകയുള്ളു. അവർ ഇരുന്നില്ലെങ്കിൽ മഹാരാജാവും നിന്നുകൊണ്ടു തന്നെ സന്ദർശനം നടത്തും. സാധാരണ സന്ദർശകർ അദ്ദേഹത്തിന്റെ മുൻപിൽ ഇരിക്കുക പതിവില്ലായിരുന്നു. അദ്ദേഹവും അവരോട് നിന്നുകൊണ്ട് തന്നെ സംസാരിക്കുന്നു.

ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ, കുതിര സവാരി എന്നിവ ഇഷ്ടമുള്ളവയായിരുന്നു. ഉന്നം പിഴയ്ക്കാതെ റൈഫിൾ ഷൂട്ടിങ്ങിലും വൈദഗ്ധ്യം നേടിയിരുന്നു. സ്റ്റിൽ ഫോട്ടോഗ്രാഫിയിലും, സിനിമറ്റോഗ്രാഫിയിലും നല്ല ചിത്രങ്ങൾ എടുക്കുമായിരുന്നു. കുടുംബ വിശേഷങ്ങൾ, യാത്രകൾ എന്നിവയുടെയെല്ലാം സിനിമകൾ 16 എം.എം. സിനിക്യാമറയിൽ പകർത്തിയിരുന്നു.

'ചേരമുടി' (ചേര രാജവംശത്തിന്റെ കിരീടം) കൊണ്ട് കിരീട ധാരണം നടത്തി 'കുലശേര പ്പെരുമാൾ പട്ടം' കെട്ടുന്നത് വളരെ ശ്രേഷ്ഠമായ ഒരു ബഹുമതിയായി കരുതിയിരുന്നു. 1936-ൽ ഐതിഹാസികമായ 'ക്ഷേത്രപ്രവേശന വിളംബരം' പ്രഖ്യാപിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ പല അഭ്യുദയകാംക്ഷികളും 'കുലശേരപ്പട്ടം' കെട്ടുവാൻ അദ്ദേഹത്തോട് പറഞ്ഞു. എന്നാൽ അതിനു ഭീമമായ ഒരു തുക വേണ്ടിവരുമെന്ന് കണ്ടിട്ട്, ആ തുക രാജ്യനന്മയ്ക്കും ജനനന്മയ്ക്കും ഉപയോഗിക്കുകയായിരിക്കും നല്ലതെന്ന് പറഞ്ഞ് ആ പട്ടം ഉപേക്ഷിക്കുകയാണുണ്ടായത്.

നാലു വയസ്സു മാത്രം പ്രായമുള്ള സേതു പാർവതിയെ തിരുവിതാംകൂർ രാജകുടുംബത്തി ലേക്ക് ദത്തെടുത്തപ്പോൾ, കൂടെ പരിചാരികയായി നാരായണി (നാണി എന്നു വിളിച്ചിരുന്നു) എന്നൊരു പെൺകുട്ടിയേയും കൂടി മാവേലിക്കരയിൽ നിന്നും കൊണ്ടുപോയിരുന്നു. കാലം കടന്നുപോയി. മഹാറാണിയുടെ ഷ്ഷ്ടിപൂർത്തി കഴിഞ്ഞ് ഗംഗാ സ്നാനത്തിനു കാശിക്കു പോയി. നാരായണിക്കും കാശിക്കു പോകാൻ ആഗ്രഹം. കൂടെ കൊണ്ടു പോയി. മഹാറാണിയെ ചിത്തിര തിരുനാൾ കൈപിടിച്ച് ഗംഗയിൽ ഇറക്കി സ്നാനം ചെയ്യിച്ചു.

വന്ദ്യവയോധികയായ നാരായണിക്കു ഗംഗ യിൽ സ്നാനം ചെയ്യണമെന്ന ആഗ്രഹം. എന്നാൾ ശരീര ശേഷിയില്ലാത്തതിനാൽ തനിയെ ഇറങ്ങാൻ ഭയം. ചിത്തിരതിരുനാളിനു ഈ അവസ്ഥ മനസ്സി ലായി. പിന്നെ സംശയമുണ്ടായില്ല. നേരെ പടി കയറി ചെന്ന് നാരായണിയുടേ കൈകൾ പിടിച്ച് പതുക്കെ ഗംഗയിലേക്ക് ഇറക്കി, മാതൃസ്നാനം ചെയ്യിച്ചതു പോലെ തന്നെ സ്നാനം ചെയ്യിച്ചു. അതാണ് ആ മനുഷ്യൻ.

ചിത്തിരതിരുനാളിന്റെ അനുജൻ ഉത്രാടം തിരുനാൾ മാർത്താണ്ഡ വർമ്മയ്ക്ക് വയസ്സ് 12. അദ്ദേഹത്തിന്റെ പരിചാരകനായി നാരായണൻ എന്നൊരു സഹായി ഉണ്ടായിരുന്നു. ഒരു ദിവസം എന്തോ ദേഷ്യം വന്നിട്ട് ഉത്രാടം തിരുനാൾ നാരായ ണനെ അടിച്ചു. ചിത്തിരതിരുനാൾ സ്വസ്ഥനായി രിക്കുന്ന സമയം നോക്കി, നാരായണൻ ചെന്ന് "കൊച്ചു തമ്പുരാന്റെ പോക്ക് അത്ര ശരിയല്ല" എന്ന് പറഞ്ഞു. ചിത്തിരതിരുനാൾ കാര്യം അന്വേ ഷിച്ചപ്പോൾ നാരായണൻ എല്ലാം പറഞ്ഞു. നാരാ യണനോട് പൊയ്ക്കൊള്ളാൻ പറഞ്ഞിട്ട് അദ്ദേഹം പാലസ്സ് സെക്രട്ടറിയെ വിളിച്ചു. എന്നിട്ട് അന്ന് കൊട്ടാരത്തിൽ ഡ്യൂട്ടിയിലുള്ളവരെയെല്ലാം പടി ഞ്ഞാറു വശത്ത് വിശാലമായ മുറ്റത്തു കൂടുവാൻ പറഞ്ഞു. അവർ വന്നു കഴിഞ്ഞപ്പോൾ മഹാ രാജാവും അനുജനും കൂടി അവിടേക്ക് ചെന്നു. നാരായണനോട് മുൻപോട്ട് വരാൻ പറഞ്ഞു. എന്നിട്ട് അനുജനോട് നാരായണന്റെ അടുക്കൽ ചെന്ന് എല്ലാവരും കേൾക്കെ മാപ്പ് പറയാൻ പറഞ്ഞു. അക്കാലത്ത് കൊട്ടാരത്തിൽ 300-ഓളം ജീവനക്കാർ ഉണ്ടായിരുന്നു. മാപ്പു പറഞ്ഞു. കൂടി നിന്നവർക്ക് അവരെ വിളിച്ചതെന്തിനാണെന്ന് അപ്പോഴാണ് മനസ്സിലായത്. അതായിരുന്നു ചിത്തിര തിരുനാളിന്റെ നീതിബോധം. (ഇന്നത്തെ ഒരു മന്ത്രിയുടെയൊ, എം.എൽ.എ.യുടേയൊ ഒരു അനുജനോ, മകനോ ആയിരുന്നു ഇതുപോലെ ചെയ്തിരുന്നതെങ്കിൽ എന്താകുമായിരുന്നുവെന്ന് അറിയാതെ ചിന്തിച്ചു പോയി).

ഇനി, ശ്രീ ചിത്തിരതിരുനാൾ രാജ്യത്തിനും (തിരുവിതാംകൂർ) ജനങ്ങൾക്കും വേണ്ടി എന്തു ചെയ്തു എന്നു പരിശോധിക്കാം.

1) ക്ഷേത്ര പ്രവേശന വിളംബരം (ഇൻഡ്യയിൽ ആദ്യം) 2). ജനശബ്ദം കൂടുതൽ ഫലവത്തായി സർക്കാർ തലത്തിലെത്തുവാൻ 'ടാവൻകൂർ ലെജിസ്ലേച്ചർ' പുനസംഘടിപ്പിച്ചു. 3). വധശിക്ഷ നിറുത്തലാക്കി (ഏഷ്യയിൽ തന്നെ ആദ്യമായി). 4. പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കി (ഇൻഡ്യയിൽ ആദ്യം) 5). സൈന്യത്തിലേക്ക് ജാതിമത ഭേദമന്യെ 'റിക്രൂട്ട് ചെയ്തു (നേരത്തെ നായർ വിഭാഗം മാത്രമായിരുന്നു). 6) 1934-ൽ അനാഥ സംരക്ഷണത്തിനായി 'ശ്രീ ചിത്തിര പൂവർഹോം' സ്ഥാപിച്ചു. 7) 26-11-1941-ൽ, നിർധ നർക്ക് ധനസഹായം നൽകാൻ 'വഞ്ചി പൂവർ ഫണ്ട്' സ്ഥാപിച്ചു. 8) 1-11-1937-ൽ - 'ട്രാവൻകൂർ യൂണിവേഴ്സിറ്റി' (ഇപ്പോൾ - കേരള യൂണി വേഴ്സിറ്റി) സ്ഥാപിച്ചു. 9) ജനങ്ങളുടേ യാത്രാ സൗകര്യങ്ങൾക്കായി - 'സ്റ്റേറ്റ് ട്രാസ്പോർട്ട് ഡിപ്പാർട്ട്മെന്റ്'' (ഇപ്പോൾ കെ.എസ്സ്.ആർ.ടി.സി.) സ്ഥാപിച്ചു. 10). തിരുവനന്തപുരത്ത് റേഡിയോ നിലയം (ഇപ്പോൾ അവിടെ - ആൾ ഇൻഡ്യ റേഡിയൊ.) സ്ഥാപിച്ചു. 11) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവങ്കൂർ (ഇപ്പോൾ എസ്സ്.ബി.ഐ.) സ്ഥാപിച്ചു. 12). എഞ്ചിനീയറിങ്ങ് കോളേജ് - കേരളത്തിൽ ആദ്യം 13). പബ്ലിക്ക് സർവീസ് കമ്മീഷൻ 14) കർഷകരെ സഹായിക്കാൻ 'ലാൻഡ് മോർഗേജ് ബാങ്ക്' 15) സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ്. 16) പള്ളിവാസൽ ജല വൈദ്യുത പദ്ധതി കമ്മീ ഷൻ ചെയ്തു. 17) പബ്ലിക്ക് ഹെൽത്ത് ലാബോ റട്ടറി. 18) പെരിയാർ വന്യമൃഗ സങ്കേതം 19) കന്യാകുമാരി - തിരുവനന്തപുരം റോഡ് സിമന്റ് ചെയ്തു (ഇൻഡ്യയിൽ ആദ്യം) 20) കുട്ടികൾക്കു മാത്രമായി 'എസ്സ്.എ.റ്റി' ആശുപത്രി സ്ഥാപിച്ചു. 21) പിന്നോക്കാവസ്ഥയിലായിരുന്ന തെക്കൻ തിരുവിതാംകൂറിൽ (ഇപ്പോൾ കന്യാകുമാരി ജില്ല)

പ്രൈമറി വിദ്യാഭ്യാസം നിർബന്ധിതമാക്കി. 22) സ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തി.

വ്യവസായ രംഗത്ത്:- 1) ട്രിവാൻഡ്രം റബ്ബർ വർക്സ് 2) കുണ്ടറ കളിമൺ ഫാക്ടറി 3). എഫ്. എ.സി.റ്റി. ആലുവ 4) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് 5) സൗത്ത് ഇൻഡ്യൻ റബ്ബർ വർക്സ് 6) ശ്രീചിത്ര മിൽസ് 7) അലുമിനിയം ഫാക്ടറി - ആലുവ. 8) ട്രാവൻകൂർ ഒഗെയിൽ ഗ്ലാസ്സ് ഫാക്ടറി, കുണ്ടറ 9) അലുമിനിയം ഫാക്ടറി, കുണ്ടറ. 10) പുനലൂർ പേപ്പർ മിൽസ് 11) വിജയമോഹിനി മിൽസ്, തിരുവനന്തപുരം 12) ടൈറ്റാനിയം ഫാക്ടറി, തിരുവനന്തപുരം (ഏഷ്യയിൽ ആദ്യത്തേത്) 13) സിമന്റ് ഫാക്ടറി, കോട്ടയം - ഇൻഡ്യയിൽ ആദ്യം 14. ട്രാവൻകൂർ റയോൺസ്, പെരുമ്പാവൂർ 15) ബാലരാമവർമ്മ ടെക്സ്റ്റൈൽസ്, ചെങ്കോട്ട 16) പെൻസിൽ ഫാക്ടറി, കൊല്ലം 17) വഞ്ചിനാട് ഹൗസ് ആൻഡ് ഇൻഡസ്ട്രീസ്, പെരുമ്പാവൂർ. 18) ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ആലുവ. 19) പ്ലൈവുഡ് ഫാക്ടറി, പുനലൂർ.

സാംസ്കാരികം - 1) ചിത്രാലയം (പ്രസിദ്ധ ചിത്രകാരന്മാർ വരച്ച ചിത്രങ്ങൾ) 2) സ്വാതി തിരുനാൾ സംഗീത വിദ്യാലയം 3) കേരള എംപോറിയം (കേരളത്തിൽ നിർമ്മിച്ച കരകൗശല വ സ്തുക്കൾ - വിദേശീയരെ ആകർഷിക്കാൻ) 4) ഗുരു ഗോപിനാഥന് നൃത്താലായം സ്ഥാപിക്കാനുള്ള സഹായങ്ങൾ

ഒരു സാധാരണ മനുഷ്യന്റെ സംഭാവന- ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെന്റർ.

പൂവണിയാതെ പോയ സ്വപ്നങ്ങൾ:- 1) മെഡിക്കൽ യൂണിവേഴ്സിറ്റി 2) മെന്റൽ ആശുപത്രിയിൽ നിന്നും ചികിത്സ കഴിഞ്ഞ് പുറത്തുവരുന്നവർക്ക് ആവശ്യമെങ്കിൽ സംരക്ഷണം നൽകാനുള്ള ഒരു കേന്ദ്രം.

ട്രസ്റ്റുകൾ;- 1) ചികിത്സകൾക്ക് സഹായം നൽകാൻ വേണ്ടി 2) കുട്ടികൾക്ക് പഠിക്കുവാൻ വേണ്ട സഹായം നൽകുവാൻ 3) ശ്രീ പദ്മനാഭ സ്വാമി ടെമ്പിൾ ട്രസ്റ്റ് - രാജകുടുംബം പരമ്പരാഗതമായി ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രത്തിൽ നടത്തിക്കൊണ്ടിരുന്ന കടമകളും വഴിപാടുകളും തുടർന്നു നടത്താൻ വേണ്ടി. 4) നവരാത്രി ട്രസ്റ്റ് 5) അരിയിട്ടു വാഴ്ച ട്രസ്റ്റ് (ആറ്റിങ്ങൽ ക്ഷേത്രത്തിൽ വച്ചു നടത്തുന്ന ചടങ്ങിനു വേണ്ടി) 6) വലിയ കൊട്ടാരം ട്രസ്റ്റ് - വലിയ കൊട്ടാരത്തിലെ തേവാരം, സർപ്പക്കാവ് ഇവയുടെ സംരക്ഷണത്തിനും പൂജാദി കർമ്മങ്ങൾക്കും.

രാജ്യത്തിനും ജനങ്ങൾക്കും നന്മ നൽകിയ ഈ രണ്ടു മനുഷ്യ ജീവിതങ്ങൾ. ഇവർ കേരളത്തിനു നൽകിയ സംഭാവനകൾ മറക്കാനാകുമോ? നമസ്കരിക്കുന്നു ഇരുവരെയും... ●

# പുസ്തക പ്രകാശനം




തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭ വൈസ് പ്രസിഡന്റ് അഞ്ചേരി 'കല്പക' ത്തിൽ എ. കെ. കേരളവർമ്മ രചിച്ച 'വഴിവിളക്കുകൾ' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്തു. സെപ്റ്റംബർ 14 ന് കേരള സാഹിത്യ അക്കാദമിയിലെ ചങ്ങമ്പുഴ മന്ദിരത്തിൽ നടന്ന ചടങ്ങിൽ കവിയും സാഹിത്യ അക്കാദമി സെക്രട്ടറിയുമായ ഡോ. സി. രാവുണ്ണി ആദ്യപ്രതി തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭാ പ്രസിഡന്റ് ഡോ. പി.സി. സുധീരനു നൽകിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തൃശ്ശൂർ ശാഖയിൽ നിന്ന് വിരമിച്ച എ.കെ. കേരളവർമ്മ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ പലപ്പോഴായി രചിച്ച കവിതകളുടെ സമാഹാരമാണ് ഈ പുസ്തകം.



# എത്ര സ്വരങ്ങളിൽ എത്ര രാഗങ്ങളിൽ

**ടി.പി. ശാസ്തമംഗലം**
തിരുവനന്തപുരം, മൊ. 9447097870



*(എൺപത് ദശാബ്ദങ്ങൾ പിന്നിട്ട് ജീവിതയാത്ര തുടരുന്ന കെ.എൽ. ശ്രീകൃഷ്ണദാസിന്റെ ഗാനരചനാ രംഗത്തെ സംഭാവനകളെ പ്രശസ്ത ഗാനനിരൂപകനായ ടി.പി. ശാസ്തമംഗലം വിലയിരുത്തുന്നു.)*

**ചേ**ർത്തലയിലെ ചെങ്ങണ്ട എന്ന കൊച്ചു ഗ്രാമം ഒരുകാര്യത്തിൽ പ്രശസ്തമാണ്. കവിയും ഗാനരചയിതാവുമായ വയലാർ രാമവർമ്മയുടെ ഭാര്യാഗൃഹമായ പുത്തൻകോവിലകം അവിടെയാണ് എന്നതത്രേ അതിനു കാരണം. ആ കോവിലകത്തിന്റെ വിശാലമായ പറമ്പും തൊട്ടടുത്തുള്ള വേട്ടയ്ക്കൊരു മകൻ ക്ഷേത്രമൈതാനവുമൊക്കെ തങ്ങളുടെ ഇഷ്ടകേന്ദ്രങ്ങളാക്കി മാറ്റിയ ഏതാനും കുട്ടികൾ 1960കളിൽ അവിടെയൊക്കെ അല്ലറചില്ലറ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുക പതിവായി മാറി. അവർ ബാലസമാജം രൂപീകരിക്കുകയും 'പൂമൊട്ടുകൾ' എന്ന പേരിൽ ഒരു കൈയെഴുത്തു മാസിക നടത്തുകയും ചെയ്തിരുന്നു. പില്ക്കാലത്ത് പ്രശസ്ത നോവലിസ്റ്റായി മാറിയ കെ.എൽ. മോഹനവർമ്മ, നടനായിത്തീർന്ന ജഗന്നാഥവർമ്മ എന്നിവരൊക്കെയായിരുന്നു ആ ബാലസമാജത്തിലെ മുതിർന്ന അംഗങ്ങളും മാർഗ്ഗദർശികളും.



*ശ്രീകൃഷ്ണദാസ് ഭാര്യ ഗിരിജയോടൊപ്പം*

കുട്ടികൾ പ്രായമായപ്പോൾ ക്ഷത്രിയ ക്ഷേമസഭ എന്ന സാമുദായിക-സാംസ്ക്കാരിക സംഘടനയുടെ കരപ്പുറം (ചേർത്തല) യൂണിറ്റിന്റെ യുവജന വിഭാഗമായി ആ കൂട്ടായ്മ മാറി. എല്ലാ മദ്ധ്യവേനൽ അവധിക്കാലത്തും കോവിലകത്തു പന്തലിട്ട് വാർഷികാഘോഷം സംഘടിപ്പിക്കുക ഒരു കീഴ്‌വഴക്കമായിത്തീർന്നു. അതിന്റെ ഭാഗമെന്നോണം ഏരൂർ വാസുദേവിന്റെ 'ജീവിതം അവസാനിക്കുന്നില്ല' 'ഈ ചിലമ്പൊലി അവസാനിക്കാതിരിക്കട്ടെ', എൻ.പി. ചെല്ലപ്പൻ നായരുടെ 'ഇബിലീസുകളുടെ നാട്ടിൽ', ശ്രീമന്ദിരം കെ.പിയുടെ 'ഓണമുണ്ടും ഓടക്കുഴലും' എന്നീ പ്രശസ്ത നാടകങ്ങൾ അവർ അരങ്ങേറിക്കഴിഞ്ഞിരുന്നു. ആ നാടകങ്ങളിലെ പാട്ടുകളാകട്ടെ അവർക്കേവർക്കും പ്രിയങ്കരനായ കുട്ടൻചേട്ടൻ (വയലാർ രാമവർമ്മയുടെ വിളിപ്പേര്) മറ്റു ചില നാടകങ്ങൾക്കു വേണ്ടി എഴുതിയവ അദ്ദേഹത്തിന്റെ അനുമതിയോടെ പ്രയോജനപ്പെടുത്തുകയായിരുന്നു.

അദ്ധ്യാപകനും പ്രഭാഷകനും സംഗീതജ്ഞനും മികച്ച സംഘാടകനുമൊക്കെ ആയിരുന്ന എൻ. ഉദയവർമ്മയായിരുന്നു ഈ നാടകങ്ങളെല്ലാം സംവിധാനം ചെയ്തത്. ഒരിക്കൽ അവർ രംഗത്ത് അവതരിപ്പിക്കാൻ തിരഞ്ഞെടുത്തത് കെ. പത്മനാഭൻ നായരുടെ 'സന്ധ്യക്കൊരു സൂര്യോദയം' എന്ന നാടകമായിരുന്നു. ആ നാടകത്തിനു വേണ്ട ഗാനങ്ങൾക്കായി വയലാർ രാമവർമ്മയെ കാണാൻ അദ്ദേഹത്തിന്റെ ബന്ധുക്കളായ കെ.എൽ. ശ്രീകൃഷ്ണദാസും എൻ. ഉദയവർമ്മയും അധികം താമ

സിയാതെ രാഘവപ്പറമ്പു കോവിലകത്തു ചെന്നു. വയലാറാകട്ടെ മദിരാശിയിലേക്കു പോകാൻ തയ്യാറായി നിൽക്കുകയായിരുന്നു. അക്കാലത്ത് മലയാള സിനിമയുടെ ഈറ്റില്ലം മദിരാശിയായിരുന്നതിനാൽ ഒരു മാസത്തിലെ മിക്കവാറും ദിവസങ്ങളിൽ അദ്ദേഹം അവിടെയായിരുന്നു തങ്ങിയിരുന്നത്. ശ്രീകൃഷ്ണദാസിനെ കണ്ടപാടെ വയലാർ പറഞ്ഞു: "കൃഷ്ണൻ (ശ്രീകൃഷ്ണദാസിന്റെ വിളിപ്പേര്) കവിതയൊക്കെ എഴുതുമല്ലോ ഇത്തവണ ഇവൻ പാട്ടെഴുതട്ടെ." സംവിധായകനു പൂർണ്ണ സമ്മതം. ശ്രീകൃഷ്ണദാസിന്റെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. വയലാറിനെ ഗുരുവായി കണ്ട് അദ്ദേഹത്തെ മനസ്സാ നമിച്ചുകൊണ്ട് ശ്രീകൃഷ്ണദാസ് ആദ്യത്തെ ഗാനമെഴുതി.

"താരകളേ നിങ്ങൾ താഴത്തുവന്നൊരു
താരാട്ടുപാട്ടു പറഞ്ഞുതരൂ
എന്നുടെ സങ്കല്പസാമ്രാജ്യം തന്നിലെ
പൊന്നോമനക്കുഞ്ഞുറങ്ങുവാനായ്"

സന്ദർഭത്തിനനുസരിച്ചും സംവിധായകന്റെ നിർദ്ദേശാനുസരണവും അദ്ദേഹം ആ നാടകത്തിനുവേണ്ടി മറ്റു ചില ഗാനങ്ങളുമെഴുതി. പ്രശസ്ത വയലിനിസ്റ്റും സംഗീത സംവിധായകനുമായ തിരുവല്ല ഗോപാലകൃഷ്ണനാണു പാട്ടുകളെല്ലാം ചിട്ടപ്പെടുത്തിയത്. നാടകം വിജയിക്കുകയും അതിലെ പാട്ടുകൾ നന്നായെന്ന് ആസ്വാദകർ വിധിയെഴുതുകയും ചെയ്തു.

1944 സെപ്തംബർ 14 ന് മാവേലിക്കരയിൽ പ്രശസ്ത ജ്യോതിശാസ്ത്ര പണ്ഡിതനും അഭിഭാഷകനുമായിരുന്ന എം.ആർ. കേരളവർമ്മയുടെയും ലക്ഷ്മിക്കുട്ടി അമ്മയുടെയും കനിഷ്ഠ പുത്രനായിട്ടാണ് കൃഷ്ണദാസ് ജനിച്ചത്. (അദ്ദേഹത്തിനു രണ്ടു കൂടെപ്പിറപ്പുകളാണ്-കെ.എൽ. മോഹനവർമ്മയും കെ.എൽ. ശരശ്ചന്ദ്ര വർമ്മയും). ചേർത്തല ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ ശ്രീകൃഷ്ണദാസ് കവിതയെഴുതാൻ തുടങ്ങിയിരുന്നു. അനുജൻ അത്തിക്കയത്തിന്റെ പത്രാധിപത്യത്തിൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ബാലകേരളം മാസികയിലാണ് ആദ്യത്തെ കവിതയായ "ഓണനിലാവേ മായരുതേ" മഷിപുരണ്ടു വന്നത്. അദ്ദേഹത്തിന്റെ തുടർന്നുള്ള വിദ്യാഭ്യാസം എറണാകുളം മഹാരാജാസ് കോളേജിലായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും പബ്ലിക് റിലേഷൻസിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമയും നേടി. ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ മൂന്നു ദശാബ്ദക്കാലത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം 2004 ൽ വിരമിച്ചു.

കോളേജ് ഹോസ്റ്റലിൽ കഴിയുമ്പോൾ ശ്രീകൃഷ്ണദാസിന്റെ മുറിയിലെ സഹവാസിയായിരുന്നത് ഡോ.എൻ.എസ്.ഡി. രാജു എന്ന പേരിൽ പിന്നീട് വിഖ്യാത നേത്രരോഗ വിദഗ്ദ്ധനായി മാറിയ എൻ. ശിവദാസ് രാജുവായിരുന്നു. അദ്ദേഹത്തിനു പാടാൻ കഴിവുണ്ടെന്നു മനസ്സിലാക്കിയ ശ്രീകൃഷ്ണദാസ് ഏതാനും ഗാനങ്ങൾ ഒഴിവു വേളകളിൽ കുത്തിക്കുറിക്കുകയും അവ ശിവദാസ് രാജു മനോഹരമായി ചിട്ടപ്പെടുത്തി ഹോസ്റ്റൽ മുറിയിലിരുന്ന് പലപ്പോഴും പാടുകയും ചെയ്തു. വർഷങ്ങൾക്കു ശേഷമാണ് ശ്രീകൃഷ്ണദാസ് രചന നിർവ്വഹിച്ച് പത്തു പാട്ടുകൾ വി.സി. ജോർജ്ജിന്റെ സംഗീതത്തിൽ ഡോ. എൻ.എസ്.ഡി. രാജുവും സുജാത മോഹനും പാടി 'ഒരു സുന്ദരസ്വപ്നം' എന്ന സംഗീത ആൽബമായി കൊച്ചിയിലെ സംഗം കലാഗ്രൂപ്പ് പുറത്തിറക്കിയത്.

"അരികിലണയാൻ
ഇനിയുമെന്തേ നാണം
കവിത വിരിയും
ചൊടിയിലെന്തേ മൗനം
പരിഭവത്തിൻ വിഷാദഭാവമാണോ
പറയുകില്ലേ. പറയുകില്ലേ തോഴീ?"

എന്ന തരത്തിലുള്ള പാട്ടുകളാണ് ഈ കാസറ്റിനെ ജനകീയമാക്കിയത്.

എഴുപതുകളിലാണ് ആദ്യമായി അദ്ദേഹത്തിന്റെ ലളിതഗാനങ്ങൾ ആകാശവാണി പ്രക്ഷേപണം ചെയ്തത്. വലിയ താമസം കൂടാതെ അദ്ദേഹത്തിനു ന്യൂഡൽഹിയിലേക്കു സ്ഥലംമാറ്റമായി. അതോടെ ഗാനരചന എന്ന സർഗ്ഗ പ്രക്രിയയ്ക്ക് താൽക്കാലികമായെങ്കിലും വിരാമമിടേണ്ടിവന്നു. എൺപതുകളുടെ അവസാനമായപ്പോൾ മദിരാശിയിൽ ഫിലിം സെൻസർ ഓഫീസറായി നിയമിതനായി. സെൻസർ ബോർഡിൽ കഴിയുന്നിടത്തോളം കാലം ചലച്ചിത്രങ്ങളിൽ ഗാനരചനയോ തിരക്കഥാരചനയോ പാടില്ലെന്ന വിലക്ക് മറ്റൊരു വിന

യായിത്തീർന്നു. എന്നാൽ സംഗീത ആൽബങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ തടസ്സമുണ്ടായിരുന്നില്ല. അങ്ങനെ മദിരാശിയിലെ പ്രമുഖ ഓഡിയോ കാസറ്റ് കമ്പനിയായ സംഗീതാ കാസറ്റ്സിനുവേണ്ടി ആദ്യം 'മണ്ഡലപൂജ' എന്ന അയ്യപ്പ ഭക്തിഗാനങ്ങൾക്കായി അദ്ദേഹം തൂലിക ചലിപ്പിച്ചു. ഗാനങ്ങൾക്കു സംഗീതം പകർന്നത് കെ. കെ. കേശവൻ നമ്പൂതിരിയും പാടിയത് പി. ജയചന്ദ്രനുമായിരുന്നു.

"ഹരിതാഭയാർന്നൊരു ശബരിമല
ഹരിഹരസുതൻ വാഴും കനകമല
ഇരുമുടിക്കെട്ടുകളും
ഹൃദയത്തിൽ ഭക്തിയുമായ്
ജനകോടികളെത്തുന്ന പുണ്യമല!"

ഇത്തരത്തിൽ ഭക്തി വഴിഞ്ഞൊഴുകുന്ന തരത്തിലായിരുന്നു അതിലെ പാട്ടുകളെല്ലാം. തുടർന്നാണ് ഇതേ ഓഡിയോ കമ്പനിയുടെ 'ചൈത്ര പൗർണ്ണമി' എന്ന സംഗീത ആൽബം പുറത്തുവന്നത്. ശ്രീകൃഷ്ണദാസിന്റെ വരികൾക്ക് സംഗീതം കൊടുത്തത് കന്നട സംഗീതജ്ഞനായ അശ്വത്തും പാടിയത് പി. ജയചന്ദ്രനുമായിരുന്നു.

ഒരു വർഷം കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണദാസിന് തിരുവനന്തപുരത്തേക്കു സ്ഥലംമാറ്റം കിട്ടി. പിന്നീടാണ് അദ്ദേഹത്തിന്റെ ലളിതഗാനങ്ങൾ കൂടുതലും ആകാശവാണിയിലും ദൂരദർശനിലും സ്ഥാനംപിടിച്ചത്. അക്കൂട്ടത്തിൽ "ആഷാഢമേഖങ്ങളേ", "ചിത്രവർണ്ണാങ്കിതച്ചെപ്പു തുറന്നു" (ഇവ രണ്ടും കെ.എസ്. ചിത്രയാണ് പാടിയത്). "ഒരു പൂവിരിഞ്ഞു" (ആലാപനം ജി. വേണുഗോപാൽ) എന്നിവ ശ്രോതാക്കളുടെ പ്രിയഗാനങ്ങളായി. എങ്കിലും വി.സി. ജോർജ്ജ് സ്വരപ്പെടുത്തി കെ. ജി. മാർക്കോസും പി.വി. പ്രീതയും പാടിയ

"ഡാലിയ... ഡാലിയ...
ഡാലിയാപ്പൂ ചൊരിഞ്ഞ
പൊൻപരാഗമെൻ
കിനാവിലാഗതമായ്" എന്ന പാട്ടാണ് കൂടുതൽ ജനപ്രീതി നേടിയത്.

നിവേദ്യം ത്രിമധുരം, ആറ്റുകാൽ ദേവി, കൃഷ്ണാനനം, കരിക്കകത്തമ്മേ കരുണാമയീ, യാത്രയിൽ ഒരുനിമിഷം, മോക്ഷപദം, പൊന്നോണ തരംഗിണി (മൂന്നാംഭാഗം), അംബാപ്രസാദം എന്നിങ്ങനെ പത്തോളം സംഗീത ആൽബങ്ങൾക്കു വേണ്ടി അദ്ദേഹം പാട്ടുകളെഴുതി. "അമ്പലപ്പുഴ വാഴും അമ്പാടിക്കണ്ണനുണ്ണി'' (നിവേദ്യം), "കാർത്തികവിളക്കുകൾ തെളിയുമീ സന്ധ്യയിൽ" (നിവേദ്യം), "കണികണ്ടു തൊഴുന്നേൻ കണികണ്ടു തൊഴുന്നേൻ" (ത്രിമധുരം), "അത്തം പത്തിനു പൊന്നോണം'' (പൊന്നോണ തരംഗിണി-3), "ഓണനിലാവിന്റെ ഓളങ്ങളിൽ'' (പൊന്നോണ തരംഗിണി-3), "ആറ്റുനോറ്റു കാത്തിരുന്നു കാത്തിരുന്നു ഞാൻ" (ആറ്റുകാൽ ദേവി), "അക്ഷയഭാസ്സോടെ അനശ്വര യശസ്സോടെ" (ആറ്റുകാൽ ദേവി) എന്നിങ്ങനെ ഈ കാസറ്റുകളിൽ ഭക്തർ ഏറ്റുപാടിയ ഗാനങ്ങൾ പലതുണ്ട്.

ഫിലിം സെൻസർ ബോർഡിലെ ഔദ്യോഗിക കാലാവധി കഴിഞ്ഞതോടെ ചലച്ചിത്രങ്ങളിൽ ഗാനരചനയ്ക്കുള്ള വിലക്കു മാറി. അതിനു ശേഷമാണ് ഏതാനും ചിത്രങ്ങൾക്ക് അദ്ദേഹം പാട്ടുകളെഴുതിയത്. അത്തരം ചിത്രങ്ങളുടെ എണ്ണം പത്തിലേറെ വരുമെങ്കിലും അവയിൽ ചിലതൊക്കെ നിർമ്മാണം പാതിവഴിയിൽ നിലച്ചവയായി മാറി. മറ്റു ചിലതിനെല്ലാം വേണ്ടത്ര പ്രദർശനവിജയം ലഭിച്ചില്ല. ഈ ദുര്യോഗങ്ങൾ അവയിലെ പാട്ടുകളുടെ വിജയത്തെയും ബാധിച്ചു. പക്ഷേ 2007 ൽ ഏബ്രഹാം ലിങ്കണും കെ.പി. വേണുവും ചേർന്നു സംവിധാനം ചെയ്ത 'അനാമിക' എന്ന ചിത്രത്തിനുവേണ്ടി കെ. എൽ. ശ്രീകൃഷ്ണദാസ് എഴുതി എം.കെ. അർജ്ജുനൻ സംഗീതം നൽകി നിഖിൽകൃഷ്ണയും രാധികാ തിലകും പാടിയ

"പുലരൊളി മെല്ലെ തെളിഞ്ഞപോലെ
പനിനീർ മൊട്ടു വിരിഞ്ഞപോലെ
അഴകേ നീയെന്റെ മുന്നിൽ വന്നു.
അറിയാതെയെന്നുള്ളിൽ കടന്നിരുന്നു"

എന്ന ഗാനം വിജയം നേടി.

ഗാനഗന്ധർവ്വൻ യേശുദാസിനെക്കുറിച്ച് ദൂരദർശനുവേണ്ടി നിർമ്മിച്ച 'അനർഘ നിമിഷങ്ങൾ' എന്ന സീരിയലിന്റെ മാത്രമല്ല അവതരണഗാനത്തിന്റെ രചനയും ശ്രീകൃഷ്ണദാസിന്റേതാണ്. പെരുമ്പാവൂർ ജി. രവീന്ദ്രനാഥും ദർശൻരാമനും സംഗീതം പകർന്ന ആ ഗാനം വിധു പ്രതാപാണ് ആലപിച്ചിരിക്കുന്നത്.

"പ്രണവമന്ത്രമുയർന്നു
പ്രഭാതപദ്മദളങ്ങൾ വിടർന്നു

കവിത

# പാലേ്യക്കര കൊട്ടാരം

**ഡോ. എം. ലളിതാംബിക**
തിരുവനന്തപുരം, മൊ. 9446509414



**ശ്രീവല്ലഭൻ തന്റെ കൃപാകടാക്ഷാൽ
ശോഭിച്ചിടുന്നീ പ്രിയ രാജഗേഹം
'പാലേ്യക്കര' എന്നതിതിന്റെ നാമം
പാലിച്ചിടുന്നീ'ക്കര' എന്നുമെന്നും**

**ആ പ്രൗഢമാകുന്ന വളച്ചുവാതിൽ
കടന്നുവന്നാൽ നയനാഭിരാമം
നടപ്പുരയ്ക്കപ്പുറമായി സാക്ഷാൽ
പ്രബുദ്ധ 'രാജപ്രമുഖ'ന്റെ ശില്പം.**

**എല്ലാവരെയും സമരായി ദർശി-
ച്ചീരാജ്യമാകെ പുകൾപെറ്റ മന്നൻ
തൻ ശില്പമാകും മുഖമുദ്രയോടേ
വിളങ്ങിടുന്നീ പ്രിയ രാജസൗധം**

**ഇതിന്റെ ആത്മാവിലലിഞ്ഞുചേർന്നൂ
ആത്മീയ തത്വശ്രുതി മന്ത്രണങ്ങൾ
ആരാധനാ മൂർത്തികളാകെ എന്നും
അനുഗ്രഹാശിസ്സു പൊഴിച്ചിടുന്നൂ.**

---

→

പ്രപഞ്ചമണിവീണ മീട്ടുകയായി
പ്രകൃതിദേവിതൻ അംഗുലികൾ"

ഇതാണ് ഗാനത്തിന്റെ പല്ലവി. പ്രസ്തുത പരമ്പരയും ശീർഷഗാനവും ഒരുപോലെ പ്രേക്ഷകർ ഏറ്റുവാങ്ങി. കവിത, കഥ, നോവൽ, നാടകം, ബാലസാഹിത്യം തുടങ്ങി ശ്രീകൃഷ്ണദാസ് കൈവയ്ക്കാത്ത മേഖലകളില്ല. എങ്കിലും ഗാനരചന അദ്ദേഹത്തിന് എന്നും പ്രിയപ്പെട്ട സർഗ്ഗപ്രവർത്തനമാണ്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഡയറക്ടർ എന്ന ഉയർന്ന തസ്തികയിൽ ഇരിക്കുമ്പോഴാണ് 2004 സെപ്തംബർ 30 ന് അദ്ദേഹം ജോലിയിൽ നിന്നു വിരമിച്ചത്. അശിതിയുടെ (എൺപതു വയസ്സ്) നിറവിൽ എത്തിയിരിക്കുന്ന അദ്ദേഹം സാഹിത്യത്തിൽ തൽപരനായതിനാൽ ഇപ്പോൾ എഴുത്തും വായനയുമായി തിരുവനന്തപുരത്ത് ഗൗരീശപട്ടത്തുള്ള സ്വന്തം ഗൃഹമായ 'ശ്രീലക'ത്തിൽ പത്നീസമേതനായി വിശ്രമജീവിതം നയിക്കുകയാണ്.


*(കടപ്പാട്: 'സ്നേഹരാജ്യം' മാസിക)*

കെ.എൽ. ശ്രീകൃഷ്ണദാസ് - 9447390709

കവിത

# സ്മരണാഞ്ജലി

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 9895415362



*(തന്റെ സതീർത്ഥ്യനും കളിക്കൂട്ടുകാരനുമായിരുന്ന മുൻ റബ്ബർ ബോർഡ് സെക്രട്ടറി കെ. ശരത്ചന്ദ്ര വർമ്മയ്ക്ക് കവി പ്രണാമം അർപ്പിക്കുന്നു.)*



എങ്ങനെ വേണം തുടക്കമെന്നോർത്തിട്ടു
വിങ്ങുന്നു മാനസം എന്തോന്നെഴുതിടും
നല്ലോരു സൗഹൃദം പൊയ്പ്പോയതോർക്കുമ്പൊ
ളുള്ളിലായെത്ര വിഷമം ഭവിച്ചിടും
ചങ്ങാതിയുണ്ടെങ്കിൽ വേണ്ട കണ്ണാടിയെ-
ന്നുള്ള പഴഞ്ചൊല്ലതെത്രയോ വാസ്തവം

സേനനെന്നുള്ള ശരത്ചന്ദ്ര വർമ്മയും
ഞാനും പ്രിയസുഹൃത്തുക്കളായ് മേവിനോർ
രണ്ടുപേരും ഒരേ ക്ലാസ്സിലാണെങ്കിലും
രണ്ടു ഡിവിഷനിലാണു പഠിച്ചത്
ഹൈസ്കൂളിൽ പബ്ലിക് പരീക്ഷയിൽ ഫസ്റ്റ് ക്ലാസ്
കിട്ടിയ കുട്ടികൾ മൂന്നുപേരുള്ളതിൽ
ഒന്നായി വന്നൊരാ സേനൻ സഹൃദയൻ
തന്നെയെന്നല്ല കുശാഗ്രബുദ്ധീദൃഢം
വായനശാലയിൽ നിന്നുകിട്ടുന്നതാം
നോവലൊന്നിച്ചിരുന്നൊന്നു വായിച്ചിടും
ശീലമുണ്ടായിരുന്നു ഞങ്ങൾക്കതീ-
ന്നേറെ രസം ലഭിച്ചെന്നതു വാസ്തവം
ആനവാരീ പൊൻകുരിശു തോമായിവ
രേകിയ സന്തോഷമെങ്ങനെ ചൊല്ലിടും
നർമ്മം നിറഞ്ഞ കഥകൾ വായിക്കുവാൻ
നർമ്മം തുളുമ്പും തമാശകൾ ചൊല്ലുവാൻ
എന്നും സമർത്ഥനായുള്ള സേനനെന്നെ ഞാ-
നിന്നും സ്മരിപ്പൂ സ്നേഹാദര പൂർവ്വകം
നാടൻ ചതുരംഗമെന്നും രസംതരു-
ന്നോരു വിനോദമായന്നു ഞങ്ങൾക്കഹോ
അച്ഛനാകട്ടെയമ്മാവനാകട്ടെ യ-
ന്നൊപ്പം പൊരുതാൻ മടിച്ചീല ഞങ്ങളും

സായാഹ്നമൊക്കവേ ബാലസമാജത്തി
ലായിക്കളിച്ചു രസിച്ചു കഴിച്ചിതു
'പൂമൊട്ടുകൾ' എന്ന മാസിക തന്നുടെ
പൂമേനി നല്ലക്ഷരത്തിലൊരുക്കുവാൻ
ഏൽപ്പിച്ചതു, ഞങ്ങൾ രണ്ടുപേരും ചേർന്നു
പൂർത്തീകരിച്ചതുമോർമ്മയിൽ തങ്ങിടും
സാഹിത്യകാരനായുള്ളോരു ജ്യേഷ്ഠനാം
മോഹനവർമ്മയെസ്സാദരമോർപ്പു ഞാൻ
കുട്ടികൾ തന്നുടെ ഫുട്ബോൾ കളിയിൽ പ്ര-
ഗത്ഭനായ് വാണതാമോഹനവർമ്മയാം.
ഓഹരി, ക്രിക്കറ്റു, നീതിയെന്നുള്ളോരു
നോവലിന്നുത്ഭവം ഫുട്ബോളിലൂടെയാം
ശ്രീകൃഷ്ണദാസാമനിയനൊരു പന്തി-
ലാകൃഷ്ടനായതു തട്ടിക്കളിച്ചിടും
ഭാവിയിൽ സാഹിത്യ, നർമ്മബോധങ്ങളിൽ
ഏറെത്തിളങ്ങുമെന്നാരറിഞ്ഞൂതദാ
ഡിഗ്രി കഴിഞ്ഞു കോസ്റ്റക്കൗണ്ടൻസി പ-
രീക്ഷയിലുന്നത ശ്രേണീൽ ജയിച്ചവൻ
ഒട്ടേറെയുന്നത സ്ഥാനം വഹിച്ചിട്ടു
സെക്രട്ടറിയായ് റബ്ബർബോർഡിൽ വാഴവേ
ആകസ്മികമായി വിഷ്ണുപദത്തിങ്ക-
ലേറിയതോർക്കുമ്പോൾ വിങ്ങുന്നു മാനസം
ഉറ്റസുഹൃത്തായ സേനന്റെയോർമ്മയിൽ
കൂട്ടുകാരന്റെ ഹൃദയപുഷ്പാഞ്ജലി

കവിത

# നാടും പ്രകൃതിയും



ത്രിവിക്രമൻ സായൂജ്യം
(ത്രിവിക്രമൻ വാഴുന്നവർ)
കാസറഗോഡ്, മൊ. 9544330383

പുഞ്ചിരി തൂകിയോർ ഇന്നില്ല ഭൂമിയിൽ
താണ്ഡവമാടിയ പ്രകൃതിതൻ താഡനം
ഇന്നലെ ഉണ്ടുകിടന്നുറങ്ങിയോരൊന്നിച്ച്
എന്നേക്കുമായി പിരിഞ്ഞിതാ നമ്മളെ.

ഒരുമിച്ചു നിന്നവർ പലതായ് തിരിഞ്ഞവർ
എല്ലാരുമൊന്നിച്ചൊരോർമ്മയായി
പലവുരു ജീവിതപ്പാതയിൽ നിന്നും
വഴിതെറ്റി വന്നവരാണോ നമ്മൾ

കുഞ്ഞിനെ താഴത്തും തലയിലും വെയ്ക്കാതെ
ലാളിച്ചൊരമ്മതൻ സ്വപ്നങ്ങളെ
ചാട്ടുളിപോലെ പിഴുതുമറിച്ചവർ സ്വപ്ന-
സൗധങ്ങളിൽ വിശ്രമം കൊണ്ടിടുന്നു.

തൊണ്ട നനയ്ക്കുവാൻ ഒരുതുള്ളി വെള്ളം
തന്നിടാൻ ആരാരുമല്ലയല്ലോ
പൊട്ടിത്തെറിച്ചൊരാ പാറയും മണ്ണുമീ-
ദേഹത്തു വന്നു പതിച്ചതല്ലോ.


കേമന്മാരെന്നങ്ങു ഭാവിച്ചിടുന്നു നാം
കേവലം മർത്ത്യരുമല്ലേ നമ്മൾ
കേൾക്കണം നാം വെറും തൃണമെന്നറിയുക
പ്രകൃതിതൻ ലാളനകൊണ്ടറിയേണം നാം.

ബാക്കിയാം പ്രാണനു കരം നൽകുവാൻ
ലോകമനസ്സാക്ഷിയുണർന്നിടേണം
പ്രാണഭയത്താൽ വിറയ്ക്കുന്ന കൈകളിൽ
ചേർത്തു നിർത്തുവാനായ് ഒന്നിക്കണം.


പ്രകൃതിയെ ദ്രോഹിച്ചിടാതിരിക്കാൻ
നിയമങ്ങൾ മാറ്റിയെഴുതിടട്ടെ
പലവുരു പലരും പറഞ്ഞൊരാ വാക്കുകൾ
ഇനിയും നാം കേൾക്കാതിരുന്നുകൂടാ.

മനുഷ്യരും മൃഗങ്ങളും ജീവജാലങ്ങളും
സന്തോഷമോടെയിരിക്കുന്നതു കാണാൻ
ഇനിയുമരുതേ പ്രകൃതിതൻ പാതകം
നാളെ പുലരിയെ വരവേറ്റിടാനായ്

## മഹാത്മാവിന്റെ ഓർമ്മയിൽ



മഹാത്മാഗാന്ധിയുടെ പ്രപൗത്രനും എഴുത്തുകാരനുമായ തുഷാർ ഗാന്ധിയെ കോട്ടയം യൂണിറ്റ് സെക്രട്ടറി ടി.എം. രാംജി വർമ്മ നിലവിളക്ക് നൽകി ആദരിച്ചപ്പോൾ. കോട്ടയത്ത് ഒരു പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനത്തിന് എത്തിയപ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തും ക്ഷത്രിയ ക്ഷേമസഭ അംഗവുമായ രാജ രാജീവ് കുമാറിന്റെ കോട്ടയത്തെ വസതി സന്ദർശിച്ചപ്പോഴായിരുന്നു കൂടിക്കാഴ്ച.



# സനാതന ധർമ്മം

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

ഹിന്ദുമതം സനാതന ധർമ്മമാണ്. അത്, ഒരു വ്യക്തിയാൽ സ്ഥാപിതമായതല്ല. 5000 വർഷങ്ങൾക്കു മുമ്പ്, ആദ്ധ്യാത്മിക ജീവിതം നയിച്ച ഭാരതത്തിലെ ഋഷിപുംഗവന്മാരുടെ ജീവിതത്തിൽ നിന്ന് ഉടലെടുത്തതാണ്. അല്ലാതെ ഒരു പ്രവാചകന്റെ വാക്കിൽ നിന്നോ ഊഹാപോഹങ്ങളിൽ നിന്നോ ഉണ്ടായതല്ല. അത് ഒരു ജീവിതരീതിയാണ് (Way of Life).

വിവേകാനന്ദ സ്വാമികൾ, പശ്ചിമദേശത്തിൽ പോയപ്പോൾ, പല സ്ഥലങ്ങളിലും അദ്ധ്യാത്മ പ്രഭാഷണം നടത്തിയിരുന്നു. അതിൽ ഒരു സ്ഥലത്ത് റോബർട്ട് ഇംഗർ സോൾ എന്ന നിരീശ്വരവാദി പ്രമുഖൻ വാഗ്വാദത്തിന് വന്നു. അയാൾ പറഞ്ഞത് ഇതാണ്: "മഹാശയ, എന്താണ് ഈ ആത്മസുഖം, ബ്രഹ്മാനന്ദം, മോക്ഷസുഖം, എന്നൊക്കെ നിങ്ങൾ പറയുന്നത്? അതിലൊന്നും എനിക്ക് വിശ്വാസമില്ല. എന്തെന്നാൽ അതൊക്കെയും പരോക്ഷമാണ്. അതിനെക്കുറിച്ച് ഊഹാപോഹം കൊണ്ട് കാലംകഴിക്കാൻ എനിക്ക് ഇഷ്ടമില്ല. എനിക്ക് ദൃശ്യവിഷയങ്ങളിൽ പ്രത്യക്ഷമായി ആനന്ദം ലഭിക്കുന്നു. നിങ്ങളെപ്പോലെ ഊഹാപോഹങ്ങളുടെ ലോകത്തിൽ, സ്വപ്ന പ്രപഞ്ചത്തിൽ, നട്ടംതിരിഞ്ഞിട്ട് കാര്യമില്ല."

അദ്ദേഹത്തിന്റെ വാക്യങ്ങൾക്ക് സ്വാമിജി സമാധാനം പറഞ്ഞു: "ഹേ, നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഞങ്ങൾ അനുഭവിക്കുന്ന സുഖം കൽപ്പിതമല്ല. നിത്യവും സത്യവും നിരപേക്ഷവുമായ ആത്മാനന്ദമാണ്. നിങ്ങൾ അനുഭവിക്കുന്നത് പ്രതിബിംബവുമാണ്. അത് ക്ഷണികവും ചഞ്ചലവും ആണ്. ദുഃഖ പര്യവസായിയുമാണ്. ഞങ്ങളുടേതങ്ങനെയല്ല. അത് ബിംബസുഖമാണ്. അത് ദുഃഖവിവർജ്ജിതമാണ്. നിങ്ങൾ അനുഭവിക്കുന്ന അല്പസുഖം കൂടി നിരന്തര ഭീതിയോടെ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആരും കാണാതെ അടുക്കളയിൽ കടന്നുകൂടി, അന്നം തിന്നുകൊണ്ടിരിക്കുന്ന ശ്വാവിന്നുണ്ടാകുന്ന സുഖത്തെ പോലെയാണ്, ദൃശ്യവിഷയങ്ങളിൽ നിങ്ങൾക്കുണ്ടാകുന്ന സുഖം. ആ ശ്വാവിന്ന് അന്നം തിന്നുമ്പോൾ അല്പസുഖം ലഭിക്കുന്നുണ്ടെങ്കിലും വീട്ടെജമാനൻ വന്ന് അടിച്ചുകൊല്ലുമോ എന്ന നിരന്തര ഭീതികൊണ്ട് ആ സുഖം എങ്ങനെ കലുഷിതമായിപ്പോകുന്നുവോ അങ്ങനെ നിങ്ങൾ അനുഭവിക്കുന്ന ദൃശ്യസൗഖ്യങ്ങളും മൃത്യുഭീതിയിലും രോഗാദി ഭീതിയിലും കലർന്ന് കലുഷിതമായിത്തീരുന്നു. അതുകൊണ്ട് നിർഭയാനന്ദത്തെ സേവിച്ചുകൊള്ളുക. സത്യവസ്തുവായ ആത്മാവിനെ ആശ്രയിക്കുക. ക്ഷണിക പദാർത്ഥങ്ങളെ ആശ്രയിച്ച് ഭോഗവിലാസങ്ങളിൽ മുഴുകാതിരിക്കുക" എന്ന് ഉപദേശം ചെയ്തു. ആ വാക്യങ്ങൾ കേട്ട്, ആ പാശ്ചാത്യൻ സ്വാമികളെ നമസ്ക്കരിച്ചു.

'സനാതന ധർമ്മ'ത്തിന്റെ പ്രചാരകനും നെടുംതൂണുമായ സ്വാമി വിവേകാനന്ദന്റെ കൃതിയാണ് 'Pearls of Wisdom'. അതിൽ ചില മുത്തുകളുടെ പേജ് നമ്പറും ലൈൻ നമ്പറും സഹിതം താഴെ ഉദ്ധരിക്കട്ടെ.

1. ഇപ്പോഴും ഇന്ത്യ മറ്റുള്ള രാജ്യങ്ങളെക്കാളും മുന്നിലാണ്. (P. 69 - L. 26)
2. ആത്മീയതയും വേദാന്തവും ആണ് മനുഷ്യരാശിയുടെ അറിവിലേക്കുള്ള ഭാരതത്തിന്റെ സംഭാവന (P. 67 - L. 9)
3. നമ്മുടെ മതം മാത്രമാണ് ഒന്നോ ഒന്നിലധികമോ വ്യക്തികളെ ആശ്രയിക്കാതെ തത്ത്വത്തിൽ ഉറച്ചതായിട്ടുള്ളത്. (P. 139 - L. 20)
4. ബ്രഹ്മജ്ഞാനമാണ് ഏറ്റവും മുഖ്യമായത്.

അതുതന്നെയാണ് മനുഷ്യന്റെ പരമ ലക്ഷ്യവും (P. 37 - L. 29)

5. മനുഷ്യരാശിക്ക് മാർഗ്ഗദർശിയാകാനുള്ള മാതൃക ഇന്ത്യയ്ക്ക് മാത്രമാണ് ഉള്ളത് (P. 69 - L. 22).
6. വേദത്തിലില്ലാത്തതും പുതുതായിട്ടുള്ളതുമായ ഒന്നും ഒരിടത്തും മതപരമായി പ്രചരിപ്പിച്ചിട്ടില്ല. (P. 202 - L. 17)
7. വാസ്തവത്തിൽ വേദങ്ങൾ, ലോകത്തിലെ ഏറ്റവും പഴക്കമുള്ളതും മഹത്തായതുമായ പുസ്തകങ്ങളാണ് (P. 202 - L. 15)

നമ്മുടെ പൂർവ്വികന്മാരുടെ ചിന്തകൾ മഹനീയമായിരുന്നു. 'മാതാ പിതാ ഗുരുർ ദൈവം', 'അതിഥിദേവോ ഭവ', 'വസുധൈവ കുടുംബകം' എന്നിങ്ങനെയായിരുന്നു അവർ കരുതിയിരുന്നത്. പതിനെട്ട് അദ്ധ്യായങ്ങളിലൂടെ 'ഗീതോപദേശം' നൽകിയിട്ടും, ഭഗവാൻ ഒന്നും അർജ്ജുനനിൽ അടിച്ചേല്പിക്കുന്നില്ല. അവസാനം എന്താണ് പറയുന്നതെന്ന് നോക്കാം.

"ഇതി തേ ജ്ഞാനമാഖ്യാതം
ഗുഹ്യാത് ഗുഹ്യതരം മയാ
വിമൃശ്യൈതദശേഷേണ
യഥേച്ഛസി തഥാകുരു" ഗീത (18-63)

ഈവിധം അതിരഹസ്യമായ ജ്ഞാനം നല്കിയ ശേഷം "ഇഷ്ടം പോലെ ചെയ്യാം" എന്ന് ഭഗവാൻ പറഞ്ഞു. ഇതാണ് ഭാരതീയ സംസ്ക്കാരം.

"ഓം ഭൂർഭുവഃ സ്വഃ
തത് സവിതുർവരേണ്യം
ഭർഗ്ഗോ ദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്" (ഗായത്രി മന്ത്രം)

സാരം:- സമസ്ത ലോകങ്ങളും ബ്രഹ്മം തന്നെ. എല്ലാം ബ്രഹ്മമയം. സ്വയം പ്രകാശകനും സ്വയം ജ്യോതിർമയനും ആയ നമ്മളിലെ സത്യവും സൂര്യമണ്ഡലത്തിലെ തേജസ്സും ഒന്നുതന്നെ. അതിനെ ഞാൻ ധ്യാനിക്കുന്നു. ആ മഹത് ദൈവം ഞങ്ങളുടെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ. (ഇതായിരുന്നു നമ്മുടെ പൂർവ്വികന്മാരുടെ ആചാരവിചാരം).

നമ്മുടെ പൂർവ്വികന്മാർ ഭൂമിയെയും ഗോക്കളെയും പരിരക്ഷിച്ചിരുന്നു. ആ സമ്പ്രദായം ഇന്ന് നഷ്ടപ്പെട്ടുപോയി. ഗോക്കളുടെ ചാണകവും മൂത്രവും എല്ലാം ഔഷധഗുണമുള്ളതാണ്. അതെല്ലാം ഇന്നത്തെ തലമുറ അറിയുന്നില്ല.

ദുഃഖമയമായ ഈ ജഗത്തിൽ ഭാരത ഋഷിവര്യന്മാർ ആനന്ദമായി കഴിഞ്ഞിരുന്നു. അവർ, താഴെക്കൊടുത്ത 24 ഗുരുക്കന്മാരിൽ നിന്ന് ജ്ഞാനം നേടിയിരുന്നു:-


ഭൂമി, വായു, ആകാശം, അഗ്നി, ജലം, ചന്ദ്രൻ, സൂര്യൻ, കപോതം, പെരുമ്പാമ്പ്, സമുദ്രം, പാറ്റ, തേനീച്ച, ആന, മാൻ, വണ്ട്, മത്സ്യം, വേശ്യ, കുരിയാൻ, പക്ഷി, ബാലൻ, കന്യക, ശരകൃത് (കൊല്ലൻ), സർപ്പം, ഊർണ്ണനാഭി (എട്ടുകാലി), വേട്ടാളൻ.

വിശ്വാമിത്രൻ ദശരഥ പുത്രന്മാരെ വേണ്ടും പോലെ ഭാരതീയ സംസ്ക്കാരം പഠിപ്പിച്ചിരുന്നു. കൈകേയിയുടെ ആവശ്യപ്രകാരം ഭരതനെ രാജ്യഭാരം ഏല്പിച്ച് രാമൻ വനവാസം ചെയ്യണമെന്നറിഞ്ഞപ്പോൾ രാമൻ പതറിയില്ല; എന്നാൽ ദശരഥൻ തളർന്നു. ഈ സന്ദർഭത്തിൽ കോപാന്ധനായ ലക്ഷ്മണനെ അതിഗംഭീരമായ 'ലക്ഷ്മണോപദേശം' കൊണ്ട് ശ്രീരാമൻ സമാധാനിപ്പിച്ചു. ശ്രീമതി എം.എസ്. സുബ്ബലക്ഷ്മി പാടിയ 'സുപ്രഭാത ഗീത' ത്തിൽ കൗസല്യപുത്രൻ എന്നാണ് രാമലക്ഷ്മണന്മാരെ അഭിസംബോധന ചെയ്തത്. 'ദശരഥ പുത്രന്മാർ' എന്ന് പാടിയിട്ടില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് കൗസല്യയുടെ മഹത്വമാണ്. അവർ യഥാർത്ഥ ഭാരതരത്നമായിരുന്നു. അവരിൽ ഭാരതീയ സംസ്ക്കാരം തികച്ചും ഉണ്ടായിരുന്നു. അവർ ഒരു മാതൃകാ മാതാവായിരുന്നു.

ഭക്തജനോദ്ധാരണത്തിനും അസുരഭഞ്ജനത്തിനുമായി ഭാഗവതത്തിൽ 22 അവതാരങ്ങളാണ് പറയുന്നത്. അതിൽ ശ്രീകൃഷ്ണ ഭഗവാൻ പൂർണ്ണാവതാരമാകുന്നു. ബാക്കിയെല്ലാവരും അംശാവതാരങ്ങളാണ്.

22 അവതാരങ്ങൾ:- 1) സനകാദികൾ, 2) വരാഹം, 3) നാരദൻ, 4) നരനാരായണൻ, 5) കപിലൻ, 6) ദത്താത്രേയൻ, 7) യജ്ഞൻ, 8) ഋഷഭ ദേവൻ, 9) പൃഥു, 10) മത്സ്യം, 11) കൂർമ്മം, 12) ധന്വന്തരി, 13) മോഹിനി, 14) നരസിംഹം, 15) വാമനൻ, 16) പരശുരാമൻ, 17) വേദവ്യാസൻ, 18) ശ്രീരാമൻ, 19) ബലരാമൻ, 20) ശ്രീകൃഷ്ണൻ, 21) ശ്രീബുദ്ധൻ,

# Poetry, O Poetry!



**Chemprol Raja Raja Varma**
Kaudiar Palace, Mob. 9847004401

Poetry, O Poetry!
Let me Free let me Free!
Poets' extra large or add-on hearts
And not just their extra capacity imagination
But also a kind of shall name a Seventh Sense
To sense in Societies at home n abroad
Things unfair already here
And more of doom and gloom
Landing on all like a giant boom
And when wars and destruction run rampage
Over piles of debris
Or plagues unheard of
Rules the World
Poets, Painters,
In general any Artist with an extra heart
Become victims most vulnerable
His harmless humour
Usually meant to humor others
And to himself. incidentally
Appears to turn toxic and vicious

---

22) ഖഡ്ഗി.

ഈ അവതാരങ്ങളിൽ അഗ്രഗണ്യനാണ് ഋഷഭ മഹർഷി.

"നായം ദേഹോ ദേഹഭാജാം നൃലോകേ
കഷ്ടാൻ കാമാനർഹതേ വിഡ്ഭുജാം യേ
തപോ ദിവ്യം പുത്രകാ യേന സത്ത്വം
ശുദ്ധ്യേദ്യസ്മാത് ബ്രഹ്മസൗഖ്യം ത്വനന്തം"

സാരം:- കൃമി കീഢാദികൾക്ക് കൂടി ലഭിക്കുന്ന തുച്ഛമായ ഭോഗം നേടുന്നതിനല്ല, മനുഷ്യശരീരം തപസ്സനുഷ്ഠിച്ച്, അന്തഃകരണ ശുദ്ധി വരുത്തി ബ്രഹ്മാനന്ദം കൈവരിക്കയാണ് ജീവിത ലക്ഷ്യം എന്നാണ് ഋഷഭ മഹർഷി തന്റെ പുത്രന്മാരോട് ഉപദേശിച്ചത്.

ഈ മഹർഷിക്ക് 100 പുത്രന്മാരുണ്ടായിരുന്നു. അതിൽ മൂത്ത പുത്രനാണ് ഭരതൻ. ആ പുത്രൻ രാജ്യഭാരം നല്ലരീതിയിൽ നിർവ്വഹിച്ചു. അതിനാലാണ് നമ്മുടെ രാജ്യത്തിന് ഭാരതം എന്ന പേര് സിദ്ധിച്ചത്. മറ്റ് പുത്രന്മാരിൽ 9 പേർ 'നവയോഗികൾ' എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ചു. അവരാണ് കവി, ഹരി, അന്തരീക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ. ഇവർ നിമി ചക്രവർത്തിയുടെ സദസ്സിൽ വെച്ച് രാജാവിന്റെ പല സംശയങ്ങളും തീർത്തുകൊടുത്തു. അതനുസരിച്ച് അദ്ദേഹത്തിന് മോക്ഷം കിട്ടുകയും ചെയ്തു.

ഋഷഭ മുനിയുടെ അഭിപ്രായത്തിൽ യഥാർത്ഥ ഗുരുക്കൾ ആരാണെന്ന് ഭാഗവതത്തിൽ കൊടുത്തത് ഇപ്രകാരമാണ്.

"ഗുരുർന്ന സ സ്യാത് സ്വജനോ ന സ സ്യാത്
പിതാ ന സ സ്യാത് സ്യാജ്ജനനീ ന സാസ്യാത്
ദൈവം ന തത് സ്യാന്ന പതിശ്ചസസ്യാ-
ന്നമോചയേദ് യഃ സമുപേതമൃത്യും"

ഭാഗം (5-5-18)

സാരം:- സംസാരത്തിൽ നിന്നും കരകയറാൻ സഹായിക്കാത്ത ഒരാളും ഗുരുവോ മിത്രമോ പിതാവോ മാതാവോ ദൈവമോ ഭർത്താവോ അല്ല. കരുണാനിധിയായ ഭഗവാൻ എല്ലാവരേയും ജന്മനരാ മരണദുഃഖത്തിൽ നിന്ന് കരകയറാൻ അനുഗ്രഹിക്കട്ടെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

The reaction from the society rabid and even
the Government run by evil powers
All tum against him.
Poets and Artists certainly are not all Angels
And many of them absolute misfits according
to man-made laws
Such Laws sure are not made by any God that
we know
Nor are the man-made laws largely in sync
with God's codes of Jurisprudence
So what befalls the poet or artist
Is not anybody's guess
Murder, if not torture.
I have heard Indian tale
Or a true story
Of a poet of great glory
A past praised by the ruler as heart
Finally and sadly his end in such terrible if not
Gory
A poet enslaved
By a lady artist, an artlover,
Rich and powerful
Yet avaricious for fame
Probably not for money.
When the people and the ruler too
Saw or heard of the poet nowhere
Even during the Peace and Prosperity time
The ruler ordered a search everywhere
A clever guy suggested the ruler declares a
competition
Nationwide for poetry
Something normally great and enriching
Excited the ruler ordered such a bumper
competition
Never before heard of
In Literary world or any world
Never worried a moment
What it could lead to
The lady just approached the enslaved poet
And with her beauty and charming manners
A couple of lines of ultimate poetry
Oozed out from him
The ego and the desire for fame drove the
lady mad
She memorized the lines and ran into the
kitchen for a knife
What she found first was the sharp "tongue"
of a coconut grator
(Oh CRR Now you know why the sawtooth blade of a coconut grator is called tongue in Malayalam as the Malayalam tongue can be so sharp-)
Anyway animated she did the most unthink-
able,
Cut his throat hurried she went and cleaned
herself
Not remembering to do anything for him
Wrote the poem on a palm leaf and presented
to the ruler
The lady being herself a celebrity protocols
had priorities washed away for her
The ruler was first floored by the beauty of
the lines
And engrossed in it's deeper inner beauty
narrating the beauty of a girl, he didn't even
notice tye beauty of the lines of the lady's
physique.
But tragedy fell on her too
When the ruler guessed correct the lines were
from his most favorite poet
And she couldn't but confess it was his.
Ruler ordered her to rush and fetch him as he
thought she merely left him locked in her home
And the terrible end of the story any one can
guess
So my dear poetry
Please let me Free
I don't want to die a poet
I would rather live a moron!

ലേഖനം

# ചിങ്ങം ഒന്ന്- മലയാളികളുടെ മാത്രം പുതുവത്സരം



**അനുജൻ എസ്.**
ശ്രീവിഹാർ പാലസ്, തൃപ്പൂണിത്തുറ
മൊ. 9495001012

**ലോ**കത്തിൽ കലണ്ടറുകൾ പലതരം ഉണ്ടെങ്കിലും, വളരെ ശാസ്ത്രീയമായ കലണ്ടർ വളരെക്കാലമായി പ്രചാരത്തിലുള്ള ഒരു ദേശം ഭാരതമാണെന്നു പറയേണ്ടിയിരിക്കുന്നു.

കലണ്ടർ എന്ന വാക്കിന്റെ മൂലം 'കലണ്ഡ്റിയ' എന്ന ലാറ്റിൻ പദമാണെന്നാണ് പൊതുവേ വിശ്വസിക്കപ്പെടുന്നത്. അതല്ല, 'കാലം ധരം' എന്ന ഭാരതീയ പദത്തിൽ നിന്നാണ് കലണ്ടർ എന്ന വാക്ക് വന്നത് എന്ന ചിന്താഗതി കൂടി ഉള്ളതിനാൽ, നമ്മളെങ്കിലും അങ്ങിനെ തന്നെ പറയുകയല്ലേ വേണ്ടത് ?

## പലതരം കലണ്ടറുകൾ

ഭാരതത്തിൽ എത്രയോ ശതാബ്ദങ്ങളായി (സഹസ്രാബ്ദങ്ങളായി!) **സൗര കലണ്ടറുകളും ചാന്ദ്ര കലണ്ടറുകളും** പ്രചാരത്തിലുണ്ട്. ഇതിലൊന്നും പെടാത്ത ഒന്നാണ് നമ്മുടെ ഇംഗ്ലീഷ് കലണ്ടറായ **ഗ്രിഗോറിയൻ കലണ്ടറും** അതിന്റെ പഴയ പതിപ്പായ **ജൂലിയൻ കലണ്ടറും**. ഭാരതത്തിൽ കൂടുതൽ സംസ്ഥാനങ്ങളിലും ചാന്ദ്ര കലണ്ടറാണ് പ്രചാരത്തിലുള്ളത്. കേരളം അടക്കമുള്ള ചില തെക്കൻ സംസ്ഥാനങ്ങളിൽ സൗര കലണ്ടറുകൾ ആണ് പ്രചാരത്തിലുള്ളത് എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ഇനി എന്താണ് ഈ കലണ്ടറുകൾ തമ്മിലുള്ള വ്യത്യാസം എന്ന് പറയാം.

സൗര കലണ്ടറിൽ സൗരമാസങ്ങളായ മേടം ഇടവം മിഥുനം തുടങ്ങിയവയാണ് 12 മാസങ്ങൾ. ഭൂമിയിൽ നിന്ന് നോക്കിയാൽ സൂര്യനെ ഏതു **സോഡിയാക്കൽ കോൺസ്റ്റലേഷന്റെ** (രാശി സമൂഹത്തിന്റെ) കൂട്ടത്തിൽ 'കാണുന്നതായി തോന്നുന്നുവോ' ആ നക്ഷത്രസമൂഹത്തിന്റെ പേരാണ് നമ്മുടെ മാസത്തിന്. സൂര്യനും ചന്ദ്രനും സൗരയൂഥത്തിലെ മറ്റ് അംഗങ്ങളും ആകാശത്തു കൂടി നീങ്ങുന്നതായി തോന്നുന്ന പാതയാണ് 'എക്ളിപ്ടിക്' അഥവാ വാർഷികവൃത്തം. 360 ഡിഗ്രിയുള്ള ഈ വഴിയിലൂടെ 365 ദിവസത്തിൽ സൂര്യൻ ഒരു കറക്കം കറങ്ങുന്നതായി 'നമുക്ക് തോന്നും'. ഈ വാർഷിക വൃത്തത്തിലുള്ള 12 സോഡിയാക്കിൽ ഓരോന്നിലൂടെ കടന്നുപോകാൻ സൂര്യൻ ഉദ്ദേശം 30 ദിവസം എടുക്കുന്നതായി നമുക്ക് തോന്നുകയും ചെയ്യും. അതാണ് നമ്മുടെ 12 മാസങ്ങൾ. വിഷു ദിനത്തിൽ മേടം നക്ഷത്രങ്ങളുടെ ഇടയിലേക്ക് കടക്കുന്ന സൂര്യൻ ദിവസവും ഓരോ ഡിഗ്രി വീതം നീങ്ങി, 30 ദിവസത്തിനു ശേഷം ഇടവത്തിലേക്ക് കടക്കുന്നതായി 'ഭൂമിയിലുള്ളവർക്ക് തോന്നും'. സൂര്യന് ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണപഥം കൃത്യമായി വൃത്തത്തിൽ അല്ലാത്തതിനാൽ കെപ്ലറുടെ നിയമം (Kepler's Law) അനുസരിച്ച് വേഗതയ്ക്ക് വ്യത്യാസം വരുന്നു എന്നും, അതുകൊണ്ട് മാസത്തിന്റെ ദൈർഘ്യം കൃത്യം 30 ദിവസം അല്ലാതെ വരുന്നു എന്നുകൂടി ധരിക്കുക.

എന്നാൽ വടക്കേ ഇന്ത്യയിൽ കൂടുതൽ പ്രചാരത്തിനുള്ള ചാന്ദ്രമാസങ്ങളിൽ ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രം മുതലായ 12 മാസങ്ങളാണുള്ളത്. ഈ സമ്പ്രദായത്തിൽ, കറുത്തവാവു മുതൽ അടുത്ത കറുത്തവാവ് വരെയാണ് ഒരു മാസം എങ്കിലും, വെളുത്തവാവ് ദിവസം ചന്ദ്രൻ ഏത് നക്ഷത്രത്തിന്റെ സമീപത്താണ് കാണപ്പെടുന്നത് എന്നതനുസരിച്ചാണ് മാസത്തിന്റെ പേര്.

അങ്ങനെ ഭാരതത്തിൽ പൊതുവേ രണ്ട് സമ്പ്രദായങ്ങളാണ് സൗരമാസങ്ങളും ചാന്ദ്ര മാസങ്ങളുമുള്ള സൗര കലണ്ടറും ചാന്ദ്ര കലണ്ടറും.

## കേരളത്തിലെ സ്ഥിതി

കേരളം പണ്ടുമുതലേ സൗര കലണ്ടർ ആണ് പിന്തുടർന്നു വന്നിരുന്നത്. മേടം ആണ് സൗര കല

ണ്ടറിലെ ആദ്യത്തെ മാസം. അതിന് പ്രസക്തി ഉണ്ടുതാനും. സൂര്യൻ വടക്കേ അർദ്ധ ഗോളത്തിലേക്ക് കടക്കുന്ന അവസരം ആണല്ലോ വെർണൽ ഇക്വിനോക്സ്. ഇതിന്റെ ഭാരതീയ പദമാണ് 'വിഷുവം'. ഈ അവസരത്തെ പ്രതിനിധാനം ചെയ്യുന്ന നമ്മുടെ ഉത്സവമാണ് 'വിഷു'. വടക്കൻ അർദ്ധ ഗോളത്തിലേക്ക് സൂര്യൻ കടക്കുമ്പോൾ സ്വാഭാവികമായും കാർഷിക സംസ്കാരമായുള്ള ഭാരതത്തിൽ, കൃഷി അഭിവൃദ്ധിപ്പെടുകയും ഐശ്വര്യം വന്നുകൂടുകയും ചെയ്യും. ആയതിനാൽ ആണ് വിഷുവിന് ഭാരതത്തിൽ പരക്കെ ഒരു അംഗീകാരമുള്ളത്. ഇതിനാൽ വിഷുവിനോടുകൂടി തുടങ്ങുന്ന മേടമാസം ആണ് പൊതുവേ സൗര കലണ്ടറുകളിലെ ആദ്യമാസമായി കണക്കാക്കുന്നത്.

ഇങ്ങനെയാണ് കേരളത്തിലും തുടർന്ന് വന്നിരുന്നത് എങ്കിലും ഇടക്കാലത്ത് അതിനൊരു വ്യത്യാസം വന്നു.

## പെരുമാൾ ഭരണം അവസാനിക്കുന്നു

സി.ഇ (പൊതുവർഷം - കോമൺ ഇറ) 620 മുതൽ 674 വരെ രാജ്യഭാരം ചെയ്തിരുന്ന **ഭാസ്കര രവിവർമ്മ പെരുമാൾ** ആണ് അവസാനത്തെ ചേരചക്രവർത്തി. അദ്ദേഹത്തിന്റെ രാജ്യം തെക്ക് കന്യാകുമാരി മുതൽ വടക്ക് കുന്താപുരം വരെയായിരുന്നു. ഈ ഒരു ഭൂഭാഗം വരുംകാലത്ത് ഭരിക്കാൻ പ്രയാസമാണ് എന്ന് അദ്ദേഹത്തിന് തോന്നിയതിനാലാവണം, അദ്ദേഹം രാജ്യത്തെ പല കഷ്ണങ്ങളായി തന്റെ പിൻ തലമുറക്കാർക്ക് ഭരിക്കാൻ ഏൽപ്പിച്ചു. അദ്ദേഹം തന്നെ ഭരിച്ചിരുന്ന കുട്ടനാട് എന്ന മദ്ധ്യഭാഗം മരുമകനായ വീരകേരള വർമ്മന് നൽകി. അന്നുമുതലാണ് കേരളത്തിൽ മരുമക്കത്തായ സമ്പ്രദായത്തിലുള്ള രാജ്യഭാരം കൈമാറുന്ന ചിട്ട വന്നത്. ഈ ഭാസ്കര രവിവർമ്മ പെരുമാൾ ആണ് **ഓണാഘോഷവും അത്തച്ചമയവും തുടങ്ങിയതും മാമാങ്കത്തിന്റെ** ചിട്ടകൾ തീരുമാനിച്ചതും എന്നും വിശ്വസിക്കപ്പെടുന്നു.

## കൊല്ലത്തെ യോഗം

വീരകേരള രാജവംശത്തിലെ മൂന്നാമത്തെ തലമുറയായ **രാജശേഖര ചക്രവർത്തി**യുടെ കാലത്താണ് **ശങ്കര ഭഗവദ്പാദരുടെ** അവതാരം. അദ്ദേഹത്തിന്റെ വേദാന്ത സംസ്കാരത്തിൽ ആകൃഷ്ടനായിരുന്നു രാജശേഖര ചക്രവർത്തി. ശങ്കരാചാര്യരുടെ നിർദ്ദേശപ്രകാരമായിരിക്കണം കേരളത്തിലുള്ള ജീവിതചര്യകൾ എന്ന് ഉറപ്പിക്കാനായി, ശങ്കരാചാര്യർ സമാധിയായി അഞ്ചുവർഷത്തിനു ശേഷം രാജശേഖര ചക്രവർത്തി, കേരളത്തിന്റെ തെക്കേ അറ്റമായ **വേണാടിന്റെ തലസ്ഥാനമായിരുന്ന കൊല്ലം** പട്ടണത്തിൽ വച്ച് ഒരു യോഗം കൂടുകയും, അതിൽ കേരളത്തിലെ എല്ലാ രാജാക്കന്മാരും ഭരണാധികാരികളും വൈദികരും വൈദ്യന്മാരും കൂടാതെ അന്നത്തെ പ്രധാനപ്പെട്ട ഗ്രാമങ്ങളിലെ പ്രതിനിധികളും മറ്റും പങ്കെടുക്കുകയും ചെയ്തു. അന്ന് മുതലാണ് നമ്മൾ ഇന്നും കേരളത്തിൽ തുടർന്നുപോകുന്ന ജീവിതശൈലിയുടെ ഒരു അടിസ്ഥാനം എഴുതി തീരുമാനപ്പെടുത്തിയത്. ഇങ്ങനെ ഭാവിയിൽ വളരെ പ്രകടമായ മാറ്റങ്ങൾ വരുത്തുന്ന തീരുമാനം എടുത്ത സദസ്സ് ആയതിനാൽ അതിന് സ്മാരകമായി ഒരു പുതിയ കലണ്ടർ തുടങ്ങണം എന്നുകൂടി തീരുമാനിക്കുകയും ചെയ്തു. അതുവരെ കേരളത്തിൽ തുടർന്നുപോന്നിരുന്ന സൗര മാസങ്ങൾ തന്നെ തുടർന്നാൽ മതിയെന്നും, എന്നാൽ നമ്മുടെ വർഷം തുടങ്ങുന്നത് മേടത്തിൽ അല്ല, **ഓണത്തിന്റെ മാസമായ ചിങ്ങത്തിലാണ് വേണ്ടതെന്ന്** തീരുമാനിക്കുകയും ചെയ്തു. ഈ തീരുമാനമെടുത്തത് കൊല്ലത്ത് വച്ചായതുകാരണം ആണ് നമ്മുടെ മലയാള കലണ്ടറിന് '**കൊല്ല വർഷം**' എന്ന പേരുവന്നത്. അന്നത്തെ തീരുമാനത്തിൽ ഓണം ആയിരുന്നു പുതുവർഷ പുലരി എങ്കിലും ഓണം വരുന്നത് മാസത്തിന്റെ ആദ്യത്തിൽ ആയിക്കൊള്ളണമെന്നില്ല എന്നതിനാൽ പിന്നീട്, പുതുവർഷ പുലരി ചിങ്ങം ഒന്നിന് എന്ന് തീരുമാനിക്കുകയും ചെയ്തു. ഇങ്ങിനെയാണ് **കേരളത്തിലെ പുതുവത്സര തീയതി ചിങ്ങമാസം ഒന്നാം തീയതി** ആയത്.

ഈ സംഭവം നടന്നിട്ട് 1200 കൊല്ലം ആയിരിക്കുന്നു എങ്കിലും, നമ്മൾ മലയാളികൾ ആരും തന്നെ പുതുവത്സര ദിനമായി ചിങ്ങം ഒന്നാം തീയതിയല്ല ആഘോഷിക്കുന്നത് എന്ന് പറയട്ടെ. നമ്മൾ ഇപ്പോഴും പടക്കം പൊട്ടിച്ചും മറ്റും പുതുവത്സരത്തിനെ സ്വാഗതം ചെയ്യുന്നത് വിഷുവിനു തന്നെയാണ്.


## എന്തെങ്കിലും ചെയ്യണ്ടേ?

1200 വർഷങ്ങൾക്കുശേഷമെങ്കിലും നമ്മൾ മലയാളികൾക്ക്, നമ്മുടെ മാത്രമായ, നമ്മുടെ സ്വന്തം അഹങ്കാരമായ പുതുവത്സര ദിനം, **ചിങ്ങം ഒന്നിനാണ്** എന്ന് അരക്കിട്ട് ഉറപ്പിക്കേണ്ട ആവശ്യമില്ലേ? ●

കവിത

# ഒൻപതാം മേഘത്തിൽ

**സതീഷ് കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738



അന്നൊരു പ്രഭാതത്തിൽ ചിത്തിര നക്ഷത്രത്തിൽ
മന്നിനെക്കാണ്മാനായി പൗത്രി കൺതുറന്നപ്പോൾ
അന്നടേ കുതിച്ചെത്തി ആതുരശാലയിങ്കൽ
പൊന്നിനെക്കണ്ടു ഞാനും കൺകുളിർക്കെയന്നേരം.

അൻപെഴും ഭഗവാന്റെ കൃപയാലിന്നു ഞാനും
ഒൻപതാം മേഘത്തിങ്കൽ എത്തിച്ചേർന്നതുപോലെ
നൻപകൽ നേരത്തവൾ കൺചിമ്മിത്തുറന്നപ്പോൾ
വൻപെഴും ദൈവത്തോടു നന്ദിയത്രയും ചൊല്ലീ.

വൈരസ്യമിയന്നൊരീയെന്റെ ജീവിതത്തിങ്കൽ
സാരസ്യം നിറയ്ക്കുവാൻ കുഞ്ഞേ നീയണഞ്ഞല്ലോ
ചാരുതയെഴുന്ന നിൻ പുഞ്ചിരി കാണുന്നേരം
നേരു ഞാൻ പറയട്ടെ ഏഴാം സ്വർഗ്ഗത്തിലെത്തും.

പേലവാധരങ്ങളാൽ എന്നെ നീ മുത്തുന്നേരം
ചാലകമാകും കണ്ണിൽ ഹർഷബാഷ്പത്തിൻ കണം
ലോലേ നിൻ ചേഷ്ടകളാലെൻമനം കുളിർത്തീടും,
മാലുകളൊഴിഞ്ഞേറ്റം തുഷ്ടിയിൽ മരുവും ഞാൻ

പുത്രരെ മാത്രമൊട്ടു വളർത്തിശീലിച്ച ഞാൻ
പൗത്രിയെ ലഭിച്ചതി, ലേറ്റവും സന്തോഷവാൻ
എത്രയോ പ്രാർത്ഥിച്ചു ഞാൻ നിനക്കായനുദിനം
തത്രഭവാനെത്രയും കരുണാമയനല്ലോ

എങ്കിലും ചൊല്ലട്ടെ ഞാൻ പൈതൽ നീ വളരുമ്പോൾ
ശങ്കയെനിക്കുണ്ടാകാം നിന്റെ രക്ഷയെച്ചൊല്ലി
തങ്കക്കുടമേ നിന്നെ കാത്തുരക്ഷിച്ചീടുവാൻ
തിങ്കൾശേഖരാ നിന്നെ കുമ്പിട്ടു പ്രാർത്ഥിച്ചിടാം. ●

---

കവിത

# പാവക്കൂത്ത്

**കൃഷ്ണപ്രഭ ടി.സി.**
നീലേശ്വരം, മൊ. 7025970339



ജീവിതമാകുമീ പാവക്കൂത്താടു-
മീ നമ്മൾ കർമ്മബന്ധമഴിക്കുവാൻ

പല മുഖങ്ങൾ പല ഭാവങ്ങൾ
പല പല വേഷങ്ങളിഞ്ഞാടീടുന്നു

ചിരിക്കുന്നൂ, കരയുന്നൂ ദ്വേഷിക്കുന്നൂ
പരിഭവക്കഥകളും ചമക്കുന്നല്ലോ

ആടിപ്പാടി,ക്കളിച്ചു തളർന്നുറങ്ങീടുന്നൂ
ഒരു നല്ല നാളേക്കുണരാനായി

നാളെ പുലർന്നാലോ വീണ്ടും കെട്ടി-
യാടണം വേഷങ്ങൾ നിയതി കല്പിതം

അവസാനത്തെ ഉറക്കമുറങ്ങിയാൽ-
പ്പിന്നെയാത്മാവിനെന്തു? മുന്നോട്ടുള്ള ഗതി തന്നെ

ഞാൻ 'അതിൽ' ലയിക്കും വരെയുള്ളീ-
പ്പാവക്കൂത്തിന്നു സാക്ഷി, ഏകമാം കർമ്മസാക്ഷി!

●

ലേഖനം

# സാമന്ത ചിന്തകൾ സമാന ചിന്തകൾ

**പി.കെ. മോഹനവർമ്മ**
പിലാത്തറ, മൊ. 9677295265



കേരളത്തിലെ പഴയ മലബാർ ജില്ല മുമ്പ് ഭരിച്ചിരുന്നത് ചേര രാജവംശം ആയിരുന്നു. അവസാനത്തെ ചേരമാൻ പെരുമാൾ രാജ്യം ഉപേക്ഷിച്ചു പോകുമ്പോൾ (എഡി 1124 എന്ന് സൂചന) തന്റെ സാമ്രാജ്യം 17 നാട്ടുരാജ്യങ്ങളായി വിഭജിച്ച് ഭരണം ഓരോരുത്തരെ ഏൽപ്പിച്ചതായി മനസ്സിലാക്കുന്നു.

മലബാർ ജില്ലയുടെ തെക്കേ അറ്റത്തുള്ള (ഇപ്പോഴത്തെ തൃശ്ശൂർ ജില്ലയ്ക്കും കോഴിക്കോടിനും ഇടയിൽ) ഭൂവിഭാഗം വള്ളുവനാട്, ഏറനാട്, നെടുങ്ങനാട്, കവളപ്പാറ, പാലക്കാട്, തുടങ്ങിയ പ്രമുഖ നാട്ടുരാജ്യങ്ങൾ ആയിരുന്നു. ഇവ ഭരിക്കാനുള്ള അവകാശം അതാതിടങ്ങളിലെ പ്രമുഖ പടയാളി നായകന്മാരെയാണ് ഏൽപ്പിച്ചിരുന്നത്.

ഭരിക്കാനായി നാട്ടുരാജ്യങ്ങൾ ഒന്നും വീതിക്കാനില്ലാതെ വന്നപ്പോഴാണ് ചേരരാജാവിന്റെ ചീഫ് കമാൻഡറായ മാണിക്കൻ, വിക്രമൻ, എന്നിവർക്ക് ‘വാളും ശംഖും’ നൽകി ‘ചത്തും കൊന്നും അടക്കിവാണു’ കൊള്ളാനുള്ള അനുഗ്രഹങ്ങൾ നൽകി ചേരരാജാവ് സ്ഥാനം വെടിഞ്ഞത്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിക്കടുത്ത ‘നെടിയിരുപ്പ്’ എന്ന സ്ഥലത്തെ ഏറാടി വംശക്കാരായ മാണിക്കനും വിക്രമനും, (മണിച്ചനും വിക്കിരമനും) ‘വാളും ശംഖും’ അടയാളമാക്കി നെടിയിരിപ്പ് സ്വരൂപം രൂപീകരിച്ച് സാമൂതിരി (സമുദ്രാതിർത്തി-സമുദ്രാതിരി ലോപിച്ചത്) രാജാക്കന്മാരായി കോഴിക്കോട് ആസ്ഥാനമായി ഭരണം തുടങ്ങി.

അങ്ങനെ സാമന്ത ക്ഷത്രിയന്മാരുടെ ഒരു രാജകുടുംബം സ്ഥാപിതമായി. ഇവർ ഭരണസാമർത്ഥ്യം കൊണ്ട് പാലക്കാട് വരെയുള്ള നാട്ടുരാജാക്കന്മാരെ കീഴ്പ്പെടുത്തുകയുണ്ടായി പല നാട്ടുരാജാക്കന്മാരും സാമൂതിരിയുടെ മേൽക്കോയ്മ സ്വീകരിച്ച് അവരുടെ സാമന്തന്മാരായി നാടുവാഴികളായി തുടർന്നു.

ഇവരിൽ നെടുങ്ങനാട് ദേശത്തെ (തൂതപ്പുഴക്കും ഭാരതപ്പുഴക്കും ഇടയിലുള്ള നീണ്ട പ്രദേശം) നാടുവാഴികളെ ‘നെടുങ്ങാടികൾ’ എന്നും, ഏറനാട് ദേശത്തെ (മലപ്പുറം, മഞ്ചേരി, അരീക്കോട് തുടങ്ങിയവ) നാടുവാഴികളെ ‘ഏറാടി’ മാരെന്നും, വള്ളുവനാട് ദേശത്തെ (പെരിന്തൽമണ്ണ, മണ്ണാർക്കാട്, പട്ടാമ്പി, പൊന്നാനി തുടങ്ങിയവ) നാടുവാഴികളെ ‘വെള്ളോടി’മാരെന്നും വിളിച്ചുപോരുന്നു.

കവളപ്പാറയിലെ നാടുവാഴി സാമൂതിരിയുടെയും കൊച്ചി രാജാവിന്റെയും മേൽക്കോയ്മ പൂർണമായും സ്വീകരിക്കാതെ എന്നാൽ അനുസരിച്ചും നാടുഭരിച്ചു. അവരാണ് ‘കവളപ്പാറ നായന്മാർ’ എന്ന പേരിൽ അറിയപ്പെടുന്നത്. (ഇവർ പ്രബലരാണെങ്കിലും സാമന്ത പദവി നൽകിയതായി കാണുന്നില്ല).

പാലക്കാട് ഭരിച്ച ശേഖരി രാജവംശം ‘അച്ചന്മാർ’ എന്നും അറിയപ്പെട്ടു. ഇവർ രാജ്യരക്ഷാ തുടങ്ങിയ കാര്യങ്ങൾക്കായി മൈസൂർ രാജാവിന്റെ സഹായം തേടിയതായും അറിയുന്നു.

ചേര രാജാക്കന്മാരുടെ മക്കളുടെ പരമ്പരയാവാം, ‘തിരുമുല്പാട്’ എന്ന സാമന്ത വംശവും ഈ പ്രദേശത്ത് പ്രബലരായുണ്ട്. ഇവർ നെടുങ്ങാടിമാരെ തോൽപ്പിച്ച് നെടുങ്ങനാട് ഭരിച്ചതായും കാണുന്നു.

‘കർത്താ/കർത്താവ്’ എന്നീ സ്ഥാനപ്പേരുകൾ ലഭിച്ച സാമന്തന്മാരും ഈ നാട്ടിലുണ്ട്.

‘പണ്ടാല’മാരും കൂട്ടത്തിലെ പ്രമുഖരാണ്. വടക്കേ മലബാറിൽ നിന്ന് ടിപ്പുവിന്റെ ആക്രമണം ഭയന്ന് മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ

താമസമുറപ്പിച്ചവരാണിവർ എന്ന് അനുമാനിക്കുന്നു.

മേൽപ്പറഞ്ഞ നാടുവാഴി വംശങ്ങളൊക്കെയും സാമന്ത സമുദായത്തിൽ പെട്ടവരാണ്. ഇവർ പാരമ്പര്യമായി ക്ഷത്രിയരോട് സമാനത പുലർത്തുന്ന സംസ്കാരമുള്ളവരും തികഞ്ഞ ആദ്ധ്യാത്മിക ചിന്തകൾ ഉൾക്കൊള്ളുന്നവരും, മത്സ്യമാംസാഹാരങ്ങൾ നിഷിദ്ധമായി കരുതുന്നവരുമാണ്.

സാമന്തന്മാരുടെ സ്ത്രീകൾ 'കോവിലമ്മ/കോവിൽ പാട്' എന്ന പേരിലാണ് അറിയപ്പെടുന്നത് ഇവരെ പൊതുവേ സംബന്ധം കഴിക്കുന്നത് നമ്പൂതിരി/ക്ഷത്രിയ പുരുഷന്മാരാണ്.

ബ്രിട്ടീഷ് ഭരണത്തോടെ പ്രതാപങ്ങൾ അസ്തമിച്ചുവെങ്കിലും ഇവർ ഭൂപ്രഭുക്കന്മാരാ യിരുന്നു, എന്നാൽ കേരളത്തിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ സ്വത്ത് വഹകൾ ഒക്കെയും കൈമോശം വന്ന്, ഇവരൊക്കെ ജീവിത പ്രയാസങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു. പ്രതാപ ഐശ്വര്യങ്ങളുടെ ഭൂതകാലം കേവലം ഓർമ്മകളിൽ ഒതുക്കി അവരിൽ പലർക്കും ജീവിതം കെട്ടിപ്പടുക്കാനായി പടപൊരുതേണ്ടി വന്നു.

തെക്കേ മലബാറിലെ ഷോർണൂർ (ചേരൻ വാണനാട്... ചേരന്നൂർ) കരിമ്പുഴ, പട്ടാമ്പി, ഒറ്റപ്പാലം, അങ്ങാടിപ്പുറം, ചെർപ്പുളശ്ശേരി, (ചേരന്റെ പിള്ളേരുടെ ചേരി), പള്ളിപ്പുറം, കോതക്കുറുശ്ശി, മഞ്ചേരി, കൂറ്റനാട്, നടുവട്ടം, കാറൽമണ്ണ, തൂത... തുടങ്ങിയ പ്രദേശങ്ങളിലാണ് ഈ സമുദായങ്ങൾ പ്രധാനമായും താമസിച്ചുവരുന്നത് ജോലി ആവശ്യാർത്ഥം കൊച്ചി, ബാംഗ്ലൂർ, ഡൽഹി, ബോംബെ, ദുബായ് എന്നിവിടങ്ങളിലും സാമന്ത സമാജാംഗങ്ങളുടെ പ്രസക്തമായ സാന്നിധ്യമുണ്ട്.

ഇവരുടെ സാംസ്കാരിക തനിമ നിലനിർത്താനും പരിപോഷണത്തിനുമായി 'സാമന്ത സമാജം' എന്ന പേരിലുള്ള സംഘടന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 14 യൂണിറ്റുകളിലായി 1,500 അംഗങ്ങളുള്ള ഈ സംഘടന നമ്മുടെ സഭയോട് പല കാര്യങ്ങളിലും സമാനത പുലർത്തുന്നുണ്ട്.

സാമന്തൻമാർക്ക് നായർ സമുദായവുമായി പൊരുത്തപ്പെട്ട് പോകാൻ പറ്റാത്തതിനുള്ള പ്രധാന കാരണം ഇവരുടെ വേറിട്ട സാംസ്കാരിക പൈതൃകവും, സസ്യാഹാര രീതിയുമാണ്. ക്ഷത്രിയർക്കും നായർക്കും ഇടയിലുള്ള അന്തരാള വംശമായി സാമന്തർ സ്വന്തം സ്ഥാനം ഉറപ്പിച്ച് അഭിമാനത്തോടെ ജീവിക്കുന്നവരാണെന്ന് പറയാതെ വയ്യ.

ജീവിതത്തിന്റെ നാനാ തുറകളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധി സാമന്ത വംശജരുണ്ട് അവരിൽ മലയാളത്തിലെ ആദ്യത്തെ നോവലിസ്റ്റ് (കുന്ദലത നോവലിന്റെ കർത്താവ്), ആദ്യത്തെ ബാങ്കർ (നെടുങ്ങാടി ബാങ്കിന്റെ സ്ഥാപകൻ... 1899), സാമൂഹ്യ പരിഷ്കർത്താവ്, എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ. റാവു ബഹദൂർ ടി.എം. അപ്പു നെടുങ്ങാടിയെ ഇത്തരുണത്തിൽ സ്മരിക്കാതെ വയ്യ.

2015-ൽ കോട്ടയത്ത് ചേർന്ന നമ്മുടെ സഭയുടെ വാർഷിക യോഗത്തിൽ, ഈ സമുദായത്തിൽ പെട്ടവർക്ക് അംഗത്വം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവാഹ വിഷയങ്ങളിൽ പങ്കാളിയെ കിട്ടാതെ പ്രയാസപ്പെടുക തുടങ്ങിയ പ്രശ്നങ്ങൾ ഉള്ളപ്പോൾ സമാന സംസ്കാരമുള്ളവരുമായി കഴിയുന്നത്ര മേഖലകളിൽ ഒന്നിച്ച് പ്രവർത്തിക്കുന്നത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാത്രമേ കാണേണ്ടതുള്ളൂ. നമുക്ക് മുന്നോട്ടേക്കാണല്ലോ സഞ്ചരിക്കേണ്ടത്.

## അശ്വതി തിരുനാളിന് എൻ.വി. പുരസ്കാരം



എൻ.വി. സാഹിത്യവേദിയുടെ ഈ വർഷത്തെ പുരസ്കാരം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായിക്ക് സമ്മാനിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഗോവ ഗവർണർ അഡ്വ. ശ്രീധരൻ പിള്ള അവാർഡ്ദാനം നിർവ്വഹിച്ചു.

# ചിറക്കൽമേള 2024



കണ്ണൂർ ചിറക്കൽ കോവിലകം കുടുംബാംഗങ്ങളുടെയും ബന്ധുജനങ്ങളുടെയും ഒരു കൂടിച്ചേരൽ ചിറക്കലുള്ള ഫോക്‌ലോർ അക്കാഡമി ഓഡിറ്റോറിയത്തിൽ വെച്ച് 'ചിറക്കൽമേള 2024' എന്ന പേരിൽ 21-9-2024-ന് നടന്നു. ചിറക്കൽ കോവിലകം വലിയരാജ സി.കെ. രാമവർമ്മരാജ ഉദ്ഘാടനകർമ്മം നിർവഹിച്ചു. കുടുംബാംഗങ്ങളുടെ നല്ല പിന്തുണയും പങ്കാളിത്തവുമുണ്ടായിരുന്നു. വ്യത്യസ്ത ശൈലിയിൽ ഫൺസ് ആൻഡ് ഗെയിംസിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികളാണ് അവതരിപ്പിച്ചത്. കുട്ടികളും മുതിർന്നവരും ഒരുപോലെ പരിപാടികളിൽ പങ്കെടുത്തു. കവിതാ പാരായണവും ഗാനാലാപനവും ശ്രോതാക്കളുടെ മനംകവർന്നു. കോവിലകം കുടുംബാംഗങ്ങളും ബന്ധു ജനങ്ങളും ചേർന്ന് നടത്തിയ ഭക്തിസാന്ദ്രമായ ഭജനയുമുണ്ടായിരുന്നു. യുവതലമുറയുടെ ചടുലതയാർന്ന കലാശക്കൊട്ട് ഡാൻസോടുകൂടി പരിപാടി സമാപിച്ചു.

**കുടുംബാംഗങ്ങളിൽ നിന്നും ബന്ധുജനങ്ങളിൽനിന്നും പരിപാടിയുടെ നടത്തിപ്പിന് ലഭിച്ച തുകയിൽനിന്നും 5,000 രൂപ വയനാട് ദുരിതബാധിതർക്കുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി.**



## അക്ഷരശ്ലോക മത്സരത്തിൽ ഒന്നാംസ്ഥാനം നേടി

ചെങ്ങളം മനോരമത്തമ്പുരാട്ടിയുടെ സ്മരണാർത്ഥം ക്ഷത്രിയ ക്ഷേമസഭ ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടത്തിയ അക്ഷരശ്ലോക മത്സരത്തിൽ ഒന്നാംസ്ഥാനത്തിനർഹനായ **അശോക് കുമാർ പി.** ചേന്ദമംഗലം പാലിയത്ത് ഗോപിനാഥൻ അച്ചന്റെയും കൊരട്ടി സ്വരൂപത്തിൽ കൊച്ചുകുട്ടൻ തമ്പുരാന്റെ മകൾ സതീദേവിയുടെയും മകനാണ്. തൃശ്ശൂർ പൂരത്തിൽ സുവർണ്ണ മുദ്ര ഉൾപ്പെടെ വിവിധ സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

കവിത

# ശിവമാനസപൂജ

**വിനോദ് വർമ്മ**
ചെന്നൈ, മൊ. 98400 31531



*(ശ്രീശങ്കരാചാര്യ രചിതമായ 'ശിവമാനസപൂജ'യുടെ വിവർത്തനം. പ്രചോദനം: ഹിന്ദി)*

രത്നംകൊണ്ടൊരിരിപ്പിടം, ഹിമജല-
സ്നാനം, പലേ രത്നവും
ചേരും ദിവ്യമൊരംബരം, മൃഗമദം
ചാലിച്ചതാം ചന്ദനം,
ജാതീചമ്പകകൂവളാദികലരും
പുഷ്പങ്ങളും, ധൂപവും,
ദീപം മാനസകല്പിതം പശുപതേ!
നീട്ടാമതേൽക്കേണമേ

പൊന്നേവം നവരത്നവും കലരുമീ-
പാത്രത്തിലായ് പായസം
നെയ്യും ഭക്ഷണമഞ്ചു, പാലു, ദധിയും
വാഴപ്പഴം പാനകം
ധാരാളം കറിയും ജലം രുചികരം
കർപ്പൂരദീപ്തം പ്രഭോ
താംബൂലം മനസാ രചിച്ചതടിയൻ
നീട്ടാമിതേൽക്കേണമേ

ഛത്രം, ചാമരയുഗ്മമാം വിശറിയും
നല്ലോരു കണ്ണാടിയും
വീണാഭേരിമൃദംഗവും കലകളും
പാട്ടും തഥാ നൃത്തവും
സാഷ്ടാംഗം പ്രണമിച്ചു പൂജയിവയാൽ
ചെയ്യുന്നു സങ്കല്പമായ്
നീട്ടീടുന്ന സമർപ്പണം മമ വിഭോ
നീ സ്വീകരിക്കേണമേ

ആത്മാ നീ, ഉമയെന്മനം, സഹചരർ
പ്രാണങ്ങൾ, ദേഹം ഗൃഹം
പൂജാർത്ഥം വിഷയോപഭോഗമതുപോൽ-
സ്വാപം സമാധിസ്ഥിതിഃ
സഞ്ചാരം ഹര! നിൻ പ്രദക്ഷിണമിവൻ
ചൊല്ലുന്നതെല്ലാം സ്തവം
ചെയ്തീടും മമ കർമ്മമൊക്കെ ശിവനേ!
നൂനം തവാരാധനം

കരചരണയുഗത്താൽ നിത്യമെൻ മെയ്യുകൊണ്ടും
ചെവിമിഴിയിവയാലും മാനസത്താലുമേവം
അറിവൊടുമറിയാതും ചെയ്ത കുറ്റം ക്ഷമിക്കൂ
ശിവശിവ! കരുണാബ്ധേ! ശ്രീമഹാദേവ! ശംഭോ!

## പുതിയ ഭാരവാഹികൾ



പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ

ചേർത്തല വാരനാട് ദേവീക്ഷേത്രത്തിൽ ഒക്ടോബറിൽ നടന്ന ഭരണസമിതി തെരഞ്ഞെടുപ്പിൽ ദേവസ്വം പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കാട്ടുങ്കൽ കോവിലകത്ത് **പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ**യും (ക്ഷത്രിയ ക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ്) വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കേരള വിലാസം കോവിലകത്ത് **കെ.എൻ. ഉദയവർമ്മ**യും തെരഞ്ഞെടുക്കപ്പെട്ടു. നാല് വർഷമാണ് ഭരണസമിതിയുടെ കാലാവധി.



കെ.എൻ. ഉദയവർമ്മ

# പാലാ രാമപുരം നാലമ്പല ദർശനം




**എൻ.എം. മല്ലികാ റാണി**
കോട്ടയം, മൊ. 9744801150

തൃശൂർ ജില്ലയിലെ നാലമ്പലങ്ങൾ ഒരു ദിവസം കൊണ്ടല്ലെങ്കിലും പോയിട്ടുണ്ട്. പക്ഷേ, ജനിച്ചു വളർന്ന കോട്ടയത്തിന്റെ അടുത്തുള്ള നാല മ്പലങ്ങളിൽ ഇതുവരെയും പോകാൻ കഴിഞ്ഞിട്ടില്ല ല്ലോയെന്ന ഒരു ചെറിയ വിഷമം ഉണ്ടായിരുന്നു. ഈ കർക്കടകത്തിൽ എന്തായാലും നാലമ്പല ദർശനം നടത്തണമെന്നു ആഗ്രഹിച്ചിരുന്നപ്പോ ഴാണ് കോട്ടയം ക്ഷത്രിയ ക്ഷേമസഭയുടെ വാട് സാപ് ഗ്രൂപ്പിൽ പ്രസിഡന്റിന്റെ ഒരു മെസേജ് വന്നത് ക്ഷത്രിയ ക്ഷേമ സഭ നാലമ്പല ദർശനം നടത്തുന്നു. താൽപര്യമുള്ളവർ പേരു നൽകണം. അടുത്ത സെക്കന്ററിൽ പേരു നൽകി അന്നു മുതൽ കാത്തിരിക്കാനും തുടങ്ങി അങ്ങനെ ജൂലൈ 21നു രാവിലെ 6.30നു കോട്ടയത്തു നിന്നു 21 പേരുമായി ഒരു ട്രാവലറിൽ യാത്ര ആരംഭിച്ചു വണ്ടിയിൽ ഭക്തി നിർഭരമായ പാട്ടുകൾ. പാലായിലെത്തി പ്രഭാതഭക്ഷണം കഴിച്ചു. നേരെ രാമപുരത്തേക്ക് അവിടെയാണ് ശ്രീരാമ സ്വാമി ക്ഷേത്രം ക്ഷേത്രവും ക്ഷേത്ര ഗോപുരവും കടന്ന് മെയിൻ റോഡിൽ രണ്ട് ഫർലോഗോളം രണ്ടു വശത്തും ഭക്തജന ങ്ങളുടെ നീണ്ട നിര ഞങ്ങൾ നിരയിൽ സ്ഥാനം പിടിച്ചു ശ്രീരാമ സ്വാമിയെ തൊഴുത് കഴിയുമ്പോ ഴേക്കും മൂന്നു നാലു മണിക്കൂർ എടുക്കുമെന്നു എല്ലാവർക്കും തോന്നി തുടങ്ങി അപ്പോഴേക്കും മറ്റ് അമ്പലങ്ങൾ അടയ്ക്കും ഞങ്ങളുടെ സംഘാടകർ വളരെ ഉചിതമായ ഒരു തീരുമാനമെടുത്തു. ഞങ്ങൾ നിന്നതിനു തൊട്ടടുത്ത് വഞ്ചിപ്പാട്ടിന്റെ പിതാവ് എന്നറിയപ്പെടുന്ന രാമപുരത്ത് വാരിയ രുടെ സ്മാരകമായി ഒരു സ്കൂൾ ഉണ്ട് അതിന്റെ മൈതാനത്തു കൂടി ക്ഷേത്രത്തിന്റെ മുന്നിലെത്തി വെളിയിൽ നിന്നു തൊഴുതു. എന്നിട്ട് മറ്റ് ക്ഷേത്ര ങ്ങളിലേക്ക് വീണ്ടും തിരികെ രാമസ്വാമിയുടെ അടുത്തേക്ക് അങ്ങനെ രാമസ്വാമിയെ തൊഴുത്



കൂടപ്പുലം ഭരത സ്വാമി ക്ഷേത്രത്തിലെത്തി അവി ടെയും ഭക്തരുടെ സാമാന്യം നീണ്ട നിര റോഡിൽ നിന്നു. ഉയരത്തിലാണ് ക്ഷേത്രം പടികളും കൈവരികളും ഉണ്ടായിരുന്നതു കൊണ്ട് മുകളിൽ എത്താൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല ക്യൂവിലെ പല സ്ഥലത്തും ചുക്കുവെള്ളം വിതരണം ചെയ് തിരുന്നു വഴിപാട് സാധനങ്ങളും ക്യൂവിൽ നിന്നു വാങ്ങാൻ ക്രമീകരണങ്ങൾ ഉണ്ടായിരുന്നു സ്വർണ അങ്കിയിൽ തേജസ്വിയായ ലക്ഷ്മണ വിഗ്രഹമായി ആ അനന്ത അവതാരം കണ്ടു അവിടെ നിന്നു അയ്യപ്പ സ്വാമിയെയും ദേവിയെയും തൊഴുത് പുറ ത്തിറങ്ങി നേരെ അമനകര ഭരത ക്ഷേത്രത്തി ലേക്ക്. അവിടെയും ഭക്തരുടെ തിരക്ക്. ഭരത സ്വാമിയെ തൊഴുത് ശ്രീരാമപാദുകം വന്ദിച്ച് അവിടെ നിന്നുമിറങ്ങി മീനൂട്ടുള്ള കുളത്തിലേ ക്കുള്ള വഴി ക്യൂ നിന്നപ്പോൾ കണ്ടെങ്കിലും അങ്ങോട്ട് പോകാൻ കഴിഞ്ഞില്ല. ഔഷധ മൂല്യമുള്ള കർക്കടക കഞ്ഞി വിതരണം ഉണ്ടായിരുന്നെങ്കിലും

# അവാർഡ് ശോഭയിൽ തിളങ്ങി 'മീനാക്ഷിപുരം'



**ക്ഷ**ത്രിയ ക്ഷേമസഭ മുൻ സംസ്ഥാന ജനറൽ സെക്രട്ടറിയും കോട്ടയം യൂണിറ്റ് പ്രഡിഡന്റുമായ ആത്മജവർമ്മ തമ്പുരാൻ തിരക്കഥയെഴുതി ജയരാജ് സംവിധാനം ചെയ്ത 'വൺമാൻ വില്ലേജ്' എന്ന ഡോക്യുമെന്ററി ഡൽഹി ഹ്രസ്വചിത്ര രാജ്യാന്തര ചലച്ചിത്ര മേളയിൽ പുരസ്കാരം നേടി. മികച്ച ഛായാഗ്രഹണത്തിനുള്ള അവാർഡ് ചിത്രത്തിലെ ഛായാഗ്രഹണം നിർവ്വഹിച്ച മഹേഷ് രാജിന് ലഭിച്ചു.

തമിഴ്നാട്ടിലെ തിരുനെൽവേലിക്കു സമീപം ഒരാൾ മാത്രം താമസിച്ചിരുന്ന 'മീനാക്ഷിപുരം' ഗ്രാമത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയാണിത്.

ശുദ്ധമായ വെള്ളവും വഴിയും ഇല്ലാതെ ഒറ്റപ്പെട്ട മീനാക്ഷിപുരത്തു നിന്നു കന്തസ്വാമി ഒഴികെ ബാക്കിയെല്ലാവരും വർഷങ്ങൾക്കു മുൻപു വീടും സ്ഥലവും ഉപേക്ഷിച്ച് വിവിധ നാടുകളിലേക്കു പോയിരുന്നു. ഏകദേശം 1200 പേർ താമസിച്ചിരുന്ന ഗ്രാമമാണിത്. എല്ലാവരും പലായനം ചെയ്തിട്ടും കന്തസ്വാമി ഏകാന്തവാസത്തിൽ കഴിഞ്ഞു. ഈ യഥാർത്ഥ സംഭവത്തെ അവലംബിച്ചുള്ളതാണ് കഥ. മൂന്നു പതിറ്റാണ്ടിലേറെ ഗ്രാമത്തിൽ ഒറ്റയ്ക്ക് ജീവിച്ച കന്തസ്വാമി (74) കഴിഞ്ഞ ജൂണിൽ വിടപറഞ്ഞു.

## ലോക റെക്കാർഡിൽ ഇടംനേടി



ഇരിങ്ങാലക്കുടയിൽ എഴുനൂറോളം കലാകാരികളെ പങ്കെടുപ്പിച്ചു കൊണ്ട് 15 മണിക്കൂറിലധികം നീണ്ടുനിന്ന മുപ്പതിലധികം സംഘങ്ങൾ പങ്കെടുത്ത കൈകൊട്ടിക്കളി സെപ്തംബർ 21 രാവിലെ 6 മണി മുതൽ വൈകീട്ട് 12 മണി വരെ തുടർച്ചയായി നടക്കുകയുണ്ടായി. ഈ പരിപാടി യൂണിവേഴ്സൽ റെക്കോർഡ് ഫോറമിന്റെ ലോക റെക്കാർഡിൽ ഇടം പിടിച്ചിട്ടുണ്ട്. വെള്ളാരപ്പിള്ളി ക്ഷത്രിയ സഭയിലെ കൈകൊട്ടിക്കളി സംഘവും ഈ പരിപാടികളിൽ പങ്കെടുത്തു

→

നീണ്ട നിര കാരണം ഞങ്ങൾ വേഗം മേതിരി ശത്രുഘ്ന ക്ഷേത്രത്തിലേക്ക് തിരിച്ചു. അവിടെ തിരക്ക് കുറവായിരുന്നു. ശത്രുഘ്ന സ്വാമിയുടെ സ്വർണ വിഗ്രഹം തൊഴുത് അടുത്തു തന്നെയുള്ള പോർക്കലി ദേവിയെയും തൊഴുത് വീണ്ടും ശ്രീരാമ സന്നിധിയിലെത്തി മുക്കാൽ മണിക്കൂർ ക്യൂ നിന്ന്, സർവ്വാഭരണ വിഭൂഷിതനായി ജ്വലിക്കുന്ന തേജസ്സോടെ ചതുർബാഹുവായ ശ്രീരാമ സ്വാമിയെ കണ്ടു അനുഗ്രഹത്തിനായി പ്രാർത്ഥിച്ച് മനസ്സ് നിറഞ്ഞ് പുറത്തിറങ്ങി, ചിരകാല സ്വപ്നം യാഥാർത്ഥ്യമായതിന്റെ സന്തോഷവും പേറി.

●

ലേഖനം

# അവസാനയാത്ര



**ഉമാ രവി രാജ**
ഇല്ലിനോയ്, യു.എസ്.എ. മൊ. +1 8479998767

വിഷ്ണുപാദത്തിൽ ചേർന്ന് മുക്തി നേടാനുള്ള ആ അവസാനയാത്രയിൽ എന്തേ അഛന് ഇങ്ങിനെ ഒരു ആഗ്രഹം തോന്നാൻ!

അതോ അഛന്റെ അനുഗ്രഹം എനിക്ക് ഒരിക്കൽ കൂടി ലഭിയ്ക്കാനുള്ള ഒരവസരം കണ്ണനുണ്ണി ഒരുക്കിത്തന്നതോ?

2007 സെപ്തംബർ 15-ന് നാട്ടിലേക്ക് രമയും അമ്മയുമായി സംസാരിക്കുമ്പോൾ "അഛന് നല്ല സുഖമില്ല. ശ്വാസംമുട്ടൽ പോലെ, ഒരു കിതപ്പ് പോലെ തോന്ന്ണ്ട് കുറച്ച് നടക്ക്മ്പഴക്കും" എന്നൊക്കെ പറഞ്ഞത് കേട്ടപ്പോൾ വല്ലാതെ വിഷമം തോന്നി.

അഞ്ച് മാസം മുമ്പ് ഏപ്രിൽ 12-ന് നാട്ടിലെത്തി, തൃശൂരിൽ വെച്ച് എല്ലാവരും കൂടി വിഷു ആഘോഷിച്ച് വിഷുക്കണി കണ്ട് അഛന്റെ അടുത്ത് വിഷുക്കൈനേട്ടം മേടിച്ച് ആ കാൽക്കൽ നമസ്കരിച്ച് അനുഗ്രഹവും കിട്ടി, പടക്കം പൊട്ടിക്കലും വിഷു സദ്യയും എല്ലാം ആസ്വദിച്ച്, പിന്നെ രണ്ടാഴ്ച കൂടി കഴിഞ്ഞ്, മേയ് 1-ന് (മേടത്തിൽ ചിത്ര) ഗുരുവായൂരപ്പനെ തൊഴുത്, ഗുരുവായൂർ കൃഷ്ണ ഹോട്ടലിൽ വെച്ച് അച്ഛന്റെ അശീതിയും നമ്മൾ പുത്തൻ കോവിലകക്കാരെല്ലാവരും കൂടി ഗംഭീരായി നടത്തി, മേയ് 5-ന് അച്ഛന്റെ അമ്മടം കാൽതൊട്ട് നമസ്കരിച്ച്, അനുഗ്രഹവും വാങ്ങി, ഏയർപോർട്ടിലേക്ക് പോകാനായി കാറിൽ കയറിയപ്പോൾ ഒരു നിമിഷമെങ്കിലും വിചാരിച്ചോ ഇത് അവസാനത്തെ കാണലായിരിക്കും അഛനെ യെന്ന് അഛന് അത് നന്നായി അറിയാമായിരുന്നെങ്കിലും, ഞങ്ങളുടെ മനസ്സിൽ ആ ചിന്ത ഒരു നിമിഷ നേരത്തേയ്ക്ക് പോലും ഉണ്ടായില്ല എന്നതാണ് സത്യം.

മെയ് 1-ന് എൺപതാം പിറന്നാൾ ആഘോഷം കഴിഞ്ഞ് തിരിച്ച് 'പൂർണ്ണിമ'യിലേയ്ക്ക് നടക്കുമ്പോൾ, രവിയുടെ കൈപിടിച്ച്, "ഇത് എന്റെ അവസാനത്തെ പിറന്നാളാണ്, ട്ടൊ" എന്ന് അഛൻ ഉറപ്പിച്ച് പറഞ്ഞപ്പോൾ, "അതൊക്കെ മോൾ ഒരാ ഉല്ലേ തീർച്ചാക്കാ, നമ്മളല്ലല്ലോ" എന്ന് തമാശയായി ചിരിച്ചുകൊണ്ട് പറഞ്ഞ രവിയോട്, "അതൊക്കെ ശര്യാ, പക്ഷെ നോക്കിക്കോളു, അടുത്ത പിറന്നാളിന് ഞാൻ ഉണ്ടാവില്ല" എന്ന് ഉറപ്പിച്ച് പറഞ്ഞുവത്രെ, അഛൻ.

തിരിച്ച് ചിക്കാഗോയിലെത്തിയ ശേഷവും സാധാരണപോലെ ആഴ്ചയിലൊരു ദിവസം കിട്ടാറുള്ള അച്ഛന്റെ നീണ്ട കത്തുകൾ ഒരു മാറ്റവും കൂടാതെ, പിറ്റെത്താഴ്ച തൊട്ട് കിട്ടിത്തുടങ്ങി. അതുപോലെ തന്നെ ആഴ്ചയിലൊരിക്കലുള്ള ഫോൺകാളുകളും എല്ലാ ആഴ്ചയിലും തുടർന്നു. അപ്പോഴേയ്ക്കും കേൾവി നന്നായി കുറഞ്ഞിരുന്നതിനാൽ, ഫോണിൽ ഇങ്ങട് പറയലായി അധികവും; അങ്ങട് പറയാനുള്ള വിശേഷമൊക്കെ പതിവുപോലെ കത്തിലൂടെ തന്നെ കൈമാറി. അങ്ങിനെ നാല് മാസം കടന്നു പോയി. അപ്പോഴാണ് നടക്കുമ്പോൾ അച്ഛന് കുറേശ്ശെ ശ്വാസം മുട്ടൽ വരുന്നവെന്ന് രമ പറഞ്ഞത്. അച്ഛനും കുറച്ച് നേരം അന്ന് ഫോണിൽ സംസാരിച്ചു. "ഞാൻ നാട്ടിലേയ്ക്ക് വരാം; കുറച്ച് ദിവസം അച്ഛന്റേയും അമ്മയുടേയും ഒപ്പം നിക്കാൻ" എന്ന് ഞാൻ പറഞ്ഞത് രമ ഒരു കടലാസ്സിൽ എഴുതി അച്ഛന് കാണിച്ച് കൊടുത്തപ്പോൾ, "അതൊന്നും വേണ്ട, പ്പൊങ്ങട് വന്ന് പോയിട്ടല്ലേള്ളു; ഇനിപ്പൊ തന്നെ രണ്ടാമത് വരൊന്നും വേണ്ട, എനിക്ക് അങ്ങിനെ വയ്യായ്കയൊന്നുല്ല്യ" എന്ന് അഛൻ ഉറപ്പിച്ച് പറഞ്ഞു. അധികം സംസാരിച്ച് ശ്വാസം

മുട്ടൽ കൂട്ടേണ്ടെന്നും പറഞ്ഞ് അച്ഛൻ ഫോൺ പിന്നെ അമ്മേടെ കയ്യിൽ കൊടുത്തു. അമ്മയും പറഞ്ഞു, "അധികൊന്നുല്ല്യ, പേടിയ്ക്കുകയൊന്നും വേണ്ട" എന്നൊക്കെ. ഫോൺ വെച്ചശേഷം രവി എന്നോട് പറഞ്ഞു, "ഞാൻ നാളെത്തന്നെ ടിക്കറ്റ് ബുക്ക് ചെയ്യാം, ഉമ ഒന്ന് നാട്ടിൽ പോയി വരൂ; അച്ഛന് ഒന്നും സംഭവിയ്ക്കില്ല്യ, പക്ഷെ കുറച്ച് ദിവസം അച്ഛന്റേം അമ്മേടേം അടുത്ത് പോയി നിന്ന് വരൂ" എന്ന്.

അന്ന് അഛനും ഞാനുമായുണ്ടായ ഫോൺ സംഭാഷണ സമയത്ത്, അഛന്റെ അടുത്തിരുന്നിരുന്ന മുരളിയേട്ടൻ, അച്ഛൻ ഫോൺ വെച്ച് കഴിഞ്ഞപ്പോൾ അച്ഛനോട് ചോദിക്കുകയും ചെയ്തു, "എന്തിനാ ഉമയോട് വരണ്ട എന്ന് പറഞ്ഞത്? കുഞ്ഞേട്ടമ്മാമന് കാണണം ന്ന് തോന്നണില്ലേ?" എന്ന്. "കാണണം ന്ന് തോന്നി ന്ന് ചോദിച്ചാൽ, കാണണംന്നൊക്കെണ്ട്. പക്ഷെ പ്പൊങ്ങട് വന്ന് പോയല്ലേള്ളൂ; ഇത് കോഴിക്കോട്ന്ന് തൃശ്ശൂർക്ക് വരണ പോലൊന്ന്വല്ലല്ലോ... വേണ്ട, പ്പൊ വരാനൊന്നും പറയണ്ട. എനിയ്ക്ക് വല്ലതും പറ്റിച്ചാൽ ക്രിയകൾ ചെയ്യാൻ വേണച്ചാ വന്നോട്ടെ; അതു മതി" എന്ന് പറഞ്ഞ ശേഷം, "വരണ്ടേരും; ഒരു രണ്ട് ദിവസത്തിനുള്ളില് അവിടുന്ന് പുറപ്പടണ്ടി വരും" എന്ന് തലയാട്ടി ഉറപ്പിച്ചുകൊണ്ട് അച്ഛൻ മുരളിയെട്ടനോട് പറയും ചെയ്തുന്ന് മുരളിയേട്ടനും രമയും ഞങ്ങളോട് പിന്നെ പറഞ്ഞിരുന്നു.

അന്ന് സപ്തംബർ 15 – എല്ലാ മാസവും മൂന്നാമത്തെ ശന്യാഴ്ച വൈകുന്നേരം ഇവിടെ ഷിക്കാഗോയിൽ, ഒത്തുകൂടാറുള്ള ഞങ്ങൾ 7–8 കുടുംബങ്ങൾ ഉള്ള ഒരു ആദ്ധ്യാത്മിക കൂട്ടായ്മ അന്ന്, ഞങ്ങൾക്ക് വളരെ വേണ്ടപ്പെട്ട, ഞങ്ങളുടെ അടുത്ത സുഹൃത്തുക്കളായ സേതു– മൃദുലമാരുടെ വീട്ടിൽ വെച്ചായിരുന്നു. അതിന് പോണവഴി കാറിൽ വെച്ചും എന്റെ നാട്ടിലേയ്ക്കുള്ള പോക്കിനെ പറ്റി തന്നെയാണ് ഞാനും രവിയും സംസാരിച്ചിരുന്നത്. അവിടെയെത്തി, കുശലം പറയലും ചായകുടിയും ഒക്കെ കഴിഞ്ഞ് സന്ധ്യക്ക് വിളക്കുകൊളുത്തി നാമം ജപം, ഭജന, കീർത്തനങ്ങൾ, ആദ്ധ്യാത്മിക വിഷയത്തെ പറ്റിയുള്ള തുടർചർച്ച ഒക്കെ കഴിഞ്ഞ് സമർപ്പണശ്ലോകങ്ങളും ചൊല്ലിയവസാനിപ്പിച്ച്, ആരതിയും ഉഴിഞ്ഞ് എണീറ്റ് പ്രസാദം വിതരണം ചെയ്യുമ്പോൾ, സേതു എന്നോട്, "ഉമേ അച്ഛന് വിശേഷിച്ചൊന്നുല്ല്യല്ലോ, അല്ലേ?" എന്നൊരു ചോദ്യം. ആദ്യം അത് കേട്ടപ്പോൾ ഞാനൊന്ന് അമ്പരന്നു, എന്താപ്പൊ സേതു ഇങ്ങിനെ ചോദിയ്ക്കാൻ എന്നാലോചിച്ച്.

സേതുവിന് അഛനെ നന്നായി അറിയാം. അച്ഛനും അമ്മയും ഇവിടെ ചിക്കാഗോവിൽ ഞങ്ങളുടെ അടുത്ത് വന്നപ്പോൾ കണ്ട് സംസാരിച്ചതിന് പുറമെ, നാട്ടിൽ വരുമ്പോ പല തവണ ഗുരുവായൂരിലും കോഴിക്കോട്ടും ഞങ്ങളുടെ വീട്ടിൽ സേതു വന്നിട്ടുണ്ട്. അച്ഛനായി വളരെനേരം ഇരുന്ന് സംസാരിക്കാറുമുണ്ട്. തമ്പുരാൻ എന്നേ സേതു അച്ഛനെ വിളിയ്ക്കാറുള്ളു. അച്ഛൻ ഇരിയ്ക്കുന്ന കസേരയുടെ അടുത്തുള്ള കസേര ദൂരത്തേയ്ക്ക് നീക്കി മാറ്റിവെച്ച്, അഛന്റെ നേർമുന്നിൽ നിലത്ത് അഛനേയും നോക്കി ചമ്രം പടിഞ്ഞിരുന്നാണ് പോണവരെ അവർ തമ്മിലുള്ള സംസാരം എന്നൊക്കെ രമ പറയാറുണ്ടായിരുന്നു. എത്ര പറഞ്ഞാലും അഛന്റെ അടുത്ത് കസേരയിൽ ഇരിയ്ക്കില്ല സേതു. അത്ര ബഹുമാനമാണ് അച്ഛനെ.

പക്ഷെ, അഛന് കുറച്ച് സുഖല്യ; നടക്കുമ്പോ ചെറിയൊരു ശ്വാസംമുട്ടൽ എന്ന, അന്ന് രാവിലെ കിട്ടിയ വർത്തമാനൊന്നും പറഞ്ഞ് കഴിഞ്ഞിരുന്നില്ല. ടിക്കറ്റൊക്കെ ബുക്ക് ചെയ്ത ശേഷം നാട്ടിൽ പോണ കാര്യം എല്ലാവരോടും പറയാം എന്നാണ് ഞാൻ വിചാരിച്ചിരുന്നത്; അതോണ്ട് നാട്ടിൽ പോവാൻ ഒരാലോചനള്ള കാര്യൊന്നും ആരോടും പറഞ്ഞിരുന്നില്ല. പക്ഷെ പെട്ടെന്ന് സേതു ഇങ്ങിനെ അച്ഛന് വിശേഷിച്ചൊന്നുല്ലല്ലോന്ന് ഇങ്ങട് ചോദിച്ചപ്പോൾ, അന്ന് രാവിലെ അഛനുമായുണ്ടായ ഫോൺ സംഭാഷണവും അഛന്റെ ചെറിയ ശ്വാസംമുട്ടലിന്റെ കാര്യവും ഞാൻ നാട്ടിൽ പോവാണെന്നുമൊക്കെ പറഞ്ഞു.

പ്രസാദമൊക്കെ കഴിച്ച് കഴിഞ്ഞപ്പോഴേയ്ക്കുമുണ്ട് എന്റെ ഫോൺ അടിക്കുന്നു. വേഗം ചെന്ന് എടുത്തപ്പോൾ രശ്മിയാണ്, "വല്യമ്മേ, മുത്തച്ഛൻ പോയി വല്യമ്മേ... അമ്മ ദാ പ്പൊ വിളിച്ച് പറഞ്ഞതാണ്" എന്ന് രശ്മി വിതുമ്പിക്കൊണ്ട് പറഞ്ഞപ്പോൾ വിശ്വസിക്കാനായില്ല്യ. ഉടനെ തന്നെ തൃശ്ശൂർക്ക് വിളിച്ചു ഞങ്ങൾ. നാട്ടിൽ അപ്പോൾ സെപ്തംബർ

16 ഞായറാഴ്ച രാവിലെയാണ് സമയം. കുട്ട്യേട്ടനാണ് എല്ലാം വിസ്തരിച്ച് പറഞ്ഞുതന്നത്. മനസ്സ് വിങ്ങിപ്പൊട്ടീട്ട്... കണ്ണ് നിറഞ്ഞൊഴുകീട്ട്... കുട്ട്യേട്ടൻ പറയണത് കേൾക്കാൻ പറ്റീരുന്നില്ല എനിയ്ക്ക്; പിന്നെ രവി ഫോൺ വാങ്ങി കുട്ട്യേട്ടനായി സംസാരിച്ച് എല്ലാം മനസ്സിലാക്കി.

അച്ഛൻ രാവിലെ എണീറ്റ് കാലും മുഖവും കഴുകി വിളക്ക് കൊളുത്തി തൊഴുതു കഴിഞ്ഞപ്പൊഴേയ്ക്കും കുറച്ചൊരു ക്ഷീണവും വയ്യായ്കയും തോന്നി വീണ്ടും കട്ടിലിൽ വന്ന് കിടന്നു വത്രെ. കൈകൾ കൂപ്പി നാമംജപിച്ച് കിടക്കുകയായിരുന്നു. ഹരിദ്വാറിൽ 'ഹർ കി പൈരി'യിൽ നിന്ന് സ്വന്തം കൈകൊണ്ട് മുക്കിയെടുത്ത ആ പവിത്രമായ ഗംഗാജലം സൂക്ഷിച്ചുവെച്ചിരുന്ന കുപ്പിയിൽ നിന്ന് ഗംഗാജലവും കുറച്ചെടുത്ത് സേവിച്ചിരുന്നു. ഇടയ്ക്കിടയ്ക്ക് കണ്ണനുണ്ണീടെ മുന്നിൽ വിളക്ക് കൊളുത്തി വെച്ചോടത്തേയ്ക്ക് നോക്കി തൊഴുന്നും ഉണ്ടായിരുന്നു. എല്ലാ മാസവും സംക്രമ സമയത്ത് നെയ്‌വിളക്കാണ് അഛൻ കൃത്യമായി കത്തിച്ചിരുന്നത്. അന്ന് സംക്രമം ആണെന്നറിയാം. അമ്മയോട്, "നെയ്‌വിളക്ക് കത്തിയ്ക്കണ്ടേ, മറക്കണ്ട" എന്നൊക്കെ ഓർമ്മിപ്പിക്കുന്നുണ്ടായിരുന്നു. അന്ന് പക്ഷെ വൈന്നേരത്തോടെയേ സംക്രമം ആവുള്ളൂ എന്ന് അമ്മ പറഞ്ഞപ്പോൾ, ശരിയെന്ന് അമ്മയോട് തലയാട്ടി കാണിക്കുകയും ചെയ്തു. പിന്നെയും കണ്ണനുണ്ണിയെ നോക്കി കൈ കൂപ്പി തൊഴുതു.

ഹോസ്പിറ്റലിൽ പോവാം ന്ന് രമയും ഉണ്ണികൃഷ്ണനും നിർബന്ധിച്ച് പറഞ്ഞപ്പൊ, അതൊന്നും വേണ്ടാന്ന് പറഞ്ഞൂത്രേ അച്ഛൻ. തനിക്ക് പോവാനുള്ള സമയായീന്ന് അച്ഛന് തന്നെ നന്നായി അറിയാമായിരുന്നു. അച്ഛന് വയ്യെന്ന് കേട്ട് കുട്ട്യേട്ടനും മുരളിയേട്ടനും ഒക്കെ എത്തി. ഇവരൊക്കെ വരുന്നതുകണ്ട്, അവിടുത്തെ സെക്യൂരിറ്റി ഗാർഡും അച്ഛനെ കാണാൻ മോള്ള്ലെ നിലയിലെ ഫ്ളാറ്റിലേയ്ക്ക് ഓടിവന്നു, അച്ഛൻ കിടന്നിരുന്ന മുറിയുടെ വാതിൽക്കൽ വന്ന് അച്ഛനെ നോക്കിയപ്പോൾ, മുഖത്ത് ചെറിയൊരു പുഞ്ചിരിയോടെ, ഞാൻ പോവായീ എന്ന് കൈ കൊണ്ട് ആംഗ്യം കാണിച്ചു വത്രെ അച്ഛൻ അദ്ദേഹത്തെ നോക്കിയിട്ട്. ആ ഗാർഡ് എന്നോട് പിന്നെ പറഞ്ഞുതന്നതാണ് ഈ സംഭവം.

പിന്നെയും രണ്ട് പ്രാവശ്യം കൂടി വിളക്ക് വെയ്ക്കണോടത്തേയ്ക്ക് നോക്കി ഭഗവാനെ കൈ കൂപ്പി തൊഴുത്, അങ്ങനെ കണ്ണടയ്ക്കാണ് ഉണ്ടായത്.

നടന്നാലുള്ള കിതപ്പും ക്ഷീണവും അല്ലാതെ, ഒട്ടും ഒരു വേദനയോ വയ്യായയോ ഒന്നുമില്ലാതെ, ശാന്തമായ ഒരു അന്ത്യം. കുട്ട്യേട്ടനാണ് ഒക്കെ രവിയോട് പറഞ്ഞുകൊടുത്തത്.

അനായാസേന മരണം വിനാ ദൈന്യേന ജീവനം
ദേഹി മേ കൃപയാ സിന്ധോ ത്യായി ഭക്തിം അചഞ്ചലം

എന്ന് കുട്ട്യാവുമ്പോ തൊട്ട് കേട്ട് വളർന്ന ശ്ളോകം, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മുന്നിൽ കണ്ടത് ഇവിടെയാണ് അച്ഛന്റെ ജീവിതത്തിലും മരണത്തിലും ആണ്.

നല്ലൊരു ജീവിതം ലഭിക്കുന്നതിനേക്കാൾ ഭാഗ്യംചെയ്യണം നല്ലൊരു മരണത്തിന്, ആയാസം കൂടാതെയുള്ള മരണത്തിന് എന്ന് പണ്ടുള്ളവർ പറഞ്ഞത് എത്ര ശരി!

അച്ഛന്റെ ഈ അവസാന നിമിഷത്തെപ്പറ്റിയൊക്കെ കുട്ട്യേട്ടൻ ഞങ്ങളോട് ഫോണിൽ പറയണത്, അവിടെയുള്ള ഞങ്ങളുടെ മറ്റു സ്നേഹിതരും കേട്ടു. എല്ലാവരും എന്നെ കെട്ടിപ്പിടിച്ച് സമാധാനിപ്പിയ്ക്കാണ്. മനസ്സിന്റെ വിങ്ങിപ്പൊട്ടൽ ഒന്ന് ശാന്തമായപ്പോഴാണ് സേതു എന്നോട് വന്ന് പറയണത്, "ഉമേ, നമ്മുടെ സത്സംഗം കഴിഞ്ഞ് എണീറ്റപ്പൊ ഞാൻ ഉമയോട്, "അഛന് വിശേഷിച്ചൊന്നുല്ലല്ലൊ, ല്ലെ?" എന്ന് ചോദിച്ചില്ലേ, എന്താറിയോ കാരണം? നമ്മൾ നാമം ജപിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, പെട്ടെന്നുണ്ട്, ഈ മുറിയുടെ മറ്റേ അറ്റത്തുള്ള ആ കോണിപ്പടിയിൽ ഉമേടെ അച്ഛൻ നിൽക്കുന്നു. ഉമയെത്തന്നെ നോക്കി നിൽക്കാണ്. ഞാൻ സ്വപ്നം കാണോ മറ്റൊ ആണോ എന്നറിയാൻ കണ്ണ് അടച്ചുപിടിച്ച് പിന്നെ തുറന്ന് നോക്കി. അപ്പഴുണ്ട് തമ്പുരാൻ അവിടന്നെ നിൽക്കുന്നു, ഉമേം നോക്കിക്കൊണ്ട് നല്ല വ്യക്തായി കണ്ടു ഉമേ ഞാൻ. ഒരു രണ്ട് മിനുറ്റ് കഴിഞ്ഞപ്പൊനിക്കണോട്ത്ത്ന്ന് അങ്ങന്നങ്ങട് മാഞ്ഞുപോവും ചെയ്തു തമ്പുരാൻ. എനിയ്ക്ക് വിശ്വസിയ്ക്കാൻ പറ്റീല്ല്യ. അതാ ഞാൻ ഇതൊക്കെ കഴിഞ്ഞ് എണീറ്റ ഉടനെ ഉമയോട് അച്ഛന് വിശേഷിച്ചൊന്നുല്ലല്ലൊ എന്ന് ചോദിച്ചത്" എന്നായിട്ട്!

മനസ്സിന്റെ വിഷമം അധികാവാണോ അതോ കുറച്ച് സമാധാനം കിട്ടാണോ എന്താ ആ നിമിഷം എന്റെ മനസ്സിൽ തോന്നിയത് എന്ന് പറയാൻ വയ്യ ട്ടൊ. ഭഗവാന്റെ അടുത്തേയ്ക്കുള്ള ആ അവസാന യാത്രയിൽ എന്നേം രവിയേയും ഒന്നുകൂടി കണ്ട് അനുഗ്രഹിയ്ക്കാൻ തന്നെയല്ലേ അച്ഛൻ ഇവിടെ വന്നിട്ടുണ്ടാവുക!

ഞാനാണ് അച്ഛൻ ആ കോണിപ്പടിയിൽ നിൽക്കണത് കണ്ടിരുന്നത് എന്നാണെങ്കിൽ, എന്റെ മനസ്സിന്റെ വിഭ്രാന്തിയാണെന്ന് വിചാരിയ്ക്കാം അച്ഛന് കുറച്ച് സുഖല്ല്യ എന്ന വർത്തമാനം ആ രാവിലെ കേട്ടത് മനസ്സിൽ കിടക്കണ കാരണം മനസ്സിന്റെ ഒരു കളിയാവാം ഇങ്ങനെ അച്ഛനെ കാണണത്. പക്ഷെ, ഇവിടെ ഞങ്ങളുടെ വളരെ അടുത്ത സുഹൃത്തായ സേതുവാണ് അച്ഛനെ കാണണത്. അതും അച്ഛന് അസുഖണ്ട് എന്നൊന്നും അറിയുംകൂടി ചെയ്തിരുന്നില്ല സേതു. അപ്പൊ ഇത് വെറും മനസ്സിന്റെ ഒരു തോന്നലല്ല; അച്ഛൻ ആ അവസാന യാത്രയിൽ ഞങ്ങളെ ഒന്നു കൂടി കണ്ട് അനുഗ്രഹിയ്ക്കാൻ വന്നത് തന്നെയാണ്, അതു കഴിഞ്ഞ് കുട്ടികളുടെ അടുത്തും പോയി അവ രെയും അനുഗ്രഹിച്ചിട്ടുണ്ടാവും; ഉറപ്പാണ്.

പിറ്റേന്ന് തന്നെ രവി എനിയ്ക്ക് നാട്ടിലേയ്ക്കുള്ള ടിക്കറ്റ് ഒക്കെ ശരിയാക്കി രണ്ട് മൂന്ന് ദിവസത്തി നുള്ളിൽ ഞാൻ നാട്ടിലെത്തി. അച്ഛൻ ഇല്ലാത്ത നാട്ടിലേയ്ക്കുള്ള ആദ്യത്തെ യാത്ര. രമയും ഉണ്ണിക്കൃഷ്ണനും എയർപോർട്ടിൽ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. നേരെ തൃശ്ശൂരിലെ ഫ്ളാറ്റിൽ. അച്ഛൻ വിശ്രമിച്ചിരുന്ന അവസാന ശ്വാസം എടുത്ത്, ഭഗവത്പദം ചേർന്ന ആ കട്ടി ലിൽ, അഛന്റെ പാദങ്ങൾ വെച്ചിരുന്നിടത്ത് നമസ കരിച്ച് പൊട്ടിപ്പൊട്ടി കരഞ്ഞപ്പോഴാണ് മനസ്സിന് കുറച്ചൊരു ആശ്വാസം കിട്ടിയത്. അമ്മയേയും കെട്ടിപിടിച്ച് ആ കാൽക്കൽ നമസ്കരിച്ചു.

ദഹിപ്പിയ്ക്കലും ക്രിയകളും എല്ലാം ഐവർ മഠത്തിൽ വെച്ച് വേണ്ടപോലെ, വിധിയാംവണ്ണം നടത്തിയിരുന്നു. മരിയ്ക്കുന്നതിന് രണ്ട് ദിവസം മുൻപ് തന്നെ ശ്രീശനോട് അച്ഛൻ എല്ലാം പറഞ്ഞ് ഏൽപ്പിച്ചിരുന്നു. "മുത്തച്ഛന് എന്തെങ്കിലും പറ്റി യാൽ കോഴിക്കോട്ടേയ്ക്കൊന്നും കൊണ്ടു പോവാൻ നിൽക്കണ്ട, പട്ടാമ്പിയ്ക്കടുത്തുള്ള ഈ ക്രിയക ളൊക്കെ ചെയ്യുന്ന ആ സ്ഥലത്തുവെച്ച് ശ്രീശൻ തന്നെ എല്ലാം ചെയ്താൽ മതി ട്ടൊ" എന്നൊക്കെ ശ്രീശനോട് പറഞ്ഞിരുന്നുവത്രെ. അച്ഛൻ പറ ഞ്ഞേൽപ്പിച്ചപോലെ തന്നെയാണ് എല്ലാം ചെയ്തതും. ഐവർമഠം എന്ന ആ പേരങ്ങട് ഓർമ്മ കിട്ട്യേർന്നില്ല അച്ഛന് അതാണ് 'പട്ടാമ്പി യ്ക്കടുത്തുള്ള സ്ഥലം' എന്ന് പറഞ്ഞു കൊടു ത്തത്.

അതൊക്കെ കഴിഞ്ഞ് പന്ത്രണ്ടാം ദിവസം, സെപ്തംബർ 27 വ്യാഴാഴ്ച, കുട്ട്യേട്ടനും മുരളി യേട്ടനും ഞങ്ങളും എല്ലാവരുംകൂടി വീണ്ടും ഐവർമഠത്തിൽ പോയി പിണ്ഡവും എല്ലാ ക്രിയകളും വൃത്തിയായി ചെയ്തു. അതുകഴിഞ്ഞ് അവിടെ തന്നെയുള്ള പാർത്ഥസാരഥി അമ്പല ത്തിൽ ഇരുന്ന് വിഷ്ണു സഹസ്രനാമവും എല്ലാ വരും കൂടി ജപിച്ചു. മനസ്സിന് തൃപ്തിയായ വിധം എല്ലാം ചെയ്തുകഴിഞ്ഞപ്പൊൾ വലിയൊരു സമാ ധാനം.

കുറച്ച് ചിതാഭസ്മം ഗംഗാനദിയിൽ ഒഴുക്കാ നായി ചെറിയൊരു കുടത്തിൽ കൊണ്ടു വന്ന്, ഗുരുവായൂരിൽ നമ്മുടെ 'പൂർണ്ണിമ'യുടെ മുറ്റ ത്തുള്ള ഉത്തമവൃക്ഷത്തിൽ സൂക്ഷിച്ചുവെച്ചു. കുറച്ച് വർഷങ്ങൾക്കുശേഷം, കാശി വിശ്വനാഥന്റെ മുന്നിൽ നന്നായി തൊഴുത് പ്രാർത്ഥിച്ച്, അച്ഛന്റെ ചിതാഭസ്മം വേണ്ട ചടങ്ങുകളോടെ, അവിടെ കാശിയിൽ, വിശ്വനാഥന്റെ തൊട്ട് മുന്നിലൂടെ ഒഴുകുന്ന ഗംഗാനദിയിൽ എനിയ്ക്കും രമയ്ക്കും കൂടി സമർപ്പിയ്ക്കാനും സാധിച്ചുവെന്നത് മന സ്സിന് വല്ലാത്തൊരു സന്തോഷം തരുന്ന കാര്യമാ യിരുന്നു.

2007 സെപ്തംബറിൽ അച്ഛൻ ഭഗവത്പദം ചേർന്ന് കഷ്ടിച്ചൊരു നാലുമാസം കഴിഞ്ഞ് 2008 ജനുവരി 5, ശന്യാഴ്ച. നല്ല മഞ്ഞും തണുപ്പും ഉള്ളൊരു രാത്രി. സുഖനിദ്ര. പെട്ടെന്നുണ്ട് എന്റെ മുന്നിൽ അച്ഛൻ! ഒരു കാറിലാണിരിയ്ക്കുന്നത്. "വേഗം കേറു; നമുക്ക് കുറച്ച് അമ്പലങ്ങളിൽ പോകാം" എന്നുംപറഞ്ഞ് എന്നെ വിളിച്ച് കാറിൽ കേറ്റുന്നു. അച്ഛൻ മുന്നിലെ സീറ്റിലാണിരിയ്ക്കണത്. പിന്നിലെ സീറ്റിൽ വല്യ വല്യമ്മയും 'സീതാരാമം' ചെറേമ്മയും (അഛന്റെ സഹോദരിമാർ) ഇരിയ്ക്കുന്നുണ്ട്. ഒന്നും മിണ്ടാതെ എന്നെ നോക്കി ഇരിയ്ക്കു കയാണ് അവർ രണ്ടുപേരും.

പല പല ക്ഷേത്രങ്ങളുടെയും മുന്നിൽ കാർ നിർത്തി എന്നോട് ഇറങ്ങാൻ പറഞ്ഞ് അവിടെ യൊക്കെ എന്നെ സുഖായി തൊഴീച്ചു. ഗുരുവായൂർ കണ്ണനുണ്ണിയേയും, തിരുമാന്ധാം കുന്നിലമ്മയേയും കാടാമ്പുഴ ഭഗവതിയേയും ഒക്കെ സുഖായി തൊഴുതശേഷം കോഴിക്കോ ട്ടെത്തി; തളീലപ്പനേയും മങ്കാവിലമ്മയേയും തൊഴുതശേഷം കാർ നേരെ തിരുവന്നൂർക്കാണ് വിട്ടത്. നാണ്യാട്ടമ്മയേയും തിരുവന്നൂരപ്പനേയും നന്നായി തൊഴുതു. ഈ ക്ഷേത്രങ്ങളിലൊക്കെ അച്ഛനും എന്റെ കൂടെ വന്ന് എന്റെ ഒപ്പംനിന്ന് തൊഴുന്നുണ്ടായിരുന്നു. വല്യമ്മയും ചെറേമ്മേയും പക്ഷേ, ഒന്നും മിണ്ടാതെ കാറിൽ തന്നെ ഇരിയ്ക്കായിരുന്നു. തൊഴാൻ വന്നില്ലെങ്കിലും അവരുടെ അനുഗ്രഹം എന്നിൽ ചൊരിയുന്നു ണ്ടായിരുന്നെന്ന് അവരുടെ ആ നോട്ടത്തിൽ നിന്ന് വ്യക്തമായി അറിയാനുണ്ടായിരുന്നു. ഇവിടെ യൊക്കെ വിസ്തരിച്ച് തൊഴുത്, പൂജാരിമാർക്ക് എന്നെക്കൊണ്ട് ദക്ഷിണ കൊടുപ്പിച്ച് അവരുടെ അനുഗ്രഹവും നേടി, തീർത്ഥവും പ്രസാദവും ഒക്കെ സേവിച്ച് കുറിയിട്ട്, അവസാനം കാർ നമ്മുടെ പുത്തൻ കോവിലകത്തിന്റെ മുന്നിൽ നിർത്തി.

നമ്മുടെ പഴേ കോവിലകം. ഒരു മാറ്റവുമില്ല. ആ വലിയ വാതിൽ കടന്ന് പുത്തൻ കോലോത്തെ പടിയ്ക്കലേയ്ക്ക് കയറിയപ്പോൾ, അവിടെ ആ പഴയ കട്ടിലിൽ അച്ഛമ്മ ഇരിയ്ക്ക്ണുണ്ടോ, ഓടിട്ട തട്ടിന്മേൽ പക്ഷികൾ കലപില കൂട്ടി പറന്ന് നടക്ക്ണ്ണ്ടോ, വല്യമ്മാമൻ നാലേട്ടിൽ ഇരുന്ന് ചായ കുടിയ്ക്ക്ണ്ണ്ടോ, പൊട്ടൻ (നാരായണൻ) പശുക്കളേം നോക്കി നാലേട്ടിന്നപ്പുറത്ത്, ചെറേ മ്മടെ മുറീടെ പുറത്തുള്ള മുറ്റത്ത് നിക്ക്ണ്ണ്ടോ എന്നൊക്കെയാണ് എന്റെ കണ്ണുകൾ ആദ്യം തേടിയത്. ഇല്യ... അവരെ ആരേം കാണാനില്ല. പക്ഷെ ശാന്തിയ്ക്കുള്ള അരീക്കര നമ്പൂതിരി ഭഗവതികെട്ട് നട അടയ്ക്കാതെ ഞങ്ങളെ കാത്തിരിയ്ക്കാണ്. ഞങ്ങൾ തൊഴാൻ വരുന്നുണ്ട് എന്ന് ആരാണാവോ അരീക്കരയോട് പറഞ്ഞത്! ഭഗവത്യേട്ടിലും സുഖായി തൊഴുത് നമസ്കരിച്ചു. ദക്ഷിണ കൊടുത്ത് പ്രസാദവും വാങ്ങി.

ഒക്കെ കഴിഞ്ഞ് പുറത്തുകടന്ന് എന്നെ കൂട്ടാതെ അച്ഛൻ മാത്രം കാറിൽ കേറി. വല്യമ്മയും ചെറേമ്മയും കാറിന്റെ പിൻസീറ്റിൽ എന്നെ നോക്കി ഇരിയ്ക്കുക തന്നെയാണ്.

ഞാൻ കാറിൽ കേറുന്നതിനു മുൻപ് കാറിന്റെ വാതിൽ അടച്ച്, കാർ വിട്ടോളാൻ അച്ഛൻ ഡ്രൈവ റോട് ആംഗ്യം കാണിച്ചു. മുന്നോട്ട് പോകുന്ന ആ കാറിൽ ഇരുന്നുകൊണ്ട്, പിന്നാക്കം തിരിഞ്ഞ് എന്നെത്തന്നെങ്ങനെ നോക്കി ചിരിച്ച്, കൈ വീശി കാണിച്ചുകൊണ്ടിരിയ്ക്കുന്ന അച്ഛന്റെ ചിരിയും മുഖത്തെ ആ സംതൃപ്തിയും ഇത്രയും വർഷം കഴിഞ്ഞ് ഇതെഴുതുമ്പോഴും എന്റെ മുന്നിൽ തെളിഞ്ഞ് കാണുകയാണ്!

ഈ പുത്തൻ കോലോത്തിന്റെ മുന്നിൽ എന്നെ എന്താങ്ങനെ ഒറ്റയ്ക്ക് എറക്കിവിട്ട് അച്ഛൻ പോയത്, ഞാനിനി എന്താ ചെയ്യണ്ടത് എന്ന് ഒരു നിമിഷം മനസ്സിൽ ചിന്തിച്ചപ്പോഴേയ്ക്കുമുണ്ട് ഫോൺ അടിയ്ക്കുന്നു!

ഫോൺ ശബ്ദം കേട്ട് ഞെട്ടി ഉണർന്നപ്പോഴാണ് ഇതുവരെ കണ്ടതൊക്കെ ഒരു സ്വപ്നമായിരുന്നെന്ന ബോധം മനസ്സിലുദിച്ചത്. വേഗം ഫോൺ എടുത്തു. നാട്ടിൽ നിന്ന് അമ്മയും രമയുമായിരുന്നു. പിറന്നാളാശംസകൾ അറിയിക്കാൻ വിളിച്ചതാണ് അമ്മേം രമേം. ധനുമാസത്തിലെ അനിഴം- എന്റെ ആണ്ടു പിറന്നാൾ ഞാൻ കലണ്ടർ നോക്കീട്ടുണ്ടാ യിരുന്നില്ലാത്തതിനാൽ അന്ന് എന്റെ നക്ഷത്രമാ ണെന്ന് ഇവർ ഫോണിൽ പറയണവരെ യാതൊരു അറിവുമുണ്ടായിരുന്നില്ല! അമ്മ പറഞ്ഞപ്പോഴാണ് അറിഞ്ഞത്. അച്ഛൻ ഇല്യാത്ത ആദ്യത്തെ പിറന്നാൾ.

അമേരിക്കയിലേക്ക് കുടിയേറിക്കഴിഞ്ഞ ശേഷം അധികം പിറന്നാളുകളൊന്നും അച്ഛന്റെ ഒപ്പം ഉണ്ടായിട്ടില്ലെങ്കിലും അച്ഛൻ ഈ ലോകത്ത് ഉണ്ടാ യിരുന്നല്ലോ. ഇതാണ് അച്ഛനില്ലാത്ത ലോകത്തിലെ എന്റെ ആദ്യത്തെ പിറന്നാൾ. പക്ഷെ നോക്കൂ, അച്ഛൻ അത് മറന്നില്ല. കൃത്യദിവസം രാവിലെ തന്നെ വന്ന്, എന്നെ കൈപിടിച്ച് കൂടെ കൊണ്ടു പോയി സകല ക്ഷേത്രങ്ങളിലും തൊഴീച്ച്, ദക്ഷിണ കൊടുപ്പിച്ച്, തീർത്ഥവും പ്രസാദവും സേവിപ്പിച്ചു!

ഇതിലപ്പുറം എന്താണ് വേണ്ടത്, അല്ലെ? ഏത് ലോകത്താണെങ്കിലും ഇവരൊക്കെ നമ്മളെ അനു ഗ്രഹിച്ചുകൊണ്ട്, നമ്മളെ കാത്തുരക്ഷിച്ചുകൊണ്ട്

*ശേഷം 55-ൽ*

# വിവാഹ മംഗളാശംസകൾ









കണ്ണൂർ ചെറുതാഴം പദ്മവിലാസിൽ പാർവതി വർമയുടെയും (മഞ്ചേരി കോവിലകം) മോഹനവർമയുടെയും (ഏഴുമറ്റൂർ പുതുപ്പറമ്പ് കോവിലകം) മകൻ **ഗണേഷ് മോഹൻവർമ**യും തൃശ്ശൂർ വരന്തരപ്പള്ളിയിലെ രഞ്ജിനിവർമയുടെയും (പുത്തൻ കോവിലകം അമ്പലപ്പുഴ) സന്തോഷ് വർമയുടെയും (രാമൻവില്ല കോവിലകം, ചേർത്തല) മകൾ **കീർത്തനവർമ**യും തമ്മിലുള്ള വിവാഹം 5/5/2024ന് ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.



# ശതാഭിഷേക മംഗളാശംസകൾ



## കൊച്ചി രാജകുടുംബാംഗം
# ചന്ദ്രികത്തമ്പുരാൻ

**കോട്ടമുക്ക്, പാലസ് നമ്പർ 45, തൃപ്പൂണിത്തുറ**

**ഭർത്താവ്: കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത്**
**പരേതനായ രാമവർമ്മരാജ**


**മക്കൾ: വേണു, രേണുക**
**മരുമക്കൾ: സുമ, കൃഷ്ണകുമാർ**
**പേരക്കുട്ടികൾ: മനു, കീർത്തന, ഹരി**

## ശതാഭിഷേക മംഗളാശംസകൾ

# എൻ.കെ. കേരളവർമ്മ രാജ

## (നെടുമ്പ്രത്തു കൊട്ടാരം, തിരുവല്ല)

2024 ഒക്ടോബർ മാസം 16–ാം തീയതി തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ വച്ച് ആഘോഷിച്ചു.



സ്നേഹാദരങ്ങളോടെ

**ബന്ധുമിത്രാദികൾ**

# 50-ാം വിവാഹ വാർഷികം



ചെന്നിത്തല 'കൃഷ്ണകൃപ'യിൽ
**ആർ. കൃഷ്ണകുമാർ വർമ്മ**യുടെയും
**ടി. നന്ദിനി വർമ്മ**യുടെയും
50–ാം വിവാഹ വാർഷികം
സ്വവസതിയിൽ വച്ച് കുടുംബാംഗ
ങ്ങളുടെ സാന്നിദ്ധ്യത്തിൽ
2024 ആഗസ്റ്റ് 18–ന്
സമംഗളം നടന്നു.

**ആശംസകളോടെ**
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ
സഹോദരിമാർ, അനന്തിരവന്മാർ





Contact:
Radhika Varma
9656382918

Contact:
Vijaykumar Varma
8281244594





# ഓണാശംസകൾ

**കുട്ടി അനിയൻ രാജ**
ചെർപ്പുളശ്ശേരി, പാലക്കാട്. മൊ. 9846429743

'ഓം'കാരത്തിലുദിച്ചുയർന്നു
വലുതായ് ഓണം സുസന്ദേശമായ്
ശ്രീ വാമനമൂർത്തി ഭഗവദ് സദ്
വിഷ്ണുനമ്മൾക്കുമേഃ
തന്നീടുന്നു മഹാബലിക്കു പുനരീ-
രാജ്യത്തിൽ വന്നീടുവാൻ
ഇന്നീ സദ് ദിനമായതിങ്കൽ വളരെ-
സന്തോഷമേവർക്കുമേ.

(2)

ചക്രവർത്തി മഹാബലിയ്ക്കിഹ ഓതണം
ബഹുകേമമായ്
മംഗളങ്ങൾ പുനരേകിടേണമതി-
നൊപ്പമായി പലഘോഷവും
കൊട്ടു, മാർപ്പുവിളി, നൃത്തവും പലതുമായി-
ടുന്നിതൊരു ഘോഷവും
സത്കരിച്ചിടുക ചക്രവർത്തിയെ
മനസ്സിലേറ്റിടുക സർവരും

(3)

മുറ്റമായതു മെഴുകി നല്ലൊരു പൂക്കളം
മുറ്റുമായതിൽ വെച്ചിടേണമിഹ
ഭക്തിപൂണ്ടിതു തേവരെ
പൂജയും ബഹുമാനമായിയൊരു
സദ്യതന്നുടെ വട്ടവും
സ്വാദിയന്ന വിഭവങ്ങളുള്ളയൊരു
ഭക്ഷണങ്ങളുമൊരുക്കുവിൻ ●

---

*പേജ് 50 തുടർച്ച*

നമ്മുടെ കൂടെത്തന്നെയുണ്ട് എന്നതിന് ഇതിലും വലിയൊരു തെളിവ് വേണോ!


ഭഗവത്പദം ചേരാനുള്ള അച്ഛന്റെ ആ അവസാന യാത്രയിലും അതുകഴിഞ്ഞ് അച്ഛനില്ലാത്ത ഈ ലോകത്തെ എന്റെ ആദ്യത്തെ പിറന്നാളിനും അച്ഛൻ എന്റെ അടുത്ത് വരാനും അച്ഛന്റെ ആ അനുഗ്രഹം എനിക്ക് ലഭിക്കാനുമുള്ള ഭാഗ്യം - അതുതന്നെയല്ലേ എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും അനുഗ്രഹവും... അതെ എന്ന് നിസ്സംശയം പറയാം! ●

## സരസ്വതീ വന്ദനത്തിലൂടെ ലഭിച്ചത് ലക്ഷ്മീ കടാക്ഷം

മൺമറഞ്ഞ മഹാരഥന്മാരുടെ ഓർമ്മ നിലനിർത്താനുള്ള എൻഡോവ്മെന്റ് രൂപീകരണത്തിന്റെ ആദ്യ പടിയായി ചിത്രകലയുടെ കുലപതിയായ രാജാരവിവർമ്മയുടെ പുത്രനും ചിത്രകാരനുമായ ആർട്ടിസ്റ്റ് രാമവർമ്മ (മാവേലിക്കര) യുടെ പേരിൽ ഒരു എൻഡോവ്മെന്റ് തുടങ്ങുന്നു. അദ്ദേഹത്തിന്റെ മൂന്നാം തലമുറയിലുള്ള കെ.ആർ. പ്രസാദിന്റെ ഉൽസാഹത്തിൽ ആരംഭിച്ച 'ആർട്ടിസ്റ്റ് രാമവർമ്മരാജാ ട്രസ്റ്റ്' ക്ഷത്രിയ ക്ഷേമസഭയ്ക്ക് ഇതിലേക്കായി 5,50,000 രൂപാ സംഭാവന നൽകി. ഒക്ടോബർ 16 ന് മാവേലിക്കരയിൽ വച്ച് നടന്ന ചടങ്ങിൽ സഭയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക, ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവർ ചേർന്ന് കെ.ആർ. പ്രസാദിൽ നിന്ന് ചെക്ക് സ്വീകരിച്ചു. പ്രസാദിന്റെ സഹധർമിണി ലതാ പ്രസാദ്, ആഡിറ്റർ ഉദയവർമ്മ എന്നിവർ സന്നിഹിതരായിരുന്നു.

ലേഖനം

# Happy Parenting



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

The other day I had gone to my cousin's house. They are parents of two children. They had a program in the school auditorium. All parents were expected to attend a speech on the above subject by a revered Swamini of Chinmaya mutt. Myself being a septuagenarian and having three grandchildren, I was interested in the subject. So I too accompanied them to the venue. After initial formalities, she addressed the gathering and delivered the speech. I am not going deep into the matter, but I would like to touch the peripheral and try to explain the general guidelines she gave in simple language.

"Influence of mobile, cinema and social media cannot be overlooked or set aside in this century.But remind them that bad words phrases and lifestyles in them should not be emulated. Trust children, but have a check on their friends and usages of mobiles and its apps.Parents should know about children's friends. Don't stand on their way of friendship. Make them understand matters and apply control when the limit exceeds. They should be encouraged to talk freely to parents about problems small or big they come across in life. Children should feel that they are safe and being protected in the hands of parents. For that,husbands and wives should act as ' one' team.

Swamini asked the audience in general "What is happy parenting?"It seems she did not expect any answer and so she didn't wait for it. After a pause she continued "Happy parenting is nothing but nurturing good personality development and character building in children". She asked, "how many of us are doing it "again silence prevailed. She further said "We send our children to good schools, pay fees and transportation charges regularly, send them for tuition without fail, spend substantially for their dresses. As soon as they come back from school we would ask them about the class(subjects, marks, tests etc.). While giving them food, we would ask about tomorrow's assignments, projects, homework etc. We won't ask them about their school atmosphere, teachers, friends (whether friends are good and loving, obedient to teachers etc.). In short,we are more bothered about their outstanding materialistic progress." Swamini said "This is not the way of happy parenting." She added,"We have to pay equal attention to their moral upliftment. Inward development should be cared for. How to behave with others, tell them or better show them how. Parents are 50% teachers also. We have to respect food as God and practice not to waste. Don't exaggerate children's mistakes. Try to correct them patiently. As parents and grandparents we should be models /examples to them. They are learning more what we do, and not what we talk/advise." Swamini being an ascetic person, stressed the need and importance of Namajapa and group bhajans. This also elders should set before their children.

കവിത

# Motherhood



**Sumitha Varma**
Thrissur. Mob. 9495882239

There was once a banyan tree,
Which stood giantlike with mighty branches.
Shiny leaves chirped to each-
When the gliding wind smoothened them.
She fed those who took her shelter,
And born a mother when some nested.
She watched them play and-
Listened to their tweets
Parented their newborns
And gazed them grow.
Found her leaves dry and falling-
When the babies bid adieu.
She stood there alone with barren branches,
Hopeful of the rain to cherish-
Once again to feed the inmates,
And feel the motherhood.

---


→

"Quality of sharing what is on hand & available (food, books, toys etc.) should be instilled in their minds Regarding mark lists, advise them that what teacher says is final. Success and failure are two sides of a coin and children learn to accept it. Don't go to the teacher/ principal for argument on marks card. Parents should realise that scoldings and minor punishments from teachers are for the better future of students. Very important thing parents should bear in mind is that they should not discuss/criticise teachers in front of children. Giving overprotection to children and applying so many restrictions /don'ts like don't swim, don't play in sun/rain, mud etc. will harm their courage and capability. They should be encouraged to play outdoors.Yoga is very good for their concentration of mind.At the same time they should relax/ have sufficient sleep. Competitions (winning and losing) should be told to be taken sportively.

"As early as in the womb of a mother, baby starts hearing, learning and feeling the outside world. That's why pregnancy is very very important for ladies. Take the story of ABHIMANYU from Puranas. Ladies should cherish good thoughts and they should practise noble values. Good and moral stories they should listen and digest. Pregnant ladies are to be active, mentally happy and peaceful, for the sake of their children. Husband's contribution is to be worthy of making wife and home peaceful and happy. In future, both mother and father should feel proud of the fact that they raised good and worthy children". ●

# കുള്ളനും കുടവയറനും

**രഘുനാഥ വർമ്മ**
മാവേലിക്കര, മൊ. 9074834626



ഉൽകൃഷ്ടമായ ഭക്തിയും പ്രജാവാത്സല്യവും ധർമ്മനിഷ്ഠയും കൈമുതലായിരുന്ന മഹാനായ ഒരു ഭരണാധികാരിയെയും ആ മഹത്വ്യക്തിയെ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തനാക്കി നിത്യാനന്ദത്തിലേക്ക് നയിച്ച ഈശ്വരാവതാരത്തിനെയും വികലമായി ചിത്രീകരിക്കുന്നത് തുലോം അക്ഷന്തവ്യമായ തെറ്റാണ്.

എല്ലാ വർഷവും ഓണം വരും. പോകും. പക്ഷേ ഓരോ വർഷവും ഉചിതമല്ലാത്ത പ്രസ്താവനകളും അറിവില്ലായ്മയുടെ ബഹിർസ്ഫുരണവുമാണ് നാം കേൾക്കാറ്. മഹാബലി ചക്രവർത്തിയുടെയും വാമനാവതാരത്തിന്റെയും നിഗൂഢവും ഉൽകൃഷ്ടവുമായ അർത്ഥത്തെയും ഐതിഹ്യത്തിനെയും വിമർശനബുദ്ധ്യാ വിശകലനം ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് നിസ്സംശയം പറയാം.

ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കാശ്യപപ്രജാപതിയുടെ ദിതി എന്ന ഭാര്യയിൽ നിന്നാണ് അസുരന്മാർ ഉണ്ടാകുന്നത്. അദിതി എന്ന ഭാര്യയിൽ നിന്ന് ദേവൻമാരും ഉണ്ടായി. ഹിരണ്യകശിപു എന്ന കുപ്രസിദ്ധനായ അസുരനിൽ നിന്ന് ഭക്തനും ധർമ്മിഷ്ഠനുമായിരുന്ന പ്രഹ്ലാദൻ ഉണ്ടായി. പ്രഹ്ലാദന്റെ മകനായ വിരോചനിൽ നിന്നാണ് മഹാബലി ജന്മമെടുക്കുന്നത്.

അദിതി ഭക്ത്യാദരപൂർവ്വം മഹാവിഷ്ണുവിനെ തപസ്സു ചെയ്തു. നിർമ്മലമായ ഭക്തിയും നീതിനിഷ്ഠയും അദിതിക്ക് കൈമുതലായിരുന്നു. വ്രതാനുഷ്ഠാനങ്ങളിൽ വ്യാപൃതയായിരുന്ന അദിതിയുടെ ആഗ്രഹപ്രകാരം മഹാവിഷ്ണു പുത്രനായി അവതരിക്കാമെന്ന് വാക്കുകൊടുത്തു.

ഒരിക്കൽ ദൈത്യഗുരുവായ ശുക്രാചാര്യർ മഹാബലിയെ ദേവന്മാരുമായി യുദ്ധത്തിനു പ്രേരിപ്പിച്ചു. ദേവൻമാരെ പൂർണ്ണമായും ബലി പരാജയപ്പെടുത്തി. ദേവന്മാർ സ്വർഗ്ഗത്തിൽ നിന്ന് നിഷ്കാസിതരായി. ബലിയുടെ ഭരണത്തിൽ ദേവൻമാർക്കും ബ്രാഹ്മണന്മാർക്കും കലശലായ ബുദ്ധിമുട്ടുണ്ടായി. ദേവന്മാരുടെ ഹവിസ്സ് ബലി നിർത്തലാക്കി. എന്നു തന്നെയല്ല മൂന്നു ലോകങ്ങളിലും ചക്രവർത്തിയായി വിരാജിച്ച മഹാബലി അധികാരഗർവ്വിലും അഹങ്കാരചിന്തകളിലും സ്വയം മറന്നു തുടങ്ങി. ഒരിക്കൽ തന്റെ മുത്തശ്ശനായ പ്രഹ്ലാദ



*രാജാ രവിവർമ്മ വരച്ച മഹാബലിയുടെ ചിത്രം*
*കടപ്പാട്: ഗൂഗിൾ*

നോട് ബലി തർക്കിക്കാനിടയായി, മറ്റാരേക്കാളും അസുരന്മാർ തന്നെയാണ് ശക്തിശാലികൾ എന്ന് തന്റെ മുത്തശ്ശനോട് ബലി തീർത്തുപറഞ്ഞു. തന്റെ പൗത്രന്റെ അഹങ്കാരം നിറഞ്ഞ പ്രസ്താവന കേട്ട് പ്രഹ്ലാദൻ അസുരന്മാരെ ശപിക്കുക വരെ ചെയ്തു.

അങ്ങനെയിരിക്കെ ശുക്രാചാര്യരുടെ ഉപദേശ പ്രകാരം നർമ്മദാ നദീതീരത്ത് ഭൃഗുകച്ഛം എന്ന പ്രദേശത്തിൽ വച്ച് മഹാബലി വിപുലമായ ഒരു യാഗം നടത്തി. തികച്ചും ആസക്തിയോടു നടത്തിയ ആ യാഗത്തിനു ശേഷം ആ മന്വന്തരത്തിൽ തനിക്ക് അർഹമല്ലാത്ത ഇന്ദ്രപദവി പോലും മഹാബലി കാംക്ഷിച്ചു. ആ സമയത്ത് അദിതി ഗർഭിണിയാവുകയും തേജസ്വിയായ ഒരു കുട്ടിയ്ക്ക് ജന്മംകൊടുക്കുകയും ചെയ്തു. അങ്ങനെ അവതരിച്ച മഹാവിഷ്ണു തന്റെ പരമഭക്തനായ മഹാബലിയുടെ മനസ്സിനെ കാർന്നുതിന്നുതുടങ്ങിയ 'അഹം' എന്ന ചിന്തയെ ദൂരീകരിക്കണമെന്ന് ആഗ്രഹിച്ചു. വാമനവേഷത്തിൽ ബലിയുടെ മുമ്പിൽ പ്രത്യക്ഷനായ ഭഗവാൻ തപസ്സനുഷ്ഠിക്കാൻ മൂന്നടി മണ്ണ് ദാനമായി കിട്ടണം എന്നു പറഞ്ഞു. താൻ ത്രിലോകങ്ങളുടെയും അധിപനാണെന്ന് ബലി പ്രസ്താവിച്ചു. എവിടെനിന്നു വേണമെങ്കിലും സ്ഥലം എടുത്തുകൊള്ളുവാൻ ബലി സമ്മതിച്ചു. അംബരചുംബിയായി വളർന്ന വാമനൻ രണ്ടു ചുവടുകൊണ്ട് ഭൂമിയും സ്വർഗ്ഗവും അളന്നു. അപ്പോഴാണ് തന്റെ അസ്തിത്വത്തിനെക്കുറിച്ച് മഹാബലി ബോധവാനായത്. തന്റെ മുന്നിൽ നിൽക്കുന്നത് താൻ ആരാധിക്കുന്ന വിഷ്ണുഭഗവാൻ ആണെന്ന് മഹാബലിയ്ക്ക് ബോധ്യമായി. മാനസാന്തരം വന്ന മഹാബലിയ്ക്ക് ജ്ഞാനോദയം ഉണ്ടായി. തന്റേതായിട്ട് യാതൊന്നും ഈ പ്രപഞ്ചത്തിലില്ല എന്നു ബോധ്യമായി. സ്വന്തമായിട്ടുള്ളതു മാത്രമേ ദാനമായി കൊടുക്കുവാൻ പറ്റുകയുള്ളു. എന്നു തന്നെയല്ല താൻ അനുഷ്ഠിച്ചിരുന്ന ആസക്ത കർമ്മത്തിൽ ബലി ലജ്ജിതനായി.

ത്യാഗത്തിൽ പോലും അഭിമാനിക്കുന്നത് നിഷ്കളങ്കമായ ഭക്തിക്കു വിരുദ്ധമാണെന്ന് വാമനൻ ബലിക്കു കാണിച്ചുകൊടുത്തു. ശ്രീമഹാഭാഗവതത്തിൽ ഇതു വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

മാനസമദം ധന ഹേതുനാ ഭവിച്ചീടും
മാനുഷാദികൾക്കതു താനേപോയകലുമ്പോൾ
പൂതനായ് വരുമവനപ്പൊഴുതനുഗ്രഹ
ഹേതുവും ഭക്ത്യാ ഭവിച്ചീടുമെന്നറിക നീ
(ഭാഗവതം - അഷ്ടമസ്കന്ധം)

തന്റെ പരമമായ ഭക്തിയ്ക്ക് കളങ്കമുണ്ടായേക്കാനിടയുള്ള അഹം എന്ന ബോധം പാടേ മാഞ്ഞുപോയ മഹാബലി തന്റെ മുന്നിൽ പ്രത്യക്ഷനായ വിശ്വരൂപത്തിനു മുമ്പിൽ തലകുനിച്ചു കൊടുത്തു. വിശ്വകർമ്മാവിനാൽ സൃഷ്ടിക്കപ്പെട്ട സുതലം എന്ന സ്ഥലത്തേക്കാണ് വാമനൻ ബലിയെ പറഞ്ഞയച്ചത്. പാതാളത്തിൽ സ്ഥിതി ചെയ്യുന്നതും സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠവുമാണ് സുതലം. തന്നെയുമല്ല ബലിയുടെ മുത്തച്ഛനായ പ്രഹ്ലാദനെ കൂടി സുതലത്തിൽ കൊണ്ടു വരികയും ചെയ്തു. ഭഗവാൻ തന്നെ ബലിയുടെ കാവൽ നിൽക്കാമെന്ന് വാക്കുകൊടുത്തു.

ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണൻ കുചേലനു കൊടുത്തതിലും പതിൻമടങ്ങ് വരദാനമാണ് മഹാബലിയ്ക്കു ഭഗവാൻ നല്കിയത്. അനേകായിരം ജന്മംകൊണ്ടേ കർമ്മബന്ധങ്ങളിൽ നിന്ന് നമുക്ക് മുക്തരാകാൻ പറ്റുകയുള്ളു. കർമ്മ ബന്ധങ്ങളിൽ നിന്നുള്ള മുക്തി മോക്ഷപ്രാപ്തിയാണ്. മഹാബലിയെ ഭഗവാൻ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തനാക്കി. ഇതിനൊക്കെയുപരി സാവർണ്ണി മനുവിങ്കൽ ഇന്ദ്രപദവി ലഭിക്കുമെന്ന് വാമനൻ അനുഗ്രഹിക്കുകയും ചെയ്തു.

"കേവലമിനി മമലോകം പ്രാപിക്കുമിവൻ
സാവർണ്ണിമനുവിങ്കൽ ഇന്ദ്രനാകയും ചെയ്യും
അത്രയും കാലം സുതലത്തിങ്കലിരിക്ക പോയ
തൃന്തം മമ പദഭക്തിപൂണ്ടനുദിനം
(ഭാഗവതം - അഷ്ടമസ്കന്ധം)

ഏതു യുഗത്തിലായാലും ഏതു കാലഘട്ടത്തിലായാലും അധർമ്മവും അഹങ്കാരവും വർദ്ധിക്കുന്ന സമയത്ത് അതിനെ ഉന്മൂലനം ചെയ്ത് ധർമ്മത്തിന്റെ ഭദ്രദീപം തെളിയിക്കാൻ ഭഗവാൻ അവതരിക്കുമെന്ന് ഗീത അനുശാസിക്കുന്നു. മഹാബലിയുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിച്ചത്.

"യദായദാഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത

അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം"
(ഭഗവത്ഗീത അദ്ധ്യായം-4, ശ്ലോകം - 7)

പുരാണേതിഹാസങ്ങൾ അവതാരങ്ങളുടെ മഹിമ വിളിച്ചോതുന്നുണ്ട്.

മഹാവിഷ്ണുവിന്റെ വാമനാവതാരത്തിന്റെ പ്രസക്തിയും പ്രൗഢിയും ഇത ബൃഹത്തായി പ്രതിപാദിക്കുമ്പോൾ എന്തിനാണു പോലും അദ്ദേഹത്തെ കുള്ളനും വഞ്ചകനുമായി ചിത്രീകരിക്കുന്നത്? മാനസിക പരിവർത്തനത്തിനു വിധേയനായി അഹന്ത ലേശം പോലും ഇല്ലാതെയായിത്തീർന്ന പ്രജാവത്സലനായ ഒരു ഭരണാധികാരിയെ വിഡ്ഢിയും കുടവയറനുമായി ചിത്രീകരിച്ചിട്ട് എന്തു കിട്ടാൻ? ആരെ പ്രീതിപ്പെടുത്താനാണെങ്കിലും ഏതെങ്കിലും രീതി യിലുള്ള പ്രശസ്തി പിടിച്ചു പറ്റാനാണെങ്കിലും ഉൽകൃഷ്ടമായ അടിത്തറയുള്ള പുരാണ കഥാപാത്രങ്ങളെ വാഴ്ത്തിപ്പാടിയില്ലെങ്കിലും താഴ്ത്തിക്കെട്ടാതിരുന്നാൽ മതി.

*ആധാരം: 1) ശ്രീ മഹാഭാഗവതം കിളിപ്പാട്ട്, തുഞ്ചത്തെഴുത്തച്ഛൻ 2) പുരാണിക് എൻസൈക്ലോപീഡിയ, ശ്രീ. വെട്ടം മാണി.*

# അഭിനന്ദനങ്ങൾ




IFP (India Film Project) എന്ന പേരിൽ ഒരുകൂട്ടം കലാസ്നേഹികൾ മുംബൈയിൽ സംഘടിപ്പിച്ചുവരുന്ന അന്താരാഷ്ട്ര ഫെസ്റ്റിവലിന്റെയും ചലഞ്ചുകളുടെയും ഭാഗമായ '50 മണിക്കൂർ ഡിസൈൻ ചലഞ്ച് - പോസ്റ്റർ' വിഭാഗത്തിൽ Platinum Poster and Cover of the Year 2024 ആയി **ദുർഗ്ഗാംബിക പി. വർമ്മ** രൂപകല്പന ചെയ്ത 'ആർക്കുവേണ്ടി' എന്ന ചിത്രം തിരഞ്ഞെടുക്കപ്പെട്ടു. 2024 ലെ വാർത്തയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിക്കുന്ന സിനിമയുടെ പോസ്റ്റർ എന്നതായിരുന്നു വിഷയം. ഒളിമ്പിക് ഫൈനൽ മത്സരത്തിലേക്ക് കടക്കുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുമ്പ് തന്റെ എല്ലാമെല്ലാമായ കുടുംബവും തന്നെ താൻ ആക്കിയ പ്രിയപ്പെട്ട ഗ്രാമവും ഒന്നടങ്കം മഴവെള്ളപ്പാച്ചിലിൽ തുടച്ചുനീക്കപ്പെട്ടു എന്നറിയുന്ന ഒരു വനിതാ ഗുസ്തി താരത്തിന്റെ വൈകാരിക പ്രക്ഷുബ്ധതയിലൂടെയുള്ള യാത്രയാണ് 'ആർക്കുവേണ്ടി' എന്ന ചിത്രം. ജീവതുല്യമായ എല്ലാം നഷ്ടപ്പെട്ട നിമിഷത്തിലും തന്റെ രാഷ്ട്രത്തിന്റെ സ്വപ്നങ്ങൾക്കായി പോരാടുന്ന ഒരു യുവതിയുടെ വീരോചിതമായ ഇച്ഛാശക്തി. വയനാട് മണ്ണിടിച്ചിലിന്റെയും പാരീസ് ഒളിമ്പിക്സിന്റെയും വാർത്തകൾ കാണുമ്പോൾ, വയനാട്ടിൽ നിന്ന് ഒരു ഒളിമ്പ്യൻ പാരീസിൽ പോയി തിരികെ വന്ന് ഈ വാർത്ത കേൾക്കുമ്പോൾ കടന്നുപോകാവുന്ന മാനസികാവസ്ഥയെയും മനോവ്യാകുലതയെയും അടിസ്ഥാനമാക്കിയുള്ള ഒരു സിനിമ എന്ന തലക്കെട്ടിൽ ഇത് ഒരുക്കിയതാണ്.



ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മയുടെയും പത്മജ വർമ്മയുടെയും പുത്രിയാണ് ദുർഗ്ഗാംബിക. മുംബൈയിൽ നടന്ന ചടങ്ങിൽ വച്ചാണ് പുരസ്ക്കാരം സ്വീകരിച്ചത്.

## യാത്രകൾ – 22

# രാജസ്ഥാൻ- 1

**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

ഇത്തവണ ഞങ്ങളുടെ യാത്ര രാജസ്ഥാനിലെ ചില പ്രദേശങ്ങളിലേക്ക് ആയിരുന്നു. ഭാരതത്തിന്റെ വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനമായ രാജസ്ഥാൻ വലിപ്പം കൊണ്ട് ഏറ്റവും വലിയ സംസ്ഥാനം ആണ്. രജപുത്രരുടെ രാജ്യം ആയിരുന്ന ഈ ഭൂഭാഗം മുഗൾ ചക്രവർത്തിമാരുടെ അധീനതയിൽ ആയിരുന്നു. ഇതിന്റെ ചില ഭാഗങ്ങൾ വേദിക് സംസ്കാരത്തിന്റെയും സിന്ധൂനദീതട സംസ്കാരത്തിന്റെയും സ്ഥലങ്ങളിൽ പെടുന്നതാണ്. ബി.സി. 1500നും 3000നും ഇടക്കുണ്ടായിരുന്ന ഹാരപ്പൻ സംസ്കാരത്തിന്റെ ചില അവശിഷ്ടങ്ങൾ ഉദയ്പൂരിൽ നിന്നും 5000നും 20000നും ഇടയിലെ ശിലായുഗ അടയാളങ്ങൾ ബുണ്ടി, ബിൽവാരാ ജില്ലകളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്.

2024 മാർച്ച് 29 നു രാവിലെ ബംഗളുരു കെമ്പഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഞാനും ഭാര്യ മായയും മകൾ അമ്മുവും മരുമകൻ മഹിയും കൊച്ചുമകൻ കുഞ്ഞുണ്ണിയും ചേർന്ന സംഘം ഇൻഡിഗൊ വിമാനത്തിൽ യാത്ര ആരംഭിച്ചു. പരിഷ്ക്കരിച്ച ടെർമിനൽ 2 കാണേണ്ട കാഴ്ച തന്നെയാണ്. രാവിലെ 10.30 നു ജയ്പൂരിൽ പറന്നിറങ്ങി. അവിടെ നിന്നാണ് ഞങ്ങളുടെ പാക്കേജ് ആരംഭിക്കുന്നത്. വാഹനവും സാരഥിയും ഞങ്ങളെ കാത്ത് അവിടെ ഉണ്ടായിരുന്നു. നേരേ ഹോട്ടൽ സ്പ്രീയിലേക്ക്. അവിടെയാണ് അന്നത്തെ താമസം ഒരുക്കിയിരുന്നത്. ഹോട്ടൽ സ്പ്രീ 3 സ്റ്റാർ സൗകര്യങ്ങൾ ഉള്ള സങ്കേതമാണ്. ഏകദേശം 12 മണിയോടെ ജയ്പൂരിലെ യാത്ര ആരംഭിച്ചു.

ആദ്യത്തെ ലക്ഷ്യം ജൽമഹൽ ആയിരുന്നു. നാർഘട് ഫോർട്, ചാന്ദ് പോൺ ചോട്ടി ചോപ്പഡ് എന്നിവ താണ്ടിയാണ് യാത്ര. ചാന്ദ്പോൺ ചോട്ടി ചോപ്പഡ് ജയ്പൂരിലെ പുരാതനവും ഏറ്റവും വലുതുമായ മാർക്കറ്റ് ആണ്. ജൽമഹൽ വിശാലമായ ഒരു തടാകത്തിന്റെ നടുവിലാണ് പണി കഴിപ്പിച്ചിരിക്കുന്നത്. അഞ്ചു നിലകളിൽ നിർമ്മിച്ചിരിക്കുന്ന ഈ കൊട്ടാരത്തിന്റെ മൂന്നു നിലകൾ ജലത്തിനടിയിലും രണ്ടു നിലകൾ ജലോപരിതലത്തിനു മുകളിലും ആണ്. ചുവന്ന കരിങ്കല്ലിലാണ് ഇതിന്റെ നിർമ്മാണം. കൊത്തുപണികൾ ധാരാളമുള്ള ഈ വലിയ കൊട്ടാരം വളരെ ആകർഷകമാണ്. നാലു മൂലകളിലും എട്ടു വശങ്ങളുള്ള പ്രത്യേകത നിറഞ്ഞ തൂണുകളും അതിനു മുകളിൽ പ്രത്യേകതരം മുകപ്പുകളും ചുറ്റും കല്ലിൽ തന്നെ നിർമ്മിച്ച് വളച്ചു വാതിലുകളും ജാലകങ്ങളും മുകൾത്തട്ടിൽ വലിയൊരു പൂന്തോട്ടവും എല്ലാം ചേർന്നതാണീ അത്ഭുത സൗധം. ചുറ്റുമുള്ള തടാകത്തിൽ ധാരാളം മത്സ്യങ്ങളും വിവിധ ഇനം പക്ഷികളും ഉണ്ട്. പതിനെട്ടാം നൂറ്റാണ്ടിൽ മഹാരാജാ സവായ് പ്രതാപ് സിങ്ങ് പക്ഷി വേട്ടകൾക്കായി നിർമ്മിച്ചതാണ് ഈ കൊട്ടാരം എന്നു പറയപ്പെടുന്നു. ഇപ്പോൾ ഉള്ളിലേക്ക് പ്രവേശനം ഇല്ല.

ഇതിനടുത്തൊരു ഭക്ഷണശാലയിൽ നിന്നും രാജസ്ഥാനി ഭക്ഷണം കഴിച്ച് ഞങ്ങൾ നഹർഘർ ഫോർട്ടിലേക്കു തിരിച്ചു. നഹർഘർ എന്നതിനർത്ഥം കടുവയുടെ വസതി എന്നാണ്. നഹർസിങ് ഭോമിയയുടെ പേരിൽ നിന്നാണ് ഈ പേര് ഉണ്ടായതെന്നാണു പൊതുവിലുള്ള വിശ്വാസം.

അദ്ദേഹത്തിന്റെ ആദ്ധ്യാത്മികശക്തി മൂലം കോട്ടയുടെ നിർമ്മാണം തടസ്സപ്പെടുകയും പരിഹാരമായി അദ്ദേഹത്തിനു ഒരു ക്ഷേത്രം കോട്ടയ്ക്കുള്ളിൽ പണി കഴിപ്പിക്കുകയും ചെയ്തു. ആരവല്ലി മലനിരകൾക്കരികിൽ മഹാരാജാ സവായ് ജയ് സിങ്ങ് പതിനെട്ടാം നൂറ്റാണ്ടിൽ തനിക്കും തന്റെ ഒൻപതു ഭാര്യമാർക്കും വേണ്ടി നിർമ്മിച്ചതാണ് ഈ സൗധം. ഉയർന്ന പാറക്കെട്ടിനു മുകളിൽ രണ്ടു നിലകളിൽ ദീർഘചതുരാകൃതിയിലുള്ള കൊട്ടാര

ത്തിൽ ഒൻപതു ഭാര്യമാർക്കും ഒരേതരത്തിലുള്ള ഗൃഹങ്ങളാണ് നിർമ്മിച്ചിരിക്കുന്നത്. ദാസിമാരുടെ താമസസ്ഥലങ്ങളും അടുക്കളകളും വസ്ത്രാലങ്കാരങ്ങൾക്കുള്ള ഇടങ്ങളും എല്ലാം ഓരോരുത്തർക്കും ഉണ്ട്. മഹാരാജാവിന് ഇഷ്ടമുള്ള ഭാര്യയുടെ മുറിയിലേക്കു പോകാൻ പ്രത്യേക ഇടനാഴികളും നിർമ്മിച്ചിട്ടുണ്ട്. കൊട്ടാരത്തിന് രണ്ടു നിലകളാണ് ഉള്ളത്. വലിയ അകത്തളവും അനേകം ചിത്ര വിസ്മയങ്ങളും കാണാം. കൊട്ടാരത്തിന്റെ മുകളിൽ കയറിനിന്നു നോക്കിയാൽ ചുറ്റും കാണുന്ന കാഴ്ചകൾ വിസ്മയിപ്പിക്കുന്നതാണ്. ഷീൽ മഹൽ, വാക്സ് മ്യൂസിയം തുടങ്ങിയവ അവിടത്തെ പ്രത്യേക ആകർഷണങ്ങളാണ്. ഷീൽ മഹലിന്റെ ഉൾഭാഗം പൂർണ്ണമായും വിവിധ ഇനം കണ്ണാടികൾ കൊണ്ട് പ്രത്യേക ലോകം സൃഷ്ടിച്ചിരിക്കുകയാണ്. വാക്സ് മ്യൂസിയത്തിന്റെ കവാടത്തിൽ തന്നെ ജയ്പൂർ വാക്സ് മ്യൂസിയം എന്നെഴുതിയ വലിയൊരു ക്യാമറയാണ് നമ്മെ വരവേൽക്കുന്നത്. വാക്സ് മ്യൂസിയത്തിൽ മഹാത്മാ ഗാന്ധി, ജവഹർലാൽ നെഹ്റു, രവീന്ദ്രനാഥ ടാഗോർ ആൽബർട്ട് ഐൻസ്റ്റീൻ തുടങ്ങി അനേകം മഹാന്മാരുടെ രൂപങ്ങൾ മെഴുകിൽ നിർമ്മിച്ചത് പ്രദർശിപ്പിച്ചിട്ടുണ്ട്. പുറത്തും ധാരാളം കാഴ്ചകൾ



കാണാനുണ്ട്. കൊട്ടാര മുറ്റത്തുള്ള തണലിൽ പാവകളി പ്രദർശനമുണ്ട്. രജപുത്രരീതിയിൽ വസ്ത്രധാരണം ചെയ്ത ഒരാൾ മൃദംഗം

കൊട്ടുമ്പോൾ വിവിധതരം പാവകൾ നൃത്തം ചെയ്യുന്ന ഒരു വിനോദം. അതിനടുത്ത് മനോഹരമായ ഒരു രഥം ഒരുക്കി നിർത്തിയിട്ടുണ്ട്. പന്ത്രണ്ട് അടിയിലധികം ഉയരവും ഇരുപത് അടിയോളം നീളവുമുള്ള വലിയൊരു വീങ്ങപ്പെട്ടി (ഈ പേർ യുവാക്കൾക്ക് അപരിചിതം ആയിരിക്കും) വലിയൊരു താഴിട്ടു പൂട്ടി വെച്ചിട്ടുണ്ട്. അനേകം പടികളുള്ള വിശാലമായ കുളവും സേവകരുടെ താമസസ്ഥലങ്ങളും എല്ലാം കൗതുകങ്ങളാണ്.

അവിടെ നിന്നു പോയത് ജയ്ഘട് കോട്ട് കാണാൻ ആണ്. പതിനെട്ടാം നൂറ്റാണ്ടിൽ സവായ് ജയ് സിങ് ആണ് ഈ കോട്ട നിർമ്മിച്ചത്. ആരവല്ലി മലനിരകളിലെ ചീൽ കാ ടീല എന്ന വലിയ കുന്നിൻ മുകളിലെ കോട്ട പ്രധാനമായും ആയുധ ശേഖരണത്തിനാണ് ഉപയോഗിച്ചിരുന്നത്. അവിടത്തെ ഏറ്റവും വലിയ ആകർഷണം ജയ്വാനാ എന്ന പീരങ്കിയാണ്. അൻപതു ടൺ ഭാരമുള്ള ഈ പീരങ്കി ചക്രങ്ങൾ ഉപയോഗിച്ചുള്ള പീരങ്കികളിൽ ലോകത്തിൽ ഏറ്റവും വലിയതായി കണക്കാക്കുന്നു. വലിയൊരു വണ്ടിയിലാണ് ഈ പീരങ്കി ഉറപ്പിച്ചിരിക്കുന്നത്. ഒരിക്കൽ ഇതിൽ നിന്നു ഒരു ഉണ്ട തൊടുത്തു വിട്ടത് ചെന്നുവീണ സ്ഥലത്ത് വലിയൊരു ഗർത്തം ഉണ്ടായെന്നും ഉണ്ട ലക്ഷ്യത്തിൽ എത്താതിരുന്നതിനാൽ പിന്നീട് ഉപയോഗിച്ചിട്ടില്ലെന്നുമാണ് അറിവ്. മുഗൾ രാജാക്കന്മാരുടെ കൂടി സഹായത്തോടെ ഇവിടത്തെ രാജാക്കന്മാർ ഇരുമ്പയിരിന്റെ വലിയ ശേഖരം കണ്ടെത്തിയത് ഈ പ്രദേശത്താണ്. ഫലപ്രദായി ആ ധാതു വിനിയോഗിക്കുന്നതിലും അവർ വിജയിച്ചു. അവിടത്തെ ജലസംഭരണി വലിയൊരത്ഭുതം തന്നെയാണ്. ഈ കുന്നിൻ മുകളിൽ നിന്നു മഴവെള്ളം സംഭരിച്ച് വലിയ കനാലിലൂടെ അരിച്ച് ഒഴുക്കി താഴെ സംഭരണികളിൽ എത്തിക്കുന്നു. അറുപതു ലക്ഷം ഗാലൺ ജലം സംഭരിക്കാൻ സാധിക്കുന്ന ജലസംഭരണിയാണത്. പതിനായിരം പേർക്ക് രണ്ടു വർഷം ഉപയോഗിക്കാനുള്ള ജലം

മൂന്നു നൂറ്റാണ്ടുകൾക്കു മുൻപ് ഇത്തരം ഒരു ബൃഹത്തായ സാങ്കേതികവിദ്യ നടപ്പാക്കിയ മഹാരാജാവിന് ഒരു നല്ല നമസ്കാരം. മറ്റൊരു മഹാത്ഭുതം കൂടി ഈ സംഭരണിയോടൊപ്പം

അംബർ ഫോർട്ടിന്റെ മതിൽ നീളംകൊണ്ട് ലോകത്തിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്നു. ചുവപ്പും വെളുപ്പും കല്ലുകൾ കൊണ്ടാണ് കൊട്ടാരം നിമ്മിച്ചിരിക്കുന്നത്. വലിയ ഗണേശ് ഗോപുരം കടന്ന് പടിഞ്ഞാറെ വാതിലിലൂടെ ഉള്ളിൽ പ്രവേശിക്കുന്നത് വടക്കുഭാഗത്തെ വലിയ അങ്കണത്തിലാണ്. അവിടെ തന്നെ ശിലാദേവി യുടെ ക്ഷേത്രം കാണാം. രാജാവ് പ്രജകളെ സ്വീക രിക്കുന്ന ഈ അങ്കണത്തിൽ അനവധി പേർക്ക് ഇരിക്കാൻ സൗകര്യം ഉണ്ട്. വടക്കേ അരികിൽ ആന, കുതിര, കാലാൾ തുടങ്ങിയവയ്ക്കുള്ള സ്ഥലമാണ്. അവിടെ നിന്നു തെക്കോട്ടു കയറി എത്തുന്നത് രാജസദസ്സിനുള്ള അങ്കണത്തിൽ ആണ്. ഇതിന്റെ കിഴക്കരികിലായുള്ള ഡർബാർ ഹാളിന്റെ രൂപകൽപ്പന അതിവിശേഷമാണ്. വലിയ മണ്ഡപത്തിനു മുകളിൽ മനോഹരങ്ങളായ അനേകം തൂണുകളിലാണ് ഇതിന്റെ നിർമ്മിതി. രാജസദസ്സിന്റെ തെക്കുഭാഗത്തു രണ്ടു നിലകളിൽ പണി തീർത്ത നിർമ്മിതി അതിമനോഹരമാണ്. വിശാലമായ ഹാളുകളും മുറികളും വലിയ ഇടനാഴികളും ഉള്ള ഇതിൽ ഉപയോഗിച്ചിരിക്കുന്ന ചായങ്ങളും ഭ്രമിപ്പിക്കുന്നതാണ്. ഇതിന്റെ തെക്കും പടിഞ്ഞാറുമായി സവായ് ജയ്സിങ്ങിന്റെ പന്ത്രണ്ട് പത്നിമാരുടെ അന്തപ്പുരങ്ങളാണ്. രണ്ടു നിലക ളിലുള്ള അന്തപ്പുരങ്ങളുടെ നിർമ്മാണവും വൈശിഷ്ട്യമാർന്നതാണ്. രാജ്ഞിമാർക്കുള്ള എല്ലാ സൗകര്യങ്ങളും അതിനുള്ളിൽ തന്നെ ഉണ്ട്. അവർക്കു കുളിക്കാനായി നിർമ്മിച്ച പൊയ്ക തന്നെ കാണേണ്ട കാഴ്ചയാണ്. ഭിത്തികളിലുള്ള മനോഹരങ്ങളായ ചുവർചിത്രങ്ങൾ നാനൂറു വർഷങ്ങൾക്കു ശേഷവും ഒളി മങ്ങാതെ നിൽക്കുന്നു. ഉൾവശത്തെ നിർമ്മാണങ്ങളിൽ ഹിന്ദു മുഗൾ സമ്മിശ്ര രീതികൾ പ്രതിഫലി ക്കുന്നുണ്ട്. അക്കാലത്തെ ജീവിതരീതികളും ആചാരങ്ങളും പകർത്തിയ മ്യൂറൽ പെയിന്റി ങ്ങുകൾ ധാരാളം കാണാം. ഭിത്തികൾ കൊത്തു പണികൾ കൊണ്ട് സമ്പന്നമാണ്. കൂടാതെ വിദേശ നിർമ്മിത കണ്ണാടികൾ മാത്രം കൊണ്ട് പൂർണ്ണമായി അലങ്കരിച്ച ഒരു കണ്ണാടിക്കൊട്ടാരം ഇവിടെയും ഉണ്ട്. കണ്ണാടികൾ കൊണ്ട് നിലം ഉൾപ്പടെ എല്ലാ ഇടവും പൊതിഞ്ഞിരിക്കുകയാ ണിവിടെ. മേൽത്തട്ടിൽ അത്ഭുതങ്ങൾ ആണ് ഉണ്ടായിരുന്നു. സംഭരണി പന്ത്രണ്ട് അറകളായി ട്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിനു പിറകിൽ അതീവ രഹസ്യമായി ഓരോ കല്ലറകൾ കൂടി നിർമ്മിച്ചിരുന്നു. ഈ കല്ലറകളിൽ നിറയെ സ്വർണ്ണവും അമൂല്യ രത്നങ്ങളും ചേർന്ന വലിയൊരു നിധിശേഖരം മഹാരാജാവ് സൂക്ഷി ച്ചിരുന്നു. ഇക്കാര്യം അറിഞ്ഞ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1976-ൽ അടിയന്തിരാവസ്ഥക്കാ ലത്ത് സൈന്യത്തെ അയച്ച് സംഭരണിയിൽ ഉണ്ടായിരുന്ന ജലം മുഴുവൻ ഒഴുക്കിക്കളഞ്ഞ് പിറ കിൽ ഉണ്ടായിരുന്ന കല്ലറകൾ ബലമായി തുറന്നു. പിന്നീട് ഉണ്ടായ കാര്യങ്ങൾ അത്യധികം നിഗൂഢ മാണ്. അതെന്തായാലും അവിടെനിന്ന് ഒന്നും ലഭിച്ചില്ല എന്ന് സർക്കാർ ഉടനെ പ്രഖ്യാപിച്ചു. പതിനാലു ട്രക്കുകൾ നിറയെ ആണ് അന്ന് നിധി കടത്തിക്കൊണ്ടുപോയത് എന്നാണ് അവിടെ ഉള്ളവർ ഇപ്പോഴും പറയുന്നത്. നമ്മുടെ ശ്രീ പത്മ നാഭസ്വാമി ക്ഷേത്രത്തിലെ അറകൾക്ക് ഈ ഗതി വരാതിരുന്നത് തീർച്ചയായും രാഷ്ട്രീയാധികാരികൾ സ്വത്തുവിവരം അറിയാതിരുന്നതു കൊണ്ടും സുപ്രീം കോടതി മുഖാന്തിരം തുറന്നതുകൊണ്ടും മാത്രമാണ്.

രാജസ്ഥാനിലെ ഞങ്ങളുടെ ഒന്നാം ദിവ സത്തെ യാത്ര തുടരുകയാണ്. ജയ്ഗഡ് കോട്ട യുടെ കിഴക്കു ഭാഗത്തായി അമേർ നഗരത്തിൽ സ്ഥിതിചെയ്യുന്ന വലിയ കോട്ടയും കൊട്ടാരവും ചേർന്നതാണ് അംബർ ഫോർട്ട്. കഛവാ രജപുത്ര രാജാക്കന്മാരുടെ തലസ്ഥാനം ആയിരുന്നു അമേർ. നാലു കി.മീ. ചുറ്റളവുള്ള അമേർ നഗരം ജയ്പൂരിൽ നിന്നും 11 കി.മീ. അകലെയാണ്. വലിയ കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന ഈ വിനോദ സഞ്ചാര കേന്ദ്രം രജപുത്ര വാസ്തുകലയുടെ ഉത്തമോദാഹരനമാണ്. അംബ എന്ന മാതൃദൈവ ത്തിനു സമർപ്പിച്ചുകൊണ്ട് മീണാ വംശക്കാരാണ് അംബർ നഗരം സ്ഥാപിച്ചത്. അക്ബർ ചക്രവർ ത്തിയുടെ സാമന്തനും സേനാനായകനും ആയി രുന്ന രാജാ മാൻസിങ്ങ് ആണ് കൊട്ടാരത്തിന്റെ നിർമ്മാണം ആരംഭിച്ചത്. അതിനുശേഷം പിൻഗാമിയായ സവായ് ജയ്സിങ്ങ് തുടങ്ങി പിൻഗാമികൾ നിർമ്മാണം പൂർത്തിയാക്കി. സാൻഡ് സ്റ്റോണും മാർബിളും ഉപയോഗിച്ചുള്ള രജപുത്ര ശില്പരീതിയുടെ ഉത്തമോദാഹരണ മാണ് അമർ കൊട്ടാരം.

# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം



**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ, മൊ.9447978024

*(കഴിഞ്ഞ ലക്കം തുടർച്ച...)*

വിക്ഷോഭമായ മുഖഭാവവും അമിതമായ അഭിനയവും ശ്ലോകം ചൊല്ലലിൽ ഒഴിവാക്കണം. എന്നുവച്ച് കഥകളിയിലെ ചില വേഷം ഇരിക്കുന്നതുപോലെ ചൊല്ലണമെന്നല്ല. പദ്യത്തിലെ ഭാവവും പശ്ചാത്തലവും കുറച്ചൊക്കെ മുഖത്ത് പ്രതിഫലിക്കും. അത് ഒഴിവാക്കാനുമാവില്ല.

ശ്ലോകം ചൊല്ലുമ്പോൾ ഹൃദയത്തിൽ നിന്നും ഒഴുകിവരണം, എങ്കിലേ മനുഷ്യമനസ്സിനെ പവിത്രീകരിക്കുകയും രസിപ്പിക്കുകയും ചെയ്യുകയുള്ളൂ. കവിവാക്യങ്ങളും പ്രയോഗങ്ങളും അവിടെ കിടക്കട്ടെ. അതിനെ കയറിപ്പിടിക്കുന്നില്ല.

'അനുഷ്ടുപ്പ്' ശ്ലോകങ്ങളും ചിലർ വർജ്ജിക്കാറുണ്ട്. ഒരു ഭാഷാപണ്ഡിതൻ ഒരു വേദിയിൽ 'സർവ്വമംഗളമംഗല്യേ' എന്ന ശ്ലോകം ചൊല്ലിയത് വളരെ രസകരമായിരുന്നു. ഉടനെ നവാഗതരായ ഏതാനും ചെറുപ്പക്കാർ ഇടപെട്ട് അത് അനുഷ്ടുപ്പ് ശ്ലോകമാണെന്ന് പറഞ്ഞ് ആ പണ്ഡിതനെ ഒന്ന് ഇരുത്തുവാൻ ശ്രമിച്ചു. ലോകത്തിലുള്ള സർവ്വ ശ്ലോകങ്ങളും പരിശോധിച്ചാൽ പ്രസ്തുത വൃത്തത്തിൽത്തന്നെയാണ് എഴുതിയിരിക്കുന്നതെന്നും അതിനാൽ അത് വർജ്ജിക്കേണ്ടതില്ലെന്നും ചിലർ തുറന്നടിച്ചു. അത് കേട്ടപാടെ നമ്മുടെ പണ്ഡിതന് വളരെ സന്തോഷമായി. ശ്ലോക സമ്പത്തുള്ള അദ്ദേഹം ഉടൻ മാറ്റിച്ചൊല്ലുവാൻ തയ്യാറായതുമില്ല. അദ്ദേഹത്തിന്റെ ആ മനോവ്യാപാരത്തെ സ്വാഗതം ചെയ്യണം. പ്രാസഭംഗിയുള്ള ശ്ലോകങ്ങൾക്ക് ആകർഷകത്വം കൂടും. പ്രാസത്തിന്റെ ആദ്യാക്ഷര പ്രാസമോ ദ്വിതീയാക്ഷര പ്രാസമോ അന്ത്യപ്രാസമോ ഏതുമായിക്കൊള്ളട്ടെ. വരികൾ തിരിക്കുന്നതിനും ഓർമ്മിച്ചു ചൊല്ലുന്നതിനും അടുത്ത വരികൾ കണ്ടെത്തുന്നതിനും പ്രാസം സഹായിക്കും. ഇനി ചില പദപ്രയോഗങ്ങൾ നോക്കാം. ഒരു അശന ശ്ലോകം തന്നെ ഉദാഹരണം.

"സരസ വിരസ ഗേഹേ പോകൊലാ ഭക്ഷണാർത്ഥം
വിരസ സരസ ഗേഹേ കഷ്ടപക്ഷേ ഗമിക്കാം
വിരസ വിരസ ഗേഹേ ക്ഷുത്തിലും പോയിടൊല്ലേ
സരസ സരസ ഗേഹേ പോയ് വിരുന്നുണ്ടിടേണം"

ഇവിടെ സരസ വിരസ, വിരസ സരസ, വിരസ വിരസ, സരസ സരസ എന്നീ പദങ്ങൾ ശ്രദ്ധിക്കുക. ആലോചിച്ച് പറയേണ്ട പദങ്ങൾ ആണിവ.

ഇത്തിരി ശൃംഗാരം കണ്ടാൽ നെറ്റിചുളിക്കുന്ന സന്മാർഗ്ഗചാരികൾ ശ്ലോകസദസ്സിൽ കാണാം. അതിലെ സാഹിത്യ ഗുണമറിയാതെ ഇവർ ശൃംഗാരത്തെ മാത്രം പൂജിക്കുന്നവരുമായിരിക്കും. ഉണ്ണുനീലി സന്ദേശത്തിലെ "അമൃതകര കരോടി....

→

---

→

സൃഷ്ടിച്ചിരിക്കുന്നത്. ഒരു വിളക്കു തെളിയുമ്പോൾ ആയിരക്കണക്കിനു നക്ഷത്രങ്ങൾ ആണ് മുകളിൽ ഉദിക്കുന്നത്. സന്ധ്യയാകുമ്പോൾ കോട്ട മുഴുവനായും കവാടങ്ങളും അങ്കണങ്ങളും ഡർബാർ ഹാളും മാളികകളും എല്ലാം പ്രകാശങ്ങളുടെ ഒരു അത്ഭുതലോകം സൃഷ്ടിക്കുന്നു.

ഈ കൊട്ടാരത്തിന്റെ ചരിത്രങ്ങളും മറ്റും ഞാൻ കുറച്ചു പഠിച്ചിട്ടുണ്ടെങ്കിലും വിസ്താരഭയത്താൽ അതിനു മുതിരുന്നില്ല.

രാത്രി എട്ടു മണിയോടെ ഒന്നാം ദിവസത്തെ യാത്ര അവസാനിച്ചു. (തുടരും...)

## പന്തളം പാലസ് ക്ലബ്ബ് വാർഷികം



പന്തളം പാലസ് ആർട്ട്സ് ആൻഡ് സ്പോർട്ട്സ് ക്ലബ്ബിന്റെ 59-ാമത് വാർഷികാഘോഷം ചിങ്ങമാസത്തിലെ തിരുവോണ ദിവസമായ 2024 സെപ്തംബർ 15-ാം തീയതി വൈകിട്ട് പന്തളം വലിയ കോയിക്കൽ ശ്രീധർമ്മ ശാസ്താ ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടികളുടെ ഉദ്ഘാടനം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ബയോമെഡിക്കൽ ടെക്നോളജി വിംഗ് തലവനായ ഡോ. ഹരികൃഷ്ണവർമ്മ പി.ആർ. നിർവ്വഹിച്ചു. പ്രസിഡന്റ് എം.ആർ. സുരേഷ് വർമ്മ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ജയകുമാർ വർമ്മ ആർ.കെ റിപ്പോർട്ട് അവതരിപ്പിച്ചു. കെ.ആർ.ജയചന്ദ്രവർമ്മ ആശംസാ പ്രസംഗം നടത്തി. കെ. രാജേഷ് വർമ്മ സ്വാഗതവും ആദിത്യവർമ്മ കൃതജ്ഞതയും പറഞ്ഞു. വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കും കലാകായിക മത്സരങ്ങളിൽ വിജയിച്ചവർക്കും യോഗത്തിൽ വച്ച് സമ്മാനം നല്കി. യോഗാനന്തരം അത്താഴവിരുന്നും കലാപരിപാടികളും നടന്നു.

→


മലമകൾ മുലവുന്നും" എന്നതിലെ 'മുല' എന്നും കേൾക്കുമ്പോൾ മുലകുടിച്ചു വളർന്ന ഇവർക്ക് ഇതിലെ ആശയം ഇനിക്കുകയില്ല പോലും. അങ്ങനെ ശൃംഗാരത്തെ ഇവർ പഴി പറയുകയും "ദാ വരുന്നു മുലക്കവി" എന്ന് ശ്ലോകം ചൊല്ലുന്ന വരെ ആക്ഷേപിക്കുകയും ചെയ്യുന്നു ഇക്കൂട്ടർ. ശ്ലോകത്തിലുള്ള കവിവാക്യങ്ങൾ അങ്ങനെതന്നെ ചൊല്ലുകയാണ് ഈ ചൊല്ലലുകൾ നിർവ്വഹിക്കുന്നതും. അതിന് കുറ്റം പറയരുതല്ലോ.

ഒരു കൃതിയിലെ ശ്ലോകം ഒരാൾ ചൊല്ലുമ്പോൾ അതേ കൃതിയിലെ ശ്ലോകങ്ങൾ ചൊല്ലുവാൻ കഴിയുമെങ്കിൽ അതൊരു നല്ല ലക്ഷണമാണ്. പ്രത്യുത ഇതര കൃതികളിലെ ശ്ലോകങ്ങൾ ചൊല്ലിയാൽ ശ്ലോകവുമായി ഒരു ബന്ധവും ഈ ആൾക്ക് ഇല്ലെന്ന് ശ്രോതാക്കൾ വിലയിരുത്തും. "ആരണ്യാന്തര ഗഹ്വരോ". ഇതിൽ മൂന്നാമത്തെ വരിയിലെ ആദ്യാക്ഷരം 'ആ' എന്നാണല്ലോ. അപ്പോൾ 'ആമൺമെത്ത' എന്ന ശ്ലോകമാണ് അടുത്തയാൾ ചൊല്ലേണ്ടത്. എങ്കിൽ വയലാറിന്റെ 'സർഗ്ഗസംഗീതം' ചൊല്ലുന്നയാൾക്ക് ഹൃദിസ്ഥമാണെന്ന് ആസ്വാദകർ മനസ്സിലാക്കിയെന്നു വരും. ഇതുപോലെ ശാകുന്തളത്തിലെ കൊണ്ടൽ വേണി എന്ന ശ്ലോകത്തിന്റെ മൂന്നാംപാദത്തിലെ ആദ്യാക്ഷരം 'ക'യിൽ തുടങ്ങുന്നു. അതുകൊണ്ട് 'കണ്ഠനാളം' എന്ന ശ്ലോകം ചൊല്ലുന്നത് ഉത്തമമായിരിക്കും. ഈ വക കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

അക്ഷരശ്ലോക സദസ്സുകളിൽ ധാരാളം പങ്കെടുക്കണം. എങ്കിലേ നമ്മളുടെ തെറ്റുകൾ തിരുത്തുവാൻ കഴിയുകയുള്ളൂ. "കാവ്യജ്ഞ ശിക്ഷയഭ്യാസ" എന്നാണല്ലോ പണ്ഡിത മതവും. ഏതാനും ശ്ലോകത്തിന്റെ അറിവിൽ നല്ല സദസ്സുകളിൽ കയറിപ്പറ്റുകയും പാടില്ല. അത് ഇരുകൂട്ടർക്കും ദോഷം ചെയ്യും. ശ്ലോകസമ്പത്തുമായി വരുന്നവർ ആയിരിക്കും അവർ. അവരുടെയിടയിൽ നാം കയറി ഇരിക്കുന്നത് രസംകൊല്ലിയായി നമ്മൾ മാറും. മൂന്നാം അക്ഷരമേതെന്ന് ചോദിക്കാതെ നമ്മൾ ചൊല്ലണം. അവിടെയാണ് നമ്മൾ മിടുക്ക് കാണിക്കുന്നതും.

(അവസാനിച്ചു)

# ഒരു കശ്മീർ യാത്ര



പ്രദീപ് വർമ്മ
ചിറക്കൽ കോവിലകം, കണ്ണൂർ മൊ. 9496286525

ഭൂമിയിലൊരു സ്വർഗമുണ്ടെങ്കിൽ അതിവിടെയാണെന്ന് കശ്മീരിനെക്കുറിച്ച് കേട്ടറിവ് മാത്രമായിരുന്നു ഇതുവരെ. ബാങ്കിന്റെ വർഷാന്തവും ബല്ലാരിയിലെ കൊടും ചൂടും കൊറോണയും മാത്രമല്ല കശ്മീർ ട്രിപ്പിനെക്കുറിച്ച് ചിന്തിപ്പിച്ചത്. ആർട്ടിക്കിൾ 370 എടുത്തു കളഞ്ഞിട്ട് എന്തുണ്ടായി പുതിയതെന്നുള്ള ഉത്കണ്ഠകൂടി പെട്ടെന്നൊരു യാത്ര തട്ടിക്കൂട്ടാനിടയാക്കി. രണ്ടു വർഷം മുമ്പത്തെ രാജസ്ഥാൻ ട്രിപ്പിന്റെ വിജയത്തിനു ശേഷം ടൂർ പ്ലാനിങ്ങ് കാവ്യയെത്തന്നെ ഏല്പിച്ചു. കാവ്യയും കിച്ചുവും ചേർന്ന് ടൂർ പരിപാടി തയ്യാറാക്കി -ഒട്ടനേകം പാക്കേജുകൾ നിരത്തി നല്ലത് ചിലവ ഞങ്ങൾക്കയച്ചു തന്നു. കൂട്ടത്തിൽ നല്ലതെന്ന് തോന്നിയ മൊണ്ടാഷ് ഹോളിഡേയ്സിന്റെ പാക്കേജ് നന്നായി തന്നെ സ്വീകരിച്ചു. അഞ്ചു പകലും നാലു രാത്രിയും അടങ്ങുന്ന ശ്രീനഗർ പാക്കേജിൽ പഹൽഗാം, സോനമാർഗ്, ഗുൽമാർഗ്, ലോക്കൽ ശ്രീനഗർ എന്നിവ ഉൾപ്പെടെ 3 Star താമസ സൗകര്യത്തോടെ (ഒരു രാത്രി ഹൗസ് ബോട്ടിലും) ഉള്ള തരക്കേടില്ലാത്ത പാക്കേജ്. ഒരു മണിക്കൂർ നീളുന്ന ശിക്കാര (ചെറുവള്ളം) യാത്രയടക്കം. ബാംഗളൂർ നിന്ന് പുറപ്പെടുന്നത് ഏപ്രിൽ 12 അർദ്ധരാത്രി. ഡൽഹിയിൽ നിന്ന് മാറിക്കയറി ശ്രീനഗറിലെത്തുമ്പോൾ രാവിലെ 7.30. ഞങ്ങൾ നാലുപേരാണ് ടീമിൽ' കാവ്യയും കിച്ചുവും പുറപ്പെട്ടില്ല. പറഞ്ഞല്ലോ, ഞങ്ങളുടെ കന്നി കശ്മീർ യാത്രയാണെന്ന്. 3 വർഷം പഞ്ചാബിലുണ്ടായിട്ടും ജമ്മു-കശ്മീർ കാണാനായില്ല. കണ്ണൻ 5 വർഷം ചണ്ഡീഗഡിൽ പഠിച്ചിട്ടു കൂടി മൂപ്പരും കശ്മീർ കണ്ടിരുന്നില്ല. കഴിഞ്ഞ കൊറോണ ക്കാലം തൊട്ട് കുട്ടികൾ രണ്ടാളും ഞങ്ങളുടെ കൂടെ തന്നെയായിരുന്നു. കൊറോണ നൽകിയ ഒരു പോസിറ്റീവ് കാര്യം എന്ന് പറയാം! എങ്കിലും കശ്മീർ യാത്രയ്ക്ക് പ്രചോദനം നൽകിയത് ഒരു വാർത്തയായിരുന്നു. ഏഷ്യയിലെ ഏറ്റവും വലിയ ടുലിപ് ഗാർഡൻ തുറന്നു എന്നത്. പൂക്കളുടെ കാലാവധി ഏപ്രിലോടെ തീർന്നേക്കും. എങ്കിൽ പിന്നൊന്നും ആലോചിക്കാനില്ല. പുറപ്പെടുക തന്നെ!

ശ്രീനഗർ എയർപോർട്ട് താരതമ്യേന ചെറിയ എയർ പോർട്ടാണ്. പുറത്തിറങ്ങുമ്പോൾ കോവിഡ് പ്രോട്ടോക്കോൾ പ്രകാരം ടെസ്റ്റ് നടത്തി. മൊബൈൽ നമ്പർ കൊടുത്തു. പക്ഷേ SMS വരില്ലെന്ന് നൂറു ശതമാനം ഉറപ്പ്. കാരണം കശ്മീരിൽ പ്രീപെയ്ഡ് നെറ്റ്‌വർക്ക് പ്രവർത്തിക്കില്ല. ഞങ്ങളാണെങ്കിൽ പോസ്റ്റ് പെയ്ഡ് എടുത്തിട്ടുമില്ല. ഇവിടെ വെച്ച് പുതിയ കണക്ഷനെടുക്കാൻ കശ്മീരിതരനിവാസികൾക്ക് സാധ്യവുമല്ല. അതിനാൽ, ഇനിയുള്ള അഞ്ചു പകൽ നെറ്റ്‌വർക്കിന് അവധി കൊടുപ്പിച്ച് രാത്രി മാത്രം ഹോട്ടൽ 'വൈഫൈ' ഉപയോഗിക്കാമെന്ന് കരുതി.

ശ്രീനഗർ എയർപോർട്ടിൽ രാവിലെ ഏഴരയ്ക്കെത്തി. എയർപോർട്ടിനുള്ളിൽ തന്നെ അന്തർ സംസ്ഥാന യാത്രികർക്ക് കോവിഡ് റാപിഡ് ടെസ്റ്റി



നുള്ള സൗകര്യം ഒരുക്കിയിരുന്നു. നാലുപേരും ടെസ്റ്റ് നടത്തി പുറത്തു കടക്കവേ പ്ലക്കാർഡുമായി ഞങ്ങൾക്ക് വേണ്ടി അയയ്ക്കപ്പെട്ട ഡ്രൈവർ ഷൗക്കത്ത് നില്പുണ്ടായിരുന്നു... വൃത്തിയുള്ള ടൊയോട്ട എറ്റിയോസ് കാറും. ഇനിയുള്ള അഞ്ചു ദിവസങ്ങളിൽ സാരഥി ഷൗക്കത്താണ്. വൃത്തി യായി ഹിന്ദി സംസാരിക്കും. യുപി - ബീഹാറിക്കാ രെപ്പോലെ കടിച്ചു മുറിച്ച് പകുതി വിഴുങ്ങി പറയുന്ന ഹിന്ദിയല്ല കശ്മീരിന്റെ ഹിന്ദി. ഇത്തിരി കവ്വാലിയുടെ കാവ്യാത്മകതയുള്ള ഉർദു കലർന്ന ഹിന്ദിയാണ്. എങ്കിലും കശ്മീരിന്റെ ഭാഷ ഹിന്ദി, ഉറുദു, കൂടി കലർന്ന കശ്മീരി ഭാഷയാണ്. യാത്രയിലുടനീളം ഷൗക്കത്ത് ഫോണിൽ സംസാ രിച്ചതൊക്കെ കൊളോക്കിയൽ കശ്മീരി ഭാഷയാണ്. ഈ ഭാഷയ്ക്ക് പ്രത്യേകം ലിപിയില്ലെന്നു തോന്നുന്നു. സ്ഥലനാമങ്ങളും, സ്ഥാപനങ്ങളുടെ നെയിം ബോർഡുകളും അധികവും ഇംഗ്ളീഷിലും, അത്യാവശ്യം ഉർദുവിലുമാണ് കാണപ്പെടുന്നത്.

ഞങ്ങൾ ഗോൾഡൻ ടുലിപ് എന്ന ഹോട്ട ലിലേക്ക് പോകുന്നു. അവിടെയാണിന്നത്തെ താമസം. സാമാന്യം തരക്കേടില്ലാത്ത ഹോട്ടൽ. ചെക്കിൻ ചെയ്ത് ചെറിയൊരു വിശ്രമത്തിനു ശേഷം ഞങ്ങൾ ശ്രീനഗർ ലോക്കൽ കാഴ്ചകളിലേക്ക് പോകുന്നു. ഭൂമിയിലെ പറുദീസയായതുകൊണ്ട് പൂന്തോട്ട ങ്ങൾക്ക് യാതൊരു പഞ്ഞവുമില്ല ശ്രീനഗറിൽ ' മുഗൾ ഭരണകാലത്തെ രാജാക്കന്മാരുടെ സമ്മർ ക്യാമ്പ് ഇവിടെയായിരുന്നു. പ്രധാന തോട്ടങ്ങ ളെല്ലാം - ഷാലിമാർ, നിശാത്, ചഷ്മ ഷാഹി, പരിമഹൽ ഇവയെല്ലാം കാണേണ്ടവ തന്നെ.

പരിമഹൽ ഒരു ടെറസ് ഗാർഡനെന്നു പറയാം. തട്ടുകളിൽ പുഷ്പച്ചെടികളും പൂമരങ്ങളും.

നിശാത് ഗാർഡനെ മുഗൾ ഗാർഡനെന്നും പറയും. ഡാൽ തടാകക്കരയിൽ ഏക്കറുകണക്കിന് വിസ്തീർണമുള്ള മനോഹരമായ പൂന്തോട്ടം. ഷാജഹാൻ ചക്രവർത്തിയുടെ പത്നി മുംതാസിന്റെ പിതാവിന്റെ ഉടമസ്ഥതയിലായിരുന്ന ഈ തോട്ടം സ്വന്തമാക്കാൻ ഷാജഹാൻ ആഗ്രഹിച്ചിരുന്നെന്നും അത് സാധിക്കാതെ വന്നപ്പോൾ അനിഷ്ടം തോന്നി തോട്ടത്തിലെ ജല സ്രോതസ് അടപ്പിച്ചെന്നും ഒരു കഥയുണ്ട്. തോട്ടം കരിയുന്നതു കണ്ട് ദുഃഖിത നായ ഒരു ജോലിക്കാരൻ ആജ്ഞ ധിക്കരിച്ച് വെള്ളം പുനഃസ്ഥാപിച്ചെന്നും ഇതറിഞ്ഞ ചക്രവർത്തി അയാളെ ശിക്ഷിക്കാതെ വിട്ടെന്നുമാണ് കഥ.

ഡാൽ തടാകത്തിന്റെ മറ്റൊരു വശത്ത് വിശാ ലമായ ബൊട്ടാണിക്കൽ ഗാർഡൻ കാണാം. അതി നോട് ചേർന്നാണ് പ്രശസ്തമായ ടുലിപ് ഗാർഡൻ. അനേകം ഏക്കറിൽ പരന്നുകിടക്കുന്ന വിവിധ വർണ്ണങ്ങൾ നയനാനന്ദകരമാക്കുന്ന ടുലീപ് പുഷ്പങ്ങൾ ഏവരുടെയും മനസ്സ് കീഴടക്കും, തീർച്ച. ഞങ്ങൾ ഇവിടെ വന്നത് റമദാൻ നോമ്പ് തുടങ്ങുന്നതിന്റെ തലേന്നായിരുന്നു. ഒരു മാസത്തെ നോമ്പിന്റെ തയ്യാറെടുപ്പിന് മനസ്സ് കുളിർപ്പിക്കാൻ കോവിഡിനെ വകവെക്കാതെ എത്തിയവർ അനേകം. അന്നത്തെ യാത്രയ്ക്ക് പര്യവസാനം കുറിച്ച് ഹോട്ടലിലേക്ക് മടക്കം.

പിറ്റേന്ന് പാക്കേജ് പ്രകാരം പഹൽഗാം യാത്ര യാണ്. ശ്രീനഗർ-ജമ്മു റൂട്ടിൽ അനന്തനാഗിനടു ത്താണ് പഹൽഗാം. ശ്രീനഗർ പൊതുവെ ഒരു സമതലമെന്ന് പറയാം. ചുറ്റും ഹിമാലയൻ മല നിരകളുടെ സംരക്ഷണഭിത്തി. പഹൽഗാം, സോന മാർഗ്, ഗുൽമാർഗ് എന്നിവയാണ് താരതമ്യേന അടുത്തുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ. ഇവയെല്ലാം മലമുകളിലാണ്.

പോകുന്ന വഴി മഞ്ഞ് പുതപ്പിട്ട കടുകുപാടങ്ങൾ കാണായി. ടുലീപ് പുഷ്പങ്ങൾ പൊഴിയാൻ തുടങ്ങുകയാണ്, കടുക് ചെടികളും. കടുക് പാടത്തിനരികെ അതാ കശ്മീരിന്റെ സ്വന്തം സാഫ്രൺ (കേസർ) പാടം. ഇതിന്റെ പുഷ്പത്തിൽ നിന്ന് കൈ കൊണ്ട് അടർത്തിമാറ്റിയെടുക്കുന്ന കേസരം ഉണക്കിയെടുക്കുന്നതാണ് സാഫ്രൺ. ഇതിന്റെ ഔഷധഗുണം കൊണ്ടും ഉണ്ടാക്കാനുള്ള അത്യദ്ധ്വാനം കൊണ്ടും ഇതിന് ഭീമമായ വില യാണ്. ഗ്രാമിന് നൂറു രൂപ മുതലാണ് വില.

യാത്രയ്ക്കിടെ ഡ്രൈവർ കാർ ഒരു ഡ്രൈ ഫ്രൂട്ട് കടയുടെ മുൻപിൽ നിർത്തി. കടയുടമസ്ഥൻ വളരെ ഭവ്യതയോടെ സ്വീകരിച്ച് ആദ്യം പാനോപ ചാരം ചെയ്തു. കശ്മീരിന്റെ തനത് പാനീയമായ കാവ (kahwa or qweva green tea). പച്ച ഇല ച്ചായയിൽ കറുവപ്പട്ട ഏലം എന്നിവയ്ക്കൊപ്പം പൊടിച്ച വാൽനട്ടും, ആൽമണ്ടും ചേർത്ത് സമോവറിൽ ഉണ്ടാക്കുന്നതാണ് കാവ. തരക്കേ ടില്ല. തണുപ്പിന് നല്ല ആശ്വാസമാകും. കാവ

കുടിയ്ക്കിടെ കടയുടമ ഡ്രൈ ഫ്രൂട്ടുകളെക്കുറിച്ച് ചെറുക്ലാസ് തന്നെ എടുത്തു. തുടർന്ന് ഞങ്ങൾ കുറച്ച് ആൽമണ്ടും വാൽനട്ടും നാലഞ്ചു ഗ്രാം കേസറും വാങ്ങി യാത്ര തുടർന്നു. ആപ്പിൾ വാലി വഴിയുള്ള ഷോർട്ട് കട്ട് ഞങ്ങളെ തുണച്ചില്ല... പട്ടാളക്കാർ വഴി തടഞ്ഞ് മെയ്ൻ റോഡ് വഴി തന്നെ പോകാൻ പറഞ്ഞു. വഴിയിലൊക്കെ മിലിട്ടറിയുടെയോ CRPF ന്റെയോ ജവാന്മാരെ കാണാം. സംസ്ഥാനത്തിന്റെ സൈ്വര്യത്തിനും സമാധാനത്തിനും കാവൽ നിൽക്കുന്നവർ. നാട്ടുകാർക്ക് ഇതൊക്കെ ശീലമായിരിക്കുന്നു.

അനന്ത് നാഗിൽ നിന്നും ജമ്മു റൂട്ട് വിട്ട് വടക്കോട്ടേക്ക് യാത്ര തുടർന്നു. പഹൽഗാം. ഇവിടത്തെ അങ്ങാടി വരെയേ നമ്മുടെ വണ്ടിക്ക് പോകാവൂ. പിന്നീട് അവിടുള്ള വണ്ടിക്കാരുടെ ഊഴമാണ്. ബേതാബ് വാലി, ചന്ദൻ വാഡി എന്നീ സ്പോട്ടുകളിലേക്ക് യാത്ര. ബേതാബ് വാലി 5 കിമീ ദൂരത്തിലാണെങ്കിൽ ചന്ദൻ വാഡി 15 കിമീ അകലെയാണ്. ബേതാബ് വാലിയ്ക്ക് ആ പേര് വരാൻ കാരണം സണ്ണി ഡിയോളിന്റെ 'ബേതാബ്' എന്ന ഹിന്ദി ചിത്രം ഷൂട്ടു ചെയ്തതു കൊണ്ടാണ്. മനോഹരമായ ഒരു താഴ്‌വാരം. താല്പര്യമുള്ളവർക്ക് കുതിരപ്പുറത്ത് കുറച്ചു ദൂരം കയറിപ്പോകാം. കുതിരകളുമായി കശ്മീരിപ്പയ്യന്മാർ പുറകെക്കൂടി. എല്ലാവരെയും നിരാശപ്പെടുത്തി ഞങ്ങളും. തുടർന്ന് ചന്ദൻവാഡി എന്ന മലവാരത്തിലേക്ക്. ഇവിടെ പ്രസിദ്ധമായ അമർനാഥ് യാത്രയുടെ ബേസ് ക്യാമ്പ് ആണ്. യാത്രികൾക്ക് വേണ്ടിയുള്ള വിശ്രമകേന്ദ്രവും, യാത്ര തുടങ്ങുന്ന പടിക്കെട്ടും കണ്ടു. പഹൽഗാം ഇപ്പോഴും മുകൾത്തട്ടുകളിൽ മഞ്ഞണിഞ്ഞു നിൽക്കുന്നത് കണ്ടാൽ ചേതോഹരം. ഞങ്ങൾ ഉച്ചഭക്ഷണം മാഗിയിലൊതുക്കി. തണുപ്പിൽ ചൂടു മാഗിക്ക് സ്വാദ് കൂടിയതുപോലെ. ഞങ്ങൾ തിരികെ ഷൗക്കത്തിന്റെ വാഹനത്തിലേറി മടക്കയാത്ര ആരംഭിച്ചു. വണ്ടി കുറച്ചിട പോയതും ഇരമ്പിപ്പെയ്യുന്ന മഴയാണോ എന്ന് തോന്നുമാറ് ശബ്ദം കേൾക്കായി. നോക്കുമ്പോൾ മഴയല്ല, ആലിപ്പഴം വർഷിക്കുകയാണ്! പണ്ട് പഞ്ചാബിലെ ഭട്ടിൻഡയിൽ വെച്ച് കണ്ടത് വലിയ ആലിപ്പഴങ്ങളായിരുന്നെങ്കിൽ ഇത് വലുപ്പം കുറഞ്ഞ ഐസ് കഷണങ്ങളായിരുന്നു. ഞങ്ങൾ മറ്റൊരു വഴിയിലൂടെ (നേരത്തെ പറഞ്ഞ ഷോർട്ട്കട്ട്) യാത്ര തുടർന്നു. ഒരിടത്ത് അനേകം ആപ്പിൾ മരങ്ങൾ പുഷ്പിച്ചു നിൽക്കുന്ന കാഴ്ച്ച.ഇതാണത്രെ ആപ്പിൾ വാലി. ഇവിടത്തെ പ്രധാന കൃഷി ആപ്പിൾ ആണ്. ഇപ്പോൾ പുഷ്പിക്കുന്ന സീസണാണ്. ഒരിടത്തു വണ്ടി നിർത്തി, ഗേറ്റു തുറന്നു കിടന്ന ഒരു ഫാമിനകത്തേക്ക് ഞങ്ങൾ പ്രവേശിക്കുമ്പോൾ ഉടമകളായ രണ്ടു പേർ കൃഷി പരിചരണത്തിലാണ്. ആപ്പിളിന്റെ ഇനം 'റെഡ് ഡെലിഷ്യസ്' ആണെന്ന് പറഞ്ഞു. ഇന്ത്യയിലേറ്റവും സ്വീകാര്യമായ ഇനം അതുതന്നെ. മരങ്ങളിൽ ഇലകൾ കുറവും പൂക്കൾ അധികവുമാണ്. ആപ്പിൾ വളരെ ഉയരത്തിൽ സാധാരണയായി വളരുന്ന മരമാണ്. കുറച്ച് ഉയരം നിലനിർത്തി ധാരാളം ഫലവാഹികളായ ശാഖകൾ നിലനിർത്തുന്നതിന് ആപ്പിൾ മരങ്ങൾ പ്രൂൺ ചെയ്യാറുണ്ട്. ഈ തോട്ടത്തിലെ ഏതു മരത്തിൽ നിന്നും ആപ്പിൾ കൈയെത്തി പറിച്ചെടുക്കാം. പക്ഷേ, ഇനിയും നാലു മാസങ്ങൾ കാത്തിരിക്കണം. ഞങ്ങൾക്കതിന് ഏതായാലും ഭാഗ്യമില്ല.. എങ്കിലും പുഷ്പ ഭംഗി ആവോളം കണ്ടാസ്വദിച്ചല്ലോ അതുമതി.

തുടർന്ന് ഞങ്ങൾ അവന്തിപോറ എന്ന ചെറു നഗരത്തിലെത്തി. ഗൂഗിൾ തെരഞ്ഞതിൽ നിന്നും കിട്ടിയ പ്രകാരം ഇവിടെ ഒരു ക്ഷേത്രാവശിഷ്ടമുണ്ട്. ഒന്നല്ല, രണ്ട് ക്ഷേത്രങ്ങൾ - ഒന്ന് വിഷ്ണുവിന്റെയും ഒന്ന് ശിവന്റെയും. ഞങ്ങൾ വിഷ്ണു ക്ഷേത്രം നിലനിന്നിരുന്ന ഇടത്തെത്തി. ഏഴാം നൂറ്റാണ്ടിലെ അവന്തിവർമ്മൻ എന്ന രാജാവ് സ്ഥാപിച്ചു എന്ന് കരുതപ്പെടുന്ന അവന്തി സ്വാമിൻ (വിഷ്ണു) ക്ഷേത്രത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞ അവശിഷ്ടങ്ങൾ മാത്രമേ ഇന്നുള്ളൂ... ആർക്കിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (ASI)യുടെ സംരക്ഷണയിലാണ് ഈ ക്ഷേത്രാവശിഷ്ടം. ഞങ്ങളെ കണ്ടുകൊണ്ട് ഗൈഡിനെപ്പോലെ തോന്നിച്ച ഒരാൾ അടുത്തുകൂടി. സ്വയം, ഒരു കശ്മീരി പണ്ഡിറ്റാണെന്ന് അവകാശപ്പെട്ട അയാൾ ക്ഷേത്ര ഉൽപ്പത്തിയെ കുറിച്ചൊക്കെ വിവരണം നൽകി. മുസ്ലീം രാജാക്കന്മാരുടെ നിരന്തരമായ ആക്രമണം ആ ക്ഷേത്രത്തെ പാടെ തകർത്ത് കളഞ്ഞിരിക്കുന്നു. ഗൈഡായി വന്ന പണ്ഡിറ്റ് പറഞ്ഞത് പ്രധാന പ്രതിഷ്ഠാ വിഗ്രഹങ്ങൾ ബ്രിട്ടനിലെ ഏതോ മ്യൂസിയത്തിലുണ്ടെന്നാണ്.

അവന്തിപോറയിലെ ശിഥില വിഗ്രഹങ്ങൾ ഉടക്കിയ മനസ്സുമായി ഞങ്ങൾ അന്നത്തെ യാത്ര അവസാനിപ്പിച്ച് മടങ്ങി. അന്ന് ഹോട്ടലിൽ മുറി ഒഴിവില്ലാഞ്ഞതിനാൽ പാക്കേജ് പ്രകാരം രാത്രി താമസം ദാൽ തടാകത്തിലെ ഹൗസ് ബോട്ടിലായിരുന്നു തീരുമാനിച്ചിരുന്നത്. ഞങ്ങൾ ദാൽ തടാകത്തിലെത്തി ചേർന്ന സമയം അസ്തമയ സൂര്യൻ വിടവാങ്ങാനൊരുങ്ങുന്ന മനോഹര മുഹൂർത്തം. റോഡിൽ ഞങ്ങളെ ഇറക്കി തൊട്ടടുത്തുള്ള ജട്ടിയിൽ ഡ്രൈവർ കൊണ്ടുചെന്നു. ശിക്കാരാ ഡ്രൈവർമാർ ഊഴം കാത്തു നിൽക്കവേ ഷൗക്കത്ത് തന്നെ ഒരാളെ ഞങ്ങളെ ഹൗസ് ബോട്ടിലെത്തിക്കാൻ ഏർപ്പാടാക്കി. പെട്ടികളും ഞങ്ങളും ഒരു കൊച്ചു ശിക്കാരയിൽ കൊണ്ടു. ചെറുവള്ളങ്ങളെയാണ് ശിക്കാരയെന്ന് വിളിക്കുന്നത്. ദാൽ തടാകത്തിലെ ശിക്കാരയാത്ര അതും സന്ധ്യാനേരത്ത് പകർന്നു നൽകുക അവാച്യമായ ഒരനുഭൂതിയാണ്. ഇരുവശങ്ങളിലും ഹൗസ് ബോട്ടുകളുടെ ശ്രേണി. പോക്കുവെയിൽ പൊന്നുരുക്കിയൊഴിച്ച മാതിരി ഒരു വശത്ത് കായൽപ്പരപ്പിൽ സ്വർണ്ണപ്രഭാ പൂരം. ഞങ്ങളെ വരവേൽക്കാനെന്നോണം ഒരു മാരിവില്ലുണ്ട് കായലിൽ നിന്ന് ആകാശത്തേക്ക് തൊടുത്തു നിൽക്കുന്നു. പുതിയ വൺ പ്ലസ് മൊബൈൽ ക്യാമറയ്ക്ക് ഇത് സദ്യ തന്നെ! ഇതൊക്കെ പടങ്ങളാക്കീട്ടുണ്ട് കേട്ടോ!

ശിക്കാര കാണുമ്പോൾ ഓർമ്മവരിക 'കശ്മീർ കി കലി'യിലെ ഷമ്മി കപൂറിന്റെ "യെ ചാന്ദ് സാ രോഷൻ ചെഹരാ" എന്ന ഗാനവും ഗാനത്തിലൊടുവിൽ ബാലൻസ് തെറ്റി ശിക്കാരയിൽ നിന്നും വെള്ളത്തിലേക്കു വീഴുന്നതുമായ രംഗങ്ങളാണ്. ഷമ്മിയുടെ സ്വപ്ന ലൊക്കേഷനായിരുന്നത്രെ കശ്മീർ. അദ്ദേഹത്തിന്റെ അന്ത്യശേഷം ചിതാഭസ്മം ദാൽ തടാകത്തിൽ തൂകുകയുണ്ടായി എന്ന് കേട്ടു.

ഞങ്ങൾക്കായി ഒരുക്കിയത് അകിബ് എന്നൊരാളുടെ 'യങ് ഫസിൽ' എന്ന ഹൗസ് ബോട്ടായിരുന്നു. രണ്ടു ബെഡ് റൂം ഒരു സ്വീകരണമുറി ഒരു താൽകാലിക കിച്ചൻ എന്നിവയടങ്ങുന്ന സുന്ദരൻ ഒരു ഹൗസ് ബോട്ട്. ഇവിടങ്ങളിൽ ഫർണിച്ചറിന് ഉപയോഗിക്കുന്ന മരം ഒന്നുകിൽ വാൽനട്ട് അല്ലെങ്കിൽ ദേവദാരു (deodar). ദേവദാരുവിൽ ചെറിയ കൊത്തുപണികൾ പോലും മനോഹരമായി ചെയ്യാനാകും. നമ്മുടെ നാട്ടിൽ കശ്മീരി ഫർണിച്ചറുകൾ എന്ന പേരിൽ മനോഹരങ്ങളായ ശില്പ വൈവിധ്യം ഉള്ള ടീപോയ്, സെറ്റികൾ, കോർണർ ടേബിൾ എന്നിവ കണ്ടിട്ടില്ലേ? അതൊക്കെ ദേവദാരു ആണ്. ബോട്ടിന്റെ മെയിൻ വർക്ക് വാൽനട്ട് മരം കൊണ്ടായിരിക്കും. ഇത് വെള്ളം കുടിക്കില്ല, ചീർത്ത് നശിക്കില്ല. ബോട്ടിനകത്ത് കശ്മീരി കാർപ്പെറ്റുകളും കർട്ടനും കൊണ്ട് വർണാഭമാക്കിയിരിക്കുന്നു. ഞങ്ങളുടെ പാക്കേജിൽ ഒരു മണിക്കൂർ ശിക്കാരയാത്ര ഉൾപ്പെടുത്തീട്ടുണ്ട്. സന്ധ്യകഴിഞ്ഞെങ്കിലും മാനത്ത് വെളിച്ചം പോയിട്ടില്ല. ശിക്കാരയിലൂടെ തണുപ്പിന്റെ നിശബ്ദതയിൽ ഒരു യാത്ര. പങ്കായം വെള്ളത്തെ തഴുകുന്ന സുന്ദരമായ ശബ്ദം മാത്രം. ഞങ്ങൾ മലയാളികളാണെന്ന് പറഞ്ഞപ്പോൾ അയാൾക്ക് സന്തോഷമായി. കുറച്ചു മാസങ്ങൾ അയാൾ വർക്കലയിൽ വന്നിട്ടുണ്ടെന്ന് പറഞ്ഞു.. ഏതെങ്കിലും കശ്മീരി കടയിലെ സഹായി ആയിട്ടാവും. തുടർന്ന് ഞങ്ങളുടെ ശിക്കാര പ്രശസ്തമായ മീനാബസാർ എന്ന ഫ്ലോട്ടിങ്ങ് മാർക്കറ്റിലേക്ക് കടന്നു. ഇരുവശങ്ങളിലും കശ്മീരി ഉല്പന്നങ്ങളുടെ കടകൾ. തുണിക്കടകൾ, ഫർണീച്ചർ ഷോപ്പുകൾ, ഡ്രൈ ഫ്രൂട്ട് കടകൾ, ഹാൻഡി ക്രാഫ്റ്റ് എന്നിങ്ങനെ. ശിക്കാരക്കാരൻ ഒരു കടയിൽ ഞങ്ങളെ എത്തിച്ചു. കാർപെറ്റുകൾ, സാരി, ഷാളുകൾ, ചൂടുകുപ്പായങ്ങൾ എന്നിവ വിൽക്കുന്ന ഒരു കട. അത്യാവശ്യം ചെറിയ തോതിലുള്ള ഷോപ്പിങ്ങിനു ശേഷം ഞങ്ങൾ ഹൗസ് ബോട്ടിലേക്ക് മടങ്ങി. കശ്മീരിലേതു കടയിൽ ചെന്നാലും തികച്ചും മാന്യമായ പെരുമാറ്റമാണ് നമുക്ക് ലഭിക്കുക. കസ്റ്റമറുമായി സുന്ദരമായി സംസാരിക്കാൻ കഴിവുള്ള വ്യാപാരികൾ ആണ് മിക്കപേരും. ദൽഹിയിലെ ചില മാർക്കറ്റുകളിൽ വിലപേശിപ്പോയാൽ ഭീഷണിപ്പെടുത്തി വാങ്ങിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമൊന്നും ഇവിടില്ല.

അത്താഴത്തിന് ഞങ്ങൾക്കു വേണ്ടി ചുടുചുടാ റോട്ടിയും മിക്സ് വെജ് കറിയും, ദാലും അകിബ് എത്തിച്ചു. കേരളത്തിൽ നിന്ന് പൊതുവെ ടൂറിസ്റ്റുകൾ കുറവാണ് ഇവിടെ വരാറ് എന്നയാൾ പറഞ്ഞു. ഇപ്പോഴും കശ്മീർ എന്ന് കേൾക്കു

മ്പോൾ ഭീകരമായ ഒരിടം എന്ന ചിന്ത ഒരു ശരാശരി മലയാളിയെ അലട്ടുന്നുണ്ടോ? ഉണ്ടെങ്കിൽ അത് മൗഢ്യമാണ്. സന്തോഷ് ജോർജ് കുളങ്ങരയും ഇതു തന്നെയാണ് പറഞ്ഞത്... ശ്രീനഗറിനും ചുറ്റുമുള്ള ഇടങ്ങളിലും ഭീകര സംഭവങ്ങൾ ഉണ്ടാകാറേയില്ല. ഇപ്പോഴും ഇടയ്ക്കിടെ നാം കേൾക്കുന്ന ഭീകരാക്രമണവും, വെടിവെയ്പുമൊക്കെ ശ്രീനഗറിൽ നിന്നും വളരെ ദൂരെയുള്ള ഗ്രാമങ്ങളിലോ കൊച്ചു നഗരങ്ങളിലോ ആകാം - ഷോപ്പിയാൻ, സോപോർ അങ്ങിനെ... പക്ഷേ ശ്രീനഗർ ശാന്തമാണ്, സുന്ദരവും.

ഓളങ്ങളുടെ താളക്കൊഴുപ്പിൽ ഹൗസ് ബോട്ടിലെ സുഖനിദ്രയ്ക്ക് ശേഷം പിറ്റേന്ന് അകിബിനോട് യാത്രാമൊഴിചൊല്ലി ശിക്കാരയിലേറി വീണ്ടും മെയ്ൻ റോഡിലേക്ക്. ഇന്ന് ഷൗക്കത്ത് ഞങ്ങളെ കൊണ്ടു പോകുന്നത് സോനമാർഗ് എന്ന സ്വർണ്ണത്താഴ്വാരത്തിലേക്കാണ്. ഷൗക്കത്തിന്റെ ജ്യേഷ്ഠന് ട്രാവൽ ബിസിനസ്സാണ്. ഷൗക്കത്ത് കഴിഞ്ഞ പത്ത് പതിനഞ്ചു വർഷമായി ചെയ്യുന്ന തൊഴിലിതു തന്നെ... സെറ എന്ന ഒരു വയസ്സുകാരി മകളുണ്ട്. കശ്മീരിന് പുറത്ത് എവിടെ വരെ പോയിട്ടുണ്ട് എന്ന് ചോദിച്ചപ്പോൾ രാജസ്ഥാനിലെ അജ്മീർ എന്നുത്തരം. പ്രസിദ്ധമായ ഖ്വാജ മൊയിനുദ്ദീൻ കിസ്തിയുടെ ദർഗ അവിടെയാണ്. ഇന്ത്യൻ മുസ്ലീങ്ങളുടെ പുണ്യസങ്കേതം. കേരളത്തിൽ സൂഫിസത്തിന് വലിയ വേരോട്ടമില്ലാത്തതുകൊണ്ടാകാം അജ്മീർ ദർഗയെക്കുറിച്ച് ഞാനങ്ങിനെ ആരിൽ നിന്നും കേട്ടിട്ടില്ല.

സോനമാർഗ് ശ്രീനഗറിൽ നിന്ന് ഏകദേശം 200 കി.മീ. വടക്ക് കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരുയർന്ന മനോഹരമായ ഭൂപ്രദേശമാണ്. പതിവുപോലെ റോഡിനിരുവശത്തും കടുകുപാടങ്ങൾ. ഇന്നലെ നാട്ടിൽ വിഷുക്കണി കാണേണ്ടതായിരുന്നു. കണിക്കൊന്ന പൂങ്കുലയ്ക്കു പകരം ഇതാ മഞ്ഞപ്പരവതാനി വിരിച്ച പോലെ കടുകുപാടങ്ങൾ. ദൈവം ഞങ്ങൾക്ക് എവിടെയാണെങ്കിലും കണിയൊരുക്കിത്തന്നോളും.

സോൻമാർഗ് തടാകങ്ങളുടെയും, ഗ്ലേസിയറിന്റെയും നാടാണ്. ട്രെക്കേർസിനും, ടെന്റേർസിനും പറ്റിയ ഇടം. ടൗണിൽ നിന്നും നാലു കിമീ അകലെ ബാൽതാൽ തടാകക്കരയിൽ പോയി. അവിടമാണ് അമർനാഥ് യാത്രികരുടെ ഹെലിപോയൻറും ട്രെക്കിങ്ങിന്റെ തുടക്കവും. ഇന്നലെ പോയ പഹൽഗാമിലെ ചന്ദൻവാഡി വേറൊരു സ്റ്റാർട്ടിങ്ങ് പോയിന്റാണ്. ചുറ്റും ഹിമ മണിഞ്ഞ ഹിമാലയ ഗാംഭീര്യത്തെ കൺകുളിർക്കെ കണ്ടു. ഈ ദേവതാത്മാവിനെ കഴിഞ്ഞല്ലേ ഉള്ളൂ മറ്റേതൊരു വിഷുക്കണിയും! ഒരിടത്ത് ഇന്ത്യാ-പാക് അതിർത്തി പോലെ മുള്ള് കമ്പിവേലി ഇട്ടിരിക്കുന്നു. കൂടെ വന്ന ഗൈഡ് പറഞ്ഞു, സൽമാൻ ഖാന്റെ ബജ്രംഗി ഭായി ജാനിന്റെ അവസാന സീനിന്റെ ലൊക്കേഷൻ അതായിരുന്നെന്ന്. മുന്നിയെന്ന പെൺകുട്ടി പാകിസ്ഥാൻ മണ്ണിൽ നിന്ന് ഇന്ത്യൻ മണ്ണിലേക്ക് നോക്കി ബജ്രംഗിയെ നീട്ടി വിളിച്ചുകൊണ്ട് പിടിച്ചുകുലുക്കിയ കമ്പിവേലി ഇതാണെന്ന് അയാൾ പറഞ്ഞു. തൊട്ടരികെ സിന്ധി നദിയുടെ തുടക്കമെന്നോണം മഞ്ഞുപാളികൾക്കിടയിലൂടെ ശുദ്ധമായ സ്നിഗ്ധമായ കുത്തൊഴുക്ക്. മുകളിൽ കാണുന്ന കുത്തനെയുള്ള പാത മഞ്ഞ് പാളികളാൽ മൂടപ്പെട്ടിരിക്കുന്നു. ഇതാണത്രെ അമർനാഥ് ജിയിലേക്കുള്ള മാർഗം. വേനലിൽ ഇവിടം പച്ച പുതച്ചിരിക്കും. ഏകദേശം ആറു കിലോമീറ്റർ ദൂരമേ ഉള്ളൂ അമർനാഥ് ഗുഹയിലേക്ക്. രാവിലെ പോയി ദർശനം നടത്തി അന്നു തന്നെ തിരിച്ചു വരുന്ന സാഹസികരും ഉണ്ടത്രെ.

തുടർന്ന് ഞങ്ങൾ ഫിഷ് ലാൻഡ് പോയൻറ് എന്നറിയപ്പെടുന്ന ഇടത്തേക്ക് പോയി. മറ്റൊരു പുഴയോരം, ടെന്റിങ്ങിന് പറ്റിയ ലൊക്കേഷൻ.

സോൻമാർഗ് തണുപ്പിൽ ധവള ശോഭയാർന്നും വേനലിൽ ഹരിതഭംഗിയിലാറാടിയും ഇരിക്കുമെന്ന് ഡ്രൈവർ പറഞ്ഞു. ഞങ്ങൾ ശ്രീനഗറിലേക്ക് മടങ്ങുകയായി. സോൻ മാർഗ് സ്ഥിതി ചെയ്യുന്നത് ശ്രീനഗർ - ലഡാക്ക് റൂട്ടിലാണ്. വഴിയിൽ പലയിടത്തും തുരങ്കപ്പാതയുടെ പണി നടന്നു കൊണ്ടിരിക്കുന്നത് കാണായി. പണി പൂർത്തിയായാൽ ലഡാക്ക് ഇന്ത്യയുടെ മറ്റിടങ്ങൾക്ക് കൂടുതൽ പ്രാപ്യമാകും. അത് ആ പ്രദേശത്തിന്റെ ടൂറിസ്റ്റ് സാധ്യതകളും വർദ്ധിപ്പിക്കും.

അന്ന് വീണ്ടും പഴയ ഗോൾഡൻ ടുലീപിൽ തന്നെ താമസം. ശ്രീനഗറിൽ കാണാൻ ബാക്കി

വെച്ച ശങ്കരാചാര്യർ സന്ദർശിച്ചിരുന്നതെന്ന് കരുതപ്പെടുന്ന ജ്യേഷ്ഠേശ്വര (ശിവ)ക്ഷേത്രം നാളെ കാണാമെന്ന് കരുതി ഉറങ്ങാൻ കിടന്നു.

പിറ്റേന്ന് കുട്ടികളെ കൂട്ടാതെ ഞങ്ങൾ രണ്ടു പേരും രാവിലെ 7 മണിയോടെ ഹോട്ടലിനു പുറത്തിറങ്ങി. രാവിലെ റോഡിനിരുവശത്തും പട്ടാളക്കാർ കാവൽ. ഓരോ അമ്പതടി വിട്ട് ഓരോ ആയുധധാരി. രാത്രി മുഴുവനും ഇവർ കാവലിലായിരുന്നിരിക്കണം. ഞങ്ങൾ ഒരു ഓട്ടോറിക്ഷയെ സമീപിച്ചു. അയാൾ പറഞ്ഞ തുക ആയിരം രൂപയായിരുന്നു! പരമാവധി നാലഞ്ചു കിലോമീറ്റർ കാണും.. വേറെ നിവർത്തിയില്ല. കയറി. ദാൽ തടാകക്കരയിലൊരിടത്ത് നിന്നാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഗോപാദ്രിയിലേക്കുള്ള വഴി ആരംഭിക്കുന്നത്. തുടക്കത്തിൽ തന്നെ ഒരു മിലിട്ടറി പോസ്റ്റ്. പട്ടാളക്കാരൻ ബാരിക്കേഡ് വെച്ച് റോഡ് അടച്ചു. ക്ഷേത്രത്തിലേക്ക് തൽക്കാലം പ്രവേശനമില്ലെന്നറിയിച്ചു. ഞങ്ങൾ വന്നതു പോലെ മടങ്ങി. ഒട്ടും സഹാനുഭൂതി ഇല്ലാത്ത ഡ്രൈവർ 900 രൂപ ചോദിച്ചു. (വെറും 100 രൂ കുറവ്): അവസാനം 700 രൂ കൊടുത്ത് തലയൂരി ഭാഷ നല്ലപോലെ അറിയാമായിരുന്നെങ്കിൽ കോഴിക്കോട്ടെ ഓട്ടോ ഡ്രൈവർമാരെക്കുറിച്ച് അയാളോട് പ്രസംഗിക്കാമായിരുന്നു.

അന്നത്തെ യാത്ര കശ്മീരിലെ ഊട്ടിയായ ഗുൽമാർഗിലേക്കായിരുന്നു. 9 മണിക്ക് ഷൗക്കത്ത് ഹാജർ. കശ്മീരിന്റെ സ്ഥിരം പ്രശ്നബാധിത ജില്ലകളായ ഷോപിയാൻ, ഉറി തുടങ്ങിയ ഇടങ്ങളിലേക്ക് പോകുന്ന വഴിയിൽ കുറെച്ചെന്ന ശേഷം ഇടത്തോട്ട് തിരിഞ്ഞ് കയറ്റംകയറി ചെല്ലണം ഗുൽമാർഗിലേക്ക്. താഴ്വാരത്ത് നിറയെ വാടക വസ്ത്രങ്ങളും, ബൂട്ടുകളും കിട്ടുന്ന കടകൾ ധാരാളം കാണാം. നമ്മൾ ഓരോ സെറ്റ് ചൂട് കുപ്പായങ്ങളും, ബൂട്ട്സും വാങ്ങി. വാടക ഒരാൾക്ക് 400 രൂപ. കൂടെ ഒരു ഗൈഡും വന്നു. സരസമായി സംസാരിക്കുന്ന ഒമർ. അയാളുടെ കൂലി 800 രൂപയാണ്. ഗുൽമാർഗ് വളരെ പഴയ പേരുകേട്ട ഹിൽ സ്റ്റേഷനാണ്. മുകളിൽ മഞ്ഞ് മൂടിക്കിടക്കുന്ന താഴ്വാരങ്ങൾ. ഇവയൊക്കെ വേനലിൽ പച്ചപ്പട്ടണിയും. ഗുൽമാർഗിൽ കടുത്ത ശിശിരം ജനുവരി – ഫെബ്രുവരി മാസങ്ങളാണ്. അന്നേരം മലമുഴുവനും മഞ്ഞുമൂടിക്കിടക്കും. അപ്പോഴവിടെയില്ലാത്ത വിനോദങ്ങളില്ല. സ്കീയിങ്ങ്, സ്ലെഡ്ജിങ്ങ്, സ്നോബൈക്കിങ്ങ് , കുതിര സവാരി എല്ലാം യഥേഷ്ടം. ഞങ്ങൾ പോകുന്നത് ഏപ്രിലിലാണല്ലോ. മഞ്ഞ് പ്രതീക്ഷിച്ചല്ല പോയതെങ്കിലും ഞങ്ങൾക്കായി അന്ന് മഞ്ഞുമഴയുടെ ദിവസമായിരുന്നു! താഴെ ഗൊൺഡോലയുടെ സ്റ്റേഷനിൽ പോയി ഒമറിനോടൊപ്പം ഒരു റോപ്‌വേ കാറിൽ കയറി. മഞ്ഞിന്റെ പാളികൾക്ക് നടുവിൽ നിന്ന് മുളച്ച് വരുന്ന ശരാഗ്ര വൃക്ഷങ്ങൾ അഥവാ പൈൻ മരങ്ങൾക്കിടയിലൂടെ ആകാശമാർഗത്തിൽ ഞങ്ങൾ ഗുൽമാർഗിന്റെ ഗിരിശൃംഗത്തിലേക്ക്. ഗണ്ടോലയിൽ നിന്നിറങ്ങി വരുമ്പോൾ കാണുന്നത് 360$^0$ ഹിമ ധവളിമ. ചുറ്റും മഞ്ഞിന്റെ പടലങ്ങൾ. കുറച്ചു ദൂരെ അനേകം ടെന്റുകൾ കാണാം. അവിടെ സ്കീയിങ്ങ്, സ്ലെഡ്ജിങ്ങ്, സ്നോ ബൈക്കിങ്ങ്, കുതിരയോട്ടം എന്നിങ്ങനെ ഒട്ടുമിക്ക ശൈത്യ വിനോദങ്ങളുടെയും ഏജൻറുമാർ വിലപേശിക്കൊണ്ടിരിക്കുന്നു. വലിയ ചാർജാണ് എല്ലാറ്റിനും. കണ്ണൻ സ്കീയിങ്ങിന് പുറപ്പെട്ടു. ഗൈഡിന്റെ ഉപദേശമടക്കം ഒരു മണിക്കൂർ ചെയ്യുന്നതിന് 2600 രൂപ! അത് 2200-ൽ ഒപ്പിച്ചു. മഞ്ഞ് പെയ്തു കൊണ്ടേയിരുന്നു. ഗൈഡ് പറഞ്ഞത് ഏപ്രിൽ മാസത്തിലിതു പതിവില്ലാത്ത കാഴ്ച്ചയാണെന്നായിരുന്നു. ഒരു പക്ഷേ ഞങ്ങൾക്കു വേണ്ടി ഒരുക്കപ്പെട്ട മറ്റൊരു കണിയാവാം. ജ്യോതിയും ഭാവനയും സ്ലെഡ്ജിങ്ങിന് പുറപ്പെട്ടു. നാല് ചക്രങ്ങൾ ഘടിപ്പിച്ച പലകയിൽ ഇരുന്നാൽ അവർ വലിച്ച് കുറെ ദൂരം മുകളിലേക്ക് കൊണ്ടു പോകും. തുടർന്ന് താഴേക്ക് ശർറേന്ന് വലിച്ച് ഓടിക്കും. ദൈവങ്ങളെയൊക്കെ അപ്പോൾ ഓർത്തുവെന്ന് ജ്യോതി.

ഉച്ചഭക്ഷണം പതിവുപോലെ മാഗി. കൂടെ ചൂടുള്ള കാവയും. ഒരു സമോവറിന് ചുറ്റും ഇരുന്ന് ഭക്ഷണം കഴിച്ചു. തിരിച്ച് ഹോട്ടലിലേക്ക് മടക്കം. ഖലീജ്റെസിഡൻസി തരക്കേടില്ലാത്ത ഹോട്ടലാണ്. ഗൊൺഡോല സ്റ്റേഷന് വളരെയടുത്താണ്. ശുദ്ധമായ ഭക്ഷണത്തിനു ശേഷം സുഖകരമായ ഉറക്കം.

# ക്ഷത്രിയ ക്ഷേമസഭ യൂത്ത് (KKSY) ഫുട്ബാൾ ടൂർണ്ണമെന്റ് ഒരു വിജയഗാഥ



**ഹൃഷികേശ് വർമ്മ**
സെക്രട്ടറി, KKSY, തിരുവല്ല, മൊ. 9400857477



പ്രഥമ KKSY ഫുട്ബാൾ ടൂർണ്ണമെന്റിന് ആതിഥ്യമരുളാൻ തിരുവല്ല യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. അതിയായ സന്തോഷവും അഭിമാനവും തോന്നിയ നിമിഷങ്ങൾ. പരീക്ഷാകാലവും വേനൽച്ചൂടും നിമിത്തം ടൂർണ്ണമെന്റിന്റെ തീയതി നിശ്ചയിക്കാൻ വാട്ട്സാപ്പ് ഗ്രൂപ്പുകൾ വഴി വോട്ടിംഗും ഗൂഗിൾമീറ്റും വേണ്ടിവന്നു. ക്ഷത്രിയ ക്ഷേമസഭ മുൻ പ്രസിഡന്റും REACT സെക്രട്ടറിയുമായ പി.കെ. രഘുവർമ്മ ടൂർണ്ണമെന്റ് ഉൽഘാടനം നിർവ്വഹിച്ചു.

ഒരു അട്ടിമറിയോടെ ആരംഭിച്ച ആദ്യമത്സരം ആതിഥേയരായ തിരുവല്ലയും വെള്ളാരപ്പിള്ളി എ ടീമും തമ്മിലായിരുന്നു. വെള്ളാരപ്പിള്ളിയുടെ രണ്ടു ടീമുകളിൽ പ്രായത്തിൽ ഇളമുറക്കാരും കഴിവുള്ള ഭാവി വാഗ്ദാനങ്ങളുമായ ചെറുപ്പക്കാർ അടങ്ങുന്ന എ ടീം അനുഭവസമ്പന്നരായ തിരുവല്ലയെ 3-2 ന് തോൽപ്പിക്കുകയായിരുന്നു. മുതിർന്നവർ അടങ്ങുന്ന വെള്ളാരപ്പിള്ളി ബി ടീം കരപ്പുറം സ്ട്രൈക്കേഴ്സ് എന്ന ചേർത്തല ടീമിനോട് പൊരുതിയെങ്കിലും 3-0 എന്ന സ്കോറിന് ചേർത്തല വിജയിച്ചു.

വെള്ളാരപ്പിള്ളി എ ടീമും ഇരിങ്ങാലക്കുടയും തമ്മിലുള്ള മത്സരം തികച്ചും ഏകപക്ഷീയമായിരുന്നു. 6-0 എന്ന സ്കോറിന് വെള്ളാരപ്പിള്ളി എ വൻ വിജയം നേടി. തോൽവിയിലും ഇരിങ്ങാലക്കുടയ്ക്കുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ച പാർവ്വതി എന്ന പെൺകുട്ടി കാണികളുടെ പ്രശംസയ്ക്കു പാത്രമായി. ഈ വിജയത്തോടെ വെള്ളാരപ്പിള്ളി എ ആദ്യ സെമി ഫൈനലിസ്റ്റുകളായി.

നാലാം മത്സരത്തിൽ മലബാറിന്റെ ഫുട്ബോൾ കരുത്തുമായി ഇറങ്ങിയ കോഴിക്കോട് വെള്ളാരപ്പിള്ളി ബി യുമായി ഏറ്റുമുട്ടി. 4-1 എന്ന സ്കോറിന് കോഴി

→

---

→ രാവിലെ ഒമ്പതു മണിക്ക് ഷൗക്കത്ത് കാറുമായി എത്തി, ഗുൽമാർഗിനോട് വിട. ഇനി തിരികെ ശ്രീനഗർ എയർപോർട്ടിലേക്ക്. ഇടയിൽ ഡ്രൈ ഫ്രൂട്സിന്റെ കടയിൽ ഒരിക്കൽ കൂടി കയറി.

എയർപോർട്ടിൽ ഞങ്ങളെ എത്തിച്ച ശേഷം ഷൗക്കത്ത് തന്റെ എറ്റിയോസ് കാറിൽ വിടവാങ്ങി. യാത്രയ്ക്കിടെ പലവട്ടം ടൂർ മാനേജർ അയാളെ വിളിച്ച് ഞങ്ങളുടെ ക്ഷേമം തിരക്കുന്നതായി ഞങ്ങൾ മനസ്സിലാക്കിയിരുന്നു.

ഞങ്ങൾ തിരിച്ച് വീട്ടിലെത്തുമ്പോഴേക്കും കോവിഡ് ഇന്ത്യയെ വരിഞ്ഞുമുറുക്കി തുടങ്ങിയിരുന്നു. അതു കൊണ്ട് തന്നെ ഞങ്ങളുടെ യാത്ര ഇത്തിരി വൈകിയിരുന്നെങ്കിൽ നടക്കാതെ തന്നെ വന്നേനെ. പറുദീസയുടെ നിറക്കാഴ്ച്ചകൾ ക്യാമറയിലും മനസ്സിലും നിറച്ച് ഞങ്ങൾ മടങ്ങി. ●

ക്കോട് വിജയിച്ചു. രണ്ടാം തോൽവിയോടെ വെള്ളാരപ്പിള്ളി ബി ടൂർണ്ണമെന്റിൽ നിന്ന് പുറത്തായി.

ഗ്രൂപ്പ് 'എ' യിലെ രണ്ടാം സെമി ഫൈനലിസ്റ്റുകളെ കണ്ടെത്തുന്നതിനുള്ള മത്സരത്തിൽ തിരുവല്ല ഇരിങ്ങാലക്കുടയെ 6-0 എന്ന വമ്പൻ സ്കോറിന് തോല്പിച്ചു. മത്സരത്തിൽ രഞ്ജിത്ത് ഹാട്രിക് നേടി.

കോഴിക്കോടും ചേർത്തലയും തമ്മിലുള്ള ബി ഗ്രൂപ്പിലെ അവസാന മത്സരം 4-1 നു പിന്നിലായിരുന്ന കോഴിക്കോട് പൊരുതിനേടിയ 3 ഗോളുകൾക്കൊടുവിൽ 4-4 എന്ന സമനിലയിൽ അവസാനിച്ചു. ഒരേ പോയിന്റുകൾ പങ്കിട്ട ഈ ടീമുകളിൽ ഗ്രൂപ്പ് മത്സരങ്ങളിൽ കൂടുതൽ ഗോളുകൾ സ്കോർ ചെയ്ത ടീം എന്ന നിലയിൽ കോഴിക്കോട് ബി ഗ്രൂപ്പ് ഒന്നാം സ്ഥാനക്കാരായി.

ഒന്നാം സെമി ഫൈനലിൽ തിരുവല്ലയും കോഴിക്കോടും ഏറ്റുമുട്ടി. ആദർശ് എന്ന താരത്തിന്റെ 2 ഗോളുകളുടെ മികവിൽ കോഴിക്കോട് 2-1 ന് വിജയിച്ചു. ആതിഥേയർക്ക് ആശ്വാസം നേടിക്കൊടുത്തത് ജയദേവൻ ഗ്രൗണ്ടിന്റെ മദ്ധ്യത്തിൽ നിന്ന് നീട്ടിയടിച്ച് നേടിയ ഏക ഗോളാണ്.

ഗ്രൂപ്പ് മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച രണ്ടു ശക്തരായ ടീമുകൾ എന്ന നിലയിൽ വെള്ളാരപ്പിള്ളി എ ടീമും ചേർത്തല കരപ്പുറം സ്ട്രൈക്കേഴ്സും തമ്മിലുള്ള രണ്ടാം സെമി കനത്ത മത്സരമാകും എന്നു കരുതിയിരുന്നെങ്കിലും വെള്ളാരപ്പിള്ളി എ യുടെ ചുണക്കുട്ടികൾ ഏകപക്ഷീയമായ 4 ഗോളുകൾക്ക് ചേർത്തലയെ മുട്ടുകുത്തിക്കുകയാണുണ്ടായത്. മത്സരത്തിൽ ഹൃത്ത്വിക് ഹാട്രിക് നേടുകയുണ്ടായി.

ഗോപാൽ നയിച്ച വെള്ളാരപ്പിള്ളി എ യും ഹരിപ്രസാദ് നയിച്ച കോഴിക്കോടും ഫൈനൽ മത്സരത്തിൽ മുഖാമുഖം ഏറ്റുമുട്ടി. രണ്ടു ടീമും ഇഞ്ചോടിഞ്ച് പൊരുതിയ മത്സരത്തിൽ താരതമ്യേന അനുഭവസമ്പത്ത് അല്പം കൂടുതലുള്ള കോഴിക്കോട് 3-0 എന്ന സ്കോറിന് വിജയിച്ച് കിരീടം നേടി. ഗോൾ നേടിയവരിൽ ആദർശ്, വൈഷ്ണവ് എന്നിവർ മികച്ചുനിന്നു.

നാലു കളികളിൽ നിന്ന് 9 ഗോളുകൾ നേടിയ ആദർശ് ടൂർണ്ണമെന്റിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടു.

തങ്ങളുടെ നാലു മത്സരങ്ങളിലും വിദഗ്ധമായി, സുരക്ഷിതമായി ഗോൾവലയം കാത്ത വെള്ളാരപ്പിള്ളി എ യുടെ ദേവസൂര്യ ഏറ്റവും നല്ല ഗോൾകീപ്പറായും തെരഞ്ഞെടുക്കപ്പെട്ടു.

വളരെ അച്ചടക്കത്തോടെയും ആഹ്ലാദത്തോടെയും ഈ ടൂർണ്ണമെന്റ് വർണ്ണാഭമായി നടത്തുവാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും ഈയവസരത്തിൽ അറിയിക്കുന്നു. കേരളത്തിലെ പ്രമുഖ ബിൽഡേഴ്സ് ആയ 'വർമ്മ ഹോംസ്' ടൂർണ്ണമെന്റിന്റെ Title Sponsors ആയിരുന്നു. 'Saradhi Holidays', 'AUXSPIRE Technologies' എന്നിവർ Co-sponsors ആയിരുന്നു. അവർക്കുള്ള നന്ദിയും അറിയിക്കുന്നു. ●

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ (ജൂലൈ 2024) കൊടുത്തിരുന്ന ക്ഷത്രിയ ക്ഷേമസഭ യൂത്ത് ഫുട്ബോൾ ടൂർണമെന്റിനെക്കുറിച്ചുള്ള വിവരണത്തിൽ ചില പിശകുകൾ സംഭവിച്ചതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

1) ആദ്യത്തെ തിരുവല്ല-വെള്ളാരപ്പിള്ളി A മത്സരത്തിൽ വെള്ളാരപ്പിള്ളി A 3-2 എന്ന സ്കോറിന് ജയിച്ചിരുന്നു. എന്നാൽ തിരുവല്ല ജയിച്ചു എന്നു തെറ്റായാണ് റിപ്പോർട്ട് ചെയ്തിരുന്നത്.
2) മറ്റൊരു മത്സരത്തിൽ കോഴിക്കോട് വെള്ളാരപ്പിള്ളി B ടീമിനെ 4-1 ന് പരാജയപ്പെടുത്തിയിരുന്നത് A ടീമിനെ എന്നു തെറ്റായി അച്ചടിച്ചുവന്നു.

മനഃപൂർവ്വമല്ലാതെ വന്നുചേർന്ന ഈ രണ്ടു തെറ്റുകൾക്ക് പത്രാധിപസമിതി നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയും ഇതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് ക്ഷമാപണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മേലിൽ തെറ്റുകൾ പരമാവധി ഒഴിവാക്കി ലേഖനങ്ങൾ/വാർത്തകൾ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നതാണ്. -പത്രാധിപസമിതി

# പുസ്തകജാലകം



# പ്രണയികളുടെ പ്രിയതമയായി ആൻമരിയ




**ആൻമരിയ**
**പ്രണയത്തിന്റെ മേൽവിലാസം** (നോവൽ)
രവിവർമ്മ തമ്പുരാൻ
പ്രസാധനം - മനോരമ ബുക്ക്സ്
വില 240 രൂപ.

പ്രണയം സ്വപ്നം, പ്രണയം സുഷുപ്തി, പ്രണയം ജാഗരം, പ്രണയം ജീവിതം, പ്രണയം നിത്യനിരാമയ നിരുപമ സത്യം.

പ്രണയം ഐ.വി. ഫ്ളൂയിഡ് ആണ്. ക്ഷീണം മൂലം എഴുന്നേറ്റു നടക്കാൻ വയ്യാത്തയാളിനെ ഐ.വി. ഫ്ളൂയിഡ് എങ്ങനെ എഴുന്നേൽപിച്ചു നടത്തുമോ അതുപോലെയാണ് ദുഃഖിതനും നിരാശ്രയനുമായ ആളെ പ്രണയം ഉൽസാഹിയാക്കുന്നത്.

- പ്രണയമില്ലാത്ത മനുഷ്യൻ മരുഭൂമിയാണ്. പുല്ലോ ചെടിയോ പൂമരമോ ഒന്നുമില്ലാത്ത യഥാർത്ഥ മരുഭൂമി.
- പ്രണയമില്ലാത്ത മനസ്സ് തരിശുനിലമാണ്. കൃഷിയില്ലാത്ത വെറും പാഴ്വയൽ.
- പ്രണയികൾ നിത്യഹരിതമഴക്കാടാണ്. ഒരിക്കലുമുണങ്ങാത്ത, മാനം മുട്ടുന്ന പച്ചപ്പ്.
- പ്രണയം പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും നുകരാവുന്ന മധുരാനുഭവം.
- പ്രണയം കരുതലാണ്, പങ്കുവയ്ക്കലാണ്. പിടിച്ചുവാങ്ങലോ സ്വന്തമാക്കലോ അല്ല.
- സ്വയം ത്യജിക്കലിനും സമർപ്പണത്തിനും പകരം വയ്ക്കാവുന്ന വാക്കാണ് പ്രണയം.

പ്രണയത്തെക്കുറിച്ചുള്ള ഈ നിർവ്വചനങ്ങൾ അടുത്തിടെ വായിച്ച ഒരു മലയാള നോവലിൽ നിന്ന് എടുത്തെഴുതിയതാണ്. മലയാള സാഹിത്യരംഗത്ത് വ്യക്തവും ശക്തവുമാംവിധം സ്വയം അടയാളപ്പെടുത്തിക്കഴിഞ്ഞ രവിവർമ്മ തമ്പുരാന്റെ ഏറ്റവും പുതിയ സൃഷ്ടിയായ 'ആൻ മരിയ പ്രണയത്തിന്റെ മേൽവിലാസം' ആണ് ആ പുസ്തകം. തത്വചിന്തയും കവിതയും നിരാശയും പ്രതീക്ഷയും കണ്ണീരും പുഞ്ചിരിയും നിഴലും വെളിച്ചവും വീണുകിടക്കുന്ന നോവൽ വളരെ പെട്ടെന്നാണ് സാഹിത്യകുതുകികൾക്കിടയിൽ ചർച്ചയായത്. സാമൂഹിക രാഷ്ട്രീയ നോവലുകളുടെ ത്രയം എന്നു വിശേഷിപ്പിക്കാവുന്ന ഭയങ്കരാമുടി, മുടിപ്പേച്ച്, ഇരുമുടി എന്നിവയിലൂടെ കേരളത്തിന്റെ ഭൂതവും വർത്തമാനവും ഭാവിയും അനിതരസാധാരണമായ മികവോടെ എഴുതി അവതരിപ്പിച്ചതിനു ശേഷം രവിവർമ്മ തികച്ചും വ്യത്യസ്തമായ ഒരു വിഷയവുമായി കടന്നു വരികയാണ് ആൻമരിയയിൽ. ഏത് എഴുത്തുകാരനെയും മുഖത്തോടു മുഖം നിന്ന് പരീക്ഷിക്കുന്ന വിഷയമാണ് പ്രണയം. ഒരൽപം പാളിയാൽ രതിവർണ്ണനയോ പൈങ്കിളിയോ ഒക്കെ ആയിപ്പോയേക്കാവുന്ന വലിയ അപകടസാധ്യതയെ പക്വതയോടെയും കയ്യടക്കത്തോടെയും കൈകാര്യം ചെയ്ത് മലയാളത്തിലെ ഉദാത്തമായ ഏത് പ്രണയകൃതിക്കുമൊപ്പം നിൽക്കുന്നൊരു ക്ലാസിക് നോവൽ നമുക്കു തന്നിരിക്കുകയാണ് അദ്ദേഹം.

# കാശ്മീർ സൂഫികളുടെ താഴ്‌വര

കാശ്മീർ- അതിമനോഹരമായ ഭൂപ്രദേശം. കാശ്മീർ ഷാളിന്റെയും ഹൗസ് ബോട്ടുകളുടെയും നാട്, സഞ്ചാരികളുടെ പറുദീസ, സർവ്വോപരി ഭാരതത്തിന്റെ ആത്മീയ ഭൂമി. അവിടെ സന്ദർശിക്കാൻ കൊതിക്കാത്തവരുമില്ല. എന്നാൽ സഞ്ചാരികളുടെ സ്വർഗ്ഗഭൂമി കുറേക്കാലമായി ആർക്കും എത്തിനോക്കാൻ പറ്റാത്ത കലാപഭൂമിയായിരിക്കുന്നു. ഓരോ ഭാരതീയനെയും ദുഃഖത്തിലാഴ്ത്തുന്ന സാഹചര്യം. ഈ സാഹചര്യത്തിൽ എന്തും നേരിടാൻ തയ്യാറായി കാശ്മീരിലെ എല്ലാ സ്ഥലങ്ങളും വിശദമായി ക്കണ്ട് അനവധി ചരിത്രരേഖകൾ പരിശോധിച്ച് രചിച്ച ഗ്രന്ഥം വളരെ വിജ്ഞാനപ്രദവും നേരിൽ കാണുന്ന അനുഭവം പ്രദാനം ചെയ്യുന്നതും ആകുന്നു.

സാധാരണ സഞ്ചാര കൃതികളിൽ നിന്നും വ്യത്യസ്തമായി കണ്ട കാഴ്ചകൾക്ക് ഉപരിയായി കാശ്മീരിന്റെ ദീർഘമായ സാമൂഹ്യ ചരിത്രവും ആത്മീയ ചരിത്രവും ആ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.




**കാശ്മീർ**
**സൂഫികളുടെ താഴ്‌വര** (നോവൽ)
**സുഭാഷ് വലവൂർ**
പ്രസാധനം - സൈന്ധവ ബുക്സ് & പബ്ലിക്കേഷൻസ്
വില 270 രൂപ.

**ഭാഗം ഒന്ന് - രാഷ്ട്രീയ സഞ്ചാരം**

ചരിത്രാതീത കാലം മുതൽ ഇതുവരെയുള്ള കാശ്മീരിന്റെ കഥ. അതിപുരാതന കാലത്തു തന്നെ ജനവാസം ഉണ്ടായിരുന്ന, അനവധി പ്രദേശങ്ങളിൽ നിന്ന് ഒഴുകി വന്ന സംസ്കാരവും അധികാരവും ഇടകലർന്ന സമൃദ്ധമായ ഒരു ചരിത്രം അതിസൂക്ഷ്മമായി പഠിച്ച് രേഖപ്പെടുത്തിയിരിക്കു

→

→

നോവലിലെ നായിക ആൻമരിയ ഒരു ബാങ്കിലെ ഉയർന്ന ഉദ്യോഗസ്ഥയാണ്. ജോലിയുടെ ഭാഗമായി അവർക്ക് ഒരു അന്വേഷണത്തിന് മേൽനോട്ടം വഹിക്കേണ്ടി വരുന്നു. ബാങ്കിന്റെ ഒരു ശാഖയിൽ സംഭവിച്ച ലോക്കർ വിഷയമാണ് അവർക്ക് അന്വേഷിക്കേണ്ടിയിരുന്നത്. പ്രതിസ്ഥാനത്തുള്ള അഷ്ടമൂർത്തി നിരപരാധിയും സത്യസന്ധനും അതിലെല്ലാമുപരി കലാലയ ജീവിത കാലത്ത് തന്റെ പ്രണയസ്വപ്നങ്ങളുടെ കേന്ദ്രബിന്ദുവുമായിരുന്നുവെന്ന് തെളിവെടുപ്പിനു വരുന്ന ആദ്യ സന്ദർഭത്തിൽ തന്നെ ആൻ മരിയ മനസ്സിലാക്കുന്നു. അഷ്ടമൂർത്തിക്കാകട്ടെ, ഒരു കാലത്ത് തന്റെ ഹൃദയാഭിലാഷമായിരുന്ന ചെറിയ മുഖക്കാരിയാണ് തന്റെ മുന്നിലിരിക്കുന്നതെന്ന് ആദ്യ നോട്ടത്തിൽ മനസ്സിലായതുമില്ല. താനാരാണെന്ന് അഷ്ടമൂർത്തിയെ മനസ്സിലാക്കിയ ശേഷം ആൻമരിയ ചെയ്യുന്നത് അതിസാഹസികമായ ഒരു അന്വേഷണമാണ്. തന്റെ ഭർത്താവായ ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ കൂടി സഹായത്തോടെ നടത്തുന്ന അന്വേഷണത്തിനൊടുവിൽ അഷ്ടമൂർത്തിയുടെ നിരപരാധിത്വം തെളിയിക്കപ്പെടുന്നു. പക്ഷേ, ഒട്ടേറെ ട്വിസ്റ്റുകൾ രസകരമാംവിധം കോർത്തിണക്കിയിരിക്കുന്ന നോവലിൽ പിന്നീട് സംഭവിക്കുന്നത് ഇന്നേവരെ ഒരു പ്രണയ രചനയിലും കണ്ടിട്ടില്ലാത്തവിധം പുതുമയുള്ള ചില കാര്യങ്ങളാണ്. ആ ഭാഗങ്ങളാണ് നോവലിന്റെ ആത്മാവെന്നു തന്നെ പറയാം. ആ രസച്ചരട് പൊട്ടിക്കാൻ ഞാൻ മുതിരുന്നില്ല. ഏതൊരു മലയാളിയും തീർച്ചയായും ഈ നോവൽ വായിച്ചിരിക്കണം എന്നു മാത്രം പറയാം.

**പി.കെ. രഘു വർമ്മ**
തിരുവനന്തപുരം
മൊ. 9446071057

ന്നു. അതിൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കാശ്മീരിനു സംഭവിച്ചത് അവർക്ക് സ്വാതന്ത്ര്യം നിഷേധിച്ചതാണ് എന്ന ധ്വനി കുറച്ച് ഏകപക്ഷീയമായി എന്ന് പറായതെ വയ്യ. ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ച അവസരത്തിൽ പല നാട്ടുരാജ്യങ്ങളും സ്വതന്ത്രമായി നില്ക്കുവാൻ ശ്രമിച്ചിരുന്നു എങ്കിലും സമ്മർദ്ദം പ്രയോഗിച്ചും അല്ലാതെയും എല്ലാവരും സ്വതന്ത്ര ഇൻഡ്യയിൽ ലയിച്ചു. കാശ്മീരിനു മാത്രം ഇതിൽ ഒരു പ്രത്യേകത കാണേണ്ടതില്ല.

**ഭാഗം രണ്ട് – ആത്മീയ ചരിത്രം**

ഭാരതത്തിന്റെ ആത്മീയ ഭൂമി എന്ന് പ്രസിദ്ധമായ ഇടം. ബുദ്ധമതത്തിന്റെ ആരംഭം മുതൽ തന്നെ ബുദ്ധന്റെ ആശയങ്ങളിൽ ആകൃഷ്ടരായി നൂറ്റാണ്ടുകൾ ബുദ്ധസന്യാസിമാരുടെയും ബുദ്ധവിഹാരങ്ങളുടെയും വളരെ നീണ്ട ചരിത്രം, മതരാഷ്ട്രീയബന്ധമില്ലാത്ത ആത്മീയ പാതയായ കാശ്മീരി സൂഫി പരമ്പരയുടെ സുദീർഘ കാലഘട്ടം, കാശ്മീരി ശൈവമതത്തിന്റെ സനാതന ദർശനത്തിന്റെ കാലഘട്ടം ഇവയെല്ലാം അനവധി ആധികാരിക ഗ്രന്ഥങ്ങൾ പഠിച്ച് അനാവരണം ചെയ്തിരിക്കുന്നു.

**ഭാഗം മൂന്ന് – സഞ്ചാരം**

അതിമനോഹരമായ താഴ്വരയെ അതേപോലെ പകർത്തിയിരിക്കുന്നു. കൂടാതെ സാധാരണ സഞ്ചാരികൾ ശ്രദ്ധിക്കാത്തതും കടന്നുചെല്ലുവാൻ വളരെ ബുദ്ധിമുട്ടുള്ളതുമായ അനവധി സ്ഥലങ്ങളും പുരാവസ്തു കേന്ദ്രങ്ങളും സന്ദർശിച്ച് അവയുടെ ചരിത്രവും ഇപ്പോഴത്തെ അവസ്ഥയും കൃത്യമായി അവതരിപ്പിക്കുന്നു.

കാശ്മീരിന്റെ പഴയതും പുതിയതുമായ എല്ലാ മൂല്യങ്ങളും ഭൂപ്രദേശത്തിന്റെ മനോഹാരിതയും മനസ്സിലാക്കുവാൻ താല്പര്യമുള്ളവരെ തൃപ്തിപ്പെടുത്തുന്നതാണ് സുഭാഷിന്റെ ഈ രചന.

**രവിവർമ്മ തിരുമുൽപ്പാട്**
തിരുവനന്തപുരം, മൊ. 9447957485

## ക്ഷത്രിയ ക്ഷേമസഭ യൂത്ത് (KKSY) ഭാരവാഹികൾ



**ഹൃഷികേശ് വർമ്മ**
പ്രസിഡന്റ്



**ഡോ. ആദർശ് വർമ്മ**
സെക്രട്ടറി



**കാർത്തിക് വർമ്മ**
ട്രഷറർ




*കരിവെള്ളൂരിൽ നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തിൽ നിന്ന്*

## ബാലവേദി/വളരുന്ന പ്രതിഭകൾ



# My Loving Parents

**Gouri Varma**
Chemprol Kottaram, Haripad

The ones who care for my well-being,
Through rose-coloured glasses they're seeing.
Their heart, Oh so big!
All my life I'll sing...

"My Parents
Oh! parents
I love you so much
With all my heart"

Since I was a little girl
They cared and loved me
Treated me like a precious pearl
I'm sorry, I couldn't see

I've caused so much hurt
But yet you still smiled
Like how you love sweet dessert
Please continue loving me, your child



## അഭിനന്ദനങ്ങൾ

കൊച്ചി സഹോദയ കലോത്സവത്തിൽ കാറ്റഗറി 3 ൽ, ശാസ്ത്രീയ സംഗീതം, ഭരതനാട്യം, കുച്ചിപ്പുടി എന്നീ ഇനങ്ങളിൽ ‘എ’ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനവും, പങ്കെടുത്ത ഗ്രൂപ്പ് ഇനമായ സംഘഗാനത്തിൽ ‘എ’ ഗ്രേഡും, തിരുവാതിരകളിയിൽ ‘എ’ ഗ്രേഡോടെ മൂന്നാം സ്ഥാനവും നേടിയ **മീനാക്ഷി എസ്. വർമ്മ.** ഭവൻസ് വിദ്യാമന്ദിർ ഗിരിനഗർ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്. എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപ വർമ്മയുടെയും (പൂഞ്ഞാർ കൊട്ടാരം) മകളാണ്.

ഭരതനാട്യം, കുച്ചിപ്പുടി ഇനങ്ങൾ മത്സരത്തിൽ അവതരിപ്പിച്ചത്, ഗുരു സൂരജ് നായരുടെ ശിക്ഷണത്തിലാണ്. സ്വയം സംഗീതാവിഷ്ക്കാരം ചെയ്ത് മീനാക്ഷി തന്നെ പാടിയ പാട്ടാണ് കുച്ചിപ്പുടിയിൽ പിന്നണിയായി ഉപയോഗിച്ചത്. ഗുരുനാഥ കലാക്ഷേത്ര വിലാസിനി ടീച്ചറുടെ കീഴിൽ, ചെറുപ്പം മുതലേ ഭരതനാട്യം അഭ്യസിച്ചുവരുന്നു. ശാസ്തീയ സംഗീതത്തിലെ ഗുരുക്കന്മാർ, കൊച്ചിൻ വിശ്വനാഥൻ, ശാന്തള രാജു എന്നിവരാണ്.



# अधूरी मोहब्बत

**Akhilesh Varma**
Neeleswaram

अधूरा है यह ज़िन्दगी तेरे बिना
कुछ भी करो तो नहीं भूला जाता।
कैसे कटे ये रैना
तेरे बिना मुझसे जिया नहीं जाता।।
मेरे सपनों की नूरी है तुम
पर मैं डूबा हुआ हूँ रंज में।
तेरे बिना कैसे बडाऊँ यह गम
क्यों कि सिर्फ तू ही था मेरे मन में।
फलक से आई हूर थी तुम
लेकिन मेरे पन्नों में कुछ ओर लिखा था।
प्यार की सावन गिरा रिमझिम
जैसे तू मेरे जीवन में छा गयी थी।
प्यार की अक्स है तेरी नाम
जो मुझे भी जीना सिखाता था।
नहीं होता मुझसे कोई काम
क्योंकि मेरा मन तेरेलिए तरसा था।
तू ही था मेरी अभिराम
जो ईश्वर की है एक इनायत।
क्या तेरेलिए प्यार है एक दाम
पर मेरेलिए था वो फुरसत।।
हम है दो बिछडा अन्जुम
जिसे नहीं मिलाया यह कायनात।।
प्यार की रागिनी में खोया था हम
पर हमसे न हुआ एक प्यार की बात
हमने तो बाँटा प्यार की मधुर
पर रब्बा ने बाँटा हमे वेदना की तलख।
तू ही था मेरी प्यार का सुर
जो बना मेरी गले का मुल्क।
जीवन है एक पवित्र गौहर
वह खोला मेरे मन के द्वार।
सोचता हूँ की यह सब था मेरे तस्सव्वुर
फिर सोचा, नहीं बना मेरेलिए प्यार।।
मोहब्बत है एक सच्चाई
मेरेलिए तो था यह एक अफसाना।
ईश्वर की एक रुसवाई
मुझसे छीना मेरी जीना।।
तू ही था मेरा अमल
जिसने बढ़ाया मुझे तेरी ओर।
तू ही था मेरा कमल
जिसने बजाया मुझमें मोहब्बत का शोर।।
तुम मही ठका मुझे प्यार की धागे से
और वह ही था मेरा मुराद।
कितना भी कहो तुम मुझ में झाओगे
क्योंकि मैं ही हूँ तेरी मुरीद
तेरी मन है प्यार की दौर
जहाँ में प्यार की फूल चढ़ाता हूँ।
तू ही थी वह पावन भोर
जिसमें ही में सुख पाता हूँ।।



## VAU സ്കോളർഷിപ്പ് നേടി

ഈ വർഷത്തെ VAU (Varma Association of UAE) സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെട്ട **വിനയ ജി.കെ.** ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ഇ. എം. ഗോവിന്ദന്റെയും രാധാമണി കണ്ടക്കൈയുടെയും മകളാണ്. പയ്യന്നൂരിൽ ഡിഗ്രി വിദ്യാർഥിനിയാണ്.

# War and Peace: How a town rebuilds itself after War



**Lakshmi Varma**

Std X, Bhavan's Vidya Mandir, Girinagar, Kochi

War is hard, life after war is even harder. 20 year old Ishita Sharma's whole world came crumbling down when the Army officials knocked at her door, carrying the coffin that held her dear father. As she sat beside her crying mother and brother, she couldn't help but imagine how everything had been before the War. 5 years ago, when life was everything Ishita could want and more. Her loving parents, Jay and Tara Sharma had looked after her and her brother Aarav with so much love that it hurt just to imagine what life was going to be like from now on.

Two days had passed since her father's funeral, but the grief still clung to the air like the lingering smoke from the chimneys of the surrounding houses. Ishita sat at the front steps of her porch, looking around at her once beautiful town. It was just past dawn, but Ishita couldn't sleep. She had barely slept for the last few weeks and the toll it was taking on her was clear just by looking at how dark the circles were under her eyes. A large group of men were collectively burying all the people that had died with no one to look after them and no one to claim them.

"Ishita", a familiar voice hailed from behind. She turned around and saw her best friend, Esha Roy coming up the road. She had lost her uncle in the war as well.

"Hey Esha", she said, trying to uplift her voice and failing miserably. "Where's Eshani?"

Eshani was Esha's twin sister. "She's at home…she can't bear to step outside now. Well, considering how close she was with Uncle Raj, I guess it's pretty normal."

Ishita doesn't answer immediately. Her eyes caught something. A woman, wearing ragged clothes holding her child close to her begging for sustenance to the people that pass by, not paying her a dime of attention, each wrapped by a blanket of their own grief. This is the state of the town, the state of Summerville, which true to its name was sunny and fun, until the war started. Ever since, the town was anything but sunny, and a single day didn't go by without Army officials bringing a body - or bodies - to this town.

Being a small village sort of town, the War in the beginning was seen as a job opportunity, a big job opportunity and everyone was eager to join the Army, no matter what post they got, whether it was on the field or in the background. But as things got worse, they realized exactly what they got themselves into and even though they tried to return, it was too late and they were in it too deep.

A jarring sound immediately awoke Ishita from her musings. She looked at Esha, she just seemed as startled as she was. The speakers fixed across the town came to life with another jerk and brought forth the voice of the President of their village union, Arjun Singh. Last time he spoke was two days back, on the day of her father's funeral, announcing the names of the most recent dead, including her father's.

"Dear Citizens, for the last 5 years we have lived under the threat of war, lost our loved ones,

and our lives were upended. But now, it has come to an end. We no more have to be afraid, no longer fear that each knock is going to bring in a coffin that holds our dear ones. The War has ended and though we suffered much and lost much, we have a chance to get through, to try to go back to normal as much as possible. Let us hope that such things may not happen again and wish for peace and prosperity across the world. Thank you."

The speakers shut off as fast they came on, leaving the people in the street to contemplate what was just said. Ishita Sharma continued to look at the speaker as though she couldn't believe what was just said, as though it seemed too good to be true…. And who could blame her, after what had happened?

It seemed that, like Ishita, the town's people had trouble digesting the news, fearing to let their hopes wild in case it was crushed to the ground. But it did and once it did, smiles began to break out, one by one, cautious grins, widening across the street. It evolved - in no time - to laughter and cheers, things which seemed almost strange to Ishita and Esha after not hearing it for so long, but they got over it and a sparkle arose in Esha's face, which Ishita started mirroring.

They didn't wait another second, Ishita ran into her house and Esha to hers, to their families, where it was starting to reflect how things had been in the past.

*2 weeks later…*

Ishita was sitting on her porch steps, with Esha and Eshani this time, who had come over not long ago. It was in a way, a remembrance to how they had been sitting two weeks ago. Each of their faces held a subtle glow that had come into being ever since that War had ended. It was not just their faces that held the glow, the whole town had received it and the change in their surroundings were too drastic to not notice. The grey, cold clouds were now fluffy white, the sun shining through it and a cool breeze was blowing, extinguishing some of the warmth in the air, even the grass was losing its sick pale color and on its way to becoming as rich and green as before. It was as if the weather was rejoicing along with the people.

Things may not go back to exactly as it was before, that was impossible. However what was possible was to make as much of the present they could, even though the future was uncertain. But then again, the future is always uncertain and the only thing to do is to live it through and be strong and keep moving forward… no matter what.

*5 years later...*

As Ishita walked across the town, savouring every bit of her beautiful town before the car came to pick her up, her eyes caught something, something that made her smile with delight.

She recognized the woman, how couldn't she when the last she had seen this particular woman, what greeted her was the best news she could receive 5 years ago. Now, however the woman showed no signs of being poor, on the other hand she looked very well looked after and her ragged clothes were now replaced with new ones.

"Ishita, come on, the car is here" She turns, looking at her mother, and experienced a pang of surprise still. She couldn't believe how much her mother had changed in the past 5 years. Grief was still etched at the corner of her eyes but it was better, much better than before. She looked once more at the woman, then walked back the way she had come.

She hugged her mother and brother, and had one more look at her house and the picture of her father hung on the wall, before getting in the car. The War had taken a big piece out of everyone, and though that gap can't be filled, care can be taken to fill the ones that can be closed and try as much as possible to ensure a new one won't be formed...

# അഭിനന്ദനങ്ങൾ



CBSE 12-ാം ക്ലാസ്സ് പരീക്ഷയിൽ 96 % മാർക്കോടെ വിജയിച്ച **ജാഹ്നവി എസ്. വർമ്മ.** പന്തളം കൊട്ടാരത്തിൽ വീണാ വർമ്മയുടേയും അനന്തപുരം കൊട്ടാരത്തിൽ സുരേഷിന്റെയും (മുരളി) മകളാണ്.



വെള്ളാരപ്പിള്ളി ക്ഷത്രിയ സഭാംഗം **രാകേന്ദു എൻ.വി.**, ഇക്കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി. പെരുമ്പാവൂർ, കൂവപ്പടി, ഞെരിഞ്ഞാംപിള്ളി ഇല്ലം സി.എൻ. വാസുദേവന്റെയും രഞ്ജിനിയുടെയും മകളാണ്.



CBSE സഹോദയ FEST ൽ മലയാളം കവിതാ രചനയിൽ ഒന്നാംസ്ഥാനം കിട്ടിയ **സാമജ എസ്. വർമ്മ.** കൊച്ചി ക്ഷത്രിയ സമാജാംഗങ്ങളായ സന്തോഷ് വർമ്മയുടെയും പ്രവിതാ വർമ്മയുടെയും മകളാണ്.



സ്പാർട്ടൻസ് ഫൈറ്റ് ആൻഡ് ഫിറ്റ്നസ് ക്ലബ് ആതിഥേയത്വം വഹിച്ച ഓൾ ഇന്ത്യ മൗ തായ് ബെൽറ്റ് ചാമ്പ്യൻഷിപ്പ് 2024-ൽ ഇമ്മോർട്ടൽസ് ഫൈറ്റിന്റെ ഫിറ്റ്നസ് ക്ലബ്ബ് അംഗമായ **നിധേയ് വർമ്മ** അണ്ടർ 10 വിഭാഗത്തിൽ വെള്ളി മെഡൽ നേടി.



ഗവ. TD മെഡിക്കൽ കോളേജ് ആലപ്പുഴയിൽ നടന്ന ആരോഗ്യശാസ്ത്ര സർവകലാശാല സൗത്ത് സോൺ യുവജനോത്സവത്തിൽ മൃദംഗ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ച **സൗരവ് പി. വർമ്മ**. പന്തളം വടക്കേടം കൊട്ടാരത്തിൽ പ്രമോദ് വർമ്മ-ശ്രീലേഖ വർമ്മ ദമ്പതിമാരുടെ മകനാണ്. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ BAMS അവസാന വർഷ വിദ്യാർത്ഥിയാണ്.

# അഭിനന്ദനങ്ങൾ



സംസ്ഥാന കലോൽസവത്തിൽ ചാക്യാർകൂത്തിന് 'എ' ഗ്രേഡ് കരസ്ഥമാക്കിയ **ഗോവർദ്ധൻ ഉണ്ണി**. കൊരട്ടി യൂണിറ്റ് അംഗങ്ങളായ ഉണ്ണിക്കൃഷ്ണന്റെയും രശ്മിയുടെയും മകനും കൊരട്ടി സ്വരൂപം മോഹൻകുമാറിന്റെയും ശോഭയുടെയും പേരക്കുട്ടിയുമാണ്.



കഴിഞ്ഞ വർഷത്തെ (2023-24) ലോവർ സെക്കന്ററി സ്കോളർഷിപ്പിന് (LSS) അർഹത നേടിയ **ഹർഷവർദ്ധൻ ഉണ്ണി**. കൊരട്ടി യൂണിറ്റ് അംഗങ്ങളായ ഉണ്ണിക്കൃഷ്ണന്റെയും രശ്മിയുടെയും മകനും കൊരട്ടി സ്വരൂപം മോഹൻകുമാറിന്റെയും ശോഭയുടെയും പേരക്കുട്ടിയുമാണ്.



ഉന്നത വിദ്യാഭ്യാസത്തിനുള്ള റിയാക്ടിന്റെ ധനസഹായം **രാഗി വി.ആർ.** ന് റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മ കൈമാറുന്നു.



CA പഠനത്തിനുള്ള റിയാക്ടിന്റെ ധനസഹായം **നന്ദിതാ വർമ്മ**ക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി നൽകുന്നു

# യൂണിറ്റ് ഭാരവാഹികൾ

## തിരുവല്ല



**പി.ആർ. വർമ്മ**
പ്രസിഡന്റ്



**സജീവ് കെ. വർമ്മ**
സെക്രട്ടറി



**ശ്രീകുമാർ കർത്താ**
ട്രഷറർ

## കുറ്റിലഞ്ഞി



**കൃഷ്ണ വർമ്മ**
പ്രസിഡന്റ്



**സുരേഷ് വർമ്മ**
സെക്രട്ടറി



**വിജയ് വർമ്മ**
ട്രഷറർ

## തൃശ്ശൂർ



**ഡോ. പി.സി. സുധീർ വർമ്മ**
പ്രസിഡന്റ്



**ശങ്കർ വർമ്മ**
സെക്രട്ടറി



**പി.സി. ദിലീപ് വർമ്മ**
ട്രഷറർ

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

സഭയുടെ 2023 – 2024 വാർഷിക പൊതുയോഗം 2024 ആഗസ്റ്റ് 15 ന് കോട്ടയ്ക്കകം രംഗവിലാസം ഹാളിൽ വെച്ച് നടന്നു. പ്രസിഡന്റ് ആർ. കിഷോർ കുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ പ്രവർത്തന റിപ്പോർട്ടും ട്രഷറർ കെ.കെ. വേണുഗോപാൽ വർമ്മ 2023–2024 വർഷത്തെ കണക്കും അവത രിപ്പിച്ചത് വേണ്ട ഭേദഗതി വരുത്തി യോഗം അംഗീ കരിച്ചു. ഉപദേശകസമിതി അംഗമായി ഡോ. ആർ. അജയകുമാർ വർമ്മയേയും കമ്മിറ്റിയിലേക്ക് ഉഷാ രാമവർമ്മയേയും പുതിയതായി ചേർത്തുകൊണ്ട് നിലവിലുള്ള ഭാരവാഹികൾ തുടർന്നുവരുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു. തുടർന്ന് സഭയുടെ വനിത വിഭാഗം വാർഷിക പൊതുയോഗം നടത്തുകയു ണ്ടായി. വൈസ് പ്രസിഡന്റ് ഉഷാ ഉദയവർമ്മ യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ശ്രീകലവർമ്മ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സുമാവേണുഗോപാൽ വർമ്മ 2023–2024 വർഷത്തെ കണക്ക് അവതരിപ്പിച്ചതും യോഗം അംഗീകരിച്ചു. വനിതകളുടെ വിവിധ പ്രവർത്തന ങ്ങളുടെ ലാഭവിഹിതം 11,280/– രൂപയുടെ ചെക്ക് സഭാ ട്രഷറർ വേണുഗോപാലിന് വനിതാവിഭാഗം പ്രസിഡന്റ് രമണിവർമ്മ ആഗസ്റ്റ് 4 ന് കൂടിയ ഭരണസമിതി യോഗത്തിൽ വെച്ച് കൈമാറി.

അന്നേദിവസം രാവിലെ ക്ഷത്രിയ ക്ഷേമ സഭയുടെ ഉപദേശകസമിതി അംഗവും മുതിർന്ന സഭാപ്രവർത്തകനുമായ കെ.എൽ. ശ്രീകൃഷ്ണ ദാസിനെ ആദരിച്ചു. പ്രസിഡന്റ് കിഷോർകുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജന റൽ കെ. കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ സിനിമാഗാന നിരൂപകനും സാഹിത്യകാരനുമായ ടി.പി. ശാസ്തമംഗലം മുഖ്യാതിഥിയായിരുന്നു. മുതിർന്ന അംഗം ആർ. രാമവർമ്മ, സംസ്ഥാന ക്ഷത്രിയക്ഷേമസഭ പ്രസിഡന്റ് ഡോ. ലളിതാംബിക, ജന: സെക്രട്ടറി മധുകുമാർ വർമ്മ എന്നിവർ ആശംസാപ്രസംഗം നടത്തി. ചടങ്ങിന് മുൻപ് സഭയിലെ ഗായക സംഘം വയലാർ രാമവർമ്മ, പി. ഭാസ്ക്കരൻ എന്നിവർ രചിച്ച ഗാനങ്ങൾ ആലപിച്ചു. ചടങ്ങിന് ശേഷം കെ.എൽ. ശ്രീകൃഷ്ണദാസ് രചനയും സംവിധാനവും നിർവ്വഹിച്ച 'ഫുഡ്ഫോർ തോട്ട്' എന്ന ഹ്രസ്വചിത്രത്തിന്റെ പ്രദർശനവും നടന്നു. 2024 ആഗസ്റ്റ് 15 ന് വൈകിട്ട് രാമായണ പാരായണ മത്സരം നടന്നു. ഡോ. അംബിക ബാലചന്ദ്രൻ, കൃഷ്ണജയകുമാർ എന്നിവർ ഒന്നാം സമ്മാനമായ 2000 രൂപയ്ക്ക് അർഹരായി. രണ്ടാം സമ്മാനം 1,000 രൂപ ഉഷ ഉദയനും ലഭിച്ചു. മൂന്നാം സമ്മാനമായ 500 രൂപ കെ. രാഘവർമ്മയും ശ്രീജിത ആർ.വർമ്മയും പങ്കിട്ടു. ഒന്നാം സമ്മാനം എ.സി. ഗോദവർമ്മ അദ്ദേ ഹത്തിന്റെ മാതാപിതാക്കളുടെ സ്മരണാർത്ഥവും രണ്ടാം സമ്മാനം മാലിനി രവിവർമ്മ ഭർത്താവ് പി. രവിവർമ്മയുടെ സ്മരണാർത്ഥവും മൂന്നാം സമ്മാനം നന്നാട് നിർമ്മലദേവിയും ആണ് സ്പോൺസർ ചെയ്തത്. ശ്രീരാമ പൂജയും ദീപാരാധനയും നിവേ ദ്യവും ഉണ്ടായി.

സഭയുടെ 2024–ലെ 'ഓണാഘോഷവും കുടുംബസംഗമവും' 2024 ഒക്ടോബർ 2 ന് രംഗവിലാസം ഹാളിൽ രാവിലെ 10 മണി മുതൽ ആരംഭിച്ചു. വയനാട് ചൂരൽമലയിൽ ഉണ്ടായ മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്ക് മുമ്പിൽ ആദരാ ഞ്ജലി അർപ്പിച്ചുകൊണ്ട് ചടങ്ങുകൾ ആരംഭിച്ചു. ശ്രീജിത ആർ. വർമ്മയുടെ ഈശ്വരപ്രാർത്ഥന യോടെ ആരംഭിച്ചയോഗത്തിൽ പ്രസിഡന്റ് ആർ. കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.കെ. ജയചന്ദ്രവർമ്മ സ്വാഗതം ആശംസിച്ചു. സഭയുടെ പ്രവർത്തനത്തിന് പുതിയ ദിശാബോധം ഉണ്ടാകണമെന്നും യുവജനങ്ങൾ കൂടുതൽ സഭയിൽ പ്രവർത്തിക്കുവാൻ രക്ഷാ കർത്താക്കൾ കൂടുതൽ പ്രോത്സാഹിപ്പിക്കണ മെന്നും വിദേശത്ത് ജോലിയുള്ള യുവജനങ്ങളുടെ സഹായങ്ങൾ ഒരു മുതൽക്കൂട്ടാകണമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് പ്രതിപാ ദിച്ചു. സഭയിലെ മുതിർന്ന അംഗം ആർ. നന്ദകുമാര



വർമ്മ ഭദ്രദീപം കൊളുത്തി കലാപരിപാടികളു ഉത്ഘാടനം നിർവ്വഹിച്ചു. യോഗ ദിവസത്തിന്റെ പ്രാധാന്യമായ ഗാന്ധിജയന്തി, ലാൽ ബഹാദൂർ ജയന്തി, കൂടാതെ പ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയുടെ ചരമദിനം എന്നിവ ആയതിനാൽ ആ വ്യക്തിങ്ങളെ യോഗം അനുസ്മരിച്ചു. നന്ദ കുമാർ വർമ്മ രാജാരവിവർമ്മ ചിത്രത്തിന് മുമ്പിൽ പുഷ്പങ്ങൾ അർപ്പിച്ചു ഭദ്രദീപം കൊളുത്തി പ്രാർത്ഥിച്ചു.

തിരുവല്ലയിൽ തന്റെ ചെറുപ്രായത്തിൽ നട ന്നിരുന്ന ഓണാഘോഷങ്ങളും കുടുംബസംഗമ ങ്ങൾ നല്കുന്ന സൗഹൃദവും മാനസിക ഉല്ലാ സവും ഉത്ഘാടകൻ തന്റെ പ്രഭാഷണത്തിൽ എടുത്തു പറയുകയുണ്ടായി. തുടർന്ന് മുതിർന്ന അംഗം ആർ. രാമവർമ്മ (വിജയൻ), ഡോ.സി.കെ. കൃഷ്ണദാസൻ, ഡോ. നാരായണൻ പണ്ടാല എന്നിവരെ വിവിധ മേഖലകളിൽ ഔദ്യോഗിക, സാമൂഹിക അക്കാദമിക് മണ്ഡലങ്ങളിൽ പ്രാവീണ്യം തെളിയിച്ചതിനെ തുടർന്ന് സഭ ഉപഹാരം നല്കി ആദരിച്ചു. കൂടാതെ CUSAT - ൽ നിന്ന് മറൈൻ ജിയോഫിസിക്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ തൂലികവർമ്മയെയും ചട ങ്ങിൽ ഉപഹാരം നല്കി ആദരിച്ചു. സംസ്ഥാന യുവജന സംഘടനയിലെ ദക്ഷിണമേഖലാ സെക്രട്ടറിയും സഭയുടെ അംഗവുമായ നവീൻ വർമ്മ സഭയിലെ യുവജന പ്രസ്ഥാനത്തെ ആകർഷമാക്കാൻ തന്നോടൊപ്പം സഹകരിക്കാൻ യുവജനങ്ങളോട് അഭ്യർത്ഥിച്ചു. കേന്ദ്രസഭാ പ്രസിഡന്റ് ഡോ. ലളിതാംബിക, കേന്ദ്രസഭാ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കെ.എൽ. ശ്രീകൃഷ്ണ ദാസ്, ഡോ.ആർ. അജയകുമാർ വർമ്മ എന്നിവർ സഭയ്ക്കു വേണ്ടി ഉപഹാരങ്ങൾ നൽകുകയും പൊന്നാട അണിയിക്കുകയും ചെയ്തു. തുടർന്ന് ആശംസകളും അർപ്പിച്ചു.

സഭയിലെ വനിതാ വിഭാഗം അവതരിപ്പിച്ച തിരുവാതിരകളിയോടെ കലാപരിപാടികൾക്ക് തുടക്കമായി. കൃഷ്ണകുമാർ വർമ്മ, സി.കെ. കൃഷ്ണദാസൻ, അജയകുമാർ വർമ്മ, ജയചന്ദ്ര വർമ്മ, രാജീവ് വർമ്മ, ശ്രീകല വിജിത്ത്, വർഷാ വർമ്മ, വേദാവർമ്മ, തേജസ്വി വർമ്മ, ശ്രീജിതാ വർമ്മ എന്നിവർ ഗാനങ്ങളും ദീപശ്രീ വർമ്മയുടെ തോടയം നൃത്തവും, ഋഷഭ് വർമ്മയുടെ കാളിയ മർദ്ദനം നൃത്തശില്പവും നടന്നു. പ്രസിഡന്റ് കിഷോർകുമാർ വർമ്മയും യുവജനവിഭാഗം ദക്ഷിണമേഖലാ കോ-ഓർഡിനേറ്റർ നവീൻ വർമ്മയും സംഘടിപ്പിച്ച പ്രശ്നോത്തരിയിൽ നിരവധി മുതിർന്ന അംഗങ്ങൾക്കും കുട്ടികൾക്കും സമ്മാനങ്ങൾ ലഭിച്ചു. വിഭവ സമൃദ്ധമായ ഓണ സദ്യയിൽ 160 ഓളം അംഗങ്ങൾ പങ്കെടുത്തു. ഉച്ചയ്ക്ക് നടന്ന കലാപരിപാടിയിൽ ഡോ. നീരജവർമ്മ, അരുണിമ വർമ്മ, ഡോ. ആരതിവർമ്മ, നന്ദന വർമ്മ, വർഷവർമ്മ, ഋഷഭ് വർമ്മ എന്നീ യുവജന പ്രതിഭകൾ അവതരിച്ച 'ഹരിവരാസനം' നൃത്ത ശില്പം സദസ്സിനെ ഏറെ ആകർഷിച്ചു. തുടർന്ന് നടന്ന നറുക്കെടുപ്പിൽ 2500 രൂപയുടെ ഒന്നാം സമ്മാനം പി.കെ. ജയകുമാർ വർമ്മയ്ക്കും 1500 രൂപയുടെ രണ്ടാം സമ്മാനം അശ്വിൻ വർമ്മയ്ക്കും ലഭിച്ചു. നല്ലൊരു കലാവിരുന്നിന് സാക്ഷികളായി സഭാ മെമ്പർമാർ 3 മണിയോടെ പിരിഞ്ഞു. സഭാ ജോയിന്റ് സെക്രട്ടറി കൃഷ്ണ ജയകുമാർ പങ്കെടു ത്തവർക്കും കലാപരിപാടി അവതരിപ്പിച്ചവർക്കും ഉൾപ്പെടെ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.

നവരാത്രി ആഘോഷ ദിവസങ്ങളിൽ (ഒക്ടോ ബർ 10, 11, 12, 13) സഭയുടെ ഓഫീസായ സുന്ദര വിലാസം കൊട്ടാരത്തിൽ വെച്ച് രാവിലെയും വൈകിട്ടും നടന്ന പൂജകൾക്ക് സെക്രട്ടറി ജയ ചന്ദ്രവർമ്മയും ട്രഷറർ വേണുഗോപാൽ വർമ്മയും നേതൃത്വം വഹിച്ചു. 12 ന് വൈകിട്ട് നടന്ന വനിതാ വിഭാഗത്തിന്റെ ഭജനയിലും തുടർന്നു നടന്ന പൂജ യിലും സഭാംഗങ്ങൾ പങ്കെടുത്തു. 13 ന് രാവിലെ വിദ്യാരംഭത്തോടെ നവരാത്രി പൂജയ്ക്ക് ശുഭപര്യ

വസാനമായി. കുടുംബ സംഗമത്തിന് 1000 രൂപ വീതം സംഭാവന നൽകിയ കുടുംബാംഗങ്ങളിൽ നിന്ന് വിജയദശമി നാളിൽ നടന്ന ഭാഗ്യ നറുക്കെടുപ്പിൽ അജയകുമാർ വർമ്മ എസ്. സമ്മാനം നേടി. അടുത്ത പ്രതിമാസ പരിപാടിയിൽ സമ്മാനം നൽകും.



**സ്നേഹസൗഹൃദം**

മുതിർന്ന അംഗങ്ങളുടെ ക്ഷേമം മുൻനിർത്തി തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ രൂപംകൊടുത്ത 'സ്നേഹസൗഹൃദം' എന്ന കൂട്ടായ്മ തുടർന്നുള്ള മാസങ്ങളിൽ സഭാ ആസ്ഥാനമായ സുന്ദരവിലാസം കൊട്ടാരത്തിൽ ഒത്തുകൂടി സൗഹൃദം പങ്കിട്ടുവരുന്നു. ഇങ്ങനെ ഏതെങ്കിലും കാലിക വിഷയത്തെ ആസ്പദമാക്കിയുള്ള അവതരണവും നടന്നുവരുന്നു. 'എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സാഹിത്യകൃതി, ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവം തുടങ്ങിയ വിഷയങ്ങളിൽ അംഗങ്ങൾ സംസാരിച്ചു. ഈ കൂട്ടായ്മയുടെ തുടർന്നുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കും അതിൽ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയും അംഗങ്ങളുമായി ആശയവിനിമയം നടത്താനും മാതൃസംഘടനയായ തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയും സഭയുടെ വനിതാ വിഭാഗവുമായി ആലോചിക്കാനും തീരുമാനിച്ചു. ഭവന സന്ദർശനം, ജില്ലയിലെ ചരിത്ര-പൗരാണിക-സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് യാത്ര എന്നിവയും കൂട്ടായ്മ പരിഗണിച്ചുവരുന്നു.

## പന്തളം

വാർഷിക പൊതുയോഗത്തിനു മുൻപുള്ള യൂണിറ്റ് ഭരണസമിതി യോഗം 31.8.2024 ശനിയാഴ്ച വൈകുന്നേരം പുത്തൻ കൊട്ടാരത്തിൽ നടന്നു. പന്തളം കൊച്ചുകൊട്ടാരത്തിൽ പരേതനായ കെ. കേരള വർമ്മയുടെ (കുട്ടൻ ചേട്ടൻ) സഹധർമ്മിണി വാസന്തി തമ്പുരാട്ടി, ആറന്മുള പെരിഞ്ഞേലിൽ കൊട്ടാരത്തിൽ പരേതനായ രാജരാജവർമ്മ എന്നിവരുടെ നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി.

വയനാട്ടിലെ ചൂരൽമലയിലും, മുണ്ടക്കൈയിലും, അട്ടമലയിലും ഉണ്ടായ ഉരുൾ പൊട്ടലിൽ പൊലിഞ്ഞ ജീവനുകൾക്ക് അനുശോചനം രേഖപ്പെടുത്തി. ശാഖയുടെ നേതൃത്വത്തിൽ നടന്നു വരുന്ന അത്തച്ചിട്ടി വിതരണം നടത്തി. 500 രൂപ മുതൽ 5,000 രൂപ വരെയുള്ള പ്രതിമാസ ചിട്ടിയിൽ ചേർന്ന 29 പേർക്കായി 5,91,000 രൂപ വിതരണം ചെയ്തു. പുതിയ വർഷത്തെ അത്തച്ചിട്ടി, വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' തുക സമാഹരണം ആഗസ്റ്റ് 24, 25 തീയതികളിലായി നടന്നു.

ശാഖയുടെ 42-ാം വാർഷിക പൊതുയോഗവും ഓണാഘോഷവും സെപ്തംബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ പന്തളം പാലസ് വെൽഫെയർ സൊസൈറ്റി അന്നദാന ഹാളിൽ വിവിധ പരിപാടികളോടെ നടന്നു.



വാർഷികയോഗം, ഓണാഘോഷം എന്നിവയുടെ ഉദ്ഘാടനം ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക നിലവിളക്കു കൊളുത്തി നിർവ്വഹിച്ചു.

ഈശ്വര പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ, പുത്തൻ കൊട്ടാരത്തിൽ അനഘ വർമ്മയും അദ്വൈത ലക്ഷ്മിയും പ്രാർത്ഥനാഗീതം ആലപിച്ചു. സഭയുടെ മുതിർന്ന അംഗം എൻ.ആർ. കേരള വർമ്മ സ്വാഗതം ആശംസിച്ചു. യോഗാദ്ധ്യക്ഷനായിരുന്ന യൂണിറ്റ് പ്രസിഡന്റ് പി. രാഘവ വർമ്മയുടെ അദ്ധ്യക്ഷപ്രസംഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ പന്തളത്തെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ജ്യോതി വർമ്മ അവതരിപ്പിച്ചു.

ആശംസകൾ അർപ്പിച്ചു സംസാരിച്ച സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ ക്ഷത്രിയ സമുദായാംഗങ്ങളുടെ സെൻസസിന്റെ വിവരങ്ങളും സ്കോളർഷിപ്പ് വിവരങ്ങളും വിശദീകരിച്ചു.

31.3.2024 വരെയുള്ള ഒരു വർഷത്തെ വരവു ചിലവ് കണക്കുകളും പ്രദോഷപൂജയുടെ ചിലവുകളും സെക്രട്ടറി അവതരിപ്പിച്ചു പാസ്സാക്കി.

'വായു'വിന്റെ ആരോഗ്യ രക്ഷാ സഹായങ്ങളെപ്പറ്റി സംസാരിച്ച ദക്ഷിണ മേഖലാ സെക്രട്ടറി സഞ്ജയ് വർമ്മ ആശംസകൾ നേർന്നു.

പന്തളം കൊട്ടാരം നിർവ്വാഹകസംഘം പ്രസിഡന്റ് ശങ്കർ വർമ്മ ആശംസകൾ നേർന്ന് സംസാരിച്ചു.

നാൽപ്പത്തി അഞ്ചോളം അംഗങ്ങൾ പങ്കെടുത്ത വാർഷിക പൊതുയോഗത്തിൽ പാലസ് വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ഗിരീഷ് കുമാർ ക്ഷത്രിയ ക്ഷേമസഭ യുവജനവിഭാഗം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് സംസാരിച്ചു.

വിദ്യാഭ്യാസ സമ്മാനങ്ങളുടെ വിതരണത്തിനു ശേഷം വടക്കേടം പാലസിലെ ശിശിര പി. വർമ്മ നാലുകെട്ട് 'സാകേത'ത്തിലെ കാഞ്ചന കെ. വർമ്മ, അദ്വൈത ലക്ഷ്മി എന്നിവർ അവതരിപ്പിച്ച നയനാനന്ദകരമായ നൃത്തനൃത്ത്യങ്ങൾ നടന്നു. കീർത്തനാ വർമ്മയുടെ അതിമനോഹരമായ ഗാനാലാപത്തിനു ശേഷം, തെക്കേടം പാലസിലെ ആദിത്യവർമ്മയും ഒരു ഗാനം ആലപിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് അരുൺകുമാർ വർമ്മ നന്ദി പറഞ്ഞു. സ്വാദിഷ്ടമായ ഓണസ്സദ്യയ്ക്കു ശേഷം യോഗം പര്യവസാനിച്ചു.

## വൈക്കം

8-9-2024-ൽ ഓണത്തോടനുബന്ധിച്ച് കുടുംബ സംഗമം നടന്നു. മാനവർമ്മ രാജദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. വൈഷ്ണവി, ദിയ, ആദി, അക്ഷര, ഗോവിന്ദ് തുടങ്ങിയവർ ചേർന്ന് ഈശ്വര പ്രാർത്ഥന നടത്തി. വയനാട്ടിലെ ദുരന്തത്തിൽ മരണമടഞ്ഞവർക്കായി മൗനപ്രാർത്ഥന നടന്നു. പ്രസിഡന്റ് ഹരിനന്ദനവർമ്മ, സെക്രട്ടറി പ്രേമചന്ദ്ര വർമ്മ എന്നിവർ ആശംസകൾ അറിയിച്ചു. ഹരീന്ദ്ര വർമ്മ, മുരളീകൃഷ്ണൻ തമ്പാൻ, എന്നിവർ



പ്രസംഗിച്ചു. ഗിരീഷ് വർമ്മ, അമൃതാവർമ്മ, രാജേന്ദ്രവർമ്മ, ശ്രീവിദ്യാവർമ്മ, രേണുകാവർമ്മ, ഗോവിന്ദ് വർമ്മ തുടങ്ങിയവർ ഗാനങ്ങൾ ആലപിച്ചു. കുട്ടികൾക്കും മുതിർന്നവർക്കുമായി മത്സരങ്ങൾ ഉണ്ടായിരുന്നു. കുടുംബാംഗം സോമവർമ്മ തയ്യാറാക്കിയ വിഭവസമൃദ്ധമായ സദ്യയും, കാലത്തും വൈകിട്ടും ലഘുഭക്ഷണവും ഉണ്ടായിരുന്നു. അറുപതോളം കുടുംബാംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## കോഴിക്കോട്

05-10-2024 ശനിയാഴ്ച്ച വൈകിട്ട് 03.30 PM ന് ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റിന്റെ യോഗം തിരുവണ്ണൂരിലുള്ള സ്വാതിതിരുനാൾ കലാകേന്ദ്രത്തിൽ വെച്ച് നടന്നു.

ക്ഷത്രിയ ക്ഷേമസഭയ സംസ്ഥാന ജനറൽ സെക്രട്ടറി മധുകുമാർ വർമ്മയും REACT സംസ്ഥാന സെക്രട്ടറി രഘു വർമ്മയും ചേർന്ന് ഭദ്രദീപം തെളിയിച്ചു. ഉദ്ഘാടനം നിർവ്വഹിച്ചു.

തുടർന്ന് തിരുവണ്ണൂർ പുതിയ കോവിലകത്തിലെ പുത്തൻ കോവിലകത്ത് സ്മിത രാജയുടെയും നന്ദകുമാർ വർമ്മയുടേയും മകൾ നന്ദിത എൻ. വർമ്മ സരസ്വതി വന്ദനം ആലപിച്ചു.

ക്ഷത്രിയ ക്ഷേമസഭ കോഴിക്കോട് യൂണിറ്റ് ജനറൽ സെക്രട്ടറി ഹരിപ്രസാദ് രാജ എല്ലാവർക്കും സ്വാഗതം അർപ്പിച്ചുകൊണ്ട് യോഗം ആരംഭിച്ചു. തുടർന്ന് അധ്യക്ഷപ്രസംഗം യൂണിറ്റ് പ്രസിഡന്റ് രഘു ഇ.കെ. നിർവ്വഹിച്ചു.

ക്ഷത്രിയ ക്ഷേമസഭ ജനറൽ സെക്രട്ടറി മധുകുമാർ വർമ്മ മുഖ്യപ്രഭാഷണം നടത്തി. ഈ കാലഘട്ടത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ പ്രസക്തി എന്താണെന്നും, സമുദായാഭിവൃദ്ധിക്കും സാമൂ

ഹിക പ്രതിബദ്ധതയ്ക്കും വേണ്ടി നമ്മൾ ചെയ്യേണ്ട പ്രവർത്തനങ്ങളെപ്പറ്റി സംസാരിക്കുകയും പഴയന്നൂർ വലവൂർ കോവിലകത്തിലെ അരുൺ വർമ്മയുടെ സ്മരണാർത്ഥം സി.എ. യ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വർഷം തോറും നൽകിവരുന്ന സ്കോളർഷിപ്പ് 25,000/- രൂപ കൈമാറുകയും ചെയ്തു. കോഴിക്കോട് മാങ്കാവ് പടിഞ്ഞാറെ കോവിലകത്തിലെ കൃഷ്ണവർമ്മ രാജയുടെയും പന്തളം കൊട്ടാരത്തിലെ പത്മിനി വർമ്മയുടെയും മകൾ നന്ദിത വർമ്മയാണ് സ്കോളർഷിപ്പിന് അർഹയായത്.

REACT സംസ്ഥാന സെക്രട്ടറി രഘു വർമ്മ അനുഗ്രഹഭാഷണം നടത്തി. അദ്ദേഹം ദാനധർമ്മങ്ങളെപ്പറ്റിയും ഓരോ വ്യക്തിയിലും ഉണ്ടായിരിക്കേണ്ട സഹാനുഭൂതിയെ പ്പറ്റിയും സംസാരിക്കുകയും വിലങ്ങാട് ഉരുൾ പൊട്ടൽ ദുരന്തത്തിൽ പെട്ട്, തന്റെ B.Ed. പഠനത്തിന് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന രാഖി വി. ആർ. എന്ന വിദ്യാർത്ഥിനിയ്ക്ക് പഠന ആവശ്യത്തിനുള്ള തുക കൈമാറുകയും ചെയ്തു.

ഇരു വിദ്യാർഥിനികളും ക്ഷത്രിയ ക്ഷേമ സഭയ്ക്കും, REACT നും പ്രത്യേക നന്ദിയും സന്തോഷവും അറിയിച്ചു.

ജോയിന്റ് സെക്രട്ടറി അഭിഷേക് വർമ്മ, മഹിളാ സമാജം പ്രസിഡന്റ് സതി ശർമ്മ തുടങ്ങിയവർ പ്രസ്തുത ചടങ്ങിന് ആശംസകൾ അർപ്പിച്ചു.

യോഗത്തിൽ അൻപതോളം അംഗങ്ങൾ പങ്കെടുത്തത് പ്രവർത്തന മേഖലയിൽ കൂടുതൽ ശക്തി പകരുവാൻ സാധിച്ചു.

ട്രഷറർ കൃഷ്ണകുമാർ വർമ്മ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും നന്ദി അറിയിച്ചു.

ചായ സൽക്കാരത്തിനു ശേഷം 05.00 PM ന് യോഗം അവസാനിച്ചു.

## കുറ്റിലഞ്ഞി

പതിവുപോലെ കർക്കിടക മാസത്തിലെ നാലമ്പല ദർശനം കോട്ടയം രാമപുരം ഭാഗത്തെ ശ്രീരാമ-ലക്ഷ്മണ-ഭരത-ശത്രുഘ്ന ക്ഷേത്രങ്ങൾ സന്ദർശിച്ച് മൂന്നാം തവണയും അംഗങ്ങളുടെ പ്രാതിനിധ്യം കൊണ്ട് വിജയകരമായി പര്യവസാനിച്ചു.

സെപ്റ്റംബർ മാസം ഒന്നാം തീയതി കരിവെള്ളൂരിൽ വച്ച് നടന്ന സംസ്ഥാന കമ്മിറ്റി മീറ്റിങ്ങിൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് നാല് അംഗങ്ങൾ പങ്കെടുത്തു. മഹാറാണി സേതു പാർവ്വതി ബായി സ്മാരക സ്കോളർഷിപ്പ് യൂണിറ്റിലെ അംഗം അമൃത് വർമ്മയ്ക്ക് ലഭിച്ചു.

സഭയുടെ നേതൃത്വത്തിൽ നടക്കുന്ന ചിട്ടിയിലും വനിത അംഗങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ഓണ ഫണ്ട് കളക്ഷനിലും വൻപിച്ച പിന്തുണയാണ് അംഗങ്ങളുടെ കയ്യിൽ നിന്ന് കിട്ടുന്നത്. അതിനാൽ സമുദായ അംഗങ്ങളുടെ സാമ്പത്തികമായ പരിരക്ഷയ്ക്ക് ഇത് രണ്ടും പ്രയോജനകരമാണ് എന്ന വസ്തുത അറിയിക്കുന്നു.

### പൊതുയോഗം



കുടുംബസംഗമവും വാർഷിക പൊതുയോഗവും സെപ്റ്റംബർ 29-ാം തീയതി സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക ഉദ്ഘാടനം ചെയ്തു. നൂറിൽപരം അംഗങ്ങൾ പങ്കെടുത്തു.

യൂണിറ്റ് പ്രസിഡന്റ് കൃഷ്ണവർമ്മ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സുരേഷ് വർമ്മ സ്വാഗതം പറഞ്ഞു.

സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ, യൂത്ത് കമ്മിറ്റി സെക്രട്ടറി ഡോ. ആദർശ് വർമ്മ, യൂണിറ്റ് രക്ഷാധികാരി പി.വി.ആർ. തിരുമുൽപ്പാട്, ട്രഷറർ വിജയ വർമ്മ, രാമവർമ്മ എന്നിവർ സംസാരിച്ചു.

പ്രശസ്ത ഗാനരചയിതാവ് സന്തോഷ് വർമ്മയായിരുന്നു മുഖ്യാതിഥി. ദുബായ് ആസ്ഥാനമായ 'VAU' എന്ന സംഘടനയുടെ രക്ഷാധികാരി ഉദയ വർമ്മയും സന്നിഹിതനായിരുന്നു.

2023-24 വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി സുരേഷ് വർമ്മ അവതരിപ്പിച്ചു; യോഗം അംഗീകരിച്ചു. വാർഷിക കണക്കുകൾ ട്രഷറർ വിജയ് വർമ്മ അവതരിപ്പിച്ചു.

അഡ്വ. കൃഷ്ണകുമാർ വർമ്മ അനുസ്മരണവും പ്രദീപ് വർമ്മ നന്ദിയും പ്രകാശിപ്പിച്ചു.

മഹാറാണി സേതു പാർവ്വതി ബായി സ്മാരക വിദ്യാഭ്യാസ പുരസ്കാരം മൂന്ന് വിദ്യാർത്ഥികൾക്ക് നൽകി. സഭയുടെ ആദ്യകാല വനിതാ നേതാവായ പരേതയായ ലീലാ ബായി തമ്പുരാട്ടിയുടെ സ്മരണാർത്ഥം ഭർത്താവ് അരവിന്ദ് വർമ്മ ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്കോളർഷിപ്പ് നാലു വിദ്യാർത്ഥികൾക്ക് നൽകി. 'VAU'വിന്റെ വിദ്യാഭ്യാസ പുരസ്കാരവും യൂണിറ്റിലെ ഒരു വിദ്യാർത്ഥിനിക്ക് ലഭിച്ചു.

അംഗങ്ങളുടെ വിവിധ കലാപരിപാടികളും 'സ്വരലയ' മ്യൂസിക് ഗ്രൂപ്പിന്റെ ഗാനമേളയും ചടങ്ങിന് മാറ്റുകൂട്ടി.

പുതിയ ഭാരവാഹികളായി പ്രസിഡന്റ് കൃഷ്ണവർമ്മ, വൈസ് പ്രസിഡന്റ് അഡ്വ. കൃഷ്ണകുമാർ വർമ്മ, സെക്രട്ടറി സുരേഷ് വർമ്മ, ജോയിന്റ് സെക്രട്ടറി പ്രദീപ് വർമ്മ, ട്രഷറർ വിജയ് വർമ്മ എന്നിവരെ തിരഞ്ഞെടുത്തു.

## കരപ്പുറം

രണ്ട് നിർവ്വാഹക സമിതി യോഗങ്ങൾ ഇക്കാലയളവിൽ നടന്നു.

ആഗസ്റ്റ് 04 ഞായറാഴ്ച കരപ്പുറം ക്ഷത്രിയ സഭ രാമായണദിനം ആചരിച്ചു. ഉച്ചകഴിഞ്ഞു മൂന്നു മണിക്ക് സഭയിലെ മുതിർന്ന അംഗങ്ങളായ ബാലാദിത്യ വർമ്മ, ബാലകേരള വർമ്മ, പി.കെ. രവീന്ദ്ര വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തിയതോടെ രാമായണ പാരായണം ആരംഭിച്ചു. 11 അംഗങ്ങൾ പങ്കെടുത്ത രാമായണ പാരായണത്തിൽ പന്ത്രണ്ട് വയസ്സുകാരൻ ഗൗതം വർമ്മയും പങ്കെടുത്തു എന്നത് പ്രത്യേകം ശ്രദ്ധേയമായി. 4.30 നു സൽസംഗം ആരംഭിച്ചു. ഡോ. ദേവീ മനോജ് വർമ്മ 'അഹല്യ' എന്ന താപസ പത്നിയെ ആധാരമാക്കി വളരെ ബൃഹത്തായ പ്രബന്ധം അവതരിപ്പിച്ചു. അഹല്യ എന്ന കഥാപാത്രത്തിന്റെ സാന്നിദ്ധ്യം കൃതയുഗത്തിൽ തന്നെ ദർശിക്കാം എന്ന് യുക്തിഭദ്രമായി സമർത്ഥിച്ച ദേവി പഞ്ചകന്യകളിൽ അഹല്യയുടെ സ്ഥാനം കൃത്യമായി അപഗ്രഥിച്ചു. ഹരികൃഷ്ണ വർമ്മ, ദിനേശ് വർമ്മ തുടങ്ങിയവർ ദേവിയുടെ പഠനത്തെ ശ്ലാഖിച്ചു.

വാരനാട് ദേവീക്ഷേത്രത്തിൽ ഗജരാജ സമർപ്പണ ധനസമാഹരണത്തിന്റെ ഔപചാരികമായ ഉൽഘാടനം ക്ഷത്രിയ ക്ഷേമസഭയുടെ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ.എൻ. സുരേന്ദ്രനാഥ വർമ്മ ആദ്യതുകയുടെ ചെക്ക് കരപ്പുറം ക്ഷത്രിയ സഭയുടെ മുൻ പ്രസിഡന്റ് പ്രൊഫ. രവിവർമ്മ രാജായ്ക്ക് നൽകിക്കൊണ്ട് ഉൽഘാടനം ചെയ്തു. തുടർന്ന് പ്രൊഫ. കെ.എൻ.എസ്. വർമ്മ നയിച്ച രാമായണം പ്രശ്നോത്തരിയിൽ അദ്ദേഹത്തെ സഭാ സെക്രട്ടറി അനൂപ് വർമ്മ സഹായിച്ചു. 20 പേർ മത്സരത്തിൽ ഉത്സാഹപൂർവ്വം പങ്കെടുത്തു. കഥാസന്ദർഭങ്ങളുമായി ബന്ധപ്പെട്ട പ്രൊഫ. വർമ്മയുടെ ചോദ്യാവലിയും അദ്ദേഹത്തിന്റെ അവതരണരീതിയും തികച്ചും പ്രൗഢമയിരുന്നു. പ്രശ്നോത്തരിയിൽ വിജയികളായ 'സി' ടീം അംഗങ്ങൾക്ക് സമ്മാനങ്ങളും പ്രൊഫ. സുരേന്ദ്രനാഥ വർമ്മ വിതരണം ചെയ്തു.



പ്രബന്ധം അവതരിപ്പിച്ച ദേവീ മനോജ് വർമ്മക്ക് പ്രൊഫ. സുരേന്ദ്രനാഥ വർമ്മ സഭയുടെ ഉപഹാരം നൽകി ആശംസകൾ ഓതി. രാമായണം പ്രശ്നോത്തരി നയിച്ച പ്രൊഫ. കെ.എൻ.എസ്. വർമ്മയ്ക്ക് സഭയുടെ ആദരവോടെ പ്രൊഫ. രവിവർമ്മ രാജാ സ്നേഹോപഹാരം നൽകി.

വട്ടക്കാട്ടു കോവിലകത്ത് ടി.എൻ. സതീഷ് കുമാർ സ്പോൺസർ ചെയ്ത, കർക്കടക ക്കഞ്ഞി ഉൾപ്പെടെയുള്ള സായാഹ്ന ഭക്ഷണത്തോടെ എട്ടു മണിയോടെ രാമായണദിനം പരിപാടികൾ അവ സാനിച്ചു.

കൊല്ലവർഷം 1200 ലെ ഓണാഘോഷം 2024 സെപ്റ്റംബർ 14 ഉത്രാടം നാൾ ശനിയാഴ്ച സഭാ മന്ദിരത്തിൽ നടന്നു. ശൈലജാ വർമ്മ, പാർവ്വതി വർമ്മ, മായാ വർമ്മ, ദേവീ മനോജ് വർമ്മ, മായാദേവി, മാസ്റ്റർ അപ്പൂസ് എന്നിവർ ചേർന്ന് ഒരുക്കിയ പൂക്കളം മനോഹരമായിരുന്നു. രാവിലെ 9.30 ന് മുതിർന്ന അംഗങ്ങളായ മധു വർമ്മ, രാജരാജ വർമ്മ, ബാലാദിത്യ വർമ്മ, ബാലകേരള വർമ്മ, തങ്കമണി വർമ്മ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ആഘോഷത്തിന് ആരംഭം കുറിച്ചു. തുടർന്ന് അക്ഷരശ്ലോക സദസ്സ് ആരംഭിച്ചു. കമലാ വർമ്മ, പ്രഭാവതി വർമ്മ, ദേവീ മനോജ് വർമ്മ, ആചാര്യ ദിനേഷ് വർമ്മ, ഹരികൃഷ്ണ വർമ്മ എന്നിവർ പങ്കെടുത്ത സദസ്സിൽ കമലാ വർമ്മ ഒന്നാം സ്ഥാനം നേടി.

അടുത്തത് നാരായണീയ പാരായണ മത്സരം ആയിരുന്നു. 'നൈഷധ'ത്തിൽ ധനേഷ് വർമ്മ അദ്ദേഹത്തിന്റെ മാതാവ് ശാന്തകുമാരി വർമ്മയുടെ ഓർമ്മക്കായി എല്ലാ വർഷവും നടത്തുന്ന നാരായണീയ പാരായണ മത്സരത്തിൽ ജയലക്ഷ്മി വർമ്മ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

പിന്നീട് കലാപ്രകടനങ്ങളുടെ ഒരു ഘോഷ യാത്ര ആയിരുന്നു. ഓണപ്പാട്ടുകൾ, ഓണസ്മര ണകൾ, ലളിതഗാനങ്ങൾ തുടങ്ങി വിവിധങ്ങളായ പ്രകടനങ്ങൾ ആയിരുന്നു അരങ്ങേറിയത്.

ഉച്ചയ്ക്ക് ഒരു മണിക്ക് ഓണസ്സദ്യ ആരംഭിച്ചു. ധനേഷ് വർമ്മയുടെ നേതൃത്വത്തിൽ 'ടേസ്റ്റ് ഓഫ് നൈഷധം' ഒരുക്കിയ ഓണസ്സദ്യ വളരെ സ്വാദിഷ്ട മായിരുന്നു.

ഉച്ച കഴിഞ്ഞ് രണ്ടു മണിക്ക് വനിതാവേദിയുടെ കൈകൊട്ടിക്കളിയോടെ അടുത്ത ഘട്ടം ആരംഭിച്ചു. കൈകൊട്ടിക്കളിക്കു ശേഷം നീരജാ വർമ്മ, അരുന്ധതി വർമ്മ എന്നിവരുടെ നേതൃത്വത്തി ലുള്ള നൃത്തനൃത്ത്യങ്ങൾ ആയിരുന്നു. അതിനു ശേഷം കസേരകളി, അപ്പം കടി, സ്പൂൺ റേസ് എന്നിങ്ങനെ പല മത്സരങ്ങളും നടന്നു. അവസാന ഇനം ആയി നടന്ന വടംവലി മത്സരങ്ങളും വളരെ ആവേശകരമായിരുന്നു. നമ്മുടെ കുടുംബാംഗ ങ്ങളെല്ലാവരും പൂർണ്ണമായും ഓണാഘോഷത്തിൽ പങ്കെടുത്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വൈകിട്ട് 5.30 ഓടെ കരപ്പുറം ക്ഷത്രിയ സഭയുടെ 1200-ാമാണ്ടിലെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## പിലാത്തറ

ക്ഷത്രിയ ക്ഷേമ സഭ, പിലാത്തറ യൂണിറ്റിന്റെ കുടുംബ സംഗമവും എൻഡോവ്മെന്റ് വിതര ണവും ഒക്ടോബർ 2 ബുധനാഴ്ച മാതമംഗല ത്തുള്ള വയത്തൂർ കാലിയാർ ശിവക്ഷേത്ര ഓഡി റ്റോറിയത്തിൽ വച്ച് പ്രൗഢഗംഭീരമായി നടന്നു.

കൃത്യം 10 മണിക്ക് നടന്ന സാംസ്കാരിക സദ സ്സിന് യൂണിറ്റ് സെക്രട്ടറി എസ്.കെ. മനോജ്കുമാർ സ്വാഗതമരുളി. സഭയുടെ പ്രസിഡണ്ടും സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ പി കെ മോഹനവർമ്മ അധ്യക്ഷസ്ഥാനം ഏറ്റെടുത്തു.



മുൻ ബദരീനാഥ് റാവൽജി ഈശ്വര പ്രസാദ് നമ്പൂതിരി, വടക്കേ ചന്ദ്രമന ഇല്ലം പെരിയാട്ട്, (മണ്ടൂർ) ചടങ്ങിന് ദീപപ്രോജ്ജ്വലനവും അനു ഗ്രഹ പ്രഭാഷണവും നടത്തി ചടങ്ങ് മഹത്തരക്കി ത്തീർത്തു.

രക്ഷാധികാരി രാമകൃഷ്ണൻ കെ എൻ, ട്രഷറർ ജനാർദ്ദനൻ സി, നളിനാക്ഷൻ മാസ്റ്റർ എസ് കെ, സഭയുടെ വനിതാ വിഭാഗം പ്രസിഡന്റ് സോമേശ്വരി വി.ടി., എക്സിക്യൂട്ടീവ് അംഗം സജിൻ മാസ്റ്റർ, സംസ്ഥാന കമ്മിറ്റി അംഗം പ്രദീപ് കുമാർ പി എം, എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. സംസ്ഥാന കമ്മിറ്റി അംഗം സി കെ പുരുഷോത്തമൻ ചടങ്ങിന് നന്ദി അർപ്പിച്ചു.

തുടർന്ന് 1000 രൂപയുടെ ക്യാഷ് പ്രൈസും മെമെന്റോയും വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നൽകുകയുണ്ടായി.

സഭയിലെ അംഗവും പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. പി.എം. മധുവിന് സഭ സ്നേഹാദരവ് നൽകി.

തുടർന്ന് കലാപരിപാടികൾ ആരംഭിച്ചു, സഭയുടെ വനിതാ വിഭാഗം അവതരിപ്പിച്ച തിരുവാതിരകളി ഏറെ പ്രശംസ പിടിച്ചുപറ്റി. തുടർന്ന് കുച്ചിപ്പുടി, ഡാൻസ് എന്നീ കലാ പരിപാടികളുടെ അവതരണം നടന്നു. കവിത പാരായണം, സിനിമാ ഗാനാലാപനം എന്നിവയ്ക്ക് ശേഷം വിഭവസമൃദ്ധമായ ഉച്ചഭക്ഷണം.

തുടർന്ന് മെഗാ ക്വിസിനു ശേഷം കായിക വിനോദ പരിപാടികൾ ആരംഭിച്ചു. കുളംകര, ലെമൺ സ്പൂൺ, ബലൂൺ കീപ്പിംഗ്, കസേരകളി തുടങ്ങിയ കായിക വിനോദ പരിപാടികൾ ചടങ്ങിന് മാറ്റു കൂട്ടി. നാലുമണിക്ക് നടന്ന മെഗാ ലക്കി ഡിപ്പ് ഡോ. കീർത്തന എൻ.പി. ക്ക് ലഭിച്ചു.

എല്ലാ പരിപാടികളിലും പങ്കെടുത്ത സഭാംഗങ്ങൾക്ക് സമ്മാനദാനം സഭയിലെ പ്രമുഖരായ വ്യക്തികൾ നൽകുകയും, തുടർന്ന് ദേശീയഗാനത്തോടെ ചടങ്ങിന് തിരശ്ശീല വീഴുകയും ചെയ്തു.

## കരിവെള്ളൂർ

**കരിവെള്ളൂരിൽ വെച്ച് നടന്ന സംസ്ഥാന കമ്മിറ്റി യോഗം - ഒരു അവലോകനം**

ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന കമ്മിറ്റി യോഗം 01-09-2024 ഞായറാഴ്ച്ച കരിവെള്ളൂർ യൂനിറ്റ് പ്രസിഡണ്ട് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. 31-08-2024-ന് വൈകുന്നേരത്തോടെ കുറ്റിലഞ്ഞി, ചാലക്കുടി, തിരുവല്ല, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്നും എത്തിച്ചേർന്ന പതിമൂന്നോളം പ്രതിനിധികൾക്ക് താമസ സൗകര്യവും രാത്രി ഭക്ഷണവും യാത്രാ സൗകര്യവും ഒരുക്കുകയുണ്ടായി. ഒന്നാം തീയതി രാവിലെ 'മാവേലി എക്സ്പ്രസ്സ്' ട്രെയിനിൽ എത്തിയ സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രതിനിധികളെ റെയിൽവേ സ്റ്റേഷനിൽ എത്തി സ്വീകരിച്ച് സമ്മേളന സ്ഥലത്ത് എത്തിക്കുന്നതിന് യൂണിറ്റ് ട്രഷറർ എൻ.കെ.കെ. ഉണ്ണിത്തിരി പ്രത്യേകം ശ്രദ്ധിച്ചത് ശ്ലാഘനീയമാണ്. ബ്രേക്ക് ഫാസ്റ്റ്, വിഭവ സമൃദ്ധമായ ഉച്ചഭക്ഷണം എന്നിവയും യൂണിറ്റ് ഏർപ്പെടുത്തുകയുണ്ടായി. പതിനൊന്നോളം യൂണിറ്റുകളിൽ നിന്നായി 37 പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. രാവിലെ 10 മണിക്ക് യോഗ നടപടികൾ ആരംഭിച്ചു. ഈശ്വര പ്രാർത്ഥനയ്ക്ക് ശേഷം യൂണിറ്റ് പ്രസിഡന്റ് സ്വാഗതം



പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ഡോ. ലളിതാംബിക നിലവിളക്ക് തെളിയിച്ച് ഉൽഘാടനം ചെയ്തു. തുടർന്ന് ജനറൽ സെക്രട്ടറി അനുശോചന പ്രമേയം അവതരിപ്പിച്ചു. വയനാട് ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട സഹോദരങ്ങൾക്കും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നമ്മെ വിട്ടുപിരിഞ്ഞ കുടുംബാംഗങ്ങളുടെ ദേഹവിയോഗത്തിലും അനുശോചനം രേഖപ്പെടുത്തി. തുടർന്ന് ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ പ്രവർത്തന റിപ്പോർട്ടും, ട്രഷറർ സൂര്യകുമാർ വർമ്മ വരവ്-ചെലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം റിപ്പോർട്ടും വരവ്-ചെലവ് കണക്കും അംഗീകരിച്ച് പാസാക്കി. തുടർന്ന് REACT ന്റെ പ്രവർത്തനങ്ങളെ കുറിച്ച് REACT സെക്രട്ടറി പി.കെ. രഘുവർമ്മ വിശദമായി സംസാരിച്ചു. പിലാത്തറ യൂണിറ്റ് സെക്രട്ടറി മനോജ് കുമാർ, കുറ്റിലഞ്ഞി സെക്രട്ടറി സുരേഷ് വർമ്മ, തിരുവനന്തപുരം യൂണിറ്റ് സെക്രട്ടറി ജയചന്ദ്ര വർമ്മ, ദക്ഷിണ മേഖല സെക്രട്ടറി സഞ്ജയ് വർമ്മ, ഉത്തര മേഖല സെക്രട്ടറി വി. സി. കൃഷ്ണവർമ്മ രാജ, സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ, സംസ്ഥാന ജോ.

സെക്രട്ടറി പി.കെ. മോഹനവർമ്മ, ചാലക്കുടി യൂണിറ്റ് സെക്രട്ടറി നന്ദകുമാർ വർമ്മ, കോഴിക്കോട് യൂണിറ്റ് സെക്രട്ടറി ഹരിപ്രസാദ് വർമ്മ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ഭാവി പരിപാടികൾ സംബന്ധിച്ച് ജനറൽ സെക്രട്ടറി വിശദമായ രൂപരേഖ അവതരിപ്പിച്ച് സംസാരിച്ചു. യോഗത്തിൽ വെച്ച് യൂണിറ്റിലെ സംസ്ഥാന കമ്മിറ്റി അംഗം വി.എം. ദാമോദരൻ REACT ലേക്കുള്ള സംഭാവനയായി 10,000/– രൂപയുടെ ചെക്ക് REACT സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കൈമാറി. ഉത്തര മേഖല സെക്രട്ടറി വി.സി. കൃഷ്ണവർമ്മ രാജ നന്ദി പ്രകാശിപ്പിച്ചു. 2 മണിക്ക് യോഗ നടപടികൾ അവസാനിച്ചു. തുടർന്ന് യൂണിറ്റ് ഏർപ്പെടുത്തിയ വിഭവസമൃദ്ധമായ സദ്യ കഴിച്ച് പ്രതിനിധികൾ മടങ്ങി. യോഗത്തിന് എല്ലാ വിധ സഹായ സഹകരണങ്ങളും നൽകിയ പി.എം. പ്രദീപ്കുമാർ, സി. ജനാർദ്ദനൻ, എൻ.കെ. പരമേശ്വരൻ, ഇ.എം. കൃഷ്ണകുമാർ, എൻ.പി. കുഞ്ഞിനാരായണൻ, സി.കെ. രാഘവൻ, യൂണിറ്റ് വനിത വിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത, യൂണിറ്റ് ഭാരവാഹികൾ, സംസ്ഥാന കമ്മിറ്റി അംഗങ്ങൾ എന്നിവർ അർഹിക്കുന്നു.

### യൂണിറ്റ് ഭരണസമിതി യോഗം

യൂണിറ്റ് ഭരണ സമിതി യോഗം 28-09-2024 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വെച്ച് നടന്നു. യോഗത്തിൽ വി.എം. ദാമോദരൻ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി റ്റി.എം. ശ്രീകുമാർ റിപ്പോർട്ടും ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ്-ചെലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. 01-09-2024 ന് നടന്ന സംസ്ഥാന കമ്മിറ്റി യോഗത്തെക്കുറിച്ച് സെക്രട്ടറി അവലോകന റിപ്പോർട്ട് സമർപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഇ.എം. കൃഷ്ണകുമാർ, റ്റി.എം. രാധാകൃഷ്ണൻ, ഇ.എം. ഗോവിന്ദൻ, എൻ.പി. കാമാക്ഷി വർമ്മ, എന്നിവർ പങ്കെടുത്തു. തുടർന്ന് മഹാറാണി സേതു പാർവ്വതി ഭായ് സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ചെക്കുകൾ ദിവ്യ സി.എം. D/o ഇ.എം. കൃഷ്ണകുമാർ, ശ്രീഹരി കെ.ഇ. S/o എൻ.എം. പവിത്രചന്ദ്രൻ, ഗോപിക എൻ.പി. D/o രാജശ്രീ സുഭാഷ്, വിസ്മയ ജി.കെ. D/o ഇ.എം. ഗോവിന്ദൻ എന്നിവർക്ക് കൈമാറി. യോഗത്തിൽ എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. ചായ സൽക്കാരത്തിന് ശേഷം യോഗം 5 മണിക്ക് അവസാനിച്ചു.

### ശ്രീ കാമാക്ഷി ക്ഷേത്രം നവരാത്രി ആഘോഷം

ശ്രീ കാമാക്ഷി ക്ഷേത്രത്തിലെ നവരാത്രി ആഘോഷം 03-10-2024 മുതൽ 13-10-2024 വരെയുള്ള ദിവസങ്ങളിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. രാവിലെ അഷ്ടദ്രവ്യ ഗണപതി ഹോമം, ഉഷപൂജ, ഉച്ചപൂജ, ദീപാരാധന, അത്താഴപൂജ ചുറ്റുവിളക്ക്, അലങ്കാരപൂജ, തായമ്പക, തിടമ്പുനൃത്തം, വാഹനപൂജ, ഗ്രന്ഥം വെയ്ക്കൽ, ഗ്രന്ഥം എടുക്കൽ, എന്നിവയോടെ വളരെ ഭംഗിയായി അവസാനിച്ചു. ക്ഷേത്ര ചടങ്ങുകൾക്ക് മേൽശാന്തിയുടെ നേതൃത്വത്തിൽ കാമാക്ഷി ട്രസ്റ്റ് പ്രസിഡന്റ് അഡ്വ. സി.കെ. രാമചന്ദ്രൻ, വൈസ് പ്രസിഡന്റ് എൻ.കെ.കെ. ഉണിത്തിരി, സെക്രട്ടറി ഇ.എം. കൃഷ്ണകുമാർ, ട്രഷറർ എൻ.പി. കാമാക്ഷിവർമ്മ, സി.കെ. ഹരിദാസൻ നമ്പ്യാർ, എൻ.പി. ബാലകൃഷ്ണൻ, രാധാമണി ആർ. വർമ്മ, എൻ.പി. പുരുഷോത്തമൻ, പി. കലാധരൻ എന്നിവർ നേതൃത്വം നൽകി.

എല്ലാ ദിവസവും ക്ഷേത്ര ആഘോഷ കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവാതിര, നൃത്തസന്ധ്യ, നൃത്തോത്സവം, ഫ്യൂഷൻ, ഓട്ടൻതുള്ളൽ, കരാക്കേ ഗാനമേള, മധുരഗീതം, നൃത്യനൃത്ത്യങ്ങൾ, ശക്തിനൃത്ത സമന്വയം എന്നീ പരിപാടികൾ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ അരങ്ങേറി. സമാപന ദിവസമായ ദശമിനാളിൽ വിപുലമായ തോതിൽ അന്നദാനവുമുണ്ടായി. അന്നദാനത്തിൽ രണ്ടായിരത്തോളം പേർ പങ്കെടുത്തു. ആഘോഷ ക്കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന പരിപാടികൾക്ക് ആഘോഷ കമ്മിറ്റി പ്രസിഡന്റ് രാഘവൻ, സെക്രട്ടറി ബിജു, ട്രഷറർ സി.കെ. നാരായണൻ, എൻ.പി. രവിവർമ്മ, എം. സുധീർ, എൻ.വി. സന്തോഷ്, കെ.വി. ഗംഗാധരൻ, എ. ശശിധരൻ, കെ. വിനോദ് മാസ്റ്റർ, എൻ.എം. രാധാകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. കഴിഞ്ഞ വർഷത്തെ നവരാത്രി ആഘോഷം വരെ ഉത്സവ പരിപാടികളിൽ നിറസാന്നിദ്ധ്യമായിരുന്ന ശ്രീ. കാമാക്ഷി ട്രസ്റ്റിലെ പാരമ്പര്യ ട്രസ്റ്റിയും ട്രസ്റ്റ്

മുൻ പ്രസിഡന്റും റിട്ട. പ്രധാന അദ്ധ്യാപകനും ഇപ്പോഴത്തെ ഭരണസമിതി അംഗവുമായ പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടിയുടെയും, പാരമ്പര്യ ട്രസ്റ്റിയും ഭരണസമിതി അംഗവും റിട്ട. അദ്ധ്യാപികയും സർവ്വോപരി ട്രസ്റ്റിന്റെ എല്ലാമെല്ലാമായ കമലാക്ഷി ടീച്ചറുടെയും ആകസ്മിക ദേഹ വിയോഗം ട്രസ്റ്റിന്റെ തുടർപ്രവർത്തനങ്ങൾക്ക് നികത്താനാവാത്ത നഷ്ടമാണ്. ഇവർ രണ്ടുപേരും തെളിയിച്ച പാതയിലൂടെ ട്രസ്റ്റിന്റെ പ്രവർത്തനവുമായി മുന്നോട്ട് പോകും എന്ന് പ്രത്യാശിക്കുന്നു.

## തൃശ്ശൂർ

തൃശ്ശൂർ ക്ഷത്രിയ ക്ഷേമസഭയുടെ 2024 ലെ ഓണാഘോഷവും 2023-24 ജനറൽ ബോഡിയും 29-9-2024 ന് തൃശ്ശൂർ പഴയ നടക്കാവിലുള്ള ലക്ഷ്മീ കല്ല്യാണമണ്ഡപത്തിൽ വെച്ച് കാലത്ത് 10.30 മണിക്ക് പ്രസിഡന്റ് ഡോ. പി.സി. സുധീർ വർമ്മയുടെ അദ്ധ്യക്ഷതയിൽ സുമിത്രാ വർമ്മയുടെ പ്രാർത്ഥനാലാപനത്തോടെയാരംഭിച്ചു. വി. എൻ. മനോജ് വർമ്മ പരിപാടികളുടെ നോട്ടീസ് വായിച്ച് യോഗത്തെയറിയിക്കുകയും സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം ആശംസിക്കുകയും ചെയ്തു.




രക്ഷാധികാരിയായ പി.സി. പ്രഹ്ളാദൻ വർമ്മ വിളക്കുകൊളുത്തി ഓണാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അദ്ധ്യക്ഷൻ വളരെ ലഘുവായ രീതിയിൽ ഉപക്രമ പ്രസംഗം അവതരിപ്പിച്ചു. അതിൽ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളെയും അതിൽ ആത്മാർത്ഥമായി സഹകരിച്ച ഭരണസമിതിയംഗങ്ങളെയും പ്രത്യേകം അനുമോദിച്ചു. തുടർന്ന് വൈദ്യരത്നം പത്മഭൂഷൺ രാഘവൻ തിരുമുൽപ്പാട് മെമ്മോറിയൽ വിദ്യാഭ്യാസ നിധി പുരസ്ക്കാരം താഴെ പറയുന്ന കുട്ടികൾക്ക് കക്കാട് കാരണവപ്പാട് മണക്കുളം ദിവാകര രാജ നൽകുകയുണ്ടായി.

■ + 2 സ്റ്റേറ്റ് സിലബസ് - സയൻസ് സ്കീം എല്ലാ വിഷയങ്ങൾക്കും A+

■ കേരള എഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്ക്.

■ +2 വിൽ കണക്കിന് 95% മാർക്ക് നേടി തിരുത്തൂർ മഠം കെ. രവി വർമ്മ മെമ്മോറിയൽ ക്യാഷ് അവാർഡിനും അർഹനായ **അദ്വൈത് എം. വർമ്മ** (S/o എം.കെ. മധു & ആർ.എസ്. അഞ്ചന വർമ്മ (മാളിയേക്കൽ കോവിലകം, വെള്ളാങ്കല്ലൂർ).

■ + 2 സ്റ്റേറ്റ് സിലബസ് - ഹ്യുമാനിറ്റീസ്

**ശ്രീരഞ്ജിനി വർമ്മ** (D/o കെ. രാജേഷ് വർമ്മ കൊരട്ടി & ശ്രീജ വർമ്മ, നടുവിൽമഠം തിരുത്തൂർ).

കൂടാതെ ഹരിദേവ് വർമ്മയ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ലുധിയാനയിലെ പഞ്ചാബ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നടന്ന മുപ്പത്തിയേഴാമത് National Inter University Youth Festival ലിലെ ഡിബേറ്റിൽ നല്ല പ്രകടനം കാഴ്ചവച്ചതിന് പ്രത്യേക ആദരവും അനുമോദനവും സമ്മാനവും നൽകി.

തുടർന്ന് കലാപരിപാടികൾ ആരംഭിച്ചു. വൈഷ്ണവി വർമ്മ, മോധാ വർമ്മ, അദിതി വർമ്മ, ശ്രീരഞ്ജിനി വർമ്മ, പ്രിയ വർമ്മ, ഷേണിയ വർമ്മ എന്നിവർ വിവിധയിനം നൃത്തങ്ങൾ അവതരിപ്പിച്ചു. ശ്രീമതിമാർ പ്രിയാ വർമ്മ, രാജി മണികണ്ഠൻ വർമ്മ, ജയന്തി രാമചന്ദ്ര വർമ്മ, സുമിത്രാ സുധീരൻ വർമ്മ, സുധ സനത്കുമാർ വർമ്മ, സജിത രാമവർമ്മ, സന്ധ്യ പ്രവീൺ വർമ്മ, ഡോ. ഷേണിയ വർമ്മ, സുധാ രാജേഷ് വർമ്മ, കുമാരി അദിതി രാജേഷ് വർമ്മ എന്നിവർ ചേർന്ന് കൈകൊട്ടിക്കളി മനോഹരമാക്കി. ഡോ. കൃഷ്ണൻ നമ്പൂതിരി, കിഷോർ അനിയൻ, സുചിത്രാ വർമ്മ, മനോജ് വർമ്മ എന്നിവർ ഗാനങ്ങൾ ആലപിച്ചു. തുടർന്ന് ഓണാഘോഷങ്ങൾക്ക് ഒരു ഇടവേള കൊടുത്ത് സഭയുടെ വാർഷിക സമ്മേളനം ആരംഭിച്ചു. സെക്രട്ടറി ശങ്കർ വർമ്മ സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ അദ്ദേഹത്തിന്റെ ഉപക്രമ പ്രസംഗത്തിൽ സഭയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനാവലോകനം വിവരിക്കുകയും അതിൽ ആത്മാർത്ഥമായി സഹ

കരിച്ച ഭരണസമിതിയംഗങ്ങളെയും പ്രത്യേകം അനുമോദിച്ചു. ഭാവി പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് അവതരിപ്പിക്കുകയും അത് വർക്കൗട്ട് ആക്കുവാൻ എല്ലാ അംഗങ്ങളുടെയും ഭരണസമിതിയുടെ സഹകരണം അപേക്ഷിക്കുകയും ചെയ്തു. സഭയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചും ഭാവി പരിപാടികളെക്കുറിച്ചും സംസാരിച്ചു.

പിന്നീട് നടന്ന പ്രമേയ അവതരണത്തിൽ ഒന്നാം പ്രമേയം പി.സി. ദിലീപ് വർമ്മ അവതരിപ്പിച്ചു. അതിനെ രവീന്ദ്ര വർമ്മ Second ചെയ്തു. വിഷയം 'വരിസംഖ്യാവർദ്ധനവും പ്രാഥമിക അംഗത്വ ഫീസ് വർദ്ധനവും' എന്നതായിരുന്നു. അത് പൊതുയോഗം പാസ്സാക്കി. സെക്രട്ടറി ശങ്കർ വർമ്മ വിദ്യാഭ്യാസ പുരസ്ക്കാരത്തിന്റെ സുഗമമായ നടത്തിപ്പിന് അനുയോജ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഭരണസമിതിക്ക് അനുവാദം നൽകണം എന്ന് ആവശ്യപ്പെട്ട് രണ്ടാമത്തെ പ്രമേയം അവതരിപ്പിച്ചു. അത് പി.സി. സനത് കുമാർ വർമ്മ second ചെയ്തു. ഇതും പൊതുയോഗം അംഗീകരിച്ചു. തുടർന്ന് നിലവിലുള്ള ഭരണസമിതിയെ അദ്ധ്യക്ഷൻ പിരിച്ചുവിട്ടതായും പുതിയ ഭരണസമിതി തിരഞ്ഞെടുക്കുവാൻ വരണാധികാരിയായി പ്രൊഫ. മായാവർമ്മയെ ക്ഷണിക്കുകയും ചെയ്തു. 2024–26 കാലഘട്ടത്തിലേക്ക് താഴെ പറയുന്ന മെമ്പർമാരെ ഔദ്യോഗിക ഭാരവാഹികളായും കമ്മിറ്റി മെമ്പർമാരായും തിരഞ്ഞെടുത്തു.

പ്രസിഡന്റ് – ഡോ. പി.സി. സുധീർ വർമ്മ, വൈസ്. പ്രസിഡന്റ് – എ.കെ. കേരള വർമ്മ, സെക്രട്ടറി – ശങ്കർ വർമ്മ, ജോ. സെക്രട്ടറി – പ്രവീൺ വർമ്മ, ട്രഷറർ – പി.സി. ദിലീപ് വർമ്മ

ഭരണസമിതിയംഗങ്ങൾ – വി.എൻ. മനോജ് വർമ്മ, പി.സി. സനത് കുമാർ വർമ്മ, പി.വി. രവി വർമ്മ, എഞ്ചി. എ.കെ. രവീന്ദ്ര വർമ്മ, രാജേഷ് വർമ്മ ആർ., മഹേശ്വരൻ സി., അംബിക റ്റി.ആർ., രേണുക രാജ, പ്രിയ വർമ്മ.

പിന്നീട് സെക്രട്ടറി 2023–24 ലെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. കഴിഞ്ഞ ഒരു വർഷം 10 ഭരണസമിതി യോഗങ്ങളും 2 പ്രത്യേക യോഗങ്ങളും നടത്തുകയുണ്ടായി എന്ന് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. സഭയുടെ വിദ്യാഭ്യാസ പുരസ്ക്കാരത്തിന്റെയും REACT & Pain Palliative Care Society തുടങ്ങിയ സംഘടനകൾക്ക് മെമ്പർമാരുടെ സഹായത്താലും നല്ലൊരു തുക സംഭാവനയായി നൽകുവാൻ സാധിച്ചു എന്നും പരാമർശിച്ചിരുന്നു. പിന്നീട് ട്രഷറർ പി.സി. ദിലീപ് വർമ്മ 2024 മാർച്ച് 31 വരെയുള്ള ആഡിറ്റഡ് വരവ്–ചെലവ് കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ചർച്ചയിൽ സഭാംഗങ്ങളുടെ സംശയ നിവാരണത്തിനു ശേഷം സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച വാർഷിക കണക്കുകളും പൊതുയോഗം പാസ്സാക്കി.

പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണത്തിനു ശേഷം ജോ. സെക്രട്ടറി പ്രവീൺ വർമ്മയുടെ നന്ദിപ്രകാശനത്തോടെ യോഗം അവസാനിച്ചു.

തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയ്ക്കു ശേഷം പി.സി. സനത്കുമാർ വർമ്മ, അങ്കിത് വർമ്മ, എന്നിവരുടെ കഥാകഥനവും കൃഷ്ണകുമാർ വർമ്മയുടെ നർമ്മഭാഷണവും നടന്നു. അന്നദാതാവായ ഹരിവർമ്മ തൈക്കൂട്ട്മഠം അഞ്ചേരിയെ ആദരിച്ച് പതിവുപോലെ സദസ്യരിൽ നിന്ന് ക്ഷമാശീല അവർഡ്, സ്പോൺസർമാരിൽ നിന്ന് ഒരാൾക്ക് അവാർഡ് എന്നിവ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു. വൈകിട്ട് 4 ന് ദേശീയ ഗാനാലാപനത്തോടെ ഈ വർഷത്തെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## കോട്ടയം

കോട്ടയത്ത് നടന്ന വാർഷിക സമ്മേളനത്തിനു ശേഷം പുതിയ ഭാരവാഹികളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും യോഗം മറിയപ്പള്ളിയിൽ ചേർന്നു. ഭാരവാഹികൾ ചുമതലയേറ്റെടുത്തു. സഭയുടെ ഒരു വർഷത്തെ പ്രവർത്തന കലണ്ടർ തയാറാക്കി. രാമായണ മാസാചരണത്തിന്റെ ഭാഗമായി യൂണിറ്റിന്റെ നേതൃത്വത്തിൽ പാലാ രാമപുരം നാലമ്പല ദർശനം നടത്തി. 21 പേർ പങ്കെടുത്തു. രാമായണം ക്വിസ് മത്സരം നടത്തി. എൻ.എം. മല്ലികാ റാണി നേതൃത്വം വഹിച്ചു. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ഓഗസ്റ്റ് 15നു കൊല്ലം അഷ്ടമുടിക്കായലിലേക്ക് വിനോദ യാത്രയും നടത്തി. 26 പേർ പങ്കെടുത്തു. അതിനു ശേഷം യൂണിറ്റിന്റെ ഓണാഘോഷവും കുടംബ മേളയും നടത്തി. വനിതാ വിഭാഗം അത്ത



പ്പൂക്കളം ഒരുക്കി. യൂണിറ്റ് പ്രസിഡന്റ് ആത്മജ വർമ്മ തമ്പുരാൻ അധ്യക്ഷത വഹിച്ചു. നോവലിസ്റ്റും എഴുത്തുകാരനും മലയാള മനോരമ സീനിയർ അസി. എഡിറ്ററുമായ വി.കെ. രവിവർമ്മ തമ്പുരാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രക്ഷാധികാരി യു. അജിത് വർമ്മ, ടി.എം. രാംജി വർമ്മ, ദീപേഷ് വർമ്മ, അനൂപ് വർമ്മ എന്നിവർ പ്രസംഗിച്ചു. ദാമ്പത്യത്തിൽ 50 വർഷം പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിച്ചു. എൻ.എം. മല്ലികാറാണി ഓണ സന്ദേശം നൽകി. തിരുവാതിരകളി, സംഘഗാനം, സുന്ദരിക്ക് പൊട്ടുകുത്തൽ തുടങ്ങിയ വിവിധ പരിപാടികൾ അവതരിപ്പിച്ചു. ഓണ സദ്യയോടെ കുടുംബ സംഗമം സമാപിച്ചു.

**അഷ്ടമുടിക്കായൽ കൺനിറയെ കണ്ടു - ടി.എം. രാംജി വർമ്മ**

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ 'സീ അഷ്ടമുടി' ബോട്ട് യാത്രയിലൂടെ അഷ്ടമുടിയെ മനം നിറയെ കണ്ട് ആസ്വദിച്ച് യുണിറ്റ് അംഗങ്ങൾ. മിത്തും ഐതിഹ്യങ്ങളും കലർന്ന അഷ്ടമുടികളിലൂടെയുള്ള യാത്ര ഹൃദ്യമായി. എട്ടു ശാഖകൾ (മുടികൾ) ചേർന്നതാണ് അഷ്ടമുടി. തേവള്ളിക്കായലിൽ നിന്നാരംഭിച്ച് കണ്ടച്ചിറ, കുരീപ്പുഴ, തെക്കുംഭാഗം, കല്ലട അഥവാ മഞ്ഞപ്പാടം കായൽ വഴി പെരുമൺ, കാഞ്ഞിരോട്, കുമ്പളം കായൽ ഭാഗങ്ങളിലൂടെയുള്ള യാത്രയോടെ അഷ്ടമുടിക്കു വലം വച്ചു സാമ്പ്രാണിക്കോടിയും തങ്കശ്ശേരി ലൈറ്റ് ഹൗസും അംഗങ്ങൾക്ക് വേറിട്ട അനുഭവമായി. പാട്ടും ഡാൻസുമായി വനിതാ വിഭാഗം ആഘോഷം കൂടുതൽ മനോഹരമാക്കി.

## തിരുവല്ല

ക്ഷത്രിയ ക്ഷേമസഭയുടെ പൊതുയോഗവും പൊതുസമ്മേളനവും 20-10-2024 ഞായറാഴ്ച തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിനു മുൻപുള്ള സത്രം ഹാളിൽവച്ച് നടന്നു പൊതുയോഗത്തിൽ പ്രസിഡന്റ് പി.ആർ. വർമ്മ അധ്യക്ഷനായിരുന്നു സെക്രട്ടറി മോഹനവർമ്മ റിപ്പോർട്ടും ട്രഷറർ ശ്രീകുമാർ കണക്കുകളും ബഡ്ജറ്റും അവതരിപ്പിച്ചു റിപ്പോർട്ടും കണക്കുകളും പാസ്സാക്കാമെന്ന് രാജരാജവർമ്മ അറിയിക്കുകയും മറ്റുള്ള അംഗങ്ങൾ കയ്യടിച്ച് പാസാക്കുകയും ചെയ്തു. അതിനു ശേഷം പൊതുസമ്മേളനം നടന്നു പൊതുസമ്മേളനത്തിന്റെ അധ്യക്ഷൻ തിരുവല്ല യൂണിറ്റിന്റെ പ്രസിഡന്റ് പി.ആർ. വർമ്മ ആയിരുന്നു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തത് കേന്ദ്രസഭ പ്രസിഡന്റ് ഡോ. എം. ലളിതാംബിക ആണ്.




സെക്രട്ടറി വി.കെ. മധുകുമാർ വർമ്മയും ട്രഷറർ സൂര്യകുമാർ വർമ്മയും റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മയും ആശംസകൾ അർപ്പിച്ചു. വനിതാ വിഭാഗം പ്രസിഡന്റ് രാധികാ വർമ്മ വനിതാ വിഭാഗത്തിന്റെ റിപ്പോർട്ട്, യൂത്ത് വിങ്ങിന്റെ സംസ്ഥാന പ്രസിഡന്റ് ഋഷികേശ് വർമ്മ യൂത്ത് വിങ്ങിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. സമ്മേളനത്തിൽ എല്ലാ വർഷവും ചെയ്യുന്നതുപോലെ ആദരിക്കുക എന്ന ചടങ്ങു നടന്നു. ഇതിൽ ആദരിക്കപ്പെട്ടത് സി.പി.കെ. ജയകുമാർ വർമ്മ, സുരേഷ് കുമാർ വർമ്മ, ദുർഗാംബിക പി. വർമ്മ എന്നിവ

രാണ്. പി.കെ. ജയകുമാർ വർമ്മയ്ക്ക് കാര്യസ്ഥൻ അവാർഡു നൽകിയും സുരേഷ് വർമ്മയ്ക്ക് അദ്ദേഹത്തിന്റെ സാഹിത്യമേഖലയിലെ മികച്ച പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഷാളും ഫലകവും നൽകിയും കുമാരി ദുർഗാംബിക പി. വർമ്മയ്ക്ക് മുംബൈയിൽ വച്ച് നടന്ന പതിനാലാമത് ഐ.എഫ്.പി ഫെസ്റ്റിവലിൽ പോസ്റ്റർ മത്സരത്തിൽ പ്ലാറ്റിനം അവാർഡ് ലഭിച്ചതിനു ഫലകം നൽകിയും ആണ് ആദരിച്ചത്. കൂടാതെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണവും നടന്നു. പുതിയ ഭാരവാഹികളായി പി.ആർ. വർമ്മ പ്രസിഡന്റായും സജീവ് കെ. വർമ്മ സെക്രട്ടറിയായും ശ്രീകുമാർ കർത്താ ട്രഷറർ ആയും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരിവാഹികൾക്ക് അഭിനന്ദനങ്ങൾ.

## വെള്ളാരപ്പിള്ളി

സഭയുടെ 2023-24 വർഷത്തെ വാർഷിക ഓണാഘോഷ പരിപാടികൾ 2024 സെപ്റ്റംബർ 22 തീയതി കോയിക്കൽ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് ഭംഗിയായി നടക്കുകയുണ്ടായി.

2024 സെപ്റ്റംബർ 22-ാം തീയതി രാവിലെ 9 മണിയോടെ വാർഷിക ഓണാഘോഷ പരിപാടികൾ ആരംഭിച്ചു. ഭംഗിയായി അലങ്കരിച്ച ഒരു പൂക്കളം ഒരുക്കിയിരുന്നു തുടർന്ന് സഭയുടെ വനിതാംഗങ്ങൾ അവതരിപ്പിച്ച മനോഹരമായ തിരുവാതിരകളിയും ഉണ്ടായിരുന്നു തുടർന്ന്



കുട്ടികളുടെ കലാപരിപാടികൾ നടത്തുകയുണ്ടായി ഉച്ചയ്ക്ക് ഒരുമണിയോടെ ഓണസ്സദ്യയും ഉണ്ടായിരുന്നു.

വെള്ളാരപ്പിള്ളി സഭയുടെ പ്രസിഡന്റ് രഘുവർമ്മ രാജായുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് രണ്ടുമണിയോടെ പൊതുയോഗ നടപടികൾ ആരംഭിച്ചു. ഈശ്വര പ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. യോഗത്തിൽ ഇക്കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സഭാംഗങ്ങളെയും അഭ്യുദയകാംക്ഷികളുടെയും ദേഹ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തി.

തുടർന്ന് തൻവർഷം സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. വർഷം അഞ്ചോളം കമ്മിറ്റികൾ കൂടുകയുണ്ടായി. തുടർന്ന് വിദ്യാഭ്യാസ പുരസ്കാരങ്ങൾ നൽകുകയുണ്ടായി.

നിഖിതാ വർമ്മ-എസ്.എസ്.എൽസി. ഫുൾ എ പ്ലസ്, നിരഞ്ജന വർമ്മ-സി.ബി.എസ്.ഇ. എസ്.എസ്.എൽസി 97%, രാകേന്ദു എൻ.വി.-എസ്.എസ്.എൽ.സി. ഫുൾ എ പ്ലസ്, രേവതി വർമ്മ-പ്ലസ് ടു ഫുൾ എ പ്ലസ്.

കൂടാതെ വടക്കേ കോവിലകം പ്രദീപൻ-രേണുക എന്നിവരുടെ മക്കൾ അനഘ ബോംബെ ഐ.ഐ.ടി.യിൽ നിന്ന് ഫിസിക്സിൽ പി.എച്ച്.ഡി.യും അപർണ്ണ കുസാറ്റിൽ നിന്നും മാത്സിൽ പി.എച്ച്.ഡി.യും നേടുകയുണ്ടായി. ഇവരെയും യോഗത്തിൽ ആദരിച്ചു.

തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച അടിയന്തര സഹായനിധി എന്ന പ്രമേയം സഭ അംഗീകരിക്കുകയും ആയതിലേക്ക് 17500 രൂപ ലഭിക്കുകയും ചെയ്തു. പുതിയതായി രണ്ടു ചിട്ടികൾ ആരംഭിച്ചു 16 തവണകളായി രണ്ടെണ്ണം ആണ് ആരംഭിച്ചത്.

ഹരിപ്പാട് ചെമ്പ്രോൽ കൊട്ടാരത്തിൽ വച്ച് നടന്ന സംസ്ഥാന വാർഷികത്തിന് വെള്ളാരപ്പിള്ളി യൂണിറ്റിൽ നിന്ന് 40 ഓളം പേർ പങ്കെടുക്കുകയുണ്ടായി. സംസ്ഥാന യൂത്ത് വിങ്ങ് സംഘടിപ്പിച്ച ക്രിക്കറ്റ് മത്സരത്തിൽ വെള്ളാരപ്പള്ളി യൂത്ത് വിങ് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. തുടർന്ന് ഫെബ്രുവരിയിൽ വെള്ളാരപ്പള്ളി യൂത്ത് വിങ്ങ് സംഘടിപ്പിച്ച ബാഡ്മിന്റൺ ടൂർണമെന്റ് വൻ വിജയകരമായിരുന്നു. 150 ഓളം പേർ പങ്കെടുത്ത

ടൂർണമെന്റിൽ സഭയുടെ വനിത ടീം ഡബിൾസിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി അമൃത, ശ്യാമിനി എന്നിവരാണ് മത്സരിച്ചത്. കൂടാതെ സംസ്ഥാന യൂത്ത് വിങ്ങ് തിരുവല്ലയിൽ സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിൽ വെള്ളാരപ്പിള്ളി യൂത്ത് വിങ്ങിന്റെ 'എ' ടീമിന് രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി.

തുടർന്ന് പൊതുയോഗത്തിൽ അടുത്ത രണ്ടു വർഷത്തേക്ക് ഉള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്– ശ്രീവിദ്യ ശ്രീകുമാർ കളപ്പാട്ടുമഠം. വൈസ് പ്രസിഡന്റ്– ശരണ്യ വർമ്മ, കോയിക്കൽ മഠം. സെക്രട്ടറി– ശർമ്മിള വർമ്മ, വൈഡൂര്യം. ജോയിന്റ് സെക്രട്ടറി– അമൃതവർമ്മ, സുരഭി, കോയിക്കൽ മഠം. ട്രഷറർ– രാമചന്ദ്രൻ കെ.ബി., മുല്ലശ്ശേരി മഠം.

കമ്മറ്റി അംഗങ്ങൾ– രഘു വർമ്മ രാജ, സുധീന്ദ്ര വർമ്മ, കാർത്തിക് വർമ്മ, ഇന്ദിരാ കെ., പത്മിനി, കെ.എം. രാമവർമ്മ, കെ. മുകുന്ദൻ, കെ. സുകുമാരൻ, കെ. സുജാത, വി.കെ. വിജയൻ, ഗിരീഷ് വർമ്മ, അനിൽ വർമ്മ, രവിവർമ്മ, ശ്രീകുമാർ ആർ., ദിലീപ് കപ്രശ്ശേരി, കെ. ഹരികൃഷ്ണൻ, സുമംഗലാ വർമ്മ.

സംസ്ഥാന കമ്മിറ്റിയിലേക്ക് പ്രതിനിധികളായി സുധീന്ദ്ര വർമ്മ, കാർത്തിക വർമ്മ എന്നിവരെയും തിരഞ്ഞെടുത്തു.

നന്ദി പ്രകാശനത്തോടെ 5.30 ന് യോഗ നടപടികൾ അവസാനിച്ചു.


## വെള്ളാരപ്പിള്ളി ഭാരവാഹികൾ



**ശ്രീവിദ്യ ശ്രീകുമാർ**
പ്രസിഡന്റ്



**ശർമ്മിള വർമ്മ**
സെക്രട്ടറി



**രാമചന്ദ്രൻ കെ.ബി.**
ട്രഷറർ

## വെള്ളാരപ്പിള്ളി വനിതാ വിഭാഗം ഭാരവാഹികൾ



**വി.കെ. രാധിക**
പ്രസിഡണ്ട്



**സുമംഗല വർമ്മ**
സെക്രട്ടറി



**സുജാത കെ.**
ട്രഷറർ

## ശ്രദ്ധാഞ്ജലി

### പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി



മഹാനായ ചരിത്ര പുരുഷൻ ദിവംഗതനായ ശ്രീ ശങ്കരനാഥ ജ്യോത്സ്യർ സ്ഥാപിച്ച ക്ഷത്രിയ കുടുംബ ഗൃഹമായ വങ്ങാട്ടു മഠത്തിലെ അവസാനത്തെ കാരണവരും ശ്രീ കാമാക്ഷി ട്രസ്റ്റിന്റെ സ്ഥാപകനും കരിവെള്ളൂർ അംശം അധികാരി (വില്ലേജ് ഓഫീസർ) യുമായിരുന്ന പരേതനായ വങ്ങാട്ട് കേപ്പു ഉണിത്തിരിയുടെയും പരേതയായ പി.കെ. ജാനകിയമ്മയുടെയും മകനും ശ്രീ കാമാക്ഷി ട്രസ്റ്റ് മുൻ പ്രസിഡന്റും ഭരണസമിതി അംഗവും റിട്ട. പ്രധാന അദ്ധ്യാപകനുമായ പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി (86) അന്തരിച്ചു. ഭാര്യ: പി.കെ. വിജയലക്ഷ്മി മക്കൾ പി.കെ. ജയകൃഷ്ണൻ (ജെ.കെ. ഡെന്റൽ ക്ലിനിക് ചെറുവത്തൂർ), അഡ്വ. പി.കെ. ജയനാരായണൻ (പയ്യന്നൂർ ബാർ), മരുമക്കൾ കെ. വേണുഗോപാൽ (റിട്ട. പ്രിൻസിപ്പാൾ, സകലേശ്പൂർ), ഡോ. രശ്മി ജയകൃഷ്ണൻ (ഡെന്റൽ കോളേജ് പരിയാരം), കെ.വി. റിജ (അദ്ധ്യാപിക. ചിന്മയ വിദ്യാലയം. അന്നൂർ).

### എം.സി. കേരളവർമ്മ രാജ



മങ്കട കോവിലകത്തെ എം.സി. കേരളവർമ്മ രാജ (71) അന്തരിച്ചു. ചളവറ ഹൈസ്കൂൾ റിട്ട. അധ്യാപകനാണ്. ഭാര്യ: തിരുവണ്ണൂർ പുതിയ കോവിലകത്ത് ലതിക തമ്പുരാട്ടി. മകൻ: ശ്രീരാഗ് വർമ്മ.

### മങ്കുട്ടിത്തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം രമാമന്ദിരം പാലസ്സിലെ മങ്കുട്ടിത്തമ്പുരാൻ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ ചെറുകുളം വല്ലഭൻ നമ്പൂതിരി. മക്കൾ: ഗീത, സതീശൻ. മരുമക്കൾ: പരേതനായ നന്ദകുമാർ രാജ, കവിത.

### ഇ. രാമവർമ്മ രാഘവൻ തിരുമുൽപ്പാട്



തൃശൂർ, അഞ്ചേരി, ചങ്കരംപാട്ട് (വൃന്ദാവനം/ മാളികയിൽ) ഇ. രാമവർമ്മ രാഘവൻ തിരുമുൽപ്പാട് (95-Indian Air Force, Agra, Hindustan Aero-nautics, Bangalore.) അന്തരിച്ചു. ഭാര്യ: പരേതയായ ശ്രീമതി തമ്പുരാട്ടി, (ഇളമിലേ കോവിലകം, കീഴ്വായ്പൂര്). മക്കൾ: പുഷ്പാ വർമ്മ, വിജയകുമാർ വർമ്മ. മരുമക്കൾ: മധുസൂദനൻ നമ്പൂതിരി, രാധികാ വർമ്മ.

### വി.ടി. ശ്രീമതി അക്കനമ്മ



മാതമംഗലം ശിവക്ഷേത്രത്തിനു സമീപം 'ശ്രേയസ്സി'ൽ വി.ടി. ശ്രീമതി അക്കനമ്മ (75) അന്തരിച്ചു. ഇരിക്കൂർ ചേടിച്ചേരി വെള്ളൂർ താഴത്തിടം കുടുംബാംഗമാണ്. ഭർത്താവ: കെ.എൻ. കുഞ്ഞിരാമൻ നായനാർ (റിട്ട. ഹെഡ്മാസ്റ്റർ, മാതമംഗലം ജി.എൽ.പി.എസ്.). മക്കൾ: വി.ടി. ജഗദീഷ്ബാബു (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എൽ.ഐ.സി, തളിപ്പറമ്പ്), വി.ടി. ജയന്തി (അധ്യാപിക, കെ.പി.സി.എച്ച്.എസ്.എസ്, നായാട്ടുപാറ), മരുമക്കൾ: ടി.വി. സവിത (അധ്യാപിക, (ജി.എച്ച്.എസ്.എസ്, കടന്നപ്പള്ളി) എസ്.കെ. മോഹൻ കുമാർ (റിട്ട. അധ്യാപകൻ, പുതുപ്പറമ്പ് ജി.എച്ച്.എസ്.എസ്, മലപ്പുറം).

### കെ.പി. സരോജിനി വർമ്മ



തൃപ്പൂണിത്തുറ കണ്ണെഴുത്തു പുത്തൻമഠം കുടുംബാംഗം കെ. പി. സരോജിനി വർമ്മ (82) അന്തരിച്ചു. വെള്ളാരപ്പിള്ളി കോയിക്കൽ കുടുംബാംഗം പരേതനായ വിജയ വർമ്മയാണ് ഭർത്താവ്. സമാജം മുൻ നിർവ്വാഹക സമിതിയംഗമായിരുന്നു. മക്കൾ: രാജേന്ദ്രൻ വർമ്മൻ, സുജാത വർമ്മൻ. മരുമക്കൾ: വിദ്യാ വർമ്മ, ഗിരീഷ് വർമ്മ.

## നളിനി രാജ



നിലമ്പൂർ കോവിലകം കുടുംബാംഗമായ നളിനി രാജ (84) അന്തരിച്ചു. പുന്നത്തൂർ കോവിലകത്ത് നാരായണ രാജയാണ് ഭർത്താവ്. മക്കൾ: കൃഷ്ണചന്ദ്രൻ (അഭിനേതാവ്, പിന്നണി ഗായകൻ), മീര.

## എം.എം. സരസ്വതി പിള്ളായാതിരി



ഏഴിലോട് പുറച്ചേരിയിലെ എൻ. ഗോവിന്ദൻ ഉണിത്തിരിയുടെ ഭാര്യ എം.എം. സരസ്വതി പിള്ളായാതിരി (80) അന്തരിച്ചു. മക്കൾ: വിലാസിനി (റിട്ട. നഴ്സിംഗ് സൂപ്രണ്ട്, W&C ഹോസ്പിറ്റൽ, തൈക്കാട്), കോമളവല്ലി (പടപ്പേങ്ങാട്). ശ്യാമള (റൈസ്മിൽ, പുറച്ചേരി), വിമല (കരിവെള്ളൂർ).

## കെ.ആർ. അശോകവർമ്മ രാജ



ആറന്മുള കൊച്ചുകോയിക്കൽ കൊട്ടാരത്തിൽ കെ.ആർ. അശോകവർമ്മ രാജ (73) നിര്യാതനായി. ഭാര്യ: ഗിരിജ തമ്പുരാട്ടി. (പുന്നത്തൂർ കോവിലകം). സഹോദരങ്ങൾ: കെ. ആർ. സുകുമാരവർമ ഉഷാകുമാരി, പരേതരായ കെ.ആർ. നന്ദകുമാർ വർമ്മ, കെ.ആർ. രഘുവർമ്മ രാജ.

## സി.എൻ. നാരായണൻ



തൃശൂർ അശ്വിനി ആശുപത്രി മുൻ ഡയറക്ടർ ചെറുകുളം സി.എൻ. നാരായണൻ (94) അന്തരിച്ചു. തൃപ്പൂണിത്തുറ കോവിലകത്തെ പത്മേശ്വരി തമ്പുരാനാണ് ഭാര്യ. മുൻ ഇന്ത്യൻ എയർഫോഴ്സ് ഉദ്യോഗസ്ഥൻ, വീനാർ സിസ്റ്റംസ് ജനറൽ മാനേജർ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാൻ, പൂർണ്ണോദയ ബുക്ക് ട്രസ്റ്റ് ആജീവനാന്ത അംഗം, ട്രസ്റ്റി, സർവോദയ മണ്ഡലം ലോകസേവക് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ: വിവേക്, വിദ്യ. മരുമക്കൾ: ജയമാല, ബാച്ചി.

## രാജരാജ വർമ്മ



ആറന്മുള പെരിഞ്ഞേലി കൊട്ടാരത്തിൽ രാജരാജ വർമ്മ (86) അന്തരിച്ചു. അവിവാഹിതനായിരുന്നു. പന്തളം പുത്തൻ കോയിക്കൽ കൊട്ടാരത്തിൽ പി.യു. രാമവർമ്മയുടെയും തിരുവോണംനാൾ അമ്മ തമ്പുരാട്ടിയുടെയും മകനാണ്. സഹോദരങ്ങൾ: പരേതയായ രാജമ്മ തമ്പുരാട്ടി, രാധ തമ്പുരാട്ടി, രമ തമ്പുരാട്ടി, പരേതനായ പി.ടി. രാമവർമ്മ, പി.ആർ. രഘുവർമ്മ, രാജേന്ദ്രവർമ്മ, രാഘവപ്രസാദ്.

## വാസന്തി തമ്പുരാട്ടി



ചിറളയം കൊട്ടാരം അംഗവും പന്തളം കൊട്ടാരത്തിൽ പരേതനായ കെ. കേരളവർമ്മയുടെ (മുൻ ജില്ലാ സപ്ലൈ ഓഫീസർ) സഹധർമ്മിണിയുമായ വാസന്തി തമ്പുരാട്ടി (82) അന്തരിച്ചു. മക്കൾ: ലതിക വർമ്മ, പരേതനായ മഹേശ് വർമ്മ. മരുമക്കൾ: ദേവദാസ് വർമ്മ, സുജ.

## കെ.ആർ. രവി വർമ്മ



കോട്ടയം മറിയപ്പള്ളി ഈശ്വര വിലാസം പാലസിൽ കെ.ആർ. രവി വർമ്മ തമ്പാൻ (91- പന്തളം കൊട്ടാരം കോയിക്കൽ തെക്കേതിൽ കുടുംബാംഗം) അന്തരിച്ചു. ഭാര്യ: അംബിക തമ്പുരാട്ടി. മക്കൾ: ദേവദാസ് വർമ്മ, ജലജ വർമ്മ (Late), രമേശ് വർമ്മ, രമണി വർമ്മ, ദേവി വർമ്മ. മരുമക്കൾ: രമണി വർമ്മ, അജിതൻ വർമ്മ, ബീന വർമ്മ, രവി വർമ്മ, പ്രകാശ് വർമ്മ.

## അമ്മുക്കുട്ടി




തൃപ്പൂണിത്തുറ അകത്തെ മഠത്തിൽ അമ്മുക്കുട്ടി (ഇന്ദിര - 86) അന്തരിച്ചു. വടക്കേക്കോട്ട മാളിയേക്കൽ മഠത്തിൽ പരേതനായ മുരളീധരന്റെ ഭാര്യയാണ്. മക്കൾ: സന്തോഷ്, സന്ധ്യ. മരുമക്കൾ: സതീഷ്, പ്രീത.

## ശകുന്തള വർമ്മ



ഇളങ്കുന്നപ്പുഴ രാമർ കോവിലകാംഗം ശകുന്തള വർമ്മ (88) അന്തരിച്ചു. പരേതനായ കുഞ്ഞിക്കിടാവ് തമ്പുരാന്റെ (കൊച്ചി രാജകുടുംബം) സഹധർമ്മിണിയാണ്. മക്കൾ: പ്രദീപ് കുമാർ, സുരേഷ് കുമാർ, കൃഷ്ണകുമാരി, സതീഷ് കുമാർ, ഉഷ. മരുമക്കൾ: ലേഖാ വർമ്മ, നിർമ്മലവർമ്മ, ഹർഷവർമ്മ, അഭയവർമ്മ, പരേതനായ ദേവദാസ് വർമ്മ.

## കൃഷ്ണകുമാർ വർമ്മ



തിരുവല്ല പാലിയക്കര പടിഞ്ഞാറെ കൊട്ടാരത്തിൽ കൃഷ്ണകുമാർ വർമ്മ (72) അന്തരിച്ചു. ഭാര്യ: ശോഭ വർമ്മ (പന്തളം കൊട്ടാരം). മകൻ: അരവിന്ദ് വർമ്മ. മരുമകൾ: ശ്രുതി തമ്പുരാട്ടി.

## മകംനാൾ അമ്മിണി തമ്പുരാട്ടി



കോട്ടയം നട്ടാശ്ശേരി തെക്കുംകൂർ പാലസ് വായൂകോണിക്കൽ മകം നാൾ അമ്മിണി തമ്പുരാട്ടി (84) അന്തരിച്ചു. ഭർത്താവ്: പരേതനായ ഒ.എൻ. നാരായണൻ നായർ. മക്കൾ: പ്രിയദർശിനി, ദർശന. മരുമക്കൾ: പരേതനായ ശ്രീകാന്ത് വർമ്മ, സുരേഷ് വർമ്മ.

## പരപ്പനാട്ട് വലിയരാജ എ.ആർ. രാഘവവർമ്മ



പരപ്പനാട് രാജവംശത്തിലെ വലിയ തമ്പുരാൻ ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലെ എ.ആർ. രാഘവവർമ്മ (96) തൃപ്പൂണിത്തുറ ദീപ്തി പാലസിൽ അന്തരിച്ചു. കെ.എസ്.ഇ.ബി. റിട്ടയർഡ് ചീഫ് എഞ്ചിനീയർ ആയിരുന്നു. ഭാര്യ: കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ 'ദീപ്തി പാലസി'ലെ പരേതയായ സരസിജ തമ്പുരാൻ. മക്കൾ: സുധ വർമ്മ, ഇന്ദിര വർമ്മ (റിട്ട. ബി.എസ്.എൻ.എൽ.), ലളിത വർമ്മ (എഞ്ചിനീയർ), രാജഗോപാൽ (സിങ്കപ്പൂർ). മരുമക്കൾ: ഡോ. സിം രാമവർമ്മ, രവികുമാർ വർമ്മ, ശിവകുമാർ, അശ്വതി വർമ്മ.

# വൈവാഹികം

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2441

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച<br>ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 34 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshinvrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

### BOX No. 2442

| | | | |
|---|---|---|---|
| ച | ശി | | |
| മ | ഗ്രഹനില | | |
| ബു | | | കു<br>മാ |
| ര | ഗു<br>ശു | ല<br>സ | |

| | | | |
|---|---|---|---|
| ച ബു<br>സ | | ല | കു |
| മ | നവാംശം | | |
| | | | |
| | ര<br>മാ | ഗൃ | ശു<br>ശി |

ശിഷ്ടദശ: 4 വർഷം, 1 മാസം, 10 ദിവസം ബുധ ദശ

Kshatriya boy, 29 yrs (09-01-1995), Revathi star, 172 cms., B. Tech. MBA, Working as a Senior Consultant in MNC, Bangalore. Alliance invited from Kshatriya girls.

Contact: **9495860153**

### BOX No. 2443

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗൃ |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല<br>ര | | | ശ<br>ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant; Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri/Ambalavasi community. The parent should be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

# നമ്മുടെ ക്ഷാത്രസ്പന്ദനം, നമ്മുടെ ഉത്തരവാദിത്വം

2022 ഡിസംബറിലെ കുടിശിഖ നിവാരണ യജ്ഞത്തിൽ പങ്കു കൊണ്ട് ഭൂരിഭാഗം ബന്ധുജനങ്ങളും യൂണിററുകളും 2023 ലെ വരിസംഖ്യ മുൻകൂറായി തന്നിരുന്നു. എന്നാൽ 2024 ലെ മൂന്നു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു നാലാമത്തെ വാല്യത്തിന്റെ ജോലികൾ  പുരോഗമിക്കുമ്പോഴും 2024 ലെ വരിസംഖ്യ നൽകിയിട്ടില്ലാത്ത

ധാരാളം ബന്ധുക്കളുണ്ട്. കുറച്ചു യൂണിറ്റുകളും . സ്വന്തം ഉത്തരവാദിത്വം എന്ന നിലയിൽ തുക ഇതോടൊപ്പമുള്ള അക്കൗണ്ടിൽ അടച്ച് വിവരം 9496267477 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ ട്രഷറർ സൂര്യകുമാർ വർമ്മയെ കൂടി അറിയിച്ചാൽ രസീത് എഴുതുന്നതിന് സഹായകരമായിരിക്കും സഹകരിക്കുമെന്ന പ്രതീക്ഷയോടെ,

സസ്നേഹം

സൂര്യകുമാർ വർമ്മ
9496267477

**Account Details**

Kshatriya Kshema Sabha
A/c. No. 40052010052603
IFSC: CNRB0014005
Canara Bank, Fort, Thiruvananthapuram



# ശതാഭിഷേകാശംസകൾ

## നളിനി വിജയൻ

(13–08–2024)

(വലവൂർ കോവിലകം, പഴയന്നൂർ)

'പുഷ്പക്', സദനം റോഡ്, എറണാകുളം



സ്നേഹാശംസകളോടെ

ഭർത്താവ് : **കെ.പി. വിജയൻ**

പുത്തൻ മഠം, തൃപ്പൂണിത്തുറ

മക്കൾ: (Late) വിനോദ് വിജയൻ വർമ്മ, അനൂപ് വിജയൻ വർമ്മ (USA)

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

October 2024
Annual Subscription ₹ 200




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha,
Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org